# കുറ്റിപ്പുഴ കൃതികളിലെ
# ദാർശനിക സമീപനങ്ങൾ

കോഴിക്കോട് സർവ്വകലാശാല ലാംഗ്വേജ് & ലിറ്ററേച്ചർ ഫാക്കൽറ്റിയിൽ
ഡോക്ടർ ഓഫ് ഫിലോസഫി
ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന പ്രബന്ധം

**പി. മുരുകദാസ്**

**മലയാള വിഭാഗം**
**ശ്രീ കേരളവർമ്മകോളേജ്, തൃശൂർ**

**2007**

# Philosophical Approaches in the Works of Kuttipuzha

Thesis submitted to the University of Calicut
for the degree of Doctor of Philosophy
in the faculty of Language and Literature

P. Murugadas

Department of Malayalam
Sree Kerala Varmma College, Thrissur
2007

Dr. Shornur Karthikeyan
Former Director,
Sree Sankaracharya University Centre,
Thrissur.

This is to certify that this thesis ‘Philosophical Approaches in the works of Kuttipuzha’ submitted for the award of the degree of Doctor of Philosophy in the faculty of Language and Literature of the University of Calicut is a record of bonafide research carried out by Sri. P. Murugadas under my supervision.

Thrissur
29 December 2007

**Dr. SHORNUR KARTHIKEYAN**

## DECLARATION

I declare that this thesis ‘Philosophical Approaches in the works of Kuttippuzha’ has not formed basis for the award of any degree, diploma, associateship, fellowship or other similar titles or recognition.

Thrissur
29 December 2007

**P. Murugadas**

# ചുരുക്കെഴുത്തുകൾ

| | | |
|---|---|---|
| എൻ.ബി.എസ്. | : | നാഷണൽ ബുക്ക് സ്റ്റാൾ (കോട്ടയം) |
| സാ. പ്ര. സ. | : | സാഹിത്യ പ്രവർത്തക സഹകരണ സംഘം (കോട്ടയം) |
| കേ. ഭാ. ഇ. | : | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| കേ. സാ. അ. | : | കേരള സാഹിത്യ അക്കാഡമി (തൃശൂർ) |
| വിവ. | : | വിവർത്തനങ്ങൾ / വിവർത്തകർ |
| പു. | : | പുറം / പുറങ്ങൾ |
| തിരു. | : | തിരുവനന്തപുരം |

## ഉള്ളടക്കം


| അദ്ധ്യായം | | പുറം |
|---|---|---|
| | ആമുഖം | |
| 1. | മലയാളനിരൂപണത്തിലെ ദാർശനികമാനം | 1 – 25 |
| 2. | പാശ്ചാത്യസിദ്ധാന്തങ്ങൾ – സാഹിത്യപരവും ദർശനപരവും | 26 – 74 |
| 3. | പൗരസ്ത്യസിദ്ധാന്തങ്ങൾ – സാഹിത്യപരവും ദർശനപരവും | 75 – 98 |
| 4. | കുറ്റിപ്പുഴയുടെ രചനാലോകം | 99 – 166 |
| 5. | പാശ്ചാത്യ ദാർശനികതലം | 167 – 187 |
| 6. | പൗരസ്ത്യ ദാർശനികതലം | 188 – 210 |
| 7. | യുക്തിവിവേകത്തിന്റെ നിരൂപണരൂപം | 211 – 245 |
| 8. | ഉപസംഹാരം | 246 – 262 |
| | ഗ്രന്ഥസൂചി | 263 – 272 |

# ആമുഖം

കുറ്റിപ്പുഴകൃഷ്ണപിള്ളയുടെ പ്രബന്ധങ്ങളിലെ ദാർശനിക സമീപനങ്ങളെക്കുറിച്ചുള്ള പഠനമാണിത്. ദർശനപരമായ പ്രബന്ധങ്ങളെയാണ് സൂക്ഷ്മമായ പഠനത്തിന് വിധേയമാക്കിയിരിക്കുന്നത്. സാഹിത്യനിരൂപണങ്ങളെ സാമാന്യമായി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യവും പഴയതും പുതിയതുമായ ദർശനങ്ങളെ കുറ്റിപ്പുഴ എങ്ങനെ സമീപിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

മലയാള നിരൂപണത്തിന്റെ വികാസപരിണാമങ്ങൾ വിശദീകരിച്ച് ദാർശനിക വിമർശകനായ കുറ്റിപ്പുഴയുടെ സ്ഥാനമെന്തെന്ന് വ്യക്തമാക്കുകയാണ് ഒന്നാം അദ്ധ്യായത്തിൽ. ആധുനിക നിരൂപണ സാഹിത്യത്തിന് ഒരു ദാർശനികമാനം കൈവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു.

രണ്ടും മൂന്നും അദ്ധ്യായങ്ങളിലൂടെ കുറ്റിപ്പുഴയുടെ പ്രബന്ധങ്ങളെ പ്രകാശമാനമാക്കുന്ന പാശ്ചാത്യവും പൗരസ്ത്യവുമായ സിദ്ധാന്തങ്ങളെ അപഗ്രഥനാത്മകവും വിമർശനാത്മകവുമായ പഠനത്തിന് വിധേയമാക്കിയിരിക്കുന്നു. സിദ്ധാന്തങ്ങളെ സാഹിത്യപരമെന്നും ദർശനപരമെന്നും തരംതിരിച്ച് പരിശോധിച്ചിട്ടുമുണ്ട്. ഓരോ ദർശനത്തിനും കുറ്റിപ്പുഴ എന്ത് സ്ഥാനം നൽകിയിരിക്കുന്നു എന്ന അന്വേഷണവും നടത്തിയിട്ടുണ്ട്.

സാഹിത്യം, തത്ത്വചിന്ത, മതം, ശാസ്ത്രം, രാഷ്ട്രമീമാംസ, യുക്തിവാദം, ചരിത്രം, വിദ്യാഭ്യാസം എന്നിവയുടെ സമാഹാരമായ കുറ്റിപ്പുഴയുടെ രചനാലോകത്തെ അനാവരണം ചെയ്യുകയാണ് നാലാം അദ്ധ്യായത്തിൽ. പതിനാറ് ഗ്രന്ഥങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കുറ്റിപ്പുഴയുടെ എല്ലാ രചനകളേയും ഇവിടെ സാമാന്യമായി വിലയിരുത്തിയിട്ടുണ്ട്. സാഹിത്യനിരൂപണത്തിന്റെ സവിശേഷതകളും വെളിപ്പെടുത്തിയിട്ടുണ്ട്.

കുറ്റിപ്പുഴയുടെ പ്രബന്ധങ്ങളിലെ പാശ്ചാത്യ ദാർശനിക തലത്തെക്കുറിച്ചുള്ള സവിശേഷ പഠനമാണ് അഞ്ചാമദ്ധ്യായത്തിൽ. മാർക്സിസം, ഭൗതികവാദം, ഏകലോകം, അരാജകത്വ സിദ്ധാന്തം മുതലായ സിദ്ധാന്തങ്ങളെ കുറ്റിപ്പുഴ സമീപിക്കുന്ന രീതി ഇവിടെ പഠനവിധേയമാക്കിയിരിക്കുന്നു. ഓരോ ദർശനത്തിന്റേയും മാനവ - ജീവിത കാഴ്ചപ്പാടുകളേയും അന്വേഷണവിഷയമാക്കിയിട്ടുണ്ട്. പൗരസ്ത്യ ദർശനങ്ങൾ കുറ്റിപ്പുഴ പ്രബന്ധങ്ങളുടെ ശക്തികേന്ദ്രമാണ്. പ്രാചീന ഭൗതികവാദം, ബുദ്ധചാർവ്വാകദർശനം, ഗാന്ധിയൻദർശനം മുതലായ പൗരസ്ത്യദർശനങ്ങളെ കുറ്റിപ്പുഴ എപ്രകാരം സമീപിക്കുന്നു വെന്ന അന്വേഷണമാണ് ആറാം അദ്ധ്യായത്തിൽ.

യുക്തിവാദത്തെ ഒരു ചിന്താപദ്ധതിയായും നിരൂപണ പദ്ധതിയായും, കുറ്റിപ്പുഴ തന്റെ പ്രബന്ധങ്ങളിലൂടെ വികസിപ്പിച്ചെടുക്കുന്ന പ്രക്രിയ പഠന വിധേയമാക്കുകയാണ് ഏഴാം അദ്ധ്യായത്തിൽ. ജീർണ്ണജർജ്ജരമായ സാമൂഹ്യവ്യവസ്ഥിതിയെ ഉടച്ചൊരുക്കുവാൻ, ഒരു വിചാരവിപ്ലവമായി ഈ ചിന്താപദ്ധതി വ്യാപരിക്കുന്നത് എപ്രകാരമെന്ന അന്വേഷണവും ഇവിടെയുണ്ട്.

ഏഴ് അദ്ധ്യായത്തിലായി നടത്തിയ പഠനങ്ങളെ ക്രോഡീകരിക്കുകയാണ് എട്ടാം അദ്ധ്യായത്തിൽ. അതോടൊപ്പം കുറ്റിപ്പുഴയുടെ ജീവിതനിലപാടും വെളിപ്പെടുത്തുന്നു.

ശ്രീ കേരളവർമ്മകോളേജ് മുൻ പ്രിൻസിപ്പാളും ശങ്കരാചാര്യ യൂണിവേഴ്സിറ്റി മുൻഡയറക്ടറും സഹോദരൻ അയ്യപ്പൻ സ്മാരക സമിതി മുൻചെയർമാനും പ്രശസ്ത സാഹിത്യകാരനുമായ ഡോ. ഷൊർണൂർ കാർത്തികേയൻ സാറിന്റെ മേൽനോട്ടത്തിലാണ് ഈ പഠനം പൂർത്തിയാക്കിയത്. ആവശ്യമുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രചോദനവും നൽകി എന്നെ പ്രാപ്തനാക്കിയ അദ്ദേഹത്തോടുള്ള അദമ്യമായ ആദരവും കടപ്പാടും കൃതജ്ഞതയും വാക്കുകളിൽ ഒതുക്കാനാവാത്തതാണ്.

കേരളവർമ്മകോളേജിലെ മലയാള ഗവേഷണവിഭാഗത്തിലാണ് ഈ പഠനം ഞാൻ നടത്തിയത്. ഇതിന് വേണ്ട സഹായ സഹകരണങ്ങൾ നൽകിയ മലയാളവിഭാഗം മുൻ മേധാവി പ്രൊഫ. കെ. സരസ്വതിടീച്ചർക്കും ഇപ്പോഴത്തെ മേധാവി പ്രൊഫ. വി.ജി. തമ്പിക്കും കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ആർ. ഗോപാല കൃഷ്ണപിള്ളയ്ക്കും മറ്റ് അദ്ധ്യാപകർക്കും ഓഫീസ് ജീവനക്കാർക്കും ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു.

പ്രബന്ധരചനക്ക് ഉപയോഗിച്ച ഗ്രന്ഥങ്ങൾ കേരളവർമ്മ കോളേജ് മലയാളവിഭാഗം ലൈബ്രറി, കേരളസാഹിത്യഅക്കാഡമി ഗവേഷണ വിഭാഗം ലൈബ്രറി, അപ്പൻ തമ്പുരാൻ സ്മാരക ലൈബ്രറി, തൃശൂർ പബ്ലിക്‌ലൈബ്രറി എന്നിവിടങ്ങളിൽ നിന്നാണ് എടുത്തിട്ടുള്ളത്. അതാതിടങ്ങളിലെ ലൈബ്രറി അധികൃതരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. ഡോ.ഇ.ബി. ബൈജു, എസ്.ഡി. കോളേജ് ലക്ചറർ ആർ. ഇന്ദുലാൽ, യുക്തിവിചാരം ജോസ്, പ്രൊഫ. വർഗ്ഗീസ് ഇട്ടിയറ, പാർവ്വതിപവനൻ എന്നിവർ നൽകിയ സഹായ സഹകരണങ്ങളെ ഞാൻ സ്മരിക്കുന്നു.

ഈ പ്രബന്ധത്തിന്റെ ടൈപ്പിംഗും വേഡ്പ്രോസസിംഗും നടത്തിയ ഭഗത് പ്രിന്റേഴ്സിലെ പ്രവർത്തകർക്ക് നന്ദി,

ഈ സംരംഭം സാക്ഷാത്ക്കരിക്കാൻ എനിക്ക് കൂട്ടായി നിന്ന എല്ലാവർക്കും ഒരിക്കൽകൂടി നന്ദി.

**മുരുകദാസ് പി.**

# ഒന്ന്

# മലയാളനിരൂപണത്തിലെ ദാർശനികമാനം

# 1

കുറ്റിപ്പുഴകൃഷ്ണപിള്ളയുടെ പ്രബന്ധങ്ങളേറെയും പാശ്ചാത്യവും പൗരസ്ത്യവും ആസ്തികവും നാസ്തികവും പഴയതും പുതിയതുമായ ദർശനങ്ങളുടെ സമാഹാരമാണ്. ആധുനിക മലയാള നിരൂപണത്തിന്റെ വക്താക്കളിലൊരാളായ കുറ്റിപ്പുഴയിൽ ഇത്തരം ഒരു ദാർശനിക അടിത്തറ ഉളവായത്; മലയാള നിരൂപണത്തിന്റെ വികാസ പരിണാമ പ്രക്രിയയുടെ ഫലം കൂടിയാണ്. കാവ്യാലങ്കാര ശാസ്ത്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന വിമർശന സാഹിത്യം, അതിരുകളില്ലാത്ത വിജ്ഞാനത്തിന്റെ നൂതനമായ വിഹായസുകളിലേക്ക് ഉയർന്നപ്പോൾ ദാർശനികതയുടെ പുതിയ മാനങ്ങൾ തേടിയത് സ്വാഭാവികം മാത്രം. കുറ്റിപ്പുഴയുടെ ദാർശനിക പ്രബന്ധങ്ങളിലേക്ക് വെളിച്ചം വീശുവാനുപകരിക്കുന്നതാണ്, മലയാള നിരൂപണത്തിന്റെ വികാസ പരിണാമ ദശകളിൽ രൂപംകൊള്ളുന്ന ദാർശനികമാനങ്ങൾ.

മലയാളനിരൂപണത്തെ രൂപപ്പെടുത്തുന്നതിൽ പാശ്ചാത്യ പൗരസ്ത്യ ദർശനങ്ങൾ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. കാവ്യാലങ്കാര ശാസ്ത്രപദ്ധതിയിൽ കൂടി വളർന്ന് വന്ന പൗരസ്ത്യ നിരൂപണരീതിയും, ഇംഗ്ലീഷ് വിദ്യാഭ്യാസവും, ഇംഗ്ലീഷ് ഭാഷയുടെ വ്യാപനവും മൂലം പാശ്ചാത്യ സാഹിത്യദർശനങ്ങൾ മലയാള നിരൂപണ രംഗത്ത് പുതിയ ദാർശനികതലങ്ങൾ രൂപപ്പെടുത്തുകയുണ്ടായി. സാഹിത്യം ജീവിതവിമർശനമാകുമ്പോൾ, സർഗ്ഗാത്മക സാഹിത്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നൊരു വിജ്ഞാന ശാഖയാവുകയാണ് സാഹിത്യ വിമർശനം. ഉദ്ഗ്രഥനപരമായ പൗരസ്ത്യദർശനങ്ങളുടെ സ്വാധീനമുള്ള മലയാള നിരൂപണം, ഒരു പടികൂടി കടന്ന് സർഗ്ഗാത്മകതയിലേക്ക് വളർന്നിരിക്കുന്നുവെന്ന് പറയാം. മലയാള നിരൂപണം ആധുനിക ഘട്ടത്തിലേക്ക് കടക്കുമ്പോൾ സാമൂഹ്യ വിമർശനവും, മന:ശാസ്ത്രവിമർശനവും, ഫ്യൂച്ചറിസവും, ഫങ്ഷണലിസവും മറ്റ് നവീന നിരൂപണ ദർശനങ്ങളും സമീപനങ്ങളും മലയാള നിരൂപണ സാഹിത്യത്തെ സമുൽകൃഷ്ടമാക്കുന്നതായി കാണാം.

**മലയാള നിരൂപണത്തിന്റെ സവിശേഷതകൾ**

മലയാളസാഹിത്യ വിമർശനത്തിന്റെ ആദിരൂപം ചന്ദ്രോത്സവ കാരന്റേയും, ഉണ്ണായി വാര്യരുടേയും കുഞ്ചൻനമ്പ്യാരുടേയും കോട്ടയത്ത് തമ്പുരാന്റേയും കൃതികളിൽ അവർ തന്നെ രേഖപ്പെടുത്തിയിരുന്ന കാവ്യ സങ്കല്പങ്ങളായിരുന്നു. എന്നാൽ അവരാരും സാഹിത്യ വിമർശകന്മാരായിരുന്നില്ല. മറിച്ച് കവികളായിരുന്നു. സാഹിത്യ വിമർശനം പുഷ്ടി പ്രാപിക്കാൻ തുടങ്ങിയത് വിദ്യാവിനോദിനി (1889) ഭാഷാ പോഷിണി (1891) രസിക രഞ്ജിനി (1902) മുതലായ പത്രമാസികകളും കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ഏ.ആർ. രാജരാജവർമ്മ, സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, സി.പി. അച്യുതമേനോൻ എന്നിവരായിരുന്നു ആദ്യകാല നിരൂപകർ. പാശ്ചാത്യ സമ്പർക്കം കൊണ്ടുണ്ടായിവന്ന പരിവർത്തനത്തെ ഒരു സാംസ്ക്കാരിക നവോത്ഥാനത്തിന്റെ ആവശ്യപരിപാടിയായി കണ്ട ദീർഘദർശിയായിരുന്നു കേരളവർമ്മ വലിയകോയിതമ്പുരാൻ. "മലയാളത്തിൽ പുസ്തകങ്ങൾ വേണ്ടത്ര ഇല്ലാതിരുന്ന അക്കാലത്ത് ഖണ്ഡന വിമർശനം പുസ്തക രചനാ താല്പര്യത്തെ പ്രതികൂലമായി ബാധിച്ചേക്കുമെന്ന് ആത്മാർത്ഥമായ ഭീതി അദ്ദേഹത്തിനുണ്ടാ യിരുന്നു. അതിനാൽ, കുറെ കാലത്തേക്ക് സാഹിത്യ നായകന്മാരുടെ കടമ കലർപ്പറ്റ പ്രോൽസാഹനമാണെന്ന് അദ്ദേഹം നിശ്ചയിച്ചു."[1] ആധുനിക ഭാഷാ ഗദ്യത്തിന്റെ പിതാവായ തമ്പുരാൻ വിമർശനം കൊണ്ട് ഗുണദോഷ പരിശോധനം നടത്തേണ്ടതുണ്ടെന്ന് കരുതിയിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടമായപ്പോഴേക്കും മലയാള സാഹിത്യനിരൂപണത്തിൽ പഴയ സംസ്കൃത സാഹിത്യ സിദ്ധാന്തങ്ങളോടൊപ്പം പുതിയ ചിന്താഗതികളും സ്വാധീനം ചെലുത്താൻ തുടങ്ങി. കാവ്യത്തിന്റെ ഏറ്റവും മുഖ്യമായ ഘടകം, രസമോ, ധ്വനിയോ, ഔചിത്യമോ, രീതിയോ, അലങ്കാരമോ ആണ് എന്ന പൗരസ്ത്യവാദത്തിന് പാശ്ചാത്യ സിദ്ധാന്തം മൂലം ഉലച്ചിൽ തട്ടി. സ്വതന്ത്രമായ ഒരു സാഹിത്യ വിമർശനം മലയാളത്തിലാരംഭിച്ചത് ദ്വിതീയാക്ഷര പ്രാസത്തോടെയായിരുന്നു. ഇത് കവിതയിലെ പ്രാസത്തെക്കുറിച്ച് ഒരു ഗുണദോഷ വിചിന്തനം അതോടെ മലയാളത്തിലാരംഭിച്ചു. കവിതയിലെ ശബ്ദതലമോ അർത്ഥതലമോ സാരതരം എന്നതായിരുന്നു വിഷയം. ഒടുവിൽ രണ്ടിനും ഒരുപോലെ പ്രാധാന്യമുണ്ടെന്ന് ഏ.ആർ. തമ്പുരാനും കേരളവർമ്മയും സമ്മതിച്ചു. സി.പി. അച്യുതമേനോനാകട്ടെ നല്ലതിനെ നല്ലതെന്നും തീയതിനെ തീയതെന്നും ഉറക്കെ വിളിച്ച് പറയുകയാണ് ഭാഷാസാഹിത്യത്തിന് ആവശ്യമെന്ന് കരുതുകയും അതിനുവേണ്ടി തന്റെ തൂലിക ചലിപ്പിക്കുകയും ചെയ്തു. സംസ്കൃത പാണ്ഡിത്യവും ആംഗലസാഹിത്യ പരിചയവും സമ്മേളിപ്പിച്ച് ഒരു പുതിയ വിമർശനായുധം തന്നെ അദ്ദേഹം ഇതിനായി പണിതു. പൗരസ്ത്യ സാഹിത്യ

ചിന്തകൾക്ക് സമാനമോ സമാന്തരമോ ആയ ധാരകൾ ഇംഗ്ലീഷിലുണ്ടോ എന്നന്വോഷിക്കുന്ന തരതമ്യ ദർശനപരമായ ഒരു ബുദ്ധ്യുന്മേഷം അന്നത്തെ ചെറിയ പുത്തനെഴുത്തുകാർ പോലും പ്രകടിപ്പിക്കുകയുണ്ടായി.

കാവ്യസൗന്ദര്യത്തിന്റെ ആന്തരികസത്തയിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ട് സാഹിത്യത്തിന്റെ രൂപശില്പത്തെക്കുറിച്ചും ഭാവശില്പത്തെ ക്കുറിച്ചും അവധാനപൂർവ്വം ചിന്തിച്ചിരുന്നു മൂർക്കോത്ത് കുമാരൻ. തന്റെ ശൈലി മലയാളത്തിന്റേത് മാത്രവും ചിന്ത ആംഗള സംസ്കൃതികളുടെ കലർപ്പ് അല്പമാത്രം കലർന്നതും ആയിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു അദ്ദേഹത്തിന്. കവിതയുടെ സൗന്ദര്യപക്ഷത്തെക്കുറിച്ചും ജീവിത പക്ഷത്തെക്കുറിച്ചും സമതുലിതമായി ചിന്തിച്ച ഒരാളായിരുന്നു സാഹിത്യ പഞ്ചാനൻ പി.കെ. നാരായണപിള്ള. ചരിത്രപരവും ജീവശാസ്ത്രപരവുമായ മാർഗ്ഗങ്ങൾ അദ്ദേഹം അംഗീകരിക്കുകയും മലയാള നിരൂപണത്തെ സമ്പുഷ്ടമാക്കുകയും ചെയ്തു. “ക്ലാസിക് കവിതകളെ സംബന്ധിച്ചിടത്തോളം മിക്കപ്പോഴും അസ്പഷ്ടമോ ആയിരുന്ന ചരിത്ര പശ്ചാത്തലവും കവികളുടെ ജീവിത സാഹചര്യങ്ങളും വ്യക്തമാക്കുകയാണ് പി.കെ. ചെയ്യാറുണ്ടായിരുന്നത്. പ്രസ്തുത കവികൾക്ക് പൂർവ്വകവികളോടുള്ള അവരുടെ കൃതികളോടുമുള്ള കടപ്പാട് നിർണ്ണയിക്കുക എന്നതായിരുന്നു പി.കെ.യുടെ നിരൂപണത്തിലെ മറ്റൊരംശം. സംസ്കൃത സാഹിത്യത്തിലും പ്രാചീന മലയാള കവിതയിലുമുള്ള വിശാല പാണ്ഡിത്യത്തിന്റെ സഹായത്തോടുകൂടി മാത്രം നിർവ്വഹിക്കാവുന്ന ഒരു കാര്യമായിരുന്നു അത്.”[2] സമകാലിക കൃതികളെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വിലയിരുത്തുന്ന നിരൂപണത്തോടൊപ്പം തന്നെ പൂർവ്വകാല കൃതികളെ അപഗ്രഥിച്ച് പഠിച്ചുകൊണ്ടുള്ള അക്കാദമിക് നിരൂപണ രീതിക്ക് പി.കെ.നാരായണ പിള്ളയും ഏ.ആർ. രാജരാജ വർമ്മയും തുടക്കം കുറിക്കുകയുണ്ടായി.”[3]

ഒരു ഭാഗത്ത് അപഗ്രഥന പ്രധാനമായ അക്കാദമിക് നിരൂപണം അഭംഗം തുടർന്ന് വന്നപ്പോൾ, മറ്റൊരു ഭാഗത്ത് മൂല്യനിർണ്ണയ പൗരത്വം പ്രകടിപ്പിച്ചു കൊണ്ടുള്ളതും വിശാലമായ ഒരു വീക്ഷണം സ്വീകരിച്ചുകൊണ്ടുള്ളതുമായ ഒരു നിരൂപണരീതിക്ക് വിദ്വാൻ സി.എസ്. നായരാണ് തുടക്കം കുറിച്ചത്. കവിതയുടെ ‘കവിത്വത്തെ’ക്കുറിച്ച് കിഴക്കും പടിഞ്ഞാറുമുള്ള അഭിപ്രായങ്ങളെ ക്രോഡീകരിച്ച് വിചിന്തനം ചെയ്യാനും അദ്ദേഹത്തിന് കഴിഞ്ഞു. സി.അന്തപ്പായി, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി, സി.കെ.പി., കെ.എം. എന്നിവരും മലയാള നിരൂപണത്തിന്റെ പ്രേരക ശക്തികളായി, അവരുടേതായ സംഭാവനകൾ നൽകുകയുണ്ടായി. അങ്ങനെ മുമ്പില്ലായിരുന്ന ഒരു പുതിയതരം നിരൂപണ സമ്പ്രദായം മലയാള നിരൂപണ സാഹിത്യത്തിൽ നാമ്പെടുത്തു. കവിതയുടെ ബാഹ്യമോടിയും രൂപസൗന്ദര്യത്തിന് വിഷയമാകാൻ തുടങ്ങി. “പുതുമക്കാർക്കിടയിൽ തന്നെ

വ്യത്യസ്തങ്ങളായ പ്രവണതകൾ കാണായിരുന്നു. ചില നിരൂപന്മാർ സാഹിത്യ കൃതികളെ തനി ഇംഗ്ലീഷ് മാതൃകയിൽ നിരൂപണം ചെയ്യാനാരംഭിച്ചു. മറ്റ് ചില നിരൂപകന്മാർ സംസ്കൃത സാഹിത്യത്തിന്റെ നാലുകെട്ടിലിരുന്നുകൊണ്ട് തന്നെ പുതിയ സാഹിത്യ മാതൃകകളെ സ്വാഗതം ചെയ്തു. ചിലർ സംസ്കൃത ശാസ്ത്രകാരന്മാരുടെ നിരൂപണ സിദ്ധാന്തങ്ങളേയും തമ്മിൽ കൂട്ടിയിണക്കാനാണ് ശ്രമിച്ചത്. ആരംഭത്തിൽ പാശ്ചാത്യ നിരൂപണ മാതൃകകളെ ഉയർത്തിപ്പിടിച്ച സാഹിത്യപഞ്ചാനൻ പിന്നീട് സംസ്കൃത പക്ഷപാതിയായി പ്രത്യക്ഷപ്പെട്ടു."[3]

നിരൂപണത്തിന്റെ ഉദ്ദേശ്യം കേവലമായ ആസ്വാദനമല്ല, സാമൂഹ്യവും സാംസ്ക്കാരികവുമായ പുരോഗതിക്ക് വെളിച്ചം കാണിച്ചുകൊടുക്കലാണ് എന്ന ബോധം വളരാൻ തുടങ്ങി. നിരൂപകൻ രൂപസംബന്ധിയായ ഗുണദോഷവിചിന്തനം കൊണ്ട് മാത്രം തൃപ്തിപ്പെട്ടിരുന്നുകൂടാ, ഉള്ളടക്കത്തിന്റെ സാമൂഹ്യ മൂല്യങ്ങളെ കൂടി പരിശോധിക്കണമെന്നുവന്നു. ഒരു സാമൂഹ്യ കൃത്യയെ വിലയിരുത്തുമ്പോൾ അത് സാമൂഹ്യ ജീവിതത്തിലെ സംഘട്ടനാത്മകമായ സൗന്ദര്യത്തെ എത്രകണ്ട് പ്രതിഫലിപ്പിക്കുന്നുണ്ട് എന്നുവരെ ചെന്നെത്തി നിരൂപണ സാഹിത്യചിന്തകൾ. മലയാള നിരൂപണത്തിൽ അതുവരെ പ്രാബല്യത്തിലുണ്ടായിരുന്ന പ്രമാണങ്ങളിൽ നിന്ന്, സങ്കേതങ്ങളിലും സംജ്ഞകളിലും ചിന്തയിലും ശൈലിയിലും തികച്ചും ഭിന്നമായ ഒരു തത്ത്വപ്രപഞ്ചത്തെ ആവിഷ്ക്കരിക്കുകയായിരുന്നു കേസരി ബാലകൃഷ്ണപിള്ള ചെയ്തത്. യൂറോപ്പിലുണ്ടായിക്കൊണ്ടിരുന്ന സമകാലിക സാഹിത്യ ചിന്തകളെ അദ്ദേഹം പരിചയപ്പെടുത്തി. വിമർശന ചിന്തകളെ സ്വതന്ത്രമാക്കുവാനും ആധുനീകരിക്കുവാനും അതുപകരിച്ചു. പ്രബോധനിയിലും കേസരിയിലും വന്നുകൊണ്ടിരുന്ന വിപ്ലവകരമായ മുഖക്കുറിപ്പുകളാണ് മലയാള നിരൂപണ സാഹിത്യത്തിന് ജീവനും ചലനാത്മകതയും ആധുനികതയും നേടിക്കൊടുത്തത്. ലോകത്ത് നടക്കുന്ന ഏത് സംഭവവുമായും നമുക്ക് ബന്ധമുണ്ടെന്നും സാഹിത്യത്തിന്റെ അടിസ്ഥാനത്തിലെങ്കിലും നാമൊരു അന്തർദേശീയ നിലവാരം പുലർത്തണമെന്നും കേസരി ഉദ്ബോധിപ്പിച്ചു. നവലോക സൃഷ്ടിക്ക് അനുയോജ്യമായ മാനസിക കാലാവസ്ഥ സൃഷ്ടിക്കാൻ പഴയ ബിംബങ്ങളെയെല്ലാം തകർക്കുവാൻ ഉദ്യുക്തമായ ഫ്യൂച്ചറിസ്റ്റ് ചിന്തകളാണ് കേസരി പ്രദാനം ചെയ്തത്. നൂതനമായ സാഹിത്യ സംജ്ഞകൾ മലയാള നിരൂപണത്തെ പരിചയപ്പെടുത്തുകയും ചെയ്തു.

സാഹിത്യ പുരോഗതിക്കും പുരോഗമനപരങ്ങളായ നവീനാശയ ങ്ങൾക്കും പ്രോത്സാഹനം നൽകിയ ഒരു നിരൂപകനാണ് എം.പി.പോൾ. കലാകാരന്മാരുടെ ധർമ്മങ്ങളേയും നോവലിന്റെ മർമ്മങ്ങളേയും നിർമ്മാണ പരിപാടികളേയും പ്രകാശിപ്പിച്ചുകൊണ്ട് 'നോവൽ സാഹിത്യം' എന്ന പേരിൽ ഒരു അഭിനവ സാഹിത്യ ഗ്രന്ഥം നിർമ്മിച്ചു. ഈ ഗ്രന്ഥത്തിന്റെ ആവിർഭാവത്തോടെ

മലയാള സാഹിത്യത്തിൽ അന്യൂനമായ നോവൽ കൃതികളുടെ നിർമ്മാണത്തിനും പ്രചാരണത്തിനും പല പ്രകാരത്തിലും പ്രേരകമായിത്തീർന്നു. കലാ സൃഷ്ടികളുടെ സൗന്ദര്യപരമായ സവിശേഷതകളെ അദ്ദേഹം ഉയർത്തിപ്പിടിച്ചു. മലയാള നിരൂപണ സാഹിത്യത്തിൽ, സംഗതികൾ വസ്തുനിഷ്ടമായി നോക്കിക്കാണാനും വെട്ടിതുറന്നു പറയാനുമുള്ള പ്രേരണ എം.പി.പോൾ പകർന്ന് നൽകി. കേസരി ബാലകൃഷ്ണപിള്ളയുടെയെന്നപോലെ എം.പി. പോളിന്റേയും സാഹിത്യ നിരൂപണങ്ങൾ മലയാള സാഹിത്യത്തെ പുരോഗമനോന്മുഖമാക്കാനാണ് സഹായിച്ചത്. പാശ്ചാത്യ പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങളെ സംയോജിപ്പിച്ചുകൊണ്ട്, ഉല്പതിഷ്ണുത്വവും അതേ അവസരത്തിൽ കുറെയെല്ലാം യാഥാസ്ഥിതികവുമായ ഒരു നിരൂപണ ശൈലിയാണ് ജോസഫ് മുണ്ടശ്ശേരി പ്രദാനം ചെയ്യുന്നത്. സിദ്ധാന്ത പക്ഷത്തുനിന്നുകൊണ്ട് സംയോജിപ്പിക്കുകയും പ്രയോഗ പക്ഷത്തുനിന്നുകൊണ്ട് വിയോജിക്കുകയും ചെയ്ത ദ്വിലഗ്നമാർഗ്ഗിയായാണ് അദ്ദേഹം അറിയപ്പെടുന്നത്. മുണ്ടശ്ശേരിയുടെ ഭാവുകത്വത്തെ അന്ന് ഏറെക്കുറെ വിനയനം ചെയ്തിരുന്നത് അനുഷണവികസ്വരമായ സമകാലിക വിജ്ഞാനങ്ങളും കവിത്രയത്തിന്റെ കവിതകളുമായിരുന്നു. കലയിലെ രൂപഭാവങ്ങളെ ആസ്വാദന ദശയിൽ ഒന്നായി കാണണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. കലയിലെ ഒത്തിരിപ്പാണ് സൗന്ദര്യമെന്നും പറഞ്ഞു. രസത്തെ സാഹിത്യ കലയുടെ സാംസ്ക്കാരിക മൂല്യമായി കണക്കാക്കണമെന്നുകൂടി അദ്ദേഹത്തിന് അഭിപ്രായമുണ്ട്. ഏതൊരു കലയും സഫലമാകണമെങ്കിൽ ഭദ്രരൂപമാകണമെന്ന് എഴുതുകയും 'രൂപഭദ്രതാവാദ' ത്തിന് തുടക്കം കുറിക്കുകയും ചെയ്തു. സാഹിത്യം ജീവിത വിമർശനമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു അദ്ദേഹം.

മലയാളനിരൂപണത്തെ ആത്മാവിഷ്ക്കാരത്തിന്റെതലത്തോളം പിടിച്ചുയർത്തിയ സർഗ്ഗാത്മക നിരൂപകനാണ് കുട്ടികൃഷ്ണമാരാർ. സംസ്കൃത സാഹിത്യത്തിലെ ലബ്ധപ്രതിഷ്ഠങ്ങളായ ബൃഹത്കൃതികളെ സമഗ്രവീക്ഷണത്തോടെ അദ്ദേഹം നോക്കികണ്ടു. സംസ്കൃതത്തിൽ ഉറച്ച പാണ്ഡിത്യം നേടിയ മാരാർ അതിന്റെ മധ്യകാലങ്ങളിലെ അപചയത്തെപ്പറ്റി ഉറക്കെ ചിന്തിക്കുകയും ഖണ്ഡനപരമായി അഭിപ്രായം പറയുകയും ചെയ്തു. ആനന്ദവർദ്ധനന്റെ ധ്വനിസിദ്ധാന്തത്തെ പുന:പരിശോധിക്കുകയും മഹിമഭട്ടന്റെ അനുമാന സിദ്ധാന്തത്തിന് ലബ്ധപ്രതിഷ്ഠ നൽകുകയും ചെയ്തു. നിഷ്പക്ഷ വിമർശനം എന്നൊന്നില്ലെന്നും വിമർശകന്റെ സൗന്ദര്യ പക്ഷപാതമാണ് വിമർശനമായി രൂപംകൊള്ളുന്നതെന്നും സ്ഥാപിച്ച മാരാർ നിരൂപണ നിരൂപണത്തിനും കൂടി പ്രചോദനം നൽകി. സാഹിത്യത്തിലെ പ്രതിപാദനത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. പ്രതിപാദ്യം എത്ര നന്നായാലും പ്രതിപാദന സമ്പ്രദായം ഹൃദ്യമായാലേ ഏതൊരു സാഹിത്യസൃഷ്ടിയും സുന്ദരമാകൂ എന്ന് മാരാർ നിർദ്ദേശിച്ചു. സാഹിത്യത്തിലെ ലാവണ്യ സിദ്ധാന്തത്തിന്റെ പ്രചാരകനായ

അദ്ദേഹം കല കലക്ക് വേണ്ടി എന്ന പക്ഷക്കാരനായിരുന്നു.

കലയുടെ പ്രഥമഗുണം സൗന്ദര്യപ്രകാശനസാമർത്ഥ്യം തന്നെയാണെന്നും; വ്യക്തത, ആത്മാർത്ഥത, വ്യക്തിത്വം എന്നീ സവിശേഷ ഗുണങ്ങളാണ് ഒരു കലാസൃഷ്ടിയെ ഒന്നാംകിടയിലേക്ക് ഉയർത്തുന്നത് എന്നുമായിരുന്നു കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരൂപണ ദർശനം. കല അനന്യ പരതന്ത്രയാണെന്നും കലാസൗന്ദര്യം അഥവാ കലയുടെ രസമാനൃത അതിനാണ് സർവ്വോപരി പ്രാധാന്യമെന്നും അദ്ദേഹം വിശ്വസിച്ചു. കല കലക്ക് വേണ്ടിയാണെന്ന വാദം കലയുടെ വ്യംഗ്യഭംഗിയെ മുൻനിർത്തിയുള്ള വാദമാണെന്ന് കുറ്റിപ്പുഴ യുക്തിവാദം ചെയ്യുന്നു. നഗ്നമായ ജീവിതസത്യമാണ് ഉത്തമസാഹിത്യത്തിന്റെ പ്രതിപാദ്യം എന്നദ്ദേഹം നിർദ്ദേശിച്ചു. വിമർശനത്തിൽ ശാസ്ത്രീയ മനോഭാവത്തിന്റേയും പൊതു വിജ്ഞാനത്തിന്റേയും പ്രാധാന്യം അദ്ദേഹം എടുത്തുപറയുന്നുണ്ട്. ഇതര വൈജ്ഞാന മേഖലകളെ മലയാള സാഹിത്യത്തിന് പരിചയപ്പെടുത്തുകയും തർജ്ജിമകളെ പ്രോൽസാഹിപ്പിക്കുകയും ചെയ്ത കുറ്റിപ്പുഴ കൃഷ്ണപിള്ള യുക്തിചിന്തയുടെ മാർഗ്ഗത്തിലൂടെയാണ് സഞ്ചരിച്ചത്. ഇത്തരം വൈവിദ്ധ്യമാർന്ന ദർശനങ്ങളും സമീപനങ്ങളും കൊണ്ട് മലയാള നിരൂപണ സാഹിത്യം സവിശേഷമായിത്തീർന്നു. പാശ്ചാത്യ സാഹിത്യ ചിന്തകളുടേയും പൗരസ്ത്യ കാവ്യദർശനങ്ങളുടേയും സ്വാധീനത്താൽ മലയാള നിരൂപണ സാഹിത്യം ഉദ്ഗ്രഥനാത്മകമായി തീരുകയാണ് ആധുനിക ദശയിൽ.

**മലയാളനിരൂപണത്തിലെ പാശ്ചാത്യ, പൗരസ്ത്യ അപഗ്രഥന രീതികൾ**

മലയാളസാഹിത്യനിരൂപണത്തിന്റെ തുടക്കത്തിലും വളർച്ചയിലും നിദാനമായി പ്രവർത്തിച്ചത് സംസ്കൃതവും ഇംഗ്ലീഷുമായിരുന്നു. പാശ്ചാത്യ ചിന്തകൾ ആരോഗ്യവർദ്ധകമായ പുതിയ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചു. എങ്കിലും സംസ്കൃതസാഹിത്യചിന്തയിലെ മൗലികതത്ത്വദർശനത്തെ പൂർണ്ണമായി മാറ്റിമറിക്കുവാൻ അത് പര്യാപ്തമായിരുന്നില്ല. പാശ്ചാത്യ സാഹിത്യം പ്രധാനമായി മൂന്നെണ്ണമാണ്. "സാഹിത്യ പ്രസ്ഥാനത്തിൽ മൂന്ന് പ്രധാന ഭാഗങ്ങളുണ്ട്. അവ നിയാമക വിമർശനം (Legislative Criticism) സൈദ്ധാന്തിക വിമർശനം (Theoretical Critcism) വിവരണാത്മക വിമർശനം (Descriptive Criticism) എന്നിവയാണ്. സംസ്കൃത്തിലും മേൽ കാണിച്ച മട്ടിൽ, വിമർശനം മുന്ന് തരമായി തിരിഞ്ഞു നിൽക്കുന്നുണ്ട്. അവ കവിശിക്ഷ, സാഹിത്യമീമാംസ, വ്യാഖ്യാനം എന്നിവയാണ്. ഈ മൂന്നും ക്രമത്തിൽ നിയാമകവിമർശനം, സൈദ്ധാന്തികവിമർശനം, വിവരണാത്മകവിമർശനം എന്നിവക്ക് സമമായോ സമാന്തരമായോ നിലകൊള്ളുന്ന വിമർശനങ്ങളാണെന്ന് പറയാം."[4] മലയാള നിരൂപണസാഹിത്യത്തിന്റെ വളർച്ചയിൽ ഈ സവിശേഷതകൾ ഒളിഞ്ഞും തെളിഞ്ഞും കാണാവുന്നതാണ്.

ധ്വനിസുന്ദരമായി മർമ്മഭേദനം നടത്തുന്ന ഒരു വിമർശനരീതിയായിരുന്നു കേരളവർമ്മ വലിയകോയിതമ്പുരാന്റേത്. കുറിക്കുകൊള്ളുന്ന വ്യംഗ്യം പ്രയോഗിക്കുന്ന രീതിയും അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഭാരതീയ സൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാന ശിലയെന്ന് പറയാവുന്ന രസസിദ്ധാന്തത്തെ സ്വന്തം ചിന്തയിലൂടെ ഈടുറ്റതാക്കി വിമർശന രംഗത്ത് പ്രവേശിക്കുകയായിരുന്നു സി.പി. അച്യുതമേനോൻ. രസമാണ് കാവ്യത്തിന്റെ ജീവൻ എന്ന തത്ത്വത്തെ അടിസ്ഥാനമാക്കി കാവ്യങ്ങൾ വിലയിരുത്തി. കവിതകളിൽ അപൂർവ്വതയും രസനിഷ്പത്തിയും വേണമെന്ന് സ്ഥാപിക്കാൻ വിദ്യാ വിനോദിനിയിലെ ഓരോ ലക്കത്തിലും എഴുതി അംഗീകാരം നേടുകയുണ്ടായി. സംസ്കൃതത്തിന്റെ ചൈതന്യത്തിന് കോട്ടം തട്ടാത്ത വിധത്തിൽ പാശ്ചാത്യ രീതികളേയും അദ്ദേഹം ഉൾക്കൊണ്ടു. കൃതികളിൽ രസം പ്രധാനമാണെന്നും ഗുണാലങ്കാരാദികൾ അപ്രധാനമെന്നും കാവ്യങ്ങൾ അപൂർവ്വത യുള്ളതായിരിക്കണമെന്നുമുള്ള പക്ഷത്തായിരുന്നു വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

സാഹിത്യത്തിലുള്ള സമകാലിക സങ്കല്പങ്ങളെ ചോദ്യംചെയ്തുകൊണ്ട് രംഗപ്രവേശം ചെയ്ത ഏ.ആർ. രാജരാജവർമ്മ ഇംഗ്ലീഷ് ഭാഷയുടെ നവ്യപ്രകാശത്തേയും നവീനാശയങ്ങളേയും ഉയർത്തിപിടിച്ചു. “കവിതയിൽ ശബ്ദത്തിനല്ല അർത്ഥത്തിനാണ് പരമപ്രാധാന്യമെന്ന് അദ്ദേഹം വാദിച്ചു. ഈ അഭിപ്രായം ഒരു സാഹിത്യ കൊടുങ്കാറ്റായി ചുറ്റിയടിച്ചു........നമ്മുടെ സാഹിത്യാസ്വാദന ശീലത്തിൽ വലിയ മാറ്റങ്ങൾ വരുത്തുവാൻ പ്രേരകമായിരുന്നു പ്രാസവാദം. കവിതയിലെ ‘അർത്ഥചാരുത’ എന്ന പദം കൊണ്ട് വിമർശനത്തിന് ഒരു പുതിയ ഫോർമുലതന്നെ ഉണ്ടാക്കി അദ്ദേഹം.”[5] ആശാന്റെ നളിനിക്ക് എഴുതിയ അവതാരികയിലൂടെ മലയാള നിരൂപണത്തെ ക്ലാസിസത്തിൽ നിന്ന് റൊമാന്റിസിസത്തിലേക്ക് നയിക്കുക കൂടി ചെയ്തു ഏ.ആർ. തമ്പുരാൻ. കാവ്യലോകത്തിലെ രസനീയതയിൽ കുടികൊള്ളുന്ന മനുഷ്യ മഹിമയുടെ അന്വേഷണംകൂടി തുടങ്ങിവെച്ചു. പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളെ സമ്മേളിപ്പിക്കുന്ന മഹനീയ കൃത്യത്തിന്റെ സംക്രമ പുരുഷനായി തീരുകയും ചെയ്തു ഏ.ആർ.തമ്പുരാൻ.

ഒരു പണ്ഡിതനായിരുന്ന സാഹിത്യപഞ്ചാനൻ പി.കെ. നാരായണ പിള്ള അക്കാദമിക് നിരൂപണത്തിന്റെ രീതികളാണ് മലയാളത്തെ പരിചയപ്പെടുത്തിയത്. സംക്രമത്തിന്റെ കാലഘട്ടത്തിൽ ക്ലാസിക് വ്യവസ്ഥയുടെ പ്രതിപുരുഷനായാണ് അദ്ദേഹം നിലകൊണ്ടത്. ഭാരതീയ ക്ലാസിക്കുകളോടും ചിന്തയോടും ജീവിത രീതിയോടുമുള്ള ആദരവാണ് സാഹിത്യപഞ്ചാനന്റെ കലാചിന്തയുടെ മർമ്മം. എല്ലാ ആനന്ദവും വൈവിധ്യത്തിലാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ജീവശാസ്ത്രപര വുമായ മാർഗ്ഗങ്ങൾ സാർവ്വത്രികമായി സ്വീകരിക്കുകയായിരുന്നു അദ്ദേഹം

ചെയ്തത്. കാവ്യങ്ങളുടെ പ്രത്യംഗ പരിശോധനയിലെന്ന പോലെ തന്നെ സർവ്വാംഗീണമായ നിരൂപണത്തിലും ശ്രദ്ധ പതിച്ചിരുന്നു. റൂസ്സോ, റസ്കിൻ, റസ്സൽ തുടങ്ങിയ പാശ്ചാത്യ ചിന്തകരുടെ ആശയ പ്രപഞ്ചവുമായി ഇണങ്ങിച്ചേർന്നുകൊണ്ട്, നിരൂപണരംഗത്ത് റിയലിസം, ഐഡിയലിസം എന്നിങ്ങനെയുള്ള സാങ്കേതിക പദങ്ങൾ മലയാളനിരൂപണത്തിൽ ആദ്യമായി ഉപയോഗിച്ചത് സി.എസ്. നായരാണ്.

പ്രസ്ഥാനപരമായ നിരൂപണത്തിന് തുടക്കം കുറിച്ചത് കേസരി ബാലകൃഷ്ണപിള്ളയാണ്. "ഡാർവിന്റെ പരിണാമവാദവും ഫ്രേയ്സർ, മലിനോവ്സ്കി തുടങ്ങിയവരുടെ നരവംശ പഠനവും ഫ്രോയ്ഡ്, യുങ് തുടങ്ങിയവരുടെ മനഃശാസ്ത്ര സിദ്ധാന്തങ്ങളും മാർക്സ്, ഏംഗൽസ് എന്നിവരുടെ സാമ്പത്തിക സിദ്ധാന്തങ്ങളും ഐൻസ്റ്റീന്റെ സാപേക്ഷികതാവാദവും ശ്രദ്ധാപൂർവ്വം പഠിച്ച് അവയുടെ സത്തായ അംശത്തെ സ്വന്തമാക്കി, സാഹിത്യ നിരൂപണത്തിൽ ആ അറിവുകൾക്കും സുപ്രധാനമായ ഒരു സ്ഥാനം നൽകി, മുമ്പൊന്നും മലയാള നിരൂപണസാഹിത്യം അറിഞ്ഞിട്ടില്ലാത്ത ഒരു വിശാലത ശ്രീ. ബാലകൃഷ്ണപിള്ള നൽകി"[6] റിയലിസത്തിന് പരാജയ പ്രസ്ഥാനമെന്നും റൊമാന്റിസിസത്തിന് മാനം നോക്കി പ്രസ്ഥാനമെന്നും നാച്വറലിസത്തിന് ബൃഹൽപുരോഗമന പ്രസ്ഥാനമെന്നും തിരിച്ച് നിരൂപണം നടത്തി. ഗ്രന്ഥനിരൂപണങ്ങളെ ഫങ്ഷണലിസമെന്ന പേരിൽ, നിർവ്വചിക്കുകയും ചെയ്ത അദ്ദേഹം തന്റെ നിരൂപണരീതിയുടെ ആണിക്കല്ലായി ഇതിനെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. വിശ്വസാഹിത്യത്തിന്റെ വാതായനങ്ങളെ മലയാളനിരൂപണ പ്രസ്ഥാനത്തിന് തുറന്നുകൊടുക്കുകയും അതിന്റെ നവ്യപ്രകാശം പരത്തുകയുമാണ് കേസരി ചെയ്തത്.

പാശ്ചാത്യസാഹിത്യത്തിലെ മഹാന്മാരുടേയും ചിന്തകന്മാരുടേയും വിചാരങ്ങൾ, കാലദേശാവസ്ഥകൾക്കനുസരിച്ച് മൂല്യനിർണ്ണയം വരുത്തി സ്വന്തമായ ഒരു രീതി മലയാളനിരൂപണ സാഹിത്യത്തിൽ എം.പി.പോൾ രൂപം കൊടുത്തു. പാശ്ചാത്യലക്ഷണങ്ങൾ വെച്ചുകൊണ്ട് തന്നെ നമ്മുടെ കഥാ മാതൃകകളെ ഒന്നപഗ്രഥിക്കാൻ അദ്ദേഹം പരിശ്രമിച്ചു. നവാഗത സാഹിത്യരൂപമായ നോവലിനും ചെറുകഥക്കും ഊഷ്മളമായ പരവതാനി വിരിക്കുകകൂടി എം.പി.പോൾ ചെയ്തു. ആംഗല സാഹിത്യ പഠനത്തിന്റെ ചൂടിൽ നിന്നാണ് കഥാ സാഹിത്യത്തെ അദ്ദേഹം വിലയിരുത്തിയത്. രസനീയത സാഹിത്യത്തിന്റെ മുഖമുദ്രയാണെന്നും അദ്ദേഹം ആവർത്തിച്ചു. പാശ്ചാത്യസങ്കേതങ്ങളെ ആവുന്നത്ര ഭാരതീയസാഹിത്യ മീമാംസയുടെ ശൈലിയിൽ വിശദമാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. കവിതയുടെ ഭാവശുദ്ധിയിലും രൂപമാധുര്യത്തിലും ഉറച്ച നിഷ്കർഷയുണ്ട് പോളിന്. വൈകാരികവും വൈചാരികവുമായ അംശങ്ങൾ പരസ്പരം ലയിച്ചുചേരണമെന്ന്

അദ്ദേഹത്തിന് നിർബന്ധമുണ്ട്. എം.പി. പോളിന് കിട്ടിയ സുന്ദരശിക്ഷണം പാശ്ചാത്യസാഹിത്യ ദർശനങ്ങളുടേതാണ്.

കിഴക്കിന്റേയും പടിഞ്ഞാറിന്റേയും ദർശനങ്ങളുടെ സമന്വയത്തിൽ നിന്നാണ് ജോസഫ് മുണ്ടശ്ശേരി തന്റെ സൈദ്ധാന്തികദർശനത്തിന് രൂപം നൽകുകയും മലയാളനിരൂപണത്തിൽ സാമൂഹ്യാശയനിഷ്ഠമായ ഒരു രീതി പരീക്ഷിക്കുകയും ചെയ്തത്. പൗരസ്ത്യ സാഹിത്യമീമാംസയിൽ സാരമേത് അസാരമേത് എന്ന് വേർതിരിക്കുക കൂടി ചെയ്തു. ജീവിത വിമർശനമാണ് സാഹിത്യം എന്ന് മാത്യുഅർനോൾഡിനോടൊപ്പം വിശ്വസിച്ച അദ്ദേഹം തന്റെ നിരൂപണങ്ങളിൽ ജീവിതത്തിന്റെ വിഭവാദികളുടെ കല്പനയിൽ ഔചിത്യം പാലിച്ചുകൊണ്ട് അവതരിപ്പിച്ചുവോ എന്നത് തന്നെയായിരുന്നു കൃതികളുടെ മൂല്യനിർണ്ണയത്തിൽ അദ്ദേഹം പ്രധാന മാനദണ്ഡമായികൈക്കൊണ്ടത്. റൊമാന്റിക് കൃതികൾ കുറേമുമ്പേ വളരാൻ തുടങ്ങിയെങ്കിലും അവക്ക് നിവർന്ന് നിൽക്കാനൊരു റൊമാന്റിക് നിരൂപണശാഖ വളർത്തിയെടുക്കുവാൻ മുൻകയ്യെടുത്ത പ്രാമാണികന്മാരുടെ കൂട്ടത്തിലാണ് മുണ്ടശ്ശേരിയെ കാണുന്നത്. ആദിരൂപനിഷ്ഠമായ നിരൂപണത്തിന് മലയാളത്തിൽ അസ്ഥിവാരമിടുക കൂടി ചെയ്തു അദ്ദേഹം. കലാസൃഷ്ടി വംശത്തിന്റേയും കാലഘട്ടത്തിന്റേയും മില്യുവിന്റേയും ഉല്പന്നമാണെന്ന ടെയിനിന്റെ സിദ്ധാന്തത്തിന് പ്രചാരം നൽകി.

സാഹിത്യചിന്തകളുമായി സ്വതന്ത്രസംവാദം നടത്തി നിരൂപണത്തെ സർഗ്ഗാത്മക തലത്തിലേക്ക് ഉയർത്തുകയാണ് കുട്ടികൃഷ്ണമാരാർ ചെയ്തത്. ഏതവസ്ഥയിലും ഹൃദ്യവും ശ്രേയസ്ക്കരവുമായ ആശയങ്ങളെ അടിസ്ഥാനമാക്കി വേണം എഴുത്തുകാരൻ സാഹിത്യരചന ചെയ്യുവാനെന്ന് അദ്ദേഹം നിർദ്ദേശിച്ചു. സാഹിത്യവിമർശനം കലാസൃഷ്ടിയിലൂടെയുള്ള നിരൂപകന്റെ ആത്മ സഞ്ചാരമാണെന്ന് മാരാർ വിശ്വസിച്ചു. സംസ്കൃതസാഹിത്യത്തിൽ അപാര പാണ്ഡിത്യമുള്ള മാരാർ, പൂർവ്വാചാര്യന്മാരുടെ സാഹിത്യ ദർശനങ്ങളെ യുക്തിപൂർവ്വം ഒന്നുടച്ച് പരിശോധിക്കുകയും അതിന് പുതിയ മാനങ്ങൾ കണ്ടെത്തുകയും ചെയ്തു. വികാരത്തിന്റേയും വിചാരത്തിന്റേയും വിശിഷ്ടമായ സംയുക്ത വികാസമാണ് വിമർശകന്റെ യോഗ്യതയെന്ന് അദ്ദേഹം തെളിയിച്ചു. കാളിദാസ കൃതികളുടെ വ്യാഖ്യാനത്തിലൂടെ മലയാളത്തിന് പുതിയൊരു വ്യാഖ്യാന രീതി തന്നെ കൈമുതലായി തീർന്നു. സംസ്കൃത വിദ്വത്വത്തിന്റെ ഉത്തമ ലക്ഷണമായ യുക്തിപൂർവ്വതയാണ് മാരാരുടെ വിമർശനത്തിന്റെ സാരസർവ്വസ്വവും സംഭാവനയും.

മലയാളനിരൂപണ സാഹിത്യത്തിൽ ആശയപ്രബോധനത്തിന്റെ പ്രകാശം ചൊരിയുകയാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള തന്റെ നിരൂപണങ്ങളിലൂടെ

ചെയ്തത്. വിമർശനത്തിൽ തത്ത്വദർശനങ്ങളുടെ പ്രപഞ്ചം സൃഷ്ടിക്കുവാനും കഴിഞ്ഞു. "കുറ്റിപ്പുഴ സാഹിത്യസൃഷ്ടിയെ മഹത്വത്തിലേക്കുയർത്തുന്നത് അതിലെ തത്ത്വചിന്താപരമായ മൂല്യമാണെന്ന് വിശ്വസിക്കുന്നു. ഇത് സദ്വകാരങ്ങളുടേയും ബുദ്ധിപരമായ ഔന്നത്യത്തിന്റേയും മേളനമാണ്. അതിൽ തന്നെ ജീവിത വിമർശനവും ഉൾപ്പെടും. ഒരേസമയം ദാർശനികനും സാമൂഹ്യ വിപ്ലവകാരിയുമായിരുന്ന കുറ്റിപ്പുഴക്ക് ടാഗോറിനേയും ഷായേയും ഒരുപോലെ അംഗീകരിക്കാൻ കഴിഞ്ഞത്. കുറ്റിപ്പുഴയുടെ ചിന്ത ആത്യന്തികമായി ചെന്നെത്തുന്നത് മനുഷ്യസ്നേഹത്തിന്റെ ആശയപ്രേമത്തിലാണ്."[7] സാവയവമായ ഒരു സാഹിത്യ സൃഷ്ടിയുടെ അംഗാഗികകളെ വേർതിരിച്ചെടുത്ത് മൂല്യനിർണ്ണയം ചെയ്യാൻ പഴയ പ്രമാണങ്ങളെ തന്നെയാണ് കുറ്റിപ്പുഴ സ്വീകരിക്കുന്നതും നിർദ്ദേശിക്കുന്നതും. ഭാരതീയ നിരൂപണ സമ്പ്രദായങ്ങളാണ് അദ്ദേഹത്തിന്റെ സമീപന രീതിയെന്ന് പറയാം. അതോടൊപ്പം റൊമാന്റിസിസത്തേയും റിയലിസ്റ്റിക് രീതികളേയും അദ്ദേഹം ഉയർത്തിപ്പിടിക്കുന്നുണ്ട്.

മലയാളനിരൂപണസാഹിത്യത്തെ രൂപപ്പെടുത്തുന്നതിൽ പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യ അപഗ്രഥന പദ്ധതികൾ ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ളതായി കാണാം. ഇവയുടെ ഉചിതമായ സമ്മേളനത്തിൽ നിന്ന് സ്വതന്ത്രവും മൗലികവുമായ ഒരു നിരൂപണരീതി തന്നെ മലയാള വിമർശന സാഹിത്യത്തിൽ ഇടം പിടിച്ചിട്ടുണ്ട്. അപഗ്രഥനപരം എന്നതിനുപരി നിരൂപണ സാഹിത്യത്തെ സർഗ്ഗാത്മകതയുടെ മണ്ഡലത്തിലേക്ക് ആനയിക്കുക പോലുമുണ്ടായിട്ടുണ്ട്. കലയുടെ രൂപഭാവങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ പോലും മലയാളനിരൂപണ സാഹിത്യത്തെ വിശ്വവിശാലമായ സാഹിത്യ വീക്ഷണങ്ങളിലേക്ക് നയിച്ചിട്ടുണ്ട്. ലോകത്തിന്റെ ഏത് കോണിലുമുണ്ടാകുന്ന സാമൂഹിക, വൈജ്ഞാനിക, സാമ്പത്തിക, സാംസ്ക്കാരിക മാറ്റങ്ങളേയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന വിധത്തിൽ മലയാളസാഹിത്യത്തെ രൂപപ്പെടുത്തുന്നതിൽ മലയാളനിരൂപണ സാഹിത്യം നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്.

**മലയാളനിരൂപണത്തിലെ പഞ്ചമുഖം**

ആധുനിക മലയാള നിരൂപണ സാഹിത്യത്തിന്റെ പ്രതിഷ്ഠാപകന്മാരെന്ന് വിശേഷിപ്പിക്കാവുന്നത് കേസരി, മാരാർ, മുണ്ടശ്ശേരി, പോൾ, കുറ്റിപ്പുഴ എന്നിവരാണ്. "അഞ്ച് പേരുണ്ട് നെഞ്ച് വിരിച്ച് മുമ്പേ നടന്നവർ - കേസരി, മാരാർ, മുണ്ടശ്ശേരി, പോൾ, കുറ്റിപ്പുഴ. നിരൂപണശാഖക്ക് സർഗ്ഗസാഹിത്യ ശാഖപോലെ നെഞ്ച്‌വിരിയും തലപ്പൊക്കവും നൽകിയത് ഇവരാണ്. ഇവരിൽ നിരൂപണ വിദ്യയിലെ കലാതത്ത്വത്തിന് കൂടുതൽ ഊന്നൽ നൽകിയവരാണ് മാരാരും

മുണ്ടശ്ശേരിയും. തങ്ങൾ എഴുതുന്നതെന്തും ആളുകളെ പിടിച്ചിരുത്തി വായിപ്പിക്കുന്നതാകണമെന്നതിൽ അവർക്ക് നന്നേ നിഷ്കർഷയുണ്ടായിരുന്നു."[8] നൂതനമായ നിരൂപണപദ്ധതികൾ ഇവർ മലയാളത്തെ പരിചയപ്പെടുത്തി. സാമ്പത്തിക, സാമൂഹിക രംഗങ്ങളിലുണ്ടായ മാറ്റത്തിനനുസരിച്ച് സാംസ്കാരികമായ നവോത്ഥാനത്തിന് ഇവർ അക്ഷീണം തൂലിക ചലിപ്പിച്ചുകൊണ്ടിരുന്നു. മാർക്സിയൻ തത്ത്വശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പുരോഗമനസാഹിത്യ പ്രസ്ഥാനങ്ങളുടെ അമരത്വത്തിലിരുന്ന് കലയേയും ജീവിതത്തേയും കുറിച്ച് ആഴത്തിൽ ചിന്തിച്ചു. സംസ്കൃത സാഹിത്യമീമാംസക്ക് പുത്തൻമാനങ്ങൾ രചിക്കുവാനും പുത്തൻസാഹിത്യവിപ്ലവങ്ങൾ സൃഷ്ടിക്കുവാനും ഇവർ കാരണക്കാരായി.

പത്രമാസികകളിലൂടെയാണ് മലയാളനിരൂപണം പുഷ്ടിപ്രാപിക്കാൻ തുടങ്ങിയത്. വിദ്യാവിനോദിനിയും ഭാഷാപോഷിണിയും രസിക രഞ്ജിനിയിലും പ്രത്യക്ഷപ്പെട്ട സാഹിത്യ ചിന്തകളായിരുന്നു മലയാളനിരൂപണത്തിന് അടിത്തറ പാകിയത്. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ വിമർശനം മലയാള സാഹിത്യ വിമർശനത്തിന്റെ പ്രാരംഭഘട്ടമായി കണക്കാക്കുന്നു. ഈ കാലഘട്ടത്തെ കേരള വർമ്മയുഗമെന്ന് പോലും വിശേഷിപ്പിക്കുന്നുണ്ട്. പുസ്തകാഭിപ്രായങ്ങളിലൂടെ യായിരുന്നു ആദ്യ കാൽവെയ്പ്. ഭാരതീയസാഹിത്യതത്ത്വങ്ങൾ പരിചയപ്പെടുത്തുന്ന ഈടുറ്റ രചനകളുമായി സി.പി. അച്യുതമേനോൻ വിദ്യാവിനോദിനിയിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഭാവത്തിലും ഭാഷയിലും മലയാള സാഹിത്യ വിമർശനത്തിന്റെ അക്കാലത്തെ ഉത്തമ മാതൃകയായിട്ട് അച്യുതമേനോന്റെ നിരൂപണങ്ങൾ പ്രതിഭാസിച്ചുകൊണ്ടിരുന്നു. മലയാള കവിതയിലെ നിരർത്ഥകമായ ശബ്ദഭംഗിയേയും അനുകരണത്തേയും അദ്ദേഹം എതിർത്തുകൊണ്ടിരുന്നു.

അച്യുതമേനോന്റെ വിമർശനരീതിയെ ഉപാസിച്ചുകൊണ്ടാണ് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ തന്റെ സാഹിത്യ വിമർശനത്തെ രൂപപ്പെടുത്തിയത്. സാഹിത്യ ജീവിതത്തിൽ അദ്ദേഹം കൈക്കൊണ്ടത് ഗുണദോഷ നിരൂപണ രീതിയായിരുന്നു. സംസ്കൃതത്തിന്റെ മൗലിക വീക്ഷണത്തെ അംഗീകരിച്ചുകൊണ്ട്, ഗദ്യലേഖനത്തിന് ആംഗലേയ രീതിയാണ് യുക്തമെന്ന് പ്രഖ്യാപിച്ചുകൊണ്ട് അപ്പൻതമ്പുരാൻ രാജരാജവർമ്മയുഗത്തിന് തുടക്കം കുറിക്കുകയായിരുന്നു. സംഹാരപരമായ ശൈലിയായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നിരൂപണങ്ങളിലേറെയും. വിശാലമായ ഒരു വീക്ഷണത്തിലൂടെ സാഹിത്യത്തിന്റെ മൂല്യനിർണ്ണയം നടത്തിക്കൊണ്ടാണ് വിദ്വാൻ സി.എസ്. നായർ ശ്രദ്ധേയനായത്. ഫലിത ബോധവും വിമർശനബുദ്ധിയും ഒത്തിണങ്ങിയ നിരൂപണങ്ങൾ കൊണ്ട് കൈരളിയെ ധന്യമാക്കുകയായിരുന്നു

മൂർക്കോത്ത് കുമാരൻ. സി. അന്തപ്പായി, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി, സി.കെ.പി., കെ.എം. എന്നിവരും മലയാള വിമർശന സാഹിത്യത്തിന്റെ അടിത്തറയിട്ടവരാണ്. മലയാള സാഹിത്യം നിയോ ക്ലാസ്സിസത്തിന്റെ മരവിപ്പിൽ നിന്ന് കാല്പനികതയുടെ ചൈതന്യപൂർണ്ണമായ മേഖലയിലേക്ക് നീങ്ങിത്തുടങ്ങിയപ്പോൾ ആ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് വരികയായിരുന്നു ഏ.ആർ. രാജരാജവർമ്മ. ഏ.ആറിന്റെ സാഹിത്യ ശാസ്ത്രഗ്രന്ഥങ്ങൾ മലയാള വിമർശന കലയുടെ അടിസ്ഥാന പ്രമാണങ്ങളായി തീർന്നു. ഗതാനുഗതികത്വത്തെ തള്ളിക്കളയുകയും നവ നവോല്ലേഖ കല്പനയെ പ്രശംസിക്കുകയും വഴി കാവ്യപ്രതിഭയുടെ പൊതുസ്വഭാവത്തിലേക്ക് വിരൽ ചൂണ്ടുകയാണ് ഏ.ആർ. ചെയ്തത്. നളിനിയിലെ ഭാവ ശില്പസംവിധാനത്തിന്റെ അപൂർവ്വ മഹത്വം മനസ്സിലാക്കിയ രാജരാജന്റെ വിമർശന പ്രതിഭ മലയാള നിരൂപണ സാഹിത്യത്തിന്റെ വഴിത്തിരിവായി തീർന്നു. ഒരു നവീന ഭാവുകത്വം സാഹിത്യത്തിലുളവാക്കി നവോത്ഥാനത്തിന് പ്രേരണ നൽകുകയായിരുന്ന ഏ.ആർ. രാജ രാജവർമ്മ. പ്രാസവാദം ഭാഷാ കവിതയെ പരിഷ്ക്കാരോന്മുഖമാക്കി തീർത്തു. കവിതയുടെ ബാഹ്യമോടിയും രൂപസൗഭാഗ്യവും മാത്രമല്ല അതിന്റെ ഉള്ളടക്കവും സാമൂഹ്യ പശ്ചാത്തലവും നിരൂപണത്തിന് വിഷയമാകാൻ തുടങ്ങി.

രാജരാജവർമ്മയുടെ പാരമ്പര്യം തുടർന്നുകൊണ്ട് പോകുവാൻ അനേകം അനുയായികൾ ഉണ്ടായിരുന്നു. അതിൽ ആചാര്യന്റെ വ്യക്തി മഹിമക്ക് അനുഗുണമായ വ്യക്തിത്വം കൊണ്ട് ധന്യമായിരുന്നു സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ള. പദ്യസാഹിത്യവും ഗദ്യസാഹിത്യവും പരസ്പരം മത്സരിച്ചുകൊണ്ടിരുന്ന ഒരു കാലത്താണ് പി.കെ. സാഹിത്യ രംഗത്ത് കടന്ന് വന്നത്. "ഒരു പരിവർത്തനത്തിന്റെ കാലഘട്ടത്തിലാണ് സാഹിത്യപഞ്ചാനൻ സ്പഷ്ടമായ ലക്ഷ്യത്തോടെ ഒരു വിമർശകൻ എന്ന നിലയിൽ തന്റെ നിലപാട് വ്യക്തമാക്കിയത്. സംക്രമത്തിന്റെ ഈ വേളയിൽ ക്ലാസിക്കൽ വ്യവസ്ഥയുടെ പ്രതിപുരുഷനായി നിൽക്കുകയാണ് സാഹിത്യ പഞ്ചാനൻ ചെയ്തത്."[9] കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി, എഴുത്തച്ഛൻ എന്നിവരുടെ കൃതികളെപ്പറ്റിയുള്ള സമഗ്ര നിരൂപണങ്ങളാണ് അദ്ദേഹത്തിന്റെ മുഖ്യസംഭാവന. രാജരാജവർമ്മയുഗം സാഹിത്യപഞ്ചാനൻ പി.കെ. നാരായണ പിള്ളയിൽ അവസാനിക്കുകയാണ്. വിമർശനത്തിൽ ആധുനിക വിജ്ഞാനത്തെ ഏറ്റവും കൂടുതൽ അനുപ്രവേശിപ്പിച്ച കേസരി എ. ബാലകൃഷ്ണപിള്ളയിൽ ആധുനിക ഘട്ടം ആരംഭിക്കുന്നു. എം.പി.പോൾ, ജോസഫ് മുണ്ടശ്ശേരി, കുട്ടി കൃഷ്ണമാരാർ, കുറ്റിപ്പുഴ കൃഷ്ണപിള്ള എന്നിവരാണ് ആധുനിക ദശയുടെ ശില്പികൾ.

**കേസരി എ. ബാലകൃഷ്ണപിള്ള**

ഒരു ചരിത്രപണ്ഡിതനും സാമൂഹ്യശാസ്ത്രജ്ഞനും കൂടിയായിരുന്ന കേസരി സാഹിത്യത്തിന്റെ അന്തർഭാവത്തിനാണ് പ്രാധാന്യം കൊടുത്തത്. സോദ്ദേശ കലയായിരുന്നു അദ്ദേഹത്തിനഭിമതം. ഓസ്ക്കാർവൈൽഡ്, വാൾട്ടർ പേയ്റ്റർ, ഹെർബർട്ട് റീഡ് മുതലായവരുടെ കലാസിദ്ധാന്തങ്ങളുമായി അദ്ദേഹത്തിന് നന്നെ പരിചയമുണ്ടായിരുന്നു. ഹിപ്പോലൈറ്റ് ടെയ്നിന്റേയും കാറൽ മാർക്സിന്റേയും സാമൂഹ്യ സാഹിത്യ സിദ്ധാന്തങ്ങളുമായി സാദൃശ്യമുള്ള ഒന്നാണ് അദ്ദേഹം ഇവിടെ പ്രചരിപ്പിച്ചത്. മാർസൽ പ്രൂസ്റ്റ്, ബറി എന്നിവരെ ആശ്രയിച്ചാണ് തന്റെ പുരോഗതി വിശ്വാസത്തെ അദ്ദേഹം ഉറപ്പിച്ചു നിർത്തിയിരിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയുടെ ലക്ഷ്യം സുഖമാണെന്നും ശാസ്ത്രവിജ്ഞാനം, സ്വാതന്ത്ര്യം, കല എന്നിവയിലൂടെ അത് പ്രാപിക്കാമെന്നും, മതവും രാഷ്ട്രീയ പക്ഷപാതങ്ങളുമാണ് അതിന് പ്രതിബന്ധമെന്നും അദ്ദേഹം വിശ്വസിച്ചു. നിരൂപണത്തിൽ സൗർവ്വലൗകികമായ ഒരു കാഴ്ചപ്പാട് തന്നെ അദ്ദേഹം കൈക്കൊണ്ടു. കലാകാരന്റെ ഉദ്ദേശലക്ഷ്യങ്ങളെ ആവുന്നത്ര മനസ്സിലാക്കി, അതിന്റെ അടിസ്ഥാനത്തിൽ കലാസൃഷ്ടികളെ വിലയിരുത്തണമെന്ന തത്ത്വത്തിൽ അദ്ദേഹം മുറുകെ പിടിച്ചു. "കലയുടെ പ്രയോജനം സാമൂഹ്യ പുരോഗതിയാണ് എന്നും കല ജീവിതത്തെപ്പോലെ പുരോഗമിച്ചുകൊണ്ടിരിക്കുന്നവെന്നും ഉള്ള വാദമാണ് ശാശ്വതമൂല്യക്കാരേയും ശുദ്ധകലാവാദികളേയും ചൊടിപ്പിച്ചു പോന്നിട്ടുള്ളത്."[10] വാസ്തവത്തിൽ സാഹിത്യവിമർശനം നടത്തുകയല്ല, നവോത്ഥാനത്തിന്റെ പ്രമാണരേഖകൾ സൃഷ്ടിക്കുകയാണ് കേസരി ചെയ്തത്.

നിയോക്ലാസിക് ദർശനത്തിന് അനല്പമായ പ്രചാരം കിട്ടിപ്പോന്ന സാഹിത്യചരിത്ര പശ്ചാത്തലത്തിലാണ് കേസരി ബാലകൃഷ്ണപിള്ളയുടെ രംഗപ്രവേശം. അദ്ദേഹത്തിന്റെ 'ക്ലാസ്സിസവും റൊമാന്റിസസവും' എന്ന ലേഖനത്തിന് ശേഷമാണ്, കാല്പനിക സ്വഭാവങ്ങളുടെ വെളിച്ചത്തിൽ ആശാന്റേയും ചങ്ങമ്പുഴയുടേയും ഇടപ്പള്ളിയുടേയും കൃതികളെ ശരിയായ രീതിയിൽ വിലയിരുത്തുവാനുള്ള ശ്രമം മലയാളനിരൂപണത്തിലാരംഭിച്ചത്. "കേസരിയിൽ തുടർച്ചയായി വന്നുകൊണ്ടിരുന്ന യൂറോപ്യൻ നോവൽ മാതൃകകളും നിരൂപണ മാതൃകകളും മുഖ പ്രസംഗങ്ങളും ധീരമായ പ്രോൽസാഹനങ്ങളുമാണ് ആധുനിക മലയാള സാഹിത്യത്തിന് രൂപം നൽകിയ ഏറ്റവും വലിയ ഏകശക്തി"[11] സാമൂഹിക ജീവിതത്തിന്റെ ഓരോ നാഡിയും കേസരി പിടിച്ചു കുലുക്കി. അതിന്റെ ഫലം അന്തസാര ശൂന്യമായ നിയോ ക്ലാസ്സിക് മനോഭാവത്തിന്റെ മരണവും നിഷേധ പൂർണ്ണമായ റൊമാന്റിക് മനോഭാവത്തിന്റെ ജനനവുമായിരുന്നു. രാഷ്ട്രമീമാംസയിലും മതവിശ്വാസത്തിലും സാഹിത്യ ചിന്തകളിലുമെല്ലാം ഭൂതകാല നിഷേധമെന്ന (ഫ്യൂച്ചറിസം) എന്ന റൊമാന്റിക് വീക്ഷണം പടർന്ന്

കയറാൻ കാരണമായി.

ഉദ്ദേശരഹിതമായ നമ്മുടെ സാഹിത്യത്തെ സോദ്ദേശവും കർമ്മോന്മുഖവുമാക്കുകയാണ് കേസരി ചെയ്തത്. നിലവിലുള്ള സാങ്കേതിക നിയമങ്ങൾ ലംഘിക്കുകയും പുതിയ സാങ്കേതിക നിയമങ്ങൾ നിർമ്മിക്കുകയും ചെയ്തു അദ്ദേഹം. കേസരിയുടെ സാഹിത്യ പരിശ്രമങ്ങളെ നവോത്ഥാനത്തിന്റെ ആത്മഗതങ്ങൾ എന്ന നിലയിൽ പരിശോധിക്കുകയാണ് വേണ്ടത്. അദ്ദേഹം അക്കാലത്തെ സാഹിത്യകാരന്മാരുടെ വീക്ഷണ ചക്രവാളവും വിമർശകന്മാരുടെ വിജ്ഞാനാന്തരീക്ഷവുമായിരുന്നു.

**എം.പി.പോൾ**

കേസരിയിൽ നിന്നാരംഭിച്ച നമ്മുടെ ഗദ്യനവോത്ഥാനവുമായി ബന്ധപ്പെട്ട വിമർശനമാണ് എം.പി. പോളിന്റേത്. മലയാള സാഹിത്യത്തിന്റെ ഗതിയെ നിയന്ത്രിച്ചുകൊണ്ടിരുന്ന അത്യഗാധങ്ങളായ സാംസ്ക്കാരിക ശക്തികളെ കണ്ടറിഞ്ഞ് തന്റെ പ്രതിഭക്ക് രൂപം കൊടുക്കുവാൻ എം.പി.പോളിന് സാധിക്കുകയുണ്ടായി. കവിതാ വിമർശനമേ വിമർശനമാകൂ എന്ന് ദൃഢമായി ധരിച്ച് വെച്ചിരുന്ന ഒരു കാലം മലയാളത്തിലുണ്ടായിരുന്നു. അക്കാലത്ത് കവിതയിൽ നിന്നും ഭിന്നമായ സാഹിത്യ രൂപങ്ങളുണ്ടാകാം എന്ന വിശാല ചിന്താഗതിക്ക് മലയാളത്തിൽ സ്ഥാനമുണ്ടാക്കി അദ്ദേഹം. ജീവിത്തിലെ ഏത് പ്രസ്ഥാനത്തോടും മതമാകട്ടെ, സാഹിത്യമാകട്ടെ, ധൈഷണികമായ ഒരു സമീപനമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. വസ്തുനിഷ്ഠതയും, യുക്തി കർക്കശതയും സ്വതന്ത്ര ചിന്തയും അദ്ദേഹത്തിന്റെ സവിശേഷതയാണ്. "തന്റെ കാലത്ത് മലയാള സാഹിത്യം നേരിട്ട സംസ്ക്കാര സംഘട്ടനത്തിൽ, ബാഹ്യശക്തിയായ ഇംഗ്ലീഷിന് എന്ത് സ്ഥാനം കൊടുക്കണമെന്നും പണ്ഡിതോചിതമായി ചിന്തിച്ച് സ്വകീയ സംസ്ക്കാരത്തിന് അനുലോപമായ ഒരു സമന്വയത്തിലെത്തിയ ഇവിടത്തെ മഹാന്മാരായ സാഹിത്യവിമർശകരുടെ കൂട്ടത്തിലാണ് പോളിന്റെ സ്ഥാനം."[12] ആവേശത്തിന്റെ ആധിക്യമില്ലാതെ, ഒരു പണ്ഡിതപ്രജ്ഞന്റെ സംയമനം പാലിച്ചുകൊണ്ട് ഗൗരവപൂർവ്വം സാഹിത്യകൃതികളുടെ നാനാവശങ്ങളിലേക്കും കണ്ണയച്ച് നന്മയും, തിന്മയും, ബലവും, ദൗർബല്യവും മനസ്സിലാക്കി ശ്രദ്ധാപൂർവ്വം തന്റെ നിരൂപണ സൗധം കെട്ടിയുയർത്തി അദ്ദേഹം.

കവിതയുടെ ഭാവശുദ്ധിയിലും രൂപമാധുര്യത്തിലും ഉറച്ച നിഷ്ക്കർഷയുണ്ട് പോളിന്. വൈകാരികവും വൈചാരികവുമായ അംശങ്ങൾ പരസ്പരം ലയിച്ച് ചേരണമെന്നും അദ്ദേഹം വിശ്വസിച്ചു. ഒരുകലാ സൃഷ്ടിയുടെ സൗന്ദര്യത്തെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിച്ചിട്ടുണ്ട് എം.പി.പോൾ. രൂപ - ഭാവങ്ങളെക്കുറിച്ച് മൗലികമായ അഭിപ്രായമുണ്ടായിരുന്നു അദ്ദേഹത്തിന്. കലയുടെ

സാമൂഹ്യ പശ്ചാത്തലത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് രൂപത്തിന്റെ ആവശ്യകതയെ നിഷേധിക്കുവാൻ കഴിയില്ലെന്നും അഭിപ്രായമുണ്ടായിരുന്നു. കവിതയുടെ ബാഹ്യഹേതുക്കളിലും ഘടനയിലുമാണ് പോളിന്റെ വിമർശനബുദ്ധി അധികവും വ്യാപരിച്ചത്. "രാജകീയമായ ചെങ്കോലും പ്രതാപവും കൈക്കൊണ്ട് സാഹിത്യ സാമ്രാജ്യത്തിൽ സ്വച്ഛന്ദം വിഹരിച്ചിരുന്ന മഹാരഥന്മാരുടെ കൃതികളെയാണ് അന്ന് അനാഗത ശ്മശ്രുവായിരുന്ന ഗ്രന്ഥകാരൻ നിർദ്ദാക്ഷിണ്യം വിമർശിക്കുകയും കലാമൂല്യങ്ങളുടെ വെളിച്ചത്തിൽ അവയെ വിലയിരുത്തുവാൻ ശ്രമിക്കുകയും ചെയ്തത്."[13] ആത്മാർത്ഥതയും നിർമ്മമതയുമാണ് പോളിന്റെ നിരൂപണത്തിന്റെ കാതൽ.

രാജരാജവർമ്മ മലയാളത്തിൽ ഉദ്ഘാടനം ചെയ്ത പാശ്ചാത്യ രീതിയിലുള്ള നിരൂപണം, എം.പി.പോളിലെത്തിയപ്പോഴാണ് അതിന്റെ പൂർണ്ണത പ്രാപിക്കുന്നത്. അദ്ദേഹത്തിന്റെ നിരൂപണം വെറും ശാസ്ത്രത്തിന്റെ മാർഗ്ഗത്തിൽക്കൂടിയല്ല മറിച്ച് കലയുടെ മണ്ഡലത്തിൽ കൂടിയായിരുന്നു. ജീവിതത്തിന്റെ സാക്ഷാത്ക്കാരമായി വർത്തിക്കുന്ന ആധുനിക വിഷയങ്ങളിലേക്ക് കടക്കുകയും സൃഷ്ടിന്മുഖമായ രീതിയിൽ അവയെ വിമർശിക്കുകയും ചെയ്തു തുടങ്ങി. അദ്ദേഹത്തിന്റെ ഏത് വിമർശനത്തിലും വിജ്ഞാനത്തിന്റെ പരപ്പും ആഴവും ദൃശ്യമായിരുന്നു. അദ്ദേഹത്തിന്റെ 'നോവൽസാഹിത്യ'വും 'ചെറുകഥാ സാഹിത്യ'വും മലയാളത്തിൽ കഥാസാഹിത്യത്തിന്റെ രൂപവും ഭാവവും തന്നെ മാറ്റിമറിച്ചു. സാഹിത്യപുരോഗതിക്കും പുരോഗമനപരങ്ങളായ നവീനാശയങ്ങൾക്കും പ്രോൽസാഹനം കൂടിയായിരുന്നു എം.പി.പോൾ. സാഹിത്യത്തെ, ദന്തഗോപുരത്തിനും തെരുവിനും ഇടയ്ക്ക് പിടിച്ച് നിർത്തി മനുഷ്യജീവിതത്തിന്റെ യഥാർത്ഥ വക്താവായി മാറണമെന്നായിരുന്നു പോളിന്റെ നില. ഗദ്യസാഹിത്യ വിമർശകൻ എന്നതിനുപരി ഗദ്യസാഹിത്യ വിമർശനത്തിന് അടിത്തറ പാകിയ തത്ത്വചിന്തകൻ എന്ന വിശേഷണമാണ് പോൾ അർഹിക്കുന്നത്.

**ജോസഫ് മുണ്ടശ്ശേരി**

ഭാരതീയ കാവ്യമീമാംസയേയും സാമൂഹ്യശാസ്ത്രപരമായ വീക്ഷണത്തേയും രസകരമാം വിധം കലർത്തിക്കൊണ്ടാണ് മുണ്ടശ്ശേരി തന്റെ സാഹിത്യദർശനവും മൂല്യനിർണ്ണയ രീതിയും രൂപപ്പെടുത്തിയത്. കേരള വർമ്മയുടേയും ഉള്ളൂരിന്റെയും വിഗ്രഹങ്ങൾ തകർത്തതിനു പകരം പുതിയ രണ്ട് വിഗ്രഹങ്ങൾ സൃഷ്ടിക്കുവാനും മുണ്ടശ്ശേരി ശ്രമിച്ചു. ആ നവവിഗ്രഹങ്ങൾ രാജരാജനും ആശാനുമായിരുന്നു. എഴുത്തുകാരന്റെ സ്വകാര്യപ്രതിഭയിൽ വിശ്വസിക്കുകുയും പ്രതിപാദ്യവിഷയം കൊണ്ട് എഴുത്തുകാരൻ ചെയ്യുന്ന ലാവണ്യാധിഷ്ഠിതമായ വിശേഷവേല എന്താണെന്ന് അന്വേഷിക്കുകയും ചെയ്തിരുന്നു അദ്ദേഹം. കാവ്യപീഠികക്ക് ശേഷമുള്ള വിലയിരുത്തലുകളാണ്

വിമർശനത്തിലൂടെ ഒരു കൃതിയുടെ ആസ്വാദനത്തിന് പിന്നിലുള്ള തന്റെ ബുദ്ധി വിശേഷത്തെ ഭദ്രമായി പ്രകടിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. പിന്നീട് വന്ന വിലയിരുത്തലുകളിൽ കലാ തത്ത്വവിചാരത്തിന്റെ പ്രമാണ വാഴ്ചയും കലാസ്വാദനത്തിന്റെ മർമ്മവും ദൃശ്യമായിരുന്നു. ജീവിതത്തെ അപേക്ഷിച്ചല്ലാതെ സാഹിത്യമില്ല എന്ന പാശ്ചാത്യ സിദ്ധാന്തത്തെ ഭാരതീയ ചിന്തയുടെ മൗലികാവതാരകനായ ഭരതന്റെ ചിന്തയോടിണക്കി നിർത്തുവാൻ കഴിഞ്ഞപ്പോൾ മുണ്ടശ്ശേരി സമന്വയാധിഷ്ഠിതമായ തന്റെ ചിന്താസൗധം ഇവിടെ ഉയർത്തിക്കഴിഞ്ഞു. സാഹിത്യത്തിലെ പ്രതിപാദ്യ വസ്തുവിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. പ്രതിപാദ്യം എന്ന് വെച്ചാൽ സ്ഥാപരനീതികളെ നിഷേധിക്കുന്ന സ്ഥൂല ജീവിത മാതൃകകൾ അടങ്ങിയ സാഹിത്യത്തിന്റെ ഉള്ളടക്കമെന്നായിരുന്നു അദ്ദേഹത്തിന്റെ വിവക്ഷ.

'നാടകാന്തം കവിത്വ'മെന്ന മുണ്ടശ്ശേരിയുടെ പുതുസാഹിത്യ സിദ്ധാന്തം സ്ഥാപിച്ചുറപ്പിക്കുവാൻ കുമാരനാശാന്റേയും വള്ളത്തോളിന്റേയും സംഭവ പ്രധാനമായ കൃതികളെയാണ് അദ്ദേഹം അവലംബമാക്കിയത്. സാമൂഹ്യ ശാസ്ത്രാധിഷ്ഠിതമായ നിരൂപണ രീതി അദ്ദേഹം മലയാളത്തിൽ പരീക്ഷിച്ചു. "സാമൂഹ്യശാസ്ത്രാനുസൃതമായി സാഹിത്യത്തെ നോക്കിക്കണ്ട മുണ്ടശ്ശേരി ആശാന്റെ കവിതകളെയാണ് അത്തരത്തിൽ നോക്കിക്കാണാൻ ശ്രമിച്ചത്. ആശാന്റെ കാവ്യജീവിതവും ആ ചുറ്റുപാടുകളിൽ നിന്ന് ഭിന്നമായി രൂപപ്പെടുക സാദ്ധ്യമായിരുന്നില്ല. അടിച്ചമർത്തപ്പെട്ടൊരു വർഗ്ഗത്തിൽ ജനിച്ച വ്യക്തിയിൽ നിന്നും പുറപ്പെട്ട ഗതകാലാനുഭവത്തിന്റെ ചൂരും ചൂടും ഉൾക്കൊള്ളുന്ന കവിതകളായിരുന്നു അത്."[14] മനുഷ്യ പുരോഗതിയിൽ സാഹിത്യകാരനും അവന്റെ പങ്ക് വഹിക്കാനുണ്ടെന്ന സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്താണ്, സാഹിത്യ കൃതികളെ പൊതുവേ മുണ്ടശ്ശേരി വീക്ഷിക്കുന്നത്. സാഹിത്യ വിചാരത്തിൽ ജീവിത ചിന്തയുടെ ഉജ്ജ്വല കാന്തി പ്രദർശിപ്പിച്ച വിമർശകനാണ് അദ്ദേഹം.

മലയാള നിരൂപണത്തെ ഒരു കലയായി വളർത്തുവാനാണ് മുണ്ടശ്ശേരി പരിശ്രമിച്ചത്. സാഹിത്യ വിമർശനം സുപരിണിതമായി തീർന്നിരിക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ വിമർശനരീതി. സാമൂഹ്യ ശാസ്ത്രാനുസൃതമായ സമീപനം മലയാളത്തിൽ പ്രായോഗികമാണെന്ന് ബോദ്ധ്യമാക്കി തന്ന നിരൂപകൻ ജോസഫ് മുണ്ടശ്ശേരിയാണ്. കവിത്രയത്തെ ഈ മാന ദണ്ഡമുപയോഗിച്ച് അപഗ്രഥിക്കാൻ ശ്രമിച്ചതോടൊപ്പം മണിപ്രവാള കാലഘട്ടത്തേയും പ്രാചീനഘട്ടത്തിലെ സംസ്കൃത കവികളേയും അദ്ദേഹം പുനർമൂല്യനിർണ്ണയത്തിന് വിധേയമാക്കി. പാശ്ചാത്യ പൗരസ്ത്യ ദർശനങ്ങളുടെ സങ്കലനവും സമന്വയവും വഴി പുതിയ ചില സിദ്ധാന്തങ്ങൾ അദ്ദേഹം മലയാളത്തിന് പ്രദാനം ചെയ്തു. ഭാരതീയ സിദ്ധാന്തങ്ങളോട് പൊതുവിലും

രസസിദ്ധാന്തങ്ങളോട് പ്രത്യേകിച്ചും ഭാവാത്മക സമീപനം പുലർത്തുന്ന തോടൊപ്പം മാർക്സിയൻ സൗന്ദര്യദർശനത്തിന്റെ സ്വാധീനം കൂടി ചേർന്നപ്പോൾ അദ്ദേഹത്തിലെ നിരൂപക വ്യക്തിത്വം കൂടുതൽ സന്തുലിതമായി. മലയാളത്തിൽ താരതമ്യ സാഹിത്യ ചിന്തയുടെ ഉപജ്ഞാതവും മുണ്ടശ്ശേരിയാണ്. താരതമ്യപഠനത്തെ സൈദ്ധാന്തികമായി വിശദീകരിക്കുകയും സ്വന്തം നിരൂപണങ്ങൾകൊണ്ട് അതിനെ സ്ഥാപിക്കുകയും ചെയ്തു.

**കുട്ടികൃഷ്ണ മാരാർ**

സംസ്കൃത സാഹിത്യ സിദ്ധാന്തങ്ങളോട് യുക്തിപരവും സൗന്ദര്യ പരവുമായ വിപ്രതിപത്തികൾ വെച്ചു പുലർത്തിയ നിരൂപകനാണ് കുട്ടികൃഷ്ണ മാരാർ. അദ്ദേഹത്തിന്റെ ഗ്രന്ഥാസ്വാദനത്തിൽ എരിവ് ഏറെയാണ്. "പഠിച്ചത് പാടുകയല്ല, പ്രത്യുത പഠിച്ചതിനെ ആത്മസാക്ഷാത്ക്കരിച്ച് മറ്റ് തരത്തിൽ നേടിയ അറിവുകൾ കൂടി ഉപയോഗപ്പെടുത്തി സ്വന്തമായ ഒരു സമീപനരീതി സാഹിത്യ നിരൂപണത്തിൽ വളർത്തിയെടുക്കുകയാണ് മാരാർ ചെയ്തത്."[15] സാഹിത്യ ഭൂഷണം എന്ന പ്രഥമകൃതികൊണ്ടു തന്നെ അദ്ദേഹം ധിക്കാരിയോ നിഷേധിയോ ആയി അറിയപ്പെട്ടു മലയാളസാഹിത്യത്തിൽ. ആനന്ദനവർദ്ധനാചാര്യന്റെ ധ്വനി കാവ്യാത്മാവാണെന്ന മതത്തെ ചോദ്യം ചെയ്തു. സാഹിത്യ കൃതിയിലൂടെ തന്റെ സർവ്വവിധ ഇഷ്ടങ്ങളോടെ വിമർശകൻ നടത്തുന്ന തീർത്ഥയാത്രയാണ് സാഹിത്യ വിമർശനമെന്നും, വിമർശകൻ ആത്മാവിഷ്കാരരതനും സർഗ്ഗാത്മകനുമായി ഭവിക്കുന്നുവെന്നുമുള്ള സിദ്ധാന്തങ്ങൾക്ക് അദ്ദേഹം രൂപം നൽകി. നിഷ്പക്ഷ വിമർശനം എന്നൊന്നില്ലെന്ന് അദ്ദേഹം അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. മനുഷ്യന്റെ അന്തർമണ്ഡലത്തിലെ സാരസർവ്വസ്വമാണ് പക്ഷപാതം.

നമ്മുടെ വിമർശനസങ്കല്പത്തോട് നിരക്കുന്ന വിമർശകനല്ല അദ്ദേഹം പൗരസ്ത്യ പണ്ഡിതന് എത്തിച്ചേരാമെന്ന് നാം ഉദാരമായി സമ്മതിച്ചു കൊടുത്തിട്ടുള്ള സാഹിത്യപദവിയുടെ സങ്കല്പഭിത്തികളെയൊക്കെ അദ്ദേഹം തകർത്ത് വിട്ടിരിക്കുന്നു. "ഒരു കൃതി എത്രമഹത്തായ ആശയം ഉൾക്കൊള്ളുന്നതാ യാലും ശരി, പദരചനയിൽ തുടങ്ങി സമഗ്ര രൂപഘടന യോളമെത്തുന്ന ശില്പസൗകുമാര്യമില്ലെങ്കിൽ അതിനെ കലാ സൃഷ്ടിയായി കണക്കാക്കുവാൻ സാധ്യമല്ല. പുരോഗമന സാഹിത്യകാരന്മാരുമായി മാരാർ പൂർണ്ണമായി തെറ്റിപ്പിരിയുന്നത് ഈ അംശത്തിലാണ്. സൗന്ദര്യശില്പമായിരിക്കുക എന്നതാണ് മാരാരെ സംബന്ധിച്ചിടത്തോളം കലയുടെ ആദ്യത്തേതും അവസാനത്തേതുമായ സ്വഭാവം."[16] സാഹിത്യകല ഹൃദയ സംസ്ക്കാരത്തെ ലക്ഷ്യമാക്കുന്ന ഒരു വിദ്യയെന്നാണ് മാരാർ വാദിക്കുന്നത്.

മലയാള നിരൂപണത്തിന് സംസ്കൃത സാഹിത്യത്തിന്റെ ആത്മ

ചൈതന്യം പകർന്ന് നൽകുകയാണ് കുട്ടികൃഷ്ണമാരാർ ചെയ്തത്. നിരൂപണം പക്ഷപാതപരമാണ് എന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. 'സാഹിത്യ ഭൂഷണം' എന്ന കൃതി മാരാരുടെ സ്വതന്ത്ര പ്രവണതയെ മാത്രമല്ല അത് തെളിയിച്ചു കാട്ടിയത്; അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ആഴത്തിൽ കിടക്കുന്ന ശാസ്ത്രീയതത്വത്തേയും അത് തുല്യഭംഗിയിൽ വെളിപ്പെടുത്തി. "മഹാക്കവികൾ ഇന്ത്യയിൽ നൂറ്റാണ്ടുകളായി പരത്തിക്കൊണ്ടിരുന്ന നാട്ടുവെളിച്ചത്തിലൂടെ കടന്നുപോകുന്ന ഏത് കാവ്യപാഠനും മാരാർക്ക് അഭിമതനാണ്. ഉണ്ണായിയും ആശാനും മറ്റും മാരാരുടെ സ്നേഹപൂർണ്ണമായ അവലോകനത്തിന് പാത്രമായത് അതുകൊണ്ടത്രെ. ആ നാട്ടുവെളിച്ചം സാഹിത്യത്തിലെ ശാശ്വത മൂല്യത്തിന്റെ വെളിച്ചമാണെന്നാണ് മാരാർ കരുതുന്നത്."[17] സാഹിത്യത്തിന് സാഹിത്യമാവുക എന്നതിൽ കവിഞ്ഞ് യാതൊരു ഉദ്ദേശ്യവുമില്ലെന്ന അടിസ്ഥാനത്തിൽ 'കല കലയ്ക്കുവേണ്ടി' എന്ന മാരാരുടെ പ്രസ്ഥാവം, മലയാള സാഹിത്യത്തിൽ ഏറെ ചിന്തകൾക്കും വാദകോലാഹലങ്ങൾക്കും ഇടയായി. മലയാള നിരൂപണ സാഹിത്യത്തിന്റെ പുരോഗമനത്തിന് ഇത് ഏറെവഴിതെളിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു വിമർശനപദ്ധതിയോട് പൂർണ്ണമായും ചേർന്ന് നിന്നുകൊണ്ട് മാരാർ വിമർശനം നടത്തുന്നില്ല. തന്റെ ചിന്തകളെ സർഗ്ഗാത്മക ശൈലിയിൽ അവതരിപ്പിച്ച മാരാർ മലയാളനിരൂപണസാഹിത്യത്തിലെ ഏകാന്ത പഥികനാണ്.

**കുറ്റിപ്പുഴകൃഷ്ണപിള്ള**

യുക്തിവാദിയായ നിരൂപകൻ എന്ന നിലയിലാണ് കുറ്റിപ്പുഴ ശ്രദ്ധേയനായത്. ഒരേ സമയം ദാർശനികനും സാമൂഹ്യ വിപ്ലവകാരിയുമായിരുന്നു. വ്യക്തിത്വത്തിലെ ഈ സ്വഭാവം അദ്ദേഹത്തിന്റെ സാഹിത്യ ദർശനങ്ങളിൽ പ്രകടമായ സ്വാധീനം ചെലുത്തിയിരുന്നു. സാഹിത്യകലാ വിമർശനം കുറ്റിപ്പുഴയുടെ വിചാര ജീവിതത്തിന്റെ ഒരു പ്രധാനഭാഗമായിരുന്നു. "ഒരു സാഹിത്യ വിമർശകനോ ജീവിതവിമർശകനോ കുറ്റിപ്പുഴ കൃഷ്ണപിള്ള എന്നൊരു ചോദ്യം, ആദ്യമേയുണ്ടാകാം. ആദ്യമായി ജീവിതവിമർശകൻ തന്നെയാണദ്ദേഹം. പിന്നീടേ സാഹിത്യ വിമർശകനാകുന്നുള്ളൂ. എങ്കിലും മുണ്ടശ്ശേരിയെപ്പോലെയോ മാരാരെപ്പോലയോ സാഹിത്യ രംഗത്ത് ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒരാളായിരുന്നില്ല അദ്ദേഹം. കുറ്റിപ്പുഴക്ക് ജീർണ്ണ ജർജ്ജരമായ ജീവിത നീതികളെ തിരുത്തിക്കുറിക്കുക എന്നുള്ളതായിരുന്നു ആയുർലക്ഷ്യം. മലയാള വിമർശന രംഗത്ത്, പരിവർത്തന ദശകങ്ങളായ നാല്പതുകളിലും അമ്പതുകളിലും അദ്ദേഹം പയറ്റി. തനതായ ഒരു സാഹിത്യ വീക്ഷണവും ജീവിത വീക്ഷണത്തോടൊപ്പം അദ്ദേഹം നേടിയെടുത്തു."[18] ഏത് സാഹിത്യ കൃതിയുടേയും അന്തർലോകത്തിലേക്ക് അനായാസം അദ്ദേഹം കടന്നു ചെല്ലും. കഥയോ, നോവലോ, വിചാര പ്രബന്ധങ്ങളോ ഏതുമാകട്ടെ തനിക്ക് അനുഭവപ്പെട്ട ആ അന്തർലോകത്തെ

അനുവാചകർക്ക് വിവരിച്ചുകൊടുക്കും. മുണ്ടശ്ശേരിയെപ്പോലെ ഒരു വിഗ്രഹഭഞ്ജകന്റെ നിലയിലല്ല. അത്യന്തം സമസ്വച്ഛമായിട്ടേ ഒരഭിപ്രായം അദ്ദേഹം രൂപീകരിക്കൂ. പക്ഷപാതമില്ല, വസ്തുനിഷ്ടത പാലിക്കണം നിരൂപകൻ എന്നദ്ദേഹം നിർദ്ദേശിച്ചു. ഈ വസ്തുനിഷ്ഠതയെ തന്നെയാണ് കുറ്റിപ്പുഴ നിഷ്പക്ഷത എന്ന് വിളിക്കുന്നത്.

വിജ്ഞാനത്തിന്റെ വികാരവത്ക്കരണമാണ് സാഹിത്യത്തിൽ നടക്കുന്നതെന്ന് പറയുന്ന കുറ്റിപ്പുഴ, കവിത വികാരമാത്ര പ്രധാനമാണ് എന്ന വാദത്തെ നിഷേധിക്കുന്നു. ഒരു സാഹിത്യസൃഷ്ടി സൗന്ദര്യ ശില്പമായിരിക്കണമെന്നും, സഹൃദയത്വമുണ്ടായിരിക്കണമെന്നും അദ്ദേഹം നിഷ്കർഷിച്ചു. ആശാനിലെ സാമൂഹ്യ വിപ്ലവകാരിയെയല്ല ദാർശനിക കവിയെയാണ് കുറ്റിപ്പുഴ കണ്ടത്. 'ഉത്തര രാമചരിത'ത്തെ മറ്റെല്ലാവരും പ്രകീർത്തിച്ചപ്പോൾ, ബാലിശമായ ഒരു കൃതിയായാണ് അദ്ദേഹം കണ്ടത്. നാലപ്പാടന്റെ 'പാവങ്ങ'ളുടെ തർജ്ജിമയിൽ, കുറ്റിപ്പുഴ വിപ്ലവാത്മകത ദർശിച്ചു. മാനവ ജീവിത്തിലേക്കായിരുന്നു അദ്ദേഹത്തിന്റെ നേട്ടം അവിടെ വിചാര വികാരങ്ങൾക്ക് സമപ്രാധാന്യം കൊടുക്കുകയാണ് അദ്ദേഹം ചെയ്തത്. സാഹിത്യത്തിൽ ആശയപ്രചാരണത്തിന് സാഹിതീയമായ നിയന്ത്രണം ഉണ്ടെന്നും വേണമെന്നും അദ്ദേഹം ഉറച്ച് വിശ്വസിച്ചു.

"സാഹിത്യചിന്തകളിൽ മഹിമഭട്ടന്റെ മാർഗ്ഗചാരിയാണ് മാരാർ എന്ന് നമുക്കറിയാം. സാഹിത്യ സിദ്ധാന്തങ്ങളിലെ ജഡനിശ്ചലമായ ഐകസ്വരത്തെയാണ് അദ്ദേഹം അടിമുടി എതിർക്കുന്നത്. എത്രവലിയ സാഹിത്യ തത്ത്വവുമായി കൊള്ളട്ടെ, ഒന്നുടച്ചു നോക്കിയിട്ടേ മാരാർ അംഗീകരിക്കയുള്ളൂ അത്. മാക്സിം ഗോർക്കിയുടെ വംശക്കാരനാണ് മുണ്ടശ്ശേരി. എന്തെഴുതിയാലും അതിൽ കാണണം മനുഷ്യജീവിതം. പ്രതിപാദനം വ്യംഗ്യകോടിയിലേക്കടുക്കുന്തോറും കാലതത്ത്വം അതിനേറും എന്ന അഭിപ്രായം അദ്ദേഹത്തിനുണ്ട്. സാഹിത്യത്തിലെ സിദ്ധാന്ത വിചാരങ്ങളെ മുണ്ടശ്ശേരി പ്രധാനമായും എതിർത്തത് സാഹിത്യോപസ്കൃതമായ ജീവിതത്തിന്റെ സ്വഭാവത്തെയാണ്. കുറ്റിപ്പുഴയാകട്ടെ ഇവർ രണ്ട് പേരെപ്പോലെയും പൂർവ്വ സൂരി സമ്മതമായ ഒരു സാഹിത്യ സൃഷ്ടിയുടെ അംഗാംഗികളെ വേർതിരിച്ചെടുത്ത് മൂല്യനിർണ്ണയം ചെയ്യാൻ കുറ്റിപ്പുഴക്ക് സാധിക്കുന്നു. പഴയ പ്രമാണങ്ങളെ തന്നെ ഇതിനദ്ദേഹം ശരണീകരിക്കുകയും ചെയ്യുന്നു. ഭാരതീയ നിരൂപണ സമ്പ്രദായമാണ് അദ്ദേഹത്തിന് കൂടുതലിഷ്ടം. സാഹിത്യ കലയുടെ സമഗ്രഭാവത്തിലാണ് മാരാരുടേയും മുണ്ടശ്ശേരിയുടേയും ഊന്നൽ."[19]

മലയാളനിരൂപണ സാഹിത്യത്തിന് സാർവ്വലൗകികമായ കാഴ്ചപ്പാട് നൽകുവാനാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള ശ്രമിച്ചത്. അദ്ദേഹത്തിന്റെ സാഹിത്യാപഗ്രഥനങ്ങൾ ബംഗാളിലേക്കും റഷ്യയിലേക്കുമൊക്കെ വ്യാപരിക്കുന്നത്

കാണാം. ആധുനിക സാഹിത്യത്തിൽ പ്രത്യേകിച്ച് കഥാസാഹിത്യത്തിൽ ദൃശ്യമായ റിയലിസ്റ്റിക് മനോഭാവത്തെ മലയാള സാഹിത്യത്തിനും സ്വീകാര്യമാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ലിയോ ടോൾസ്റ്റോയിയുടെ കലാതത്ത്വങ്ങളെ ഉപജീവിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. ഒരു സാഹിത്യ സൃഷ്ടി സാഹിത്യ സൃഷ്ടിയാകണമെങ്കിൽ ആദ്യമായതൊരു സൗന്ദര്യ ശില്പമായിരിക്കണമെന്ന് ഉറച്ചുവിശ്വസിക്കുകയും തന്റെ പ്രബന്ധങ്ങളിലൂടെ അത് സ്ഥാപിക്കുകയും ചെയ്തു. നിരൂപണത്തിൽ പൊതുവേ മിതവാദിയായ കുറ്റിപ്പുഴ, അധികം ക്ഷോഭിക്കാതെ, വിഗ്രഹഭഞ്ജകനാകാതെ, ഉത്തമ സാഹിത്യ മാതൃകകൾ ചൂണ്ടിക്കാട്ടിത്തരുന്ന ഒരദ്ധ്യാപകനായി മലയാള നിരൂപണ സാഹിത്യത്തിൽ. മലയാള നിരൂപണ സാഹിത്യത്തെ ആധുനിക പ്രവണതകളിലേക്ക് കൈപിടിച്ചുയർത്തിയ ഈ അഞ്ച് നിരൂപക പ്രതിഭകളാണ്, മലയാള സാഹിത്യത്തേയും വിമർശനത്തേയും ദാർശനികതയുടെ ഉയരങ്ങളിൽ പ്രതിഷ്ഠിച്ചതും.

## ദാർശനികമാനം

പാശ്ചാത്യപൗരസ്ത്യ സാഹിത്യദർശനങ്ങളുടെ സമന്വയത്തിലൂടെയാണ് മലയാള നിരൂപണത്തിന് ഒരു ദാർശനികമാനം രൂപപ്പെടുന്നത്. മനുഷ്യ ജീവിത്തെ അപഗ്രഥിക്കാൻ പുറപ്പെടുന്ന എഴുത്തുകാരൻ, കാലവും ദേശവും സാമൂഹിക സാംകാരിക മാറ്റങ്ങളും ജീവിതങ്ങളെ മാറ്റി മറിക്കുമ്പോൾ, അവന്റെ സർഗ്ഗ സൃഷ്ടികളിലും അതിന്റെ പ്രതിഫലനവും സ്വാധീനവും ഉണ്ടാകുക സ്വാഭാവികമാണ്. നിരൂപകൻ ജീവിത പ്രതിഫലനമായ സാഹിത്യത്തെ അപഗ്രഥിക്കുകയും വിമർശിക്കുകയും വിലയിരുത്തുകയും ചെയ്യുമ്പോൾ, അതിനനുരൂപമായ അല്ലെങ്കിൽ അതിലുമുയർന്ന കാഴ്ചപ്പാടുകൾ സ്വീകരിച്ചേക്കാം. ഇവിടെ നിരൂപകന് ഒരു ആദർശതലം അഥവാ സൈദ്ധാന്തിക തലം - ദാർശനിക മാനം രൂപപ്പെടുന്നത് കാണാം. ഉയർന്ന ജീവിതചിന്തയും ഉദാത്തമായ ലോക വീക്ഷണവുമാണ് ഇതിനവലംബം.

സാഹിത്യകൃതിയുടെ സൗന്ദര്യധർമ്മങ്ങളേയും ആദർശ സംസ്കാരാദി ധർമ്മങ്ങളേയും തുറന്നു കാട്ടുവാൻ തുടങ്ങിയപ്പോഴാണ് മലയാള നിരൂപണ സാഹിത്യത്തിന് ദാർശനികമായ സ്വഭാവ വിശേഷണങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. സിദ്ധാന്തപരമായ ഒരു പ്രകമ്പനം നമ്മുടെ വിമർശന ചിന്തയിൽ ഉളവാക്കിയത് പ്രാസവാദമാണ്. നളിനിയുടെ അവതാരികയിലൂടെ പുതിയ വിമർശന പ്രസ്ഥാനത്തിനും ജന്മംകൊണ്ടു. പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളുടെ സമ്മേളനമാണ് ഏ.ആറിലൂടെ ഇവിട ഉദയം ചെയ്തത്. ബനഡിക്റ്റോ ക്രോച്ചയുടെ സാഹിത്യ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ സാഹിത്യ കൃതികളെ വിലയിരുത്തിയത് സാഹിത്യ പഞ്ചാനൻ പി.കെ. നാരായണ പിള്ളയാണ്. കവിതയുടെ പ്രശാന്തമായ വിചാരദശയെക്കുറിച്ചുള്ള ക്രോച്ചയുടെ

അന്തർജ്ഞാനസിദ്ധാന്തത്തെ അദ്ദേഹം സ്വീകരിച്ചു. രസസിദ്ധാന്തമായിരുന്നു സി.പി. അച്യുതമേനോന്റെ സാഹിത്യവിചാരത്തിന്റെ അടിത്തറ.

പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ പാശ്ചാത്യ നാഗരികത പ്രകൃതി സാമൂഹ്യ ശാസ്ത്രങ്ങളിൽ നേടിയ പുരോഗതിയും തത്ത്വചിന്തയിലും ചരിത്ര പഠനത്തിലും ഉദ്ഘാടനം ചെയ്ത പുതിയ മാർഗ്ഗങ്ങളുമാണ് കേസരി ബാലകൃഷ്ണപിള്ളയുടെ ജീവിത, സാഹിതീയ വീക്ഷണങ്ങളെ മൗലികമായി രൂപപ്പെടുത്തിയത്. സമുദായത്തിൽ മാറിമാറി വരുന്ന വിശ്വാസങ്ങളനുസരിച്ച് സാഹിത്യകാരനിലും വീക്ഷണ കോടികൾ മാറി മാറി വരും. ഈ മാറ്റമനുസരിച്ചാണ് സാഹിത്യത്തിൽ പ്രസ്ഥാനങ്ങളുണ്ടാകുന്നത്. അങ്ങനെ ക്ലാസിസത്തിൽ നിന്ന് റൊമാന്റിസിസത്തിലേക്കും അവിടെ നിന്ന് റിയലിസം, സർ റിയലിസം, ഫ്യൂച്ചറിസം, പ്രോഗ്രസ്സീവിസം എന്നിങ്ങനെ പല പ്രസ്ഥാനങ്ങളിലേക്കും സാഹിത്യാദി കലകൾ വ്യാപിക്കുന്നുവെന്ന് ബാലകൃഷ്ണപിള്ള സിദ്ധാന്തിക്കുന്നു. പഴമകൊല്ലി പ്രസ്ഥാനമായ ഫ്യൂച്ചറിസ്റ്റ് ദർശനത്തിന്റെ പ്രചാരകനായിരുന്നു അദ്ദേഹം. സാഹിത്യ സിദ്ധാന്തങ്ങളിൽ ഫങ്ഷണലിസമാണ് അദ്ദേഹം സ്വീകരിച്ചത്.

നമ്മുടെ കാല്പനിക വിമർശകന്മാരുടെ ഇടയിലുണ്ടായ ഒരു റിയലിസ്റ്റായിരുന്നു എം.പി. പോൾ. പുരോഗമന സാഹിത്യത്തിന്റെ ആധാരം മനുഷ്യന് ഒരു ഭാവിയുണ്ടെന്നുള്ള വിശ്വാസമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സാഹിത്യം സോദ്ദേശ്യമായിരിക്കണമെന്ന പക്ഷത്തായിരുന്നു അദ്ദേഹം. എന്നാൽ പ്രചാരണ മാധ്യമം മാത്രമാണ് സാഹിത്യം എന്ന വാദത്തെ ശക്തിയായി എതിർക്കുകയും ചെയ്തു. രൂപത്തെ നിഷേധിക്കുകയല്ല അതിനെ തികച്ചും ഭാവോദ്യോതകമാക്കുകയാണ് പുരോഗമന സാഹിത്യത്തിന്റെ ധർമ്മം എന്നും ഓരോ കലാ സൃഷ്ടിയുടേയും രൂപം സ്വകീയവും അന്യാദൃശ്യവുമാണ്. അത് വസ്ത്രം പോലെ മാറാവുന്ന ഒന്നല്ല, അത് കലയുടെ ശരീരമാണ്; ആഡംബരമല്ല, എന്നായിരുന്നു രൂപത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആദർശം. സാഹിത്യത്തിന്റെ അർത്ഥ പക്ഷത്തിനും ആദർശപക്ഷത്തിനുമാണ് അദ്ദേഹം മുൻതൂക്കം നൽകിയത്. റൊമാന്റിസിസത്തിന്റെ നിലാവല്ല, റിയലിസത്തിന്റെ വെയിലിലാണ് അദ്ദേഹത്തിന്റെ ദർശനം കുടികൊള്ളുന്നത്. കലാ വൈഭവം കലയിൽ നിഷേധിക്കാവതല്ല എന്നദ്ദേഹം നിഷ്ക്കർഷിച്ചു. കലയെക്കുറിച്ച് സാമൂഹ്യ നിഷ്ഠമായ ഒരു വീക്ഷണഗതിയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. കലാകാരന്റെ ആശയ സ്വാതന്ത്ര്യവും പ്രയോഗ സ്വാതന്ത്ര്യവും ഹനിക്കപ്പെടുന്ന ഒരു പ്രസ്ഥാനത്തിനും കൂട്ടുനില്ക്കാൻ അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല.

ഭാരതീയ രസ സിദ്ധാന്തത്തെ റിച്ചാർഡിന്റെ മൂല്യവാദത്തോട് ചേർത്ത് കാട്ടിയതാണ് മുണ്ടശ്ശേരി നൽകിയ സംഭാവന. സാഹിത്യ രസം എന്നത് വെറും ആനന്ദമല്ലെന്നും സാഹിത്യത്തിന്റെ ലക്ഷ്യ സാഫല്യത്തിന് ജ്ഞാപകമായ ഒരു

മനോവികാസം മാത്രമാണെന്നും ലക്ഷ്യം സംസ്കാരോത്തേജനം തന്നെയാണെന്നുമാണ് റിച്ചാർഡ്സിന്റെ സിദ്ധാന്തം. "ഫോർമലിസത്തിന്റെയോ രൂപാർഭാടത്തിന്റേയോ കൂട്ടിൽ കഴിഞ്ഞിരുന്ന സാഹിത്യ കലയെ അതിന്റെ ജീവ നാഡികളായ ധ്വനി, രസം, ഏകാഗ്രത, ഔചിത്യം, ജീവിത ചിന്ത തുടങ്ങിയ അതി പ്രധാന ഭാഗങ്ങളിലേക്ക് തിരിച്ച് വിട്ട് കലാസ്വാദനത്തെ ഉപരിപ്ലവത്വത്തിൽ നിന്നും വിടർത്തി കൊണ്ടുവരുകയായിരുന്നു"[20] മുണ്ടശ്ശേരി ചെയ്തത്. സ്വന്തമായി ഒരു കലാ തത്ത്വദർശനം അവതരിപ്പിക്കതന്നെ ചെയ്തു. ഭിന്നസാഹചര്യങ്ങളിൽ രൂപപ്പെട്ട കലാസിദ്ധാന്തങ്ങളായിട്ടാണ് പാശ്ചാത്യപൗരസ്ത്യസാഹിത്യ സിദ്ധാന്തങ്ങൾ എണ്ണപ്പെട്ടതെങ്കിലും അവക്ക് തമ്മിൽ സാരാംശത്തിൽ വലിയ അന്തരമില്ലെന്ന് മുണ്ടശ്ശേരി കണ്ടു. "രസവിചാരത്തിലെ സാധാരണീകരണ തത്ത്വവുമായി അരിസ്റ്റോട്ടിലിന്റെ കഥാർസിസ്സിനെ ബന്ധപ്പെടുത്തിയാണ് പാശ്ചാത്യ പൗരസ്ത്യ സാഹിത്യ സിദ്ധാന്ത സമന്വയം വഴി മുണ്ടശ്ശേരി ചെയ്ത മറ്റൊരു കാര്യം."[21] ഭാവോദ്ഭിന്നമായിരിക്കണം രൂപമെന്ന കലാതത്ത്വമായിരുന്നു രൂപഭദ്രതാവാദത്തി നവലംബം. അപ്പോലറ്റ് ടെയ്നിന്റേയും കാറൽ മാർക്സിന്റേയും സാമൂഹ്യ ശാസ്ത്ര സിദ്ധാന്തങ്ങളും മുണ്ടശ്ശേരിയെ സ്വാധീനിച്ചവയാണ്. ആംഗല സാഹിത്യത്തിൽ മാത്യു അർനോൽഡിനുള്ള സ്ഥാനമാണ് മലയാള സാഹിത്യത്തിൽ മുണ്ടശ്ശേരിക്കുള്ളത്. ജീവിത വിമർശനമാണ് സാഹിത്യമെന്ന് രണ്ട് പേരും ആവർത്തിച്ചാവർത്തിച്ച് സിദ്ധാന്തിച്ചു.

ഏത് നല്ല നിരൂപകനും - അഥവാ ഏത് നല്ല മനുഷ്യനും - പക്ഷപാതം വേണമെന്ന ആദർശമാണ് മാരാരുടേത്. മനുഷ്യ ജീവിതത്തിൽ എക്കാലവും നിലനിൽക്കുന്ന ചില മൂല്യങ്ങളുണ്ടെന്നും എഴുത്തുകാരന്റെ ശ്രദ്ധ അതിൽ മാത്രമായിരിക്കണമെന്നുമുള്ള സന്ദേശമാണ് മാരാർ നൽകിയത്. "സാഹിത്യത്തിനു മാത്രം തനതായ ശാശ്വതമൂല്യം എന്നൊന്നില്ലെന്നും ജീവിതത്തിന്റെ ശാശ്വതമൂല്യം തന്നെയാണ് സാഹിത്യത്തിനും ജീവദായക മായിരിക്കുന്നതെന്നും അദ്ദേഹം പ്രഖ്യാപിക്കുന്നു. അങ്ങനെ സാഹിത്യം - കല - അദ്ദേഹത്തിന് ജീവിതം തന്നെ. ആധുനിക ചിന്തയുടെ ഏറ്റവും സജീവമായ മുഖം മാരാരുടെ ഈ കലാ വീക്ഷണത്തിൽ പ്രതിഫലിക്കുന്നുണ്ട്."[22] സാഹിത്യനിരൂപണത്തെ സ്വന്തം ചിന്തയുടെ പ്രധാന ഭാഗമാക്കുകയും സംവിധാന ഭംഗിയാണ് കല എന്ന സിദ്ധാന്തം മുഴക്കത്തോടെ അവതരിപ്പിക്കുകയും ചെയ്തു. ജീവിതം നൽകുന്ന യാതനകളുടേയും വിഷമാവസ്ഥയുടേയും മുമ്പിൽ മനുഷ്യൻ സ്വയം നഷ്ടപ്പെട്ടവനായി തീരുമെന്നും ഈ വിഷമാവസ്ഥയുടെ മുമ്പിൽ സകല ആധ്യാത്മികോപദേശങ്ങളും പരാജയപ്പെടുമെന്നും മാരാർ വിശ്വസിച്ചിരുന്നു. രസാത്മാവിനെ പ്രാപിക്കുവാൻ അനന്യമനസ്കനായി, ത്രിവിധകാരണങ്ങളുടെ സംയുക്ത ശക്തിയോടെ, സ്വന്തം ഹൃദയത്തിന്റേയും, പാണ്ഡിത്യത്തിന്റേയും

യുക്തിബോധത്തിന്റേയും ത്രിവർണ്ണ രശ്മികൾ ചിതറുന്ന വിമർശന പ്രകാശത്തിലാണ് അദ്ദേഹത്തിന്റെ സഞ്ചാരം. സാഹിത്യമർമ്മ ചിന്തയാണ് പിൽക്കാലത്ത് പക്ഷപാതവിമർശന സിദ്ധാന്തമായി രൂപപ്പെട്ടത്. കവിതാ പഠനത്തിൽ നിന്ന് ആത്യന്തികമായി നമുക്ക് ലഭിക്കേണ്ടത് മനഃസംസ്കരണ മാണെന്നും, ഈ മനഃസംസ്കരണം വിദ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുമുള്ള ചിന്ത; സാഹിത്യം വിദ്യയാണെന്ന വാദത്തിൽ കലാശിച്ചു. വിമർശകന്റെ സൗന്ദര്യ പക്ഷപാതമാണ് വിമർശനമായി രൂപംകൊള്ളുന്നത്. ആവിഷ്കാരം വ്യക്തിഗതമാണ്. വ്യക്തിയുടെ പ്രതിഭയിൽ ചെന്നുമുട്ടി തിരിച്ചുവരുന്ന സർഗ്ഗാത്മക പ്രതികരണങ്ങളാണ് ആത്മാവിഷ്ക്കാര പ്രധാനമായ സാഹിത്യവിമർശനം എന്ന് സിദ്ധാന്തിച്ചു.

സാഹിത്യത്തിലെ ആശയപക്ഷത്താണ്, അഥവാ അർത്ഥപക്ഷത്താണ് കുറ്റിപ്പുഴയുടെ നില. ഭാവപക്ഷത്തല്ല മാരാരെപ്പോലെ, മുണ്ടശ്ശേരിയെപ്പോലെ ജീവിതപക്ഷത്തുമല്ല. വ്യക്തത, ആത്മാർത്ഥത, വ്യക്തിത്വം എന്നീ സവിശേഷ ഗുണങ്ങളാണ് ഒരു കലാ സൃഷ്ടിയെ ഒന്നാം കിടിയിലേക്കുയർത്തുന്നത് എന്ന് ടോൾസ്റ്റോയിയെപ്പോലെ കുറ്റിപ്പുഴയും വിശ്വസിച്ചിരുന്നു. ഈ സാഹിത്യ ദർശനങ്ങൾ അദ്ദേഹത്തിന്റെ രചനകളിൽ പ്രായോഗികമാക്കുകയും ചെയ്തു. കുറ്റിപ്പുഴ വേദാന്തിയായിരുന്നപ്പോൾ സാഹിത്യകാരൻ വേദാന്തികയാകണമെന്ന് പറഞ്ഞെങ്കിൽ, അദ്ദേഹം യുക്തിവാദിയായി മാറിയപ്പോൾ നഗ്നമായ ജീവിത സത്യമാണ് സാഹിത്യത്തിന്റെ പ്രതിപാദ്യം എന്ന് പ്രഖ്യാപിച്ചു. രസ്യമാനനതയും അനന്യപരതന്ത്രതയുമാണ് സാഹിത്യത്തിന്റെ മൗലിക തത്വങ്ങളെന്ന് പൂർവ്വാചാര്യന്മാരുടെ ശൈലിയിൽ അദ്ദേഹം സിദ്ധാന്തിച്ചു. സാഹിത്യവും ഒരുതരം വിജ്ഞാനരൂപമാണ് എന്ന പ്രബലമായ ഒരു വാദഗതി സാഹിത്യ തത്ത്വവിചാരത്തിന്റെ മേഖലയിലുണ്ട്. ആശയ പ്രബോധകനായ കുറ്റിപ്പുഴക്ക് ഈ സാഹിത്യ വീക്ഷണവുമായി എളുപ്പത്തിൽ ഇണങ്ങിച്ചേരുവാൻ കഴിയുമായിരുന്നു. വിമർശനത്തിൽ ശാസ്ത്രീയ മനോഭാവത്തിന്റേയും പൊതുവിജ്ഞാനത്തിന്റേയും പ്രാധാന്യം അദ്ദേഹം എടുത്തു പറയുന്നുണ്ട്. നൂതന ചിന്താധാരകളുടെ അതി പ്രസാരണത്തിൽ ഒലിച്ചു പോകാത്ത ഒരു സാഹിത്യ തത്ത്വാധിഷ്ഠാനത്തിന്റെ ഉടമയാണദ്ദേഹം.

മലയാള നിരൂപണത്തെ പ്രകാശമാനമാക്കുന്ന ദർശനങ്ങൾ ഉദാത്തമായ മാനവികതയിൽ നിന്നും ഉയിർകൊള്ളുന്ന തത്ത്വചിന്തകളാണ്. സാമൂഹിക ശാസ്ത്രവും, മനഃശാസ്ത്രവും, രാഷ്ട്രതന്ത്രവും, നരവംശ ശാസ്ത്രവും, മാർക്സിസവും, മാനവികതാവാദവും, ശാസ്ത്രവും, പുരോഗമനവാദവും, സൗന്ദര്യ ശാസ്ത്രവും ഇതര വൈജ്ഞാനിക സ്രോതസ്സുകളുമെല്ലാം മലയാള നിരൂപണത്തിന് പുത്തൻ ദാർശനികമാനം രൂപപ്പെടുത്തുന്നതിൽ പ്രത്യക്ഷവും

പരോക്ഷവുമായ പങ്ക് വഹിച്ചതായി കാണാം.

## അടിക്കുറിപ്പുകൾ

1. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, കറന്റ് ബുക്സ്, കോട്ടയം, 1996, പു.52
2. എം. എസ്. മേനോൻ, നിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശൂർ, 1968, പു.20
3. കെ. ദാമോരൻ, സാഹിത്യനിരൂപണം, സി.ഐ.സി.സി. ബുക്ക് ഹൗസ്, എറണാകുളം, 1963, പു.95
4. സുകുമാർ അഴീക്കോട്, മലയാള സാഹിത്യ വിമർശനം, കറന്റ് ബുക്സ്, കോട്ടയം, 1996, പു.24–25
5. ഡോ.പി.വി.വേലായുധ പിള്ള, മലയാള സാഹിത്യ വിമർശനം, എൻ.ബി.എസ്., കോട്ടയം, 1981, പു.35
6. പ്രൊഫ. എ.പി.പി. നമ്പൂതിരി, മലയാളത്തിലെ നിരൂപണ സാഹിത്യം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989, പു.75
7. കല്ലട രാമചന്ദ്രൻ, മലയാളത്തിലെ വിമർശനകല, കറന്റ് ബുക്സ്, കോട്ടയം, 1987 പു.72
8. എം. ലീലാവതി, അവതാരിക : (മുണ്ടശ്ശേരിയും മലയാള നിരൂപണവും) കറന്റ് ബുക്സ്, തൃശൂർ, 1994, പു.10
9. കെ.പി.അപ്പൻ, കലഹവും വിശ്വാസവും, ഡി.സി. ബുക്സ്, കോട്ടയം, 1994 പു.115
10. എം.എൻ.വിജയൻ, ചിതയിലെ വെളിച്ചം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1981, പു.64
11. അതേ പുസ്തകം, പു.60
12. സുകുമാർ അഴിക്കോട്, മലയാള സാഹിത്യ വിമർശനം, കറന്റ് ബുക്സ്,

കോട്ടയം, 1996, പു. 196

13. ടി.എം.ചുമ്മാൻ, ചിന്താപഥം, കറന്റ് ബുക്സ്, തൃശൂർ, 1959, പു.66

14. ഡോ.കെ.എം. തോമസ്, മുണ്ടശ്ശേരിയും മലയാള നിരൂപണവും, കറന്റ് ബുക്സ്, തൃശൂർ, 1994, പു.137

15. പ്രൊഫ. എ.പി.പി. നമ്പൂതിരി, മലയാളത്തിലെ നിരൂപണസാഹിത്യം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989, പു. 81

16. കല്ലട രാമചന്ദ്രൻ, പ്രക്ഷോഭവാസനയുടെ പൈതൃകം, കറന്റ് ബുക്സ്, കോട്ടയം, 1985 പു.101

17. സുകുമാർ അഴീക്കോട്, അവതാരിക : (കല ജീവിതം തന്നെ) മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്, 1989, പു.35

18. ഡോ.പി.വി. വേലായുധപിള്ള, മലയാളസാഹിത്യവിമർശനം, എൻ.ബി.എസ്., കോട്ടയം, 1981, പു.68

19. അതേ പുസ്തകം, പു.70

20. എം.എസ്. മേനോൻ, നിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശൂർ, 1968, പു.115

21. ഡോ.കെ.എം.തോമസ്, മുണ്ടശ്ശേരിയും മലയാള നിരൂപണവും, കറന്റ് ബുക്സ്, തൃശൂർ, 1994, പു.68

22. സുകുമാർ അഴീക്കോട്, അവതാരിക : (കല ജീവിതം തന്നെ) മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്, 1989, പു.35

# രണ്ട്

# പാശ്ചാത്യ സിദ്ധാന്തങ്ങൾ
## സാഹിത്യപരവും ദർശനപരവും

# 2

പാശ്ചാത്യ പൗരസ്ത്യ ദർശനങ്ങളുടെ സ്വാധീനം മലയാള നിരൂപണത്തിന്റെ വികാസ പരിണാമ ദശകളിൽ ഉളവാക്കിയ വഴിത്തിരിവ് കഴിഞ്ഞ അദ്ധ്യായത്തിൽ ചർച്ച ചെയ്തു കഴിഞ്ഞു. കുറ്റിപ്പുഴയുടെ നിരൂപണങ്ങളിലും ഈ വഴിത്തിരിവ് ഏറെ പ്രകടമാണ്. പാശ്ചാത്യ സിദ്ധാന്തങ്ങൾ സാഹിത്യപരവും ദർശനപരവുമായി അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിൽ വ്യാപരിക്കുന്നത് കാണാം. പടിഞ്ഞാറ് ഉദയം ചെയ്ത പ്രധാന ചിന്താപദ്ധതികളെയെല്ലാം സ്വതസിദ്ധമായ ശൈലിയിൽ കുറ്റിപ്പുഴ അപഗ്രഥിച്ചിട്ടുണ്ട്. ആയതിനാൽ കുറ്റിപ്പുഴയുടെ രചനാ ലോകത്തിലേക്ക് വെളിച്ചം വീശുന്ന സാഹിത്യപരവും ദർശനപരവുമായ സിദ്ധാന്തങ്ങളെ പരിചയപ്പെടേണ്ടത് അനിവാര്യമായിരിക്കുന്നു.

## സാഹിത്യപരം

'രേഖപ്പെടുത്തിവെച്ച ഉത്തമ ചിന്തകളാണ് സാഹിത്യം' - എന്ന് എമേഴ്സൺ രേഖപ്പെടുത്തിയിരിക്കുന്നു. എന്താണ് സാഹിത്യമെന്ന് ക്ലിപ്തമായി പറയുന്നതിനേക്കാൾ എന്തൊക്കെയാണ് സാഹിത്യം എന്ന് പറയുന്നതാവും ഭേദം. “വസ്തുക്കളേയും നമുക്ക് അവയോടുള്ള ബന്ധത്തേയും കുറിച്ച് അത്ഭുതകരമാം വണ്ണം നൂതനവും സമഗ്രവും ഗാഢവുമായ ബോധമുണർത്തുമാറ് അവയെടുത്ത് പെരുമാറാനുള്ള ശക്തിയുണ്ട് സാഹിത്യത്തിന്”[1] എന്നാണ് മാത്യുആർനോൾഡിന്റെ അഭിപ്രായം. വികാരത്തെ സാഹിത്യത്തിന്റെ മുഖമുദ്രയായി അംഗീകരിക്കുന്നു ചാൾസ്ലാംബ്. ഗണിത ശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയെപ്പോലും സാഹിത്യമായി പരിഗണിക്കുന്നു. പരിമിതമായ ഒരു മാധ്യമത്തെ നിസ്സീമമായ സാദ്ധ്യതകളുടെ പ്രതീകമാക്കി ഉപയോഗിക്കുന്നതാണ് സാഹിത്യകലയെന്ന് ആബർക്രോംബി വിശ്വസിച്ചു. “കല പ്രകാശനമാണ് എന്ന സിദ്ധാന്തത്തെ എല്ലാ പ്രകാശനവും കലയാണ് എന്നതിനോളം വളർത്തുകയാണ് 20-ാം നൂറ്റാണ്ടിലെ മുഖ്യ നിരൂപകനായ ബനഡിറ്റ്ക്രോച്ചേ”[2] കാവ്യത്തിന്റെ ലക്ഷ്യം ആഹ്ലാദിപ്പിക്കലാണെന്നാണ് അധികം സാഹിത്യകാരന്മാരും അഭിപ്രായപ്പെട്ടത്.

എന്നാൽ, ഹീസിയോഡിന്റെ ദൃഷ്ടിയിൽ കാവ്യം ആഹ്ലാദമയം മാത്രമല്ല കാവ്യത്തിന്റെ മുഖ്യലക്ഷ്യം ധർമ്മബോധനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സുന്ദരരൂപങ്ങൾ നിർമ്മിക്കുന്നതിലും ആസ്വദിക്കുന്നതിലും മനുഷ്യ ഹൃദയത്തിന് പ്രത്യേക പ്രീതിയുണ്ട്. ഇങ്ങനെ ഏകസൗന്ദര്യ ദീദൃക്ഷകൊണ്ട്, ഉചിതാംശങ്ങളെ ഉചിതമായി സന്നിവേശിപ്പിച്ച് സാംഗോപാംഗ ഘടനയിൽ സുന്ദരരൂപം നിർമ്മിക്കുമ്പോൾ സർഗ്ഗകർത്താവിന്റെയും അനുവാചകരുടേയും ആത്മാവിഷ്ക്കാരത്തിൽ ഒരംശം സന്തർപ്പണം ചെയ്യപ്പെടുന്നുവെന്ന് [3] സാഹിത്യത്തിന് പിന്നിലെ പ്രേരണയെക്കുറിച്ച് ഹഡ്സൺ പ്രതിപാദിക്കുന്നു.

പാശ്ചാത്യ സാഹിത്യദർശനത്തിന്റെ സൂര്യോദയമുണ്ടാകുന്നത് പ്ലേറ്റോയുടെ കൃതികളിലാണ്. എന്നാൽ പ്ലേറ്റോക്ക് മുമ്പ് യവന സാഹിത്യത്തിൽ തന്നെ അതിന്റെ പ്രഭ കണ്ട് തുടങ്ങിയിരുന്നു. ആദ്യമാദ്യം ദർശനവും സാഹിത്യവും ഭാഷാശാസ്ത്രവുമെല്ലാം കെട്ട് പിണഞ്ഞാണ് കിടന്നിരുന്നത്. ക്രിസ്തുവിന് മുമ്പ് അഞ്ചാം ശതകത്തിൽ കാവ്യമൂല്യത്തെക്കുറിച്ച് അയോണിയൻ ചിന്തകൾക്കിടയിൽ ഒരു വാദം പൊട്ടിപ്പുറപ്പെടുന്നതായി കാണാം. ആറാം ശതകത്തിൽ പൈതഗോറസ് കാവ്യത്തെ പൊതുവേയും ഹോമറിന്റെ കാവ്യത്തെ വിശേഷിച്ചും വിമർശിക്കുന്നുണ്ട്. സെനോഫസും ഹെറാക്ലീറ്റസും കാവ്യത്തിനെതിരെ ആരോപണങ്ങൾ കൊണ്ടുവരുന്നുണ്ട്. കാര്യകാരണ ബന്ധമില്ലാത്ത യാതൊരു പ്രകരണവും സത്യമല്ലെന്ന് അവർ വാദിക്കുന്നു. പ്രേരണ ചെലുത്തുന്നതിന് ഏറ്റവും കരുത്തുറ്റ ഉപാധി ഭാഷയാണെന്ന് യുക്തിവാദികളായ സോഫിസ്റ്റുകൾ വിശ്വസിച്ചിരുന്നു. പ്ലേറ്റോവിന് മുമ്പ് സോഫിസ്റ്റുകളും സാഹിത്യകാരന്മാരും സാഹിത്യാദിക കലകളെക്കുറിച്ച് നിർദ്ധാരണം ചെയ്ത ആശയങ്ങൾ അവഗണിക്കാവുന്നവയല്ല. "കാവ്യം അനുഭൂതിയാണെന്നും അതിന് ധ്വനന ശക്തിയുണ്ടാകണമെന്നും അത് രസിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യണമെന്നും അത് ഉദാത്തമാവണമെന്നുമുള്ള ആശയങ്ങൾക്ക് കാലപ്പഴക്കം ലേശവും കോട്ടം വരുത്തിയിട്ടില്ല."[4]

**പ്ലേറ്റോ**

സാഹിത്യം, പ്രചോദനത്തിന്റെ സൃഷ്ടിയാണ്; അത് ജീവിതത്തിന്റെ അനുകരണമാണ്. അത് മനുഷ്യ വികാരങ്ങളെ ഇളക്കുന്നു. അടിസ്ഥാനപരമായ മൂന്ന് തത്ത്വങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ് സാഹിത്യത്തെ പ്ലേറ്റോ സമീപിക്കുന്നത്. സാഹിത്യം ജീവിതത്തിന്റെ അനുകരണമാണ്. അതായത് ബാഹ്യപ്രപഞ്ചത്തിന്റെ അനുകരണം. യാതൊരനുകരണവും യാഥാർത്ഥ്യത്തോളം വിലപ്പെട്ടതല്ല. അനുകരണമെന്ന പദം കപടസൃഷ്ടി എന്ന അർത്ഥമുൾക്കൊള്ളുന്നു. ഈ ബാഹ്യപ്രപഞ്ചം തന്നെ ആത്യന്തിക സത്യത്തിന്റെ

അനുകരണമാണ്. ഈ അനുകരണത്തിന്റെ അനുകരണമായ സാഹിത്യം സത്യത്തിൽ നിന്ന് രണ്ട് മടങ്ങ് അകന്ന് നിൽക്കുന്നു. ഇങ്ങനെയുള്ള സാഹിത്യം അയഥാർത്ഥമാണ്, അസത്യജടിലമാണ്, അസംബന്ധമാണെന്നും[5] പ്ലേറ്റോ പറഞ്ഞു. ഇന്ദ്രിയങ്ങളുടേയും താഴ്ന്ന തരം വികാരങ്ങളുടേയും സന്തർപ്പണമായിരിക്കരുത് കലയുടെ ലക്ഷ്യമെന്നും അദ്ദേഹം വിശ്വസിച്ചു. അനുകരിക്കേണ്ടത് ബാഹ്യപ്രപഞ്ചത്തെ ആവരുതെന്നും പരമസത്യത്തെ ആവണമെന്നും പ്ലേറ്റോ സൂചിപ്പിച്ചു. പ്രചോദനം കേവലം ഭ്രാന്താകുന്നെങ്കിൽ കലാസൃഷ്ടികൾ വികൃതമാകുമെന്നും അദ്ദേഹം പറഞ്ഞു. ഏതെങ്കിലും ഒരു വസ്തുവിന്റെ സൗന്ദര്യം ആസ്വദിക്കുവാനുള്ള കഴിവ് ക്രമേണ വളർന്ന് പല വസ്തുക്കളുടേയും സൗന്ദര്യം ആസ്വദിക്കാനുള്ള കഴിവായിത്തീരുന്നു. ഒന്നിൽ ഉള്ള സൗന്ദര്യം തന്നെയാണ് മറ്റേതിലുമുള്ളത്. സൗന്ദര്യം ഒന്നേയുള്ളൂ എന്ന ബോധമുണ്ടാകുന്നു.[6]

സാഹിത്യവും വികാരവുമായുള്ള ബന്ധത്തെ ആദ്യമായി ഊന്നിപ്പറഞ്ഞത് പ്ലേറ്റോയാണ്. വൈകാരികമായ അരാജകത്വമുളവാക്കുന്ന സാഹിത്യ സൃഷ്ടികൾ അനർത്ഥകാരികളാണെന്നാണ് അദ്ദേഹത്തിന്റെ വാദം. ട്രാജഡി കരുണവും ഭയവും ഉദ്ദീപിക്കുന്നുവെന്നും കോമഡി പൊരുത്തക്കേടുകളെ അപഹസിക്കുന്നു വെന്നുമുള്ള ധാരണ അരിസ്റ്റോട്ടിലിന് പോലും ലഭിച്ചത് പ്ലേറ്റോയിൽ നിന്നാണ്.[7] പരമമായ സൗന്ദര്യമെന്നൊന്നുണ്ടെന്നും അത് ജ്ഞാനാഭ്യാസനങ്ങളാൽ അറിയുവാൻ കഴിയുമെന്നുമാണ് പ്ലേറ്റോ ഉദ്ബോധിപ്പിക്കുന്നത്. സൗന്ദര്യം കുടികൊള്ളുന്നത് വസ്തുക്കളിലാണ്, അത് കണ്ടെത്തുക എന്നതാണ് സൃഷ്ടിയിലും ആസ്വാദനത്തിലും അന്തർഭവിച്ചിരിക്കുന്ന മാനസിക പ്രക്രിയ എന്ന് പ്ലേറ്റോ വിശ്വസിച്ചു. കുറ്റിപ്പുഴ പ്ലേറ്റോയെ ഒരു ആശയ വാദിയായാണ് കാണുന്നത്. എന്നാൽ സാഹിത്യം വികാരമാത്ര പ്രധാനമാകുന്നതിനെ കുറ്റിപ്പുഴയും അംഗീകരിക്കുന്നില്ല. മറിച്ച് അത് വിചാരപ്രദം കൂടിയായിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു.

**അരിസ്റ്റോട്ടിൽ**

മനുഷ്യയുക്തിയുടെ അപ്രമാദിത്വവും അതുല്യ സ്ഥാനവും സമുൽഘോഷിച്ച അരിസ്റ്റോട്ടിൽ എല്ലാ യുക്തിവാദികളുടേയും ശാസ്ത്രജ്ഞന്മാരുടേയും പിതാവാണ്. ഈശ്വരനെതന്നെ 'ശുദ്ധയുക്തി' യുടെ മൂർത്തിയായിട്ടാണദ്ദേഹം വിഭാവനം ചെയ്തത്. ജ്ഞാന ഗ്രഹണത്തിന് തികച്ചും ശാസ്ത്രീയമായ ഒരു ചിന്താ സമ്പ്രദായം അദ്ദേഹം ആവിഷ്ക്കരിച്ചു. സൂക്ഷ്മമായ നിരീക്ഷണം, പരീക്ഷണം, അതിൽ നിന്നുള്ള നിഗമനം – ഇതാണ് അദ്ദേഹത്തിന്റെ സമ്പ്രദായം. കവിത അനുകരണമാണ് എന്നാൽ അത് സത്യത്തിൽ നിന്ന് അകന്നല്ല, സത്യത്തോട് അടുത്താണ് നിൽക്കുന്നത്. കവിത വികാരങ്ങളെ ഇളക്കുന്നു. എന്നാൽ

അത് വികാരങ്ങളെ അനിയന്ത്രിതമാക്കുകയല്ല, ശുദ്ധീകരിക്കുകയാണ് ചെയ്യുന്നത്. ഒരു വസ്തുവിന്റെ കേവലഛായയല്ല അനുകരണം. ഒരു വസ്തുവിന്റെ വെറുമൊരു പകർപ്പല്ല, പതിപ്പുമല്ല. ജീവിതത്തേയും ബാഹ്യലോകത്തേയുമാണ് കവി അനുകരിക്കുന്നത്.[8] രൂപം എന്ന പദംകൊണ്ട് ബാഹ്യമായ ആകാരത്തെയല്ല, ആകാരം നൽകുന്ന ചൈതന്യ വിശേഷത്തെയാണ് (Shaping force) അരിസ്റ്റോട്ടിൽ വിവക്ഷിക്കുന്നത്. ഈ ചൈതന്യം പദാർത്ഥത്തെ കീഴടക്കുന്നു. പ്രകൃതി ജഡ പദാർത്ഥത്തിന് രൂപം നൽകിക്കൊണ്ട് അന്തിമ ലക്ഷ്യത്തിലേക്ക് അനുക്രമം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വിശ്വസിച്ചു.

മാനവ സ്വഭാവത്തിൽ രൂഢമൂലമായ രണ്ട് കാര്യങ്ങളാണ് കാവ്യ സൃഷ്ടിക്ക് ഹേതുഭൂതമായിരിക്കുന്നത്. ചെറുപ്പം മുതൽക്കേ അനുകരിക്കാനുള്ള വാസന മനുഷ്യരിൽ അന്തർലീനമാണെന്നും, അനുകരണത്തിൽ കൂടിയാണ് ജീവിതത്തിന്റെ പ്രഥമ പാഠങ്ങൾപോലും അവർ പഠിക്കുന്നത്. ഇത്തരം സ്വഭാവവാസനകളിൽ നിന്നാരംഭിച്ച് ആദ്യകാല ശ്രമങ്ങളെ കാലക്രമത്തിലുണ്ടായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കി മനുഷ്യർ തങ്ങളുടെ ദ്രുതകവനങ്ങളിൽ നിന്ന് ക്രമേണ ക്രമേണ യാഥാർത്ഥകാവ്യം നിർമ്മിച്ചുവെന്ന്[9] അരിസ്റ്റോട്ടിൽ സ്ഥാപിക്കുന്നു. കല അമൂർത്തമായ സത്യം കടഞ്ഞെടുത്ത് ബുദ്ധിയെ തർപ്പണം ചെയ്യുകയല്ല മറിച്ച് ഇന്ദ്രിയവേദ്യമായ മൂർത്തരൂപങ്ങളിൽക്കൂടിയാണ് കല സത്യത്തെ ആവിഷ്ക്കരിക്കുന്നത്. വസ്തുനിഷ്ഠമായ സത്യമല്ല, വസ്തു വ്യക്തിക്ക് എങ്ങനെ അനുഭവപ്പെടുന്നുവോ ആ സത്യമാണ് കലയിലെ സത്യം. കലക്ക് യാഥാർത്ഥ്യത്തിൽ നിന്ന് അകൽച്ചയും വ്യത്യാസവുമുണ്ട് എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. "ഇന്ദ്രിയവേദ്യങ്ങളായ സവിശേഷ വസ്തുക്കളിൽക്കൂടി മാത്രമേ സാർവ്വനീന സത്യങ്ങൾ ആവിഷ്ക്കരിക്കാൻ കഴിയൂ. തത്ത്വചിന്തകൻ വിശേഷ വസ്തുക്കളിലുള്ള സാർവ്വ ജനീന സത്യത്തെ വേർതിരിച്ചെടുക്കുന്നു. കവിയാകട്ടെ വിശേഷ വസ്തുക്കളിൽ കൂടി സാർവ്വജനീന സത്യത്തെ അനുകരിക്കുന്നു"[10] വെന്ന് അരിസ്റ്റോട്ടിൽ സ്ഥാപിച്ചു. എന്തായാലും വിജ്ഞാനത്തിന്റെ വികാരവൽക്കരണമാണ് സാഹിത്യത്തിൽ നടക്കുന്നത് എന്ന പക്ഷത്താണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്. പരമമായ സത്യം അദ്ദേഹത്തിന്റെ യുക്തിക്ക് ചേരുന്നുമില്ല.

**ലോംഗിനസ്**

ഉദാത്തതയുടെ അഞ്ച് ഉറവിടങ്ങൾ പ്രതിപാദിച്ചുകൊണ്ടാണ് ലോംഗിനസ് തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്. ഉദാത്തഭാവത്തിന്റെ അഞ്ച് പ്രഭവ സ്ഥാനങ്ങളെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്നു. ഒന്ന്, കവി ഹൃദയത്തിന്റെ ഔൽകൃഷ്ട്യം. ഉൽകൃഷ്ടമായ കവി ഹൃദയത്തിനുമാത്രമേ അത്യുന്നതമായ ഭാവരൂപങ്ങൾ കല്പിക്കാൻ കഴിയൂ. രണ്ട്, അത്യുജ്ജ്വലമായ വികാരത്തിന്റെ കുതിച്ചു

കയറ്റം. ഉജ്ജ്വലമായ വികാരവും ഉദാത്ത കല്പനയും കൂടി ഒന്നിച്ചാണ് പോവുക. ഉൽകൃഷ്ടാലങ്കാരങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഉൽകൃഷ്ട ചിന്തകളാണ് ഉദാത്ത ഭാവത്തിന്റെ മൂന്നാമത്തെ ഹേതു. നാലാമത്തേത്, ഉൽകൃഷ്ടമായ വചോ വിന്യാസമാണ്. മുഗ്ദ്ധഭാവനയിൽ മുങ്ങിയ സ്നിഗ്ദ്ധമായ പദഘടന ഉൽകൃഷ്ട ശൈലിയുളവാക്കുന്നു. അഞ്ചാമത്തെ പ്രഭവസ്ഥാനം സാഹിത്യ സൃഷ്ടിയുടെ ആകെ കൂടിയുള്ള ഗൗരവവും മഹത്വവുമാണ്.[11] അവ്യഖ്യേയമായ ആത്മാഹർഷം, അല്ലെങ്കിൽ ആത്മോത്പതനം ആണ് കവിതയുടെ മൗലിക ധർമ്മമെന്ന് ലോംഗിനസ് വിശ്വസിച്ചു. പ്രേരണശക്തി പരാജയപ്പെടുന്നിടത്ത് ഉദാത്തഭാവം ഉളവാകുന്നത് പദവാക്യ രചനാപാടവം കൊണ്ടൊന്നുമല്ല. ഗംഭീര വിഷയങ്ങൾ വിഭാവനം ചെയ്യുന്നത് കൊണ്ടും മനനം ചെയ്യുന്നതുകൊണ്ടും മാത്രമേ ഉദാത്ത കലാ സൃഷ്ടി രചിക്കാനാകൂ. മഹത്തായ സങ്കല്പം വേണം, തീവ്രമായ വികാരപരതയും ആശയ പ്രകാശന ശക്തിയും കൂടി ഉണ്ടായിരിക്കണമെന്ന് ലോംഗിനസ് പ്രസ്താവിച്ചു.

"ഉചിതമായ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ഉൽകൃഷ്ട വികാരം പോലെ ഉദാത്ത ശൈലിക്ക് നിദാനമായി മറ്റൊന്നില്ല. 'മഹത്തായ ആത്മാവിന്റെ മാറ്റൊലിയാണ് ഉദാത്തം' എന്ന് ലോംഗിനസ് പറയുന്നു. 'ആഴമായി ചിന്തിക്കുന്നവരുടെ മേഖലയാണ് മഹത്തായ ഭാഷ'. വികാരോജ്വലതയില്ലാത്ത ശില്പവും, ശില്പഭദ്രതയില്ലാത്ത കാവ്യവും കലാസുന്ദരമാവുന്നില്ല"[12] എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഭാഷയെക്കുറിച്ച് ചിന്തിക്കുമ്പോൾ പദത്തിന് പ്രത്യക്ഷത്തിലുള്ള അർത്ഥത്തെക്കവിഞ്ഞുള്ള ആലോചനാമൃതത്വ മുണ്ടായിരിക്കണമെന്ന് ലോംഗിനസ് അഭിപ്രായപ്പെടുന്നു. പദങ്ങളുടെ ശക്തിക്കും വൈശിഷ്ട്യത്തിനും നിദാനം ഭാവനയാണെന്ന് അദ്ദേഹം ഉപദർശിച്ചു. ഏത് സാഹിത്യ സൃഷ്ടിയും ഉൽകൃഷ്ടമായിരിക്കണമെന്ന പക്ഷത്ത് തന്നെയാണ് കുറ്റിപ്പുഴയും. ഭാഷ, ശൈലി, ഭാവന എന്നിവക്കും തികഞ്ഞ പ്രാധാന്യം നൽകുന്നുണ്ട്. ഉദാത്തമായ സാഹിത്യസൃഷ്ടികളെ അപ്രകാരം വിലയിരുത്തുവാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

**ദാന്തെ**

മദ്ധ്യയുഗത്തിലെ തേജോഗോളമായിരുന്ന ദാന്തെ മാതൃഭാഷയുടെ ശക്തിയെ വാനോളം പുകഴ്ത്തിയ ചിന്തകനാണ്. സ്വന്തം ഭാഷയിൽ ഏത് ഭാവവും എത്ര അക്ലിഷ്ട സുന്ദരമായി, സ്വാഭാവികമായി, ആവിഷ്ക്കരിക്കാൻ കഴിയുമെന്ന് ദാന്തെ സമർത്ഥിക്കുന്നു. നാട്ട്ഭാഷക്ക് ജീവനും ശക്തിയുമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. കവി തെരഞ്ഞെടുക്കുന്ന പദങ്ങൾ സുഖകരങ്ങളാകണം. അവക്ക് ജീവനും ശക്തിയും ഭംഗിയും സൗന്ദര്യവും ഉണ്ടാകണം. അവക്ക് ഉദാത്ത

ഭാവത്തേയും ഉത്കൃഷ്ടമായ സംഗീതത്തേയും ഉദ്ദീപിപ്പിക്കാൻ കഴിയണം.[13] കവി ജീവിതത്തിൽ നിന്നാർജ്ജിക്കുന്ന ഭാവം രൂപഹീനമായ അസംസ്കൃത പദാർത്ഥം കവിഹൃദയത്തിലെ സർഗ്ഗവ്യാപാരവേളയിൽ സംസ്കൃതവും രൂപ സുഭഗവുമാകുന്നു. കവിഹൃദയത്തിലെ അനുഭൂതി സാധാരണ ജീവിതത്തിലെ വികാരമോ, അതിന് തുല്യമായ വികാരമോ അല്ല, മറിച്ച് സൗന്ദര്യാനുഭൂതിയാണ്. ഈ വിശേഷാനുഭൂതി ഭാഷയിൽകൂടി പ്രകാശിക്കുമ്പോഴേ കവികൃത്യം അവസാനിക്കുന്നുള്ളൂ. കവിത നൈസർഗ്ഗികമായ വികാര പ്രകാശനമല്ലെന്ന് ദാന്തെ സ്ഥാപിക്കുന്നു.

അത്യുത്തമ കാവ്യവിഷയങ്ങൾ ദാന്തെയുടെ ദൃഷ്ടിയിൽ മൂന്നെണ്ണമാണ് – സാലസ്, വീനസ്, വെർച്യൂസ്. സാലസ് എന്നാൽ നാടിന്റെ സുരക്ഷിതത്വം. വിശാലമായ അർത്ഥത്തിൽ എല്ലാ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ വീക്ഷണങ്ങളും. വീനസ് എന്നാൽ പ്രണയം – ആദർശ യോഗ്യമായ പ്രണയം. വെർച്യൂസ് എന്നാൽ നന്മ – ഉൽകൃഷ്ടമായ എന്തും.[14] ഭാഷ അനുപേക്ഷണീയമായ ഉപകരണമാണെങ്കിലും ദാന്തെ ഉപകരണത്തിന് ഉരുവിനെക്കാൾ ഉയർന്ന സ്ഥാനം കല്പിക്കുന്നില്ല. ഭാഷ കൊണ്ടാവിഷ്ക്കരിക്കാനുള്ള അനുഭവം എന്താണോ അതാണ് മുഖ്യം. മഹത്തായ കവിതക്ക് കനവും സാന്ദ്രതയും ഉണ്ടാകണമെന്നും ദാന്തെ വിശ്വസിച്ചു.

**റൊമാന്റിസിസം**

നിയോക്ലാസിസത്തിന്റെ പാറക്കെട്ടുകളെ ശിഥിലമാക്കിക്കൊണ്ട് ഗ്രേ, കോളിൻസ്, കൂപ്പർ, ക്രാമ്പ് മുതലായ കവികളുടെ ലഘുകവിതകൾ റൊമാന്റിക് റിവൈവലിന് തുടക്കം കുറിച്ചു. ജർമ്മനിയിലും, ഫ്രാൻസിലും, ഇംഗ്ലണ്ടിലും ഇതിന്റെ സ്ഫുരണങ്ങൾ വ്യാപിച്ചു. പ്രകൃതിയുടെ നിസ്സർഗ്ഗ സൗന്ദര്യമാണ് സാഹിത്യകാരന്റെ മേഖലയെന്നും കവി സൃഷ്ടാവാണെന്നും സൃഷ്ടി കർമ്മത്തിൽ കവി ഈശ്വര സമാനനാണെന്നും പ്രഖ്യാപിച്ചുകൊണ്ട് ജർമ്മൻ ചിന്തകനായ ഹെർഡൻ റൊമാന്റിസിസത്തിന്റെ ഒന്നാം കിടയിലെത്തിച്ചേർന്നു. 'കവിത ആത്മാവിന്റെ ശബ്ദകോശ' മാണെന്ന് ഹെർഡർ പ്രഖ്യാപിച്ചു. റൊമാന്റിസിസത്തിന്റെ കാഹളം സാഹിത്യത്തിലാണെങ്കിൽ റൂസ്സോ റൊമാന്റിസിസത്തിന്റെ ശംഖൊലി മുഴക്കിയത് സമൂഹ ഹൃദയത്തിലാണ്.

"പ്രകൃതിയിലേക്ക് മടങ്ങുക' എന്നതായിരുന്നു ലോകത്തോട് റൂസ്സോയുടെ സന്ദേശം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങൾക്ക് റൂസ്സോ പ്രഥമ സ്ഥാനം നൽകി. 'മനുഷ്യൻ ജനിക്കുന്നത് സ്വതന്ത്രനായിട്ടാണ്. പക്ഷെ, അവൻ എവിടേയും ചങ്ങലക്കെട്ടുകളിലാണ്' – സമൂഹം സൃഷ്ടിച്ച ചങ്ങലക്കെട്ടുകളാണ് റൂസ്സോ ഉദ്ദേശിച്ചത്."[15] ഷ്ലേഗൻ കാല്പനിക കവിതയെ

അനന്തതയുടെ കവിത എന്ന് വിളിക്കുന്നു. പ്രപഞ്ച സൃഷ്ടിക്ക് പിന്നിലുള്ള രഹസ്യമടക്കം ഇന്ദ്രിയ വേദ്യമായ വസ്തുതകളിൽ ആന്തരികമായിവർത്തിക്കുന്ന ഇന്ദ്രിയാതീതവും ഭാവനമാത്ര സംവേദ്യവുമായ ചൈതന്യം സാക്ഷാത്ക്കരിക്കാനുള്ള തൃഷ്ണ തുടിക്കുന്ന കവിത എന്നാണ് അനന്തതയുടെ കവിത എന്നതുകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നത്. ഉൽക്കടമായ സ്വാതന്ത്ര്യാഭിലാഷം, ആത്മാർത്ഥമായ ആദർശപ്രേമം, കൊഴിഞ്ഞുപോയ സുവർണ്ണയുഗങ്ങൾ തിരിച്ചു വരാനുള്ള ശക്തമായ ആഗ്രഹം, നാഗരികതയുടെ കൃത്രിമത്വത്തോടുള്ള വെറുപ്പ് എന്നിങ്ങനെയുള്ള പല റൊമാന്റിക് ഘടകങ്ങൾക്കും ബീജാവാപം നടത്തിയത് റൂസ്സോയുടെ കൃതികളാണ്. സ്വാതന്ത്രവും ഭാവനാ പൂർണ്ണവുമായ കൃതികളിൽ കുറ്റിപ്പുഴ ആകൃഷ്ടനാണ്. മൗലികമായ രചനകളെ അംഗീകരിക്കുന്ന അദ്ദേഹം മലയാളത്തിലെ കാല്പനിക കവികളായ ആശാന്റേയും ചങ്ങമ്പുഴയുടേയും നവചേതനയെ പ്രോൽസാഹിപ്പിച്ചിരുന്നു.

### വില്ല്യംബ്ലേക്ക്

"ചങ്ങല കെട്ടിലാർന്ന കവിത മനുഷ്യവംശത്തെ ചങ്ങലക്കെട്ടിലാക്കുന്നു. ഓരോ രാഷ്ട്രവും നശിക്കുകയോ വളരുകയോ ചെയ്യുന്നത് അതിന്റെ കവിതയും ചിത്രകലയും നശിക്കുകയോ വളരുകയോ ചെയ്യുന്നതനുസരിച്ചാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ആദ്യത്തെ ഇംഗ്ലീഷ് റൊമാന്റിക് ചിന്തകനായ വില്യം ബ്ലേക്ക് തന്റെ തത്ത്വചിന്ത അവതരിപ്പിക്കുന്നത്. സാഹിത്യാദി കലകൾ സമ്പൂർണ്ണമായും സ്വതന്ത്രവുമായിരിക്കണമെന്ന് ബ്ലേക്ക് വാദിച്ചു. സ്വച്ഛമായ കാവ്യ നിർമ്മാണം തടസ്സപ്പെടുത്തുന്ന നിയമങ്ങളെല്ലാം അലറുന്ന തീച്ചുളയിൽ എറിയണം. ശക്തിയുള്ള കവിക്ക് മാതൃകകൾ ആവശ്യമില്ല."[16] യുക്തിയോ വിവേചന ശക്തിയോ അല്ല, ഭാവനയും വികാരവുമാണ് കാവ്യ സൃഷ്ടിക്ക് നിദാനമെന്ന് ബ്ലേക്ക് വിശ്വസിച്ചു. ഒരു യുഗവും മറ്റൊരു യുഗത്തെക്കാൾ മെച്ചമാണെന്ന് പറയാൻ കഴിയില്ല. പ്രതിഭാശാലികൾ യുഗങ്ങൾക്കതീതമായിരിക്കും. കവികൾ ഭാവനാ കുബേരന്മാരാണ്. കവിത നിത്യ സത്യത്തിന്റെ നിദർശനമാണെന്നും അദ്ദേഹം വാദിച്ചു. എന്നാൽ കവിത കേവലം വൈയക്തികമാണ് എന്ന റൊമാന്റിക് വാദത്തോട് ബ്ലേക്ക് അപ്പാടെ യോജിക്കുന്നില്ല.

### വില്ല്യം വേഡ്സ്വർത്ത്

'ശക്തിയേറിയ വികാരങ്ങളുടെ അനർഗ്ഗളമായബഹിർഗ്ഗമന' മെന്നാണ് കാവ്യത്തെ വേഡ്സ് വർത്ത് നിർവ്വചിക്കുന്നത്. വികാര പ്രധാനമല്ലാത്ത കാവ്യം കാവ്യമാകുന്നില്ല എന്നും ആവിഷ്ക്കരിക്കുന്ന വികാരം ശക്തമല്ലെങ്കിൽ കവിത നിർജ്ജീവമാകുമെന്നും കാവ്യരചന അക്ലിഷ്ടവും അകൃത്രിമവും ആകണമെന്നും അനർഗ്ഗളമായ വികാരപ്രവാഹം യാന്ത്രിക നിയമങ്ങളെ അനുസരിക്കുന്നില്ലെന്നും

അദ്ദേഹം പ്രസ്താവിക്കുന്നു.' പരിശാന്തിയിൽ അനുസ്മരിക്കപ്പെടുന്ന വികാരത്തിൽ നിന്ന് കവിത ഉൽഭവിക്കുന്നു'[17] - എന്ന വേഡ്സ് വർത്തിന്റെ സൂക്തം ആലോചനാമൃതമാണ്. സർവ്വവിജ്ഞാനത്തിന്റേയും പ്രാണവായുവും സൂക്ഷ്മതരമായ ചേതനയുമാണ് കാവ്യം. എല്ലാ ശാസ്ത്രത്തിലും പ്രതിബിംബിക്കുന്ന വികാരതീവ്രമായ ആവിഷ്ക്കാരമാണത്. മനുഷ്യ ഹൃദയത്തെപ്പോലെ കാവ്യവും അനശ്വരമാണ്. മനുഷ്യ ഹൃദയത്തിലെ സാർവ്വലൗകിക വികാരങ്ങളെ അത് ഉണർത്തുകയും ഉദാത്തമാക്കുകയും ചെയ്യുന്നു.[18] 'പരമമായ ശക്തിക്കും ഏറ്റം തെളിഞ്ഞ അന്തർദർശനത്തിനും മനസ്സിന്റെ വ്യാപ്തിക്കുമുള്ള പേരാണ് ഭാവന' യെന്ന് ഇതര റൊമാന്റിക് കവികളെപ്പോലെ വേഡ്സ്വർത്തും വിശ്വസിച്ചിരുന്നു.

കാവ്യകലയുടെ മുഖ്യധർമ്മം ആനന്ദദായകത്വമാണെന്ന അഭിപ്രായമാണ് വേഡ്സ് വർത്തിനുള്ളത്. കാവ്യവസ്തുവിന് ഭാവനയുടെ നിറം പിടിപ്പിച്ച അസാധാരണത്വം നൽകണമെന്നും വ്യവവഹാര ഭാഷയിൽ നിന്നും തെരഞ്ഞെടുത്ത ഭാഷ വേണം ഉപയോഗിക്കേണ്ടതെന്നുമാണ് അദ്ദേഹത്തിന്റെ വാദം. അരോചകമായ കൃത്രിമത്വം ഉപേക്ഷിക്കണമെന്ന് വേഡ്സ് വർത്ത് അഭ്യർത്ഥിച്ചു. മനുഷ്യന്റേയും പ്രകൃതിയുടേയും പ്രതിച്ഛായയാണ് കവിത. ഈ പ്രതിച്ഛായ നിർമ്മിക്കുന്ന കവിക്ക് സാധാരണ മനുഷ്യരിൽ നിന്നും തികച്ചും ഭിന്നമായ സിദ്ധികളൊന്നുമില്ല. എല്ലാവർക്കുമുള്ള കഴിവുകൾ കവികൾക്ക് അളവിൽ കൂടുതൽ ഉണ്ടായിരിക്കണമെന്ന് മാത്രം. കവിക്ക് ബാഹ്യമായ ഉത്തേജനം ഇല്ലാതെ തന്നെ ചിന്തിക്കുവാനും അനുഭവിക്കുവാനും സ്വയം പ്രകാശിപ്പിക്കാനുമുള്ള കഴിവ് മറ്റുള്ളവരെക്കാൾ അധികമുണ്ട്. സാമാന്യമായി മനുഷ്യജീവിതത്തെക്കുറിച്ചുള്ള വിജ്ഞാനവും അയാൾക്ക് കൂടുതലായിരിക്കും. ഉടനടിയുള്ള ബാഹ്യപ്രേരണയില്ലാതെ ആഴത്തിൽ അനുഭവിക്കുന്നതിനും ചിന്തിക്കുന്നതിനുമുള്ള കൂടുതൽ കെല്പും അങ്ങനെയുള്ള അനുഭവങ്ങളെയും ചിന്തകളേയും പ്രകാശിപ്പിക്കാനുമുള്ള കൂടുതൽ കഴിവുമാണ് കവിയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്[19] എന്ന് വേഡ്സ്വർത്ത് വിശ്വസിച്ചു. കാവ്യ സൃഷ്ടിയിൽ വികാരത്തിന്റെ പ്രചോദനത്തെ കുറ്റിപ്പുഴ നിഷേധിക്കുന്നില്ല. അത് വെറും നിലമൊരുക്കൽ മാത്രമേ ആകുന്നുള്ളൂ. അതിൽ വിജ്ഞാനത്തിന്റേയും വിചാരത്തിന്റേയും പ്രാധാന്യവും ആവശ്യകതയും അദ്ദേഹം എടുത്തുകാട്ടുന്നുണ്ട്. എഴുത്തുകാരനും സാധാരണ മനുഷ്യരെപ്പോലെ തന്നെയാണെന്ന് കുറ്റിപ്പുഴയും സ്ഥാപിക്കുന്നുണ്ട്. സൃഷ്ടിയുടെ വേളയിൽ കവിഹൃദയം കൂടുതൽ പ്രകാശമാനമാകുകയും ഉദാത്തമായ ശില്പങ്ങൾ രൂപം കൊള്ളുകയുമാണ് ചെയ്യുന്നതെന്ന് കുറ്റിപ്പുഴ സ്ഥാപിച്ചിട്ടുണ്ട്.

**കോളറിഡ്ജ്**

വിമർശ സാഹിത്യത്തെ വേദശാസ്ത്രത്തിന്റേയും തത്ത്വചിന്തയുടേയും സമുന്നതമായ വേദിയിലേക്കുയർത്താൻ കോളറിഡ്ജിന് കഴിഞ്ഞു. കാവ്യതത്ത്വ ശാസ്ത്രം കേവലം നിയമ സംഹിതയോ വിധിന്യായമോ അല്ലായെന്നും മറിച്ച് തത്ത്വചിന്തയുടെ ഒരു ഭാഗമാണെന്നും അദ്ദേഹം സ്ഥാപിച്ചു. ഭാവന രണ്ട് വിധത്തിലുണ്ടെന്ന് അദ്ദേഹം സമർത്ഥിച്ചു. പ്രാഥമിക ഭാവനയും ദ്വിതീയ ഭാവനയും. പ്രാഥമിക ഭാവന രൂപപ്പെടുത്തിയ വിധത്തിലാണ് ബാഹ്യലോകത്തിന്റെ രൂപം നമ്മുടെ മനസ്സിൽ പതിയുന്നത്. വസ്തുക്കളെ നമ്മെ ഗ്രഹിക്കാൻ സഹായിക്കുന്ന മാനസിക ശക്തിയാണ് പ്രാഥമിക ഭാവനയെന്ന് അദ്ദേഹം നിർവ്വചനം നൽകി. ദ്വിതീയ ഭാവന എല്ലാവർക്കും ഒരുപോലെ ഉണ്ടായെന്ന് വരില്ല. അത് കവികളുടെ സിദ്ധിയാണ്. ദ്വിതീയ ഭാവന ഗ്രഹിക്കുകയോ, ഗ്രഹിച്ചതിനെ പുന:സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. "പുനഃസൃഷ്ടി നടത്തുന്നതിനായി ഗ്രഹിച്ചവയെ അത് ഉടയ്ക്കുന്നു; വിലയിപ്പിക്കുന്നു, പ്രസരിപ്പിക്കുന്നു. ഇത്തരം പ്രക്രിയ അസാദ്ധ്യമാകുന്നിടത്ത് ദ്വിതീയ ഭാവന ആദർശീകരിക്കുകയും ചെയ്യുന്നു. ഇത് സജീവമായിരിക്കും. കേവല വസ്തുക്കൾ നിർജ്ജീവമായിരിക്കയേ ഉള്ളൂ. ദ്വിതീയ ഭാവനയാണ് കാവ്യ നിർമ്മാണ ശക്തി. നിരീക്ഷണ വിധേയമായവയെ ഉടച്ചൊരുക്കി പുതിയതായി വാർത്തെടുക്കുന്ന ഭാവനാ ശക്തിക്ക് കോളറിഡ്ജ് 'എസംപ്ലാസ്റ്റിക് ഇമാജിനേഷൻ' എന്ന് പറയുന്നു."[20]

സത്യമല്ല, ആനന്ദമാണ് കാവ്യത്തിന്റെ ലക്ഷ്യം. പൂർണ്ണമായ ആനന്ദം വിവിധ ഘടകങ്ങൾ അവിഭാജ്യമായി ഇണങ്ങിച്ചേരുന്ന സമഗ്രരൂപത്തിൽ നിന്നാണ് സിദ്ധിക്കുന്നതെന്ന് അദ്ദേഹം സ്ഥാപിച്ചു. സൗന്ദര്യത്തിൽക്കൂടിയുള്ള ആനന്ദാനുഭവത്തിനായി വികാരങ്ങളെ ഉണർത്തുന്നതിലാണ് കാവ്യം എന്ന് പറയുന്നത്. "കോളറിഡ്ജ് ഉന്നത സിദ്ധികളായ പ്രതിഭയേയും ഭാവനയേയും വാസന കൊണ്ടുണ്ടാക്കുന്ന നൈപുണത്തിൽ നിന്നും കല്പനാ ശക്തിയിൽ നിന്നും വ്യവച്ഛേദിക്കുന്നു. ഇവ പരസ്പരം വിരുദ്ധങ്ങളൊന്നുമല്ല. പ്രതിഭാശാലിക്ക് വാസനാ സിദ്ധമായ നൈപുണ്യം വേണ്ടന്നോ ഭാവനാശാലിക്ക് കല്പനാ ശക്തിയില്ലെന്നോ അല്ല വിവക്ഷിക്കുന്നത്. രണ്ടും വേണം, എന്നാൽ രണ്ടിന്റേയും പ്രവർത്തനം യാന്ത്രികമാണ്. പ്രതിഭ സർഗ്ഗാത്മശക്തിയാണെങ്കിൽ, ടാലന്റ് സർഗ്ഗാത്മക ശക്തിയില്ലാത്ത യാന്ത്രിക വ്യാപാരമാണ്"[21] എന്നദ്ദേഹം സ്ഥാപിച്ചു. 'ഒരു വലിയ തത്ത്വജ്ഞാനി കൂടിയാകാത്ത യാതൊരാളും ഒരു വലിയ കവിയായി തീർന്നിട്ടില്ല' എന്നദ്ദേഹം സിദ്ധാന്തിക്കുകയും ചെയ്തു. മറ്റ് റൊമാന്റിക്കുകളെപ്പോലെ കോളറിഡ്ജും കവിത വികാര പ്രധാനമാണെന്ന് വിശ്വസിച്ചു. അദ്ദേഹത്തിന്റെ സിദ്ധാന്തപ്രകാരം കവിത ദർശനമാണ്;സൗന്ദര്യമാണ്, ആഹ്ലാദമാണ്. സർവ്വോപരി കവിത സംവേദനമാണ്. അന്തർദർശനത്തിൽ അധിഷ്ഠിതമാണ് സൗന്ദര്യം.

സൗന്ദര്യം ജനിക്കുന്നതോ, വിവേചനയുടേയും ഭാവനയുടേയും നിയമങ്ങളും വസ്തുക്കളും തമ്മിൽ ഇന്ദ്രിയ ഗോചരമാകുന്ന സാമഞ്ജര്യത്തിൽ നിന്ന്. കണ്ണിന് പ്രകാശമെന്നത് പോലെയാണ് മനസ്സിന് സൗന്ദര്യം. ആവിഷ്ക്കരണം സൗന്ദര്യമാവുന്നത് ആവിഷ്ക്കരണീയമായ ഭാവത്തിന്റെ വിവിധ ഘടകങ്ങൾ തമ്മിലുള്ള പൊരുത്തം സമഞ്ജസ മാകുമ്പോഴാണ് എന്ന് കൂടി കോളറിഡ്ജ് സ്ഥാപിച്ചു. വിമർശ സാഹിത്യത്തെ ദാർശനിക തലത്തിലേക്ക് ഉയർത്തുവാനാണ് കുറ്റിപ്പുഴ ശ്രമിച്ചത്. തത്ത്വചിന്ത അതിൽ അന്തർധാരമായി വർത്തിക്കുന്നുമുണ്ട്. കാവ്യ സൗന്ദര്യത്തിൽ കുറ്റിപ്പുഴയും ശ്രദ്ധാലുവായിരുന്നു. എന്നാൽ ആ സൗന്ദര്യം കൊണ്ട് മാത്രം തൃപ്തനുമായിരുന്നില്ല.

**മാത്യുആർനോൾഡ്**

ക്ഷയോന്മുഖമായ റൊമാന്റിസിസത്തിൽ നിന്ന് സാഹിത്യത്തേയും, ഫിലിസ്റ്റിനിസത്തിൽ നിന്നും സംസ്കാരത്തേയും ശാസ്ത്രത്തിന്റെ ആക്രമണങ്ങളിൽ നിന്ന് ജീവിത മൂല്യങ്ങളേയും സമുദ്ധരിച്ച വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റവും തലയെടുപ്പുള്ള വിമർശകൻ മാത്യുആർനോൾഡ് ആയിരുന്നു. ചരിത്രപരമായ വിമർശനത്തെ എതിർത്ത ആർനോൾഡ്, കവിയെ വിലമതിക്കുക, അയാൾ കാലത്തിന്റെ വക്താവാണോ അതോ നമ്മുടെ സുഹൃത്താണോ എന്നൊന്നും നോക്കിയാവരുത്. ഉത്തമ കാവ്യം, എല്ലാകാലത്തും നിലനിൽക്കുന്ന കാവ്യം, അദ്ദേഹം രചിച്ചിട്ടുണ്ടോ എന്ന് നോക്കി മാത്രമാകണമെന്നും പ്രസ്താവിച്ചു.

> A poet or a poem may count to us historically
> they may count to us on grounds personal
> to ourselves, and they may count to us really

പ്രധാനമായി നോക്കേണ്ടത് കവിയോ കാവ്യമോ ചരിത്രപരമായ പ്രാധാന്യം അർഹിക്കുന്നുണ്ടോ എന്നല്ല, യഥാർത്ഥത്തിൽ അതിന് പ്രാധാന്യമുണ്ടോ എന്നാണ്.[22]

'കല കലയ്ക്കുവേണ്ടി' എന്ന വാദത്തെ നഖശിഖാന്തം എതിർത്ത ആർനോൾഡ് സാഹിത്യം ധർമ്മവുമായി അകൃത്രിമമായി ബന്ധപ്പെട്ടിരിക്കുന്നു വെന്നും, സാഹിത്യത്തേയും ധർമ്മത്തേയും വേർപെടുത്താനാവില്ലെന്നും സാഹിത്യം ജീവിത്തോടും ജീവിതം ധർമ്മത്തോടും ബന്ധപ്പെട്ടിരിക്കയാൽ ജീവിത സ്പർശിയായ സാഹിത്യത്തിന് ധർമ്മത്തെ എങ്ങനെ അവഗണിക്കാനാകുമെന്ന് ആർനോൾഡ് ചോദിക്കുന്നു.

കവിത ജീവിതത്തിന്റെ വിമർശനമാണ് എന്ന അർനോൾഡിന്റെ

പ്രശസ്തമായ വിധി, സത്യ സൗന്ദര്യങ്ങളുടെ കാവ്യാത്മകമായ പ്രകാശനത്തിന്റെ വിശേഷ രീതികൾക്ക് അധീനമായിട്ടുകൂടിയുള്ളതാണ്. മനുഷ്യരുടെ വൈകാരികവും ധാർമ്മികവുമായ ജീവിതത്തിന്റെ വിമർശം, ആന്തരികമായ ജീവിതത്തെ സമുദ്ധരിക്കുന്നതും മാറ്റിതീർക്കുന്നതുമായ വിമർശം എന്നാണ്. എല്ലാ സാഹിത്യത്തിന്റേയും ലക്ഷ്യം സൂക്ഷ്മമായി പരിശോധിച്ചാൽ, ജീവിത വിമർശനമാണ്[23] എന്നായിരുന്നു അദ്ദേഹം എഴുതിയത്. കാവ്യം ആശയങ്ങളെ ജീവിതത്തിൽ പ്രയോഗിച്ച് കാണിക്കലാണ്. ജീവിതം ആഴത്തിൽ അനുഭവിച്ചവരും ജീവിതത്തെ കുറിച്ച് അഗാധമായി ചിന്തിച്ചവരും ജീവിതത്തെപ്പറ്റി സുവ്യക്തമായ ധാരണകൾ രൂപപ്പെടുത്തുന്നു എന്ന് ആർനോൾഡ് വിശ്വസിച്ചു. ജീവിതം എന്താണെന്നും എന്താവണമെന്നും ബോധ്യമുള്ള കവി, ആയതിനെ ആയിരിക്കേണ്ടതിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും ചിത്രീകരിക്കുകയും വിമർശിക്കുകുയും ചെയ്യുന്നു. കേവല സത്യത്തെക്കാൾ ഉയർന്നതാണ് കാവ്യ സത്യമെന്നും കേവല സൗന്ദര്യത്തെക്കാൾ ഉയർന്നതാണ് കാവ്യ സൗന്ദര്യമെന്നും ആർനോൾഡ് വിശ്വസിച്ചു. ഒരു ജീവിത നിരൂപകനാണ് കുറ്റിപ്പുഴയും. ഏത് സാഹിത്യരൂപമായാലും ദർശനമായാലും അത് ജീവിതത്തെ എങ്ങനെ നോക്കിക്കാണുന്നു എന്നതിലാണ് കുറ്റിപ്പുഴയുടെ ദൃഷ്ടി. ജീവിതത്തെ പൂർണ്ണമായി വ്യാഖ്യാനിക്കാൻ കഴിയില്ല എന്ന സത്യവും അദ്ദേഹം മനസ്സിലാക്കിയിരുന്നു.

**കല കലയ്ക്കുവേണ്ടി**

(1) 'കലയ്ക്കുവേണ്ടി കല' – അതായത് സൗന്ദര്യാസ്വാദനത്തിൽ നിന്നും വ്യതിരിക്തമായ ലക്ഷ്യമൊന്നും സാഹിത്യ കൃതിക്ക് ആവശ്യമില്ലെന്ന പക്ഷം. (2) ആനന്ദ പ്രധാനത്തോട് കൂടി ധാർമ്മികമായ ഉദ്ദേശ്യങ്ങൾ കൂടി അതിൽ അടങ്ങിയിരിക്കണമെന്ന വാദക്കാർ. (3) ഇപ്പറഞ്ഞ രണ്ട് പേരും സമുദായത്തിന്റെ താല്ക്കാലികാവശ്യങ്ങളെ പുരസ്ക്കരിച്ചുള്ള സജീവമായ പ്രചാരവേല കൂടി ഒരു കൃതിയിൽ ഉണ്ടായിരിക്കണമെന്ന പക്ഷക്കാർ. കവിതയുടെ സൗന്ദര്യ ഘടകങ്ങൾ പലതാകാം. അദൃശ്യയാഥാർത്ഥ്യങ്ങളെ പുരസ്ക്കരിച്ചുള്ള സജീവമായ പ്രചാരവേല കൂടി ഒരു കൃതിയിൽ ഉണ്ടായിരിക്കണമെന്ന പക്ഷക്കാർ. കവിതയുടെ സൗന്ദര്യഘടകങ്ങൾ പലതാകാം. അദൃശ്യയാഥാർത്ഥ്യങ്ങളുടെ ദൃശ്യചിത്രങ്ങളാണ് കവിതയെന്ന് സോറാസ്റ്റാർ പറയുമ്പോൾ, ബാഹ്യരൂപത്തിലും കവിഞ്ഞ സത്തയാണ് ലക്ഷ്യം. കല വിനോദമാണെന്ന് ഷില്ലറും, അനുകരണമാണെന്ന് ഗീഥെയും വാദിക്കുമ്പോൾ അതിന്റെ ഓരോ വശത്തിനും പ്രാധാന്യം വരികയാണ് ചെയ്യുന്നത്. "രൂപശുദ്ധവും, ഭാവഭദ്രവും ആയ ഒരു കൃതി സഹൃദയനെ ആനന്ദ നിമ്നനാക്കുന്നു; ഇതിലും കവിഞ്ഞ ഒരു ഉദ്ദേശ്യം കവിതക്കില്ല. ഇതാണ് ശുദ്ധകലാവാദിയുടെ പക്ഷം. ഒരു കവിത എത്രതന്നെ ഭാവമുക്തമാണെങ്കിലും ഉൾക്കൊള്ളുന്ന ആദർശം നന്നല്ലെങ്കിൽ വേശ്യാസാമ്യം മാത്രമേ അതിനുള്ളൂ –

ധാർമ്മിക പ്രേരണയുണ്ടായിരിക്കണമെന്നുപക്ഷം. കവിതയുടെ ആകൃതി ഹൃദ്യമാകാം; ആദർശം നിലവിലിരിക്കുന്ന ധർമ്മ മാനദണ്ഡമനുസരിച്ച് നന്നായിരിക്കും. എന്നാൽ നിലവിലുള്ള സാമൂഹ്യഘടനയെ പരിഷ്കരിച്ചിരിക്കുന്നതിന് തക്കവണ്ണം പ്രചോദനം ആകൃതിക്കില്ലെങ്കിൽ - സമുദായത്തിന് യാതൊരു ഗുണവുമില്ല"[24] എന്ന് മറ്റൊരു വാദം.

കലയുടെ മുഖ്യലക്ഷ്യം ആനന്ദമാണെന്നും, കല കലയ്ക്ക് വേണ്ടിയാണെന്നുമുള്ള വാദങ്ങൾ പൊന്തിവന്നത് കാന്റിന്റെ സൗന്ദര്യശാസ്ത്രത്തിൽ നിന്നാണ്. 'കല കലയ്ക്കുവേണ്ടി' എന്ന സിദ്ധാന്തത്തിന് 1838 മുതൽക്കേ പ്രചാരം ലഭിച്ചു തുടങ്ങി. 1832-ൽ ഗോട്യെ തന്റെ കൃതിക്ക് യാതൊരു ധാർമ്മിക ലക്ഷ്യവുമില്ല എന്നും, സുന്ദരമാണെന്നും സൗന്ദര്യം സൃഷ്ടിക്കുകയും ചെയ്യുന്നു എന്നും എഴുതി. അമേരിക്കയിലെ എഡ്ഗാർ അല്ലൻപോ ഈ വാദം സുധീരം മുഴക്കി. ജീവിതത്തിന് വേണ്ടിയല്ല കലയെന്നോ, കലയ്ക്കുവേണ്ടി എന്നുപറഞ്ഞവർ ജീവിതത്തെ നിഷേധിച്ചവരോ അല്ല എന്ന അഭിപ്രായമാണ് കുറ്റിപ്പുഴക്ക് ഉള്ളത്. കല അനന്യപരതന്ത്രമാണ്; കലാസൗന്ദര്യം അഥവാ കലയുടെ രസമാന്യത - അതിനാണ് സർവ്വോപരി പ്രാധാന്യം എന്ന് പറയാനും അദ്ദേഹം മടിക്കുന്നില്ല. കലയിലെ പ്രചരണാംശത്തെ വ്യംഗ്യ ഭംഗ്യാ നിർവ്വഹിക്കണമെന്നും കുറ്റിപ്പുഴ നിഷ്ക്കർഷിച്ചു.

**ഓസ്കാർവൈൽഡ്**

കല കലയ്ക്കുവേണ്ടിയാണെന്ന് ഏറ്റവും തീവ്രവും നിരങ്കുശമായും വാദിക്കുന്നത് ഓസ്കാർ വൈൽഡാണ്. നമ്മെ സംബന്ധിക്കാത്ത വസ്തുതകളാണ് സുന്ദരങ്ങൾ. ഒരു വസ്തു നമുക്കാവശ്യമുള്ളതോ, ഉപയോഗമുള്ളതോ ആയാൽ, ഏതെങ്കിലും തരത്തിൽ നമ്മെ ദുഃഖിക്കിപ്പിക്കുകയോ ചെയ്യുമാറ് നമ്മളോട് ബന്ധപ്പെട്ടതായാൽ, അത് കലയുടെ സീമക്ക് പുറത്തുള്ളതാണ്. കലയുടെ ഉള്ളടക്കത്തെ നാം ഗണിക്കേണ്ടതില്ല[25] എന്നദ്ദേഹം ഉറച്ചുവിശ്വസിച്ചു. രൂപത്തെ ആരാധിക്കുക കലയുടെ എല്ലാ രഹസ്യങ്ങളും തുറന്നുകിട്ടും നിങ്ങൾക്ക് എന്നതാണ് അദ്ദേഹത്തിന്റെ സന്ദേശം. കലയുടെ ലക്ഷ്യം വികാരത്തിന് വേണ്ടിയുള്ള വികാരമാണ്. കലയിലെ വികാരം സ്വയം ലക്ഷ്യമാണെങ്കിൽ ജീവിതത്തിലെ വികാരം അങ്ങനെയല്ല. അത് പ്രവൃത്തിക്ക് പ്രേരണയായി തീരുന്നു. കലയിലെ വികാരം ആസ്വാദനവേളയിൽ അത് സ്വയം ലക്ഷ്യമാണെങ്കിലും അത് മനസ്സിനെ സംസ്ക്കരിക്കുകയും കാലാന്തരത്തിൽ ജീവിത കർമ്മങ്ങളിൽ പ്രഭാവം ചെലുത്തുന്ന ഒരു സാംസ്ക്കാരിക പ്രേരണയായി ലയിച്ച് ചേരുകയും ചെയ്യുന്നുണ്ട്. കലകൊണ്ട് പവിത്രമാക്കാൻ കഴിയാത്തതായ യാതൊന്നുമില്ലെന്നും, ധാർമ്മിക കൃതി അങ്ങനെയൊന്നില്ല. ഒരു കൃതി നല്ല രീതിയിൽ രചിക്കപ്പെടുന്നു അല്ലെങ്കിൽ

ചീത്ത രീതിയിൽ രചിക്കപ്പെടുന്നു എന്നേ പറയാവൂ[26] എന്നദ്ദേഹം വാദിച്ചു.

**ബോദ്‌ലയർ**

സിമ്പോളിസത്തിന്റെ ഉപജ്ഞാതാക്കളിലൊരാളെന്നു വിശേഷിക്കാവുന്ന ബോദ്‌ലയർ പ്രത്യക്ഷത്തിൽ കല കലയ്ക്കുവേണ്ടി എന്ന വാദത്തെ ഖണ്ഡിതമായി എതിർത്തെങ്കിലും ആത്യന്തികമായി ശുദ്ധകലാ വാദത്തിന് പിൻബലം നൽകുകയാണുണ്ടായത്. കല കലയ്ക്കുവേണ്ടി എന്ന വാദം ധർമ്മ തത്ത്വങ്ങളെ നിരാകരിക്കുന്നു. അത് നമ്മെ ഊഷരത്വത്തിലേക്കേ ആനയിക്കൂ. അത് മനുഷ്യ പ്രകൃതിയെ നിരങ്കുശമായി എതിർക്കുന്നു. ജീവിതത്തിന്റെ ഉന്നതവും സാർവ്വലൗകികവുമായ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനത്തെ പാഷണ്ഡികമെന്ന് മുദ്രയടിക്കണമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. എന്നാൽ കാവ്യത്തിൽ ധർമ്മ തത്ത്വങ്ങൾ പ്രകടമായി അവതരിപ്പിക്കേണ്ടതില്ലെന്നും പറയുന്നു. “ജീവിതത്തിലെന്നപോലെ കലയിലും ധർമ്മം അകൃത്രിമമായി ലയിച്ചിരിക്കണം. കവി സ്വയമറിയാതെ തന്നെ ധർമ്മ പ്രബോധകനായി തീരുന്നു; സ്വന്തം അന്തഃസത്തയുടെ കരകവിഞ്ഞൊഴുകുന്ന സമൃദ്ധികൊണ്ട് തന്നെ. സൗന്ദര്യവും നന്മയും അടങ്ങിയിരിക്കുന്നത് മനുഷ്യനിലോ പ്രകൃതിയിലോ അല്ല, അവയെ ചിത്രീകരിക്കുന്ന കലയിൽ തന്നെയാണെന്നും പ്രകൃതിയെക്കാൾ ശ്രേഷ്ഠം കലയാണെന്നും കലയെന്നാൽ ആവിഷ്ക്കരണ കൗശലമാണെന്നും മനുഷ്യനെക്കാളും മനുഷ്യജീവിതത്തെക്കാളും പ്രപഞ്ചത്തെക്കാളും പ്രാപഞ്ചിക ജീവിതത്തെക്കാളും അവയെ സർവ്വദാ സുന്ദരതരമാക്കുന്ന കല തന്നെയാണ് പ്രധാനമെന്നും വിശ്വസിച്ച ബോദ്‌ലെയർക്ക് സാഹിത്യമായിരുന്നു സർവ്വസ്വം.”[27]

**വാൾട്ടർപേയ്റ്റർ**

സാഹിത്യത്തിൽ വിഷയത്തിനോ പ്രതിപാദനത്തിനോ പ്രാധാന്യം - നല്ല കല, മഹത്തായ കല എന്ന് രണ്ടായി തിരിച്ചുകൊണ്ടാണ് പേയ്റ്റർ ഇതിന് ഉത്തരം കാണുന്നത്. കലാകാരൻ എത്രത്തോളം സ്വാനുഭവം സത്യമായും പൂർണ്ണമായും പ്രകാശിപ്പിക്കുന്നുവോ, അത്രത്തോളം അത് നല്ല കലയാകും. വിഷയമല്ല, അത് കലാകാരനിലെ അനുഭവമാണ് പ്രധാനം എന്ന് താല്പര്യം. അനുഭവ പ്രകാശത്തിന് മാധ്യമത്തെ പൂർണ്ണമായും മെരുക്കിയെടുക്കുന്നതിലാണ് കലയുടെ വൈശിഷ്ട്യം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് കലയിൽ രൂപമാണ് മുഖ്യം എന്ന് വരുന്നു. നല്ല കലയ്ക്കും മഹത്തായ കലയ്ക്കും തമ്മിലുള്ള അന്തരം രൂപപരമല്ല ഭാവപരമാണ്.[28] എന്ന് പേയ്റ്റർ പ്രഖ്യാപിച്ചു.

**ലിയോ ടോൾസ്റ്റോയി**

കലയെക്കാൾ വിലപ്പെട്ടത് ജീവിതമാണെന്ന് ടോൾസ്റ്റോയി വിശ്വസിച്ചു.

കലയെപ്പറ്റി നിലവിലിരിക്കുന്ന എല്ലാ അഭിപ്രായങ്ങളേയും അദ്ദേഹം ഭദ്രമായി പരിശോധിക്കുന്നുണ്ട്. അംഗീകൃതമായ കലാതത്ത്വം സൗന്ദര്യ ശാസ്ത്രത്തിൽ അധിഷ്ഠിതമാണെന്നും അങ്ങനെയത് സുഖലോലുപരും സൗന്ദര്യ പ്രേമികളുമായ മേലാളർ സാഹിത്യ കലാ തത്ത്വങ്ങളെ നിർവ്വചിക്കാനും കൈകാര്യം ചെയ്യാനും ഇടവന്നതുമൂലമാണെന്നും അദ്ദേഹം സ്ഥാപിക്കുന്നു. മനുഷ്യ ധർമ്മം മനുഷ്യ സാഹോദര്യത്തിൽ കൂടി മനുഷ്യ സ്നേഹത്തേയും സാക്ഷാത്ക്കരിക്കുകയെന്നും അതിന് സഹായകമാകണം അവന്റെ യത്നങ്ങളെന്നും അദ്ദേഹം വിശ്വസിച്ചു. "ചിന്തയുടെ അഗ്രദൂതനായ ശാസ്ത്രം ഒഴുക്കിനെതിരായി മേപ്പോട്ടുപോയി നങ്കൂരമിടുന്ന നൗകയാണ്; കലയാകട്ടെ, ആ നൗകയെ പിന്നേയും പുതിയ സ്ഥാനങ്ങളിലേക്ക് വലിച്ചുകേറ്റി കൊടുക്കുന്ന ധാർമ്മിക ശക്തിയുടെ അലസ്സും കയറും. – ഈ ഒറ്റവാക്യത്തിൽ സംക്ഷേപിച്ചിട്ടുണ്ട് കലയെപ്പറ്റി ടോൾസ്റ്റോയിക്ക് പറയാനുള്ളതെല്ലാം."[29] കല ഒരു മാനുഷിക പ്രക്രിയയാണ്. താൻ ജീവിച്ച് അനുഭവിച്ച വികാരങ്ങളെ ഒരാൾ ചില ബാഹ്യോപാധികളിൽ കൂടി അന്യർക്ക് പകർന്നുകൊടുക്കുന്നു. അവർ അത് അനുഭവിക്കുന്നു. കല എന്ന പ്രക്രിയയിൽ ഇത്രയും അടങ്ങിയിരിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

കലാ സൃഷ്ടിക്ക് പ്രധാനമായും മൂന്ന് ഘടകങ്ങൾ ഉണ്ടെന്ന് ടോൾസ്റ്റോയി വിശ്വസിച്ചു. കലാകാരൻ വികാരം അനുഭവിക്കുന്നു. അനുഭവിച്ച വികാരം വീണ്ടും ഹൃദയത്തിൽ ഉദ്ദീപിപ്പിക്കുന്നു. ആ വികാരത്തിന് അനുരൂപമായ രൂപം കണ്ടുപിടിച്ച് അതിനെ ആവിഷ്ക്കരിക്കുന്നു. വികാര സംക്രമണം (infection) സാധിക്കാത്ത യാതൊരു കലാ സൃഷ്ടിയും കലാ സൃഷ്ടിയാകുന്നില്ല. ശക്തി അഥവാ പ്രതിഭയില്ലാതെ കലാരൂപങ്ങൾ സമ്പൂർണ്ണമാക്കാൻ കഴിയുന്നതല്ല. കലാരൂപങ്ങൾ സജീവമാകുന്നത് പ്രതിഭയുടെ ജീവശ്വാസം അതിൽ നിറയുമ്പോൾ മാത്രമാണെന്ന് ടോൾസ്റ്റോയി വിശ്വസിച്ചു. "ഉത്തമ കലയുടെ പിറവിയിൽ ആത്മചോദനയുണ്ടാകും. അത് ലോകത്തിന് ഒരു നൂതന വികാരം പകർന്ന് കൊടുക്കുന്നു. ഉത്തമ കല ലോക സംഗ്രഹമാണ്. അതിന് അലങ്കാര മോടിയോ ആർഭാടങ്ങളോ ഒന്നും ആവശ്യമില്ല. കല ഒന്നേയുള്ളൂ എന്നും പ്രകൃതി സൗന്ദര്യം പോലെ അതെല്ലാവർക്കും ആസ്വാദ്യമായിരിക്കുകയും വേണമെന്ന് ടോൾസ്റ്റോയി വാദിച്ചു."[30] ടോൾസ്റ്റോയിയുടെ കലാചിന്തകളാണ് പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളിൽ കുറ്റിപ്പുഴയെ ഏറ്റവും ആകർഷിച്ചതെന്ന് കാണാം. വ്യക്തത, ആത്മാർത്ഥത, വ്യക്തിത്വം എന്നീ സവിശേഷ ഗുണങ്ങളാണ് ഒരു കലാ സൃഷ്ടിയെ ഒന്നാം കിടയിലേക്കുയർത്തുന്നതെന്ന ടോൾസ്റ്റോയിയുടെ സാഹിത്യ ദർശനങ്ങളെ കുറ്റിപ്പുഴ സ്വീകരിക്കുന്നുണ്ട്. എന്നാൽ കലയുടെ പരമ പ്രയോജനം ആനന്ദമല്ലയെന്ന ടോൾസ്റ്റോയിയുടെ വീക്ഷണം കുറ്റിപ്പുഴക്ക് അസ്വീകാര്യമാണ്.

**ബനഡറ്റോ ക്രോച്ചേ**

ക്രോച്ചേ സമസ്ത വിജ്ഞാനീയത്തേയും നാല് തട്ടുകളിലായി വിഭജിച്ച് നിർത്തുന്നു. സൗന്ദര്യശാസ്ത്രം, തർക്ക ശാസ്ത്രം, സാമ്പത്തിക തത്ത്വശാസ്ത്രം, ധർമ്മശാസ്ത്രം എന്നിങ്ങനെ. സൗന്ദര്യശാസ്ത്രത്തിന്റെ ആലംബം അന്തർജ്ഞാനവും തർക്ക ശാസ്ത്രത്തിന്റെ ആലംബം ആശയ രൂപവത്ക്കരണ ശക്തിയുമാകുന്നു. അന്തർജ്ഞാനം, ആശയ രൂപവത്ക്കരണ ശക്തി, ഇച്ഛാശക്തി ഇവയിൽ ഏറ്റവും മൗലികം അന്തർജ്ഞാനമാണ്. അതിന്റെ സൃഷ്ടിയായ സൗന്ദര്യ ശാസ്ത്രമാണ് സർവ്വ ശാസ്ത്രങ്ങളിലും വെച്ച് ഏറ്റവും നിഗൂഢം. മനുഷ്യാത്മാവിന്റെ അത്യാഗധതയിലാണ് അതിന്റെ പ്രഥമ സ്ഥാനം. ഇവിടെ ആശയ നിർദ്ദരണം നടക്കുന്നില്ല. യുക്തിപൂർവ്വമായ പരിചിന്തയില്ല, വിശകലനമില്ല, സർവ്വവും അനഭൂതിമാത്രം എന്ന് ക്രോച്ചേ സമർത്ഥിച്ചു.

അന്തർജ്ഞാനം അന്ധകാരത്തെ പ്രകാശമാക്കുന്നു. അവ്യവസ്ഥയിൽ വ്യവസ്ഥയുളവാക്കുന്നു. ക്രമരാഹിത്യത്തിൽ ക്രമം വിരചിക്കുന്നു. നിർഗ്ഗുണത്തെ സഗുണമാക്കുന്നു. അനുഭൂതിയാണ് ഇതിന് പ്രേരകം, ഭാവനയാണ് ഇതിന്റെ ഉപാധി. കല അന്തർജ്ഞാനമാണ്. കല = അന്തർജ്ഞാനം = ആവിഷ്ക്കരണം = ഭാവന = സൗന്ദര്യം[31] എന്നതാണ് ക്രോച്ചേയുടെ ഫോർമുല. വാസ്തവിക ലോകത്തെ സംബന്ധിക്കുന്ന ധിഷണാപരമായ സാമാന്യാശയ ജ്ഞാനവുമായി അന്തർജ്ഞാനത്തിന് ബന്ധമില്ല. അന്തർജ്ഞാനം ഒരിക്കലും വാസ്തവികമോ, അയഥാർത്ഥമോ ആകുന്നില്ല. ബുദ്ധിപരമായ സാമാന്യാശയ ജ്ഞാനവുമായി കലക്ക് ബന്ധമൊന്നുമില്ലെന്ന് അദ്ദേഹം സ്ഥാപിച്ചു.

ഇന്ദ്രിയം വഴി സിദ്ധിക്കുന്ന യഥാർത്ഥ വിജ്ഞാനത്തിൽ നിന്ന് അന്തർജ്ഞാനം വ്യത്യസ്തമാണ്. ബുദ്ധിപരമായ സാമാന്യ ജ്ഞാനത്തിന്റെ സങ്കലനം അന്തർജ്ഞാനത്തിൽ ഉണ്ടായിക്കൂടെന്നില്ല. എന്നാൽ അത് അവശ്യഘടകമല്ല. സ്ഥലകാലസ്ഥിതമായ യഥാർത്ഥ വസ്തുവിനെക്കുറിച്ചുള്ളതും, സംഭവ്യമാകാവുന്ന, അതായത് യഥാർത്ഥമായി തീർന്നേക്കാവുന്ന, വസ്തുവിന്റെ രൂപത്തെക്കുറിച്ച് മനസ്സിൽ സ്വയമേവ തെളിഞ്ഞ് വരുന്നതുമായ ഐന്ദ്രിയ ദർശനങ്ങളുടെ അവ്യതിരിക്തമായ ഏകതാവസ്ഥയാണ് അന്തർജ്ഞാന[32]മെന്ന് അദ്ദേഹം വിശ്വസിച്ചു.

**ടി.എസ്. എലിയറ്റ്**

കവിത ആത്മാവിഷ്ക്കാരമാണെന്ന റൊമാന്റിക് സിദ്ധാന്തത്തെ എലിയറ്റ് കഠിനമായി വിമർശിക്കുന്നു. ഓരോ കവിക്കും സ്വന്തമായ വ്യക്തിത്ത്വമുണ്ട്. അനുഭവമുണ്ട്, അനുഭൂതിയുണ്ട്, ശൈലിയുണ്ട്, മാദ്ധ്യമമുണ്ട്. വികാരത്തിന്റെ

കെട്ടഴിച്ച് വിടലല്ല, വികാരത്തിൽ നിന്നുള്ള രക്ഷപ്പെടലാണ് കവിത. അത് സ്വന്തം വ്യക്തിത്വത്തിൽ നിന്നുള്ള രക്ഷപ്പെടലാണ്. അല്ലാതെ സ്വന്തം വ്യക്തിത്വത്തിന്റെ ആവിഷ്ക്കാരമല്ല.[33] മനുഷ്യരാശിയെ മുഴുവൻ ഒന്നായിക്കാണുന്ന എലിയറ്റ്, ദേശീയ പാരമ്പര്യവും ശക്തി തേടുന്നത് മനുഷ്യരാശിയുടെ നിശ്ചിത സംസ്ക്കാരത്തിൽ നിന്നാണ്. മനുഷ്യ സംസ്ക്കാരം നിശ്ചലമല്ല, സന്തതാനുക്ഷണ വികസ്വരമാണ്. വികാസം പാടേയുള്ള വ്യതിയാനമല്ല. കഴിഞ്ഞതിനെയെല്ലാം കുഴിച്ചുമൂടി ക്കൊണ്ടുള്ള മുന്നേറ്റം സാദ്ധ്യമല്ല. പഴമയിൽ നിന്നാണ് പുതുമയു ണ്ടാകുന്നത് എന്ന് അദ്ദേഹം വിശ്വസിച്ചു.

ദേശീയ പാരമ്പര്യത്തിന് അനുരോധമായാണ് ദേശീയ കാവ്യവും വികസിക്കുന്നത്. പാരമ്പര്യത്തിൽ വൈയക്തികത ഇല്ലാതായിത്തീരണം. പാരമ്പര്യം സചേദനമാണ്, ചലനാത്മകമാണ്, വികസിച്ചുകൊണ്ടിരിക്കുകയാണ്. കലാകാരൻ പുരോഗമനം അനുസ്യൂതം നടത്തുന്ന ആത്മത്യാഗത്തിൽ കൂടിയാണ്. വൈയക്തികതയുടെ നിരന്തരമായ നിർമ്മൂലനം മൂലമാണ്[34] എന്ന് എലിയറ്റ് സമർത്ഥിക്കുന്നു. ആവിഷ്ക്കരണീയ ഭാവത്തിന് തികച്ചും സമാനമായ ഒരു ബാഹ്യ സംയോജകം നിബന്ധിക്കുന്നതിലാണ് കവി പ്രതിഭയുടെ വൈഭവം. ബാഹ്യസംയോജകത്തിന്റെ സൃഷ്ടിയിൽക്കൂടിയാണ് കവി അവൈക്തീകരണം സാധിക്കുന്നത്. ബാഹ്യ സംയോജകത്തിന്റെ സൃഷ്ടിക്ക് വൈയക്തിക പ്രതിഭ ആവശ്യമാകുന്നു. എന്നാൽ ഈ ബാഹ്യ സംയോജകം കേവലം വൈയക്തികമോ പക്ഷപാതപരമോ ആവരുതെന്ന് എലിയറ്റ് അനുശാസിക്കുന്നു.

മഹത്തായ എല്ലാ കവിതയും ജീവിതകാഴ്ചയും പ്രതീതിയും ഉളവാക്കുന്നു. ബുദ്ധിപരമായി പ്രകാശിപ്പിക്കാവുന്ന ചിലതാണ് അവരുടെ കാവ്യ സൃഷ്ടികളിൽ നിന്ന് നമ്മുടെ ധാരണയിൽപ്പെടുന്നത്. കാരണം സ്പഷ്ടമായ ഏത് വികാരവും ബുദ്ധിപരമായ നിയത രൂപ പ്രാപ്തിയിലേക്ക് നീങ്ങുന്നതാണ്. ഒരു കവിയിൽ ഇതര കവികളിലില്ലാത്ത, വിഭിന്നമായ അനുഭവാവിഷ്ക്കാര രീതികൾ കാണുമ്പോൾ അയാളെ പ്രകീർത്തിക്കുന്ന പ്രവണത കാണാം. ഈ പ്രവണതയെ കൊണ്ട് നാം ഒരു കവിയുടെ കൃതികൾ പരിശോധിച്ചാൽ അതിലെ സവിശേഷതകൾ മൺമറഞ്ഞ പൂർവ്വഗാമികളായ കവികളുടെ അനശ്വരതയെ ദൃഢമായി സ്ഥപിക്കുന്നതാണെന്ന് എലിയറ്റ് വിശ്വസിച്ചു.

**ഐ.എ.റിച്ചാർഡ്സ്**

മികച്ച സാഹിത്യ സൃഷ്ടികളോട് സംവദിക്കുന്ന സഹൃദയ ഹൃദയത്തിൽ സംയോഗം നടക്കുന്നുവെന്നാണ് ഐ.എ.റിച്ചാർഡ്സിന്റെ സിദ്ധാന്തം. "ബാഹ്യലോകം ഏല്പിക്കുന്ന ആഘാതം അല്ലെങ്കിൽ മനസ്സിൽ പൊന്തിവരുന്ന ചിന്ത, അല്ലെങ്കിൽ ഹൃദയാനുഭവം സഹൃദയനിൽ വിവിധ ചോദനകളെ

ഉണർത്തുന്നു. ഇത്തരം ചോദനകളെ സമഞ്ജസമായി സംയോജിപ്പിക്കുവാൻ സാധിക്കണം. വ്യത്യസ്ഥങ്ങളായ ചോദനകൾ അന്യോന്യം സംയോജിച്ച് അനന്യമായ ഒരു സംതുലിതാവസ്ഥ ക്ഷണനേരത്തേക്കെങ്കിലും പ്രാപിക്കുമ്പോൾ അത് സൗന്ദര്യം സൃഷ്ടിക്കുന്നു. സംതുലിതാവസ്ഥ എന്നത് ചൈതന്യ രഹിതമായ ഒരു സന്തുലനമല്ല സാധിക്കുന്നത്. അത് ഊർജ്ജസ്വലവും ചടുലവും ചലനാത്മകവുമെന്നത് തീർച്ചയാണ്. ഉദ്ഗ്രഥിതമായ ഒരു വ്യക്തിത്വത്തിന്റെ ഊർജ്ജസ്വലമായ സംയോഗാവസ്ഥയാണത്. ചോദനകളുടെ യഥാർത്ഥ സംയോഗം നടക്കുമ്പോൾ വ്യത്യസ്ഥങ്ങളായ മനോഭാവങ്ങളെ മുഴുവൻ ക്രമീകരിക്കാൻ സാധിക്കുന്നു. ചോദനകളുടെ ഈ വിധത്തിലുള്ള സംയോഗം നമ്മെ കർമ്മം ചെയ്യാനല്ല പ്രേരിപ്പിക്കുന്നത്. അത് സഹൃദയ ഹൃദയത്തിൽ ശാന്തതയുടെ സവിശേഷാവസ്ഥ സൃഷ്ടിക്കുന്നു. കലാപരമായ സൗന്ദര്യാനുഭൂതിയുടെ ഭൂമികയെന്ന് ഈ അവസ്ഥയെ വിവരിക്കാനാകുമെന്നുകൂടി"[35] സ്ഥാപിച്ചു.

ചോദനകളെ വ്യക്തമായും രണ്ട് മാർഗ്ഗത്തിൽ ക്രമീകരിക്കാൻ സാധിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. ഒന്ന് ത്യജിക്കുന്നതിന് പകരം ഗ്രഹിച്ചുകൊണ്ട്, മറ്റൊന്ന് ഗ്രഹിക്കുന്നതിന് പകരം ത്യജിച്ചുകൊണ്ട് ഒന്ന് സമുദ്ഗ്രഥനം (Synthesis) മറ്റൊന്ന് നിഷ്കാസനം (clamentation) വഴി. ഏതൊരു മാനസികാവസ്ഥ സൃഷ്ടിക്കുന്നതിലും ഒരു പരിധിവരെ രണ്ട് മാർഗ്ഗങ്ങളും അവലംബിക്കേണ്ടതായി വരാമെന്ന് റിച്ചാർഡ്സ് വിശ്വസിച്ചു. സാഹിത്യാദികലകൾ സമുദ്ഗ്രഥിതങ്ങളായ അനുഭവങ്ങളുടെ ആവിഷ്ക്കാരമാണ്. സമരസപ്പെട്ട മനസ്സ് സൗന്ദര്യ സുലളിതമാണ്. സൗന്ദര്യം സിനേസ്തിസിസ് അഥവാ സംയോഗമാണ്. സംയോഗം ഒരു നിശ്ചലാവസ്ഥയല്ല, നിർജ്ജീവവുമല്ല. സിനോസ്തീസ് എന്നത് ചിന്തയുടേയും വികാരത്തിന്റേയും ഒരു സംയുക്താവസ്ഥയാണ്. റിച്ചാർഡ് 'സിനോസ്തിസിസ്' എന്ന തത്ത്വത്തെ പ്രതിഷ്ഠിക്കുന്നത് മനഃശാസ്ത്രത്തിലാണെന്ന് പറയാം.

"കവിയുടെ അനുഭവമാണ് കവിതയിൽ പദഘടനയായി മാറുന്നത്. ആശയങ്ങളുടെ നിർജ്ജീവങ്ങളായ പ്രതീകങ്ങളല്ല കവിതയിലെ പദങ്ങൾ. ശാസ്ത്രപ്രസ്താവം സത്യമാണ്; കവിത അയഥാർത്ഥ കഥനവും. എന്നാൽ മറ്റേതെങ്കിലും തരത്തിൽ അഭികാമ്യമായ മനോഭാവങ്ങൾ ജനിപ്പിക്കുകയോ, മനോഭാവങ്ങളെ ബന്ധിപ്പിക്കുകയോ ചെയ്യാൻ ഉതകുമെങ്കിൽ, ഈ വ്യാജ കഥനം സത്യമാണ്. ക്രിയോൻമുഖമായ മനോഭാവമങ്കുരിപ്പിക്കുന്നതിനാൽ കവിത സത്യം തന്നെ"[36] എന്ന് സ്ഥാപിച്ചു.

**സാർത്ര്**

അസ്തിത്വവാദത്തെ തികച്ചും സ്വകീയമായ ഒരു ദർശനമായി

നിബന്ധിച്ചെടുത്ത സാർത്ര് സാഹിത്യകാരൻ സർവ്വ സ്വതന്ത്രനാണെന്ന് വാദിച്ചു. അദ്ദേഹത്തിന്റെ പ്രതിപാദ്യം സ്വാതന്ത്ര്യമാകുന്നു. സ്വാതന്ത്ര്യമില്ലാതെ സർഗ്ഗാത്മക സാഹിത്യമോ കലകളോ ഇല്ല തന്നെ. സ്വാതന്ത്ര്യത്തിന്റെ ഉരകല്ല് ജീവിതത്തിലെ അത്യാസന്ന സന്ദർഭങ്ങളാണ്. മനുഷ്യൻ സ്വാതന്ത്ര്യം അനുഭവിച്ചറിയുന്നതും സ്വയം സൃഷ്ടിക്കുന്നതും അത്തരം ഘട്ടങ്ങളിലാണ്. അതിർത്തികളിൽ നിൽക്കുന്ന മനുഷ്യാത്മാക്കളുടെ കഥയാണ് സാഹിത്യം. മൂർദ്ധന്യാവസ്ഥകൾ, പ്രതിസന്ധികൾ, സംഘർഷാത്മക ഘട്ടങ്ങൾ, ആപത്മുഹൂർത്തങ്ങൾ ഇവയാണ് സാഹിത്യ സൃഷ്ടിക്ക് നിദാനമായി ഭവിക്കുന്നത്[37] എന്ന് സാർത്ര് വിശ്വസിച്ചു. സാർത്ര് ഏതാനും വിമർശനതത്ത്വങ്ങൾ കൂടി നിരത്തുന്നു. ഒന്ന്, ഏത് സാഹിത്യ സൃഷ്ടിക്കും ഒരു സമൂഹം ആവശ്യമാകുന്നു. രണ്ട്, ഏത് സാഹിത്യവും ഒരുമിച്ച് സൃഷ്ടിക്കുന്നു. മൂന്ന്, ഏത് സാഹിത്യകാരനും ഒരു പ്രത്യേകാവസ്ഥയിൽ പെട്ടിരിക്കുന്നു. നാല്, സാഹിത്യകാരൻ ഈ അവസ്ഥയിൽ ഉൾപ്പെടുകയും ഈ അവസ്ഥയെ ഉൾക്കൊള്ളുകയും ഇതിനെ ഉല്ലംഗിക്കുകയും ഈ അവസ്ഥയ്ക്ക് രൂപം നൽകുകയും ചെയ്യുന്നു. അഞ്ച്, പ്രതിഭാശാലി സൃഷ്ടിക്കുന്ന മിത്ത് സർവ്വ സ്വതന്ത്രമായിരിക്കും. ആറ്, ചരിത്രമോ മതമോ അംഗീകൃതമൂല്യമോ ദർശനമോ പ്രതിഭയുടെ സ്വഛന്ദവ്യാപാരത്തെ ഒരു തരത്തിലും നിയന്ത്രിച്ചുകൂടാ. ഏഴ്, സാഹിത്യം നിശ്ചലമല്ല, ബാഹ്യലോകാതിഷ്ഠിതമല്ല, ജഡീഭൂതമല്ല. സാഹിത്യം പുരോഗമിയാണ്, ആന്തരികമാണ്, സജീവമാണ്. എട്ട്, സാഹിത്യത്തിൽ വിഷയം എപ്പോഴും മനുഷ്യനാണ് – സ്ഥലകാലത്തിൽപ്പെട്ട മനുഷ്യൻ തന്നെയെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

**റിയലിസം**

"കാല്പനിക പ്രസ്ഥാനത്തെ പുറം തള്ളിക്കഴിഞ്ഞ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തോടെ ആദ്യം നോവൽ സാഹിത്യത്തിലും പിന്നീട് മറ്റ് വിവിധ കലാരൂപങ്ങളിലും പ്രകടമാവുകയും ആ നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ശക്തി പ്രാപിക്കുകയും ചെയ്ത ഒന്നാണ് റിയലിസം അഥവാ യഥാതഥാ പ്രസ്ഥാനം. ബൽസാക്ക്, സ്റ്റെൻഡാൽ, ടോൾസ്റ്റോയി തുടങ്ങിയവർ യൂറോപ്യൻ വൻകരയിലും ഡിക്കൻസ്, ഗാസ്ക്കൽ, ജോർജ് ഏലിയറ്റ്, ഹാർഡി തുടങ്ങിയവർ ബ്രിട്ടനിലും ഈ പ്രസ്ഥാനത്തെ വളർത്തി."[38] ബാഹ്യപ്രപഞ്ചത്തെ അവഗണിച്ച് സ്വപ്നലോകത്തേക്ക് പാലായനം ചെയ്യാൻ മുന്തിയ റൊമാന്റിക് സാഹിത്യം തലകുത്തി നടക്കുകയാണെന്ന് ശാസ്ത്ര ചിന്താഗതി പുലർത്തിയവർക്ക് തോന്നി. സാഹിത്യത്തെ ശരിക്കും കാലിൽ ഉറപ്പിച്ചു നിർത്തുകയായിരുന്നു റിയലിസ്റ്റുകളുടെ ലക്ഷ്യം. സാങ്ബോയുടേയും ടേനിന്റെയും വീക്ഷണം അടിസ്ഥാനപരമായും ശാസ്ത്രീയമായിരുന്നു. സാഹിത്യം റൊമാന്റിക്കുകൾ അവകാശപ്പെടുന്നതുപോലെ കേവലം അനുഭൂതിയുടെ സൃഷ്ടിയല്ല; സാഹിത്യജീവിതം സാഹിത്യകാരന്റെ

സൃഷ്ടികളെ ഗണ്യമായി സ്വാധീനിക്കുന്നുണ്ട്; അതുപോലെ വംശവും മില്യുവും മൊമന്റും. മനുഷ്യനെ പരിതസ്ഥിതികൾ സ്വാധീനിക്കുന്നു എന്ന ചിന്തക്ക് ഡാർവിൻ അംഗീകാരം നൽകി.

"ജീവിതത്തെ അതിന്റെ വിശദാംശങ്ങളോട് കൂടി മിക്കവാറും യഥാർത്ഥമായി ചിത്രീകരിക്കുക, അതിൽതന്നെ ഉത്തമാധാമഭേദം വേണ്ടെന്നു വെക്കുക, ഏതാണ്ടെല്ലാറ്റിനേയും ആകാശത്തു നിന്നും നിലത്തിറക്കി കാണിക്കുക – റിയലിസമാരംഭിച്ചത് ഏതാണ്ടീ കാഴ്ചപ്പാടുമായിട്ടാണ്."[39] റിയലിസത്തിന് കൂടുതൽ പ്രചോദനം നൽകിയത് കോംതെയുടെ 'പോസിറ്റീവിസ്റ്റ് തത്ത്വചിന്ത' യാണ്. ആധുനികഘട്ടം സോഷ്യോളജിയുടേതാണെന്നും കോംതെ വാദിച്ചു. ഡാർവിനിസവും പോസിറ്റിവിസവും സയന്റിഫിക് ഡിറ്റർമിനിസത്തെ ശക്തിപ്പെടുത്തി. ഹേതുക്കൾ നിശ്ചിതങ്ങളാവുമ്പോൾ ഫലവും നിശ്ചിതമാകാതെ വയ്യ. ഹേതുക്കൾ ഫലത്തെ നിർണ്ണയിക്കുന്നുവെന്ന് സ്പഷ്ടം. ഈ ഡിറ്റർമിനിസ്റ്റ് ചിന്താഗതി റിയലിസ്റ്റ് സാഹിത്യകാരന്മാരിൽ പ്രകടമായിട്ടുണ്ട്.

റിയലിസം ഒരു പ്രസ്ഥാനമെന്ന നിലയിൽ രംഗപ്രവേശം ചെയ്തത് ഫ്രഞ്ച് സാഹിത്യത്തിലാണ്. എം.എച്ച്. എബ്രാംസ് – ലിറ്ററി ടേംസ് എന്ന ഗ്രന്ഥത്തിൽ – ഡാനിയേൽ ഡിഫോ ആയിരുന്നു ആദ്യത്തെ റിയലിസ്റ്റെന്ന് അവകാശപ്പെടുകയും ഫ്രഞ്ച് സാഹിത്യകാരന്മാരെ വിസ്മരിക്കപ്പെടുകയും ചെയ്യുന്നു. റിയലിസം എന്ന സംജ്ഞ ആദ്യമായി ഉപയോഗിക്കുന്നത് ഇ.ബി.ഒ. ബോൾബർ ഹോഫ് എന്ന ഫ്രെഞ്ച് ലേഖകനാണ്. ബൽഡാക്കിന്റെ 'ലോകോമഡിഹ്യൂമൻ' എന്ന ഗ്രന്ഥം റിയലിസത്തിലേക്കുള്ള ആദ്യ കാൽവെപ്പുകളിൽ ഒന്നാണ്. സമുദായത്തെ സൂക്ഷ്മമായി നിരീക്ഷിക്കുക, വിശദമായി ചിത്രീകരിക്കുക എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. റൊമാന്റിസിസം ഒട്ടധികം സ്വകീയമാണെങ്കിൽ റിയലിസം ആവുന്നതും പരകീയമാണ്. "റൊമാന്റിസിസം ജീവിത യാഥാർത്ഥ്യങ്ങളെ മറികടന്ന് സ്വപ്നലോകങ്ങളിലേക്കും അനന്തതയിലേക്കും ചിറക് വിരിച്ച് പറന്നപ്പോൾ ആ പ്രവണതക്ക് എതിരായി പിറന്ന പ്രസ്ഥാനമാണ് റിയലിസം. ശാസ്ത്രത്തിന്റെ പുരോഗതിയും വ്യവസായ യുഗത്തിന്റെ പിറവിയും മറ്റും സാമുദായിക ജീവിതത്തിൽ വരുത്തിയ പരിണാമങ്ങളുടെ അലയടിയാണ് സാഹിത്യത്തിൽ പ്രത്യക്ഷമായ നൂതന പ്രവണത. അച്ചടിയുടെ കണ്ടുപിടുത്തം വായനക്കാരുടെ എണ്ണത്തെ വർദ്ധിപ്പിച്ചു. അവരിൽ ഭൂരിഭാഗവും തൊഴിലാളിവർഗ്ഗത്തിലും മധ്യവർഗ്ഗത്തിലും പെട്ടവരായിരുന്നു. എഴുത്തുകാരാകട്ടെ, അധികവും മധ്യവർഗ്ഗത്തിൽ പെട്ടവരായിരുന്നു. വായനക്കാരിൽ ഈ ഭൂരിഭാഗത്തിനുവേണ്ടി അവർ രചിച്ച സാഹിത്യമാണ് റിയലിസ്റ്റിക് സാഹിത്യമായി പ്രത്യക്ഷപ്പെട്ടത്."[40]

പ്രത്യക്ഷ ജീവിത യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യ ദീക്ഷയോടെ നിർഭയമായും സ്വതന്ത്രമായും പകർത്തിക്കാട്ടുകയാണ് സാഹിത്യകാരന്റെ

കർത്തവ്യമെന്ന് റിയലിസ്റ്റുകൾ വിശ്വസിച്ചു. കലാകാരൻ ആസ്വാദകരെ പ്രത്യേകമായ ഏതെങ്കിലും ജീവിത ദർശനത്തിലേക്കോ വിശ്വാസത്തിലേക്കോ എത്തിക്കാൻ ചുമതലപ്പെട്ടവനല്ല. ജീവിത യാഥാർത്ഥ്യങ്ങൾ ചിത്രീകരിച്ച് അനുഭൂതമാക്കുകയേ അയാൾ ചെയ്യേണ്ടതുള്ളൂ എന്ന നിലപാട് ശാസ്ത്രത്തിന്റെ ഗതിക്ക് അനുരോധമായിരുന്നു. ജീവിതം നിരീക്ഷിക്കുക, കാണുന്നതുപോലെ ചിത്രീകരിക്കുക എന്ന റിയലിസ്റ്റിക് സിദ്ധാന്തത്തിന്റെ പശ്ചാത്തലമിതായിരുന്നു. ജീവിത്തിലെ നഗ്ന യാഥാർത്ഥ്യങ്ങളെ സഹിത്യത്തിൽ ചിത്രീകരിക്കേണ്ടവ തന്നെയെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. അത് കലാഭംഗിയോടെ നിർവ്വഹിക്കണമെന്നേ നിർബന്ധമുള്ളൂ. നമ്മുടെയെല്ലാം അന്തക്കരണ ഭീതിക്ക് നേരെ പൊക്കിപ്പിടിച്ചിരിക്കുന്ന കണ്ണാടിയാണെന്നുകൂടി റിയലിസ്റ്റിക് സാഹിത്യത്തെ അദ്ദേഹം വിശേഷിപ്പിക്കുന്നു. റിയലിസം ഒരു സാഹിത്യ സംജ്ഞ എന്നതിനുപരി ഒരു സാമൂഹ്യ പരിവർത്തന ഉപാധിയായി കൂടി കുറ്റിപ്പുഴ കാണുന്നു.

### ദർശനപരം

പാശ്ചാത്യതത്ത്വചിന്തയുടെ തുടക്കം ഗ്രീസിൽ നിന്നാണ്. ഗ്രീക്ക് തത്ത്വചിന്തയിൽ പരാമർശിക്കപ്പെടാത്ത അടിസ്ഥാന പ്രശ്നങ്ങളൊന്നും പാശ്ചാത്യ തത്ത്വചിന്തയിൽ ഒരിടത്തും പരാമർശിക്കപ്പെട്ടിട്ടില്ല. ഗ്രീക്ക് തത്ത്വചിന്തയുടെ ചരിത്രം തുടങ്ങുന്നത് മിലീറ്റസ് കാരനെന്ന് കരുതപ്പെടുന്ന ഥെയിൻസിൽ നിന്നാണ്. ക്രിസ്തുവിന് മുമ്പ് 7, 6 നൂറ്റാണ്ടുകളിലായി ജീവിച്ചിരുന്ന ഥെയിൻസാണ് പാശ്ചാത്യ ചിന്തയിലെ ആദ്യത്തെ ഭൗതികവാദിയും. ഈ പ്രപഞ്ചത്തിന്റേയും ജീവന്റേയും അടിസ്ഥാന സത്ത ദ്രവ്യമാണെന്നും, ആദ്രവ്യം ജലമാണെന്നും ഥെയിൻസ് വാദിച്ചു. “ദൃശ്യങ്ങളുടെ മുഴുവൻ പദാർത്ഥങ്ങളേയും ജലത്തിൽ ഏകീകരിച്ച ഥെയിൻസിനെ പൈതഗോറസ് അംഗീകരിച്ചില്ല. അനുഭവവേദ്യങ്ങളായ സമസ്ത പദാർത്ഥങ്ങൾക്കും അപ്പുറത്ത് രൂപത്തിന്റെ മഹാസാമാന്യം മാറാതെ നിൽക്കുന്നുണ്ടെന്ന് പൈതഗോറസ് വിശ്വസിച്ചു. ഈ രണ്ട് ചിന്താപദ്ധതികളിൽ അന്തർഭവിച്ചിരുന്ന രണ്ട് പ്രശ്നങ്ങളാണ് തുടർന്ന് വന്ന ഹെരാക്ലീറ്റസും സീനോയും ഉന്നയിച്ചത്. മാറ്റത്തിനതീതമായി ഈ പ്രപഞ്ചത്തിൽ എന്തെങ്കിലും അവശേഷിക്കുന്നുണ്ട് എന്ന് അനുഭവത്തിൽ നിന്ന് അനുമാനിക്കാനാവില്ലെന്നും; മാറ്റം മാത്രമാണ് സത്യമെന്നും ഹെരാക്ലീറ്റസ് വിശ്വസിച്ചു.”[41]

ഈ പ്രപഞ്ചത്തിൽ ഒരു വസ്തുവും അണവിടപോലും മാറുന്നില്ലെന്നും മാറ്റം തോന്നലാണെന്നും പാർമിനൈഡ്സും, സീനോയും വിശ്വസിച്ചു. നിയതമായ എന്തെങ്കിലും ഈ പ്രപഞ്ചത്തിൽ നിലനിൽക്കുന്നുണ്ടെന്ന് സോഫിസ്റ്റുകൾ വിശ്വസിച്ചില്ല. പ്രത്യക്ഷത്തിനപ്പുറം പ്രമാണമില്ലെന്നും അനുമാനത്തിന്റെ അടിത്തറക്ക് പ്രത്യക്ഷത്തിന്റെ പിൻബലമില്ലെന്നും അവർ വാദിച്ചു. ഈ വിധം

അലങ്കോലപ്പെട്ടുകിടന്ന അനുഭവലോകത്തേക്കാണ് സോക്രട്ടീസ് കടന്നുവന്നത്. പ്ലേറ്റോയുടെ ചിന്താ പ്രപഞ്ചത്തിലെ ആശയ ഭാസ്ക്കരൻ സോക്രട്ടീസാണ്.

**പരമാണുവാദം (Atomism)**

വൈവിദ്ധ്യപൂർണ്ണവും അപരിവർത്തനീയവുമായ, സ്ഥലകാല പരിധിക്കും പരിണാമത്തിനും വിധേയമായ പദാർത്ഥങ്ങൾ ഉണ്ടെന്നു സമർത്ഥിക്കുന്ന സിദ്ധാന്തത്തിനാണ് പരമാണുവാദമെന്ന് പറയുന്നത്. ഇത് നൈരന്തര്യവാദ (Synechism) ത്തിൽ നിന്നും വിഭിന്നമായ ഒരു സിദ്ധാന്തമാണ്. ഇതിനൊരു ഉദാഹരണമാണ് ഡെമോക്രീറ്റസിന്റെ അണുസിദ്ധാന്തം. ഡെമോക്രീറ്റസിന്റെ അഭിപ്രായത്തിൽ 'സത്ത' (being) എന്ന് പറയാവുന്നത് അണുക്കളെ (Atoms) ആണ്. വിഭജിക്കാനും വേർതിരിക്കാനാവാത്തതുമായ അണുക്കളെ ഉണ്ടാക്കാനോ നശിപ്പിക്കാനോ മാറ്റം വരുത്താനോ സാദ്ധ്യമല്ല. അണുക്കളുടെ ചലനാത്മക സ്വഭാവമാണ് 'സത്ത' യ്ക്ക് അടിസ്ഥാനം.[42] ലൂക്രേഷ്യസ്, എപ്പിക്യൂറസ് തുടങ്ങിയ ഗ്രീക്ക് ചിന്തകന്മാർ ഈ സിദ്ധാന്തത്തെ അനുകൂലിച്ചു. ചില പദാർത്ഥങ്ങൾ പരസ്പരം ബന്ധപ്പെട്ടോ കൂട്ടിച്ചേർന്നോ ആണ് നിലകൊള്ളുന്നത് എന്ന ആശയത്തിൽ നിന്നും വ്യതിരിക്തമായ അണു സിദ്ധാന്തം പറയുന്നത് ചില വസ്തുക്കൾ യാദൃശ്ചികമായി മാത്രം ബന്ധപ്പെട്ടതോ തികച്ചും സ്വതന്ത്രങ്ങളോ ആണെന്നാണ്.

യുക്തിവാദനിഷ്ഠമായ പരമാണുവാദത്തിൽ ബന്ധങ്ങൾ ബാഹ്യങ്ങളാണെന്നും ഒരു നിശ്ചിത പദ്ധതിയിൽ ചില യഥാർത്ഥ ലഘുഘടകങ്ങൾ ഒഴിച്ചുള്ളതാണെന്നും അത്തരം പ്രമേയങ്ങൾ ആ പദ്ധതിയെ സംബന്ധിച്ചിട ത്തോളം അടിസ്ഥാനപരമാണെന്നും റസ്സൽ അഭിപ്രായപ്പെടുന്നുണ്ട്. മനഃശാസ്ത്രത്തിന്റെ മണ്ഡലത്തിൽ പരമാണുവാദത്തിന് മനഃശാസ്ത്രപരമായ പരമാണുവാദമെന്ന് പേര് നൽകപ്പെട്ടു. ഏതൊരു മാനസികാവസ്ഥയേയും ലഘുവും വ്യത്യസ്ഥവുമായ ഘടകങ്ങളുമായി വിശകലനം ചെയ്യാവുന്നതാണെന്ന് അത് സമർത്ഥിക്കുന്നു. ഭൗതിക വാദത്തിന്റെ ഉദയം അണുതത്ത്വ വിചാരത്തിലാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിൽ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് തന്നെ ഇത്തരം ചിന്താപദ്ധതിക്ക് തുടക്കം കുറിച്ചിരുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ ശാസ്ത്ര ലോകം വളരെ വൈകിയാണ് ഈ സിദ്ധാന്തങ്ങൾ തുറന്ന് നോക്കിയതെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നുണ്ട്.

**എപ്പിക്യൂറിയൻ സിദ്ധാന്തം (Epicurean Tehory)**

എപ്പിക്യൂറിയൻ സിദ്ധാന്തത്തിന്റെ സ്ഥാപകനായ എപ്പിക്യൂറസ് ബി.സി. 342 നും 270 നും ഇടയ്ക്കാണ് ജീവിച്ചത്. അണുക്കളടങ്ങിയ ഒരു യാന്ത്രിക ഘടനയാണ്

പ്രപഞ്ചം എന്നദ്ദേഹം സിദ്ധാന്തിച്ചു. വളരെ ചെറിയ സംവേദന ക്ഷമമല്ലാത്ത പദാർത്ഥങ്ങൾ കൊണ്ട് നിർമ്മിതമാണ് വസ്തു (matter)[43] എന്നും സ്ഥാപിച്ചു. ഇച്ഛാസ്വാതന്ത്ര്യത്തിൽ എപ്പിക്യൂറസ് വിശ്വസിച്ചു. യുക്തി ഉപയോഗിച്ച് നല്ലത് തെരഞ്ഞെടുക്കാനുള്ള കഴിവ് മനുഷ്യനുണ്ട്. നന്മയിൽ നിന്ന് സന്തോഷവും തിന്മയിൽ നിന്ന് ദുഃഖവും ഉണ്ടാകും. ക്രിസ്തുമതത്തിന്റെ ഉദയത്തോടുകൂടി ഈ തത്ത്വ ചിന്താപദ്ധതി ക്ഷയിച്ചുപോയെങ്കിലും അണുശാസ്ത്രത്തെക്കുറിച്ച് ഇതിൽ നൽകിയിട്ടുള്ള സൂചനകൾ പ്രധാനമാണ്. പ്രത്യക്ഷ ജ്ഞാനത്തെ പ്രമാണമാക്കി സ്വീകരിച്ച തത്ത്വജ്ഞാനിയായാണ് കുറ്റിപ്പുഴ എപ്പിക്യൂറസിനെ കാണുന്നത്. പ്രപഞ്ചത്തിന്റെ പ്രവർത്തനങ്ങൾക്ക് ബാഹ്യമായ ഒരു ശക്തിയുടേയും ആവശ്യമില്ലെന്ന ഭൗതിക ചിന്തകളാണ് കുറ്റിപ്പുഴയെ ഏറെ ആകർഷിക്കുന്നത്.

**ദ്വന്ദവാദം (Dualism)**

തത്ത്വചിന്തയിൽ ഭൗതികവാദത്തിനും ആധ്യാത്മവാദത്തിനും തുല്യപ്രാധാന്യം കൊടുക്കുന്ന സിദ്ധാന്തമാണിത്. ഇത് ഏകസത്വവാദ (മോണിസം)ത്തിന് എതിരാണ്. ഭൗതികവാദത്തേയും ആദ്ധ്യാത്മവാദത്തേയും ഡുവലിസം രഞ്ജിപ്പിക്കുന്നു. ദെക്കാർതെ, കാന്റ് എന്നിവരുടെ തത്ത്വചിന്തകളിൽ ഡുവലിസത്തിന്റെ സ്വാധീനം കാണാം. ദക്കാർതെയുടെ അഭിപ്രായത്തിൽ മനസ്സ് തീർത്തും ആദ്ധ്യാത്മികമായതും വലുപ്പം, സ്ഥാനം ഇവ ഇല്ലാത്തതുമാണ്. ശരീരം തീർത്തും ഭൗതികവുമാണ്. ഇപ്രകാരം ഒരു മനുഷ്യൻ ഈ രണ്ട് വ്യത്യസ്തതകളും ഉൾക്കൊള്ളുന്ന ഒരു ദ്വന്ദമാണ്. ശരീരമില്ലാതെ മനസ്സിന് നിലനിൽക്കാനാവും, എന്നാൽ മനസ്സില്ലാതെ ശരീരത്തിന്റെ നിലനിൽപ് സാധ്യമല്ല.[44] മനസ്സും ശരീരവും സമാന്തരങ്ങളാണെന്ന വാദത്തിന്റെ തത്ത്വചിന്താപരമായ അടിസ്ഥാനമാണിത്. മനസ്സും ശരീരവും തമ്മിലുള്ള വേർതിരിക്കാൻ കഴിയാത്ത ബന്ധത്തെക്കുറിച്ച് കുറ്റിപ്പുഴ പരാമർശിക്കുന്നുണ്ട്. എന്നാൽ മനസ്സുപോലും പദാർത്ഥത്തിന്റെ സൂക്ഷ്മരൂപമാണെന്ന നിഗമനത്തോടാണ് അദ്ദേഹത്തിന് ഏറെ യോജിപ്പ്. ഭൗതികം വിട്ടൊരു ആത്മീയത്തെക്കുറിച്ച് ചിന്തിക്കുവാൻ പോലും കുറ്റിപ്പുഴക്ക് കഴിയില്ല.

**ഏകസത്താവാദം (Monism)**

അടിസ്ഥാനപരമായി ഒരു യാഥാർത്ഥ്യം മാത്രമേയുള്ളൂവെന്നു സമർത്ഥിക്കുന്ന സിദ്ധാന്തം. ഏക സത്താവാദം അഥവാ മോണിസം എന്ന പദം ആദ്യമായി ഉപയോഗിച്ചത് ക്രിസ്ത്യൻ വൂൾഫ് എന്ന ജർമ്മൻ ദാർശനികനാണ്. ഏകസത്താവാദം പലപ്പോഴും ഏകത്വവാദം (Singularism) എന്ന പേരിൽ അറിയപ്പെടാറുണ്ട്. പുരാതന ചിന്തകന്മാരുടെ കൂട്ടത്തിൽ 'പർമേനിഡസ്' ഏകസത്താവാദത്തിന്റെ വക്താക്കളിൽ പ്രമുഖനായിരുന്നു. എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന പ്രപഞ്ച സ്വഭാവമെന്ന സിദ്ധാന്തത്തിന്റെ വിപരീതമെന്ന്

കരുതാവുന്ന ഒരു രീതിയിലാണ് അദ്ദേഹം പ്രപഞ്ചത്തെ കണ്ടത്. പർമേനിഡസിനെ സംബന്ധിച്ച് പ്രപഞ്ചം പൂർണ്ണവും സ്ഥിരവുമാണ്.[45] ഹെരാക്ലീറ്റസിന്റെ പരിണാമ വാദത്തെ നിഷേധിച്ച അദ്ദേഹം അടിസ്ഥാന സത്തയായി നിലകൊള്ളുന്ന യാഥാർത്ഥ്യം ഏകമാണെന്ന് സമർത്ഥിച്ചു. ഉള്ളതിനെക്കുറിച്ച് മാത്രമേ ചിന്തിക്കാൻ കഴിയൂ എന്നും ഇല്ലാത്തതിനെപ്പറ്റി ചിന്തിക്കുക സാദ്ധ്യമല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ഏക സത്താവാദത്തിന്റെ ആധുനിക വക്താവ് സ്പിനോസയാണ്. അദ്ദേഹത്തിന്റെ ദർശനത്തെ ഹെഗൽ യാഥാർത്ഥ്യത്തിന്റെ ദർശനമെന്ന് വിശേഷിപ്പിച്ചു. യഥാർത്ഥവസ്തുവിന്റെ അനേകത്വം അസംഭാവ്യമാണെന്ന് സ്പിനോസ വാദിച്ചു. യഥാർത്ഥ വസ്തുവിന് അദ്ദേഹം നൽകിയ പേര് കേവല യാഥാർത്ഥ്യമെന്നായിരുന്നു. ജ്ഞാന ശാസ്ത്രപരമായ ഏകസത്താവാദം യഥാർത്ഥ വിഷയവും അതിന്റെ ആശയവും ജ്ഞാനത്തെ സംബന്ധിച്ചിടത്തോളം ഏകമാണെന്ന് സമർത്ഥിക്കുന്നു.

**പ്രതിഭാസവാദം (Phenomenalism)**

മനുഷ്യന്റെ അറിവ് പ്രതിഭാസിക പ്രപഞ്ചത്തിനുള്ളിൽ ഒതുങ്ങുന്നതാണെന്ന സിദ്ധാന്തം. പ്രപഞ്ചത്തെക്കുറിച്ചുള്ള നമ്മുടെ എല്ലാവശ്വാസങ്ങളും ഉണ്ടാവുന്നത് പ്രത്യക്ഷത്തിലുള്ളത് അല്ലെങ്കിൽ അനുഭവങ്ങളിൽ നിന്നാണ്. അതുകൊണ്ട് തന്നെ അറിവ് നിലനിൽക്കുന്നത് ഇന്ദ്രിയാനുഭവങ്ങളുടെ അടിത്തറയിലാണ്.[46] പ്രതിഭാസിക പ്രപഞ്ചം താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്നു. (1) ഭൗതിക പ്രതിഭാസങ്ങൾ അതായത് അന്തർദർശന സാദ്ധ്യമായ വിഷയങ്ങളുടെ ആകത്തുക മനസ്സിലാക്കൽ. ഇതിന് രണ്ട് രൂപങ്ങൾ കൂടി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. (2) പ്രതിഭാസങ്ങളുടെ പിന്നിൽ ഒരു യാഥാർത്ഥ്യമുണ്ടെന്ന അഭിപ്രായത്തെ നിഷേധിക്കുന്നത്. റിനോവർ, ഷാഡ്‌വർത്ത്, ഹോഡ്ങ്‌സൺ എന്നീചിന്തകന്മാർ ഈ അഭിപ്രായത്തെ പിൻതാങ്ങി. (2) വസ്തുതത്ത്വത്തിന്റെ യാഥാർത്ഥ്യത്തെ വ്യക്തമായി അംഗീകരിക്കുകയും എന്നാൽ അതേയവസരത്തിൽ തന്നെ അതിന്റെ ഗ്രഹണ സാദ്ധ്യതയെ നിഷേധിക്കുകയും ചെയ്യുന്നുണ്ട്. കാന്റ്, സ്പെൻസർ എന്നീ ചിന്തകന്മാർ ഈ അഭിപ്രായത്തെ പിൻതാങ്ങി. ദൃശ്യപ്രപഞ്ചമാണ് പ്രതിഭാസിക പ്രപഞ്ചം. യഥാർത്ഥ പ്രപഞ്ചത്തിൽ നിന്ന് അത് വ്യത്യസ്തമാണ്. ദൃശ്യലോകത്തെപ്പറ്റി മാത്രമാണ് നാം അറിയുന്നതെന്നും യഥാർത്ഥലോകം നമ്മുടെ അറിവിന് അപ്പുറത്തുള്ളതാണെന്നും കാന്റ് പറയുന്നു. സഹസ്രാബ്ധങ്ങളായി പ്രപഞ്ചത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റേയും അഭിപ്രായങ്ങളുടേയും ദ്വന്ദമുഖമാണ് ഈ വാദത്തിലും ദൃശ്യമാകുന്നത്. ദൃശ്യപ്രപഞ്ചത്തിനപ്പുറം മറ്റൊരു ലോകമുണ്ടെന്ന് വിശ്വസിക്കുവാൻ കുറ്റിപ്പുഴക്ക് കഴിയുന്നില്ല.

**ആദർശവാദം (Idealism)**

അടിസ്ഥാനപരമായി ഏതൊന്നിനേയും ആദർശത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്ന ഒരു പ്രസ്ഥാനം അഥവാ സിദ്ധാന്തമാണ് ആദർശവാദം. പ്രായോഗികവും സിദ്ധാന്തപരവുമായ എല്ലാ വീക്ഷണങ്ങളും മനസ്സിനേയും തത്തുല്യമായ മറ്റ് മൂല്യങ്ങളേയോ വ്യാഖ്യാനിക്കുന്നവയാണ്. ഭൗതികവാദത്തിന് കടകവിരുദ്ധമായ ഒരു പ്രസ്ഥാനമാണിത്. ഇന്ദ്രിയാനുഭവവേദ്യവും ദൃശ്യവും മൂർത്തവുമായ ഒരു ലോകത്തെപ്പറ്റി ഭൗതികവാദം പറയുന്നു. എന്നാൽ ആദർശവാദമാകട്ടെ ബാഹ്യപ്രപഞ്ചം മനസ്സിന്റെ സൃഷ്ടിയാണെന്ന് സ്ഥാപിക്കുവാനാണ് ശ്രമിക്കുന്നത്. ഒരു വസ്തുവിന്റെ അസ്തിത്വം അതിന്റെ സംവേദനക്ഷമതയെ ആശ്രയിച്ചിരിക്കുന്നുവെന്ന ബർക്കിലിയുടെ ആശയവാദം പ്രസക്തമാണ്.[47]

ഐഡലിസം എന്ന പേരുണ്ടായത് പതിനേഴാം നൂറ്റാണ്ടിലാണ്. പ്ലേറ്റോയുടെ ഭാവ സിദ്ധാന്തവും ലോക്കിന്റേയും ഡെക്കാർട്ടിന്റേയും 'ആദർശ' വും ചർച്ച ചെയ്യപ്പെട്ടപ്പോഴാണ് അതിൽ നിന്ന് ഈ പേരുണ്ടായത്. ഈ ലോകം അഭൗതികമാണെന്ന ആദർശവാദത്തിന്റെ തത്ത്വത്തിന് വമ്പിച്ച പ്രചാരണം നൽകിയത് ഇമ്മാനുവൽ കാന്റാണ്. ആദർശവാദത്തിനു വ്യക്തിനിഷ്ഠവും അവ്യക്തിനിഷ്ഠവുമായ രണ്ട് രൂപങ്ങളുണ്ട്. അവ്യക്തിനിഷ്ഠമായ ആദർശവാദം അതീന്ദ്രിയവും ആത്മീയവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. വ്യക്തിനിഷ്ഠമായ ആദർശവാദം ആത്മവിശ്വാസത്തിന്റെ വൃഷ്ടിയായ രൂപത്തെപ്പറ്റി പറയുന്നു. മനസ്സിൽ നിന്ന് ഭിന്നമായ ഒന്നിനേയും ആദർശവാദം കാണുന്നില്ല. യാഥാർത്ഥ്യനിഷ്ഠമായ ആസ്തക്യം മനസ്സുമായി ബന്ധപ്പെടാത്ത സ്വാതന്ത്ര്യവും സർവ്വവ്യാപിയായ വസ്തുക്കളുമുണ്ടെന്ന് വിശ്വസിക്കുന്നു. എന്നാൽ അവ സർഗ്ഗശക്തിക്ക് വിധേയമാണ്. യാഥാർത്ഥ്യനിഷ്ഠവുമായ നാസ്തികത്വം സർഗ്ഗശക്തിക്കോ ഐശ്വര്യസത്തക്കോ അംഗീകാരം നൽകുന്നില്ല. ഡെക്കാർട്ടിസിന്റേയും ക്യാമ്പൽ ലേയുടേയും ദർശനങ്ങൾ ശുദ്ധമായ ആദർശവാദത്തിലേക്ക് വഴിതെളിച്ചു. ഭൗതിക ലോകത്തിന്റെ അസ്ഥിരതയെപ്പറ്റി പറഞ്ഞ ലൈബ്നിസ് ആദർശവാദത്തിന് കൂടുതൽ സംഭാവന നൽകി. ലോക്ക്, സ്പീനോസ്, ബർക്കിലി എന്നിവരും ഇതിന്റെ പ്രചാരകരായിരുന്നു. എന്നാൽ കാന്റും കൂട്ടരും ആദർശവാദത്തിന്റെ മുഖ്യ അമരക്കാരായിരുന്നു.

ഐഡലിസത്തെ ആദർശവാദമെന്ന് സ്വീകരിക്കുവാൻ കുറ്റിപ്പുഴ തയ്യാറല്ല. അതിൽ ഒരു പ്രത്യേക ആദർശവും കാണാൻ കഴിയാത്തതിനാൽ ആശയവാദമെന്ന തർജ്ജിമയാണ് കൂടുതൽ ശരിയെന്ന് കണ്ടെത്തുന്നു. ചിന്താലോകത്തിലെ ഒരു തലകുത്തി നടപ്പായി മാത്രമേ ആശയവാദത്തെ കുറ്റിപ്പുഴക്ക് കാണുവാൻ

കഴിയുന്നുള്ളൂ. ഭൗതിക യാഥാർത്ഥ്യങ്ങളുടെ നേരേ നോക്കാതെ അവയിൽ നിന്നോടി രക്ഷപ്പെടാൻ കണ്ടുപിടിച്ച തത്ത്വമാർഗ്ഗമെന്നാണ് ആശയവാദത്തെ അദ്ദേഹം വിശേഷിപ്പിക്കുന്നത്.

**ശുഭാപ്തിവാദം (Optimism)**

ശുഭപ്രതീക്ഷയും വിജയവും വിശ്വാസവുമാണ് ദാർശനികസത്ത എന്ന അഭിപ്രായത്തെ പ്രതിനിധാനം ചെയ്യുന്ന സിദ്ധാന്തം. നാം കാണുന്ന ലോകം വളരെ ചീത്തയല്ല, വളരെ നല്ലതുമല്ല എന്ന് ആശയവാദം പറയുന്നു. എന്നാൽ ജീവിതം നല്ലതാണ്. മനുഷ്യന്റെ ഭാവി ഭാസുരമാണ്.[48] ലൈബ്നിസ്സ് തന്റെ 'തിയോഡിസി'യിൽ ഈ സിദ്ധാന്തത്തിന്റെ ദാർശനിക രൂപം സമുചിതമായി അവതരിപ്പിച്ചിട്ടുണ്ട്. ഈ ലോകത്തേക്കാൾ കുറേക്കൂടി നല്ലതായ ഒരു ലോകം സൃഷ്ടിക്കേണ്ടത് ആവശ്യമാണെന്ന് ദൈവത്തിന് തോന്നുകയും അദ്ദേഹം അതിന് ഇച്ഛിക്കുകയും ചെയ്തിരുന്നുവെങ്കിൽ നിർണ്ണയമായും അങ്ങനെ സംഭവിക്കുമായിരുന്നുവെന്ന് അതിൽ വിവരിക്കുന്നുണ്ട്.

മനുഷ്യന് ലഭ്യമായ കാര്യാകാര്യവിവേചനശക്തിയെന്ന ഗുണം നശിപ്പിച്ചെങ്കിൽ മാത്രമേ തെറ്റുകുറ്റങ്ങൾ ഇല്ലാതാക്കാൻ, ദൈവത്തിന് കഴിയുമായിരുന്നുള്ളൂ. കാര്യാകാര്യ വിവേചന ശക്തിയാണ് യഥാർത്ഥത്തിൽ സദാചാരത്തിന്റെ അടിസ്ഥാനം. സർവ്വ നീതി ശാസ്ത്രങ്ങളും പരമമായ നന്മയെ അംഗീകരിക്കുന്നു. പ്ലേറ്റോയും മറ്റ് ആദർശവാദികളായ ദാർശനികരും ഇപ്രകാരം വിശ്വസിക്കുന്നവരാണ്. തുർഗോത്, ഹർഡർ, കോപ്തെ മുതലായ പലരും പുരോഗമനവാദത്തിന് മഹത്തായ സംഭാവന നൽകിയവരാണ്. സമുചിതമായ ചിന്തയും പ്രവർത്തനവുമാണ് ധാർമ്മിക പ്രയത്നങ്ങളെന്നും അവയെ ആശ്രയിച്ചാണ് നന്മ സ്ഥിതിചെയ്യുന്നതെന്നും അത് മാത്രമേ ഭാവിയിൽ ശാശ്വതമായി വർത്തിക്കുകയുള്ളൂവെന്നുമാണ് വിശ്വാസം.

**അശുഭാപ്തിവാദം (Pessimism)**

ജീവിതത്തോടും മനുഷ്യനോടുമുള്ള നിരാശാ പൂർണ്ണമായ സമീപനമാണ് അശുഭാപ്തിവാദം. മനോരോഗനിദാനശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ നാഡീസംബന്ധമോ, ശാരീരികമോ ആയ അപൂർണ്ണതകൾ കൊണ്ടാണ് ഇതുണ്ടാവുന്നത്. ജനസംഖ്യാവർദ്ധന, യന്ത്രീകരണം, അനിയന്ത്രിതമായ ഉപയോഗിതാവാദം എന്നിവയാണ് പ്രസ്തുത മനോഭാവത്തിന്റെ ഉല്പത്തിക്കുള്ള സാമൂഹ്യകാരണം. അശുഭാപ്തവാദം ഒരു മനുഷ്യനെ ഉദാസീനനും നിരാശനുമാക്കുന്നു. തിന്മയേയും സന്താപത്തേയും അത് പർവ്വതീകരിച്ച് കാണിക്കുന്നു. ലോകത്തോട് മുഴുവൻ അത് വെറുപ്പുണ്ടാക്കി തീർക്കുന്നു. "ഈ

മനോഭാവത്തിന് ബുദ്ധിപരമായ വ്യാഖ്യാനം നൽകുന്നതിനുള്ള ശ്രമങ്ങൾ ഷോപ്പൻഹോറി (1788 – 1860)നു മുമ്പ് നടന്നിട്ടുണ്ട്. ഷോപ്പൻഹോർ പ്രപഞ്ചം നികൃഷ്ടമാണെന്ന് പ്രഖ്യാപിച്ചു. മനുഷ്യജന്മം ദുഃഖം സഹിക്കാൻ വേണ്ടിയുള്ളതാണെന്നും അതുകൊണ്ട് ജീവിക്കാതിരിക്കുന്നതാണ് നല്ലതെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്."[49]

അന്ധവും ഉഗ്രവുമായ ഇച്ഛകൊണ്ടാണ് പ്രപഞ്ചവും ജീവിതവും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന് ഷോപ്പൻഹോർ വാദിച്ചു. ജീവിത നൈരാശ്യം ലഘുപ്പെടുത്തുന്നതിന് മൂന്ന് ഉപാധികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഒന്ന് സുകുമാര കലകൾ, പ്രത്യേകിച്ച് സംഗീതം. കലയുടെ സ്ഥായീഭാവവും ജീവിതത്തിന്റെ അവിശ്രമമായ ചലനവും ഉൾക്കൊള്ളുന്ന സംഗീതം ഇക്കാര്യത്തിൽ അമൂല്യമാണത്രെ. രണ്ടാമത് സഹതാപം. മൂന്നാമത് ജീവിക്കുന്നതിനുള്ള ഇച്ഛതന്നെ ത്യജിക്കുക. അശുഭാപ്തിവാദത്തെ ദോഷാനുദർശനം എന്നാണ് കുറ്റിപ്പുഴ നാമകരണം ചെയ്യുന്നത്. തത്ത്വശാസ്ത്രത്തിന്റെ ഉദയം മരണത്തെപ്പറ്റിയുള്ള ചിന്തയിൽ നിന്നാണ് ഉടലെടുത്തതെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ദോഷാനുദർശനത്തിന്റെ ഉദയം ഭാരതീയ വേദാന്തത്തിലാണെന്നും ബുദ്ധദർശനത്തിലൂടെ വളർന്ന ഈ ദർശനം ജർമ്മനിയിലും ഇതര പാശ്ചാത്യ ദേശങ്ങളിലും വ്യാപിച്ചുവെന്നും കുറ്റിപ്പുഴ തെളിയിക്കുന്നു.

**അനുഭവൈകവാദം (Empiricism)**

ജ്ഞാനത്തിനുള്ള ഏക സ്രോതസ്സ് ഇന്ദ്രിയാനുഭവങ്ങൾ മാത്രമാണെന്നും എല്ലാ അറിവും അനുഭവത്തിലധിഷ്ഠിതമാണെന്നും അവ ലഭിക്കുന്നത് അനുഭവത്തിലൂടെയാണെന്നും അഭിപ്രായപ്പെടുന്ന തത്ത്വശാസ്ത്ര ശാഖ. എല്ലാ അറിവും അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയായതിനാൽ അതിന് പരിധിയുണ്ട്. അനുഭവത്തിനപ്പുറമുള്ള അറിവ് സാധ്യമല്ല എന്നു തന്നെയാണ് ഈ വാദം സാക്ഷ്യപ്പെടുത്തുന്നത്. 'സ്കൂൾ ഓഫ് ബ്രിട്ടീഷ് എംപരിസിസം' എന്നതിന്റെ സ്ഥാപകനായ ജോൺ ലോക്ക്, ജോർജ്ജ് ബർക്ലി, ഡേവിഡ് ഹ്യൂം, മിൽ എന്നിവർ തികഞ്ഞ എംപരിസിസ്റ്റ് ആയി അറിയപ്പെടുന്നു.[50] ആദർശപരമായ എംപരിസിസം, ഭൗതികവാദപരമായ എംപിരിസിസം എന്നും രണ്ട് തരമുണ്ട്. ആദർശപരമായ എംപിരിസിസം സംവേദനങ്ങളുടെ ആകെ തുക അഥവാ തോന്നൽ മാത്രമാണെന്നും അല്ലാതെ വസ്തുനിഷ്ഠമായ ലോകത്തിൽ അധിഷ്ഠിതമല്ലെന്നും അഭിപ്രായപ്പെടുന്നു. വസ്തുനിഷ്ഠമായ ബാഹ്യലോകമാണ് സംവേദനാനുഭവത്തിന്റെ കേന്ദ്രമെന്ന് ഭൗതികവാദികളായ എംപിരിസ്റ്റുകൾ സമർത്ഥിക്കുന്നു. പ്രകൃതിക്ക് അതിന്റേതായ ഒരു സ്വഭാവമുണ്ടെന്നും സാർവ്വത്രികമായി സാധുവായ ചില നിയമങ്ങൾക്കനുസരിച്ച് അത്

പ്രവർത്തിക്കുന്നുവെന്നും എംപിരിസിസം അഭിപ്രായപ്പെടുന്നു.

### ന്യായവാദം (Logism)

യുക്തിവാദ ശാഖാ സിദ്ധാന്തമാണിത്. തർക്കശാസ്ത്രത്തിന്റെ പ്രത്യേകിച്ച്. Set theory യുടെ ശാഖയാണ് ഗണിതശാസ്ത്രം എന്നാണ് ഈ ചിന്താഗതിക്കാരുടെ പ്രമാണം.[51] 1666-ൽ ലൈബ്നിസ് എല്ലാ വിജ്ഞാന ശാഖകളുടെ തത്ത്വങ്ങളും ആശയങ്ങളുമുൾക്കൊണ്ടതാണ് തർക്കശാസ്ത്രമെന്നു പറഞ്ഞപ്പോൾ ഇതുമുദ്ദേശിച്ചിരുന്നു. ഡെഡകിൻഡ്, ഫ്രെഗെ എന്നിവർ ഗണിത ശാസ്ത്ര സങ്കല്പങ്ങളെ തർക്ക ശാസ്ത്രസങ്കല്പങ്ങളുപയോഗിച്ച് നിർവ്വചിക്കാനാണ് ശ്രമിച്ചത്. പിയാനോ ആകട്ടെ, തർക്ക ശാസ്ത്ര ചിഹ്നമുപയോഗിച്ച് ഗണിത ശാസ്ത്ര സിദ്ധാന്തങ്ങളെ ആവിഷ്ക്കരിക്കാനും. എന്നാൽ റസ്സൽ വൈറ്റ്ഹെഡിന്റെ 'പ്രിൻസിപ്പിയ മാത്തമാറ്റിക്ക'യോടെയാണ് ലോജിസം അതിന്റെ പൂർണ്ണ വളർച്ച പ്രാപിച്ചത്. നിസ്സർഗ്ഗ സംഖ്യാശ്രേണിയുടെ അസ്തിത്വം ഒരു പ്രമാണമായെടുക്കുന്നു.

### അരാജകത്വവാദം (Anarchism)

സംഘടിത ഭരണകൂടങ്ങളും നിയമവ്യവസ്ഥയും ഈ ലോകത്ത് ആവശ്യമില്ല എന്ന് സിദ്ധാന്തിക്കുന്ന രാഷ്ട്രീയചിന്ത. മനുഷ്യർ നൈസർഗ്ഗികമായി നല്ലവരാണ്. സമൂഹമായി ജീവിക്കുക എന്നതാണ് അവരുടെ ജന്മവാസന പിന്നെന്തിനാണ് ഗവൺമെന്റ്? "സമൂഹത്തിൽ സമാധാനവും സംതൃപ്തിയും കൈവരുത്തുന്നതിനും നിലനിർത്തിക്കൊണ്ട് പോകുന്നതിനും ഗവൺമെന്റോ, നിയമങ്ങളോ അവ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സ്ഥാപനങ്ങളോ ആവശ്യമില്ല. പരസ്പര ധാരണ ധാരാളം മതി. ആ ധാരണ വ്യക്തികൾ തമ്മിലും ഗ്രൂപ്പുകൾ തമ്മിലും തന്നത്താൻ ഉണ്ടായിക്കൊള്ളും. വാസ്തവം പറഞ്ഞാൽ ഗവൺമെന്റ് ഉണ്ടെങ്കിലാണ് തകരാറ്. അനീതിപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് മാത്രമേ ഗവൺമെന്റുകൾ ഉപകരിക്കുകയുള്ളൂ. ഗവൺമെന്റിന്റെ പിൻബലമില്ലെങ്കിൽ സമൂഹത്തിൽ നിലവിലുള്ള അനീതിപരമായ വ്യവസ്ഥകൾ താനേ പൊയ്ക്കൊള്ളും ഇതാണ് അരാജകത്വവാദം"[52] ഇപ്പോഴത്തെ സാമൂഹ്യ വ്യവസ്ഥതിയിൽ സമൂലമായ പരിവർത്തനം ഉണ്ടാകണം എന്നാണ് അരാജകവാദികൾ പറയുന്നത്. സ്വകാര്യസ്വത്ത്, വർഗ്ഗവ്യത്യാസം ഇതെല്ലാം ഇല്ലാതാകണം. പരസ്പര സമ്മതിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നടക്കട്ടെ. ഗവൺമെന്റിനെ കൂടാതെ സാമൂഹിക സംവിധാനം അഭികാമ്യമെന്ന് മാത്രമല്ല, പ്രയോഗക്ഷമവുമാണെന്നാണ് അരാജകത്വവാദികൾ വിശ്വസിക്കുന്നത്.

ഭൂരിപക്ഷം സോഷ്യലിസ്റ്റുകളും നിയമനിർമ്മാണത്തിലും ഗവൺമെന്റ് എന്ന സ്ഥാപനത്തിലും വിശ്വസിക്കുമ്പോൾ, അനാർക്കിസ്റ്റുകൾ അങ്ങനെ

വിശ്വസിക്കുന്നില്ല. മിക്ക അനാർക്കിസ്റ്റുകളും ബലപ്രയോഗത്തിലൂടെയുള്ള വിപ്ലവത്തിന് വേണ്ടി ശ്രമിക്കുമ്പോൾ മറ്റ് ചിലർ അനുനയമാർഗ്ഗത്തെ അനുകൂലിക്കുന്നു. ഹെന്റി ഡേവിഡ് തോറോ, ലിയോ ടോൾസ്റ്റോയി, മഹാത്മാഗാന്ധി എന്നിവർ അനുനയമാർഗ്ഗത്തിലും അക്രമരഹിതമായ നിസ്സഹരണത്തിലും സിവിൽനിയമലംഘനത്തിലും വിശ്വസിച്ചിരുന്നവരാണ്. 'ഏറ്റവും കുറച്ച് മാത്രം ഭരിക്കുന്ന ഗവൺമെന്റാണ് നല്ലത് എന്നുള്ള വാദം ഞാൻ അംഗീകരിക്കുന്നു എന്നുമാത്രമല്ല, ഭരിക്കുകയോ ചെയ്യാത്ത ഗവൺമെന്റാണ് അത്യുത്തമം എന്നുകൂടി വിശ്വസിക്കുന്നു.' എന്നു തോറയുടെ 'സിവിൽ നിയമ ലംഘനം' എന്ന ഉപന്യാസത്തിന്റെ ഇന്ത്യൻ പതിപ്പിനുള്ള അവതാരികയിൽ ഗാന്ധിജി എഴുതി. സീനോയും അനബാപ്റ്റിസ്റ്റുകളിൽ ചിലരും അരാജകവാദത്തിന്റെ മുന്നോടികളായിരുന്നു. ആധുനികകാലത്ത് ഈ വാദത്തെപ്പറ്റി ആദ്യം അഭിപ്രായപ്രകടനം നടത്തിയത് ഇംഗ്ലീഷ് ഗ്രന്ഥകാരനായ വില്ല്യം ഗോഡ്വിനാണ്. അരാജകത്വം എന്ന പദം ഉപയോഗിക്കാതെ തന്നെ, രാഷ്ട്രം എന്നൊന്നില്ലാതെ, അത്യാവശ്യക്കാരന് കൂടുതൽ കൊടുത്തുകൊണ്ട് പൊതു ഉടമ സമ്പ്രദായത്തോടുകൂടി സ്വയംനിർണ്ണയാവകാശമുള്ള സമൂഹങ്ങളുടെ ഒരു സംവിധാനത്തെപ്പറ്റിയാണ് ഗോഡ്വിൻ പറഞ്ഞത്.

1840-ൽ പിയർ ജോസഫ് പ്രൂധോൺ എന്ന അരാജകത്വവാദിയാണ് അദ്ദേഹത്തിന്റെ 'സ്വത്ത്' എന്നാൽ എന്ത്? (What is property?) എന്ന ഗ്രന്ഥത്തിൽ അനാർക്കിസം എന്ന പദം സ്വീകരിച്ചത്. 'സ്വത്ത് എന്ന് പറഞ്ഞാൽ മോഷണമാണ്' എന്നാണ് പ്രൂധോൺ പറഞ്ഞത്. ഗവൺമെന്റ് എന്നൊന്നില്ലാത്ത ഒരു സമൂഹത്തിൽ നിയന്ത്രിതമായ ഉടമാവകാശം മാത്രം ആവാമെന്നായിരുന്നു പ്രൂധോന്റെ അഭിപ്രായം. വ്യഷ്ടിപാദത്തിൽ അധിഷ്ഠിതമായ അരാജകത്വത്തെ 'നീഷെ' അനുകൂലിച്ചു. 'മൈക്കേൽബകുനിന്റെ'[53] അനുയായികളാണ് അരാജക പ്രസ്ഥാനത്തിന് രാഷ്ട്രീയ പ്രാധാന്യം നൽകിയത്. പിന്നീട് ഈ പ്രസ്ഥാനത്തിന് പിന്തുണ നൽകിയത് 'പ്രിൻസ് ക്രോപ്ട്ട്കിനായിരുന്നു'[54] ലിയോ ടോൾസ്റ്റോയി അരാജകത്വവാദി എന്ന സംജ്ഞ സ്വയം സ്വീകരിക്കാതെ തന്നെ ആ ചിന്താഗതിക്ക് പിൻതുണ നൽകി.

ഇരുപതാം ശതകത്തിന്റെ മധ്യത്തോട് കൂടി, ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ അരാജക വാദത്തിന്റെ പ്രാധാന്യം മിക്കവാറും അസ്തമിച്ചുവെങ്കിലും ചിന്താപരമായ അതിന്റെ സ്വാധീനം തുടർന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വികേന്ദ്രീകരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് 1950 ന് ശേഷം ഈ ചിന്താഗതിയുള്ള പണ്ഡിതന്മാർ ഊന്നിപറയുന്നത്. ആധുനിക ബുദ്ധിജീവികളിൽ പലരേയും ഈ ചിന്താഗതി സ്വാധീനിച്ചിട്ടുണ്ട്. അരാജക സിദ്ധാന്തത്തിന്റെ

ആരാധകനാണ് കുറ്റിപ്പുഴ. ഭരണകൂടങ്ങൾ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നത് എപ്രകാര മെല്ലാമാണെന്ന് അദ്ദേഹം നിരവധി സന്ദർഭങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അധികാരം കേന്ദ്രീകരിക്കുന്നതും മാനവ സ്വാതന്ത്ര്യത്തിന് ആപത്താണെന്ന് സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ പലചിന്തകളോടും വിയോജിക്കുന്ന കുറ്റിപ്പുഴ അദ്ദേഹത്തിലെ അനാർക്കിസ്റ്റ് ആശയങ്ങളോട് യോജിക്കുന്നുമുണ്ട്.

**അസ്തിത്വവാദം (Existentialism)**

എക്സിസ്റ്റൻഷലിസം എന്നറിയപ്പെടുന്ന ആധുനിക ചിന്താസരണി രൂപം കൊണ്ടത് കിർകെഗാർഡ് (1813 - 1855) എന്ന ഡാനിഷ് ചിന്തകന്റെ മനുഷ്യ വ്യക്തിയുടെ കഴിവിനെക്കുറിച്ചുള്ള പഠനത്തിൽ നിന്നാണ്. നീഷെ, ബർഗ്സൺ മുതലായ ചിന്തകന്മാരുടെ ആശയങ്ങളും എക്സിസ്റ്റൻഷലിസത്തിന് രൂപം നൽകാൻ സഹായിച്ചിട്ടുണ്ട്. മനുഷ്യന്റെ ഏറ്റവും പ്രധാന ചുമതല തന്നത്താൻ അറിയുകയാണെന്ന് സോക്രട്ടീസ് പ്രസ്തവിച്ചതാണ് എക്സ്റ്റിൻഷലിസത്തിന്റെ പ്രാരംഭം കുറിച്ചതെന്ന് പറയാം. വൈപരീത്യങ്ങളും തിന്മയും നിറഞ്ഞ ലോകത്തിൽ താൻ ഒറ്റപ്പെട്ടവനാണെന്ന് കിർക്കഗാർഡിന് തോന്നി. ദുസ്സഹമായ ആ അനുഭവത്തെ ജയിക്കേണ്ടതെങ്ങനെയെന്നായിരുന്നു അദ്ദേഹം ചിന്തിച്ചത്. ഭയത്താലും ഉൽക്കടമായ ഉത്ക്കണ്ഠയാലും ചകിതവും പീഡിതവുമാണ് മനുഷ്യന്റെ അസ്തിത്വം. ഈ ദുരവസ്ഥയെ ജയിക്കുവാൻ അദ്ദേഹം ഈശ്വര സത്തയിലേക്ക് ഉന്മുഖനാവുകയാണ്. നാസ്തികരായ ഫ്രഞ്ച് അസ്തിത്വവാദികൾ ഇത് പാടേ നിഷേധിക്കുന്നു. മനുഷ്യനു മുകളിൽ അയാളെ സംരക്ഷിക്കുന്ന ശക്തിയായി ദൈവം എന്നൊരാളില്ല.

ഈ നൂറ്റാണ്ടിലെ ഇവരുടെ പിൻതലമുറക്കാർ തികച്ചും വ്യത്യസ്തവും ചിലപ്പോൾ പരസ്പര വിരുദ്ധവും ആയ പടവുകളിലാണ് നിലയുറപ്പിച്ചിരിക്കുന്നത്. അങ്ങനെ ആസ്തികരായ അസ്തിത്വ വാദികളും നാസ്തികരായ അസ്തിത്വ വാദികളുമുണ്ട്. കുടുത്ത വലതുപക്ഷ രാഷ്ട്രീയക്കാരും തീവ്ര ഇടതുപക്ഷ രാഷ്ട്രീയക്കാരും അവർക്കിടയിലുണ്ട്. രാഷ്ട്ര ഭിത്തികളെ ഉല്ലെംഘിക്കുന്ന പ്രചാരം അസ്തിത്വവാദത്തിന് നേടിക്കൊടുക്കുകയും 1950 കളിലും 1960 കളിലും ബുദ്ധിജീവികളുടെ ഇടയിലെ ഏറ്റവും വലിയ ഫാഷൻ ചിന്തയായി അതിനെ മാറ്റുകയും ചെയ്ത 'ഴങ്പോൾ സാർത്ര്' ആകട്ടെ ഹൈഡഗർ, ജാസ്പേഴ്സ് തുടങ്ങിയ മറ്റുള്ള അസ്തിത്വവാദികളിൽ നിന്നൊക്കെ വ്യത്യസ്തനാണ്. മനുഷ്യന്റെ അസ്തിത്വം സത്തയെ നയിക്കുന്നു (Existence precedes essence) എന്ന മുദ്രാവാക്യം അദ്ദേഹം ഉയർത്തിപ്പിടിച്ചു.[55] ഒരു മനുഷ്യന്റെ പ്രവർത്തികളുടെ വിവരണം ആ മനുഷ്യന്റെ ലക്ഷ്യങ്ങളക്കുറിച്ചുള്ള റഫറൻസ്[56] ആണ് എന്നും സ്ഥാപിച്ചു. "സാമ്രാജ്യത്വത്തിനും യുദ്ധവെറിക്കും മർദ്ദനത്തിനും അനീതിക്കും എതിരെ മുൻപിൽ നോക്കാതെ എടുത്തുചാടുന്ന സാർത്രിന്റെ പ്രകൃതവും

പ്രതിബദ്ധതയും അദ്ദേഹത്തെ ജനങ്ങളുടെ ആരാധനാ പാത്രമാക്കി തീർത്തു"[57]

ദാർശനിക പശ്ചാത്തലമായാലും, ശാസ്ത്രപശ്ചാത്തലമായാലും വ്യക്തിയെ വ്യക്തിയായോ വിഷയത്തെ വിഷയമായോ ഗ്രഹിക്കാൻ കഴിയുന്നില്ല എന്നത് അസ്തിത്വവാദത്തിന് നിദാനമായ ഒന്നാമത്തെ സ്ഥിതിവിശേഷമാണ്. ക്രിസ്തുമതത്തിന്റെ പ്രാമാണ്യത്തിന് 19-ാം നൂറ്റാണ്ടിൽ ശക്തിമായ ആഘാതമേറ്റു. നീതിപൂർണ്ണനായ ദൈവവും നീതിരഹിതമായ ലോകവും തമ്മിലുള്ള പൊരുത്തക്കേട് ഭീമമായിരുന്നു. ബൈബിളിനെപ്പോലും ചോദ്യം ചെയ്തു. അസ്തിത്വവാദത്തിന് ഹേതുവായ രണ്ടാമത്തെ അവസ്ഥയാണിത്. "ജന ബാഹുല്യതയിൽ വ്യക്തിക്ക് ലഭിച്ച നൂനവത്ക്കരണവും അന്യതാ ബോധവുമാണ് മൂന്നാമത്തെ പരിതോവസ്ഥ. മനുഷ്യൻ കേവലം മണൽത്തരിയായി മാറുകയായിരുന്നു. സമൂഹം അതിവേഗം പുരോഗമിക്കുന്നതുപോലെ തോന്നി. സമൂഹം ഒരു യന്ത്രമായി. വ്യക്തി ആയന്ത്രത്തിലെ ഒരു കട്ടയായി. സംഭവിച്ചുകൊണ്ടിരിക്കുന്നത് അന്യവത്ക്കരണവും അപമാന വികിരണവുമായിരുന്നു. മനുഷ്യൻ ഇന്ന് എല്ലാറ്റിനും ഇതരനായിരിക്കുന്നു. മനുഷ്യൻ അശരണനാണ്; വിമാനാകൃതനാണ്. അസ്തിത്വ സിദ്ധാന്തത്തിന് നിദാനമായ അവസ്ഥകളിതാണ്."[58]

ദാർശനിക മണ്ഡലത്തിൽ പൂർവ്വസൂരികളോട് വിയോജിച്ച് നിന്ന സാർത്ര് തികച്ചും സ്വന്തമായ ചിന്താസംഹിത വാർത്തെടുത്തു. മനുഷ്യനെ സംബന്ധിച്ചിട ത്തോളം അവന് ഒരേയൊരു വസ്തുത മാത്രമേ നിശ്ചയമുള്ളൂ. അവൻ നില നിൽക്കുന്നു - എക്സിസ്റ്റ് ചെയ്യുന്നു എന്നുള്ളത്. ഈ അറിവ് അവബോധമാണ്. അവബോധത്തിൽ രണ്ട് ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന് താനുണ്ടെന്ന ബോധം. രണ്ട്, താൻ ഗ്രഹിക്കുന്നുവെന്നു വിചാരിക്കുന്ന വിഷയത്തെക്കുറിച്ചുള്ള ബോധം. അസ്തിത്വം ആവശ്യത്തിനായി നിബന്ധിക്കുന്ന കല്പനകളുടെ നിർവ്വചനങ്ങൾ മാത്രമാണെന്നും അതിന് ആത്യന്തിക സത്ത എന്നൊന്നില്ലെന്നും സാർത്ര് നിർവ്വചിച്ചു. സാക്ഷാത്തായ എസ്സൻസ് അസത്താണെന്നും പ്രയോജക സത്ത അസത്തിലാണ് നിലകൊള്ളുന്നതെന്നും അദ്ദേഹം സ്ഥാപിച്ചു.

അസ്തിത്വത്തിന്റെ ആഴം അസത്താണെന്നതാണ് മനുഷ്യ സ്വാതന്ത്ര്യ ത്തിന്റെ ആധാരം. മനുഷ്യസത്ത ഈശ്വരസത്തയിൽ അധിഷ്ഠിതമാണെങ്കിൽ മനുഷ്യസ്വാതന്ത്ര്യം മിഥ്യയായിരിക്കും. അസ്തിത്വം സ്വയം കരുപ്പിടിപ്പിക്കലാണ്. സ്വയം സൃഷ്ടി നടക്കുന്നില്ല എങ്കിൽ ഫലം ശൂന്യതയാണ്. ഈ ബോധം ഉൽക്കടമായ വേദനയും ഉൽക്കണ്ഠയും ഭീതിയും ഉളവാക്കുന്നു. നിരന്തരമായി കർമ്മങ്ങളനുഷ്ടിച്ച് മനുഷ്യൻ സ്വയം സൃഷ്ടിക്കണം എന്ന് അസ്തിത്വവാദം വിഭാവന ചെയ്യുന്നു. അസ്തിത്വവാദത്തെ കുറ്റിപ്പുഴ പൂർണ്ണമായി

അംഗീകരിക്കുന്നില്ല. നിർവ്വചനത്തിലെ 'സത്തും' 'അസത്തും' എസൻസുമൊന്നും സാധാരണ ബുദ്ധിക്ക് നിരക്കുന്നതല്ലെന്ന് അദ്ദേഹം തെളിയിച്ചിട്ടുണ്ട്. ആശയവാദത്തിന്റെ മറ്റൊരു പതിപ്പായി മാത്രമേ ഇതിനേയും കാണുവാൻ കഴിയുകയുള്ളൂ.

**യുക്തിവാദം (Rationalism)**

വികാരഭാവനമായുക്തിക്ക് വിധേയമാക്കി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നഭിപ്രായപ്പെടുന്ന തത്ത്വശാസ്ത്ര പ്രസ്ഥാനം. മനുഷ്യ മസ്തിഷ്കത്തിന്റെ മൗലിക ധർമ്മങ്ങൾ നാലെണ്ണമാണ് വികാരവും, ഭവനയും, വിചിന്തനവും, യുക്തിവിചാരവും ഇവയാണ് മനുഷ്യനെ പ്രവർത്തിപ്പിക്കുന്നത്. സാധാരണ ഗതിയിൽ ചിന്തയെ നയിക്കുന്നത് പ്രധാനമായും വികാരവും ഭാവനയുമാണ്. നിസ്സാരമായ പങ്ക് യുക്തി വിഹിച്ചെന്നോ ഒട്ടും തന്നെ വഹിച്ചില്ലെന്നോ വരും. വികാരവും ഭാവനയും മാത്രം ചിന്തയെ നയിക്കുമ്പോൾ മനുഷ്യൻ ആപൽക്കരമോ, ദുർവ്യാപാരമോ, അനാവശ്യമോ ആയ പ്രവൃത്തികൾ ചെയ്യുന്നു. വികാര ഭാവനകളെ നിയന്ത്രിച്ചുകൊണ്ട് യുക്തിയാണ് ചിന്തയെ നയിക്കുന്നതെങ്കിൽ പ്രവൃത്തികൾ എപ്പോഴും പ്രയോജനകരവും അഭിവൃദ്ധികവുമാകാനേ വഴിയുള്ളൂ. "അനുഭവത്തിന് മുമ്പ് അറിവുണ്ട് എന്ന സിദ്ധാന്തത്തെയാണ് റാഷണലിസം എന്ന് ദക്കാർത്ത വിശേഷിപ്പിക്കുന്നത്."[59]

"നമ്മേയും നാം ജീവിക്കുന്ന ചുറ്റുപാടുകളേയും കുറിച്ചുള്ള അറിവാണ് ജീവിതം സുഖകരമാക്കി തീർക്കുന്നത്. അറിവാണ് മനുഷ്യരെ പുരോഗതിയിലേക്ക് നയിക്കുന്നത്. കാടനായിരുന്ന മനുഷ്യനെ ആധുനിക യുഗത്തിലേക്ക് എത്തിച്ചതും അറിവാണ്. അപ്പോൾ അറിവാണ് മനുഷ്യവികാസത്തിന്റെ അടിസ്ഥാനം. അറിവ് അഥവാ വിജ്ഞാനമാണ് പുരോഗതിക്ക് കാരണമാകുന്നത്. മനുഷ്യനും ഇതര ജീവികൾക്കും പരിസരങ്ങളിൽ നിന്ന് അറിവ് ശേഖരിക്കുന്നതിന് പഞ്ചേന്ദ്രിയങ്ങൾ സഹായിക്കുന്നു. അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന അറിവിനെ ശേഖരിച്ച് വെക്കാനും ആവശ്യം വരുമ്പോൾ എടുത്ത് ഉപയോഗിക്കാനും കഴിയുന്ന ഒന്നാണ് മസ്തിഷ്ക്കം."[60] അളവിൽ മനുഷ്യ മസ്തിഷ്കം അത്ര വലുതല്ല. പക്ഷെ, ഗുണത്തിൽ അത് ഭൂമിയിലുള്ള മറ്റേത് ജീവിയുടേതിനെക്കാളും മെച്ചമാണ്. പഞ്ചേന്ദ്രിയങ്ങൾ വിജ്ഞാനത്തിന്റെ കവാടങ്ങളാണ്. ഇന്ദ്രിയ ചോദനം മൂലം തലച്ചോറിലെത്തുന്ന വിവരങ്ങൾ മുന്നനുഭവങ്ങളുമായി താരതമ്യപ്പെടുത്തി കൂടുതൽ ശരിയായത് സ്വീകരിക്കുന്നതാണീ ബുദ്ധിയുടെ രീതി. ഈ കഴിവ് സാമാന്യമായി എല്ലാ മനുഷ്യർക്കുമുണ്ട്.

"ചിന്ത രണ്ട് വിധത്തിലുണ്ട്. യാഥാർത്ഥ്യത്തെയും വസ്തുതകളേയും ആധാരമാക്കി ഉള്ളതാണ് അതിൽ പ്രധാനപ്പെട്ടത്. ഇതിന് വസ്തുനിഷ്ഠമായ ചിന്ത

എന്ന് പറയാം. ഭാവന, മായിക ഭ്രമങ്ങൾ എന്നിവ ആധാരമാക്കിയുള്ള ചിന്താ രീതിയാണ് മറ്റൊന്ന്. അതിന് ആത്മനിഷ്ഠമായ ചിന്ത എന്നുപറയുന്നു. ഈ രണ്ട് സമ്പ്രദായത്തിലും ചിന്തിക്കുന്നതിനുള്ള കഴിവ് ഏറിയും കുറഞ്ഞും എല്ലാവർക്കുമുണ്ട്. ശാസ്ത്രജ്ഞന്മാർ യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമായ വസ്തുനിഷ്ട ചിന്തനത്തിൽ വ്യാപരിക്കുന്നു. കവികൾ, ദാർശനികർ, മിസ്റ്റിക്കുകൾ തുടങ്ങിയവരൊക്കെ ആത്മനിഷ്ഠചിന്തകന്മാരാണ്, ഇതിൽ ആദ്യത്തേതാണ് യഥാർത്ഥ യുക്തി ചിന്ത. ആത്മനിഷ്ഠമായ ചിന്തക്ക് യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാത്തതുകൊണ്ട് അത് അശാസ്ത്രീയമായിത്തീരുന്നു."[61]

അറിവ് വിനിമയം ചെയ്യാൻ തുടങ്ങിയതോടുകൂടി മനുഷ്യന്റെ പുരോഗതി വേഗത്തിലായി. അനുഭവത്തിൽ നിന്ന് കിട്ടുന്ന അറിവ് ഒരാൾ തെറ്റായി ധരിച്ചെന്നുവരാം. അങ്ങനെ തെറ്റായ അറിവ് സ്വീകരിക്കാത്തതുകൊണ്ട് അവർക്ക് അന്ധവിശ്വാസങ്ങളില്ല, മനുഷ്യ മസ്തിഷ്ക്കത്തിന് പുറത്ത് അറിവുകൾ ശേഖരിച്ച് വെക്കാമെന്നും ആവശ്യം വരുമ്പോൾ അതെടുത്ത് ഉപയോഗിക്കാമെന്നും വന്നപ്പോൾ പഴയ തലമുറയുടെ അനുഭവങ്ങൾ പിന്നീട് വന്ന തലമുറകൾക്ക് അനായാസം ഉപയോഗിക്കാൻ കഴിഞ്ഞു. എന്നാൽ കഴിഞ്ഞ തലമുറ തെറ്റായി ധരിച്ചത് പുന:പരിശോധന കൂടാതെ പുതിയ തലമുറകൾ സ്വീകരിക്കുകയും തെറ്റായ വിശ്വാസങ്ങൾ അഥവാ അന്ധവിശ്വാസങ്ങൾ പ്രചരിക്കാൻ ഇത് കാരണമായി. അപ്പോഴാണ് ശേഖരിച്ചുവെച്ച അറിവുകൾ പുന:പരിശോധനാ വിധേയമാക്കുവാൻ മനുഷ്യർ നിർബന്ധിതരായത്. സംശയിക്കുവാനും ചോദ്യം ചെയ്യുവാനും അത് മനുഷ്യരെ പഠിപ്പിച്ചു. സ്വതന്ത്ര ചിന്തയുടെ ആരംഭം അങ്ങനെയാണ്.

പൗരാണിക ചിന്തകന്മാർ അറിവിനെ യഥാർത്ഥം (പ്രമ), അയഥാർത്ഥം (ഭ്രമം) എന്നിങ്ങനെ രണ്ടായി തിരിച്ചു. അയഥാർത്ഥമായ അഥവാ തെറ്റായ അറിവുകളും ശരിയായ അഥവാ യഥാർത്ഥമായ അറിവുകളും കൂടിക്കുഴഞ്ഞാണ് കിടക്കുന്നത്. തെറ്റിൽ നിന്ന് ശരിയെ വേർതിരിച്ചെടുക്കേണ്ടത് മുമ്പോട്ട് പോകേണ്ട മനുഷ്യന് ആവശ്യമാണ്. മുൻവിധിയില്ലാത്ത ചിന്തകൊണ്ട്, തെളിവുകളെ തുലനം ചെയ്ത് നോക്കി യഥാർത്ഥ കാര്യങ്ങളെ അയഥാർത്ഥങ്ങളായ വിവരങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കണം. ഇതാണ് ബുദ്ധിയുള്ള മനുഷ്യർ ചെയ്യുന്നത്. ഈ ചിന്താവ്യാപാരത്തിനാണ് യുക്തി വാദമെന്ന് പറയുന്നത്. "ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാണെന്ന് പ്രചാരം സിദ്ധിച്ചു. സംശയിക്കുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, പരീക്ഷണം നടത്തുക തുടങ്ങിയവയൊക്കെ തെറ്റാണെന്ന വിശ്വാസവും സാർവ്വത്രികമായി. ഇതിന്റെ ഫലമായി അന്ധവിശ്വാസങ്ങളും ചൂഷണവും സാർവ്വത്രികമായി തീർന്നു. മനുഷ്യന്റെ പുരോഗതി വളരെക്കാലം ഈ വിശ്വാസം തടഞ്ഞുനിർത്തി. നിരീക്ഷണവും പരീക്ഷണവും വഴി പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുക, പഴയ വിശ്വാസങ്ങളിലും

സങ്കല്പങ്ങളിലുമുള്ള തെറ്റും ശരിയും യുക്തി ചിന്തകൊണ്ട് വേർതിരിച്ചെടുക്കുക, ശരിയായ മാർഗ്ഗത്തിലൂടെ ചരിക്കുക – ഇതാണ് പുരോഗതിയിലേക്കുള്ള ശാസ്ത്രീയ ലക്ഷ്യം. അത്തരം ഒരു വ്യവസ്ഥിതി ഉണ്ടാകണമെങ്കിൽ യാഥാർത്ഥ്യങ്ങളേയും അയഥാർത്ഥ്യങ്ങളേയും വേർതിരിച്ച് കാണുകയും യഥാർത്ഥ അറിവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും വേണം. അതാണ് ശാസ്ത്രീയമാർഗ്ഗം അഥവാ യുക്തിവാദം. ഇതിന്റെ മറ്റൊരു പേരാണ് സ്വതന്ത്രചിന്ത."[62]

ബുദ്ധി എപ്പോഴും സ്വതന്ത്രമായിരിക്കണം. ഏത് ആചാര്യൻ പറഞ്ഞാലും ഏത് മതഗ്രന്ഥത്തിൽ കണ്ടാലും നമ്മുടെ ബുദ്ധിക്ക് ശരിയാണെന്ന് തോന്നുന്ന കാര്യങ്ങൾ മാത്രമേ അംഗീകരിക്കാനാവൂ എന്നാണ് സ്വതന്ത്രചിന്തകന്റെ നില. ഒരു വിഷയത്തിലും പ്രത്യേക അഭിപ്രായം സ്ഥാപിക്കണമെന്ന് സ്വതന്ത്രചിന്തകന് നിർബന്ധമില്ല. അഭിപ്രായം ഏതായാലും കുഴപ്പമില്ല. അത് ശരിയായിരിക്കണ മെന്നേയുള്ളൂ.

**ഗതാനുഗതികത്വം**

സ്വതന്ത്ര ചിന്തക്ക് തടസ്സമായി നിൽക്കുന്ന ഒന്നാണ് ഗതാനുഗതികത്വം. വലിയ ആളുകളെന്ന് കരുതുന്നവർ പറഞ്ഞത് അതേപടി ഏറ്റ് പറയാനും അവർ ചെയ്യുന്നത് അനുകരിക്കാനുമുള്ള വാസനയാണ് അധികമാളുകൾക്കും കാണുന്നത്. അതിൽ തെറ്റും ശരിയും വിവേചിച്ചറിയാൻ അവർ ശ്രമിക്കാറില്ല. മഹാന്മാരെ അന്ധമായി അനുകരിക്കുകയല്ല, പരിശോധിച്ച് അവർ പറഞ്ഞതിലെ ശരി സ്വീകരിക്കുകയാണ് വേണ്ടത്. ആര് പറഞ്ഞാലും എന്ത് പറഞ്ഞാലും ശരി. അത് യഥാർത്ഥമാണോ എന്ന് പരിശോധിച്ചതിനുശേഷമേ അംഗീകരിക്കാനാവൂ.

**പാരമ്പര്യവും പരിതോവസ്ഥയും**

പലരുടേയും വിശ്വാസപ്രമാണങ്ങളേയും മതത്തെയും രാഷ്ട്രീയാഭിപ്രായ ങ്ങളേയും രൂപപ്പെടുത്തിയത് പാരമ്പര്യവും പരിതോവസ്ഥയുമാണ്. അച്ഛനമ്മമാരുടെ മതവും ജാതിയുമാണ് മക്കൾക്ക് ലഭിക്കുന്നത്. അത് ഒരിക്കലും മാറാൻ സാധിക്കാത്തതാണ്. ഭൂമിശാസ്ത്രവും മനുഷ്യന്റെ ചിന്തയിലും വിശ്വാസത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് കാണാം. നിറത്തിന്റേയും ഗോത്രത്തിന്റേയും അടിസ്ഥാനത്തിൽ മനുഷ്യരെ വേർതിരിക്കുന്നത് ശരിയല്ല.

**കാലത്തിന്റെ സ്വാധീനം**

അല്പം സൂക്ഷ്മമായി ചിന്തിച്ചാൽ കാലം പോലും നമ്മുടെ ചിന്തയിൽ സ്വാധീനം ചെലുത്തുന്നതായിക്കാണാം. അടിമത്തം തെറ്റാണെന്ന് ഇന്ന് നമുക്കെല്ലാം അറിയാം. പക്ഷെ പുരാതന ഗ്രീസിലെ ജീവിച്ചിരുന്ന ചിന്തകന്മാർക്ക്

പോലും അതിനെതിരായി ചിന്തിക്കാനോ പറയാനോ കഴിഞ്ഞില്ല. സ്ത്രീ പുരുഷ തുല്യതെയക്കുറിച്ചുപോലും കുറെ കാലങ്ങൾക്ക് മുമ്പ് ഒരുത്തനും ചിന്തിച്ചിരുന്നതേയില്ല. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ മാത്രമല്ല, അവർക്ക് സമൂഹത്തിൽ സ്വതന്ത്രമായി ഇടപെടാൻ അനുവാദം കൊടുക്കുന്നതിനും ചിലർ എതിരാണ്.

**വികാരങ്ങളുടെ സ്വാധീനം**

പ്രേമം, വാത്സല്യം, കരുണ, ഭയം തുടങ്ങിയ മാനുഷിക വികാരങ്ങൾ പലപ്പോഴും യാഥാർത്ഥ്യം കണ്ടുപിടിക്കുന്നതിന് തടസ്സമാകാറുണ്ട്. പ്രേമബദ്ധരായ ആളുകൾ പലപ്പോഴും യാഥാർത്ഥ്യങ്ങൾ കാണാറില്ല. ഭയം, കരുണ തുടങ്ങിയവയുടെ ആധിക്യം കൊണ്ട് ശരിയായത് കണ്ട് പിടിക്കാൻ പലപ്പോഴും മനുഷ്യർക്ക് സാധിക്കാതെ വരുന്നുണ്ട്. “ജന്മവാസനയാണ് സ്വതന്ത്ര ചിന്തക്ക് തടസ്സം സൃഷ്ടിക്കുന്ന മറ്റൊരു കാര്യം വികാരങ്ങളെ നിയന്ത്രിച്ചുകൊണ്ട് പ്രശ്നങ്ങളെപ്പറ്റി ശാന്തമായി ചിന്തിക്കുകയാണ് ആവശ്യം. അതാണ് സ്വതന്ത്ര ചിന്ത. മുൻവിധിയും വികാരാവേശങ്ങളുമില്ലാതെ പ്രശ്നങ്ങളെ സമീപിച്ചാൽ സ്വതന്ത്രചിന്ത സാദ്ധ്യമാകും. എല്ലാ കാര്യങ്ങളിലും ശാസ്ത്രീയമായ സമീപനം പുലർത്താൻ തുടങ്ങിയാൽ അറിവിന്റെ ചക്രവാളം പെട്ടെന്ന് വികസിക്കും. വ്യക്തിയുടേയും സമൂഹത്തിന്റേയും പുരോഗതിക്ക് അത് സഹായകമാകും. ഒരേ വിഷയത്തിന്റെ തന്നെ ഗുണദോഷങ്ങളും മറ്റ് വശങ്ങളും താരതമ്യപ്പെടുത്തുക, തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം നിഗമനങ്ങളിൽ എത്തുക ഇതാണ് ശരിയായ ചിന്താ സമ്പ്രദായം.”[63]

സദാചാരപരവും മനുഷ്യോപകാരപ്രദവുമായ പ്രവൃത്തികൾക്കു പ്രേരണ നൽകുകയാണ് യുക്തിവാദം ചെയ്യുന്നത്. ഇതൊരു വിശ്വാസ സംഹിതയുടേയോ, സംഘടനയുടേയോ, സമുദായത്തിന്റേയോ, മതത്തിന്റേയോ പേരല്ല. യുക്തിവാദം സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ ഒരു മനസ്ഥിതിയും ചിന്താപദ്ധതിയുമാണ്. മനുഷ്യൻ എന്ന് ചിന്തിക്കുന്ന ജീവിയായോ അന്നുമുതൽ യുക്തിവാദവും ആരംഭിച്ചിട്ടുണ്ട്. ബുദ്ധിയുടേയും യുക്തിയുടേയും കാര്യക്ഷമമായ പ്രയോഗമാണ് സത്യം അറിയാനുള്ള ഏകമാർഗ്ഗം. കുറ്റിപ്പുഴ പ്രബന്ധങ്ങളുടെ ജീവവായു യുക്തിവാദമാണ്. യുക്തിവാദം അദ്ദേഹത്തിന് ഒരു ചിന്താപദ്ധതിയാണ്. മനുഷ്യന്റെ പുരോഗതിക്കും ശാശ്വതമായ മോചനത്തിനും അദ്ദേഹം മുന്നോട്ട് വെക്കുന്നത് സ്വതന്ത്രചിന്തയെ തന്നെയാണ്. ദൈവ ഭീതിയല്ല; സംശയിക്കുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, പരീക്ഷിക്കുക, ഇതെല്ലാമാണ് ജ്ഞാനത്തിന്റെ ആരംഭമെന്ന് അദ്ദേഹം ആവർത്തിച്ച് സമർത്ഥിക്കുന്നുണ്ട്.

### മാർക്സിസവും വൈരുദ്ധ്യാത്മക ഭൗതികവാദവും (Marxism and Dialectical Materialism)

മാർക്സിസം, കാറൽ മാർക്സിന്റെ വീക്ഷണങ്ങളുടേയും പ്രബോധനങ്ങളുടേയും സമാഹാരമാണ്. തൊഴിലാളി വർഗ്ഗത്തിന്റെ തത്ത്വശാസ്ത്രമാണിത്. പത്തൊൻപതാം നൂറ്റാണ്ടിൽ നിലവിലിരുന്ന ജർമ്മനിയിലെ തത്ത്വശാസ്ത്രം. ഇംഗ്ലണ്ടിലെ അർത്ഥശാസ്ത്രം, ഫ്രാൻസിലെ വിപ്ലവ സിദ്ധാന്തങ്ങൾ എന്നിവയെ വളർത്തിയെടുത്തു മാർക്സിസത്തിന് രൂപവും ഭാവവും നൽകിയത് പ്രതിഭാശാലികളായ മാർക്സും, ഏംഗൽസും കൂടിയാണ്. എല്ലാ രാജ്യങ്ങളിലുമുള്ള വിപ്ലവകാരികളായ തൊഴിലാളി വർഗ്ഗത്തിന് സിദ്ധാന്തപരവും പ്രായോഗികവുമായ നേതൃത്വം നൽകുന്നതും മാർക്സിസമാണ്.

#### ഭൗതികവാദം (Materialism)

"പ്രകൃതി സ്വയവേ എങ്ങനെയാണോ, അതിനെത്തന്നെ യാതൊരു കലവറയും കൂടാതെ കാണുകയെന്നതാണ് പ്രപഞ്ചത്തെക്കുറിച്ചുള്ള ഭൗതിക വീക്ഷണ രീതിയെന്ന് ഏംഗൽസ് പറയുന്നു.......പ്രപഞ്ചവും അതിലടങ്ങിയ എല്ലാ വസ്തുക്കളും ദൈവമോ മനുഷ്യനോ ഉണ്ടാക്കിയതല്ല, ക്രമമായി ആളിക്കത്തുകയും ക്രമമായി കെട്ടുപോവുകയും ചെയ്യുന്ന സജീവമായ ഒരു ജ്വാലയായിരുന്നു പ്രപഞ്ചം; എന്നും അങ്ങനെ തന്നെ; എന്നും അങ്ങനെയാവുകയും ചെയ്യും."[64] എന്ന് ഹെരാക്ലീറ്റസ് സ്ഥാപിച്ചു. വസ്തുക്കളും ചുറ്റുപാടുകളും ലോകവുമെല്ലാം നമ്മുടെ ഇന്ദ്രിയാനുഭൂതികളിൽ നിന്ന്, നമ്മുടെ ബോധത്തിൽ നിന്ന്, അഹത്തിൽ നിന്ന് - പൊതുവിൽ മനുഷ്യനിൽ നിന്ന് തന്നെ സ്വതന്ത്രമായി നിലനിൽക്കുന്നു. ആത്മീയ തത്ത്വജ്ഞാനികളുടെ ശിഷ്യനോ ഭ്രാന്തശാലയിലെ നിവാസിയോ അല്ലാത്ത ആരോഗ്യവാനായ ഏതൊരാളുടേയും സ്വാഭാവികമായ ഭൗതികവാദം ഇതാണെന്ന് ലെനിൻ ഓർമ്മിപ്പിക്കുന്നുണ്ട്.

ഏതാണ്ട് 1500 കൊല്ലങ്ങൾക്ക് മുമ്പാണ് ചൈന, ഇന്ത്യ, ഗ്രീസ്, എന്നീ രാജ്യങ്ങളിൽ ഭൗതികവാദം മുളയെടുത്തത്. 17, 18 നൂറ്റാണ്ടിലെ ഭൗതികവാദം കൂടുതൽ മൂപ്പെത്തിയതാണ്. ശാസ്ത്രത്തിന്റേയും സാങ്കേതിക ജ്ഞാനത്തിന്റേയും വിജയങ്ങൾ തത്ത്വചിന്തകളേയും മുന്നോട്ട് തള്ളി. 17-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ജീവിച്ചിരുന്ന ഫ്രാൻസീസ് ബേക്കൻ എന്ന ബ്രിട്ടീഷ് ഭൗതികവാദിയുടെ 'അനുഭവമാണ് ജ്ഞാനത്തിന്റെ ഉറവിടം' എന്ന സിദ്ധാന്തവും 'ജ്ഞാനം ശക്തിയാണ്' എന്ന അദ്ദേഹത്തിന്റെ അഭിപ്രായവും പ്രകൃതി ശാസ്ത്രത്തിന്റെ വളർച്ചക്ക് വമ്പിച്ച പ്രചോദനം നൽകുകയുണ്ടായി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന തോമസ് ഹക്സിലി എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ താനൊരു ഭൗതികവാദിയാണെന്ന് സ്വയം സമ്മതിച്ചിരുന്നില്ല.

എങ്കിലും ജീവശാസ്ത്രം, ശരീരഘടനാ ശാസ്ത്രം എന്നിവയെപ്പറ്റിയുള്ള തന്റെ ഗവേഷണങ്ങളിൽ അദ്ദേഹം ഭൗതികവാദ ചിന്തകളെ ന്യായീകരിച്ചു. തത്ത്വശാസ്ത്രപരമായ ആത്മീയവാദം ആശയ കുഴപ്പത്തിലേക്കും അന്ധകാരത്തിലേക്കുമല്ലാതെ മറ്റൊന്നിലേക്കും നമ്മെ നയിക്കുകയില്ലെന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ഇത്തരം ശാസ്ത്രജ്ഞന്മാരെ 'നാണം കുണുങ്ങി ഭൗതികവാദികൾ' എന്നാണ് വിശേഷിപ്പിക്കുന്നത്.

ഏറ്റവും വലിയ ഭൗതികശാസ്ത്രജ്ഞന്മാരിലൊരാളായ 'ആൽബർട്ട് ഐൻസ്റ്റീൻ' പോലും തന്റെ തത്ത്വശാസ്ത്രപരമായ ചില ലേഖനങ്ങളിൽ ആത്മീയവാദത്തിന്റെ സ്വാധീനശക്തിക്ക് വിധേയനായിട്ടുണ്ടെന്ന് കാണാം. എങ്കിലും ശാസ്ത്രമേഖലയിൽ തികച്ചും ഭൗതികവാദപരമായ ഉള്ളടക്കത്തോട് കൂടിയ 'ആപേക്ഷിക സിദ്ധാന്ത' ത്തിന്റെ ആവിഷ്ക്കർത്താവാണദ്ദേഹം. ക്വാണ്ടം സിദ്ധാനന്തം കണ്ടുപിടിച്ച മാക്സ്പ്ലാങ്ക് താനൊരു ഭൗതികവാദിയാണെന്ന് സമ്മതിക്കുന്നില്ലെങ്കിലും തന്റെ ഭൗതിക ശാസ്ത്ര സംബന്ധിയായ കൃതികളിലും ഭൗതിക ശാസ്ത്രപരമായ പ്രഖ്യാപനങ്ങളിലുമെല്ലാം തന്നെ പ്രകൃതി മനുഷ്യ മനസ്സിൽ നിന്നതീതമായി, സ്വതന്ത്രമായി നിലനിൽക്കുന്നുവെന്ന് ന്യായീകരിച്ചിട്ടുണ്ട്. ഏറ്റവും പരിഷ്കൃതമായ നവീനശാസ്ത്രത്തിൽ നിന്നും ഉടലെടുക്കുന്ന ഭൗതിക നിലപാടുകളെ ശാസ്ത്രീയമായി സാധൂകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുവെന്നതിനാലാണ് തത്ത്വശാസ്ത്രപരമായ ഭൗതിക വാദം സ്വാഭാവിക ഭൗതികവാദത്തിൽ നിന്നും വ്യത്യസ്ഥമായി തീരുന്നത്.

മനുഷ്യനെ എല്ലാത്തരം അന്ധവിശ്വാസങ്ങളിൽ നിന്നും മോചിപ്പിക്കാൻ സഹായിക്കുന്നുവെന്നതാണ് ഭൗതിക വാദത്തിന്റെ ചരിത്രപരമായ മേന്മ, പ്രാചീന കാലം മുതൽക്കു തന്നെ മരണത്തേയും ദൈവങ്ങളേയും മറ്റ് അലൗകിക ശക്തികളേയും ഭയപ്പെടേണ്ടതില്ലെന്ന് അത് മനുഷ്യനെ പഠിപ്പിച്ച് പോന്നിട്ടുണ്ട്. "ഭൗതിക വാദമാണ് ആദ്യമായി മനുഷ്യന്റെ ആത്മാഭിമാനത്തേയും ബുദ്ധിശക്തിയേയും തട്ടിയുണർത്തിയത്. മനുഷ്യൻ ചളിയിൽ കിടന്ന് ഞെരുങ്ങുന്ന പുഴുവല്ലാ പ്രകൃതിയുടെ ഏറ്റവും ഉയർന്ന സൃഷ്ടിയാണ് എന്നും, പ്രകൃതി ശക്തികളെ കീഴടക്കാനും അവയുടെ മേൽ അധികാരം നേടാനും മനുഷ്യന് കഴിവുണ്ടെന്ന് അത് പ്രഖ്യാപിക്കുന്നു. ജ്ഞാനത്തിന്റെ ശക്തിയിലും മനുഷ്യന്റെ ബുദ്ധിയിലും ബാഹ്യലോകത്തിന്റെ രഹസ്യങ്ങളെ കണ്ടുപിടിക്കാനുള്ള അവന്റെ കഴിവിലും യുക്തിയുക്തവും നീതി പൂർണ്ണവുമായ ഒരു സാമൂഹ്യ വ്യവസ്ഥ കെട്ടിപ്പടുക്കുവാനുള്ള അവന്റെ പ്രാപ്തിയിലും ഭൗതിക വാദത്തിന് പൂർണ്ണ വിശ്വാസമുണ്ട്."[65] മാർക്സും ഏംഗൽസും കണ്ടുപിടിച്ച ചലനാത്മകവും ചരിത്രപരവുമായ ഭൗതികവാദമാണ് ആധുനിക ഭൗതിക വാദം. അത് ശൂന്യതയിൽ നിന്ന് ആവിർഭവിച്ചതല്ല. ഏറിയ കാലത്തെ തത്ത്വചിന്തയുടെ വളർച്ചയുടെ ആകെ

തുകയാണത്.

**യാന്ത്രിക ഭൗതികവാദം (Mechanical Materialism)**

പ്രകൃതിയെക്കുറിച്ചുള്ള ഗവേഷണങ്ങളെ സംബന്ധിച്ചിടത്തോളം ഭൗതിക വാദപരമായ ഒരു നിലപാടംഗീകരിച്ച 'റെനേ ദക്കാർത്ത്' എന്ന ഫ്രഞ്ച് തത്ത്വജ്ഞാനിയുടെ ഊർജ്ജ തന്ത്ര സിദ്ധാന്തങ്ങൾ, മനുഷ്യനെക്കുറിച്ചുള്ള ബ്രിട്ടീഷ് ഭൗതികവാദി 'തോമസ് ഹോബ്സിന്റെ' യാന്തികവാദ സിദ്ധാന്തങ്ങൾ, വിശേഷിച്ച് ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ന്യൂട്ടന്റെ യാന്ത്രശാസ്ത്രം എന്നിവ ഭൗതികവാദത്തിന്റെ പുതിയ രൂപത്തിലുള്ള വളർച്ചയിൽ അതിപ്രധാനമായ പങ്കാണ് വഹിച്ചത്. ഭൗതികവാദികളായ ഈ തത്ത്വജ്ഞാനികൾ പ്രകൃതിയുടെ പ്രതിഭാസങ്ങളേയും സാമൂഹ്യജീവിതത്തേയും യന്ത്രശാസ്ത്ര വീക്ഷണ ഗതിയിലൂടെ പരിശോധിക്കുകയും, അവയെ യന്ത്രശാസ്ത്ര നിയമങ്ങളുടെ സഹായത്തോടെ വ്യാഖ്യാനിക്കാൻ ശ്രമിക്കുകയും ചെയ്തു. അതുകൊണ്ടാണ് അവരുടെ ഭൗതികവാദത്തെ യാന്ത്രിക ഭൗതികവാദം എന്ന് വിളിക്കുന്നത്. 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജോൺ ടോളണ്ട്, ജോസഫ് പ്രീസ്റ്റിലി എന്നിവരും ഫ്രാൻസിൽ ജൂലിയൻ ലാമെത്രി, പോൾ ഹാൾ ബേക്ക്, ക്ലാഡ് ആദ്രിയെൻ ഹെൽവെറ്റയസ്, ദെനിസ് ദിദറൊ എന്നിവരും അതിന്റെ വക്താക്കളായിരുന്നു.

"18-ാം നൂറ്റാണ്ടിലെ ഭൗതിക തത്ത്വശാസ്ത്രകാരന്മാരും പ്രകൃതി ശാസ്ത്രജ്ഞന്മാരും ചലനത്തെ യാന്ത്രികമായ ഒന്നായി വിവക്ഷിക്കപ്പെട്ടു. അതായത് ബാഹ്യമായ ഏതെങ്കിലും ഒരു ശക്തിയുടെ പ്രേരണകൂടാതെ ചലനമുണ്ടാകില്ല. യാന്ത്രിക ഭൗതികവാദികൾ പദാർത്ഥങ്ങളേയും അവയുടെ ചലനത്തേയും വിഭിന്നങ്ങളായി കാണുന്നു. ഈ വീക്ഷണഗതി തെറ്റാണെന്നും പദാർത്ഥത്തിന്റെ അഭിവാജ്യഗുണമാണ് ചലനമെന്നും സ്ഥാപിക്കുന്ന ഒരു തത്ത്വശാസ്ത്രമാണ് മാർക്സിസത്തിന്റേത്."[66] ഹെഗലിന്റെ ദൃഷ്ടിയിൽ, മനുഷ്യന്റെ മനസ്സിന്റെ വ്യാപാരമാണ് പ്രപഞ്ചത്തെ യഥാർത്ഥത്തിൽ സൃഷ്ടിക്കുന്നത്. ('ആശയം' എന്ന പേർ നൽകി മനസ്സിന്റെ വ്യാപാരത്തെ അദ്ദേഹം സർവ്വ സ്വതന്ത്രമായ ഒരു ഉപാധിയാക്കി ഉയർത്തുകയും ചെയ്യുന്നു.) ആശയത്തിന്റെ ബാഹ്യവും ഇന്ദ്രിയ ഗോപുരവുമായ രൂപം മാത്രമാണ് പ്രപഞ്ചമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. 17 - 18 നൂറ്റാണ്ടിലെ ഭൗതികവാദികൾ പ്രകൃതിയെ പൊതുവിൽ മാറ്റമില്ലാത്തതായിട്ടാണ് - എന്നെന്നും ഒരേ നിലക്ക് നിൽക്കുന്നതായിട്ടാണ്, കാണുന്നത്. എല്ലാം ഒരേ ചക്രത്തിലുള്ള ആവർത്തനങ്ങളാണ്. പ്രകൃതിയെക്കുറിച്ചുള്ള ഈ വീക്ഷണഗതിക്ക് നിശ്ചലാത്മകവാദം (മെറ്റാഫിസിക്സ്) എന്ന് പറയുന്നു. ഇതിന്റെ അർത്ഥം യാന്ത്രികവാദം നിശ്ചലാത്മക ഭൗതികവാദമായിരുന്നു എന്നാണ്.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന തത്ത്വജ്ഞാനിയായ 'ഫെയർബാക്കും' റഷ്യൻ ജനാധിപത്യ വിപ്ലവകാരികളായ ഹെർട്ട്സൺ, ബെർലിൻസ്കി, ചെർണിഷേവ്സ്കി, ദൊസ്രോലുബോവു തുടങ്ങിയവരും ഭൗതിക തത്ത്വശാസ്ത്രത്തിന്റെ വളർച്ചയെ കുറെക്കൂടി മുന്നോട്ട് കൊണ്ട് പോയി. ഫെയർബാക്കിന് 18-ാം നൂറ്റാണ്ടിലെ യാന്ത്രിക ഭൗതിക തത്ത്വജ്ഞാനികളുടെ യാന്ത്രികവാദപരമായ പരിമിതികളെ ഒരതിർത്തിവരെ കവച്ചുകടക്കാൻ കഴിഞ്ഞു. നേരേ മറിച്ച് പ്രകൃതിയെപ്പറ്റിയുള്ള ഭൗതിക വാദപരമായ അറിവിനെ ഡയലക്ടിക്സുമായി കൂട്ടിയിണക്കാനാണ് റഷ്യൻ ഭൗതിക വാദികൾ ശ്രമിച്ചത്. ആധുനിക സമുദായത്തിലെ ഏറ്റവും വലിയ പുരോഗമനവാദികളും വിപ്ലവകാരികളുമായ വർഗ്ഗത്തിന്റെ - അതായത് തൊഴിലാളി വർഗ്ഗത്തിന്റെ - സമുന്നത നേതാക്കളും അദ്ധ്യാപകരുമായ മാർക്സും ഏംഗൽസും കണ്ടുപിടിച്ച ചലനാത്മകവും ചരിത്രപരവുമായ ഭൗതികവാദമാണ് ഭൗതികവാദത്തിന്റെ വളർച്ചയിലെ ഏറ്റവും പുതിയതും ഏറ്റവും ഉന്നതവുമായ ഘട്ടം. അവർ തത്ത്വശാസ്ത്രത്തിന്റെ തികച്ചും വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടാക്കി. അതേവരെയുണ്ടായിരുന്ന ഭൗതികവാദപരമായ തത്ത്വശാസ്ത്രങ്ങളുടെ ന്യൂനതകളൊന്നുമില്ലാത്ത ചലനാത്മകവും ചരിത്രപരവുമായ ഭൗതികവാദമായിരുന്നു അത്.

**ചലനാത്മക ഭൗതികവാദം (Dynamic Materialism)**

ചലനമെന്നത് പദാർത്ഥത്തിന്റെ നിലനില്പിന്റെ രൂപമാണ്. ചലനമില്ലാത്ത പദാർത്ഥം ഒരിക്കലുമുണ്ടായിരുന്നില്ല. ഇനി ഉണ്ടാവാൻ തരവുമില്ല. പദാർത്ഥമില്ലാതെ ചലനത്തെപ്പറ്റിയും വിചാരിക്കുവാൻ സാധിക്കാത്തതുപോലെ തന്നെ ചലനമില്ലാത്ത പദാർത്ഥത്തെപ്പറ്റിയും വിചാരിക്കാൻ വയ്യ എന്നാണ് ഏംഗൽസ് വിശ്വസിച്ചിരുന്നത്. മാറ്റമില്ലാത്തതായി യാതൊന്നുമില്ല. ശാശ്വതമായിട്ട് എന്തെങ്കിലുമൊന്നുണ്ടെങ്കിൽ, അത് മാറ്റം മാത്രമാണ്. ഈ സ്ഥിതിക്ക് ഏതെങ്കിലുമൊരു വസ്തുവിനെ ശരിക്ക് പരിശോധിക്കണമെങ്കിൽ, അത് അതിന്റെ വികാസത്തിലെ ഒരു പ്രത്യേക ദശാസന്ധിയിലാണ് സ്ഥിതി ചെയ്യുന്നത് എന്ന ബോധത്തോടുകൂടി വേണം അതിനെ വീക്ഷിക്കുവാൻ. മാർക്സിസ്റ്റ് ഭൗദികവാദത്തിൽ 'ഭൗതിക പദാർത്ഥം' എന്ന വാക്ക് ഏറ്റവും വിശാലമായ ഒർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുന്നത്. അതായത് മനുഷ്യന്റെ ബോധത്തിൽ നിന്ന് സ്വതന്ത്രമായി നിലനിൽക്കുകയും ഇന്ദ്രിയാനുഭൂതിയിൽ പ്രതിഫലിക്കുകയും ചെയ്യുന്ന എല്ലാറ്റിനേയും ഭൗതിക പദാർത്ഥം എന്ന് പറയുന്നു.

ഭൗതിക പദാർത്ഥമെന്ന് പറയുന്നത് നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ അറിയപ്പെടുന്ന വസ്തുനിഷ്ഠമായ യാഥാർത്ഥ്യമെന്നാണ് ലെനിൻ സ്ഥാപിച്ചത്. ചലനം, മാറ്റം, വളർച്ച ഇവ ശാശ്വതമാണ്. ഭൗതിക പദാർത്ഥത്തിന്റെ സഹജമായ

ഗുണവിശേഷങ്ങളാണിവ. "ഹെഗൽ വൈരുദ്ധ്യങ്ങളിലൂടെയുള്ള ചിന്തയുടെ വികാസത്തെയാണ് 'ഡയലക്ടിക്സ്' എന്ന് വിളിച്ചത്. ചിന്തയിൽ തന്നെ അടങ്ങിയ വൈരുദ്ധ്യങ്ങളെ അത് വെളിപ്പെടുത്തി. ഡയലക്ടിക്കൽ ചിന്തയുടെ അടിസ്ഥാന രൂപങ്ങളെ ഹെഗൽ സൂക്ഷ്മമായി വിവരിച്ചു. എന്നാൽ ഹെഗൽ തന്റെ ചലനാത്മക വാദത്തെ വളർത്തിയെടുത്തത് അയഥാർത്ഥവും ആത്മീയവാദപരവുമായ വീക്ഷണ ഗതിയോട് കൂടിയാണ്. അതനുസരിച്ച് ചലനാത്മക വളർച്ച ചിന്തയുടെ ആത്മാവിന്റെ അല്ലെങ്കിൽ ആശയത്തിന്റെ മാത്രം വളർച്ചയാണ്. മാർക്സ് പ്രസ്താവിച്ചതുപോലെ ഹെഗലിന്റെ ചലനാത്കമക വാദത്തെ ശരിക്ക് മനസ്സിലാക്കണമെങ്കിൽ അതിനെ വീണ്ടും കാലിൻമേൽ പിടിച്ച് നിർത്തേണ്ടത് അത്യാവശ്യമായിരുന്നു. അതാണ് മാർക്സും ഏംഗൽസും ചെയ്തത്. ഡയലക്ടിക്സ് എന്ന പദത്തിന് ഒരു പുതിയ അർത്ഥം കൊടുത്തു കൊണ്ടവർ 'മെറ്റീരിയലിസ്റ്റ് ഡയലക്ടിക്സ്' (ചലനാത്കമക ഭൗതികവാദം) രൂപീകരിച്ചു. ഇതുകൊണ്ടർത്ഥമാക്കിയത് എല്ലാ യാഥാർത്ഥ്യങ്ങളുടേയും വികാസത്തിന്റെ പൊതുനിയമങ്ങളെപ്പറ്റിയും അവയുടെ പരസ്പരബന്ധങ്ങളെപ്പറ്റിയുമുള്ള സിദ്ധാന്തങ്ങൾ എന്നാണ്."[67]

പരിണാമപരമായ വ്യത്യാസങ്ങൾ ഏറെക്കുറെ സമാധാനത്തിലാണ്, പലപ്പോഴും നിസ്സാരമായ തോതിലാണ്, സംഭവിക്കുന്നത്. ആരംഭത്തിൽ അവ വസ്തുക്കളുടെ ഗുണത്തിൽ പറയത്തക്കമാറ്റമൊന്നും വരുത്തുന്നില്ല. പക്ഷെ പരിണാമപരമായ ചെറിയ ചെറിയ മാറ്റങ്ങൾ കുന്നുകൂടി ഒടുവിൽ വസ്തുക്കളുടെ ഗുണപരമായ മാറ്റത്തിൽ ചെന്നുകലാശിക്കുന്നു. അതായത് അളവ് ഗുണമായി മാറുന്നു. പരിണാമപരമായ മാറ്റങ്ങൾ കുന്നുകൂടുന്നതിന്റെ ഫലമായി വസ്തുവിന്റെ ഒരു സ്ഥിതിവിശേഷത്തിൽ നിന്ന് മറ്റൊരു പുതിയ സ്ഥിതി വിശേഷത്തിലേക്കുള്ള ഗുണപരമായ പരിവർത്തനത്തിനു വികാസത്തിലെ കുതിച്ചു ചാട്ടമെന്ന് പറയുന്നു. വസ്തുവിന്റെ അളവിലുണ്ടാകുന്ന മാറ്റങ്ങളുടെ അനുക്രമമായ ഗതിയിൽ നിന്നുള്ള ഒരു വ്യതിയാനമാണിത്. അത് പുതിയൊരു ഗുണവിശേഷത്തിലേക്കുമുള്ള പരിവർത്തനമാണ്. പെട്ടന്നൊരു വഴിത്തിരിവിനെ, അല്ലെങ്കിൽ മൗലിക മായൊരു മാറ്റത്തെ ആണത് കുറിക്കുന്നത്.

പഴയ സമുദായ ഘടനയുടെ വിരുദ്ധതകളുടെ കൂട്ടിമുട്ടലിൽ നിന്ന് പുതിയ സമുദായം ജനിക്കുന്നു. പുതിയ സമുദായ ഘടനയുടെ പ്രസവവേദനയാണ് വിപ്ലവം. സമുദായ ഘടനയിലെ വിരുദ്ധശക്തികളുടെ സംഘട്ടനമാണ് വർഗ്ഗസമരം. സാമുദായികോൽപ്പാദന ശക്തികളും സമുദായത്തിലെ ഉല്പാദന ബന്ധങ്ങളും തമ്മിലുള്ള സംഘട്ടനത്തിൽ നിന്ന് പുതിയ സമുദായ ഘടനയുണ്ടാകുന്നു. വർഗ്ഗ സമരത്തിൽ നിന്ന് വർഗ്ഗരഹിത സമുദായം ജനിക്കുന്നു. 'അളവ് ഗുണമായി മാറൽ' എന്ന മാർക്സിന്റെ ചലനാത്മക ഭൗദികവാദ സിദ്ധാന്തം മാർക്സിസത്തിന്റെ ഇടത്തും വലത്തുമുള്ള ശത്രുക്കൾക്കെതിരായ സമരായുധമാണ്.

**ചലനാത്മക വൈരുദ്ധ്യം (Dialectics)**

ഏതെങ്കിലുമൊരു പ്രതിഭാസത്തിനുള്ളിൽ, അല്ലെങ്കിൽ ഗതിക്രമത്തിനുള്ളിൽ, പരസ്പര വിരുദ്ധങ്ങളും അന്യോന്യം വേറിട്ട് നിൽക്കുന്നവയും പക്ഷെ, അതേ സമയത്തുതന്നെ പരസ്പരം ബന്ധപ്പെട്ടുകൊണ്ട് മാത്രം സ്ഥിതിചെയ്യുന്നവയുമായ വ്യത്യസ്ത വശങ്ങളെയാണ് ചലനാത്മക വൈരുദ്ധ്യം എന്നതുകൊണ്ട് മാർക്സിസം വിവക്ഷിക്കുന്നത്. "വാദപ്രതിവാദം നടത്തുകയെന്നർത്ഥമുള്ള ഒരു ഗ്രീക്ക് (ഡയലഗൊ) ധാതുവിൽ നിന്നാണ് വൈരുദ്ധ്യവാദമെന്നർത്ഥമുള്ള 'ഡയലക്ടിക്സ്' എന്ന പദം ഉത്ഭവിച്ചത്. പൂർവ്വപക്ഷത്തിലെ വൈരുദ്ധ്യങ്ങൾ പുറത്തുകൊണ്ടുവന്ന് അവയെ ഇല്ലാതാക്കി സത്യം കണ്ടുപിടിക്കുന്ന പ്രവൃത്തിക്കാണ് പണ്ട് കാലത്ത് വൈരുദ്ധ്യവാദം എന്ന് പറഞ്ഞിരുന്നത്. ഈ വൈരുദ്ധ്യാതിഷ്ഠിതമായ പരിശോധന മാർഗ്ഗം പിന്നീട് പ്രകൃതിയുടെ പ്രത്യക്ഷ രൂപങ്ങളിലേക്ക് വ്യാപിച്ചപ്പോൾ, വൈരുദ്ധ്യാധിഷ്ഠിതമായി പ്രകൃതിയെ പരിശോധിക്കുവാൻ തുടങ്ങിയപ്പോൾ വൈരുദ്ധ്യവാദമുണ്ടായി..... പ്രകൃതി സദാസമയത്തും ചലിച്ചുകൊണ്ടും നിരന്തരം മാറിക്കൊണ്ടുമിരിക്കുന്നുവെന്നും, പ്രകൃതിയിലുള്ള വൈരുദ്ധ്യങ്ങൾ വളർന്ന് വരുന്നതിന്റെ (പ്രകൃതിയിലുള്ള പരസ്പരവിരുദ്ധമായ ശക്തികളുടെ സംഘട്ടനത്തിന്റെ) ഫലമാണ് പ്രകൃതിയുടെ വളർച്ചയെന്നും ഇത് കണക്കാക്കുന്നു."[68]

പദാർത്ഥത്തിന് രണ്ട് പരസ്പരവിരുദ്ധമായ സ്വാഭാവങ്ങളുണ്ട്. ഒന്ന് അതിനെ അതായി തന്നെ നിലനിർത്തുകയും മറ്റേത് അതിനെ വേറൊന്നാക്കി മാറ്റിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ രണ്ട് വിരുദ്ധശക്തികളുടെ കൂട്ടിമുട്ടലിൽ നിന്ന് മൂന്നാമതൊരു പുതിയ ശക്തിയുണ്ടാവുന്നു. ഈ പുതിയ ശക്തിയോടൊപ്പം തന്നെ പുതിയ എതിർശക്തിയും ജനിക്കുന്നു. വീണ്ടും പരസ്പര വിരുദ്ധതകളുടെ സംഘട്ടനം, വീണ്ടും പുതിയ ശക്തികളുടെ ജനനം; ഇതാണ് വികാസം. ഇങ്ങനെ പരസ്പരം വിരുദ്ധതകളിൽ അന്തർഭവിച്ചിരിക്കുന്ന ആന്തരമായ ഐക്യമാണ്. സകല വളർച്ചയുടേയും ബീജം ഓരോ ഏകത്വത്തിലും (ഏകീകൃത വസ്തുവിലും) വിരുദ്ധ ശക്തികളുടെ വിഭജനമടങ്ങിയിട്ടുണ്ടെന്നും ആ വിരുദ്ധശക്തികൾ തമ്മിൽ ആഘാത പ്രത്യാഘാതങ്ങൾ അല്ലെങ്കിൽ സമരം നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നുമുള്ളതാണ് ചലനാത്മക വാദത്തിന്റെ ഏറ്റവും അടിസ്ഥാനപരവും സാർവ്വത്രികവുമായ നിയമം. 'ഏകത്വത്തിന്റെ വിഭജനവും അതിന്റെ വിരുദ്ധ ശക്തികളെക്കുറിച്ചുള്ള ജ്ഞാനവുമാണ് ചലനാത്മകവാദത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ഒരു സ്വഭാവ വിശേഷം. ഇത് തന്നെയാണ് 'ചലനാത്മകവാദത്തിന്റെ സത്ത' എന്ന് ലെനിൻ വിശേഷിപ്പിച്ചതും.

'ഒരു വസ്തു അതായിത്തന്നെ നിലനിൽക്കുന്നു. അതേ സമയത്തുതന്നെ അത് ഇടവിടാതെ മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മാറ്റമില്ലായ്മ, മാറ്റം എന്നീ രണ്ട് വിരുദ്ധ ശക്തികളെ അതുൾക്കൊള്ളുന്നു. ഇങ്ങനെ ആ വസ്തുവിൽ ഒരു വൈരുദ്ധ്യമടങ്ങിയിരിക്കുന്നു' എന്നാണ് ഏംഗൽസ് സ്ഥാപിച്ചത്. സാമൂഹ്യ വൈരുദ്ധ്യങ്ങളിൽ ഏറ്റവും മുഖ്യമായ സ്ഥാനം വഹിക്കുന്നത് പുതിയതിന് വേണ്ടി പോരാടുന്ന ശക്തികളും പഴയതിനെ നിലനിർത്തുന്ന ശക്തികളും തമ്മിലുള്ള വൈരുദ്ധ്യമാണ്. പുതിയതിന്റെ ആവിർഭാവവും നിലയുറയ്ക്കലും കൂടാതെ, പുതിയതിന് വേണ്ടിയുള്ള സമരം കൂടാതെ, യാതൊവികാസവും സാദ്ധ്യമല്ലെന്ന് വ്യക്തമാണ്. ഏതെങ്കിലുമൊരു പ്രതിഭാസത്തിന്റെ ആവിർഭാവവും മറ്റൊന്നിന്റെ കാലഹരണപ്പെടലും, അവ തമ്മിലുള്ള വൈരുദ്ധ്യങ്ങളും ഏറ്റുമുട്ടലുകളും പഴയതിന്റെ മേൽ പുതിയതിന്റെ വിജയം – ഇവയാണ് സാമൂഹ്യ വളർച്ചയുടെ വസ്തുനിഷ്ഠവും നിയമാനുസൃതമായ സ്വഭാവ വിശേഷങ്ങൾ.

**വികാസം**

പ്രപഞ്ചം സദാഇളകുകയും വളരുകയും ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ, പഴയത് നശിക്കുകയും പുതിയത് മുളച്ച് പൊന്തുകയും ചെയ്യുന്നത് വളർച്ചയുടെ നിയമമാണെങ്കിൽ, 'ശാശ്വതമായ യാതൊരു സാമൂഹ്യഘടനയും ഉണ്ടാവാൻ വയ്യ; സ്വകാര്യസ്വത്തും ചൂഷണവുമെന്ന ശാശ്വത തത്ത്വങ്ങളുണ്ടാവാൻ നിവൃത്തിയില്ല. കൃഷിക്കാരൻ ജന്മിക്കും, തൊഴിലാളി മുതലാളിക്കും കീഴിലാവുകയെന്ന 'ശാശ്വതാശയങ്ങ'ളുണ്ടാവാൻ ഇടമില്ലെന്ന് വരുന്നു. "സമൂഹത്തിന്റെ വികാസം കുത്തനെ മേൽപോട്ടയ്ക്കല്ല. ഓരോ വികാസ ഘട്ടവും ഓരോ ദോഷത്തെ കൂടി ആവിർഭവിക്കുന്നു. ആ ദോഷം, ആ അധഃപതനം, പിന്നത്തെ വികാസ ദശയിൽ നശിക്കുകയും ചെയ്യുന്നു. വളർച്ച വൈരുദ്ധ്യങ്ങളിൽ കൂടിയാണ് മുന്നോട്ട് പോകുന്നത്. പ്രാചീന കാലത്തെ കൂട്ടായ്മയും വ്യക്തി സ്വാതന്ത്ര്യവും വീണ്ടുമുണ്ടാവും. പക്ഷെ ആ പഴയ നിലയിലല്ല, വളരെ ഉന്നതമായ, വളരെ മുന്നോട്ട് പോയിട്ടുള്ള ഒരു നിലയിൽ."[69]

ഒരിക്കൽ നാടുവാഴി ഭൂപ്രഭുത്തപരമായ സമുദായഘടനയുടെ നിഷേധമായിരുന്ന മുതലാളിത്തം അതിന്റെ ശത്രുവായ തൊഴിലാളിയോടു കൂടിയാണ് ജനിച്ചത്. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള സംഘട്ടനം വർദ്ധിക്കുന്നു. ഒടുവിൽ മുതലാളിത്തം അതിന്റെ തന്നെ ശവക്കുഴി തോണ്ടുന്നു. വികാസക്രമത്തിനിടയിൽ കാലഹരണപ്പെടുന്നവ മാത്രമേ നിഷേധിക്കപ്പെടുന്നുള്ളൂ. ശക്തിയും ജീവനക്ഷമതയുമുള്ളതെല്ലാം നില നിർത്തപ്പെടുന്നു. അതിനാൽ വികാസമെന്നത് പുരോഗമന പരമായ ഒരു ഗതിക്രമമാണ്. താഴ്ന്ന ഘട്ടങ്ങളിൽ നിന്ന് ഉയർന്ന ഘട്ടങ്ങളിലേക്കുള്ള, ലളിത രൂപങ്ങളിൽ നിന്ന് സങ്കീർണ്ണ

രൂപങ്ങളിലേക്കുള്ള ഒരു കയറ്റമാണ്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ വികസനം പുരോഗതിയാണ്. 'കൊഴിഞ്ഞുപോയ ഘട്ടങ്ങളെ ആവർത്തിക്കുകയാണോ എന്ന് തോന്നിപ്പിക്കുന്ന ഒരു വികാസം; പക്ഷെ ഒരുയർന്ന ഘട്ടത്തിലുള്ള ആവർത്തനം (നിഷേധത്തിന്റെ നിഷേധം) നേർവരയിലല്ലാതെ പിരിപിരിവായ വ്യാവർത്ത രൂപത്തിലുള്ള വികസനം' വികാസത്തെക്കുറിച്ചുള്ള ലെനിന്റെ വ്യാഖ്യാനം ശ്രദ്ധേയമാണ്.

"ജർമ്മൻ ഐഡിയലിസത്തിന്റെ വികാസപരിണാമങ്ങൾക്കൊപ്പം വളർന്ന് ഹെഗലിൽ പൂർണ്ണത കൈവരിച്ച വൈരുദ്ധ്യാത്മകവാദത്തെ ഭൗതികവാദവുമായി ഇണക്കി ചേർത്തതാണ് തത്ത്വചിന്താലോകത്ത് മാർക്സ് നടത്തിയ മുന്നേറ്റം."[70] ചിന്തിക്കുന്ന വസ്തുവിൽ നിന്ന് ചിന്തയെ വേർതിരിക്കാൻ കഴിയില്ലായെന്നും; വസ്തുവാണ് എല്ലാ മാറ്റത്തിന്റെയും വിഷയമെന്നും അദ്ദേഹം സ്ഥാപിച്ചു. ഒരു സമുദായത്തിന്റെ ചേതനയും അതിന്റെ ഭൗതിക ജീവിതത്തിന്റെ ചുറ്റുപാടുകളും അനുസരിച്ചാണ് അതിന്റെ ആശയങ്ങളും സിദ്ധാന്തങ്ങളും അഭിപ്രായങ്ങളും സ്ഥാപനങ്ങളുമുണ്ടാകുന്നത്. മനുഷ്യരുടെ ബോധമല്ല, അവരുടെ ചേതനയെ നിയന്ത്രിക്കുന്നത്; നേരെ മറിച്ച് അവരുടെ സാമൂഹ്യചേതനയാണ് അവരുടെ ബോധത്തെ നിയന്ത്രിക്കുന്നതെന്നും മാർക്സ് പ്രസ്താവിച്ചു. ഒരു സിദ്ധാന്തം ബഹുജനങ്ങളെ ആകർഷിച്ചു കഴിഞ്ഞയുടനെ അതൊരു ഭൗതിക ശക്തിയായി തീരുന്നുവെന്നും തത്ത്വചിന്താ ലോകത്ത് കാറൽ മാർക്സ് തന്റെ സിദ്ധാന്തങ്ങൾ സ്ഥാപിച്ചു. മാർക്സിസത്തെ ഉന്നതമായ ശ്രേണിയിലാണ് കുറ്റിപ്പുഴ പ്രതിഷ്ഠിക്കുന്നത്. ചലനാത്മകമായ ഒരു ചിന്താപദ്ധതിയാണ് മാർക്സിസമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. മനുഷ്യരാശിയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്ക് ഉപകരിക്കുന്ന തത്ത്വശാസ്ത്രമെന്ന നിലയിൽ മാർക്സിസത്തെ അനുഷ്ഠേയാപനിഷത്ത് എന്നാണ് കുറ്റിപ്പുഴ വ്യാഖ്യാനിക്കുന്നത്.

**വ്യഷ്ടിവാദം (Individualism)**

യവനചിന്തകനായ അരിസ്റ്റോട്ടിലിന്റെ കാലം മുതൽ പ്രചരിച്ച് പോരുന്നതാണ് മനുഷ്യൻ സമൂഹജീവിയാണ് എന്ന നിർവ്വചനം. യുഗാന്തരങ്ങളെ അതിജീവിച്ച് ഈ നിർവ്വചനം ഇന്നും നിലനിൽക്കുന്നു. സാമൂഹിക ജീവിത വാസനയും ഏകാന്തജീവിത വാസനയും സങ്കല്പിതമായി കലർന്ന് കാണുന്ന ഒരു സ്വഭാവവിശേഷമാണ് മനുഷ്യന്റേത്. നൈസർഗ്ഗികമായ ഈ സ്വഭാവ വിശേഷത്തെ കണക്കിലെടുക്കാനുള്ള ഏതൊരു തത്ത്വശാസ്ത്രവും ഉറപ്പില്ലാത്ത അടിത്തറയിൽ പുടുത്തുയർത്തിയ ചിന്താസൗധമാവുകയേയുള്ളൂ. ആധുനികാർത്ഥ ത്തിലുള്ള വ്യഷ്ടിവാദത്തിന്റെ ഉപജ്ഞാതാവ് 'ജോൺ സ്റ്റുവർട്ട്മിൻ' എന്ന തത്ത്വ ജ്ഞാനിയാണ്. മനുഷ്യന്റെ ജീവിതലക്ഷ്യം സുഖിക്കുക എന്നതാണ്. സുഖമെന്ന്

പറയുന്നത് വ്യഷ്ടിനിഷ്ടമാണ്. വ്യക്തികൾ സുഖിക്കാതെ, അവരുടെ സമാഹാരമായ സമൂഹത്തിന് സുഖമുണ്ടാവുകയില്ല. അതുകൊണ്ട് ഏതൊരു രാഷ്ട്രീയ തത്ത്വത്തേയും പരിഗണിക്കേണ്ടത്, അത് ഓരോ മനുഷ്യനും എത്രത്തോളം സുഖദായകമാകും എന്ന അടിസ്ഥാനത്തിലാണ് എന്നദ്ദേഹം സ്ഥാപിച്ചു.

ലോകത്തിന് മഹത്തായ സംഭാവനകൾ നൽകിയ മഹാന്മാരൊട്ടുമുക്കാലും സമൂഹത്തിൽ നിന്ന് വഴിതെറ്റി സഞ്ചരിച്ചവരും ഏകാന്തതയുടെ ഉള്ളറകളിൽ വെച്ചുമാത്രം ആ സംഭാവനകൾ കരുപ്പിടിപ്പിച്ചവരുമാണ്. 'അതുകൊണ്ട് പ്രവർത്തന സ്വാതന്ത്ര്യം മനുഷ്യസൗഖ്യത്തിന്റേയും വൈയക്തികവും സാമൂഹ്യവുമായ പുരോഗതിയുടേയും സുശക്തമായ ഘടക'മാണെന്നായിരുന്നു - മിൻന്റെ കണ്ടെത്തൽ. ചുരുക്കത്തിൽ വ്യക്തിയെ അവന്റെ പാട്ടിന് വിട്ടേക്കുക. സമൂഹ ജീവിതത്തിന് അപകടമുണ്ടാക്കാത്ത കാലത്തോളം ഭരണകൂടം അവന്റെ കാര്യത്തിൽ കൈകടത്തരുത് എന്നത്രെ. "ഹെർബർട്ട് സ്പെൻസർ - രാഷ്ട്രമീമാംസയെ ജീവശാസ്ത്രവുമായി ഘടിപ്പിച്ചു. ഇത് 'ശേഷിയുള്ളത് അതിജീവിക്കും' എന്ന പരിണാമ സിദ്ധാന്തത്തിൽ എത്തിച്ചു. ഇത്തരം വാദഗതിയിൽ വ്യഷ്ടിവാദത്തിന് ശക്തമായ ഉലച്ചിൽ സംഭവിച്ചു. ആധുനിക വ്യഷ്ടിവാദം 'ഗ്രഹാം വാലസി'ന്റെ 'ഗ്രേറ്റ്സൊസൈറ്റി' എന്ന ഗ്രന്ഥത്തിൽ കാണാൻ കഴിയും. ഡമോക്രസിയുടെ മൗലിക തത്ത്വങ്ങൾ അംഗീകരിക്കുന്നതോടൊപ്പം ഭൂരിപക്ഷത്തിന്റെ അനിയന്ത്രിതമായ അധികാരവിനിയോഗത്തിന് കടിഞ്ഞാണിടേണ്ട ആവശ്യകതയെ ഊന്നിപ്പറയുന്നു.......നിയമസഭകളിൽ തൊഴിൽപരവും വിനോദപരവുമായ സംഘടനകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു ഉപരിമണ്ഡലസഭ കൂടി നിലവിൽ വരണമെന്നദ്ദേഹം വാദിച്ചു. ഇവിടെയെല്ലാം 'മൃഗഭൂരിപക്ഷ'ത്തിന്റെ ക്രൂരമായ ശക്തിയിൽ നിന്ന് വ്യക്തിക്ക് സുരക്ഷിതത്വം നൽകാനുപകരിക്കുന്ന ഭരണവ്യവസ്ഥയെ വാർത്തെടുക്കാനുള്ള വ്യഗ്രതയാണ് വാലസ് പ്രദർശിപ്പിക്കുന്നത്."[71]

ഇത്തരം വാദഗതികളിൽ നിന്നെല്ലാം രൂപംകൊള്ളുന്നതിതാണ്. വ്യക്തിക്ക് അവരവരുടേതായ ഒരു ജീവിതമുണ്ട്. ഭരണത്തിലെ നുറുങ്ങാണികൾ മാത്രമല്ല വ്യക്തികൾ, വ്യക്തികളുടെ സംഘടനമാത്രമാണ് ഭരണകൂടം. 19-ാം നൂറ്റാണ്ടിൽ വെറും വ്യക്തികളെന്ന് പറഞ്ഞതിന് പകരം ഇന്ന് 'വ്യക്തികൾ സ്വമേധയാ രൂപീകരിക്കുന്ന സംഘടനകൾ' എന്ന് പറയുന്ന വ്യത്യാസമേ സംഭവിച്ചിട്ടുള്ളൂ. ഭരണകൂടം സംഘടനയുടെ സംഘടന മാത്രമാണ്. "ഈ വാദഗതിക്കെല്ലാം അടിസ്ഥാനം മനുഷ്യമഹത്വത്തിലുള്ള ഒരു വിശ്വാസം മാത്രമാണ്. വിവേചന ശക്തിയുടെ പ്രവർത്തനം മൂലം അവൻ മാനുഷിക മൂല്യങ്ങൾ കണ്ടെത്തി. ആ മൂല്യങ്ങൾ ജീവിതത്തിൽ സാക്ഷാത്കരിക്കാൻ അവൻ അനവരതം പരിശ്രമിച്ചു."[72]

വ്യക്തികൾ സംസ്ക്കാരത്തിന്റെ സുരഭില കുസുമങ്ങളത്രെ. അമ്മാതിരി കുസുമങ്ങൾ വികസിക്കുകയും പരിമളം പരത്തുകയും ചെയ്യണമെങ്കിൽ അതിന് പ്രേരകമായ ഭരണസംവിധാനം കൂടിയേ തീരു എന്നത് യാഥാർത്ഥ്യമാണ്. വ്യക്തിയുടെ മേലുള്ള എല്ലാത്തരം അധിനിവേശങ്ങളേയും കുറ്റിപ്പുഴ അപലപിക്കുന്നുണ്ട്. സ്വതന്ത്രചിന്തയുടെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന അദ്ദേഹം സർവ്വ സ്വതന്ത്രനായ ഒരു വ്യക്തിയേയും കാണുന്നുണ്ട്.

പാശ്ചാത്യ ദർശനങ്ങൾ മലയാള സാഹിത്യത്തിനെന്നതുപോലെ കുറ്റിപ്പുഴയുടെ രചനാലോകത്തിനും ഒരു നവ്യപ്രകാശം നൽകിയിട്ടുണ്ടെന്നത് വ്യക്തമാണ്. പഴയ മാമൂൽ പ്രതിപത്തിയിൽ നിന്ന് ഒരു സമൂഹത്തെ വിചാര വിപ്ലവത്തിലൂടെ കരകയറ്റാൻ ഇത്തരം ദർശനങ്ങൾ ഊർജ്ജം പകർന്നിട്ടുണ്ടെന്നതും പ്രധാനമാണ്. അതുപോലെ, അവയെ സ്വതന്ത്രമായി പരിശോധിക്കുവാനും നിഗമനങ്ങളിലെത്തിച്ചേരുവാനും അതിൽ നിന്നൊരു സന്ദേശം ലോകത്തിന് പകർന്ന് നൽകുവാനും കുറ്റിപ്പുഴക്ക് കഴിയുമ്പോൾ, ഈ തത്ത്വചിന്തകൾ കൂടുതൽ പ്രകാശമാനമാവുകയാണ്.

**അടിക്കുറിപ്പുകൾ**

1. പ്രൊഫ.എം.അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, സാ.പ്ര.സ., കോട്ടയം, 1983, പു. 36.
2. കെ.എൻ.എഴുത്തച്ഛൻ, കിരണങ്ങൾ, കറന്റ് ബുക്സ്, തൃശൂർ, 1956, പു. 39
3. W.H. Hudson, An Introduction to the Study of Literature, New Delhi; Kalyani Publishers, 1979, P. 10 - 12
4. ഡോ.കെ.എം.തരകൻ, പാശ്ചാത്യ സാഹിത്യതത്ത്വശാസ്ത്രം, സാ.പ്ര.സ., കോട്ടയം, 2000, പു. 27.
5. Plato, The Republic, Tr. Desmond Lee, Second Ed. Hammads worth : Penguin, 1974, P. 425 - 431.
6. Plato, Five Dialogues, London : Dent, 1938, P. 64.
7. Withan K. Wimsatt and Cleanth Books, Literacy Criticism - A Short History, New Delhi : Oxford, 1957, P. 36 - 45
8. Classical Literary Criticism, Tr. T.S. Dorsch Harmonds Worth : Penguin, 1965, P. 39, 40

9. Classical Literary Criticism, P. 35
10. പ്രൊഫ.എം.അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, സാ.പ്ര.സ., കോട്ടയം, 1983, പു. 162
11. Classical Literary Criticism, Tr. T.S. Dorsch, Harmonds Worth : Penguin, 1965, P. 108
12. ഡോ.കെ.എം.തരകൻ, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം, സാ.പ്ര.സ. കോട്ടയം, 2000, പു. 74, 75.
13. B. Prasad, An Introduction to English Criticism, Madras : Macmillan, 1965, P. 67
14. An Introduction to English Criticism, P. 70
15. ഡോ.കെ.എം.തരകൻ, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം, സാ.പ്ര.സ. കോട്ടയം, 2000, പു. 151.
16. അതേ പുസ്തകം, പു. 167
17. William Words Worth, 'Preface to Lyrical Ballads', English Critical Texts, Ed.D.J. Enright and Ernst de Chickera (Oxford : Oxford University) 1962, P. 180
18. William Wordsworth, P. 175
19. William Wordsworth, P. 176
20. ഡോ.കെ.എം.തരകൻ, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം, സാ.പ്ര.സ. കോട്ടയം, 2000, പു. 183
21. പ്രൊഫ.എം.അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, സാ.പ്ര.സ., കോട്ടയം, 1983, പുറം – 272
22. Mathew Arnold, Essays in criticism, Second Series, London : McMillan, 1913, P. 6- 7
23. Arnold, P. 5
24. കെ.എൻ.എഴുത്തച്ഛൻ, കിരണങ്ങൾ, കറന്റ് ബുക്സ്, തൃശൂർ, 1956, പു. 3–4
25. Oscar Wilde, 'The Decay of Lying', The words of Oscar Wilde, London : Spring Books, 1963, P. 843

26. Oscar Wilde, 'The Critic an Artist', The Words of Oscar Wilde, London, (857 - 898) P. 881 - 82.

27. ഡോ.കെ.എം.തരകൻ, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം, സാ.പ്ര.സ. കോട്ടയം, 2000, പു. 238 – 39

28. Walter Pater, Essays in Literature and Art, Ed.Jennifer Uglow, London Dent, 1973, P. 45

29. ജോസഫ് മുണ്ടശ്ശേരി, പാശ്ചാത്യ സാഹിത്യ സമീക്ഷ, മംഗളോദയം, തൃശൂർ, 1767, പു. 79–80

30. പ്രൊഫ.എം.അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, സാ.പ്ര.സ., കോട്ടയം, 1983, പു. 328

31. Papini Giovanni, Four and Twenty Minds in Wimsatt, Witham K. and Cleath Books, Literary Criticism : A Short History, New Delhi : Oxford, 1957, P. 503 - 504

32. Beneditto Croce, Aesthetic as Science of Expression and General Lingustic, Tr.. Douglan Ainstic, Second Edition, London : Macmillan, 1922, P. 5

33. T.S. Eliot, Tradition and Individual Talent, the Sacred Wood, New Delhi, B.I. Publication, 1976, P. 58

34. T.S. Eliot, P. 52, 53

35. ഡോ.കെ.എം.തരകൻ, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം, സാ.പ്ര.സ. കോട്ടയം, 2000, പു. 329

36. പ്രൊഫ.എം.അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, സാ.പ്ര.സ., കോട്ടയം, 1983, പു. 400

37. Jean Paul Sartre, What is Literature and other Essays, Tr. Bernard Frechman, London : Methemen, 1948, P. 48

38. പി.ഗോവിന്ദപിള്ള, മാർക്സിയൻ സൗന്ദര്യ ശാസ്ത്രം ഉൽഭവവും വളർച്ചയും, സംഘപ്രസാധന, തിരു., 1987, പു.166

39.ജോസഫ് മുണ്ടശ്ശേരി, പാശ്ചാത്യ സാഹിത്യ സമീക്ഷ, മംഗളോദയം, തൃശൂർ, 1767, പു. 55

40. പ്രൊഫ.എം.അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, സാ.പ്ര.സ., കോട്ടയം,

1983, പു. 357 – 358

41. കെ.എസ്.രാധാകൃഷ്ണൻ, മാർക്സിസവും അദ്വൈത വേദാന്തവും, സാ.പ്ര.സ., കോട്ടയം, 1991, പു. 24

42. Christopher Janaway, 'Philosophy a Guide Through The Subject', Ed. A.C. Grayling, Oxford University Press, London, 1995, P. 355

43. Robert Wardy, 'The Blackwell Companion to Philosophy', Ed. Nicholas Bunnun & E.P. Tasi James, Blackwell Publishers., UK, 1996, P. 494

44. William G. Lycan, Blackwell Companion to Philosophy, Ed.Nicholas Bunnan & E.P. Tasi James, Blackwell Publishers, UK, 1996, P. 165

45. Christopher Janaway, 'Philosophy, a Guide Through the Subject', Ed. A.C. Grayling, Oxford Unviersity Press, London, 1995, P. 347

46. A.C. Grayling, Blackwell Companion to Philosophy, Ed.Nicholas Bunnu & E.P. Tasi James, Blackwell Publicshers, UK, 1996, P. 56

47. Howard Bobinson, Blackwell Companion to Philoshophy : P. 529

48. George Mac Donald and Richard Franks, Blackwell Companion to Philosophy : P. 511

49. വിശ്വവിജ്ഞാന കോശം, വാല്യം – 7, സാ.പ്ര.സ., കോട്ടയം, 1972, പു. 746

50. Howard robinson, blackwell Companion to Philoshophy : P. 522

51. John R. Searl, Blackwell Companion to Philosophy : P. 5

52. വിശ്വവിജ്ഞാന കോശം, വാല്യം – 7, സാ.പ്ര.സ., കോട്ടയം, 1972, പു. 544

53. കാറൽ മാർക്സിന്റെ സമകാലീനനായ റഷ്യൻ ചിന്തകൻ.

54. റഷ്യൻ തത്ത്വജ്ഞാനി.

55. Jean Paul Sartre, Existentialism and Humanism (Tr. by P. Mainet) London, Metheun Publications, 1966

56.David E. Cooper, Blackwell Companion to Philosophy; P. 705

57.പി.ഗോവിന്ദപ്പിള്ള, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം ഉൽഭവവും വളർച്ചയും, സംഘപ്രസാധന, തിരുവനന്തപുരം, 1987, പു. 121

58..ഡോ.കെ.എം.തരകൻ, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം സാ.പ്ര.സ., കോട്ടയം, 2000, പു. 337

59. കെ.എസ്.രാധാകൃഷ്ണൻ, മാർക്സിസവും അദ്വൈതവേദാന്തവും, സാ.പ്ര.സ, കോട്ടയം, 1991, പു. 29

60.ജോസഫ് ഇടമറുക്, യുക്തിവാദരാഷ്ട്രം, ഇന്ത്യൻ എത്തിക് പബ്ലിക്കേഷൻസ്, 1988, പു. 18 – 20

61. എ.ടി. കോവൂർ, യുക്തിവാദം, കറന്റ് ബുക്സ്, തൃശൂർ, 1970, പു. 9 – 10

62. ജോസഫ് ഇടമറുക്, യുക്തിവാദരാഷ്ട്രം, ഇന്ത്യൻ എത്തിക് പബ്ലിക്കേഷൻസ്, 1988, പു. 27 – 29

63. അതേ പുസ്തകം, പു. 40 – 41

64. സ്റ്റാലിൻ, മാർക്സിസത്തിന്റെ തത്ത്വശാസ്ത്രവും ചരിത്രശാസ്ത്രവും, വിവ. മാർക്സിസ്റ്റ് ബുക്ക് സ്റ്റാൾ, കോഴിക്കോട്, 1952, പു. 13

65. ഓട്ടോ കുസിൻ, മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ, വിവ. കെ.ദാമോദരൻ, നവയുഗം പബ്ലിക്കേഷൻസ്, എറണാകുളം, 1962, പു. 30

66. കെ. ദാമോദരൻ, മാർക്സിസത്തിന്റെ തത്ത്വശാസ്ത്രം, എൻ.ബി.എസ്., കോട്ടയം, 1968, പു. 4

67. ഓട്ടോ കുസിൻ, മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ, വിവ. കെ.ദാമോദരൻ, നവയുഗം പബ്ലിക്കേഷൻസ്, എറണാകുളം, 1962, പു. 95

68. സ്റ്റാലിൻ, മാർക്സിസത്തിന്റെ തത്ത്വശാസ്ത്രവും ചരിത്രശാസ്ത്രവും, വിവ. മാർക്സിസ്റ്റ് ബുക്ക് സ്റ്റാൾ, കോഴിക്കോട്, 1952, പു. 3

69. കെ. ദാമോദരൻ, മാർക്സിസത്തിന്റെ തത്ത്വശാസ്ത്രം, എൻ.ബി.എസ്., കോട്ടയം, 1968, പു. 10

70. കെ.എസ്. രാധാകൃഷ്ണൻ, മാർക്സിസവും അദ്വൈത വേദാന്തവും, സാ.പ്ര.സ. കോട്ടയം, 1991, പു. 42

71. പ്രൊഫ. എം.കെ.സാനു, ചക്രവാളം, സാഹിത്യനിലയം പബ്ലിഷിംഗ് ഹൗസ്, എറണാകുളം, 1966, പു. 70 – 71

72. അതേ പുസ്തകം, പു. 72

# മൂന്ന്

# പൗരസ്ത്യ സിദ്ധാന്തങ്ങൾ
# സാഹിത്യപരവും ദർശനപരവും

# 3

മലയാള സാഹിത്യത്തിന്റേയും നിരൂപണത്തിന്റേയും അടിത്തറ പൗരസ്ത്യ ദർശനങ്ങളാണെന്ന് കാണാം. കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ ഇതിന് ഏറെ ദൃഷ്ടാന്തമാണ്. പാശ്ചാത്യ ദർശനങ്ങളുടെ പടവുകൾ കയറിപോകുമ്പോഴും കിഴക്കിന്റെ തത്ത്വശാസ്ത്രം കൂടുതൽ ആർജ്ജവം പകരുന്നത് ദൃശ്യമാണ്. ആസ്തികമായാലും നാസ്തിക ചിന്തകളായാലും അതിൽ പൗരസ്ത്യ വീക്ഷണത്തിന്റെ ആഴവും പരപ്പും വിമർശനബുദ്ധ്യാ പരിശോധിക്കുവാൻ കുറ്റിപ്പുഴ തന്റെ പ്രബന്ധങ്ങളിലൂടെ ശ്രമിച്ചിട്ടുണ്ട്. സാഹിത്യരൂപേണയും ദർശനപരവുമായി കുറ്റിപ്പുഴ പ്രബന്ധങ്ങളിൽ വ്യാപരിച്ചു കിടക്കുന്ന പൗരസ്ത്യ ദർശനങ്ങളെ അപഗ്രഥിക്കുകയാണ് ഈ അദ്ധ്യായത്തിൽ.

## സാഹിത്യപരം

കാവ്യാത്മാവിനെക്കുറിച്ചുള്ള അന്വേഷണമാണ് പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങളുടെ തുടക്കം എന്ന് പറയാം. പാശ്ചാത്യരുടെ അപഗ്രഥനരീതിയല്ല മറിച്ച് ഉദ്ഗ്രഥന രീതിയാണ് പൗരസ്ത്യ സിദ്ധാന്തങ്ങളെ ശ്രദ്ധേയമാക്കുന്നത്. "കാവ്യമീമാംസയിലെ കേന്ദ്രബിന്ദുവാണ് എന്താണ് കവിത എന്ന ചോദ്യം. ഇത് അഭിമുഖീകരിക്കേണ്ടിവരുമ്പോൾ മിക്കവാറും തോന്നാറുണ്ട്. 'ചോദിച്ചാൽ അറിയില്ല, ചോദിച്ചില്ലെങ്കിൽ അറിയാം' അങ്ങനെ അറിയാതെ അറിയുന്ന കവിതയുടെ സ്വരൂപം മനസ്സിലാക്കാൻ വേണ്ടി മറ്റൊരു ചോദ്യം ഉയർത്തുന്നു. കവിതയെ കവിതയാക്കുന്നതെന്ത്? അല്ലെങ്കിൽ കവിതയുടെ പ്രധാനഘടകങ്ങളേവ? ഇതിനെപ്പറ്റി ആരാഞ്ഞ് ചെന്നപ്പോഴാണ് കവി, കാവ്യലക്ഷണം, കാവ്യപ്രയോജനം, സഹൃദയൻ, കാവ്യശരീരമായ ശബ്ദാർത്ഥങ്ങൾ കാവ്യാത്മാവായ രസം, കാവ്യശോഭാകരങ്ങളായ ഗുണം, അലങ്കാരം, ധ്വനി, ഔചിത്യം മുതലായ ആശയങ്ങളിൽ ഭാരതീയ കാവ്യമീമാംസകർ എത്തിച്ചേർന്നത്"[1]

കാവ്യത്തെ ഒരു ജീവവസ്തുവായി കാണുവാൻ അവർക്ക് കഴിഞ്ഞു.

ശബ്ദവും അർത്ഥവും ചേർന്ന കാവ്യശരീരത്തിന്റെ ആത്മാവ് രസമാണെന്നവർ കണ്ടെത്തി. 'രമണീയാർത്ഥ പ്രതിപാദകഃ ശബ്ദഃ കാവ്യം' എന്ന് കാവ്യത്തിന് നിർവ്വചനവും നൽകി. 'അപൂർവ്വ വസ്തുനിർമ്മാണ ക്ഷമഃ പ്രജ്ഞഃ പ്രതിഭ'യാണ് കവിക്ക് കാവ്യനിർമ്മാണത്തിനുപകരിക്കുന്ന ശക്തിയായി കണ്ടത്. ഇപ്രകാരം, "സാഹിത്യ കലയിൽ അന്തർഭവിച്ചിരിക്കുന്ന മൗലികതത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തി അനവധി ഭാരതീയ പണ്ഡിതന്മാർ ചിന്താ പ്രചോദിതങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വാമനന്റെ കാവ്യാലങ്കാര സൂത്രം, ദണ്ഡിയുടെ കാവ്യാദർശം, മമ്മടന്റെ കാവ്യപ്രകാശം, ഭോജരാജാവിന്റെ സരസ്വതീ കണ്ഠാഭരണം, വിശ്വനാഥന്റെ സാഹിത്യ ദർപ്പണം മുതലായവ ഇവയിൽ ഏതാനും മാത്രമാണ്. അഭിപ്രായ വ്യത്യാസങ്ങളും ഖണ്ഡനസംരംഭങ്ങളും കൊണ്ട് പ്രചണ്ഡങ്ങളാണ് ഇവയിൽ ചിലത്. എങ്കിലും സാഹിത്യ കലയെപ്പറ്റിയുള്ള അഗാധമായ ചിന്തയും കാവ്യരസാ വഹവും കൊണ്ട് മാത്രം സാധിക്കുന്ന ശാസ്ത്രീയ ഗവേഷണം ഈ ഗ്രന്ഥങ്ങളിലെല്ലാം തെളിഞ്ഞു കാണ്മാനുണ്ട്."[2]

ഇത്തരം അന്വേഷണങ്ങൾ കാവ്യത്തിന്റെ സ്ഥൂലതയെ വിട്ട് സഹൃദയന്റേയും കഥാപാത്രങ്ങളുടേയും മനോവ്യാപാരങ്ങളിൽ വരെ ചെന്നു മുട്ടുന്നുണ്ട്. കാവ്യ ചിന്താപദ്ധതികൾ ആഴം കൊണ്ട് ആധുനിക മനഃശാസ്ത്ര പദ്ധതികളിലേക്ക് വിരൽ ചൂണ്ടുന്നവയാണെന്ന് കാണാം. എങ്കിലും അവയെ സമീപിക്കുന്നതിൽ വ്യത്യസ്തങ്ങളായ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചുകൊണ്ട് പുത്തൻ വഴികൾ വെട്ടിത്തുറക്കാൻ ശ്രമിക്കുന്നുണ്ട്. "സംസ്കൃത സാഹിത്യ ശാസ്ത്രത്തിൽ വ്യത്യസ്ത സമ്പ്രദായങ്ങളാണാവിർഭവിച്ചത്. രസ സമ്പ്രദായം, അലങ്കാര സമ്പ്രദായം, രീതി സമ്പ്രദായം, ധ്വനി സമ്പ്രദായം എന്നിവയാണ് അവയിൽ പ്രാധാന്യമർഹിക്കുന്നവ."[3]

ഒരു സാഹിത്യ നിരൂപകനെന്ന നിലയിൽ കുറ്റിപ്പുഴ കൃഷ്ണപിള്ള തികച്ചും പൗരസ്ത്യനാണ്. ആ മണ്ഡലങ്ങളിൽ അദ്ദേഹം സ്വീകരിച്ചതും ഉൾക്കൊള്ളാൻ ശ്രമിച്ചതും പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങളാണ്. ഒരു കാവ്യത്തെ അദ്ദേഹം ഒന്നാമതായി പരിശോധിക്കുന്നത്. അത് ആസ്വദാന ക്ഷമമാണോ എന്നതാണ്. ഈ ആസ്വാദ്യതക്ക് ഉപകരിക്കുന്ന വിധത്തിലാണോ അതിന്റെ നിർമ്മാണം അഥവാ സൃഷ്ടി. അനുവാചകനിൽ രസം ജനിക്കുന്ന വിധമാണോ അതിന്റെ ശൈലി അഥവാ രീതി, രസഹാനിക്കിടവരാത്ത വിധം ഔചിത്യം ദീക്ഷിച്ചിട്ടുണ്ടോ? ഇതെല്ലാം കുറ്റിപ്പുഴ തന്റെ നിരൂപണ മണ്ഡലത്തിൽ സൂക്ഷ്മ വിശകലനം നടത്തിയിട്ടുണ്ട്. കഥയായാലും, കവിതയായാലും, നാടകമായാലും, പ്രബന്ധമായാലും അത് ആസ്വാദ്യമായിരിക്കണം. അതിനുപകരിക്കുന്ന സൗന്ദര്യമുണ്ടായിരിക്കണം എന്ന പക്ഷക്കാരനാണ് കുറ്റിപ്പുഴ. സാഹിത്യ വിമർശകനായ കുറ്റിപ്പുഴയെ രൂപപ്പെടുത്തിയ

പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങൾ ഇവിടെ പരിശോധനാർഹമാണ്.

**രസസിദ്ധാന്തം**

രസം എന്ന പദം ആദ്യമായി അറിയപ്പെടുന്നത് വേദത്തിലാണ്. തൈത്തിരിയോപനിഷത്തിലെ 'രസോ വൈസഃ', 'രസം ഹ്യേവായം ലബ്ധ്വാനന്ദീ ഭവതി' എന്നീ വാക്യങ്ങൾ തത്ത്വചിന്താപരങ്ങളാണെങ്കിലും കാവ്യശാസ്ത്ര ചർച്ചകളിൽ ഉദ്ധരിക്കപ്പെടുന്നുണ്ട്. "ഭരതാദികൾ രസത്തിനാണ് മുഖ്യത നൽകുന്നത്. 'വാക്യം രസാത്മകം കാവ്യം' എന്നൊരു കാവ്യ നിർവ്വചനമുണ്ട്."[4] "രസത്തെ ശാസ്ത്രീയമായി നിരൂപണം ചെയ്ത ആദ്യത്തെ ആചാര്യൻ ഭരതമുനിയാണ് 'വിഭാവാനുഭാവ വ്യഭിചാരി സംയോഗാദ് രസ നിഷ്പത്തി' എന്നാണ് അദ്ദേഹത്തിന്റെ നിർവ്വചനം. വിഭാവം, അനുഭാവം, സാത്വികം, വ്യഭിചാരി എന്നിവയുടെ സംയോഗം കൊണ്ട് ആസ്വാദ്യമായി പരിണമിക്കുന്ന സ്ഥായീഭാവമാണ് രസം. പരിവാരങ്ങളാൽ പരിവൃതനായ രാജാവിനെ പോലെയാണ് രസം എന്ന് പറയാം."[5]

നാടകത്തിൽ ദുഷ്യന്തനു ശാകുന്തളയിൽ ഉണ്ടാകുന്ന രതിഭാവം ഒരു സഹൃദയന്റെ മനസ്സിൽ പ്രതിഫലിക്കുമ്പോൾ അനന്തരക്ഷണത്തിൽ നായികാ നായകനിഷ്ഠമായ രതിഭാവത്തിൽ നിന്ന് അലോക സാധാരണമായ രതിഭാവത്തിൻ പ്രതീതി ഉളവാകുന്നു, ആനന്ദാനുരൂപമായി പരിണമിക്കുന്നു. ഇതാണ് സാക്ഷാൽ അലൗകികമായ രസാസ്വാദനം. ഭരതമുനി മുപ്പത്തി മൂന്ന് വ്യഭിചാരി ഭാവങ്ങളേയും കാവ്യരസത്തിന്റെ അഭിവ്യക്തിക്ക് കാരണമായിട്ടുള്ള നാല്പത്തി ഒമ്പത് ഭാവങ്ങളേയും കുറിച്ച് നാട്യശാസ്ത്രത്തിൽ വിശദീകരിക്കുന്നുണ്ട്.

രസം അനുവാചകർക്ക് ആസ്വാദ്യമാകുന്ന ക്രമം എപ്രകാരമാണെന്ന് ആദ്യമായി സ്ഥാപിച്ചത് ഭട്ടല്ലൊല്ലടനാണ്. 'ഉല്പത്തിവാദം' എന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം അറിയപ്പെടുന്നത്. "രസം പുതിയതായുണ്ടാകുന്ന ഒന്നെന്നാണിവരുടെ അഭിപ്രായം. വിഭാവം സഹൃദയന്റെ ഉള്ളിൽ സ്ഥായീഭാവത്തെ പുതിയതായി ഉല്പാദിപ്പിക്കുന്നു. സ്ഥായീഭാവങ്ങൾക്ക് വിഭാവത്തോട് ഉദ്പാദ്യോത്പാദകഭാവ സംബന്ധവും അനുഭവങ്ങളോട് ഗമ്യഗമകഭാവ സംബന്ധവും സഞ്ചാരികളോട് പോഷ്യപോഷക ഭാവ സംബന്ധവുമാണുള്ളത്. ഇങ്ങനെ ഉണ്ടായി, വെളിവായി പുഷ്ടിപ്രാപിച്ച സ്ഥായീഭാവം രസരൂപം കൈക്കൊള്ളുന്നു."[6] ധ്വന്യാ ലോകത്തിൽ അഭിനവൻ ഇതേകാര്യം ചുരുക്കി വിവരിച്ചിരിക്കുന്നതായി കാണാം.

ഇതിനെ ഖണ്ഡിച്ചുകൊണ്ട് ശങ്കുകൻ 'അനുമിതിവാദം' കൊണ്ടുവന്നു. "വിഭാവനുഭാവ വ്യഭിചാരികളാൽ പ്രതീതമാകുന്ന സ്ഥായിഭാവമാണ് രസം. ഈ പ്രതീതിയിൽ വിഭാവങ്ങൾ ഹേതുക്കളും അനുഭാവങ്ങൾ കാര്യങ്ങളും

വ്യഭിചാരികൾ സഹകാരികളുമായി വർത്തിക്കുന്നു. ഇവ പ്രയത്നാർജ്ജിതങ്ങളായാൽ കൃത്രിമങ്ങളാണ്. എന്നാലും അങ്ങനെ ഭാവനം ചെയ്യപ്പെടുന്നില്ല. സ്ഥായിയുടെ സൂചന നൽകുന്ന ലിംഗത്തിന്റെ ബലത്താൽ നടനിൽ അത് പ്രതീതമാനമാകുന്നു. കഥാപാത്രത്തിലെ സ്ഥായികാരണകാര്യ സഹചാരികളാകുന്നു. വിഭാവാനുഭാവ വ്യഭിചാരികളെ അഭിനയംകൊണ്ട് നടൻ പ്രദർശിപ്പിക്കുന്നു. നടനിൽ സ്ഥായി ഉള്ളതായി പ്രേഷകൻ അനുമാനിക്കുന്നു. സ്ഥായനുകരണത്തെ അനുമിച്ചതാണ് രസം."[7]

നടനിൽ ഇല്ലാത്ത നായികാനായകനിഷ്ഠമായ രതിഭാവത്തെ ഉണ്ടെന്ന് അനുമാനിക്കുന്നതാണ് അനുമിതിവാദത്തിന്റെ പ്രധാനദോഷമെന്ന് പിൽക്കാലത്ത് കണ്ടെത്തി. അത് പരിഹരിക്കാൻ ശ്രമിച്ചത് 'ഭുക്തിവാദത്തിന്റെ' ഉപജ്ഞാതാവായ ഭട്ടനായകനാണ്. "ഭാവുകത്വവ്യാപാരത്താൽ ദ്രവ്യമാനമാകുന്ന രസം ഭോജകത്വ വ്യാപാരത്താൽ സാമാജികൻ ഭുജിക്കുന്നു എന്ന് ഭട്ടനായകൻ സിദ്ധാന്തം അവതരിപ്പിക്കുന്നു."[8] ഒരു കാവ്യത്തിന് മൂന്ന് വിധത്തിലുള്ള ശക്തി വിശേഷങ്ങളുണ്ടെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. അവ അഭിധ, ഭാവകത്വ, ഭോജകത്വം എന്ന് വിശേഷിപ്പിക്കുന്നു. ഭോജകത്വത്തിനാണ് സാക്ഷാൽ രസ പ്രതീതി ഉളവാക്കാനുള്ള ശക്തി ഉള്ളതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നായകനിൽ ഉണർന്ന് പ്രവർത്തിക്കുന്ന രതിഭാവം സാധാരണീകൃതമായ രതിഭാവമായി പ്രേഷകന് അനുഭവപ്പെടുന്നു. ഇത് സാധ്യമാകുന്നത്, അഭിധയിൽ നിന്ന് ഭിന്നമായ ഭാവുകത്വ വ്യാപാരത്തിലൂടെയാണ്. വിഭാവാദികളുടെ സാധാരണീകരണത്തിലൂടെ ഭവ്യമാനമാകുന്ന രസം ഭുജിക്കപ്പെടുകയാണെന്നാണ് ഭട്ടനായകന്റെ സിദ്ധാന്തം.

അഭിനവ ഗുപ്തന്റെ രസതത്ത്വ ചിന്ത 'അഭിവ്യക്തി വാദം' എന്ന പേരിലാണ് അറിയപ്പെടുന്നത്. നടന്റെ ചേഷ്ടയും ഭാവവും കാണുമ്പോൾ പ്രേഷക ഹൃദയത്തിന്റെ നിലീനമായിട്ടുള്ള സമാനഭാവങ്ങൾ ഉണർത്തപ്പെടുകയാണ് ചെയ്യുന്നത്. അല്ലാതെ രസം പുറമേ നിന്ന് സംക്രമിക്കപ്പെടുന്നതല്ലായെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. വിഭാവാദികളുടെ ചർവണ നടക്കുന്നത്ര നേരമേ രസം നിലനിൽക്കുകയുള്ളൂ എന്നുമാണ് അദ്ദേഹത്തിന്റെ മതം. വ്യഞ്ജനാവ്യപാരമാണ് രസാഭിവിക്തിക്ക് നിദാനമെന്നും അദ്ദേഹം പൂർവ്വികന്മാരെ ഉദ്ദരിച്ചുകൊണ്ട് തീർപ്പ് കല്പിച്ചു. അഭിനവ ഗുപ്തന്റെ സിദ്ധാന്തവും പിൽക്കാലത്ത് പരിഷ്ക്കരിക്കപ്പെട്ടു. "ഭട്ടനായകന്റെ മതത്തെ ഒന്ന് പരിഷ്ക്കരിക്കുകയാണ് അഭിനവ ഗുപ്താചാര്യൻ ചെയ്തത്; ഭാവുകത്വം കൊണ്ടുദ്ദേശിച്ചിട്ടുള്ള സാധാരണീഭാവം - ശകുന്തളാദികൾ കേവല സ്ത്രീകളാണെന്ന തോന്നൽ - സഹൃദയന്റെ ഭാവനാ വിശേഷം കൊണ്ടുതന്നെ ഗതാർത്ഥമാണെന്ന് സിദ്ധിക്കുകയും, ഭോജകത്വത്തെ വെടിഞ്ഞ് ആ സ്ഥാനത്ത് ആനന്ദ വർദ്ധനാചാര്യർ കാവ്യത്തിലെ ശബ്ദത്തിനും അർത്ഥത്തിനും ഉള്ളതായി കല്പിച്ച വ്യഞ്ജനയെ പ്രതിഷ്ഠിക്കുകയും ചെയ്തു. ജഗന്നാഥ

പണ്ഡിത രാജൻ ഇതിനെ കുറേക്കൂടി പരിഷ്ക്കരിച്ചു. ശകുന്തളാദികൾ വെറും 'കാമിനീ' മാർ മാത്രമായി തോന്നുകയല്ല, മുൻ പറഞ്ഞ ഭാവനാ വിശേഷം കൊണ്ട് തന്നെ സഹൃദയന് താൻ ദുഷ്യന്താദികളാണെന്ന് തോന്നുകയാണ് എന്നദ്ദേഹം വാദിക്കുന്നു."[9]

അനവാചകനെ വായനയുടെ സ്വർഗത്തിലേക്ക് കൈപിടിച്ചാനയിക്കുന്ന ശക്തി, ഭാരതീയ കാവ്യ മീമാംസകന്മാർ പ്രാധാന്യം നൽകിയ രസസിദ്ധാന്തം തന്നെയാണെന്നത് നിസ്തർക്കമാണ്. സഹൃദയ ഹൃദയത്തിൽ ആഹ്ലാദവും ആനന്ദവും ജനിപ്പിക്കുന്നതും രസമല്ലാത്തതൊന്നുമല്ലായെന്നതും സർവ്വ സമ്മതമാണ്. ഈ രസമാന്യതയുടെ അലൗകിക ഭാവം തന്നെയാണ് കുറ്റിപ്പുഴയുടെ സാഹിത്യ നിരൂപണങ്ങൾക്കാധാരവും ഇതിലൊരു നീക്കുപോക്കിന് കുറ്റിപ്പുഴ തയ്യാറല്ലായിരുന്നതും സ്മരണീയമാണ്.

**ധ്വനിസിദ്ധാന്തം**

ധ്വനിസിദ്ധാന്തത്തിന്റെ അവതാരകൻ ആനന്ദവർദ്ധനനാണ്. ധ്വനിയാണ് കാവ്യത്തിന്റെ ആത്മാവെന്ന് അദ്ദേഹം സമർത്ഥിച്ചു. 'ധ്വന്യാ ലോകം' എന്ന പേരിൽ അതിവിശിഷ്ടമായ ഒരു കാവ്യനിരൂപണ ഗ്രന്ഥവും രചിച്ചു. സാഹിത്യ നിരൂപണ ചരിത്രത്തിലെ ഒരു പരിവർത്തന ഘട്ടമായാണ് ധ്വനി പ്രസ്ഥാനത്തെ വിശേഷിപ്പിക്കുന്നത്. ഇതോടുകൂടി സാഹിത്യ നിരൂപണത്തിൽ നിലവിലിരുന്ന വാദകോലാഹലങ്ങൾക്കൊരു വിരാമമുണ്ടായതായിപ്പറയാം. വാച്യാർത്ഥത്തിൽ നിന്നും വിഭിന്നമായ അർത്ഥപ്രതീതി ഉളവാക്കുന്ന രീതിയാണ് ധ്വനി. ശബ്ദത്തെ വ്യഞ്ജകമായി പ്രയോഗിക്കുമ്പോഴാണ് അത് സാധ്യമാകുന്നത്. 'താത്വികമായി നോക്കിയാൽ ധ്വനിവാചക ശബ്ദത്തിൽ സാക്ഷാൽ ആരോപിതങ്ങളായ വ്യാപാരങ്ങളിൽ ഒന്നാണ്; അർത്ഥത്തിൽ ഔപചാരികവും പ്രസിദ്ധാർത്ഥത്തിനു പുറമേ, മറ്റൊന്നുകൂടി ധ്വനിക്കുന്നതാണ് ധ്വനി. അർത്ഥമോ ശബ്ദത്തിനു മാത്രവും. അർത്ഥം അർത്ഥത്തേയും, ശബ്ദം വാച്യാർത്ഥത്തേയും പ്രകാശിപ്പിച്ച്, അവ അപ്രധാനങ്ങളായി തീരുമാറ് രസത്തെ – വ്യംഗ്യത്തെ ധ്വനിപ്പിക്കുന്നതാണല്ലോ ധ്വനി. അതിന് ശബ്ദം മാത്രം മതിയാകുന്നതാണ്"[10] ധ്വനികാരൻ ശബ്ദത്തിന് മൂന്ന് ഭിന്നവൃത്തികൾ കല്പിച്ചു അഭിധ, ലക്ഷണ, വ്യഞ്ജന. അഭിധാവാചിയായി വാക്കുകൾ പ്രയോഗിച്ചാൽ വാചകം എന്നും അങ്ങനെ വചിച്ചുകിട്ടുന്ന അർത്ഥത്തിന് വാച്യമെന്നും സംജ്ഞകൾ കല്പിച്ചിരിക്കുന്നു. ചിലവാക്കുകളുടെ വാച്യാർത്ഥ്യം അപ്പടിമനസ്സിലാക്കാൻ കഴിയാതെ വരും. ഇവിടെ വാച്യാർത്ഥം ഉപേക്ഷിച്ച് അതിനോട് ബന്ധപ്പെട്ട വേറൊരർത്ഥം സ്വീകരിക്കേണ്ടിവരുന്നു. ഈ മാതിരി പ്രയോഗത്തെയാണ് ലക്ഷണയെന്ന് പറയുന്നത്. ഒരു വാക്യം അതിന്റെ വാച്യവും ലക്ഷ്യവുമായ അർത്ഥം ഗ്രഹിച്ച് വിരമിച്ച ശേഷം അവക്കുപരി വേറെ ചില

അർത്ഥങ്ങൾ കൂടി പ്രതീത മാനമാകുന്നതായി തോന്നുന്നു. ഇത് വ്യഞ്ജനാവ്യാപാരംകൊണ്ടാണ് സാദ്ധ്യമാക്കുന്നത്. വ്യഞ്ജകങ്ങൾ കൊണ്ടുളവാകുന്ന അർത്ഥത്തിന് വ്യംഗ്യം എന്നും പറയുന്നു.

വിവക്ഷിത വാച്യാധ്വനിയെ അസംലക്ഷ്യക്രമം, സംലക്ഷ്യക്രമം എന്ന് രണ്ടായി തിരിക്കുന്നുണ്ട്. മുഖ്യമായി പ്രകാശിക്കുന്ന വ്യംഗ്യാർത്ഥമാണ് ധ്വനിയെ ആത്മാവായി കരുതുന്നത്. ഇത് വാച്യത്തെ അപേക്ഷിച്ചു നോക്കുമ്പോൾ ക്രമം അറിയാവുന്ന രീതിയിലും വേറെ ചിലപ്പോൾ ക്രമം അറിയാത്ത രീതിയിലും സംഭവിക്കും. ആദ്യം പറഞ്ഞത് സംലക്ഷ്യക്രമവും രണ്ടാമത് പറഞ്ഞത് അസംലക്ഷ്യ ക്രമവും. ധ്വന്യാത്മാവാകയാൽ കവിത സജീവമാകും; രസാവഹമാകും. “രസമാണ് അദ്ദേഹത്തിന് കാവ്യത്തിന്റെ ഫലശ്രുതി. അതോ, വിഭാവാനുഭാവാദികളുടെ ഉചിത നിർബന്ധനത്താൽ ധ്വനിപ്പിക്കണമെന്നദ്ദേഹം പറയുന്നു. സഹൃദയന്റെ സംസ്ക്കാരത്തിൽ ഉറങ്ങിക്കിടക്കുന്ന സ്ഥായീ ഭാവങ്ങളെ തട്ടിയുണർത്താൻ കാവ്യ ശതങ്ങളായ ആലംബനോദ്ദീപനങ്ങൾക്ക് കഴിയുന്നുണ്ടോ, രസാനുഭൂതിയായി. അപ്പോൾ രസം ധ്വനികൃതം. രസത്തിൽ കവിഞ്ഞൊരു കാവ്യാർത്ഥം കരുതാനില്ലാത്തതിനാൽ ധ്വനികളിലൊന്നാമൻ രസധ്വനി.”[11]

ഇപ്രകാരം ധ്വനനശക്തിയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് കാവ്യത്തെ വിഭജിക്കുവാനും ആചാര്യൻ ശ്രമിച്ചിട്ടുണ്ട്. ധ്വനിക്ക് ഏറ്റവും പ്രാധാന്യമുള്ള കാവ്യത്തെ ഉത്തമമെന്നും ധ്വനി അഥവാ വ്യംഗ്യം അപ്രധാനമായിത്തീരുകയും വാച്യത്തിന് പ്രാധാന്യം കിട്ടുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ മധ്യമം അല്ലെങ്കിൽ ഗുണീഭൂത വ്യംഗ്യം എന്നും വ്യംഗ്യം ഇല്ലാതെ വാച്യം മാത്രമുള്ളത് അധമമെന്നും വിശേഷിപ്പിക്കുന്നു. ധ്വനിസിദ്ധാന്തവും വിമർശനത്തിന് വിധേയമായിട്ടുണ്ട് “ശബ്ദത്തിന് അഭിധാ വ്യാപാരമല്ലാതെ, ശബ്ദാർത്ഥങ്ങൾക്ക് ഇങ്ങനെയൊരു വ്യഞ്ജനാ വ്യാപാരം കല്പിക്കേണ്ടുന്ന ഒരാവശ്യവുമില്ലെന്നും, ആ വസ്തുധ്വനി സഹൃദയ മനസ്സിനെ അനുമാന വ്യാപാരം കൊണ്ട് നിറവേറ്റുന്നതാണെന്നും മഹിമഭട്ടൻ, ‘വ്യക്തി വിവേക’കാരൻപറയുന്നു.”[12] എന്ന് കുട്ടികൃഷ്ണമാരാർ പ്രസ്ഥാവിക്കുന്നു.

എന്നാൽ കവിതയുടെ ആത്മാവായ രസത്തെ അനുവാചക ഹൃദയത്തിൽ ഉദ്ദീപ്തമാക്കുന്നതിന് കവി കൈക്കൊള്ളേണ്ട മാർഗ്ഗമാണ് ധ്വനി എന്നത് പൗരസ്ത്യസാഹിത്യ ചിന്തകർ അംഗീകരിച്ചിട്ടുള്ളതാകുന്നു. കാവ്യത്തിന് അത് നിരതിശയമായ ലാവണ്യം നൽകുന്നുവെന്നും അവർ വിശ്വസിച്ചു. ഒരു കാവ്യം വായിച്ചു കഴിഞ്ഞതിനു ശേഷവും മനസ്സിൽ അതിന്റെ അനുരഞ്ജനങ്ങൾ നിലനിൽക്കുന്നുവെങ്കിൽ അതിന് നിദാനം കാവ്യത്തിന്റെ ധ്വനന ശക്തിയാണെന്ന് മനസ്സിലാക്കാൻ കഴിയും.

**രീതിസിദ്ധാന്തം**

'രീതിരാത്മ കാവ്യസ്യഃ' എന്ന സൂത്രം നിർവ്വഹിച്ചുകൊണ്ട് കാവ്യത്തിന്റെ ആത്മാവ് രീതിയാണെന്ന് പ്രഖ്യാപിച്ചത് വാമനാചര്യനാണ്. രീതി ചിന്തയുടെ തുടക്കം കുറിച്ചത് ഭരതനാണ്. ഭാരതി, കൈശികി, സാത്വതി, ആരഭടി എന്നീ നാല് വൃത്തികളെക്കുറിച്ച് ഭരതൻ പ്രതിപാദിക്കുന്നുണ്ട്. ഭാമകൻ, ദണ്ഡി, കുന്തകൻ എന്നിവർ രീതിയെ മാർഗ്ഗം എന്ന് വ്യവഹരിക്കുന്നു. വർണ്ണം, പദം, ആശയം എന്നിവയുടെ സന്നിവേശത്തിൽ ദീക്ഷിക്കുന്ന സവിശേഷതയിൽ നിന്നുളവാകുന്ന ഒരു പ്രത്യേകതയാണ് രീതി. ഗുണങ്ങൾക്ക് സർവ്വപ്രാധാന്യം വരുന്ന വിധത്തിൽ പദരചന സാധിക്കുന്നതാണ് വാമനരീതി.

രീതിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് വാമനനാണെങ്കിലും തന്റെ പ്രസ്ഥാനത്തിന്റെ വിജയത്തിന് വാമനന് ദണ്ഡിയോടുള്ള കടപ്പാട് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഗുണങ്ങളാണ് കാവ്യത്തിന്റെ മാറ്റ് കൂട്ടുന്നത് എന്ന അഭിപ്രായക്കാരനാണ് ദണ്ഡി. ദണ്ഡിയുടെ ശൈലീ വിഷയമായ മതത്തിൻമേൽ തന്നെയാണ് വാമനൻ തന്റെ സിദ്ധാന്തം കെട്ടിയുയർത്തിയത്. "കാവ്യത്തിൽ രൂപ ഭാവങ്ങളുടെ രജ്ഞിപ്പിൽ നിന്നുളവാകുന്ന സൗന്ദര്യം രീതികൊണ്ടുവേണം അളന്ന് പിടിക്കാനെന്ന് വാമനൻ അഭിപ്രായപ്പെട്ടതുപോലെയിരിക്കുന്നു. പക്ഷെ അത്രയൊക്കെ രീതിയെ പ്രശംസിച്ചിട്ടും രീതികൾ മൂന്നേ അദ്ദേഹം എടുത്തു പറഞ്ഞിട്ടുള്ളൂ - വൈദർഭി, ഗൗഡി, പാഞ്ചാലി. വാമനനുശേഷം കാവ്യതത്വത്തെക്കുറിച്ചനുസന്ധാനം ചെയ്തവർ പൊതുവെ രീതി സിദ്ധാന്തത്തെ ഒന്നു തരം താഴ്ത്തുകയാണുണ്ടായത്. ആ പഴയ പത്തു ഗുണങ്ങളിൽ ഏഴും രസധ്വനി സ്വായത്തമാക്കിക്കളഞ്ഞു. മൂന്നേ മൂന്നെണ്ണം പ്രസാദവും ഓജസ്സും മാധുര്യവും - അവ മാത്രം രീതിക്ക് വിട്ടുകൊടുത്തു."[13] ദോഷലേശം പോലും സ്പർശിക്കാത്തതും എല്ലാ ഗുണങ്ങളും തികഞ്ഞതും വീണാ നാദത്തിന്റെ സൗഭാഗ്യമാർന്നതുമാണ് വൈദർഭീ രീതിയെന്ന് വാമനൻ പറയുന്നു. രീതിയുടെ ആത്മനിഷ്ഠത ഏറ്റവും ഊന്നിപ്പറഞ്ഞത് കുന്തകനാണ്. തന്റെ വക്രോക്തി രീതി ചർച്ചയിൽ, സുകുമാരം, വിചിത്രം, മധ്യമം എന്നീ മാർഗ്ഗങ്ങൾ കവി പ്രസ്ഥാന ഹേതുക്കളായി കാണുന്നു. വാട്ടം തട്ടാത്ത പ്രതിഭയിൽ നിന്ന് ഭിന്നമായ നവശബ്ദാർത്ഥങ്ങൾ കൊണ്ട് ബന്ധുരമാണ് സുകുമാര മാർഗ്ഗം. "രസത്തേയും രീതിയേയും ആദ്യമായി ബന്ധിപ്പിച്ചത് രുദ്രടനത്രെ. കാവ്യമീമാംസാകാരനായ രാജശേഖരൻ വൈദർഭീ രീതിയെ വളരെക്കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു."[14]

പാശ്ചാത്യരുടെ 'സ്റ്റൈയിൽ' ആണ് നമ്മുടെ രീതി. കാവ്യ നിരൂപണത്തിൽ പാശ്ചാത്യരും പൗരസ്ത്യരും ശൈലിക്ക് അതിയായ പ്രാധാന്യം കല്പിക്കുന്നുണ്ട്. അതിന് കാരണം കാവ്യത്തിന്റെ അവിഭാജ്യ അംശമായി രീതി രസത്തോട്

ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. രീതിയെ കവിതയിൽ നിന്ന് അടർത്തി എടുക്കാൻ കഴിയുന്ന ധർമ്മമല്ലെന്ന് സർവ്വരും അംഗീകരിച്ചിരിക്കുന്നു.

**ഔചിത്യസിദ്ധാന്തം**

'ഔചിത്യവിചാരചർച്ച' എന്ന നിരൂപണഗ്രന്ഥം രചിച്ച് ഔചിത്യത്തിന്റെ കാവ്യാത്മകത്വം പ്രഖ്യാപിച്ചത് ആചാര്യനായ ക്ഷേമേന്ദ്രനാണ്. ഔചിത്യത്തെക്കുറിച്ച് കവികളെപ്പോലെ കാവ്യ ശാസ്ത്രകാരന്മാരും ബോധവാന്മാരായിരുന്നു. ഔചിത്യം ഒരു പ്രധാന തത്ത്വമാണെന്ന് കണ്ടറിഞ്ഞ് അതിനെ രസത്തോടും ധ്വനിയോടും സമന്വയിപ്പിച്ചവതരിപ്പിച്ചത് ആനന്ദവർദ്ധനനാണ്. ഇതിനെ ലളിതമായി, ഒരു സിദ്ധാന്തമായി ക്രോഡീകരിച്ചവതരിപ്പിക്കുകയാണ് ക്ഷേമേന്ദ്രൻ ചെയ്തത്. ശബ്ദം, അർത്ഥം, രസം, രീതി തുടങ്ങിയ കാവ്യഘടകങ്ങളായ സുപ്രധാന വസ്തുക്കൾ പലതാണെങ്കിലും ഇവയുടെ ഔചിത്യ പൂർണ്ണമായ സമ്മേളനമാണ് കാവ്യമെന്ന് പൗരസ്ത്യാചാര്യന്മാർ വിശ്വസിച്ചിരുന്നു.

"ഓരോന്നും അതിന്റേതായ സ്ഥാനത്ത് വരുന്നത് ഔചിത്യ ഹേതുവാണ്. കഴുത്തിൽ അരഞ്ഞാണവും അരക്കെട്ടിൽ മുത്തു മാലയുമണിഞ്ഞാൽ ആരും പരിഹാസാസ്പദമായിത്തീരും എന്നിങ്ങനെ സ്ഥാനാനാസ്ഥിത ഭാവം കൊണ്ടുള്ള അനൗചിത്യം ക്ഷേമേന്ദ്രൻ ചൂണ്ടിക്കാണിക്കുന്നു. വൃത്തി, ലക്ഷണം, ഗുണം, അലങ്കാരം എന്നിവയിലെ ഔചിത്യത്തെക്കുറിച്ച് ഭരതൻ ആലോചിച്ചിട്ടുണ്ട്. അവയിൽ ഔചിത്യ നിയാമകത്വം രസമാണ്. ഗുണദോഷ നിരൂപണം, സംഭാവ്യത, ഉപമാ ദോഷ പ്രപഞ്ചനം, പദശുദ്ധി സംവിധാനം എന്നിവയിലൂടെയാണ് ഭാമകൻ തന്റെ ഔചിത്യ വിചാരം നിർവ്വഹിച്ചിരിക്കുന്നത്. ദോഷയുക്തമായ ഒരു പദം പോലും പ്രയോഗിക്കരുതെന്നാണ് അദ്ദേഹത്തിന്റെ നിഷ്ക്കർഷ."[15]

ഓരോ മാർഗ്ഗത്തിന്റേയും സ്വഭാവം നോക്കി ഇന്നിന്ന ഘടകങ്ങൾ വർജ്ജിക്കണമെന്നും ഇന്നിന്ന ഘടകങ്ങൾ ആവശ്യം ചേർത്തിരിക്കണമെന്നും ദണ്ഡി നിഷ്ക്കർഷിക്കുന്നു. ഇവിടേയും ഔചിത്യമാണ് പ്രധാനം. ഇതിവൃത്തം ആകെക്കൂടി ഉചിതമായിരിക്കണം. അതിൽ പ്രതിപാദിക്കപ്പെടുന്നവ എത്ര തന്നെ നിസ്സാരങ്ങളായിരുന്നാലും ഔചിത്യപൂർണ്ണമായിരിക്കണമെന്ന് പ്രബന്ധൗചിത്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കാവ്യാംഗങ്ങളെ വിവരിക്കുന്നതിനിടയിൽ കവി ലോക നിരീക്ഷണപടുവായിരിക്കണം എന്ന് വാമനൻ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ മാത്രമേ ഔചിത്യഭംഗം വരുത്താതെ കാവ്യരചന നടത്തുവാൻ കഴിയുകയുള്ളൂ എന്ന് അദ്ദേഹം പ്രസ്ഥാവിക്കുന്നു. ഓജസ്സും, മാധുര്യവും തുടങ്ങിയ ഗുണങ്ങൾ അർത്ഥവും സന്ദർഭവുമറിഞ്ഞുപയോഗിച്ചാൽ മാത്രമേ കാവ്യ ഭംഗിക്കുതകുകയുള്ളൂ എന്ന് ഗുണൗചിത്യ വിചാരത്തിൽ പരാമർശിച്ചു കാണുന്നു.

രചനക്ക് ചാരുത്വമുളവാക്കുന്ന ശബ്ദം മാത്രമേ പ്രയോഗിക്കാവൂ എന്ന പ്രസ്താവത്തിലൂടെ രുദ്രടൻ തന്റെ ഔചിത്യ ബോധത്തെ വെളിവാക്കുന്നു. അർത്ഥാലങ്കാര നിബന്ധനത്തിലും ശബ്ദാലങ്കാര നിബന്ധനത്തിലും ഔചിത്യം ദീക്ഷിക്കുന്നുണ്ട്. ഔചിത്യമില്ലാതെ അണിയിക്കപ്പെടുന്ന അലങ്കാരങ്ങൾ കവിതക്ക് ഭാരമായി തീരുകയേയുള്ളൂവെന്ന് ആനന്ദവർദ്ധനൻ ധ്വന്യാ ലോകത്തിൽ വിവരിക്കുന്നു. ഇതിവൃത്തം പ്രഖ്യാപിതമായാലും വിഭാവം, ഭാവം, അനുഭാവം, സഞ്ചാരി എന്നിവയിൽ ഔചിത്യം ദീക്ഷിച്ചാലേ കാവ്യത്തിൽ നിന്ന് രസ നിഷ്പത്തി ഉളവാകൂ എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. കാവ്യത്തിൽ ഏറ്റവും സൂക്ഷ്മതയോടെ കൈകാര്യം ചെയ്ത് ഫലിപ്പിക്കേണ്ട ഒന്നാണ് രസമെന്ന് രസൗചിത്യചിന്തയിലും പരാമർശിക്കപ്പെട്ടിരിക്കുന്നു.

കാവ്യത്തിന്റെ രസനീയതയെ നശിപ്പിക്കുന്നത് അനൗചിത്യമാണെന്ന് കുറ്റിപ്പുഴ തന്റെ നിരൂപണ പ്രബന്ധങ്ങളിലൂടെ ആവർത്തിച്ച് പ്രസ്താവിക്കുന്നുണ്ട്. പൗരസ്ത്യാലങ്കരികന്മാർ ഉയർത്തിപ്പിടിച്ച രീതിയും ഔചിത്യവും ധ്വനിയും രസവും യഥോചിതം സമ്മേളിച്ച് അംഗോപാംഗ പൊരുത്തമുള്ള കാവ്യശില്പമേ ആസ്വാദ്യമായി തീരുകയുള്ളൂവെന്ന് കുറ്റിപ്പുഴയും വിശ്വസിച്ചു. ചുരുക്കത്തിൽ കുറ്റിപ്പുഴയുടെ സാഹിത്യ നിരൂപണ പ്രപഞ്ചത്തിന്റെ ജീവാംശം പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങളിലാണ് കുടികൊള്ളുന്നത്.

## ദർശനപരം

പൗരസ്ത്യ ദാർശനിക പാരമ്പര്യവും സങ്കീർണ്ണമായ വികാസ പ്രക്രിയയുടെ നീണ്ട ചരിത്രമാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. വൈരുദ്ധ്യങ്ങളും വൈവിദ്ധ്യങ്ങളും നിറഞ്ഞ വിവിധ ദാർശനിക പദ്ധതികൾ ഇവിട രൂപം കൊണ്ടിട്ടുണ്ട്. സംശയവാദം, ഭൗതികവാദം, ബഹുത്വവാദം, ദ്വിത്വവാദം, പ്രകൃതിവാദം, അനേക വിധത്തിലുള്ള ആശയവാദങ്ങൾ ഇവയെല്ലാം ഭാരതീയ ദാർശനിക ചരിത്രത്തിൽ ഉദയം കൊണ്ടിട്ടുള്ളതാണ്. രാമാനുജൻ മുതൽ ശ്രീശങ്കരൻ വരെയുള്ളവർ ആത്മീയ ദർശനങ്ങളുടെ അവതാരകന്മാരും പ്രചാരകന്മാരുമാണ്. ബുദ്ധ, ജൈന, ചാർവാക, സാംഖ്യ - ന്യായ - വൈശേഷികങ്ങളെ ഭൗതിക ദർശനങ്ങളായാണ് കരുതുന്നത്.

## ചാർവ്വാകദർശനം

ചാർവ്വാകദർശനത്തെ പ്രാചീനഭാരതത്തിലെ ഭൗതികവാദമായാണ് കണക്കാക്കുന്നത്. ചാരുവായ, മനോഹരമായ വാക്കുകളോട് കുടിയ എന്ന അർത്ഥത്തിൽ ചാർവ്വാകം എന്നും ബൃഹസ്പദിയാൽ അടിസ്ഥാനമിട്ടതെന്ന അർത്ഥത്തിൽ ബ്രാഹസ്പത്യം എന്നും ഇതിന് പേരുണ്ട്. അദ്ധ്വാനിച്ച് ജീവിക്കുന്ന

സാധാരണ ജനങ്ങളിൽ ഏറ്റവും പ്രചാരം നേടിയിരുന്ന ദർശനമായതിനാൽ ഇതിനെ ലോകായതം എന്നും വിശേഷിപ്പിക്കുന്നു. നാസ്തിക മതം, അസുരമതം എന്നും ചില പരാമർശങ്ങൾ ഈ ദർശനത്തെ കുറിച്ച് കാണുന്നുണ്ട്. ബൃഹസ്പദിയിൽ നിന്നും അദ്ദേഹത്തിന്റെ ശിഷ്യപരമ്പരകളിലേക്കും ഈ തത്ത്വചിന്ത വ്യാപിച്ചു എന്ന് കരുതപ്പെടുന്നു. വസ്തുക്കളുടെ ജ്ഞാനത്തിനുപകരിക്കുന്ന പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, അർത്ഥാപത്തി, അനുപലബ്ധി എന്നീ പ്രമാണങ്ങളിൽ പ്രത്യക്ഷത്തെ മാത്രമേ ചാർവാകദർശനം അംഗീകരിക്കുന്നുള്ളൂ. "ലോകായതന്മാർ അനുഭവത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഒന്നും അംഗീകരിക്കുകയില്ലെന്നാണ് മാധവാചാര്യർ പറയുന്നത്. അവർ ദൈവത്തിലോ ആത്മാവിലോ മരണാനന്തര ജീവിതത്തിലോ വിശ്വസിക്കുന്നില്ല. എല്ലാത്തിനും ഒരു മൂലകാരണമുണ്ടെന്ന വാദത്തെ ചാർവാകന്മാർ നിഷേധിക്കുന്നു. ഈശ്വരൻ എന്നൊന്നില്ല. ജഗത്ത് മാത്രമാണുള്ളത്. ഭൂമി, വായു, വെള്ളം, അഗ്നി എന്നീ നാല് ഭൂതങ്ങളാണ് പ്രപഞ്ചത്തിന്റെ മൗലിക ഘടകങ്ങൾ. ഈ മൗലിക പദാർത്ഥങ്ങൾ കൂടി ചേർന്നിട്ടാണ് പ്രകൃതിയും സർവ്വചരാചരങ്ങളും ഉണ്ടായത്."[16] എന്ന് അവർ സിദ്ധാന്തിച്ചു.

ആത്മാവിനേയും ഈശ്വരനേയും നിഷേധിച്ച ലോകായതം ശരീരത്തിന് പ്രാധാന്യം നൽകി. ആത്മാവും ചൈതന്യവുമെല്ലാം ശരീരിത്തിന്റെ വെറും രാസ പ്രക്രിയകളാണെന്ന് വാദിച്ചു. "ഒരു പ്രത്യേക രീതിയിൽ ഒരു പ്രത്യേക അനുപാതത്തിൽ മുൻചൊന്ന നാല് മൂലകങ്ങളുടെ സംയോജനമാണ് മനുഷ്യ ശരീരമായി പരിണമിക്കുന്നത്. പ്രജ്ഞയുടെ അഥവാ ചൈതന്യത്തിന്റെ ആവിർഭാവവും ഈ ദ്രവ്യപരിണാമവുമായി ബന്ധപ്പെട്ടിരിക്കുന്നു. ജഡമായ പദാർത്ഥങ്ങൾ ഒരു പ്രത്യേക രീതിയിലും അനുപാതത്തിലും സംയോജിക്കുമ്പോൾ ഉണ്ടാകുന്ന സഹോൽപ്പന്നമാണ് പ്രജ്ഞ. അത് പദാർത്ഥത്തിന്റെ ഒരു ഗുണമാണ്. ചില പ്രത്യേക പദാർത്ഥങ്ങൾ ഒരു പ്രത്യേക അനുപാതത്തിൽ കൂട്ടിച്ചേർത്തുണ്ടാക്കുന്ന ലഹരിപദാർത്ഥത്തിന് മദശക്തി ഉണ്ടാകുന്നത് പോലെയാണിത്."[17] ശരീരം നശിക്കുമ്പോൾ ആത്മാവും നശിക്കുന്നു. വേദങ്ങളുടെ ആധികാരികതയേയും വേദ പ്രാമാണ്യത്തേയും ലോകായതം നിഷേധിച്ചു. യാഗ ഹോമാദികളെ പുച്ഛിച്ച ഇവർ മരണം തന്നെയാണ് ശരിയായ മോക്ഷം എന്ന് പ്രഖ്യാപിച്ചു. ഇഹലോക ഐശ്വര്യത്തെയാണ് അവർ സ്വർഗ്ഗ സുഖമായി കണ്ടത്. സ്വർഗ്ഗമെന്നാൽ ആനന്ദാനുഭൂതിയെന്ന് നിർവ്വചിച്ചു. ആയതിനാൽ സുഖ ദുഃഖ സമ്മിശ്രമായ ഈ ലോകത്തിൽ മനുഷ്യന് ഗുണകരമായ സുഖത്തെ വേർതിരിച്ചെടുത്ത് ജീവിതത്തെ ആനന്ദ പ്രദമാക്കുവാനും ഉപദേശിച്ചു.

വൈദികത്വത്തെ വെല്ലുവിളിച്ച ഒരു വിചാര വിപ്ലവമായാണ് കുറ്റിപ്പുഴ ചാർവാക ദർശനത്തെ കാണുന്നത്. ഇന്ന് ലോകം കൊണ്ടാടുന്ന വിചാര

സ്വാതന്ത്ര്യത്തെ ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ചത് ചാർവാക മതമാണെന്ന് അദ്ദേഹം വിശ്വസിച്ചു. എന്നാൽ വിലപ്പെട്ട ഈ തത്ത്വ സംഹിതകളേയും ചാർവാകന്മാരേയും വൈദിക മേധാവിത്വവും രാജശക്തിയും ചുട്ടുകരിക്കുകയാണ് ചെയ്തതെന്ന് അദ്ദേഹം കാലത്തെ ഓർമ്മിപ്പിക്കുന്നുണ്ട്.

**സാംഖ്യദർശനം**

സാംഖ്യദർശനത്തിന്റെ ഉപജ്ഞാതാവ് കപില മഹർഷിയാണ്. ഷഡ് ദർശനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ആദ്യത്തേതുമാണിത്. പ്രകൃതിയുടെ പരിണിത രൂപങ്ങളെ സംഖ്യകൾ കൊണ്ട് തരം തിരിച്ച് കാണിക്കുന്നത് എന്ന അർത്ഥത്തിൽ സാംഖ്യം എന്നും, പദാർത്ഥത്തിൽ നിന്ന് ചൈതന്യത്തെ വേർതിരിച്ച് സദ്ഭാവം രണ്ടാമത്തേതിനാണ്, ആദ്യത്തേതിനല്ല എന്ന് പരിസംഖ്യാനം ചെയ്യുന്നതുകൊണ്ട് സാംഖ്യം എന്നും ഈ ദർശനത്തെ പരാമർശിച്ച് കാണുന്നു. “പരമമായ തത്ത്വത്തെ പ്രകൃതിയും പുരുഷനുമെന്ന് രണ്ടായി തരം തിരിച്ച് പ്രകൃതി ഘടകങ്ങളിൽ ജഗത്തിലെ സമസ്തവസ്തുക്കളുടേയും ഉല്പത്തി സ്ഥിതി ലയങ്ങളെ നിരൂപിക്കലാണ് സാംഖ്യ ശാസ്ത്രത്തിന്റെ സാമാന്യരൂപം.”[18] ഈശ്വരനെ നിഷേധിക്കുന്ന സാംഖ്യദർശനം പ്രപഞ്ചത്തിന്റെ സൃഷ്ടിക്ക് കാരണമായ ദ്രവ്യം പ്രകൃതിയാണെന്ന് സ്ഥാപിച്ചു. പ്രകൃതി മൂലകാരണമായി നിലകൊള്ളുന്നു. നിശ്ചലമായ പുരഷത്വത്തെ ചലിപ്പിച്ച സൃഷ്ടിക്ക് കാരണമായി നിലകൊള്ളുന്നതും ഈ പ്രകൃതി തന്നെ. ലോകത്തിലുള്ള സകല വസ്തുക്കളും അനാദിയായിരിക്കുന്ന പ്രകൃതിയുടെ പരിണാമങ്ങളാണ്. മൂലപ്രകൃതി ഒന്നിന്റേയും പരിണാമമല്ല.

കപിലന്റെ പുരുഷൻ പലതുകൊണ്ടും വ്യത്യസ്തനാണ്. ശരീരത്തിലെ ജീവനോട് അഥവാ ആത്മാവിനോടാണ് പുരുഷന് കൂടുതൽ ബന്ധം. വേദാന്തികളെപ്പോലെ ആത്മാവ് ഏകമാണെന്ന് കപിലൻ വിശ്വസിക്കുന്നില്ല. “ജീവാത്മാവ് ഏകനാണെങ്കിൽ ഒരുവന് ഒരിക്കൽ മരണം, മറ്റൊരുവന് ജനനം, ഒരുവന് സുഖം, മറ്റൊരുവന് ദുഃഖം എന്നുള്ള നിയമം ഇല്ലാതായിപ്പോകും. അപ്രകാരം ഒരേ കാലത്തിൽ ഓരോരുത്തൻ ഓരോ കാര്യങ്ങളിൽ പ്രവർത്തിക്കുന്നതിനും ഉപപത്തിവരേണമെങ്കിൽ ജീവഭേദം സ്വീകരിക്കണം.”[19] അദ്ദേഹം പുരുഷന് അനേകത്വം കല്പിച്ചിരിക്കുന്നു. പുരുഷന്റെ സാന്നിദ്ധ്യത്തിൽ പ്രകൃതി പരിണമിക്കുന്നു എന്നാണ് കപിലന്റെ വാദം. പുരുഷൻ യഥാർത്ഥത്തിൽ ചൈതന്യരൂപനാണെങ്കിലും പ്രകൃതി സംയോഗംകൊണ്ട് പുരുഷനും ദുഃഖമുണ്ടാകുന്നു. എന്നാൽ ജ്ഞാനം കൊണ്ട് ചിത്തവൃത്തി നശിക്കുമ്പോൾ ദുഃഖാവസാനമുണ്ടാകുന്നു. ആ അവസ്ഥ തന്നെ മോക്ഷമെന്ന് പറയപ്പെടുന്നതും.

സാംഖ്യ ദർശനത്തെ കുറ്റിപ്പുഴ അപഗ്രഥിക്കുന്നുണ്ട്. ഇന്ത്യയിലെ ഒന്നാമത്തെ യുക്തിവാദിയായാണ് കപിലമഹർഷിയെ അദ്ദേഹം വിശേഷിപ്പി

ക്കുന്നത്. സാംഖ്യ ശാസ്ത്രത്തിലെ പ്രകൃതി, പുരുഷന്മാരെ ശാസ്ത്ര ദൃഷ്ട്യാ കുറ്റിപ്പുഴ പരിശോധിക്കുന്നുണ്ട്. പ്രകൃതിയെ, പദാർത്ഥം (Matter) ആയും പുരുഷനെ, ശക്തി (Energy) ആയും ആധുനിക ശാസ്ത്രത്തിലൂടെ വിലയിരുത്തമ്പോൾ, രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കുമുമ്പേ ജഗത്തിന്റെ പരിണാമ സ്വഭാവം കണ്ടുപിടിച്ച കപിലൻ കുറ്റിപ്പുഴക്ക് ആരാധ്യനായി തീരുകയാണ്.

**ബുദ്ധമതദർശനം**

ജീവിത ദുഃഖനിവൃത്തിക്കുള്ള ധർമ്മോപദേശം നൽകുകയാണ് ബുദ്ധൻ പ്രധാനമായി ചെയ്തത്. ജീവിതം ദുഃഖാത്മകമാണ്; തൃഷ്ണയാണ് അതിന്റെ അടിസ്ഥാന കാരണം. തൃഷ്ണ നശിച്ചെങ്കിലേ ദുഃഖമോചനമുണ്ടാകൂ. ശീലം, സമാധി എന്നീ രണ്ട് മാർഗ്ഗങ്ങളിലൂടെ ഇത് സാധിക്കാമെന്നും അദ്ദേഹം ഉപദേശിച്ചു. ബുദ്ധമതത്തെക്കുറിച്ചുള്ള ചർച്ചയിൽ മൗലികമായി പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാകുന്നു ധർമ്മം. വ്യക്തിയേയും സമഷ്ടിയേയും, ജഡത്തേയും, ചേതനയേയും അതാതിന്റെ നിലയിൽ നിർത്തി പോരുന്നതെന്തോ അതാണ് ധർമ്മം. "വേദാന്തത്തിൽ പരമാർത്ഥ വസ്തു ബോധയുക്തമാകുന്നു. പ്രാചീന ബുദ്ധമതത്തിന് ഈ നിർണ്ണയം സ്വീകാര്യമല്ല. ബോധം ഒരു പ്രതിഭാസമെന്നേയുള്ളൂ. ജഗത്തിന്റെ അടിത്തട്ടിൽ ബോധത്തിന് സ്ഥാനമില്ല. ഉപാധികളോ ഹേതുവിശേഷങ്ങളെയോ ആശ്രയിച്ച് ഉദിച്ചും ലയിച്ചും പോകുന്ന ഒരു 'സ്കന്ധം' അല്ലെങ്കിൽ ഘടകമെന്ന് ബോധത്തെ കരുതിയാൽ മതി."[20] ബുദ്ധമതത്തിൽ മാറ്റങ്ങൾ കൂടാതെ നിത്യമായി നിൽക്കുന്ന പദാർത്ഥങ്ങൾ ഇല്ലെന്നു മാത്രമല്ല, ഒരു പദാർത്ഥവും തുടർച്ചയായി രണ്ട് നിമിഷങ്ങൾ തികച്ചു നിൽക്കുന്നുമില്ല. ഓരോ ക്ഷണത്തിലും പദാർത്ഥങ്ങൾ നശിക്കുന്നു.

ആത്മാവിന്റെ തത്വത്തിന് വിരുദ്ധമായി ബുദ്ധൻ 'അനാത്മവാദം' അവതരിപ്പിച്ചു. സുസ്ഥിരവും ഏകവുമായ ഒരു വസ്തുതയെ യാതൊന്നും ഉൾക്കൊള്ളില്ലെന്നും പരിണാമ വിധേയമല്ലാത്തതും അനശ്വരവുമായ ഒരാത്മാവ് ഇല്ലെന്നും അദ്ദഹം ഉദ്ബോധിപ്പിച്ചു. "ബുദ്ധഭഗവാന്റെ ഉദ്ബോധനങ്ങളുടെ അന്തസത്ത മുഴുവൻ മൂന്ന് തത്ത്വങ്ങളിലൂടെ അദ്ദേഹം വെളിവാക്കുന്നു. 1. സർവ്വസംസ്കാരങ്ങളും അനാത്മകങ്ങളാണ്. 2. സർവ്വ സംസ്ക്കാരങ്ങളും അനിത്യങ്ങളാണ്. 3. സർവ്വ സംസ്ക്കാരങ്ങളും ദുഃഖ പൂർണ്ണമാണ്."[21] ഈ ദുഃഖത്തിന് കാരണം മനുഷ്യമനസ്സിലെ തൃഷ്ണയാണ്. "ചഞ്ചലവും അസ്വസ്ഥവുമാണ് മനസ്സ്. സംരക്ഷയും സംയമനവും അതിനുപ്രയാസമാണ്. ശരങ്ങൾ നേർദൃഢമായുന്ന കുമാരനെപ്പോലെ വിവേകിയായ മനുഷ്യൻ മനസ്സ് നേരേയാക്കിടട്ടെ"[22] എന്ന് ബുദ്ധൻ പരിഹാരം കല്പിച്ചു. അത്യന്തം ശക്തിയോടെ, അപ്രതിഹിതമാം വണ്ണം വാസനകൾ പ്രവർത്തിക്കുമ്പോൾ അവ ഒന്നിച്ച് ചേർന്ന് തൃഷ്ണയാകും.

തൃഷ്ണയാകുന്ന തീകത്തി ജ്വലിക്കുന്ന ഒരു പന്തമായും മനുഷ്യനെ ചിത്രീകരിക്കുന്നുണ്ട്. അതിനാൽ തൃഷ്ണക്ക് അറുതി വരുത്തുന്നതിന് രാഗത്തെ നശിപ്പിക്കേണ്ടിയിരിക്കുന്നു. ശീലവും സമാധിയും ഇതിന് പരിഹാരമായി കല്പിക്കുന്നു. ദുഷ്കർമ്മ നിവർത്തനവും ഇന്ദ്രിയ മനോ നിഗ്രഹവുമാണ് ശീലത്തിനാസ്പദം. നിരന്തരമായ ധ്യാനമാണ് സമാധി. ഇതുകൊണ്ട് ക്ലേശങ്ങളുടെ വേരററ് തൃഷ്ണക്ക് പരമമായ ശമനമുണ്ടാകും. തത്ഫലമായ യഥാർത്ഥ ബോധം ഉളവാകും. അത് നിർവ്വാണത്തിലേക്ക് വഴിതെളിക്കും. വിമുക്താവസ്ഥ തന്നെയാണ് നിർവ്വാണം.

ബുദ്ധന്റെ "അഷ്ടാംഗ മാർഗ്ഗം ഒരു ലക്ഷ്യമല്ല. ഉപാധി മാത്രമാണ്. മനസ്വാസ്ഥ്യം, ഉയർന്ന ജ്ഞാനം, നിർവ്വാണത്തിലേക്കുള്ള ഉന്നിദ്രത എന്നിവയിലേക്ക് നയിക്കുന്ന ദർശനത്തെ നൽകുന്നതാണീ മാർഗ്ഗം."[23] ബുദ്ധമതത്തിൽ ജഗന്നിയാന്താവായ ഒരു ദൈവത്തിനോ പ്രപഞ്ച രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ഒരു വിശുദ്ധ ഗ്രന്ഥത്തിനോ സ്ഥാനമില്ല. പ്രവൃത്തികളെ ആശ്രയിച്ചാണ് ധാർമ്മിക മൂല്യങ്ങൾ വളരുന്നത്. സ്വാനുഭവത്തിൽ നിന്നും മനഃശാസ്ത്രപരമായ പദ്ധതിയിൽ കൂടിയുമാണ് ബുദ്ധൻ ജീവിത പഠനം നടത്തിയതെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. സത്യാന്വേഷണപരമായ സ്വതന്ത്ര ചിന്തകൊണ്ടും മഹത്തായ ധാർമ്മിക മൂല്യങ്ങളുടെ പ്രബോധനം കൊണ്ടുമാണ് ബുദ്ധൻ തന്റെ ഉപദേശങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. എന്നാൽ അനന്തരകാലത്ത് മതത്തിന്റേതായ കാടും പടലും നിറഞ്ഞ് ദുഷിച്ചുപോയ ഒന്നാണ് നാം ഇന്ന് കാണുന്ന ബുദ്ധമതമെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു.

**ജൈനമതദർശനം**

'ജേതാവ്' എന്നർത്ഥമുള്ള 'ജിത' ശബ്ദത്തിൽ നിന്നാണ് ജൈന പദത്തിന്റെ ഉല്പത്തി. അഹിംസയുടെ ആദ്യത്തെ സന്ദേശകാരനായാണ് വർദ്ധമാന മഹാവീരനെ അറിയുന്നത്. ജന്തുബലിയേയും നരബലിയേയും മഹാവീരൻ എതിർത്തിരുന്നു. ശരിയായ വിശ്വാസം, ശരിയായ ജ്ഞാനം, ശരിയായ പ്രവർത്തി എന്നിവയാണ് നിർവ്വാണത്തിലേക്കുള്ള മാർഗ്ഗമായി ജൈനദർശനം പഠിപ്പിക്കുന്നത്. എത്തുവാൻ വിഷമമുള്ളതും എല്ലാവർക്കും രക്ഷ നൽകുന്നതുമായ സ്ഥാനമാകുന്നു നിർവ്വാണം. അവിടെ വാർദ്ധക്യമോ, മരണമോ, വേദനയോ, രോഗമോ ഒന്നുമില്ല എന്ന് വിശ്വസിച്ചിരുന്നു. "അഹിംസ, ജീവകാരുണ്യം എന്നിവയിൽ അധിഷ്ഠിതമായിരുന്ന പാർശ്വനാഥ സിദ്ധാന്തത്തെ വികസിപ്പിച്ചുകൊണ്ട് ബ്രാഹ്മണ മേധാവിത്വത്തിനെതിരായി ശബ്ദമുയർത്തി എന്നുള്ളതാണ് വർദ്ധമാന മഹാവീരന്റെ ഏറ്റവും വലിയ നേട്ടം. ജാതി വ്യത്യാസത്തേയും മഹാവീരൻ അംഗീകരിച്ചിരുന്നില്ല. മനുഷ്യരെല്ലാവരും

തുല്യരാണെന്ന് മാത്രമല്ല, സ്ത്രീകളും പുരുഷന്മാരും തുല്യരാണെന്നും അദ്ദേഹം പറഞ്ഞു."[24]

ജൈനമതക്കാർ വേദങ്ങളെ മാത്രമല്ല, അവ പ്രചരിപ്പിച്ചിരുന്ന ഈശ്വര വിശ്വാസത്തേയും എതിർത്തിരുന്നു. പ്രപഞ്ചത്തിനോ അതിലെ വസ്തുക്കൾക്കോ ആദിയോ അന്തമോ ഇല്ലെന്നും അതുകൊണ്ട് അതിനൊരു സൃഷ്ടാവുണ്ടാവുക സാധ്യമല്ലെന്നും മഹാവീരൻ ഉദ്ബോധിപ്പിച്ചു. "ലോകം ഉണ്ടെന്ന് വിശ്വസിക്കുക. ചില മായാവാദികൾ അഭിപ്രായപ്പെടുന്നതുപോലെ അത് നില നില്ക്കില്ലെന്ന് വിശ്വസിക്കരുത്. ജീവനും അജീവനും നിലവിലുണ്ടെന്ന് വിശ്വസിക്കണം. ധർമ്മവും അധർമ്മവും ഉണ്ടെന്നും അവ രണ്ടും രണ്ട് മാർഗ്ഗത്തിലേക്ക് നയിക്കുന്നുവെന്നും വിശ്വസിക്കുക. സ്വപരിശ്രമം കൊണ്ട് മനുഷ്യരെ പരിപൂർണ്ണത പ്രാപിക്കുവാൻ കഴിയും. നിർവ്വാണത്തിലും പൂർണ്ണനായ മനുഷ്യനുവേണ്ടി പ്രത്യേക സ്ഥാനം വേർതിരിച്ച് വെച്ചിട്ടുണ്ടെന്നുള്ളതിലും വിശ്വസിക്കണം. കർമ്മത്തിലും ക്രിയാവാദത്തിലും സല്ക്കർമ്മം ചെയ്യുന്നതിലും വിശ്വസിക്കുക."[25] എന്ന് മഹാവീരൻ ലോകത്തെ ഉപദേശിച്ചു.

പ്രപഞ്ച ദർശനത്തിന്റേയും ജീവിതവ്യാഖ്യാനത്തിന്റേയും വെളിച്ചത്തിൽ മനുഷ്യരുടെ ധാർമ്മിക നിലവാരം ഉയർത്തുവാനാണ് ജൈനമതം പ്രാധാന്യം നൽകിയത്. "പ്രപഞ്ചം ഏകമായ സത്യമാണെന്ന് വ്യാഖ്യാനിക്കുന്നതോടൊപ്പം 'ജീവ' വസ്തുക്കളും 'അജീവ' വസ്തുക്കളും ഉൾപ്പെട്ട ഒന്നാണ് പ്രപഞ്ചമെന്ന് ജൈനമതം അപഗ്രഥിക്കുന്നു, ജീവവസ്തുക്കളിൽ ദൃശ്യത, സ്പർശത, ചലനം എന്നീ ഒരു കൂട്ടം ഗുണങ്ങളോടൊപ്പം സ്വയം പ്രവർത്തനക്ഷമത, വികാരം, ബോധം എന്നിങ്ങനെ മറ്റൊരു കൂട്ടം ഗുണങ്ങളും കാണുന്നുണ്ട്. ആത്മാവ്, ജഡം എന്നീ രണ്ട് പ്രത്യേക തരം ദ്രവ്യങ്ങളുടെ സമ്മിളിത രൂപമാണ് ജീവ വസ്തുക്കൾ. ഗുണങ്ങളോട് കൂടിയല്ലാതെ ദ്രവ്യവും ദ്രവ്യവുമായി ബന്ധപ്പെടാതെ ഗുണങ്ങളും നിലനിൽക്കുന്നതല്ല."[26] ജഡവസ്തുവുമായിചേർന്ന ആത്മാവിനെയാണ് മനുഷ്യൻ എന്ന് നിർവ്വചിച്ചത്. ജീവജാലങ്ങളിൽ ഏറ്റവും ഉയർന്ന സ്ഥാനം മനുഷ്യനുണ്ടെന്നും പ്രചരിപ്പിച്ചു. കർമ്മങ്ങളിൽ നിന്നുള്ള മുക്തിയനുസരിച്ചാണ് മനുഷ്യന്റെ മഹത്വം. കർമ്മങ്ങളിൽ നിന്ന് പൂർണ്ണമായ മുക്തി ലഭിക്കുമ്പോൾ മനുഷ്യൻ സിദ്ധനായി തീരുമെന്ന് മഹാവീരൻ ഉപദേശിച്ചു. ആത്മാവിന്റെ സത്തയെ ജ്ഞാനമായാണ് ജൈനമതം കണ്ടത്. അഹിംസയിലും ജീവകാരുണ്യത്തിലും അടിയുറച്ച ജൈന സന്ദേശങ്ങൾ ഉത്തമ കർമ്മങ്ങളിലാണ് നിലകൊള്ളുന്നത്.

**അദ്വൈതദർശനം**

വേദാന്ത ചിന്തകൊണ്ട് വിശ്വവിഖ്യാതിനേടിയ രാജ്യമാണ് ഭാരതം. ഈശ്വരൻ, ആത്മ, ജഗത്ത് എന്നീ മൂന്നെണ്ണം അവരുടെ പ്രധാന ചിന്താ

വിഷയങ്ങളാണ്. ശാശ്വതമായ തീർപ്പ് കല്പിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഈ വിഷയങ്ങളെക്കുറിച്ച് പ്രാചീന ഭാരതീയർ അഗാധമായി ചിന്തിക്കുകയും പല സിദ്ധാന്തങ്ങൾ പുറപ്പെടുവിക്കുകുയം ചെയ്തിട്ടുണ്ട്. ബാദരായണന്റെ ബ്രഹ്മ സൂത്രങ്ങളാണ് വേദാന്തത്തിന്റെ മൂലഗ്രന്ഥം. ഈ സൂത്രങ്ങൾക്ക് കാലാന്തരത്തിൽ ഭിന്ന ഭാഷ്യങ്ങൾ ഉണ്ടാവുകയും അവയെ അടിസ്ഥാനമാക്കി ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം എന്ന് ഇന്ത്യൻ വേദാന്തം മൂന്നായി പിരിയുകയും ചെയ്തു. ശങ്കരാചര്യരാണ് അദ്വൈത ദർശനത്തിന്റെ വ്യാഖ്യാതാവ്. "ദ്വിതീയ വസ്തുവിന്റെ അസ്തിത്വം നിഷേധിക്കുന്ന തത്ത്വചിന്താ പദ്ധതിയാണ് അദ്വൈത വേദാന്തം. ആത്യന്തിക വിശകലനത്തിൽ ബ്രഹ്മം മാത്രമേ അവശേഷിക്കൂ. ബ്രഹ്മം അദ്വിതീയമാണ്; പരസ്പരം വ്യത്യസ്തങ്ങളും വിഭിന്നങ്ങളുമായി കാണപ്പെടുന്ന സർവ്വ വസ്തുക്കളും ബ്രഹ്മം തന്നെയാണ്"[27] ഈശ്വരൻ, ആത്മാ, ജഗത്ത് മുതലായവ സത്യവും നിത്യവും സ്വയംപ്രകാശവും ആയ ഏതോ ഒന്നിന്റെ പ്രതിഭാസിക പ്രതിബിംബങ്ങളാണെന്നും, പരമാർത്ഥിക ദശയിൽ ആ ഒന്നിനു മാത്രമേ സത്തയുള്ളൂവെന്നും ബാക്കിയുള്ളവയെല്ലാം മനുഷ്യന്റെ പ്രബുദ്ധാവസ്ഥയിൽ സ്വപ്നം ജാഗ്രത്തിലെന്നപോലെ നശിച്ചുപോകുമെന്നാണ് അദ്വൈതം സിദ്ധാന്തിക്കുന്നത്.

അദ്വൈതം ഇക്കാണായ പ്രപഞ്ചം മിഥ്യയാണെന്ന് വാദിക്കുന്നു. ഉണ്ടെന്നും ഇല്ലെന്നും പറയാൻ പാടില്ലാത്ത അനിർവചനീയ ഭാവമാണ് കല്പിച്ചിരിക്കുന്നത്. "കാര്യരൂപ പ്രപഞ്ചം അനിർവചനീയമാകുന്നു. സത്തെന്നോ അസത്തെന്നോ അതിനെ നിർവ്വചിക്കുവാൻ സാധ്യമല്ല. അസത്താണെങ്കിൽ അനുഭവത്തിന് യോജിക്കാതെ വരുന്നു. അതിനാൽ പ്രപഞ്ചവും അനിർവചനീയം തന്നെയാകുന്നു. ഈ പ്രപഞ്ചം വിക്ഷേപശക്തിയോടുകൂടിയ മൂലാവിദ്യയുടെ മഹത്വം, അഹങ്കാരം, ആകാശം മുതലായ കാര്യസ്വരൂപമാകുന്നു."[28] സത്തായ ബ്രഹ്മത്തിന്റെ അന്യ പ്രകാരത്തിലുള്ള ഒരു പ്രതിദാനമാകുന്നു ഈ പ്രപഞ്ചം. സത്തായ ബ്രഹ്മത്തിൽ മിഥ്യയായ ജഗത്ത് ആരോപിതമായിരിക്കുന്നു. പദാർത്ഥത്തെപ്പറ്റിയുള്ള ബോധം നമുക്ക് എങ്ങനെയുണ്ടാകുന്നുവെന്ന് ചിന്തിക്കുന്നുണ്ട്. ഇന്ദ്രിയങ്ങളും മനസ്സും സ്വതേ ജഡങ്ങളായാണ് കരുതുന്നത്. പ്രത്യക്ഷം തന്നെ രണ്ട് വിധമുണ്ടെന്ന് വ്യാഖ്യാനിക്കുന്നു. "ഇന്ദ്രിയ പ്രത്യക്ഷം, ഇന്ദ്രിയാ ജന്യപ്രത്യക്ഷം എന്നിങ്ങനെ പ്രത്യക്ഷം രണ്ട് തരത്തിലുണ്ട്. സുഖം, ദുഃഖം, കാമം, ദ്വേഷം, ജ്ഞാനം, ഇച്ഛ മുതലായ പ്രത്യക്ഷ യോഗ്യങ്ങളായുള്ള അന്തക്കരണ ധർമ്മങ്ങളുടെ പ്രത്യക്ഷം ഇന്ദ്രിയാജന്യ പ്രത്യക്ഷമാണ്. മനസ്സ്, അദ്വൈത വേദാന്ത സിദ്ധാന്തമനുസരിച്ച് ഇന്ദ്രിയമല്ലാത്തതുകൊണ്ട് സുഖാദി പ്രത്യക്ഷം മനോജന്യമാണെങ്കിലും അത് ഇന്ദ്രിയ ജന്യമല്ല."[29] വൃത്തിയാണ് നമുക്ക് പദാർത്ഥ ബോധമുണ്ടാക്കുന്നത്. എന്നാൽ പദാർത്ഥം എന്നൊന്നില്ലെന്നും വൃത്തി തന്നെ പദാർത്ഥമായി തീരുകയാണെന്നു

മാണ് അദ്വൈതി പറയുന്നത്. ജ്ഞാന പ്രകാശം മനസ്സിൽ തട്ടുമ്പോൾ വൃത്തിയും പദാർത്ഥവുമെല്ലാം നശിക്കുന്നു.

പഞ്ചഭൂതങ്ങൾ പോലും ആ ചൈതന്യത്തിന്റെ മൂലകാരണത്തിൽ നിന്നുത്ഭവിച്ചവയാകുന്നു. "വിക്ഷേപ ശക്തിയിൽ നിന്ന് ശബ്ദ തന്മാത്രയായ ആകാശവും, ആകാശത്തിൽ നിന്ന് സ്പർശ തന്മാത്രയായ വായുവും, വായുവിൽ നിന്ന് രൂപതന്മാത്രയായ അഗ്നിയും, അഗ്നിയിൽ നിന്ന് രസ തന്മാത്രയായ ജലവും, ജലത്തിൽ നിന്ന് ഗന്ധ തന്മാത്രയായ പൃഥിവിയും ഉണ്ടായി. ഈ സൂക്ഷ്മ ഭൂതങ്ങൾക്ക് കാരണമായിരിക്കുന്ന വിക്ഷേപ ശക്തിയിൽ സത്ത്വാദി ഗുണങ്ങൾ അടങ്ങിയിരിക്കുകയാൽ സൂക്ഷ്മ ഭൂതങ്ങളും കാരണത്തെ അനുസരിച്ച ത്രിഗുണാത്മകങ്ങൾ തന്നെയാകുന്നു. ആ സുക്ഷ്മ ഭൂതങ്ങൾക്ക് അപഞ്ചീകൃത പഞ്ച മഹാഭൂതങ്ങളെന്നും തന്മാത്രകളെന്നും കൂടി പേരുകളുണ്ട്."[30] നാമ രൂപാനാത്മകമായ ഈ പ്രപഞ്ചം സൃഷ്ടിക്കു മുമ്പ് സന്മാത്രവും അദ്വിതീയവുമായിരുന്നു. ബ്രഹ്മം അദ്വിതീയമാകുന്നു, ബ്രഹ്മത്തോട് സംബന്ധമായോ, അസംബന്ധമായോ അതിന്റെ ശരീരമായോ, അംഗമായോ, ധർമ്മമായോ മറ്റൊന്നും തന്നെയില്ല. മുക്ത്യാവസ്ഥയിലുണ്ടാകുന്ന ആനന്ദമാണ് സച്ചിദാനന്ദം. അതിനും സുഷുപ്ത്യാനന്ദത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും തെളിയുന്നു. ജഗദ്രൂപം നശിച്ചാൽ മാത്രമേ സച്ചിദാനന്ദ ഭാവം ഉദിച്ചുയരുകയുള്ളൂ എന്നും അദ്വൈതം സിദ്ധാന്തിക്കുന്നു.

വേദാന്തികയായിരുന്ന കാലത്ത് കുറ്റിപ്പുഴ അദ്വൈത വേദാന്ത സാരം ഉൾക്കൊള്ളുകയും, അതിനെ വ്യാഖ്യാനിക്കുവാനും ശ്രമിച്ചിട്ടുണ്ട്. സ്വതന്ത്ര ചിന്തകനും ഭൗതികവാദിയും യുക്തിവാദിയുമായി പരിണമിച്ച കുറ്റിപ്പുഴക്ക്, വഴിപിഴച്ച മായാവാദമായാണ് അദ്വൈത വേദാന്തം അനുഭവപ്പെടുന്നത്. സ്വതന്ത്രമായ അന്വേഷണമല്ല, മറിച്ച് ഒരു തരം ബുദ്ധിക്കസർത്താണ് അതിൽ അദ്ദേഹം കാണുന്നത്. ദുരൂഹവും ശബ്ദജാല മുഖരിതമായ അദ്വൈതത്തെ, അദ്വൈതാഭാസമായാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്.

**ശ്രീനാരായണദർശനം**

സ്വപ്ന സഞ്ചാരികളായി, മനശാന്തി നശിച്ച്, മനസ്സിന്റെ ഇരുണ്ട ഭൂഖണ്ഡങ്ങളിൽ മാത്രം സഞ്ചരിച്ച ഒരു മഹാ സമൂഹത്തെ ഉണർത്തുവാൻ പാഞ്ചജന്യം മുഴക്കുന്നവയാണ് ഗുരുദർശനങ്ങൾ. ജാതി മത ചിന്തകൾക്കതീതമായി മനുഷ്യനെ ഒന്നായി കാണുവാനുള്ള സാർവ്വ ലൗകികതയാണ് ആദർശങ്ങൾക്ക് മൂലാധാരം. "ബുദ്ധമതത്തിന്റെ പ്രേരണ അദ്ദേഹത്തിൽ നല്ലവണ്ണമുണ്ടായിരുന്നു. ഹിന്ദുമതത്തിലെ അദ്വൈത വാദവും, ബുദ്ധമതത്തിലെ സദാചാര തത്ത്വസംഹിതയും, സർവ്വശൂന്യവാദവും കൂടിച്ചേർന്ന ഒരു തത്ത്വചിന്തയായിരുന്നു

ശ്രീ നാരായാണന്റേത് എന്ന അഭിപ്രായത്തോട് യോജിക്കുവാനാണ് വഴികാണുന്നത്."[31] ശൂദ്രന് വേദം പഠിച്ചുകൂടാ എന്ന ബ്രഹ്മസൂത്രവ്യാഖ്യാനത്തെ എതിർത്ത, അദ്വൈതിയായ സന്ന്യാസിയേയും ഗുരുദർശനത്തിൽ കാണാൻ കഴിയും.

അറിവിന്റെ മഹാത്മ്യത്തെ ഗുരു ഉദ്ഘോഷിക്കുന്നുണ്ട്. അറിവിനെ അധികരിക്കാതെയുള്ള എല്ലാ കർമ്മങ്ങളും മനുഷ്യമനസ്സിൽ നിരവധി വ്യത്യസ്ത വൃത്തങ്ങളുടെ മണ്ഡലങ്ങളുണ്ടാക്കും. "ഈ ലോകത്തിൽ ഒന്ന് മാത്രമേ സത്യമായിട്ടുള്ളൂ, അറിവ്. അറിയപ്പെടുന്ന വസ്തുക്കളൊക്കെത്തന്നെ അന്തിമമായ വിശകലനത്തിൽ അറിവായി തീരുന്നു. വസ്തുവിന്റെ ആദ്യരൂപവും അവസാന രൂപവും അറിവ് തന്നെ. അറിവിൽ നിന്ന് വേറിട്ട് വസ്തുവിന് അസ്തിത്വം ആരോപിക്കുന്നത് അസത്യമാണ്. എങ്ങും സമ്പൂർണ്ണമായ അറിവ് നിറഞ്ഞ് നിൽക്കുന്നതിനാൽ വസ്തുബോധമെന്നത് അറിവിൽ ഉയരുന്ന സ്വപ്നം പോലെയാണ്. എല്ലാ സ്വപ്നങ്ങളും അറിവിൽ നിന്ന് ഉയരുകയും അറിവിൽ തന്നെ അമരുകയും ചെയ്യുന്നു."[32] ഇന്ദ്രിയങ്ങളുടെ മണ്ഡലം പ്രപഞ്ചത്തിനും മനസ്സിനും ഇടയിലാണ് സ്ഥാനം കല്പിച്ചിരിക്കുന്നത്. വസ്തുക്കളെയെല്ലാം അവയുടെ സാകല്യഭാവത്തിൽ ഒന്നായി കാണുന്നു. വിശേഷം ചേർക്കുമ്പോഴാണ് അനേകമായി തരംതിരിവുണ്ടാകുന്നതത്രേ. വിശേഷങ്ങൾ തമ്മിലുള്ള സമവായത്തിലൂടെയാണ്, ബുദ്ധി ഏകമെന്ന സത്യത്തെ അറിയുന്നത്. "ഈ വായു അണുക്കളാകുന്നു. സ്ഥൂല ദൃഷ്ടിയിൽ അദൃശ്യങ്ങളായ പരമാണുക്കൾ, സൂക്ഷ്മ ബുദ്ധിയിൽ പർവ്വതങ്ങൾപോലെ മഹത്തുക്കളായിരിക്കും. അവ അദൃശ്യങ്ങളാകുന്നതുവരെ ബുദ്ധി പരിശോധിക്കുകയും ചെയ്യും. ഒടുവിൽ ബുദ്ധിയിൽ അവയുടെ അഭാവം കാണപ്പെടും. അഭാവം അധികാരണത്തെവിട്ട് അന്യമല്ല. അതുകൊണ്ട് ബുദ്ധിയിൽ കാണപ്പെട്ട സകല പദാർത്ഥങ്ങളുടേയും അഭാവം ബുദ്ധി തന്നെയാകുന്നു. ഇങ്ങനെ സകല പദാർത്ഥങ്ങളും ബുദ്ധിയിൽ നിന്നും വിഷയ രൂപമായുണ്ടായി. തത്ത്വപരിശോധനയിൽ അതിൽ തന്നെ അന്തർദ്ധാനം ചെയ്ത് നിൽക്കുന്നതുകൊണ്ട് ഇരിക്കുമ്പോഴും നശിക്കുമ്പോഴും അവ ബുദ്ധി തന്നെയാകുന്നു."[33]

ദ്രവ്യത്തിന്റെ മൂലരൂപം അണുവാണെന്നും ആ അണുക്കളുടെ സംഘാതമാണ് ഈ പ്രപഞ്ചമെന്നും ഒരുവസ്തു ഉണ്ടായിരിക്കുന്നത് ആ വസ്തുവിനെക്കാൾ വളരെ ചെറിയ വസ്തുക്കളുടെ അംശങ്ങൾ ചേർന്നതാണെന്നും പ്രപഞ്ച വിചിന്തനം നടത്തുന്നുണ്ട്. അന്ധന്മാർ ആനയുടെ ആകൃതിയെപ്പറ്റി തർക്കിക്കുന്നത് പോലെയാണ് ആളുകൾ മതങ്ങളെപ്പറ്റി തർക്കിച്ച് വഴുക്കുണ്ടാക്കുന്നതെന്നാണ് ഗുരുവിന്റെ മതം. "ജാതി വിഭജനം ന്യായമായിട്ടുള്ളതാണെന്ന് സ്ഥാപിക്കാൻ മഹാത്മജി ഒരു ദൃഷ്ടാന്തം

ചൂണ്ടിക്കാണിച്ചു. ഒരേ മരത്തിലെ ഇലകൾ പല തരത്തിലാണല്ലോ കാണുന്നത്. അതുപോലെ മനുഷ്യരും പലതരക്കാരാണ്. അതനുസരിച്ചാണ് ജാതിവിഭജനം നടത്തിയിട്ടുള്ളത്. ഇതിന് മറുപടിയായി സ്വാമികൾ പറഞ്ഞതിപ്രകാരമാണ് 'ആ മാവിലെ ഇലകൾ പലതരമാണെങ്കിലും അവയുടെ ചാറിന് ഒരേ ഗുണമാണുള്ളത്.' അതുപോലെ സാരാംശത്തിൽ മനുഷ്യരെല്ലാവരും ഒരേ ജാതിയാണ്. മനുഷ്യത്വം എന്ന ഗുണമാണ് അവരുടെ സത്ത."[34] നാരായണീയ ദർശനത്തിന്റെ സത്തയും ഈ മനുഷ്യത്വമാണ്. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നും 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നുമുള്ള സന്ദേശങ്ങളിലൂടെ മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകനായി ശ്രീനാരായണ ഗുരു. ജാതിപ്പാതാളത്തിൽ ആണ്ടുപോയ ഒരു സമൂഹത്തിന്റെ ഉണർത്ത് മന്ത്രമായി നാരായണദർശനങ്ങൾ.

കുറ്റിപ്പുഴയിലെ തത്ത്വജ്ഞാനിയെ തൊട്ടുണർത്തിയത് ശ്രീനാരായണ ഗുരുവാണ്. അദ്വൈതത്തിന്റെ അപാരതയിലേക്ക് കൈപിടിച്ച് കയറ്റിയതും; വേദാന്തചിന്തയെപ്പോലും സ്വന്തം മൂശയിലിട്ട് ഒന്ന് ഉടച്ചുരുക്കി പരിശോധിക്കുവാൻ കുറ്റിപ്പുഴയെ സഹായിച്ചതും ഗുരുസാമീപ്യം തന്നെ. മാനവികതയുടെ ആദ്യമന്ത്രം ശ്രവിച്ചതും ഗുരുദർശനങ്ങളിലൂടെ തന്നെ. വ്യവസ്ഥാപിതമായ എന്തിനേയും തച്ചുടച്ചുകൊണ്ട് പുരോഗാമിയായി മുന്നേറുവാനുള്ള കരുത്തിന്റെ ആദ്യാങ്കുരങ്ങൾ ആർജ്ജിച്ചതും ഇവിടെനിന്നു തന്നെ.

**ഗാന്ധിയൻദർശനം**

ഗാന്ധിജിയുടെ ദർശനം സത്യം, അക്രമാരാഹിത്യം, ജനാധിപത്യം എന്നീ അടിസ്ഥാനതത്ത്വങ്ങളിൽ അധിഷ്ഠിതമായിരുന്നു. അദ്ദേഹം ഭക്തിപൂർവ്വം ശുപാർശചെയ്തിരുന്ന ഈ തത്ത്വങ്ങൾ അദ്ദേഹത്തിന് വെറും താത്വിക ങ്ങളായിരുന്നില്ല. അവ ലാഭകരമായും സൗകര്യപ്രദമായും മനുഷ്യപ്രയത്നത്തിന്റെ പ്രായോഗിക മണ്ഡലങ്ങളിൽ സർവ്വർക്കും ഗുണപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയാവുന്നവയാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിയെ സംബന്ധിച്ചി ടത്തോളം സത്യം ചലനാത്മകമായ ഒരു ബോധമായിരുന്നു. അദ്ദേഹം സാധാരണ ഉപയോഗിച്ചിരുന്നരീതിയിൽ സത്യത്തിന്റെ അടിസ്ഥാന അർത്ഥം ഒരു മനുഷ്യനെ അതനുസരിച്ച് പ്രവർത്തിക്കാൻ അനുശാസിക്കുന്ന ഒരു സദാചാരമൂല്യമാണന്നാണ്.

രാഷ്ട്രമീമാംസക്ക് ഗാന്ധിജി നൽകിയ ഏറ്റവും മികച്ച സംഭാവന അഹിംസാ സിദ്ധാന്തമാണ്. ശാരീരികമായ അഹിംസയാണദ്ദേഹം ഉപദേശിച്ചതെന്ന് ധരിക്കുന്നത് ശരിയായിരിക്കുകയില്ല. "മഹാത്മാഗാന്ധിയുടെ അക്രമരാഹിത്യത്തെ പ്പറ്റിയുള്ള സങ്കല്പവും ചലനാത്മകമാണ്. ശാരീരിക ശക്തി പ്രകടനത്തെ ഒഴിവാക്കൽ അക്രമരാഹിത്യത്തിന്റെ ഏറ്റവും താഴത്തെ പടി മാത്രമാണ്.

മനസ്സിനേയും വികാരത്തേയും സ്വാധീനിക്കുകയും ജനങ്ങളെ സ്വാർത്ഥത, ദ്വോഷം, വെറുപ്പ് ഇവയിൽ നിന്നും മോചിപ്പിച്ച് തീഷ്ണമായ സ്നേഹം, കടുത്ത ശത്രുവിനോട് വരെയുള്ള സന്മനോഭാവം ഇവകൊണ്ട് അവരുടെ മനസ്സ് നിറക്കുകയും ചെയ്യുന്നില്ലെങ്കിൽ അത് അക്രമരാഹിത്യമല്ലാതായി തീരുന്നു."[35] മനുഷ്യരാശിയുടെ സ്വാഭാവിക നിയമം അഹിംസയാണെന്നും അത് ഹിംസാത്മക ശക്തിയോക്കാൾ ഏറെ ശ്രേഷ്ഠവും മഹത്വപൂർണ്ണവുമാണെന്നും അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിക്ക് മതം എന്ന് വെച്ചാൽ ആത്മീയ ജീവിതത്തിൽ വൈകാരികമായി പങ്കുകൊള്ളുക എന്നതായിരുന്നു. ഭക്ത്യാസക്തനായ ഒരു ഹിന്ദുവായിരുന്ന അദ്ദേഹം മറ്റ് മതങ്ങളുടെ ആരാധകരെ ബഹുമാനിച്ചു. മതം മനുഷ്യരെ ഭിന്നിപ്പിക്കരുതെന്നും നേരെ മറിച്ച് യോജിപ്പിക്കണമെന്നും അദ്ദേഹം വിശ്വസിച്ചു. യഥാർത്ഥ മതവിശ്വാസികൾ തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ടെന്നും അദ്ദേഹം കരുതി.

ഗാന്ധിജിയുടെ അഭിപ്രായത്തിൽ 'സത്യാഗ്രഹം' ഓരോ ആത്മാവും സത്യത്തിലും പൂർണ്ണതയിലും എത്താൻവേണ്ടി പരിശ്രമിക്കുന്ന ജീവിതത്തിന്റ നിയമമാണ്. തിന്മയോടുള്ള തന്റെ എതിർപ്പിനെ നിർമ്മമമായ എതിർപ്പെന്നോ നിസ്സഹരണമെന്നോ വിളിക്കുന്നതിന് പകരം അദ്ദേഹം അതിനെ കൂടുതൽ ശക്തിമത്തും അർത്ഥവത്തുമായ സത്യാഗ്രഹം എന്ന് വിളിക്കുന്നു. സത്യാഗ്രഹത്തെ അക്രമരാഹിത്യത്തിൽ കൂടി മാത്രം പൂർണ്ണമായി നേടിയെടുക്കാൻ കഴിയുന്ന സത്യാന്വേഷണമായി ഗാന്ധിജി കണ്ടു. രാഷ്ട്രീയത്തെ ധർമ്മത്തിന്റെ ഒരു ശാഖയായിട്ടാണ് ഗാന്ധിജി കണ്ടത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയം ഇതര സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ നിന്നും വ്യതിരിക്തമായ ഒരു ശാഖയല്ല. മറിച്ച് രാഷ്ട്രീയം, സാമ്പത്തിക ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, സന്മാർഗ്ഗ ശാസ്ത്രം ഇവയെല്ലാം ചേർന്ന സമഗ്രതയിൽ നിന്നും ഉടലെടുത്തതാണ്. സാമ്പത്തിക സ്വാതന്ത്ര്യമില്ലാത്ത രാഷ്ട്രീയ സ്വാതന്ത്ര്യം ഗാന്ധിജിക്ക് തീർത്തും അസ്വീകാര്യമായിരുന്നു. ഗാന്ധിജിയുടെ രാഷ്ട്രീയ സങ്കല്പം അരാജകത്വ വാദത്തിലധിഷ്ഠിതമായിരുന്നു. ഗാന്ധിജി നിലവിലുള്ള രാഷ്ട്ര സങ്കല്പത്തിനെ തിരായിരുന്നു. രാഷ്ട്രമെന്നത് ആത്മാവില്ലാത്ത കേവലം ഒരു യന്ത്രം മാത്രമെന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. "വ്യക്തിപരമായി ഞാനിഷ്ടപ്പെടുന്നത് സ്റ്റേറ്റിന്റെ പക്കൽ അധികാരം കേന്ദ്രീകരിക്കുന്നതിലല്ല, സൂക്ഷിക്കാനേല്പിച്ച മുതലാണെന്ന ബോധം വ്യാപിക്കുന്നതിലാണ്. കാരണം, എന്റെ അഭിപ്രായത്തിൽ സ്റ്റേറ്റിന്റെ അക്രമത്തെക്കാൾ ഉപദ്രവം കുറഞ്ഞതാണ് സ്വകാര്യ ഉടമയുടെ ആക്രമം. ഏതായാലും അതൊഴിവാക്കാൻ വയ്യെങ്കിൽ ഏറ്റവും കുറച്ച് മാത്രം സ്റ്റേറ്റുടമസ്ഥതയെ ഞാൻ പിന്താങ്ങും"[36] ഗാന്ധിജിയുടെ രാഷ്ട്രീയ സാമ്പത്തിക ചിന്തയിൽ വികേന്ദ്രീകരണത്തിനാണ് മുഖ്യപ്രാധാന്യം.

മനുഷ്യൻ എന്ന വ്യക്തി ഗാന്ധിജിയുടെ ചിന്താസരണിയുടെ കേന്ദ്രമാണ്. അദ്ദേഹത്തിന്റെ ലക്ഷ്യം മനുഷ്യന്റെ ധാർമ്മികവും ആത്മീയവുമായ വികാസമാണ്. ജീവിക്കാൻ ഒരു സമുദായമില്ലെങ്കിൽ ഒരു വ്യക്തി ഒരു കേവലധാരണ മാത്രമാണെന്നദ്ദേഹം വിശ്വസിച്ചു. അതിനാൽ ഓരോ വ്യക്തിയും 'മറ്റുള്ളവരെ ജീവിക്കാൻ സഹായിക്കുന്നതിലൂടെ ജീവിക്കുക' എന്ന സത്തയുൾക്കൊള്ളുന്ന സർവ്വോദയ സിദ്ധാന്തത്തിന് അദ്ദേഹം രൂപം നൽകി. റസ്കിന്റേയും, ഹെൻട്രി ഡേവിഡ് തോറോയുടേയും, ടാഗോറിന്റേയും ചിന്തകൾ ഇതിന് അദ്ദേഹത്തെ സഹായിച്ചു. "എല്ലാവർക്കും പരമാവധി നന്മലഭിക്കുന്ന ഒരു സമുദായത്തെയാണ് അദ്ദേഹം അഭിലക്ഷിച്ചത് - അതായത് സർവ്വോദയത്തെ. ഓരോ അംഗത്തിനും തുല്യമായ പദവിയും അവസരവും വളരാൻ സ്വാതന്ത്ര്യവുമുള്ള ഒരു സമുദായമാണ് അദ്ദേഹം ആവശ്യപ്പെട്ടത്. സാമ്പത്തികാഭിവൃദ്ധിയും സാമുദായിക നീതിയും ഇണങ്ങിച്ചേരുന്ന ഒരു സരള സമുദായമാണ് അദ്ദേഹം അഭിലക്ഷിച്ചത്."[37] രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന സാമന്തഭദ്ര എന്ന ജൈന മുനിയിൽ നിന്നാണ് ഗാന്ധിജി 'സർവ്വോദയ' എന്ന പദം സ്വീകരിച്ചത്. സർവ്വോദയ ദർശനം വരുന്നത് സംശുദ്ധമായ അരാജകത്വം എന്ന വിശേഷണത്തിൻകീഴിലാണ്.

ഉടമസ്ഥാവകാശത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ ആശയമാണ് 'ട്രസ്റ്റിഷിപ്പ്'. ഓരോ മനുഷ്യ ജീവിയും അയാളുടെ കഴിവുകളും നേട്ടങ്ങളും അയാൾക്ക് ലഭിക്കുന്ന എല്ലാം തന്നെ സൂക്ഷിക്കുന്ന ഒരു ട്രസ്റ്റിയാണ്. അയാളുടെ ചുമതല അധികാരവും ധനവും വേണ്ടവിധത്തിൽ സൂക്ഷിക്കുന്നതിന് മാത്രമല്ല, അത് നിസ്വാർത്ഥമായി മറ്റുള്ളവരുടെ ഗുണത്തിനുവേണ്ടി ഉപയോഗിക്കുന്നതിൽ കൂടി നിക്ഷിപ്ത മായിരിക്കുന്നുവെന്ന് ഗാന്ധിജി വിഭാവന ചെയ്തു. സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനമായ സമത്വം സമാധാനപരവും അക്രമ രഹിതവുമായ മാർഗ്ഗങ്ങളിൽ കൂടി നേടേണ്ടതാണെന്നും അദ്ദേഹം വിശ്വസിച്ചു. മാർഗ്ഗം ശുദ്ധമാണെങ്കിൽ ലക്ഷ്യത്തിലെത്താതിരിക്കുകയില്ല എന്നാണ് ഗാന്ധിജിയുടെ വിശ്വാസം. ഗാന്ധിജിയുടെ ദർശനങ്ങളേയും സമീപനങ്ങളേയും സമഗ്രമായി പരിശോധിക്കുവാൻ കുറ്റിപ്പുഴ ശ്രമിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ മതപരമായ സമീപനങ്ങളെ കുറ്റിപ്പുഴ നിർദ്ദയം വിമർശിച്ചിട്ടുണ്ട്. അഹിംസയും അക്രമരാഹിത്യവും പ്രായോഗിക ജീവിതത്തിലും സാമൂഹിക വ്യവസ്ഥിതിയിലും അപ്രസക്തമാണെന്നും അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്. ട്രസ്റ്റീഷിപ്പ് മുതലാളി ത്തത്തിന്റെ മറ്റൊരു രൂപമായി മാത്രമാണ് കുറ്റിപ്പുഴ കാണുന്നത്. എങ്കിലും മഹാത്മാവിന്റെ സംശുദ്ധമായ വ്യക്തിത്വത്തെ കുറ്റിപ്പുഴ മാനിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## അടിക്കുറിപ്പുകൾ

1. ഡോ. ടി. ഭാസ്ക്കരൻ, ഭാരതീയ കാവ്യശാസ്ത്രം, കേ.ഭാ.ഇ. തിരു., 1989, പു. 108
2. പി.കെ. പരമേശ്വരൻ നായർ, സാഹിത്യ സമീക്ഷകൾ, പി.കെ. ബ്രദേഴ്സ്, കോഴിക്കോട്, 1954, പു. 61
3. കെ. ദാമോദരൻ, സാഹിത്യ നിരൂപണം, സി.ഐ.സി.സി. ബുക്ക് ഹൗസ്, എറണാകുളം, 1963, പു. 51
4. സി.വി. വാസുദേവ ഭട്ടതിരി, ഔചിത്യവിചാരം, കേ.ഭാ.ഇ., തിരു., 1983, പു. 1
5. ബി. പത്മനാഭപിള്ള, കാവ്യകല, എൻ.ബി.എസ്., കോട്ടയം, 1959, പു. 40, 41
6. ജി. ബാലകൃഷ്ണൻ നായർ, സാഹിത്യ പദ്ധതികൾ, വി.പി. തമ്പി സ്മാരക ഗ്രന്ഥശാല, തിരു., 1957, പു.16
7. ഡോ.ടി. ഭാസ്ക്കരൻ, ഭാരതീയ കാവ്യശാസ്ത്രം, കേ.ഭാ.ഇ. തിരു., 1989, പു. 348
8. ഡോ.എൻ. ഗോപാലപണിക്കർ, രസതത്ത്വദർശനം, കേ.ഭാ.ഇ., തിരു., 1980, പു. 73
9. കുട്ടികൃഷ്ണമാരാർ, സാഹിത്യ ഭൂഷണം, എൻ.ബി.എസ്., കോട്ടയം, 1967, പു. 235
10. ഇ.വി. ദാമോദരൻ, കാവ്യസമീക്ഷ, യൂണിയൻ പ്രസ്സ്, തിരു., 1965, പു. 27
11. ജോസഫ് മുണ്ടശ്ശേരി, കാവ്യപീഠിക, മംഗളോദയം, തൃശൂർ, 1957, പു. 66
12. കുട്ടികൃഷ്ണമാരാർ, പതിനഞ്ചുപന്യാസം, നവകേരള കോ-ഓപ്പറേറ്റീവ് പബ്ലിഷിംഗ് ഹൗസ് ലിമിറ്റഡ്, കോഴിക്കോട്, 1963, പു. 101
13. ജോസഫ് മുണ്ടശ്ശേരി, കാവ്യപീഠിക, മംഗളോദയം, തൃശൂർ, 1957, പു. 93
14. ജി. ബാലകൃഷ്ണൻ നായർ, സാഹിത്യപദ്ധതികൾ, എൻ.ബി.എസ്., കോട്ടയം, 1959, പു. 35

15. ഡോ.ടി.ഭാസ്ക്കരൻ, ഭാരതീയ കാവ്യശാസ്ത്രം, കേ.ഭാ.ഇ. തിരു., 1989, പു. 263

16. പവനൻ, യുക്തി വിചാരം, എൻ.ബി.എസ്., കോട്ടയം, 1971, പു. 33, 34

17. ഡോ.ധർമ്മരാജ് അടാട്ട്, ലോകായത ദർശനം, കറന്റ് ബുക്സ്, കോട്ടയം, 1998, പു. 38

18. ജ്ഞാനാനന്ദ സരസ്വതി, സാംഖ്യദർശനം, ജ്ഞാനാനന്ദ പ്രസിദ്ധീകരണം, ഷോർണൂർ, 1977, പു. 9

19. പുതുക്കോട് എസ്. അനന്തനാരായണ ശാസ്ത്രികൾ, സാംഖ്യകാരിക, ദേശമംഗലം പ്രസ്, തൃശൂർ, 1085, പു. 24

20. എ.ജി. കൃഷ്ണവാര്യർ, ബുദ്ധമതം, തിരുവിതാംകൂർ സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്, തിരു., 1950, പു. 28

21. വി. നാരായണൻ, ബുദ്ധദർശനം, ശ്രേയസ പബ്ലിക്കേഷൻസ്, തിരു., 1993, പു. 35

22. വിജു. വി. നായർ, ബുദ്ധന്റെ ധർമ്മപദം, ഇംപ്രിന്റ് ബുക്സ്, കൊല്ലം, 1998, പു. 20

23. ഒരു സംഘം ലേഖകർ, ബുദ്ധമതം - ദർശനവും ചരിത്രവും, കേ.ഭാ.ഇ. തിരു., 1973, പു. 44

24. ഇടമറുക്, ജൈനമതം, ഇൻഡ്യൻ എതീസ്റ്റ് പബ്ലിക്കേഷൻസ്, ന്യൂഡൽഹി, 1998, പു.32

25. ഏ.എസ്. പഞ്ചവകേശയ്യർ, മഹാവീരൻ അഥവാ അഹിംസയുടെ പ്രവാചകൻ, വിവ. കെ.എൻ. ദാമോദരൻ നായർ, ശ്രീരാമവിലാസം പ്രസ് & ബുക്ക് ഡിപ്പോ, കൊല്ലം, 1955, പു. 45

26. പി.കെ. ഗോപാലകൃഷ്ണൻ, ജൈനമതം കേരളത്തിൽ, പ്രഭാത് ബുക്ക് ഹൗസ്, തിരു., 1998, പു. 24

27. ഡോ.ജേക്കബ് കട്ടയ്ക്കൽ, അദ്വൈത വേദാന്ത ധർമ്മശാസ്ത്രം, എൻ.ബി.എസ്. കോട്ടയം, 1982, പു. 19

28. എ.ശങ്കര ശർമ്മ, അദ്വൈത മതം, ജി.എൻ. പ്രിന്റേഴ്സ്, മാണിക്കമംഗലം, 1984, പു. 33

29. വി.ജി. നമ്പൂതിരി, അദ്വൈത വേദാന്തസാരം, കുരുക്ഷേത്ര പ്രകാശൻ, എറണാകുളം, 1996, പു. 15

30. പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമി, അദ്വൈത ചിന്താപദ്ധതി, ശ്രീ തീർത്ഥപാദാശ്രമം, കോട്ടയം, 1970, പു. 78

31. പവനൻ, യുക്തിവിചാരം, എൻ.ബി.എസ്. കോട്ടയം, 1971, പു. 54

32. സി.കെ. ബാലകൃഷ്ണൻ, ഗുരുദർശനം, പ്രസാദക സമിതി, തൃശൂർ, 1988, പു. 96

33. പി.കെ.ബാലകൃഷ്ണൻ, നാരായണ ഗുരു, കേ.സാ.അ., തൃശൂർ, 2000, പു. 265

34. പ്രൊഫ.എം.കെ. സാനു, ശ്രീനാരായണ ഗുരു, എൻ.ബി.എസ്., കോട്ടയം, 1999, പു. 42

35. ബി.കെ. അഹ്ലുവാലിയ, വിവ. ആർ.ലീലാദേവി, 'ഗാന്ധി പല കാഴ്ചപ്പാടിലൂടെ' വീനസ് പ്രസ് & ബുക്ക് ഡിപ്പോ, കോന്നി, 1969, പു. 70

36. ഡോ.ജേക്കബ് പുളിക്കൻ, ഗാന്ധിജി ജീവിതവും ദർശനവും, ഗാന്ധിയൻ പഠനകേന്ദ്രം, കേരളാ സർവ്വകലാശാല, തിരു., 1999, പു. 77

37. ഡോ.എസ്.രാധാകൃഷ്ണൻ, മഹാത്മാ ഗാന്ധി - 100 വർഷങ്ങൾ, എൻ.ബി.എസ്., കോട്ടയം, 1969, പു. 78, 79

# നാല്

# കുറ്റിപ്പുഴയുടെ രചനാലോകം

# 4

കേരളത്തിന്റെ സാഹിത്യസാമൂഹിക മണ്ഡലങ്ങളിൽ വിചാര വിപ്ലവത്തിന്റെ കൊടുങ്കാറ്റഴിച്ചുവിട്ട നിരൂപകനായിരുന്നു കുറ്റിപ്പുഴ കൃഷ്ണപിള്ള. വിദ്യാർത്ഥിയായിരിക്കുന്ന കാലത്ത് തന്നെ അദ്ദേഹത്തിന്റെ സാഹിത്യവാസന തലപൊക്കിതുടങ്ങിയിരുന്നു. 1920 ൽ ഇ.വി. കൃഷ്ണപിള്ളയുടെ ശോകസങ്കലനം എന്ന ചെറുകഥാ സമാഹാരം നിരൂപണം ചെയ്തുകൊണ്ട് ആത്മപോഷിണിയിൽ പ്രസിദ്ധീകരിച്ച ലേഖനമാണ് കുറ്റിപ്പുഴയുടെ ആദ്യത്തെ ഗ്രന്ഥനിരൂപണം. വേദാന്തിയായി, ആത്മീയവാദിയായി സാഹിത്യലോകത്ത് പ്രവേശിച്ച കുറ്റിപ്പുഴ ലിയോ ടോൾസ്റ്റോയി, മാക്സിം ഗോർക്കി, വിക്ടർ ഹ്യൂഗോ, ഡോസ്റ്റോവ്സ്ക്കി, ബർണാഡ്ഷാ, വാൾട്ടയർ, ബർട്രാന്റ് റസ്സൽ, വിൽഡ്യൂറന്റ്, കാറൽമാർക്സ്, ഏംഗൽസ്, ഡാർവിൻ തുടങ്ങിയ പാശ്ചാത്യ ചിന്തകരെ അടുത്തറിഞ്ഞതോടെ, പരിണത പ്രജ്ഞനായി ഏകലോകത്തിന്റെ അവതാരകനായി, ജീവിത വിമർശകനായി മലയാള നിരൂപണത്തിൽ പ്രതിഷ്ഠ നേടി. വിവേകോദയം പത്രാധിപരുടെ ആവശ്യപ്രകാരം 1970 ൽ 'അഭയം' എന്ന അവസാന ലേഖനം പ്രസിദ്ധപ്പെടുത്തുന്നതുവരെ അദ്ദേഹത്തിന്റെ ചിന്താമണ്ഡലം ഉണർന്ന് തന്നെയിരുന്നു.

1936-ൽ കുറ്റിപ്പുഴയുടെ പ്രഥമഗ്രന്ഥം, 'സാഹിതീയം' പ്രസിദ്ധീകരിച്ചു. സാഹിത്യരംഗത്ത് അദ്ദേഹത്തെ ശ്രദ്ധേയനാക്കിയ കൃതിയാണിത്. സ്വതന്ത്ര ചിന്താമണ്ഡലത്തിൽ സുപ്രധാനമായ ഒരു സംഭവമാണ് കുറ്റിപ്പുഴയുടെ വിചാരവിപ്ലവത്തിന്റെ പുറപ്പാട്. 1944-ൽ അദ്ദേഹത്തിന്റെ ഇരുപത്തിരണ്ട് ഉപന്യാസങ്ങൾ വിചാരവിപ്ലവം എന്ന പേരിൽ പ്രസിദ്ധപ്പെടുത്തി. ആശയലോകത്ത് ഒരിക്കലും കെട്ടടങ്ങാത്ത അഗ്നിസ്ഫുലിംഗങ്ങളാണ് വിചാരവിപ്ലവത്തിന്റെ കർത്താവ് കേരളത്തിന് കാഴ്ചവച്ചത്. വിചാരവിപ്ളവത്തിന്റെ അലകൾ അവസാനിക്കുന്നതിനുമുമ്പ് 1947-ൽ 'വിമർശ രശ്മി' പ്രസിദ്ധീകരിച്ചു. എഴപത്തിരണ്ട് പേജിൽ ഏഴ് ഉപന്യാസങ്ങൾ ഉൾക്കൊള്ളിച്ച ആ കൊച്ചുപുസ്തകം ഉഗ്രമായ

വിമർശനങ്ങൾക്ക് വിധേയമായി. പത്രമാസികകൾക്ക് വേണ്ടി പലപ്പോഴായി കുറ്റിപ്പുഴ എഴുതിയ പതിനൊന്ന് ഉപന്യാസങ്ങൾ സമാഹരിച്ചാണ് 1950–ൽ പ്രസിദ്ധം ചെയ്ത 'നവദർശനം'. കുറ്റിപ്പുഴയുടെ ജീവിത വീക്ഷണത്തിലുണ്ടായ പരിവർത്തനം വിളംബരം ചെയ്യുന്ന ഉപന്യാസങ്ങളാണ് ഇതിലധികവും. വിശ്വാസത്തിന്റെ ബലിഷ്ടമായ ചങ്ങലക്കെട്ട് പൊട്ടിച്ച് ശാസ്ത്രവിജ്ഞാനത്തിന്റെയും സ്വതന്ത്രചിന്തയുടെയും പ്രകാശത്തിൽകൂടി മുന്നോട്ട് നീങ്ങുന്ന ധീരനായ വിപ്ലവകാരിയുടെ ശബ്ദം ഇതിൽ കേൾക്കാം. 1957ൽ 'നിരീക്ഷണം' പ്രസിദ്ധപ്പെടുത്തി. തത്ത്വചിന്താപരവും സാഹിതീ സംബന്ധവുമായ ഒരു ഡസൻ ഉപന്യാസങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം.

മനനമണ്ഡലത്തിലെ ലേഖന സമാഹാരത്തിൽ അഭിനവബുദ്ധനായി അദ്ദേഹം ആദരിക്കുന്ന ജവഹർലാൽ നെഹ്റുവിന്റെ നിർമതത്വവും ശാസ്ത്രീയവീക്ഷണവുംകണ്ട് പുകഴ്ത്തുന്നുണ്ട്. 'മാനസോല്ലാസം', 'ദീപാവലി', 'സാഹിതീ കുതുകം' എന്നീ മൂന്ന് ഉപന്യാസ സമാഹരണങ്ങളും കുറ്റിപ്പുഴയുടെ പാണ്ഡിത്യത്തിന്റേയും സ്വതന്ത്ര ചിന്തയുടേയും പ്രത്യേകതകളാണ് വെളിവാക്കുന്നത്. 1934 നും 1950 നും ഇടയിൽ അദ്ദേഹമെഴുതിയ ഗ്രന്ഥനിരൂപണങ്ങളിൽ നിന്നും പതിനാറ് ലേഖനങ്ങൾ സമാഹരിച്ചതാണ് 'ഗ്രന്ഥാവലോകനം'. ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് വേണ്ടി എഴുതിയതാണ് ഇതിലേറെയും. ആത്മാവിഷ്ക്കരണപരതയാണ് കുറ്റിപ്പുഴയുടെ നിരൂപണത്തെ ഉജ്ജ്വലമാക്കുന്ന ഒരു ഘടകം. ഏത് കൃതിയും തന്റെ ഉള്ളിൽ തട്ടിയ അനുഭൂതിയുടെ വെളിച്ചത്തിൽ വിലയിരുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്. സ്പഷ്ടതയും ആത്മാർത്ഥതയുമാണ് അദ്ദേഹത്തിന്റെ രചനകളെ പ്രകാശമാനമാക്കുന്നത്. പഴമയും പുതുമയും നോക്കാതെ കൃതികളുടെ ഗുണം മാത്രം പരിഗണിക്കുന്നതിൽ അദ്ദേഹം അസാധാരണമായ നൈപുണ്യമാണ് പ്രകടിപ്പിച്ചത്. കുറ്റിപ്പുഴയുടെ ജീവിത ദർശനത്തിൽ മനുഷ്യത്വമാണ് മുന്നിട്ട് നിൽക്കുന്നത്. മാനവ പുരോഗതിക്ക് വിഘാതമായി നിന്നതിനെയെല്ലാം അദ്ദേഹം എതിർത്തു.

**സാഹിതീയം (1936)**

കുറ്റിപ്പുഴയുടെ സാഹിത്യചിന്തകളുടെ സമാഹാരമാണ് സാഹിതീയം. ഗ്രന്ഥരൂപത്തിലുള്ള ആദ്യത്തെ കൃതിയുമാണിത്. കോട്ടയം നാഷണൽ ബുക്ക്സ്റ്റാളാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. കലയുടെ പ്രയോജനത്തെക്കുറിച്ച് വിശ്വവിശ്രുതമായ സിദ്ധാന്തങ്ങൾ പുറപ്പെടുവിച്ച ടോൾസ്റ്റോയിയുടെ കലാ നിരൂപണത്തെ കുറ്റിപ്പുഴ ഇതിൽ പരിശോധിക്കുന്നുണ്ട്. കലയുടെ നിർവചനം, പ്രയോജനം എന്നിവയെക്കുറിച്ച് ശരിയായൊരുത്തരം കണ്ടെത്തുവാൻ

പ്രയാസമായിരിക്കെ, രസം, സുഖം, ആനന്ദം എന്നിവയല്ല കലയുടെ ലക്ഷ്യമെന്നും; വികാരാഭിസംക്രമണത്തിലൂടെ മനുഷ്യവർഗ്ഗത്തെ സകല അസമത്വങ്ങളിൽ നിന്നുമുയർത്തി സൗഹാർദ്ദത്തിൽ സംഘടിതമാക്കാൻ കഴിയണമെന്നും ടോൾസ്റ്റോയി വിശ്വസിച്ചിരുന്നു. ഒരു ഉത്തമകൃതിയിൽ വ്യക്തിത്വം, സ്പഷ്ടത, ആത്മാർത്ഥത എന്നീ ഗുണങ്ങൾ ഉണ്ടായിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ തോത് വെച്ച് പരിശോധിച്ചാൽ മലയാള സാഹിത്യത്തിലെ ആധുനിക കൃതികളിൽ പലതും 'കപടവ്യാപാരത്തിന്റെ നികൃഷ്ടഫലങ്ങളാ'ണെന്ന് പറയാൻ കുറ്റിപ്പുഴ മടിക്കുന്നില്ല. ടോൾസ്റ്റോയിയുടെ കലാനിരൂപണം അനന്യ സാധാരണമാണെന്ന് അദ്ദേഹം പറയുന്നു. ഗ്രന്ഥകാരനെ നോക്കിയും അവരുടെ കൃതികൾക്ക് ചേരുന്ന മട്ടിലും ലക്ഷണ നിർണ്ണയം നടത്തുന്ന രീതിയോട് കുറ്റിപ്പുഴ യോജിക്കുന്നില്ല.

കലാനിരൂപണത്തിന്റെ കാതൽ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഫലമാണ് 'സൗന്ദര്യബോധ'മെന്ന ഉപന്യാസം ഒരു മിസ്റ്റിക് കവിയുടെ സൗന്ദര്യ സങ്കല്പങ്ങളെ ഓർമ്മിപ്പിക്കുന്നവയാണ് ഇതിലെ പ്രതിപാദ്യം. സത്യം, ജ്ഞാനം, ആത്മാവ് ഇവക്ക് ഭൗതിക ദൃഷ്ട്യാ ഉണ്ടാകുന്ന പരിണാമമാണ് സൗന്ദര്യമെന്നും ഇക്കാണുന്ന പ്രപഞ്ചം മുഴുവൻ അഖണ്ഡമായ ഒരു സൗന്ദര്യ സമുച്ചയത്തിന്റെ സന്താനമാണെന്നുമാണ് കുററിപ്പുഴയുടെ പ്രസ്താവം. സ്ഥൂലവും സൂക്ഷ്മവുമായ സൗന്ദര്യത്തെ ചിത്രീകരിക്കുന്ന കലമാത്രമേ ഉത്തമമായി തീരുകയുള്ളൂ. "സ്വതേ നിർവ്വചനത്തിന്റെ പിടിയലൊതുങ്ങാത്ത സൗന്ദര്യത്തെ പലനിലയിൽ നോക്കികാണാനാണ് കുറ്റിപ്പുഴ ശ്രമിക്കുന്നത്."[1] റഷ്യയുടെ ഹൃദയം തിളച്ചുമറിയുന്ന കാഴ്ച അവിടത്തെ സാഹിത്യത്തിൽ കാണാൻ കഴിയുമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നുണ്ട്. റഷ്യക്കാരുടെ അപ്രതിരോധമായ സ്വതന്ത്രഗതി അവരുടെ സാഹിത്യത്തിലും കാണുന്നുണ്ട്. ഭാവപ്രധാനങ്ങളായ നോവലുകൾ ലോക സാഹിത്യത്തിന് നൽകുന്നതിൽ റഷ്യക്കാർ പ്രത്യേക വിജയം കൈവരിച്ചിരിക്കുന്നു. സങ്കടക്കലിടന്റെ അടിത്തട്ടുതേടുന്ന റഷ്യൻ കഥാകാരന്മാർ ദീനാനുകമ്പയുടേയും സൗന്ദര്യത്തിന്റേയും മഹാത്മ്യം മനസ്സിലാക്കിയിട്ടുള്ളവരാണെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നു.

റഷ്യൻ സാഹിത്യത്തിൽ അദ്വിതീയ സ്ഥാനമാണ് ലിയോടോൾസ്റ്റോയി ക്കുള്ളത്. "അദ്ദേഹത്തിന്റെ ഓരോ കൃതിയും ഓരോ പരീക്ഷണത്തിന്റെ രേഖയാണ്. ഓരോ പ്രശ്നത്തിന്റെ കലാപരമായ പരാമർശമാണ്."[2] തീഷ്ണാനുഭവങ്ങൾ നിറഞ്ഞ ടോൾസ്റ്റോയിയുടെ ജീവിതം തന്നെ ഒരു നോവലാണെന്ന് കുറ്റിപ്പുഴ പറയുന്നു. വാർ ആൻഡ് പീസ്, അന്നാക്കരീന, റിസറക്ഷൻ എന്നിവയെല്ലാം സ്വാന്തരംഗം ചികഞ്ഞും കീറിയും മുറിച്ചും പരിശോധിക്കുകയാണ് ടോൾസ്റ്റോയി. മനുഷ്യജീവിതത്തിലെ

ദീനതകളെ ചിത്രീകരിക്കുന്നതിൽ വിജയം കൈവരിച്ച ഡൊസ്റ്റോയ്വ്സ്കി പാവങ്ങൾക്ക് വേണ്ടി ജീവിച്ച ഗ്രന്ഥകാരനാണെന്നാണ് കുറ്റിപ്പുഴ വിലയിരുത്തുന്നത്. ജീവിതവിമർശനം മാത്രമല്ല, ആത്മാവിന്റെ ചരിത്രമെന്നുമാണ് കുറ്റിപ്പുഴക്ക് അദ്ദേഹത്തിന്റെ നോവലുകൾ അനുഭവപ്പെടുന്നത്. രസപ്രധാനങ്ങളായ കഥകൾ രചിച്ച് സ്ഥിരപ്രതിഷ്ഠ നേടിയ ടർജനീവിന്റെ കഥാലോകത്തിലെ പ്രശാന്ത പ്രസന്നത കുറ്റിപ്പുഴക്കിഷ്ടമാണ്. മൃദുല ഭാവങ്ങളുടെ ഉത്തേജനത്തിലാണ് ടർജനീവ് ഏറെ ശ്രദ്ധിച്ചത്. കഥാസാഹിത്യത്തിലെ റിയലിസം കുറ്റിപ്പുഴയെ വല്ലാതാകർഷിച്ചരിക്കുന്നു.

തത്ത്വചിന്തകൂടാതെയുള്ള കവിത ജീവനില്ലാത്ത ശരീരം പോലെ അർത്ഥശൂന്യവും വിരസവുമാണെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. വികാരങ്ങളുടെ ഉത്തേജനംകൊണ്ട് കവിതാധർമ്മം മുഴുവനായി എന്ന് വിശ്വസിക്കുവാൻ അദ്ദേഹം തയ്യാറല്ല. അത് വെറും നിലമൊരുക്കാൻ മാത്രമേ ആകുന്നുള്ളൂ. എന്നാൽ യാതൊരു ചമൽക്കാരവും വരുത്താതെ ശുഷ്ക്കങ്ങളായ തത്ത്വശകലങ്ങൾ നിറച്ച് കവിതയുടെ ജീവൻ നശിപ്പിക്കുന്നതിനോടും കുറ്റിപ്പുഴ യോജിക്കുന്നില്ല. മലയാള കവിതയിൽ രസഹാനി വരുത്താതെ തത്ത്വചിന്ത വിളക്കി ചേർത്ത കവിയെ കുമാരാനാശാനിലാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. ഉത്തമകാവ്യം വികാരത്തെ മാത്രമല്ല, വിചാരത്തെക്കൂടി ഉണർത്തുവാൻ പോന്നതായിരിക്കണ മെന്നാണ് കുറ്റിപ്പുഴയുടെ കാവ്യാദർശം. രൂപകാതിശയോക്തി കവിതക്ക് എത്രമാത്രം ഓജസ്സും കാന്തിയും ഉണ്ടാക്കുന്നുവെന്ന് കുറ്റിപ്പുഴ അന്വേഷിക്കുന്നുണ്ട്. കേവലമായ ഒരു വാസ്തവം അതിശോക്തിയിൽക്കൂടി ഒളിഞ്ഞും തെളിഞ്ഞും വികസിക്കുമ്പോൾ മാത്രമേ അതിൽ കവിതാധർമ്മം പ്രകാശിക്കുകയുള്ളൂ. സിമ്പോളിസത്തെ ഇതിന്റെ ഒരു വികസിത രൂപമായി കുറ്റിപ്പുഴ കാണുന്നുണ്ട്. ഇതേ അലങ്കാര പ്രയോഗത്താൽ വള്ളത്തോൾ തന്റെ കവിതകൾക്ക് ശക്തിയും സ്ഫുടതയും വരുത്തി തീർത്തിരിക്കുന്നു. വികല പ്രയോഗങ്ങൾകൊണ്ട് ആധുനിക കവിത വെറും ഒരു കടങ്കഥയായി പോകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. ഇവിടെയെല്ലാം കുറ്റിപ്പുഴ സാഹിത്യനിരൂപണത്തിലെ ഒരദ്ധ്യാപകനായി തീരുകയാണ്.

ഭാരതീയ സാഹിത്യത്തിൽ ഉജ്ജ്വലമായ നവീനതേജസ്സിനെ സ്വാംശീകരിച്ചവയാണ് ടാഗോറിന്റെ സാഹിത്യശില്പങ്ങളെന്ന് കുറ്റിപ്പുഴ അറിയുന്നു. ടാഗോറിന് ഈ പ്രപഞ്ചം ശൂന്യവും ശുഷ്ക്കവുമല്ല; മറിച്ച് പ്രേമ സൗന്ദര്യങ്ങൾ നിറഞ്ഞൊഴുകുന്ന മനോഹരോദ്യാനമാണ്. ദേശഭക്തിയാണ് ടാഗോർ സാഹിത്യത്തിൽ കുറ്റിപ്പുഴയെ ആകർഷിക്കുന്ന മറ്റൊരു ഘടകം. ടാഗോർ കവിതയുടെ ജീവനാഡിയായി നിലകൊള്ളുന്നത് മിസ്റ്റിസവും സിമ്പോളിസവുമാണ്. അതുപോലെ സൂഫിസത്തിന്റെഛായ ടാഗോർ കൃതികളിൽ നിഴലിക്കുന്നതായും

കുറ്റിപ്പുഴ കണ്ടെത്തുന്നു. മലയാളത്തിൽ ടാഗോർ ഭ്രമം മൂലമുണ്ടാകുന്ന വികല സൃഷ്ടികളെ കുറ്റിപ്പുഴ പരിഹസിക്കുന്നുണ്ട്. പാശ്ചാത്യരുടെ കാവ്യസങ്കേതമായ 'സിമ്പോളിസ'ത്തെ അർത്ഥാലങ്കാര ധ്വനിരൂപണങ്ങളായാണ് കുറ്റിപ്പുഴ കാണുന്നത്. മലയാള പദ്യസാഹിത്യത്തിൽ സ്വീകരിച്ചുവന്ന ഗതാനഗതകത്വം സന്ദേശ കാവ്യങ്ങളെ ദുഷിപ്പിച്ചുവെന്ന് അദ്ദേഹം വിമർശിക്കുന്നു. കാളിദാസന്റെ മേഘസന്ദേശത്തെ ഭ്രാന്തമായി അനുകരിക്കുകയാണ് പിൽക്കാല കവികൾ ചെയ്തതെന്ന് കുറ്റിപ്പുഴ ചൂണ്ടിക്കാണിക്കുന്നു. കാളിദാസന്റെ മേഘസന്ദേശത്തെ 'സന്ദേശം അതൊന്നേയുള്ളൂ' എന്ന് ജോസഫ് മുണ്ടശ്ശേരി വിലയിരുത്തുമ്പോൾ, മയൂര സന്ദേശത്തെ അകൃത്രിമവും മനോഹരവുമാക്കി തീർത്ത ശൈലിയെകൂടി അംഗീകരിക്കാൻ കുറ്റിപ്പുഴയിലെ നിരൂപകൻ തയ്യാറാകുന്നു.

കവികൾ പൊതുവേ സ്ത്രീജന പക്ഷപാതികളായി തീർന്നതിൽ കുറ്റിപ്പുഴ അദ്ഭുതം പ്രകടിപ്പിക്കുന്നു. ജീവിതോൽക്കർഷത്തിൽ നായകന്മാരെ അതിശയിപ്പിക്കുന്ന സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിച്ചവരാണ് ഷേക്സ്പിയറും സ്കോട്ടും വാല്മീകിയും കാളിദാസനും വള്ളത്തോളുമെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. ജീവിത സൗന്ദര്യം, പ്രേമഭാവം, സ്തോഭഭാവം എന്നിവ സ്ത്രീ ഹൃദയം വഴി ചിത്രീകരിക്കുമ്പോൾ അവക്ക് പ്രത്യേക സ്ഫുടത കൈവരുന്നതിലാകാം കവികൾ സ്ത്രീപ്രകൃതിക്ക് ഇത്രകണ്ട് പ്രാധാന്യം കവിതയിൽ നൽകിയതെന്ന് അദ്ദേഹം കരുതുന്നു. വിക്ടർ യൂഗോയുടെ 'പാവങ്ങൾ' എന്ന കൃതിയുടെ തർജ്ജിമവഴി നാലപ്പാട്ട് നാരായണമേനോൻ ഭാഷക്കും നോവൽ സാഹിത്യത്തിനും വിലപ്പെട്ട സംഭാവനയാണ് നൽകിയത്. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള ജീവിതയാത്രയുടെ വിവരണമായാണ് കുറ്റിപ്പുഴ ഈ കൃതിയെ വിശേഷിപ്പിക്കുന്നത്. മൃഗത്തിന്റെയും ദേവന്റേയും മധ്യത്തിൽ നിൽക്കുന്ന മനുഷ്യൻ എത്രത്തോളം അധ:പതിക്കുമെന്നും, എത്രത്തോളം ഉയർച്ചയെ പ്രാപിക്കുമെന്നും കാണത്തക്കവിധത്തിലാണ് യൂഗോയുടെ പാത്രസൃഷ്ടിയെന്ന് അദ്ദേഹം വിലയിരുത്തുന്നു. ഇതിലെ ഉൽകൃഷ്ടാശയങ്ങളെ പൂർണ്ണമായും അഗാധതയോടുകൂടി വഹിക്കുവാനുള്ള ശക്തി ഭാഷയ്ക്കിനിയും ഉണ്ടായിട്ടില്ലായെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. കുറ്റിപ്പുഴ നിരൂപണത്തിനുവേണ്ടി നിരൂപണം ചെയ്യുകയല്ല, മറിച്ച് അന്തരാത്മാ അതിന് നിർബന്ധിതനാവുകയാണ്.

**വിചാരവിപ്ലവം (1944)**

ചിന്തയുടെ കൊടുങ്കാറ്റഴിച്ചുവിട്ട ഗ്രന്ഥമാണ് വിചാരവിപ്ലവം. മാനവസമുദായത്തെ ഭരിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിശ്വാസപ്രമാണങ്ങളേയും ചോദ്യം ചെയ്യുന്ന ഈ ഗ്രന്ഥം സ്വതന്ത്രചിന്തയുടെ മാഹാത്മ്യത്തെ ഉദ്ഘോഷിക്കുന്നുണ്ട്. കേരളത്തിന്റെ മാമൂൽ പ്രതിപത്തി കടപുഴകുമാറ് പിടിച്ചു

കുലുക്കുവാൻ പോന്നതായിരുന്നു വിചാരവിപ്ലവത്തിന്റെ പുറപ്പാട്. കോട്ടയം നാഷണൽ ബുക്ക്സ്റ്റാളാണ് ഇതിന്റേയും പ്രസാധകർ. മാനവപുരോഗതിയെ എന്നും തടസ്സപ്പെടുത്തുന്ന അന്ധവിശ്വാസത്തേയും അനാചാരത്തേയും ഗതാനുഗതികത്വത്തേയും മറികടക്കുവാൻ സ്വതന്ത്രചിന്ത അനിവാര്യമാമെന്ന് കുറ്റിപ്പുഴ പറയുന്നു. മനനശീലം മനുഷ്യ സ്വഭാവത്തിലുണ്ടെങ്കിലും ജ്ഞാനസമ്പാദനത്തിൽ യുക്തിയുക്തമായ വിചാരം അധികം പേരിലും കാണുന്നില്ല. "മനുഷ്യന്റെ മനസ്സ് അതിവിചിത്രമായ ഒരു കലവറയാണ്. അതിനകത്ത് ആയിരവും രണ്ടായിരവും കൊല്ലത്തെ പഴക്കമുള്ള ചരക്കുകൾ കിടപ്പുണ്ട്. യുക്തിവാദത്തിന്റെ നേരെ അട്ടഹാസം മുഴക്കുന്ന അന്ധതയുടെ ജീർണ്ണഭാണ്ഡങ്ങളാണ് ഇവയിൽ പലതും...."[3] ഈ പഴംചരക്കുകളാണ് സ്വതന്ത്രചിന്തക്ക് പ്രതിബന്ധമായി നിൽക്കുന്നത്. ഇതെല്ലാം തൂത്തുമാറ്റി അറിവിന്റെ നിർമ്മല സ്വരൂപം വെളിപ്പെടുത്തുവാൻ ഒരൊറ്റ മാർഗ്ഗമേ കുറ്റിപ്പുഴ കാണുന്നുള്ളൂ, അതാണ് യുക്തിവാദം. ദൈവഭീതിയല്ല; സംശയിക്കുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, പരീക്ഷിക്കുക ഇതെല്ലാമാണ് ജ്ഞാനത്തിന്റെ ആരംഭമായി കാണുന്നതെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നു. സോക്രട്ടീസിലാണ് ഇത്തരം സുധീരമായ ചിന്തയുടെ തുടക്കം അദ്ദേഹം കാണുന്നത്. അറിവാകുന്ന ജലം കെട്ടിനിന്ന് ദുഷിക്കാൻ തുടങ്ങിയ ഓരോഘട്ടത്തിലും ഇത്തരം ചിന്തകന്മാർ അന്ധതയോട് പടപൊരുതി ജനസമുദായത്തെ പ്രബുദ്ധമാക്കിയിട്ടുള്ളതായി കുറ്റിപ്പുഴ മനസ്സിലാക്കുന്നു. അസത്യത്തെക്കാൾ ആപത്കരമാണ് അർദ്ധസത്യമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. വിശ്വാസത്തേയും വികാരത്തേയും അവലംബിച്ചാണ് ഈശ്വരൻ നിലനിൽക്കുന്നത്. മതത്തിന്റെ കപടത അതിന്റെ ദ്വന്ദ്വമുഖത്തിൽ കുടികൊള്ളുന്നതായും കുറ്റിപ്പുഴ പറയുന്നു. കുറ്റിപ്പുഴയുടെ വിചാരങ്ങൾ വിപ്ലവമായി പരിണമിക്കുകയാണ് ചെയ്യുന്നത്.

ഒരു വ്യവസ്ഥയുമില്ലാതെ മനുഷ്യന്റെ വിചാരത്തിലും വിശ്വാസത്തിലും കലുഷത കലർത്തുന്ന 'മതം' എന്ന ശബ്ദത്തിന് ഒരർത്ഥപരിധി നിശ്ചയിക്കുവാൻ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. ഏതൊരു മതത്തേയും സാമാന്യമായി മനസ്സിലാക്കുന്നത് അതിന്റെ വിശ്വാസം, ആചാരം, അനുഷ്ഠാനം, ആരാധന, സംഘടന, ഈശ്വരതത്ത്വം എന്നിവയുടെ അടിസ്ഥാനത്തിലാണ്. ഇതിൽ ആദ്യഘടകങ്ങളെയെല്ലാം വിസ്മരിച്ച് ഈശ്വരത്വത്തെ മാത്രം പൊന്തിച്ച് കാണിച്ച് ഇതാണ് മതം എന്ന് പറയുന്നതിനെ അദ്ദേഹത്തിന് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നില്ല. മതത്തെ ഭിന്നമാക്കുന്നത് അതിന്റെ ബാഹ്യക്രിയാംശത്തിലാണ്. അതില്ലാതെയായാൽ മതമെന്ന വ്യവഹാരമേ നശിച്ചുപോകുമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. എല്ലാ മതങ്ങളും ഒന്നാണെന്ന നൂതനവാദം ഇതിനാൽ നിരർത്ഥകമാവുന്നു. "ഈശ്വരനും മനുഷ്യനുമായെന്നതിലധികം മനുഷ്യനും മനുഷ്യനുമായുള്ള ബന്ധത്തെ

ചൊല്ലിയുണ്ടായതല്ലേ മതം?"[4] എന്ന പ്രൊഫ. മുണ്ടശ്ശേരിയുടെ ചോദ്യം പ്രസക്തമാണ്. അജ്ഞതയിൽ ആണ്ടുകിടക്കുന്ന മനുഷ്യവർഗ്ഗത്തെ അന്ധ വിശ്വാസത്തിൽ ബന്ധിച്ച് ചൂഷണം ചെയ്യുന്ന പൗരോഹിത്യവും തത്സംബന്ധമായ ഏർപ്പാടുകളും മറ്റുമാണ് മതമെന്ന വ്യവഹാരത്തിൽ വ്യഞ്ജിക്കുന്നതെന്ന് കുറ്റിപ്പുഴ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. ഓരോ അഭിപ്രായത്തിലും ആ ബുദ്ധിപരമായ സത്യസന്ധത (Intellectual Honesty) പുലർത്തുവാൻ കുറ്റിപ്പുഴ ശ്രമിച്ചിട്ടുള്ളതായി കാണാം.

സ്വതന്ത്രചിന്ത അസ്തമിച്ച് മനുഷ്യൻ ചില ആശയങ്ങളുടേയും വിശ്വാസങ്ങളുടേയും ബുദ്ധിപരമായ അടിമകളായി തീരുന്നതിനെ കുറ്റിപ്പുഴ അപലപിക്കുന്നുണ്ട്. അടിമ കച്ചവടം നിർത്തൽ ചെയ്തതുകൊണ്ട് ശാരീരികമായ അടിമത്തം മാത്രമേ നീങ്ങിപോയിട്ടുള്ളൂ. മാനസികമെന്നോ ബുദ്ധിപരമെന്നോ പറയാവുന്ന അടിമത്തം ലോകത്ത് ഇപ്പോഴും നിലനിൽക്കുന്നതായി കുറ്റിപ്പുഴ അവകാശപ്പെടുന്നു. സോക്രട്ടീസ് തുടങ്ങി മാർക്സും ഗാന്ധിജിയുംവരെയുള്ള ലോകാചാര്യന്മാർക്കെല്ലാം ആയിരകണക്കിന് അടിമകളെ കിട്ടിയിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. "കുറെ നാൾകൂടി കഴിഞ്ഞാൽ ഇന്ത്യക്ക് രണ്ട് പ്രകാരത്തിലുള്ള മോചനം നേടേണ്ടിവരുമെന്ന് തോന്നുന്നു. ഒന്ന് ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് മറ്റേത് മഹാത്മാവിന്റെ മഹത്വത്തിൽ നിന്ന്" എന്നതുപോലെ "കാറൽമാർക്സിന് ഇന്ത്യയിൽ മാത്രമല്ല, ലോകം മുഴുവൻ അടിമകൾ ഉണ്ടായിട്ടുണ്ട്."[5] എന്നും കുറ്റിപ്പുഴ തിരിച്ചറിയുന്നു. മാർക്സിന്റെ മനുഷ്യോപനിഷത്തിനെ നെഞ്ചേറ്റി ലാളിക്കുമ്പോൾ തന്നെ, മാനവ പുരോഗതിയേയും സ്വതന്ത്രചിന്തയേയും ബന്ധിക്കുന്ന ഏതെന്നിനോടും തുറന്ന സമരം പ്രഖ്യാപിക്കുകയാണ് കുറ്റിപ്പുഴ.

ഈശ്വരനും ആത്മാവുമില്ലാത്ത ചിന്താ സ്വാതന്ത്ര്യമുള്ള മതവും ഭാരതത്തിലുണ്ടായിട്ടുണ്ടെന്ന്; ചാർവാകമതത്തെ ഉദ്ധരിച്ചുകൊണ്ട് കുറ്റിപ്പുഴ ചർച്ച ചെയ്യുന്നു. ചിന്തയിൽ സ്വാതന്ത്ര്യവും ആചാരത്തിൽ അടിമത്തവും വെച്ചുപുലർത്തുന്ന ഭാരതീയരുടെ അസ്ഥിവാരം ഇളകുന്ന മട്ടിലാണ് കുറ്റിപ്പുഴയുടെ പരാമർശങ്ങൾ. അപരുഷേയത്വവും അപ്രമാദിത്വവും അടിയുറച്ച വൈദിക കാലഘട്ടം വിഷാദാത്മകതയും നൈരാശ്യവുമാണുളവാക്കിയത്. ഈ കാലഘട്ടത്തിൽ വൈദിക മത സംബന്ധിയായ സകലതിനേയും ചോദ്യം ചെയ്തുകൊണ്ട് മനുഷ്യബുദ്ധിക്ക് പുതിയവെളിച്ചം പകർന്നുകൊണ്ടേയിരുന്നു ചാർവാകമതത്തിന്റെ ഉല്പത്തിയെന്ന് അദ്ദേഹം പറയുന്നു. വൈദികത്വത്തെ വെല്ലുവിളിച്ച വിചാരവിപ്ലവം. "വസ്തുക്കളുടെ ജ്ഞാനത്തിനുപകരിക്കുന്ന പ്രത്യക്ഷം, അനുപാതം, ഉപമാനം, ശാബ്ദം, അർത്ഥാപത്തി, അനുപലബ്ധി എന്നീ പ്രമാണങ്ങളിൽ പ്രത്യക്ഷത്തെ മാത്രമേ ചാർവാകമതം അംഗീകരിക്കുന്നുള്ളൂ"[6] ഇന്ദ്രിയ പ്രത്യക്ഷത്തിന് വിഷയമാകാത്തതൊന്നും അവർക്ക് സ്വീകര്യമല്ല. അർത്ഥ

കാമങ്ങൾ മാത്രമേ പുരുഷാർത്ഥങ്ങളായി ഗണിക്കപ്പെട്ടിട്ടുള്ളൂ. പ്രപഞ്ചം ദു:ഖാത്മകമാണെന്ന് കരുതി സുഖം അനുഭവിക്കാതിരിക്കുന്നത് വിഡ്ഢിത്ത മാണെന്നത്രെ ചാർവാക സിദ്ധാന്തം. ചൈതന്യയുക്തമായ ദേഹം തന്നെയാണ് ആത്മാവെന്ന് ചാർവാകന്മാർ സ്ഥാപിച്ചു. ഇതിനെതിരായുള്ള വൈദികവാദങ്ങളെ സാങ്കേതികപദങ്ങൾകൊണ്ടുള്ള ഒരു തരം തർക്കവിഹാരമായി കുറ്റിപ്പുഴ തള്ളിക്കളയുന്നു. അന്ധവിശ്വാസത്തിന്റേയും അനാചാരത്തിന്റേയും കോട്ടകൾ തകർക്കാൻ, ചാർവാകം പോലുള്ള പൗരസ്ത്യ സിദ്ധാന്തങ്ങൾ തന്നെയാണ് കുറ്റിപ്പുഴ സ്വീകരിക്കുന്നത്.

ശാസ്ത്രയുഗത്തിലും വിചാര ശീലത്തെക്കാൾ വിശ്വാസശീലത്തിനു പ്രാധാന്യം നൽകുന്ന ആധുനികമനുഷനിലെ കിരാത മാനസത്തെ കുറ്റിപ്പുഴ പുറത്തുകൊണ്ടുവരുന്നു. മനുഷ്യൻ വനചരജീവിതം നയിച്ചിരുന്ന കാലം മുതലുള്ള വിശ്വാസ പരമ്പരകൾ യാതൊരടിസ്ഥാനവും തെളിവും യുക്തിവിചാരവും കൂടാതെ മനുഷ്യരുടെ മനസ്സിൽ വേരൂന്നിക്കിടക്കുന്നതായി അദ്ദേഹം കണ്ടെത്തുന്നു. ഈ കിരാത മനോഭാവം എപ്പോഴും നമ്മെഭരിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം വിശ്വാസത്തിൽ നിന്ന് മോചിതനായ മനുഷ്യനാണ് കുറ്റിപ്പുഴയുടെ ആദർശത്തിലുള്ളത്. അറിവിന്റെ വെളിച്ചത്തേയും സ്വാതന്ത്ര്യത്തിന്റെ കാറ്റടിയേയും തടയുവാൻ ശ്രമിക്കുന്ന പൗരോഹിത്യത്തെ കുറ്റിപ്പുഴ ചോദ്യം ചെയ്യുന്നുണ്ട്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ലോകത്തിൽ വിശ്വാസികൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു എന്ന പ്രചാരണത്തേയും അദ്ദേഹം ഖണ്ഡിക്കുന്നു. അധികാരവും ചൂഷണവും നിലനിർത്താനുള്ള മതത്തിന്റെ പ്രചാരവേലക്ക് നേരെയാണ് കുറ്റിപ്പുഴയുടെ ആക്രമണം.

കാര്യം പ്രത്യക്ഷപ്പെടുകയും കാരണം തിരോഭൂതമായിരിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെടുന്നതെന്ന് കുറ്റിപ്പുഴ പറയുന്നു. അദൃശ്യശക്തികളും ദേവന്മാരും എന്തിന് നരബലി പോലും ഉടലെടുത്തത് ഇതുമൂലമാണ്. പ്രപഞ്ചത്തിന്റെ ആദികാരണമന്വേഷിച്ച മനുഷ്യൻ തന്നെയാണ് ഈശ്വരനെ സൃഷ്ടിച്ചതും. "അല്പം ആലോചിച്ചാൽ ഈ ആദികാരണത്തിന് നിലനില്പ്പില്ലെന്ന് മനസ്സിലാക്കാം. കാര്യകാരണബന്ധം ഒരു വൃത്തത്തിന് തുല്യം ആദിയും അന്തവുമില്ലാത്തതാണെന്ന് പറയാം. ഒരു വൃത്തം എവിടെ തുടങ്ങുന്നുവെന്നോ എവിടെ അവസാനിക്കുന്നുവെന്നോ നിർണ്ണയിക്കുവാൻ വയ്യ..."[7] ചക്രഭ്രമണ രൂപത്തിലുള്ള ഈ ശൃംഗലയിൽ ആദികാരണമെന്നൊരു അവസാന കണ്ണി നിശ്ചയിച്ചിരിക്കുന്നത് യുക്തി വിരുദ്ധമാണെന്ന് കുറ്റിപ്പുഴ തറപ്പിച്ചുപറയുന്നു.

മനുഷ്യന്റെ സാംസ്ക്കാരിക വളർച്ചയിൽ ഇടക്കാലത്ത് രൂപമെടുത്ത

ഒന്നാണ് മതമെന്നും അതിന് സന്മാർഗ ബോധവുമായി യാതൊരു ബന്ധവുമില്ലെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നു. വ്യക്തിയും സമൂഹവും തമ്മിൽ ശ്രേയസ്കരമായ ഒരു ബന്ധം ഉടലെടുത്തപ്പോഴാണ് ചില സന്മാർഗ വ്യവസ്ഥകൾ ഉത്ഭവിച്ചത്. മതം രൂപംകൊള്ളുന്നതിനുമുമ്പേ സന്മാർഗ്ഗ ബോധം മനുഷ്യനെ നയിച്ചിരുന്നെന്ന് നരവംശ ശാസ്ത്രത്തെ ഉദ്ധരിച്ചുകൊണ്ട് കുറ്റിപ്പുഴ അഭിപ്രാപ്പെടുന്നുണ്ട്. സന്മാർഗ്ഗത്തെ മതത്തിൽ നിന്ന് മാറ്റി നിർത്തി ചിന്തിച്ചാൽ, മത ദൃഷ്ടി സത്വൃത്തന്മാരായി എണ്ണപ്പെടുന്നവർ ദുർവൃത്തരായി തീരുമെന്ന് കുറ്റിപ്പുഴക്കുറപ്പുണ്ട്. ഏത് പാപവും പ്രാർത്ഥനയും പ്രായശ്ചിത്തവുംകൊണ്ട് കഴുകി കളയാമെന്ന വിശ്വാസം കൂടുൽ അസന്മാർഗികളെ സൃഷ്ടിക്കുകയേ ഉള്ളൂവെന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു.

ജീവിതത്തെ ദു:ഖാത്മകമായി മാത്രം ദർശിക്കുന്ന പെസ്സിമിസത്തിന്റെ വേരുകൾ ഭാരതീയ വേദാന്ത ചിന്തയിലാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. വേദാന്തചിന്തയിലെ 'സംസാരവും മോക്ഷ സിദ്ധിയും' ദോഷാനുദർശനത്തെ തന്നെയാണ് കുറിക്കുന്നത്. ബുദ്ധദർശനത്തിലൂടെ വളർന്ന ഈ സിദ്ധാന്തം പാശ്ചാത്യനാട്ടിൽ പ്രചുരപ്രചാരം നേടുകയുണ്ടായെന്ന് കുറ്റിപ്പുഴ പറയുന്നു. ജർമൻ തത്ത്വജ്ഞാനിയായ ഷോപ്പനറിലൂടെ വളർന്ന് ഹാർട്ട്മാൻ, മെയിലാൻഡർ എന്നിവരിൽ എത്തിച്ചേരുമ്പോൾ മരണമാണ് ദു:ഖത്തിൽ നിന്നുള്ള ശാശ്വതമോചനമെന്ന തത്ത്വത്തിലാണ് എത്തിച്ചേരുന്നത്. തത്ത്വശാസ്ത്രത്തിന്റെ ഉറവിടം തന്നെ മരണമെന്ന ചിന്തയിൽ നിന്നാണെന്ന് സമാശ്വസിക്കുന്ന കുറ്റിപ്പുഴ ജീവിതത്തെക്കുറിച്ചുള്ള അഗാധ ചിന്തകളിൽ മുഴുകുന്നുണ്ട്. ലോകത്തിലെ ആദ്യത്തെ യുക്തിവാദിയും സ്വതന്ത്രചിന്തകനുമായി കപിലമഹർഷിയെയാണ് അദ്ദേഹം കാണുന്നത്. സാംഖ്യദർശനത്തിന്റെ ഉപജ്ഞാതാവായ കപിലൻ വൈദിക സിദ്ധാന്തത്തെ തള്ളിക്കളയുന്നതോടൊപ്പം ഈശ്വരന് യാതൊരു പ്രാധാന്യവും കല്പിക്കുന്നുമില്ല. ശാസ്ത്രം തെളിയിച്ച പദാർത്ഥം, ശക്തി എന്നിവയെ പ്രകൃതിപുരുഷന്മാരായികണ്ട അദ്ദേഹം ഈ പ്രകൃതിയെ പരിണാമിയായി കാണാൻ ശ്രമിച്ചു. ജഗത് സൃഷ്ടിക്ക് ഈശ്വരന്റെ ആവശ്യമില്ലെന്നും മൂലപ്രകൃതിയിൽ നിന്നും പരിണാമിയായ പഞ്ചഭൂതങ്ങൾപോലും ഉത്ഭവിക്കുന്നതായികാണുന്ന സാംഖ്യദർശനം ഡാർവിന്റെ പരിണാമ സിദ്ധാന്തത്തോട് യോജിക്കുന്നുവെന്ന് കുറ്റിപ്പുഴ അസന്നിഗ്ദ്ധമായി തെളിയിക്കുന്നു.

റഷ്യയിലെ നാസ്തിക സിദ്ധാന്തത്തിന്റെ പ്രഥമ പ്രവാചകനായാണ് അരാജക സിദ്ധാന്തത്തിന്റെ (Anarchism) ഉപജ്ഞാതാവായ ബകുനിനെ കുറ്റിപ്പുഴ കാണുന്നത്. മാനവ സ്വാതന്ത്ര്യത്തിന് ദൈവവിശ്വാസത്തിന്റെ മസ്തകം തല്ലിപിളർക്കേണ്ടതുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. മതാധികാരവും രാജാധികാരവും പരസ്പരം കൈകോർത്ത് പിടിച്ച് നില്ക്കുന്ന രണ്ട് ദുഷിച്ച ശക്തികളാണ്.

അതിനാൽ രാജാധികാര ധ്വംസനത്തിന് മതധ്വംസനം അത്യാവശ്യമാണെന്ന് ബകുനിൻ വിശ്വസിച്ചു. രാജാധികാരത്തെ മാത്രമല്ല സ്റ്റേറ്റിന്റെ അധികാരത്തേയും അദ്ദേഹം നിഷേധിക്കുന്നതായി കുറ്റിപ്പുഴ പറയുന്നു. എല്ലാ അധികാരങ്ങളിൽ നിന്നും മോചനം നേടുന്ന, ആദർശ ജീവിതം നയിക്കുന്ന വ്യക്തികൾ ഉൾക്കൊള്ളുന്ന സംഘടിത മാനവ സമുദായമാണ് ബകുനിന്റെ ആദർശലോകം. ആദ്ധ്യാത്മികതയിൽ തുടങ്ങി നാസ്തികത്വത്തിന്റെ കൊടുമുടിയിലെത്തിയ ബകുനിൽ, കുറ്റിപ്പുഴ തന്റെ പ്രതിരൂപത്തെ തന്നെ കണ്ടെത്തുകയാകാം.

പ്രകൃതിശക്തികളിൽ അമ്പരന്നും അന്ധാളിച്ചും കഴിഞ്ഞ, വനചരനായ മനുഷ്യൻ മന്ത്രവാദത്തിലൂടെ പ്രപഞ്ചശക്തിയെ കീഴ്പ്പെടുത്തിയെന്ന് സ്വയം വിശ്വസിച്ച് ശക്തനായി തീർന്നിരുന്നുവെന്ന് കുറ്റിപ്പുഴ പറയുന്നു. ശാസ്ത്രകാരന്റെ അന്വേഷണബുദ്ധിയും പ്രപഞ്ചശക്തികളെ കീഴടക്കാനുള്ള തൃഷ്ണയും മന്ത്രവാദത്തിലും കാണുന്നു. ശാസ്ത്രത്തിന്റെ വഴിപിഴച്ച ഒരു പൂർവ്വരൂപമെന്നാണ് അദ്ദേഹം മന്ത്രവാദത്തെ വിശേഷിപ്പിക്കുന്നത്. മതത്തിന്റെ നില ഇതിൽ നിന്ന് വ്യത്യസ്തമാണ്. പ്രപഞ്ചത്തിലെ സർവ്വശക്തികളേയും ഭരിച്ചുനിൽക്കുന്ന ഒരു ദൈവത്തിൽ വിശ്വസിക്കുകയും അതിന്റെ മുന്നിൽ ദുർബലനായി, നിരാശനായി, നിരാശ്രയനായി നിൽക്കുന്ന മനുഷ്യനെയാണ് കുറ്റിപ്പുഴ കാട്ടിത്തരുന്നത്. മതത്തിനും സയൻസിനും തമ്മിലുള്ള വൈരുദ്ധ്യം, മതത്തിനും മന്ത്രവാദത്തിനും തമ്മിലുണ്ടെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നു. മന്ത്രവാദം ഫലിക്കില്ലെന്ന് അനുഭവപ്പെട്ടപ്പോഴാണ് മനുഷ്യൻ മതത്തിലേക്ക് കടന്നത്. മന്ത്രവാദി ക്രമേണ പുരോഹിതനാവുകയും പുരോഹിതനിൽ രാജാധികാരവും വന്നുചേർന്നു. അന്ധകാരാവസ്ഥയിൽ മന്ത്രവാദം മുഖേന അങ്കുരിച്ച ചിന്താശീലത്തിൽ പ്രബുദ്ധനായ മനുഷ്യൻ കൊളുത്തിയ ദീപമെന്നാണ് അദ്ദേഹം ശാസ്ത്രത്തെ വിശേഷിപ്പിക്കുന്നത്. ഒരു സാമൂഹ്യശാസ്ത്രകാരന്റെ തെളിമയാർന്ന ബുദ്ധി കുറ്റിപ്പുഴയിൽ കാണാൻ കഴിയും.

മനുഷ്യസ്വഭാവം പ്രകൃത്യാ ദോഷഭൂയിഷ്ഠമാണെന്നൊരു ബോധം മധ്യകാല യൂറോപ്പിൽ അടിയുറച്ചിരുന്നു. ദൈവഭീതിമാത്രമായിരുന്നു പരിഹാരമായിക്കണ്ടത്. പുരോഹിതന്റെ പുറപ്പാട് ഇവിടെ നിന്നാണെന്ന് കുറ്റിപ്പുഴ പറയുന്നു. ഭയപ്പെടുത്തി ഭരിക്കുന്ന സമ്പ്രദായം ആദ്യമായി നടപ്പിൽ വരുത്തിയത് ഇക്കൂട്ടരാണ്. "പുരോഹിതൻ പോലീസിനെക്കാളും പട്ടാളത്തെക്കാളും ഭയങ്കരനാകുന്നു. അവന്റെ കൈയ്യിലിരിക്കുന്ന മതമെന്ന മയക്കുവിദ്യ മനുഷ്യന്റെ സർവ്വനാഡികളേയും സ്തംഭിപ്പിക്കുന്ന ഒന്നത്രേ"[8] യെന്ന് കുറ്റിപ്പുഴ പറയുന്നു. ദൈവഭീതിയെക്കൊണ്ട് മനുഷ്യപ്രകൃതിയെ ഭരിക്കാൻ കഴിയാതെയായപ്പോൾ ഭരണയന്ത്രം നിയമഭീതിയെന്ന ഉപായം തേടി. പോലീസും പട്ടാളവും അതിന്റെ ആയുധങ്ങളായി. പട്ടാളവും യുദ്ധവും ജനങ്ങൾക്ക് വേണ്ടിയല്ല മറിച്ച് ഭരണയന്ത്രം

തിരിക്കുന്ന ദുഷ്ടാത്മാത്മാക്കളുടെ ദുരഭിമാനംകൊണ്ടും ദുർമോഹത്തിനും വേണ്ടിയാണെന്ന ചരിത്രസത്യം അദ്ദേഹം ഓർമ്മിപ്പിക്കുന്നു. പോലീസും പട്ടാളവും ഗവൺമെന്റിന്റെ ഭീരുത്വത്തേയും അശക്തിയേയും ജനങ്ങളുടെ സ്വാതന്ത്ര്യാഭിവൃദ്ധിക്കുള്ള വിഘാതത്തേയുമാണ് തുറന്ന് കാണിക്കുന്നത്. ജനത്തെ വിദ്യാഭ്യാസം കൊണ്ട് ഉണർത്തുകയും സ്നേഹംകൊണ്ട് വശീകരിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റിന് പോലീസും പട്ടാളവും അജഗളസ്തനങ്ങളായി തീരുമെന്നാണ് കുറ്റിപ്പുഴയുടെ നിഗമനം. ഇതുകൊണ്ടാകാം കുറ്റിപ്പുഴ അരാജകത്വ സിദ്ധാന്തത്തെ സ്നേഹിച്ചുതുടങ്ങിയത്.

മതത്തിന്റെ കാര്യത്തിൽ ധ്രുവങ്ങളുടെ അകൽച്ചയിലാണ് ഗാന്ധിജിയും നെഹ്റുവുമെന്ന് കുറ്റിപ്പുഴ പ്രസ്താവിക്കുന്നു. മനുഷ്യൻ നന്നാകാൻ മതത്തിന്റെ ആവശ്യമില്ലെന്നാണ് നെഹ്റുവിന്റെ മതം. നെഹ്റുവിന്റെ വിദേശ സംസ്ക്കാരത്തിന്റെ പ്രതിഫലനം കാണുമ്പോൾ ഗാന്ധിയിൽ അടിമുതൽ മുടിവരെ ഭാരതീയ സംസ്കാരമാണ് നിഴലിക്കുന്നത്. ഗാന്ധിജിയെ ഭാരതീയ പുരാണ ഗ്രന്ഥങ്ങളിൽ കാണാൻ ശ്രമിക്കുമ്പോൾ, ഇന്ത്യാക്കാരുടെ ഒരത്ഭുത പുരുഷനായാണ് നെഹ്റുവിനെ കുറ്റിപ്പുഴ കാണുന്നത്. മതത്തിന്റെ കലർപ്പില്ലാത്തതിനാലാണ് ഇന്ത്യൻ ജനതക്ക് നെഹ്റുവിന്റെ ഭാഷ മനസ്സിലാകാത്തതെന്നോർത്ത് കുറ്റിപ്പുഴ പരിതപിക്കുന്നു. മാർക്സിന്റെ വിപ്ലവചിന്തകളോടാണ് ശിഷ്യന് ഏറെ പ്രിയം. ഈ വിരുദ്ധാശയ പ്രചോദിതർ ഒന്നിച്ച് യാത്രചെയ്യുന്നു. അപൂർവ്വവും വിചിത്രവുമായ ഈ ഗുരുശിഷ്യബന്ധം ചിത്രീകരിക്കുവാൻ വൈവിദ്ധ്യമാർന്ന നിറക്കൂട്ടുകളാണ് കുറ്റിപ്പുഴ ഒരുക്കിയിരിക്കുന്നത്.

ദിവ്യാത്ഭുത സിദ്ധിയും അമാനുഷത്വവും ശാസ്ത്രനിരീക്ഷണത്തിനു മുന്നിൽ നിഷ്ഭ്രമമാണ്. ക്ഷിപ്രവിശ്വാസികളായ സാമാന്യജനങ്ങളിൽ മിഥ്യാബോധം ജനിപ്പിക്കുന്ന സിദ്ധന്മാരാൽ നിറഞ്ഞൊരിന്ത്യയെയാണ് കുറ്റിപ്പുഴ കാട്ടിത്തരുന്നത്. തീച്ചാട്ടത്തിൽ പ്രസിദ്ധനായ കുഡാബ്സ് തന്റെ ഈ സിദ്ധിക്ക് കാരണം ഈശ്വരഭക്തിയും വിശ്വാസവുമാണെന്ന് പ്രചരിപ്പിച്ചു. എന്നാൽ ഈശ്വരനുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ഇംഗ്ലീഷ്കാരൻ ഇതിനെക്കാൾ സങ്കീർണ്ണമായ പരീക്ഷണം ലോകത്തിനുമുമ്പിൽ പ്രദർശിപ്പിച്ചപ്പോൾ കുഡാബ്സിന്റെ ചെപ്പ് തെളിഞ്ഞെന്ന് കുറ്റിപ്പുഴ പറയുന്നു. സ്ത്രീ പുരുഷന്റെ അടിമയായി കഴിയുന്നു എന്ന ബർണാഡ്ഷായുടെ അഭിപ്രായത്തോടാണ് കുറ്റിപ്പുഴയ്ക്ക് യോജിപ്പ്. സ്ത്രീ അനുഭവിക്കുന്ന സാമുദായിക മർദ്ദനങ്ങളെ പുരുഷൻ, അവൾക്കുതന്നെ ആഭരണമാക്കി തീർക്കുന്ന കാഴ്ചയാണ് ഏറെ ദുസ്സഹമായി തോന്നുന്നത്. സാമ്പത്തിക സ്വാതന്ത്ര്യം ലഭിക്കാത്ത കാലത്തോളം സ്ത്രീ പുരുഷന്റെ അടിമയായിത്തന്നെ കഴിയേണ്ടിവരുമെന്ന് വിശ്വസിക്കുന്ന അദ്ദേഹം സ്വതന്ത്രയും സബലയുമായ സ്ത്രീയെ കണ്ടെത്തുന്നത് റഷ്യയിലാണ്.

വിദ്യാസമ്പന്നയായ സ്ത്രീപോലും ഭാരതത്തിൽ പാരമ്പര്യത്തിന്റെ അടിമയായി ദാസ്യം സ്വയം വരിക്കുന്നു. മുതലാളിത്തവും യാഥാസ്ഥിതികത്വവും നിലനിൽക്കുന്നിടത്തെല്ലാം സ്ത്രീ അടിമയായിരിക്കുമെന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തുന്നത്. ആധുനിക സമൂഹം ഏറെ ചർച്ചചെയ്യപ്പെടുന്ന ഈ വിഷയം കുറ്റിപ്പുഴ ദശാബ്ദങ്ങൾക്കുമുമ്പ് തുടക്കം കുറിച്ചിരുന്നു.

ഭൗതിക ശരീരത്തെ വിട്ട് ആത്മാവിന് പുറകേ പോയ ഒരു സമൂഹത്തെ ശരീരശാസ്ത്രം പരിചയപ്പെടുത്തുവാൻ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. രോഗങ്ങളിൽ നിന്ന് മുക്തിനേടാൻ ശരീരത്തിലെ ധാതുദ്രവ്യങ്ങളുടെ സംതുലനാവസ്ഥ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ശരിയായ ശാസ്ത്രത്തെ സാധാരണീകരിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെ കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നുണ്ട്. സോവിയറ്റ് റഷ്യയുടെ സൃഷ്ടാക്കളിൽ പ്രമുഖനായ ലിയോൺ ട്രാട്സ്കിയെ ഭരണ കൂടങ്ങൾ ഭയപ്പാടോടെയാണ് നോക്കികണ്ടതെന്ന് അദ്ദേഹം പറയുന്നു. ട്രാട്സ്കിയുടെ തൂലികയും പ്രസംഗങ്ങളും ഏത് സമൂഹത്തേയും ഉണർത്തുവാൻ പോന്ന വിപ്ലവ ബീജങ്ങളായിരുന്നുവെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നു. 'ഭൂരിപക്ഷ ഭൂരിസുഖം' എന്ന പ്രമാണമാണ് ട്രാട്സ്കിയെ നയിച്ചത്. നിരവധി തവണ ക്രൂരമായ ജയിൽ ജീവിതം നയിക്കേണ്ടിവന്ന അദ്ദേഹം വിപ്ലവ റഷ്യക്ക് വേണ്ടി നിരന്തരം തൂലിക ചലിപ്പിച്ചുകൊണ്ടിരുന്നു. ലെനിനുമായുണ്ടായ അടുപ്പം ഒക്ടോബർ വിപ്ലവത്തിന്റെ സൂത്രധാരനും പ്രധാന നടനുമാക്കി ട്രാട്സ്കിയെ മാറ്റി. സോവിയറ്റ് റഷ്യയെ നയിക്കുന്നതിൽ ട്രാട്സ്കിയുടെ ഭരണ സൈനിക തന്ത്രം ഏറെ സ്വാധീനം ചെലുത്തിയതായി കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. സ്റ്റാലിൻ റഷ്യയുടെ അധികാരം ഏറ്റതോടെ ട്രാട്സ്കി തന്റെ സ്വപ്നഭൂമിയിൽ നിന്ന് നിർദ്ദയം നിഷ്കാസനം ചെയ്യപ്പെടുന്ന കാഴ്ച കുറ്റിപ്പുഴ വേദനയോടെയാണ് വിവരിക്കുന്നത്. മനുഷ്യവർഗ്ഗത്തെ ഞെക്കിക്കൊല്ലുന്ന അനീതിക്കും അപഹരണത്തിനുമെതിരെ പോരാടി ജീവിതം ഹോമിച്ച ട്രാട്സ്കിയുടെ ജീവിത ചിത്രത്തോടൊപ്പം മനുഷ്യമനസ്സ് ദുഷിക്കുന്നതുപോലെ റഷ്യയും ദുഷിച്ചു എന്ന കുറ്റിപ്പുഴയുടെ പരാമർശം കാലങ്ങൾക്ക് ശേഷമുണ്ടായ സോവിയറ്റ് യൂണിയന്റെ തകർച്ചയെ മുൻകൂട്ടി കണ്ടതു പോലെയുണ്ട്.

യുദ്ധവും ഭീതിയും മനുഷ്യനെ മതത്തിന്റെ മാന്ത്രികവലയത്തിനുള്ളി ലേക്കാണ് നയിക്കുന്നതെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. ജീവിതം എത്രത്തോളം സുരക്ഷിതമാകുന്നുവോ അത്രത്തോളം ഈ കറുപ്പ് വില്പന അസാദ്ധ്യമായിതീരുമെന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു. സോവിയറ്റ് റഷ്യയെ ഇതിനുദാഹരണമായികാണുന്നു. മതവിശ്വാസവും ഈശ്വരഭക്തിയും കുറഞ്ഞതാണ് യുദ്ധത്തിന് കാരണമെന്ന് വാദിക്കുമ്പോൾ മതാധിപത്യം

നിലനിന്നിരുന്ന പൂർവ്വകാലത്തിലാണ് യുദ്ധം അതിന്റെ ഭയങ്കര രൂപം പൂണ്ടിരുന്നതെന്ന് കുറ്റിപ്പുഴ ചരിത്രത്തെ സാക്ഷിനിർത്തി സ്ഥാപിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ചയാണ് യുദ്ധത്തിന്റെ കാരണമെന്ന മുരട്ട് വാദത്തേയും അദ്ദേഹം അഗണ്യകോടിയിൽ തള്ളിക്കളയുന്നു. കെട്ടിക്കിടക്കുന്ന ജലം ദുഷിക്കുമ്പോൾ അത് വെട്ടിതുറന്ന് വിട്ട് സ്വച്ഛജലത്തിന് പ്രവേശനാമാർഗ്ഗം ഉണ്ടാക്കുന്നതുപോലെ ലോകത്തെ ബുദ്ധി സ്തംഭനത്തിൽ നിന്നും ഉണർത്തി സ്വതന്ത്രചിന്തയിൽക്കൂടി മുന്നോട്ട് നയിച്ച ചിന്തകനായാണ് വാൾട്ടയറെ കുറ്റിപ്പുഴ അവതരിപ്പിക്കുന്നത്. പള്ളിമതത്തോടും രാജശക്തിയോടും ആജീവനാന്തം പടവെട്ടി വിജയിക്കുകയായിരുന്നു വാൾട്ടയർ. പശ്ചിമ ദേശത്തിലെ വിജ്ഞാനകേന്ദ്രവും ജീവനുള്ള ഗ്രന്ഥശാലയുമായിരുന്നു വാൾട്ടയർ എന്ന് കുറ്റിപ്പുഴ പറയുന്നു. "ജനങ്ങളുടെ വിഡ്ഢിത്തം നിറഞ്ഞ വിശ്വാസങ്ങളിലാണ് പുരോഹിതന്റെ പാണ്ഡിത്യം നിലകൊള്ളുന്നത് എന്നാണ് വാൾട്ടയർ പറയുന്നത്...."[9] പാശ്ചാത്യദേശങ്ങളിൽ പടർന്ന് പിടിച്ച് റഷ്യയിൽ അടിയുറച്ച നിരീശ്വര പ്രസ്ഥാനത്തിന് മാർഗ്ഗം തുറന്നത് വാൾട്ടയറുടെ ഗ്രന്ഥങ്ങളാണെന്ന് കുറ്റിപ്പുഴ പ്രസ്ഥാവിക്കുന്നു. പേനക്ക് വാളിനെക്കാൾ ശക്തിയുണ്ടെന്ന് തെളിയിച്ചത്, ഇരുത്തേഴ് വർഷത്തെ നാടുകടത്തലിനുശേഷം തിരിച്ചെത്തിയ വാൾട്ടയറെ പാരീസിലെ ജനലക്ഷങ്ങൾ ഏതിരേറ്റപ്പോഴാണ്. ഇതിന് മുന്നിൽ രാജശക്തിയും പുരോഹിതവർഗ്ഗവും നിസ്സഹായമായി തലകുനിച്ചുപോയതായി കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു.

ക്യാപിറ്റലിസത്തിന്റെ പരചൂഷണത്തിൽ നിന്നും വഞ്ചനയിൽ നിന്നും മോചനം നേടിയ റഷ്യ ലോകത്തിൽ ഏറ്റവും വലിയ സാമൂഹിക സാമ്പത്തിക നീതി ഉറപ്പുവരുത്തുന്നതായി കുറ്റിപ്പുഴ വിലയിരുത്തുന്നു. ജീവിതത്തെ കൊടുമ്പിരി കൊള്ളിച്ച് മനുഷ്യരെ കേവലം മൃഗസ്വഭാവികളാക്കി പരസ്പരം വേട്ടയാടിക്കുന്ന അതിക്രൂരമായ ഒരേർപ്പാടായാണ് കാപ്പിറ്റലിസത്തെ കുറ്റിപ്പുഴ വിലയിരുത്തുന്നത്. അതിന്റെ ഹിംസാത്മകമായ പ്രകൃതത്തെ വേരോട് കുഴിച്ച് മൂടിയ റഷ്യ സമത്വത്തിലും സാഹോദര്യത്തിലും സർവ്വ ഐശ്വര്യങ്ങളാലും ലോകത്തിൽ മുന്നിട്ട് നിൽക്കുന്നതായി കുറ്റിപ്പുഴ പറയുന്നു. അടുക്കളയിലെ അടിമ ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരുന്ന സ്ത്രീ ആധുനിക റഷ്യയിൽ പുരുഷനോടൊപ്പം കരുത്താർജിച്ചിരിക്കുന്നതായി കുറ്റിപ്പുഴ കണ്ടെത്തുന്നു. രണാങ്കണത്തിലും രാഷ്ട്രതന്ത്രജ്ഞതയിലും ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിലും റഷ്യയിലെ സ്ത്രീകൾക്ക് കടന്ന് ചെല്ലുവാനുള്ള അവസരം ലെനിനിന്റെ ഭരണത്തിൻ കീഴിൽ സാധ്യമായിരിക്കുന്നു. മനുഷ്യചരിത്രത്തിൽ ഇതിന് മുമ്പ് ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ഒരത്ഭുത പരിവർത്തനമായാണ് കുറ്റിപ്പുഴ റഷ്യയിലെ സ്ത്രീമുന്നേറ്റത്തെ കാണുന്നത്.

## വിമർശരശ്മി (1947)

നാഷണൽ ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച ലേഖന സമാഹരണമാണ് വിമർശരശ്മി. പാശ്ചാത്യ തത്ത്വ ചിന്തയെ വിമർശനബുദ്ധ്യാ പരിശോധിക്കുവാൻ ഈ ഗ്രന്ഥത്തിലൂടെ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. ഏകലോകം എന്ന വിശ്വവിശാലമായ കാഴ്ചപ്പാടിന്റെ സന്ദേശം നൽകുന്ന ഈ ഗ്രന്ഥം, ഗാന്ധിയൻ ദർശനങ്ങളെ നിർദ്ദയമായി വിമർശിക്കുകയും ചെയ്യുന്നു. മഹാത്മാവിന്റെ പ്രഭാവം ഇന്ത്യയിൽ നിറഞ്ഞു നിൽക്കുന്ന കാലത്താണ് കുറ്റിപ്പുഴ ഇത്തരം ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. പപാശ്ചാത്യദേശങ്ങളിലെ തത്ത്വചിന്തകന്മാർ പ്രപഞ്ചത്തെ വ്യാഖ്യാനിക്കുവാനും വിശകലനം ചെയ്യുവാനും ചിരപുരാതന കാലം മുതൽ ഉദ്യമിച്ചിരുന്നതായി കുറ്റിപ്പുഴ കണ്ടെത്തുന്നു. പ്രാചീന ഗ്രീസിലെ പണ്ഡിതന്മാർ അന്നുവരെ യുണ്ടായിരുന്ന വിശ്വാസങ്ങളെ മുഴുവൻ ചോദ്യം ചെയ്യുവാൻ തുടങ്ങി. പ്രപഞ്ചോത്പത്തി ജലത്തിൽ നിന്നാണെന്ന തെയിൻസിന്റെ സിദ്ധാന്തത്തെ 'ആപ ഏവ സസർജ്ജാഔ' എന്ന പൗരസ്ത്യ ചിന്തയുമായി കൂട്ടിവായിക്കുന്നുണ്ട് അദ്ദേഹം. ഗണിത ശാസ്ത്രത്തിലൂടെ പ്രപഞ്ചരഹസ്യം വെളിപ്പെടുത്താൻ ശ്രമിച്ച പൈതഗോറസ് സിദ്ധാന്തത്തെ കപിലന്റെ സാംഖ്യദർശനവുമായി ചേർത്ത് നോക്കുന്നുണ്ട്. എല്ലാം എപ്പോഴും ചലനാവസ്ഥയിൽ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. പരിണാമമാണ് പ്രകൃതി സ്വഭാവം എന്ന സിദ്ധാന്തമാണ് ഹെറാക്ലീറ്റസ് അവതരിപ്പിച്ചത്. "എല്ലാ വസ്തുക്കളും ഒന്നിൽ നിന്നുണ്ടാകുന്നു. ആ ഒന്നാകട്ടെ എല്ലാവസ്തുക്കളിൽ നിന്നുമുണ്ടാകുന്നു"[10] എന്ന് അദ്ദേഹം നിർവ്വചിച്ചു. കാറൽ മാർക്സ് പിൽക്കാലത്താവിഷ്കരിച്ച വൈരുദ്ധ്യ വാദത്തിന്റെ ഒരവ്യക്തരൂപമായാണ് കുറ്റിപ്പുഴ ഇതിനെ കാണുന്നത്. ലോകത്ത് ആദ്യമായി അണുസിദ്ധാന്തം അവതരിപ്പിച്ച തത്ത്വചിന്തകനായാണ് ഡെമോ ക്രീറ്റസിനെ പരാമർശിക്കുന്നത്. സോക്രട്ടീസും പ്ലേറ്റോയും അദ്ദേഹത്തിന്റെ വാദത്തെ തള്ളിക്കളഞ്ഞെങ്കിലും ആയിരത്തിയഞ്ഞൂറ് വർഷത്തിന് ശേഷം ശാസ്ത്രലോകം ഈ സിദ്ധാന്തത്തെ പുറത്തുകൊണ്ടുവന്നപ്പോൾ, വിജ്ഞാന പുരോഗമനം എത്രമന്ദഗതിയിലാണെന്നും അതെങ്ങനെയെല്ലാം തടസ്സപ്പെട്ടു പോകുന്നുവെന്നും കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. പാശ്ചാത്യതത്ത്വ ചിന്തയുടെ തുടക്കം അന്വേഷിക്കുന്ന കുറ്റിപ്പുഴ പൗരസ്ത്യ ദേശത്തുണ്ടായ വെളിച്ചവും ദർശിക്കുന്നു.

വാദപ്രതിവാദം എന്ന അർത്ഥം വരുന്ന 'ഡയലറ്റിക്സ്', ഒരു പദ്ധതിയായി പ്രപഞ്ച തത്ത്വാന്വേഷണത്തിനാധാരമാക്കിക്കൊണ്ടുവന്നത് ഹെഗൽ എന്ന ജർമൻ തത്ത്വജ്ഞാനിയാണെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. പ്രകൃതി, ജീവിതം, ചിന്താശക്തി എന്നിവ സമസ്തവും അനവരത ചലനവും പരിണാമവും അടങ്ങിയ അനാന്ത്യമായൊരു മഹാപ്രവാഹമാണെന്നായിരുന്നു ഹെഗലിന്റെ കണ്ടെത്തൽ.

എന്നാൽ ഹെഗൽ തന്റെ തത്ത്വചിന്ത രൂപപ്പെടുത്തിയപ്പോൾ തനി ആദർശവാദിയായി തീർന്നുപോയി. വസ്തുനിഷ്ഠമായ പ്രപഞ്ചത്തെ ആശയ പ്രപഞ്ചമായാണ് അവതരിപ്പിച്ചതെന്ന് കുറ്റിപ്പുഴ പറയുന്നു. ഇതിന് നേർവിപരീതമായാണ് കാറൽ മാർക്സ് തന്റെ വൈരുദ്ധ്യാത്മക ഭൗതികവാദം കെട്ടിപ്പടുത്തിയത്. പദാർത്ഥം അഥവാ പ്രകൃതി മിഥ്യയല്ല സത്യമാണെന്ന് അദ്ദേഹം വാദിച്ചു. ചലനാത്മക ഭൗതിക വാദത്തെ നദീ പ്രവാഹത്തിലെ ജലകണത്തിന്റെ സ്ഥാനചലനമായാണ് കുറ്റിപ്പുഴ ചിത്രീകരിക്കുന്നത്. മാർക്സിയൻ തത്ത്വത്തിലെ വളർച്ച, വികാസം എന്നീ പ്രതിഭാസങ്ങളെ നദീ പ്രവാഹത്തിലെ ചുഴിയും മലർച്ചയുമായി സാമ്യപ്പെടുത്തുമ്പോൾ സങ്കീർണ്ണമായ ഈ തത്വത്തെ അയത്നമായി കുറ്റിപ്പുഴ അവതരിപ്പിച്ചിരിക്കുന്നു. വൈരുദ്ധ്യങ്ങൾ തമ്മിലുള്ള സംഘട്ടനം ചരിത്രപരമായ വർഗ്ഗരഹിത സമൂഹത്തിന് വഴിമാറുമ്പോൾ 'ഡയലറ്റിക്സ്' എന്ന പദം കുറ്റിപ്പുഴക്ക് വിപ്ലവത്തിന്റെ തത്വശാസ്ത്രമായി തീരുന്നു.

മതവും രാഷ്ട്രതന്ത്രവും കൂട്ടികുഴക്കാൻ ശ്രമിച്ച മഹാത്മാഗാന്ധിയെ കുറ്റിപ്പുഴ വിമർശിക്കുന്നുണ്ട്. ഇന്ത്യ ഉറങ്ങുന്നതും ഉണരുന്നതും മതത്തിൽ കൂടിയാണെന്നറിയാവുന്ന ഗാന്ധിജി രാഷ്ട്രീയ പ്രബുദ്ധത കുത്തിവെക്കാൻ മതമാർഗ്ഗം സ്വീകരിച്ചുവെന്ന് അദ്ദേഹം ആരോപിക്കുന്നു. മതവും രാജ്യതന്ത്രവും ഇടകലർന്ന ഒരു വിചിത്രസൃഷ്ടി. അർദ്ധനഗ്നത, മുളവടി, ഭജനപ്പാട്ട്, ഉപവാസം, പ്രാർത്ഥന, അന്തർവാണി ഇങ്ങനെ ഒരു മതസ്ഥാപകന്റെ കെട്ടും മട്ടുമാണ് ഗാന്ധിജിയിൽ കുറ്റിപ്പുഴ കാണുന്നത്. അദ്ദേഹത്തിന്റെ സാമ്പത്തിക സിദ്ധാന്തമായ 'ട്രസ്റ്റിഷിപ്പ്' പുതിയ നാമം രൂപം പൂണ്ട പഴയ വ്യവസ്ഥിതിയാണ്. മുതലാളി മാരെയെല്ലാം പാവങ്ങളുടെ ട്രസ്റ്റിമാരാക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമത്തെ "കുറുക്കന്റെ കൈയ്യിൽ കോഴിയെ വളർത്താൻ കൊടുക്കുന്നതുപോലെയാണ്"[11] എന്ന് കുറ്റിപ്പുഴ വിലയിരുത്തുന്നു. ഇത് കാപ്പിറ്റലിസത്തെ പവിത്രീകരിക്കാൻ മാത്രമേ ഉപകരിക്കൂ. ഗാന്ധിമതത്തിന്റെ വശീകരണം ഇന്ത്യയെ മുന്നോട്ട് പോകാനനുവദിക്കാതെ ബുദ്ധിസ്തംഭനത്തിൽ എത്തിച്ചിരിക്കയാണെന്ന് അദ്ദേഹം തിരിച്ചറിയുന്നു. മഹാത്മാവിനോട് കുറ്റിപ്പുഴക്കുള്ള വിയോജിപ്പ് ആശയപരമാണ്.

വെൻഡൽവില്ക്കിയുടെ ഏകലോക സങ്കല്പത്തോട് കുറ്റിപ്പുഴ യോജിക്കുന്നു. ഗ്രന്ഥകാരൻ ആകാശസ്ഥിതനായി ലോകത്തെ നോക്കിക്കണ്ടപ്പോൾ രാഷ്ട്ര, വർഗ്ഗ, മതാതിർത്തികൾക്കപ്പുറമായ ഒരു ഏകലോകത്തെ ദർശിക്കാൻ കഴിഞ്ഞു. ഏകലോക പ്രചോദിതവും പ്രബുദ്ധവുമായ ഒരു മനസ്സിന്റെ സൃഷ്ടിയായി കുറ്റിപ്പുഴ ഈ ഗ്രന്ഥത്തെ വിലയിരുത്തുന്നു. "സങ്കുചിതമായ ദേശീയത്വം - കാലക്രമേണ നമ്മുടെ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തുന്നു. സാർവ്വദേശീയമായ സാമ്രാജ്യത്വം അത് മറ്റേതെങ്കിലും ഒരു രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കും.

ഓരോ രാഷ്ട്രത്തിനും ജാതിക്കും സമാവകാശം നൽകുന്ന ഒരു സ്വതന്ത്ര ലോകം..."[12] അതായിരുന്നു വില്ക്കിയുടെ ഏകലോകാദർശം. എന്നാൽ ഇത് സാദ്ധ്യമാക്കുക എളുപ്പമല്ല എന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. പഴകിമുരടിച്ച പരചൂഷണംകൊണ്ട് പങ്കിലമായ മനസ്സുകളുടെ ഉടമകളാണ് പ്രസ്തുത രാജ്യങ്ങളുടെ ഭരണതന്ത്രം കയ്യാളിയിരിക്കുന്നത്. ഇംഗ്ലണ്ടിലെ ഡെമോക്രസിയും അമേരിക്കയിലെ റിപ്പബ്ലിക്കൻ രീതിയും കാപ്പിറ്റലിസത്തിന്റെ ഓമനപ്പേരുകൾ മാത്രമാണ്. അതിന്റെ വേരറ്റ് പോയാൽ മാത്രമേ ഏകലോകം യാഥാർത്ഥ്യമാകുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിയുടെ രാഷ്ട്രസങ്കല്പത്തോടും കുറ്റിപ്പുഴക്ക് യോജിക്കാൻ കഴിയുന്നില്ല. സ്വാതന്ത്ര്യം എന്നാൽ രാമരാജ്യമെന്ന് ഗാന്ധിജി വിവക്ഷിക്കുമ്പോൾ പഴയ അയോദ്ധ്യയുടെ മാതൃകയിലേക്ക് ഇന്ത്യയെ പിടിച്ചുവലിക്കുകയല്ലേ എന്നാണ് കുറ്റിപ്പുഴക്ക് സംശയം. രാഷ്ട്രീയ സ്വാതന്ത്ര്യം ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ലഭിച്ചാൽ പാവങ്ങളുടെ ട്രസ്റ്റിമാരായ ടാറ്റാ, ബെർളാമാരാണോ, മറ്റുവല്ലവരുമാണോ ഇന്ത്യഭരിക്കേണ്ടതെന്ന് വ്യക്തമല്ല. ട്രസ്റ്റിഷിപ്പെന്ന കള്ളനാണയത്തിൽ കുറ്റിപ്പുഴ തൃപ്തനല്ല. ഭാരതത്തിന്റെ ധാർമ്മിക സ്വാതന്ത്ര്യം പുലരണമെങ്കിൽ എല്ലാവരും ഗാന്ധിമാരായി തീരേണ്ടിവരുമെന്നാണ് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നത്. ഗാന്ധിസം സോഷ്യലിസത്തിന്റെ മാർഗ്ഗത്തിൽ ഒരു വിലങ്ങുതടിയാണെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തുന്നത്.

മഹാത്മാവിലെ ത്യാഗത്തെ കുറ്റിപ്പുഴ സ്മരിക്കുമ്പോൾ, തൊണ്ണൂറിലും വാടാതെ നിൽക്കുന്ന മനുഷ്യ മഹത്വത്തിന്റെ മനോഹരവിളംബരമായാണ് ബർണാഡ്ഷായെ അദ്ദേഹം കാണുന്നത്. ഷാ കാലത്തിനും മുന്നേ കുതിച്ച് പായുമ്പോൾ ഗാന്ധിജി കാലത്തിനൊപ്പവും പിന്നിലുമായി കഴിഞ്ഞുകൂടുന്നു. ഷായുടെ നവീനാശയങ്ങൾ തൊണ്ണൂറിലും യുവത്വം തുടിക്കുമ്പോൾ, പഴയ ഫിലോസഫിക്ക് വ്യാഖ്യാനം കുറിക്കുന്ന ഗാന്ധിജി വയോവൃദ്ധനായി പോകുന്നതായാണ് കുറ്റിപ്പുഴക്ക് അനുഭവപ്പെടുന്നത്. ഷായുടെ പുരോഗമനാശയങ്ങൾക്കും ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പിനും തമ്മിൽ തൊണ്ണൂറിനും എഴുപത്തെട്ടിനും തമ്മിലുള്ളതിനെക്കാൾ വ്യത്യാസമുണ്ടെന്ന് അദ്ദേഹം പറയുന്നു. ഗാന്ധിയൻ സോഷ്യലിസം എന്ന പ്രയോഗത്തെ ഒരു ഹിമാലയം വിഡ്ഢിത്തമായാണ് കുറ്റിപ്പുഴ കാണുന്നത്. ഗാന്ധിസത്തിലെ ചിന്താരീതി ആദ്ധ്യാത്മികമാണ്. സോഷിലിസത്തിലേതാകട്ടെ വൈരുദ്ധ്യവാദരീതിയും. ഒന്ന് മറ്റൊന്നിന്റെ നേർവിപരീതവും എതിരുമാണ്. ഗാന്ധിസം ഉപദേശം കൊണ്ട് വ്യക്തിയെ നന്നാക്കാൻ നോക്കുന്നു. സോഷ്യലിസം പ്രായോഗികമായ ഒരു കർമ്മപരിപാടികൊണ്ട് സാമൂഹ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ശ്രമിക്കുന്നു എന്നാണ് കുറ്റിപ്പുഴയുടെ മതം.

**നവദർശനം (1950)**

നവദർശനത്തിന്റെ പ്രസാധകത്വം വഹിച്ചിരിക്കുന്നത് തൃശൂർ മംഗളോദയമാണ്. കുറ്റിപ്പുഴ ഈ ഗ്രന്ഥത്തിന് മുഖവുരയും എഴുതിയിട്ടുണ്ട്. വേദാന്തിയായിരുന്ന കുറ്റിപ്പുഴയുടെ പരിണാമദശയെ സൂചിപ്പിക്കുന്ന പ്രബന്ധങ്ങളാണ് നവദർശനത്തിലേറെയും ഡാർവിന്റെ പരിണാമസിദ്ധാന്തം അദ്ദേഹത്തിന്റെ ചിന്താഗതിയിലുണ്ടാക്കിയ മാറ്റം പിൽക്കാലത്ത് വെളിപ്പെടുത്തിയിട്ടുണ്ട്. അദ്വൈതവ്യാഖ്യാനം ഈ ഗ്രന്ഥത്തിൽ ഉൾപ്പെട്ടത് പല തെറ്റിദ്ധാരണകൾക്കും ഇടവന്നിട്ടുമുണ്ട്. പരിണാമ സിദ്ധാന്തത്തെ വിശകലനം ചെയ്യുന്ന അദ്ദേഹം അറിവിനെക്കാൾ പഴക്കമുള്ള വിശ്വാസമാണ് മനുഷ്യനെ ഭരിക്കുന്നതെന്ന് ഓർത്ത് അപലപിക്കുന്നു. മനുഷ്യനും ഇതര ജീവികളും രൂപപ്പെടുന്നതിൽ ഒരു സൃഷ്ടികർത്താവിന്റേയും ഇച്ഛപ്രവർത്തിക്കുന്നില്ലായെന്നും തെളിയിക്കുന്നു. ഡാർവിന്റെ പരിണാമ സിദ്ധാന്തം സൃഷ്ടിവാദത്തെ അടിയോടെ ഇളക്കി മറിച്ചതായി കുറ്റിപ്പുഴ അവകാശപ്പെടുന്നു. നരവാനരബന്ധം അംഗീകരിക്കുവാൻ ആധുനിക സമൂഹം നിർബന്ധിതമായി തീർന്നിരിക്കുന്നു. ജീവന്റെ സ്വാഭാവികമായ മഹാപ്രവാഹത്തിലൂടെ അനുക്രമമായ പരിണാമത്തിലൂടെയാണ് ഇക്കാണായ ജീവിസമൂഹത്തിന്റെ ഉല്പത്തിവികാസമെന്ന് ഒരു ശാസ്ത്രകാരന്റെ പാടവത്തോടെ കുറ്റിപ്പുഴ സ്ഥാപിക്കുന്നു. ആധുനിക ശാസ്ത്രത്തിന്റെ വളർച്ചയാണ് ജീവോത്പത്തിയെക്കുറിച്ചുള്ള മനുഷ്യന്റെ അന്ധവിശ്വാസത്തിന് അറുതിവരുത്തിയത്. ഏത് തരം ജ്ഞാനവും എപ്പോഴും ആപേക്ഷികമാണ്. ഇങ്ങനെ അറിയുന്തോറും അറിയാനുള്ളത് ശേഷിക്കുന്ന നിലയിലാണ് ജീവന്റെ സ്ഥിതി. ജീവ സ്വരൂപങ്ങളിൽ നിന്ന് ജീവനെ വേർതിരിച്ചെടുക്കാൻ ശ്രമിക്കുന്നത് വൃഥാ ശ്രമമാകുന്നു എന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. പരമാണുപ്രപഞ്ചത്തിന്റെ അത്ഭുത ലോകത്തിലേക്ക് വെളിച്ചം വീശി ജീവവിചാരം ചെയ്യുകയാണ് കുറ്റിപ്പുഴ.

മനുഷ്യന്റെ ചിന്താപരമായ വളർച്ച എത്രമാത്രം നിഷ്പക്ഷവും നിർബന്ധവുമായിരിക്കണമെന്ന് കുറ്റിപ്പുഴ ചർച്ച ചെയ്യുന്നുണ്ട്. ഏതാനും പേർ ചിന്തിക്കുന്നു. ബാക്കിയുള്ളവർ അതിന്റെ പുറകേ പോകുന്നു. ഏതൊന്നും യുക്തിപൂർവ്വം വിചാരണചെയ്ത് അതിന്റെ സാധ്യത്വം സ്വാനുഭവത്തിലൂടെ പരിശോധിച്ചുകൊണ്ടിരിക്കയാണ് വേണ്ടത്. ഭാവധിക്യം, വീരാരാധന, സാമൂഹ്യാചരങ്ങൾ, മതവിശ്വാസങ്ങൾ, കക്ഷി വ്യവസ്ഥകൾ, രാഷ്ട്രീയ നിയമങ്ങൾ എന്നിങ്ങനെ പലതും സ്വതന്ത്ര ചിന്തക്ക് തടസ്സമായി നിൽക്കുന്നു. ഭരണകൂടം പോലും ഇതിനെതിരായി നിൽക്കുന്നു. സോവിയറ്റ് റഷ്യപോലും ഇതിൽ നിന്ന് വ്യത്യസ്തമല്ല. സ്വതന്ത്ര ചിന്തക്ക് അനുകരണീയ മാതൃകയായി കുറ്റിപ്പുഴ

കാണുന്നത് ബർട്രാന്റ് റസ്സലിനെയാണ്. ജീവിതത്തിന് നൽകിയട്ടുള്ള നിർവചനങ്ങളെ കറ്റിപ്പുഴ പരിശോധിക്കുന്നുണ്ട്. അസംഖ്യം അദ്ധ്യായങ്ങളുള്ള ഒരു ഗ്രന്ഥമാണ് ജീവിതം മനുഷ്യൻ അതിലെ ഒരദ്ധ്യായം മാത്രമാകുന്നു. ഒരദ്ധ്യായം കൊണ്ട് ഒരു ഗ്രന്ഥം മുഴുവൻ മനസ്സിലാക്കാൻ സാദ്ധ്യമല്ല. ഷാപ്പനർ ജീവിതത്തെ ദു:ഖത്തിന്റെ കലവറയായാണ് കാണുന്നത്. ആത്മഹത്യ നിന്ദ്യമല്ലെന്നും ഇദ്ദേഹം വാദിക്കുന്നു. സംസാരദു:ഖത്തിൽ നിന്ന് ബ്രഹ്മപദം തേടുവാനുള്ള മുനിപുഗുവന്മാരുടെ പോക്കിനേയും ഒരു തരം ആത്മഹത്യയായി കുറ്റിപ്പുഴ കാണുന്നു. ജീവിതം തിന്മയിൽ നിന്ന് നന്മയിലേക്കുള്ള ഉദ്യമമാണെന്ന് ടോൾസ്റ്റോയി നിർവ്വചിക്കുമ്പോൾ മനുഷ്യൻ തിന്മയിൽ തന്നെ കഴിയുകയല്ലേ എന്നാണ് കുറ്റിപ്പുഴയുടെ സംശയം. ഭീരുത്വമാണ് മനുഷ്യനെ വിശ്വാസിയും ആത്മാവിന്റെ പഴിയേയുമൊക്കെ നയിച്ചത് എന്ന റസ്സലിന്റെ കണ്ടെത്തലിനോടാണ് അദ്ദേഹത്തിന് യോജിപ്പ്. സ്നേഹംകൊണ്ട് പ്രബുദ്ധവും ജ്ഞാനംകൊണ്ട് നിയന്ത്രിതവുമായ ഒന്നാകുന്നു നല്ലജീവിതമെന്ന റസ്സലിന്റെ നിർവ്വചനമാണ് കുറ്റിപ്പുഴ സ്വീകരിക്കുന്നത്.

മനുഷ്യപ്രകൃതിയിൽ നൈസർഗ്ഗികമായി പല ചേർച്ചക്കേടുകളും അടങ്ങിയിട്ടുണ്ടെന്നും അതിൽ പ്രബലമായത് മരണഭീതിയാണെന്നുമാണ് കുറ്റിപ്പുഴയുടെ പക്ഷം. ജീവിച്ച് പഴകുന്തോറും ജീവിത സ്നേഹവും മരണഭീതിയും കുറയേണ്ടതാണ്. എന്നാൽ അനുഭവം നേർവിപരീതമാണെന്നാണ് അദ്ദേഹം പറയുന്നത്. ഇപ്പോൾ മനുഷ്യൻ നേരിടുന്നത് സ്വാഭാവിക മരണമല്ലെന്നും അപകടം, അകാലവാർദ്ധക്യം, രോഗം എന്നിവ മൂലമുള്ള പ്രകൃതി വിരുദ്ധമരണമാണ് സംഭവിക്കുന്നതെന്നുമാണ് മെച്ചിനി കാഫിന്റെ അഭിപ്രായം. ശാസ്ത്രത്തിന്റെ സഹായത്തോടെ മനുഷ്യന്റെ ആയുർദൈർഘ്യം പൂർണ്ണതയിലെത്തിക്കുവാനും ജീവിതസ്നേഹവും മരണഭീതിയും കുറച്ചുകൊണ്ടുവരുവാനും കഴിയുമെന്ന് കാഫ് വിശ്വസിക്കുന്നു. കുറ്റിപ്പുഴ ഇതിനെ ഒരു വിദൂര സ്വപ്നമായി മാത്രമേ കാണുന്നുള്ളൂ. മരണഭീതിയിൽ നിന്ന് മോചനം നേടാത്ത കാലത്തോളം മനുഷ്യൻ അശുഭാപ്തിവിശ്വാസിയായി തുടരാനേ സാദ്ധ്യതയുള്ളൂവെന്നാണ് കുറ്റിപ്പുഴ കരുതുന്നത്. ഭാരതീയ വേദാന്ത ചിന്തയുടെ ആഴവും പരപ്പും അദ്വൈതത്തിലാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. ഈശ്വരൻ, ആത്മ ജഗത് എന്നീ മൂന്നെണ്ണം പ്രാചീന ഭാരതീയചിന്തകന്മാരുടെ അന്വേഷണ വിഷയമാണ്. ഇതിന്റെ പര്യവസാനം അദ്വൈതത്തിലാണെന്നാണ് കുറ്റിപ്പുഴ ഉപദർശിക്കുന്നത്. ഈശ്വരൻ, ആത്മ, ജഗത് മുതലായവ സത്യവും നിത്യവും സ്വയം പ്രകാശിതവുമായ ഏതോ ഒന്നിന്റെ പ്രതിഭാസക പ്രതിബിംബങ്ങളാണെന്നും പരമാർത്ഥിക ദശയിൽ ആ ഒന്നിന് മാത്രമേ സത്തയുള്ളൂവെന്നും അദ്വൈതം സിദ്ധാന്തിക്കുന്നു. ഇക്കാണുന്ന പ്രപഞ്ചത്തെ മിഥ്യയാണെന്നാണ് വിശ്വസിക്കുന്നത്. മിഥ്യാശബ്ദത്തെ

അനിർവചനീയം – ഉണ്ടെന്നും ഇല്ലെന്നും പറയാൻ കഴിയാത്ത അവസ്ഥയായാണ് കാണുന്നത്. സച്ചിദാനന്ദത്തെ സുഷുപ്ത്യാനന്ദമായാണ് കുറ്റിപ്പുഴ കാണുന്നത്. വേദാന്തിയായിരുന്ന കാലത്താണ് കുറ്റിപ്പുഴ ഈ പ്രബന്ധം രചിക്കുന്നത്. അദ്ദേഹത്തിന്റെ അദ്വൈതവേദാന്തവ്യാഖ്യാനങ്ങളിൽ പോലുമുണ്ട് ഒരു സവിശേഷത.

ഭൂതകാലത്തിന്റെ ആഴക്കടലിൽ നിന്ന് മനുഷ്യസംസ്ക്കാരത്തിന്റെ ഉത്ഭവകേന്ദ്രം, സമുദ്രത്തിലാണ്ടുപോയ അറ്റ്ലാന്റിസ് എന്ന നഗരത്തിലാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. പ്ലേറ്റോയാണ് ഈ നഗരത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. പൂർവ്വികനായ സോളന്റെ  പൂർത്തീകരിക്കാത്ത ഒരു കയ്യെഴുത്ത് പ്രതിയിൽ നിന്നാണ് ഈ വിവരങ്ങൾ പ്ലേറ്റോവിന് ലഭിച്ചത്. നൈൽനദീതീര വാസികളായ പുരോഹിതന്മാർക്ക്, ഗ്രീക്കുകാർക്ക് പോലും അറിയാത്ത ചരിത്ര രഹസ്യങ്ങൾ അറിയാമായിരുന്നുവെന്നും സോളന് ഇവരിൽ നിന്നാണ് ഇത്തരം വിവരങ്ങൾ ലഭിച്ചത് എന്നും പറയപ്പെടുന്നു. ഗ്രീക്കുകാർ കേവലം ബാലന്മാരാണെന്നാണ് ഇവരുടെ അഭിപ്രായം. മാനവസംസ്ക്കാരത്തിന്റെ ചരിത്രാന്വേഷണമാണ് കുറ്റിപ്പുഴ നടത്തുന്നത്. ബർണാഡ്ഷായുടെ തിളക്കമാർന്ന ഒരു രേഖാചിത്രം കുറ്റിപ്പുഴ അനാവരണം ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിതവും ചിന്തയും വാക്കുകളും മറ്റുള്ളവർക്ക് ഒരു വിചിത്ര സൃഷ്ടിയായാണ് അനുഭവപ്പെടുകയെന്ന് കുറ്റിപ്പുഴ പറയുന്നു. യുക്തിഭദ്രമായ ചിന്താശക്തികൊണ്ട് ഷാ കണ്ടെത്തിയത് ഉറക്കെ വിളിച്ച് പറയുകയും അതിലൂടെ സഞ്ചരിക്കുകയും ചെയ്തു. അരുചിപ്രദമാകിലും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ ലോകം സകൗതുകം ചെവി വട്ടം പിടിച്ചു. സമത്വവാദിയായ ഷാ മറ്റെല്ലാ ഭരണ സംവിധാനങ്ങളേയും പുച്ഛിച്ചു. നിരൂപണ വിഷയത്തിൽ ഇത്രയധികം ശബ്ദശക്തി പ്രദർശിപ്പിച്ച മറ്റൊരാളെ കാണാൻ കഴിയില്ല എന്നാണ് കുറ്റിപ്പുഴയുടെ കണ്ടെത്തൽ. "ഷായുടെ ഉപകരണം ഭാഷയാണ്. അദ്ദേഹത്തിന്റെ ശക്തി സാഹിത്യവും."[13] ഷായുടെ ഓരോ നാടകങ്ങളും അദ്ദേഹത്തിന്റെ ഓരോ സിദ്ധാന്തങ്ങളായിരുന്നു വെന്നാണ് കുറ്റിപ്പുഴയുടെ വിലയിരുത്തൽ. ഷായുടെ ബഹുമുഖമായ വ്യക്തിത്വത്തിൽ ഉൽസുകനാകുന്ന കുറ്റിപ്പുഴയിൽ ഇത്തരം ചില സവിശേഷതകൾ രൂപപ്പെട്ടത് തികച്ചും സ്വാഭാവികമാകാം.

ഹുയാൻസാങിന്റെ ഇന്ത്യാ സന്ദർശനം വിവരിക്കുന്ന കുറ്റിപ്പുഴ ചരിത്രകാരന്റെ ചരിത്രം അന്വേഷിക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയുടെ പ്രാചീന ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന സംഭാവനകൾ നൽകിയ ചൈനീസ് സഞ്ചാരിയായ ഹുയാൻസാങ് ഹർഷന്റെ ഭരണകാലത്താണ് ഇന്ത്യയിൽ എത്തുന്നത്. ഹെറോഡോട്ടസിനെപ്പോലെ ഒരു ചരിത്രാന്വേഷിയായിരുന്നില്ല ഈ

ബുദ്ധഭിഷു എന്നാണ് കുറ്റിപ്പുഴ വിവരിക്കുന്നത്. മറിച്ച് ബുദ്ധമതത്തെക്കുറിച്ചുള്ള അന്വേഷണവും പഠനവുമായിരുന്ന ഇദ്ദേഹത്തിന്റെ ലക്ഷ്യം. അലക്സാണ്ടർ ചക്രവർത്തി ഇന്ത്യയിൽ പ്രവേശിച്ച മാർഗ്ഗേണയാണ് ഇദ്ദേഹവും എത്തിയത്. ഈ രണ്ട് പേരും എത്ര ഭിന്ന ഉദ്ദേശത്തോടെയാണ് ഇന്ത്യയിൽ വന്നതെന്ന് കുറ്റിപ്പുഴ ചിന്തിക്കുന്നു. "ചക്രവർത്തിയിൽ ധനതൃഷ്ണയും ഭിക്ഷുവിൽ ജ്ഞാന തൃഷ്ണയും മുന്നിട്ട് നിൽക്കുന്നു. ഒരാളുടെ കയ്യിൽ വാള്; മറ്റേ ആളുടെ കയ്യിൽ പേന....... ഒന്നിൽ രക്തപ്രവാഹം, മറ്റേതിൽ ശാന്തിപ്രസരം...."[14] മനുഷ്യന്റെ ചിത്തവൃത്തിയുടെ രണ്ട് വിരുദ്ധ പ്രവാഹങ്ങളായാണ് കുറ്റിപ്പുഴ ഇതിനെ കാണുന്നത്. ബുദ്ധമാഹാത്മ്യ സൂചകങ്ങളായ ഐതീഹ്യങ്ങളും കെട്ടുകഥകളുംകൊണ്ട് നിറഞ്ഞതിനാൽ അന്നത്തെ ജീവിത സമ്പ്രദായവും സാമൂഹ്യവ്യവസ്ഥയും ഹുയാൻസാങിന്റെ ചരിത്രത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നുണ്ട്. ഭാരതീയ വിധിപ്രകാരം ശൂദ്രധർമ്മം ഇതരവർണ്ണങ്ങളുടെ പരിചര്യയാണെങ്കിൽ, അന്ന് ശൂദ്രരുടെ തൊഴിൽ കൃഷിയാണെന്ന് തെളിയുന്നുണ്ട്. പൗരസ്ത്യനായ ഹുയാൻസാങ് നൽകിയ സംഭാവന വിലമതിക്കാനാകാത്തതാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

പ്രാചീന കേരളത്തിൽ അജയ്യമായ ഒരു നാവിക സൈന്യമുണ്ടായിരുന്നു വെന്ന് ചരിത്രകാരനായ കെ.എം. പണിക്കരുടെ 'മലബാറും പറങ്കികളും' എന്ന ഗ്രന്ഥത്തെ ഉപജീവിച്ച് കുറ്റിപ്പുഴ തെളിയിക്കുന്നു. പോർത്തുഗീസുകാർക്ക് കേരളത്തിൽ ഒരു സാമ്രാജ്യം സ്ഥാപിക്കാനുള്ള ശ്രമത്തെ തകർത്തെറിഞ്ഞത് കോഴിക്കോട് കുഞ്ഞാലിമരക്കാരെപ്പോലെ ദേശസ്നേഹികളും ധീരാത്മാക്കളുമായ സാമുദ്രികന്മാരും ശതവർഷങ്ങൾ നീണ്ടുനിന്ന പോരാട്ടത്തിന്റെ ധീരമായ ചരിത്രം കുറ്റിപ്പുഴ വിവരിക്കുന്നുണ്ട്. എന്നാൽ സാമൂതിരിയുടെ ശത്രുതക്ക് പാത്രമായി തീർന്ന കുഞ്ഞാലി കുടുംബത്തിലെ പിൻഗാമികളുടെ ദാരുണമായ അന്ത്യം ഒരു ദുരന്തനാടകമായാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. റഷ്യയിലെ രക്തസേന (Red Army) ഒരു നവീന ജീവിതം നയിക്കുന്നതായി കുറ്റിപ്പുഴ പറയുന്നു. തൊഴിലാളികളും കർഷകരുമടങ്ങിയ ഒരു സൈന്യമാണ് 'ട്രാസ്കി'യുടെ ശ്രമഫലമായി റഷ്യയിൽ രൂപപ്പെട്ടത്. ആധുനിക ലോകത്തെ അടിമകളായി, യുദ്ധക്കളത്തിൽ നരബലി ജീവിത കർമ്മമായി സ്വീകരിച്ച ഒരു സൈനിക ജീവിതമല്ല റഷ്യയുടേതെന്നും, തൊഴിലാളികളുടേയും കൃഷിക്കാരുടേയും താത്പര്യങ്ങൾ സംരക്ഷിക്കുക എന്നതാകുന്നു ഇവരുടെ ജീവിതമന്ത്രമെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു.

**നിരീക്ഷണം (1957)**

തൃശൂർ മംഗളോദയം പ്രസിദ്ധീകരിച്ച പ്രബന്ധസമാഹാരമാണ് കുറ്റിപ്പുഴയുടെ നിരീക്ഷണം എന്ന ഗ്രന്ഥം. സാഹിത്യത്തേയും ദർശനങ്ങളേയും

നിരൂപണവിധേയമാക്കുന്ന ഗ്രന്ഥമാണ് നിരീക്ഷണം. സാഹിത്യത്തിൽ ഉദയം ചെയ്ത പുതിയ പ്രസ്ഥാനങ്ങളേയും അതിന്റെ അവതാരകരേയും ഇതിൽ പ്രകീർത്തിക്കുന്നുണ്ട്. റിയലിസ്റ്റിക് പ്രസ്ഥാനത്തിന്റെ സാമൂഹ്യ പ്രസക്തി യെക്കുറിച്ച് കുറ്റിപ്പുഴ നിരൂപണം ചെയ്യുന്നുണ്ട്. പ്രഭുശക്തിയുടഞ്ഞ് തകർന്ന് ജനശക്തി തലപൊക്കാൻ തുടങ്ങിയപ്പോഴാണ് സാഹിത്യത്തിൽ ഈ പരിണാമമുണ്ടായതെന്നാണ് കുറ്റിപ്പുഴ പറയുന്നത്. റഷ്യയിൽ ഗോഗാളും ഫ്രാൻസിൽ ഫ്ളാബർട്ടുമായിരുന്നു ഇതിന്റെ പ്രഥമ അവതാരകർ. ജീവിതത്തിലെ നഗ്ന യാഥാർത്ഥ്യങ്ങളെ സാഹിത്യത്തിൽ ചിത്രീകരിക്കേണ്ടവ തന്നെയെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. അത് കാലഭംഗിയോടുകൂടിയാകണമെന്നേ നിർബന്ധമുള്ളൂ. നമ്മുടെയെല്ലാം അന്ധകാരണഭീതിക്ക് നേരേ പൊക്കിപ്പിടിച്ചിരിക്കുന്ന കണ്ണാടിയായാണ് കുറ്റിപ്പുഴ റിയലിസ്റ്റിക് സാഹിത്യത്തെ വിശേഷിപ്പിക്കുന്നത്. ജീവിത യാഥാർത്ഥ്യങ്ങളിൽ മുന്തി നിൽക്കുന്നത് പട്ടിണിയും ദാരിദ്ര്യവുമായതിനാൽ അവ കാവ്യവിഷയമായി വരുന്നത് സ്വാഭാവികമാണെന്നാണ് കുറ്റിപ്പുഴ കരുതുന്നത്. "ഹ്യൂമനിസത്തെ സോഷ്യലൈസ് ചെയ്യുക (സർവ്വ ജനീനമാകത്തക്കവണ്ണം നിലവാരപ്പെടുത്തുക)യാണ് റിയലിസ്റ്റ്."[15] റിയലിസം കുറ്റിപ്പുഴക്ക് ഒരു സാഹിത്യ സംജ്ഞമാത്രമല്ല. മറിച്ച് അത് ഒരു സാമൂഹ്യ പരിവർത്തന ഉപാധികൂടിയാണ്. താജ്യഗ്രാഹ്യവിവേചന ബുദ്ധിയില്ലാത്ത ചിലർ നിർമ്മിച്ചുവിടുന്ന തൂലികാ ചിത്രങ്ങൾ ഭാഷക്കും സാഹിത്യത്തിനും ഭാരമായി തീർന്നിട്ടുണ്ടെന്ന് കുറ്റിപ്പുഴ വിമർശിക്കുന്നു. തൂലികാ ചിത്രം വരക്കുന്നവരിൽ ഉണ്ടാകേണ്ട പ്രധാന യോഗ്യത വിട്ടുകളയേണ്ടത് വിട്ടുകളയുക എന്നതാണ്. ജീവചരിത്രത്തിന്റെ കാവ്യരസം തുളുമ്പുന്ന ഒരു കീശപ്പതിപ്പായാണ് ഈ സാഹിത്യരൂപത്തെ കുറ്റിപ്പുഴ വിലയിരുത്തുന്നത്. അനൗചിത്യമാണ് രസഭംഗത്തിന് നിദാനമെന്ന ആചാര്യമതത്തോടാണ് കുറ്റിപ്പുഴക്ക് യോജിപ്പ്.

കുമാരാനാശാന്റെ പ്രതിഭ മലയാളത്തിലെന്നപോലെ സംസ്കൃതത്തിലും തെളിയിച്ചിട്ടുണ്ടെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു. രവീന്ദ്രനാഥ ടാഗോർ ആലുവ അദ്വൈതാശ്രമം സ്ഥാപിച്ചപ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് ആശാൻ എഴുതിയ അഞ്ച് സംസ്കൃതശോകങ്ങളെ ഇതിനുദാഹരണമായി കണ്ടെത്തുന്നു. ശബ്ദസൗകുമാര്യം, അർത്ഥചമത്കൃതി, പ്രതിപാദന വൈചിത്ര്യം, പ്രകൃതി സൗന്ദര്യ നിരീക്ഷണം, സമുചിതമായ ഭാവനാവിലാസം എന്നിവകൊണ്ട് രസാത്മകമായി തീർന്നിരിക്കുന്ന കവിതയായാണ് കുറ്റിപ്പുഴ ഇതിനെ വിശേഷിപ്പിക്കുന്നത്. ആശാൻ സംസ്കൃതത്തിൽ അധികം എഴുതാതെ പോയതിലാണ് കുറ്റിപ്പുഴക്ക് ദു:ഖം. 'ചിന്താവിഷ്ടയായ സീത' എം. ഗോപോലപിള്ള സംസ്കൃതത്തിലേക്ക് തർജ്ജിമ ചെയ്തതോടുകൂടി മലയാള ഭാഷയും സാഹിത്യവും ലോകോത്തരമായി തീർന്നിരിക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ

നിഗമനം. മനുഷ്യത്വത്തിന്റെ മഹനീയതയിൽ വലയം കൊള്ളുന്നതാണ് ആശാന്റെ തൂലിക. ലോകത്തിലെ ഏതൊരു സാഹിത്യത്തിനും ഭൂഷണമാകത്തക്ക കാന്തിയയും മൂല്യവും ആ തൂലികക്കുണ്ടെന്ന് കുറ്റിപ്പുഴ പറയുന്നു. മൂലകൃതിയിലെ കാവ്യഗുണങ്ങളെല്ലാം തർജിമയിലും കളിയാടുന്നുണ്ട്. ചില ഘട്ടങ്ങളിൽ തർജിമ മൂലത്തെ അതിശയിക്കുന്നതായും കുറ്റിപ്പുഴ തിരിച്ചറിയുന്നു. ചില നൂനതകൾ ചൂണ്ടിക്കാണിക്കുവാനും അദ്ദേഹം മടിക്കുന്നില്ല. ഭാഷയിലും സംസ്കൃത്തിലും കാവ്യാലങ്കാരാദികളിലുമുള്ള കുറ്റിപ്പുഴയുടെ പ്രാഗത്ഭ്യം തെളിയിക്കുന്നതാണ് ഈ നിരൂപണം.

കുറ്റിപ്പുഴയിലെ തത്ത്വചിന്തകനെ രൂപപ്പെടുത്തുന്നതിൽ ഉത്തമ ഗ്രന്ഥങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് കുറ്റിപ്പുഴ പരാമർശിക്കുന്നുണ്ട്. ആശയവാദിയായി തുടങ്ങിയ കുറ്റിപ്പുഴ ഭഗവത്ഗീതയിലും വിവേകാനന്ദ സൂക്തങ്ങളിലും സഞ്ചരിച്ച്, ഉപനിഷത്തിലും ശങ്കരഭാഷ്യത്തിലും വിസ്മയിച്ച് അദ്വൈതത്തിനപ്പുറം ഒരു സിദ്ധാന്തവുമില്ലെന്ന് വിശ്വസിച്ചിരുന്നു. എച്ച്.ജി. വെൽസിന്റെ ശാസ്ത്രഗ്രന്ഥങ്ങളും ബർട്രാൻഡ് റസ്സലിന്റെ യുക്തിഭദ്രമായ ഗ്രന്ഥങ്ങളും ഹൃദിസ്തമാക്കിയതിന് ശേഷമാണ് മാർക്സിസം പഠിക്കുന്നത്. വിജ്ഞാനശ്രേണിയുടെ ഉന്നത തട്ടിലാണ് അദ്ദേഹം മാർക്സിസത്തെ കണ്ടത്. നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ഗ്രന്ഥത്തിന് കുറ്റിപ്പുഴ വലിയ വില കല്പിക്കുന്നില്ല. ഇങ്ങനെ പോകുന്ന കുറ്റിപ്പുഴക്ക് തന്നെ ഏറ്റവും ആകർഷിച്ച ഗ്രന്ഥം ഏതെന്ന് തീർപ്പ് കല്പിക്കുക അസാദ്ധ്യമായി തീർന്നിരിക്കുന്നു. വിജ്ഞാന മാർഗ്ഗത്തിൽ താല്പര്യങ്ങൾ മാറിമറിഞ്ഞ് പോകുമെന്ന് കുറ്റിപ്പുഴ തന്നെ സമ്മതിക്കുന്നു. അറിവിന്റേയും അച്ചടിപുസ്തകത്തിന്റെയും വ്യാപനം യാതൊരു വ്യവസ്ഥയുമില്ലാതെ ലഭിക്കുന്നതെല്ലാം ഉള്ളിലേക്ക് കടത്തിവിടുന്ന രീതിയും ഗുണത്തെക്കാളേറെ ദോഷമുണ്ടാക്കുന്നുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ഏതരറിവും സ്വന്തം യുക്തിവിചാരത്തിൽ പാകപ്പെടുത്തിയതിനുശേഷമേ മനസ്സിലേക്ക് കടത്തിവിടാവൂ എന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. 'കുറെയധികം തെറ്റിദ്ധരിക്കുന്നതിനെക്കാൾ നല്ലത് കുറച്ചെങ്കിലും ശരിയായി മനസ്സിലാക്കുന്നതിലാണ്' എന്ന അനട്ടോൾ ഫ്രാൻസിന്റെ വാക്കുകളെ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. ഭൂതകാലത്തിന്റെ പഴഞ്ചരക്കുകളുടെ മീതേ വർത്തമാന കാലത്തിന്റെ പുത്തൻ സാമാനങ്ങൾ ഇട്ട് നിറച്ചിട്ടുള്ളൊരു കലവറയാണ് ആധുനിക പണ്ഡിതന്റെ മനസ്സ് എന്ന ഷായുടെ അഭിപ്രായത്തോടാണ് കുറ്റിപ്പുഴക്ക് യോജിപ്പ്.

പ്രായോഗികജീവിതത്തിൽ അഹിംസാവ്രതത്തിന് യാതൊരു പ്രസക്തിയുമില്ലെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. എന്നും എവിടേയും സ്വീകാര്യമായ ഒരു ഉത്കൃഷ്ട കർമ്മമാണ് ഹിംസ എന്ന് ബുദ്ധിയുള്ളവരാരും പറയുകയില്ല. പക്ഷെ പ്രായോഗിക ജീവിതത്തിൽ ഈ ദോഷം

അനിവാര്യമായിത്തീരുമെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നു. ജീവിത പുരോഗതിയിൽ, അതിന്റെ മുന്നോട്ട് പോക്കിൽ ജീവിതം അഹിംസാപ്രവണമായി തീർന്നേക്കാം. പ്രകൃത്യാ ഹിംസ വാസനയുള്ള മനുഷ്യൻ ഉദ്ദീപ്തമായ പരിതസ്ഥിതിയിൽ തലപൊക്കുന്നു. ഇത് തേഞ്ഞ് മാഞ്ഞ് പോകണമെങ്കിൽ പരിതഃസ്ഥിതിയിൽ തദനുരൂപമായ പരിവർത്തനമുണ്ടാകണമെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. ജീർണ്ണിച്ച സാമൂഹ്യ വ്യവസ്ഥിതിയിൽ അസാദ്ധ്യമാണീ അഹിംസാ സിദ്ധാന്തം. ഇന്ത്യക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന പക്ഷം യുദ്ധത്തിൽ ഇംഗ്ലീഷ്കാർക്ക് വേണ്ടി തോക്കെടുക്കാമെന്ന ഗാന്ധിജിയുടെ തീരുമാനത്തിൽ കുറ്റിപ്പുഴ കാണുന്നത് അഹിംസയുടെ പേരിലുള്ള ആത്മവഞ്ചനയും പരവഞ്ചനയുമാണ്. "ഭാരതം വാളിന്റെ നീതി സ്വീകരിക്കുന്ന സന്ദർഭം എന്റെ പരീക്ഷണ നിമിഷമായിരിക്കും"[16] എന്ന് ഗാന്ധിജി പറയുമ്പോൾ തന്നെ സ്വതന്ത്രഭാരതം യഥേഷ്ടം ആയുധമെടുക്കാമെന്ന് വന്നു എന്നുപറയുന്ന കുറ്റിപ്പുഴ അഹിംസാവ്രതം ഒരു മൂടുപടമാണെന്ന് സ്ഥാപിക്കുന്നു.

മനുഷ്യദൈവങ്ങളെ ചരിത്രത്തിന്റെ പിൻബലത്തോടെ മറനീക്കി പുറത്തുകൊണ്ടുവരാൻ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. രാജാക്കന്മാർ, രണവീരന്മാർ, പ്രവാചകന്മാർ മുതലായവർക്ക് ദേവയോനിത്വം കല്പിച്ച് അവരെ ദൈവപുത്രന്മാരാക്കി ആരാധിക്കുന്ന പതിവ് പ്രാചീന കാലംമുതലുള്ളതാണ്. ദക്ഷിണേന്ത്യയിലെ അനേകലക്ഷം ഭക്ത ജനങ്ങൾ ആരാധിക്കുന്ന സുബ്രഹ്മണ്യൻ, രണ്ടായിരം കൊല്ലങ്ങൾക്ക് മുമ്പ് ഗ്രീസിൽ നിന്നും ജൈത്രയാത്ര ചെയ്ത് ഇന്ത്യയെ ആക്രമിച്ച അലക്സാണ്ടർ ചക്രവർത്തിയാണെന്ന് എൻ. ഗോപാലപിള്ളയുടെ പ്രബന്ധത്തെ അധികരിച്ച് കുറ്റിപ്പുഴ സ്ഥാപിക്കുന്നു. ഈജിപ്ത്, പേർഷ്യ, അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ 'അലക്സാണ്ടർ പുരാണ'മുണ്ടായപ്പോൾ, ഇന്ത്യയിൽ 'സ്കന്ദപുരാണ'മാണ് ഉണ്ടായതെന്ന് ചരിത്രത്തിന്റെ പിൻബലത്തിൽ യുക്തിയുക്തം തെളിയിക്കുന്നു. പുരാണം, ചരിത്രം, ഭാഷാശാസ്ത്രം എന്നിവയുടെ പിൻബലത്തോടെയാണ് കുറ്റിപ്പുഴ തന്റെ വാദഗതികൾ നിരത്തുന്നത്. സഹസ്രാബ്ദങ്ങളായി മനുഷ്യമനസ്സിനെ ഭരിച്ചുകൊണ്ടിരിക്കുന്ന അന്ധവിശ്വാസം, മാനവ സമുദായത്തിനേല്പിച്ചുകൊണ്ടിരിക്കുന്ന കൊടിയവിപത്തിന്റെ ചുരുളഴിക്കുന്നുണ്ട് കുറ്റിപ്പുഴ. വനചരനായ മനുഷ്യൻ പ്രകൃതിക്ഷോഭങ്ങൾക്ക് പിന്നിൽ ഏതോ ദുർദേവതയുടെ ശക്തിയുണ്ടെന്ന് വിശ്വസിക്കുകയും, ബലിദാനത്തിലൂടെ അവയെ പ്രീതിപ്പെടുത്തുവാൻ കഴിയുമെന്നും ധരിച്ചിരുന്നു. ദുർദേവതകളുമായി കൂട്ടുണ്ട് എന്ന് സംശയിച്ച് ചിലരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുവാൻ തുടങ്ങി. ഇവർ മന്ത്രവാദികളും ആഭിചാരകന്മാരുമായി. പ്രാചീനറോമിലും ഗ്രീസിലും എന്നുവേണ്ട ക്രിസ്തുമതമേധാവിത്വമുള്ള രാഷ്ട്രങ്ങളിൽ പൊതുവേ ആയിരത്തി അഞ്ഞൂറ് വർഷത്തോളം ആഭിചാരക

രെന്നാരോപിച്ച് പതിനായിരക്കണക്കിന് വൃദ്ധകളെ ചുട്ടുകൊന്നു. മതവും ഗവൺമെന്റും, അന്ധവും ക്രൂരവുമായ നിയമങ്ങൾ ഇതിനായി നടപ്പിലാക്കി ക്കൊണ്ടിരുന്നു. ക്രിസ്തുമത പരിഷ്ക്കർത്താവായ മാർട്ടിൻ ലൂഥർ പോലും ദുർദേവതയിൽ വിശ്വസിച്ചിരുന്നു എന്ന് വെളിപ്പെടുത്തുന്നു. 1736 ൽ മാത്രമേ ഈ നികൃഷ്ടനിയമം റദ്ദാക്കപ്പെട്ടുള്ളൂ. യൂറോപ്പിൽ ഉദയം ചെയ്ത യുക്തിവാദമാണ് മനുഷ്യന്റെ ഈ അന്ധകാര പ്രയാണത്തിന് വിരാമമിട്ടുള്ളൂ എന്ന് കുറ്റിപ്പുഴ പറയുന്നു.

കേസരിയുടെ ബഹുമുഖ വ്യക്തിത്വത്തെ കുറ്റിപ്പുഴ സ്മരിക്കുന്നുണ്ട്. പത്രപ്രവർത്തനം കൊണ്ട് തിരുവിതാംകൂറിന്റെ സിരകളിൽ ചുടുചോര യൊഴുക്കിയിരുന്ന കേസരി, സത്യവും നീതിയും പുലരുകയില്ലെന്ന് കണ്ട് അന്ന് പേന താഴെവെച്ചു. ദുർഘടമായ ഗ്രന്ഥികളുള്ള ഒരു ഗ്രന്ഥമായാണ് കുറ്റിപ്പുഴക്ക് അദ്ദേഹത്തെ അനുഭവപ്പെടുന്നത്. ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്ന വിധമാണ് കേസരിയുടെ നിരീക്ഷണം. വികാരതരളിതമായ ഒരു ഹൃദയം കൂടി കുറ്റിപ്പുഴ അദ്ദേഹത്തിൽ കണ്ടെത്തുന്നു. ഒരു തികഞ്ഞ ഭൗതികവാദിയാണെങ്കിലും പ്രത്യേകിച്ചൊരു സിദ്ധാന്തവും അദ്ദേഹത്തിൽ ചുറ്റുമതിൽ കെട്ടിയില്ല. ഒരു പുതിയ മനുഷ്യവർഗ്ഗത്തെ വാർത്തെടുക്കാനുള്ള സാമഗ്രഹികൾ വിജ്ഞാന ഖനിയിൽ നിന്നും കുഴിച്ചെടുക്കാനുള്ള തൃഷ്ണയാണ് കുറ്റിപ്പുഴ കേസരിയിൽ കാണുന്നത്. “നിലവിലിരിക്കുന്ന വിശ്വാസ സ്ഥാപനങ്ങളേയും മാമൂൽ പ്രസ്ഥാനങ്ങളേയും ചിന്താ സ്ഥാപനങ്ങളെയും തകർക്കണമെന്നും അവയുടെ അവശിഷ്ടങ്ങളിൽ നിന്ന് നവ്യമായൊരു ജീവിത കലതന്നെ രൂപപ്പെടുത്തിയെടുക്കണമെന്നും കേസരി പ്രഖ്യാപിച്ചിട്ടുണ്ട്.”[17] എന്നാൽ കേസരിയുടെ പാണ്ഡിത്യത്തെ കുറ്റിപ്പുഴ ദർശിക്കുന്നത്, മറ്റൊരു ഗവേഷകന്റേയും ദൃഷ്ടിയിൽ പെടാത്തതായ ചരിത്രാതീത സംസ്കാരത്തെ സംബന്ധിച്ചുള്ള നവീന സിദ്ധാന്തങ്ങളുടെ അവതാരകൻ എന്ന നിലയിലാണ്. കേസരിയുടെ സഹൃദയനായി മാറുന്ന കുറ്റിപ്പുഴയിൽ, ആ വിചാര ദീപ്തിയുടെ വെളിച്ചം ഏറെപ്പതിഞ്ഞിട്ടുണ്ടെന്ന് കരുതാവുന്നതാണ്. സാഹിത്യ നഭോ മണ്ഡലത്തിലെ മറ്റൊരു താരകമായ നാലപ്പാട്ട് നാരായണ മേനോനോടൊപ്പം പങ്കിട്ട സന്ദർഭങ്ങൾ കുറ്റിപ്പുഴ സ്മരിക്കുന്നുണ്ട്. അദ്ദേഹവുമായി ആദ്യം പരിചയപ്പെടുന്നത് വള്ളത്തോളിന്റെ മകളുടെ വിവാഹവേളയിലാണ്. അനന്തരകാലത്ത് അദ്ദേഹവുമായി പലതവണ അടുത്തിടപഴകാൻ കുറ്റിപ്പുഴക്ക് കഴിഞ്ഞിട്ടുണ്ട്. നാലപ്പാടിന്റെ പാവങ്ങളുടെ നിരൂപണ ശൈലീഭാഗത്തെക്കുറിച്ച് കുറ്റിപ്പുഴ എഴുതിയിരുന്നു. ‘എന്താണീ ശൈലീഭാഗം, പാതിവ്രത്യഭാഗം പോലെ വല്ലതുമാണോ’ എന്ന ഹാസ്യം കലർന്ന ചോദ്യം കുറ്റിപ്പുഴയെ പുനർവിചിന്തനത്തിനിടയാക്കിയെന്ന് സമ്മതിക്കുന്നു. നാലപ്പാട്ടെന്ന സ്വതന്ത്ര പക്ഷിയുടെ കാലിലും വേദാന്തത്തിന്റെ കാണാചരടുണ്ടെന്ന്

കുറ്റിപ്പുഴ കണ്ടെത്തുന്നു. 'പാവങ്ങളിലെ' ചമത്ക്കാരഭംഗി നിറഞ്ഞ വാക്യങ്ങളാണ് മലയാള ഗദ്യത്തിന്റെ പരിവർത്തനത്തിന് കാരണമായതെന്നുവരെ അദ്ദേഹം സ്ഥാപിക്കുന്നു. ചിന്താലോകത്തിലെ ഒരു തലകുത്തി നടപ്പായിട്ടാണ് ആശയവാദത്തെ (Idealism) കുറ്റിപ്പുഴ കാണുന്നത്. എല്ലാ പദാർത്ഥത്തിനും വസ്തുവിനും അതീതമായി ഒരു ശക്തിയെ കാണുന്നതാണ് ഇവരുടെ രീതി. കൺമുമ്പിലുള്ളത് കാണാതെ ഇല്ലാത്തതന്വേഷിച്ച് ക്ലേശിക്കുന്നവരെന്നാണ് കുറ്റിപ്പുഴ ആശയവാദികളെ വിശേഷിപ്പിക്കുന്നത്. പ്ലേറ്റോ മുതൽ രാധാകൃഷ്ണൻവരെ നീണ്ടുനിൽക്കുന്നു ഇതിന്റെ അവതാരകർ. പ്ലേറ്റോവിന്റെ ആദ്ധ്യാത്മിക സിദ്ധാന്തത്തിലാണ് ആശയവാദത്തിന്റെ ആരംഭം എന്ന് കണ്ടെത്തുന്നു. ഭൗതികയാഥാർത്ഥ്യങ്ങളുടെ നേരെ നോക്കാതെ അവയിൽ നിന്നോടി രക്ഷപ്പെടാൻ കണ്ടുപിടിച്ച തത്ത്വമാർഗ്ഗമെന്നാണ് ആശയവാദത്തെ കുറിച്ച് കുറ്റിപ്പുഴക്കുള്ള അഭിപ്രായം.

**ഗ്രന്ഥാവലോകനം (1957)**

തൃശൂർ കറന്റ് ബുക്സ് പ്രസിദ്ധീകരിച്ച കുറ്റിപ്പുഴയുടെ ഗ്രന്ഥ നിരൂപണങ്ങളുടെ സമാഹാരമാണ് ഗ്രന്ഥാവലോകനം. കുറ്റിപ്പുഴയുടെ ഗ്രന്ഥനിരൂപണ വൈദഗ്ധ്യത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് 'ഗ്രന്ഥാവലോകനം' നാടകം, ചരിത്രാഖ്യായിക, കവിത, കഥ തുടങ്ങിയ മിക്ക സാഹിത്യരൂപങ്ങളേയും ഇതിൽ വിലയിരുത്തുന്നുണ്ട്. സാഹിത്യനിരൂപണ രംഗത്ത് ഒരദ്ധ്യാപകനാണ് കുറ്റിപ്പുഴയെന്ന് ഈ നിരൂപണങ്ങളിലൂടെ കടന്ന് പോകുമ്പോൾ തോന്നുന്നത് സ്വാഭാവികം. കൃശഗാത്രമായ ഒരു ചരിത്രാംശത്തെ മനോധർമ്മം കൊണ്ട് മാംസളമാക്കിതീർത്ത കെ.എ. പണിക്കരുടെ പ്രാഗത്ഭ്യത്തെയാണ് 'പറങ്കിപ്പടയാളി' യിലൂടെ വെളിവാകുന്നതെന്ന് കുറ്റിപ്പുഴ സമ്മതിക്കുന്നു. ബ്രാഹ്മണ കോപാഗ്നിയിൽ എല്ലാം നഷ്ടപ്പെട്ട്, ക്രിസ്തുമതം സ്വീകരിച്ച് പോർത്തുഗീസ് പടയാളിയായി തീർന്ന നാരായണൻ നായരുടെ പ്രതികാരേച്ഛയുമായുള്ള ജീവിത യാത്രയാണ് ഇതിലെ ഇതിവൃത്തം. കഥാപാത്രത്തോട് ബന്ധമില്ലാത്ത പല സംഭവങ്ങളും ഇതിൽ കുത്തിനിറച്ചതായി കുറ്റിപ്പുഴ വിമർശിക്കുന്നുണ്ട്. ലളിതവും ഹൃദ്യവുമായ ഇതിലെ ഭാഷാപ്രയോഗത്തെ പ്രശംസിക്കുന്നതോടൊപ്പം പ്രാചീനകേരളത്തിന്റെ നാട്ടുനടപ്പുകളെ വിവരിച്ചിട്ടുള്ള ഒരു കല്പിത കഥയെന്ന നിലയിൽ മാത്രം അദ്ദേഹം നോവലിന്റെ പ്രസക്തിയെ അംഗീകരിക്കുന്നു. കേസരിബാലകൃഷ്ണപിള്ള സാഹിത്യ നിരൂപണ രംഗത്ത് കൊണ്ടുവന്ന നൂതന നിരൂപണ രീതികളിലെ വൈകല്യങ്ങളെ കുറ്റിപ്പുഴ ചോദ്യം ചെയ്യുന്നുണ്ട്. ഏ.ആറിന്റെ 'രാജരാജീയ'ത്തിന് അവതാരിക എഴുതിയ കേസരി ദീർഘങ്ങളായ പ്രസാദക കുറിപ്പുകൊണ്ട് നിറച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ നവീന വാദങ്ങളിൽ പലതും ഭാരതീയ രസ

നിരൂപണത്തിൽ നിന്നും ഭിന്നമല്ലെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നു. എങ്കിലും കലാ നിരൂപണപരമായ ഒരു നവീനബോധം പ്രധാനം ചെയ്യുന്നതിന് ഇത് പ്രത്യേകം ഉപകരിക്കുമെന്ന് പറയാൻ കുറ്റിപ്പുഴ മടിക്കുന്നില്ല.

'സാപത്ന്യം' കുറ്റിപ്പുഴയുടെ നാടക നിരൂപണത്തിന് മികച്ച ദൃഷ്ടാന്തമാണ്. മാറിസ് മെറ്റർലിങ്കിന്റെ 'അഗ്ലവെയിൻ ആൻഡ് എലിസെറ്റെ' എന്ന നാടകത്തെയാണ് നാലപ്പാടൻ വിവർത്തനം ചെയ്തിരിക്കുന്നത്. ജീവിതത്തിന്റെ അടിത്തട്ടിൽ ഒളിഞ്ഞുകിടക്കുന്ന സത്യസൗന്ദര്യ ദർശനം, ഭാവനാശക്തി, പാത്രങ്ങളുടെ ചുരുക്കവും ക്രിയാംശത്തിന്റെ കുറവുമൊക്കെ മെറ്റർലിങ്കിന്റെ നാടകത്തിന്റെ സവിശേഷതയായി കണ്ടെത്തുന്നു. എന്നാൽ വേദാന്ത പ്രസംഗം കൊണ്ട് പലപ്പോഴും നാടകത്തിന്റെ രസാസ്വാദ്യം നശിപ്പിച്ചുകളഞ്ഞുവെന്ന് കുറ്റിപ്പുഴ ആത്മാർത്ഥമായി ദു:ഖിക്കുന്നു. ഭാവസ്ഫുരണത്തെക്കാൾ ഭാവങ്ങളുടെ വ്യാഖ്യാനമാണ് മുന്തി നിൽക്കുന്നതെന്നും കണ്ണീരിന്റേയും ചുംബനത്തിന്റേയും ഫിലോസഫി പറയാനാണ് കവിക്ക് തിടുക്കമെന്നും അദ്ദേഹം വിമർശിക്കുന്നു. ദുർബലമായ ഒരു ഭാഷയിലേക്ക് ഇത്രയും ഗഹനമായ ഒരു തർജ്ജിമ നിർവ്വഹിച്ച നാലപ്പാടനെ കുറ്റിപ്പുഴ പ്രശംസിക്കുന്നുണ്ട്. ഒരു മൂലകൃതിയിൽ നിന്ന് നിരവധി തർജ്ജിമകൾ ഉണ്ടാകുകയും അതിനെ താരതമ്യ നിരൂപണത്തിന് വിധേയമാക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന പിഴവുകൾ എത്രമാത്രമാണെന്നും വള്ളത്തോളിന്റെ അഭിജ്ഞാന ശാകുന്തള തർജ്ജിമക്ക് സി.എസ്.നായർ എഴുതിയ അവതാരികയെ കുറ്റിപ്പുഴ ഉദാഹരിക്കുന്നു. ഇതര തർജ്ജിമകളിലെ ദോഷങ്ങളെ ഉദാഹരിച്ച് വള്ളത്തോൾ തർജ്ജിമയുടെ മികവ് ഉയർത്തിക്കാണിക്കാനുള്ള ശ്രമത്തിനിടയിൽ നിഷ്പക്ഷമായ ഒരു വിലയിരുത്തൽ അവതാരികാകാരന് നിർവ്വഹിക്കാൻ കഴിയാതെ പോയി. എന്നാൽ വള്ളത്തോൾ തർജ്ജിമയിലെ പിഴവുകൾകൂടി സൂചിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ നന്നായിരുന്നുവെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം.

ഭൂതകാല പര്യടനം ആവശ്യമാണെന്നും വർത്തമാന ചിത്രീകരണമാണ് കർത്തവ്യമായിട്ടുള്ളതെന്നുമുള്ള വാദങ്ങളെ തള്ളിക്കളയുന്നതാണ് 'കേരളവർമ്മ പഴശ്ശിരാജ' എന്ന ചരിത്രനാടകത്തിന് കുറ്റിപ്പുഴ എഴുതിയ നിരൂപണം. വീരരൗദ്രങ്ങളുടെ നടന രംഗമായ ഈ നാടകം മാതൃരാജ്യസ്നേഹവും സ്വാതന്ത്ര്യബോധവും ഉദ്ബുദ്ധമാക്കുന്നതാണെന്ന് കുറ്റിപ്പുഴ പറയുന്നു. കഥാപാത്രങ്ങളുടെ തിരക്കുകൂട്ടലും, ദുഷ്ടകഥാപാത്രങ്ങളുടെ ക്രമാതീതമായ പ്രകടനവും, പ്രകൃത്യാതീത ശക്തികളുടെ ചിത്രീകരണവും നാടകത്തിന്റെ സംഭവ്യതയെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. പഴശ്ശിയെപ്പോലെ ഗംഭീരനായ ഒരു നായകൻ ക്ഷുദ്രചിത്തരുടെ ചരടിനാൽ തിരിയുന്നത് അവിശ്വസനീയമായാണ്

കുറ്റിപ്പുഴക്കനുഭവപ്പെടുന്നത്. ഇബ്സന്റെ 'റോസ് മെർഷോം' എന്ന നാടകത്തെ അവലംബിച്ചുകൊണ്ട് സി. നാരായണപിള്ള എഴുതിയ 'മുല്ലക്കൽ ഭവനം', മലയാളത്തിൽ സമൂഹ്യനാടക പ്രസ്ഥാനത്തിന് പുത്തൻവഴികാട്ടിയായും പഴയ സംസ്കൃത പാരമ്പര്യത്തിൽ നിന്ന് മുന്നോട്ട് പോകാൻ കഴിഞ്ഞതായും കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. വിരുദ്ധാദർശങ്ങളുടെ സംഘർഷണവും കഥാപാത്രങ്ങളുടെ മനോഗതി വൈചിത്ര്യവും പകർത്തുന്നതിലും അദ്ദേഹം വിജയിച്ചിട്ടുള്ളതാണ്. മനസ്സിന്റെ അടിത്തട്ടുവരെ ചെല്ലാത്ത ഉപരിപ്ലവമായ ഉൽപ്പതിഷ്ണുത്വവും, പാരമ്പര്യം, നാട്ടാചാരം, കപടമായ സന്മാർഗ്ഗരീതിയും അദ്ദേഹം തുറന്ന് കാട്ടാൻ ശ്രമിച്ചു. എന്നാൽ മൂല കൃതിയിൽ നിന്നുണ്ടായിട്ടുള്ള ചില വ്യതിയാനങ്ങൾ വരുത്തിതീർത്ത പോരായ്മകൾ ചൂണ്ടിക്കാണിക്കുവാൻ കുറ്റിപ്പുഴ മടിക്കുന്നില്ല.

ജീവിതത്തിന്റെ രത്യാദിഭാവങ്ങളെ മറനീക്കി അവതരിപ്പിക്കുന്ന പി.എൻ. പണിക്കരുടെ 'ബാലികാമതം' എന്ന കാവ്യത്തിലെ റിയലിസ്റ്റിക് മനോഭാവത്തെ കുറ്റിപ്പുഴ അനുകൂലിക്കുകയും കാല്പനികമായ ദിവ്യപ്രേമത്തിന്റെ മടുപ്പും പൊള്ളത്തരവും തുറന്ന് കാണിക്കുകയും ചെയ്യുന്നു. "ആദർശം ആവശ്യമില്ലെന്ന് പറയുന്നില്ല. എന്നാൽ അത് യാഥാർത്ഥ്യത്തെ മറയ്ക്കരുതെന്ന് മാത്രമേ നിർബന്ധമുള്ളൂ"[18] എന്നാണ് കുറ്റിപ്പുഴയുടെ മതം. കാവ്യത്തിന്റെ മൂന്നാം ഭാഗത്തിലെ ജീവിത തത്ത്വ പ്രബോധനം, ജീവിതത്തിന്റെ മറുവശം കൂടി കവി അനാവരണം ചെയ്തിരിക്കുന്നതായി കുറ്റിപ്പുഴ പരാമർശിക്കുന്നു. എങ്കിലും കാവ്യാംശത്തെ ദുഷിപ്പിക്കുന്ന റിയലിസ്റ്റിക് രീതിയോട് അദ്ദേഹത്തിന് യോജിപ്പില്ല. അസൂയാജനകമായ ഭാഷയും സ്ഫടികം പോലെ തെളിഞ്ഞ ചിന്തയിൽ നിന്നുള്ള ആശയ സ്ഫുടതയും നിഴലിക്കുന്ന നിരൂപണമായാണ് മുണ്ടശ്ശേരിയുടെ 'മാനദണ്ഡത്തെ' കുറ്റിപ്പുഴ വിലയിരുത്തുന്നത്. യാഥാസ്ഥികത്വത്തിന്റെ ശീർഷഘാതികളായും ഇതിനെ കുറ്റിപ്പുഴയ്ക്കനുഭവപ്പെടുന്നു. ഏത് തമ്പുരാന്റെ സാഹിത്യമായാലും അതൊന്ന് ഇളക്കിമറിച്ച് പുനഃപരിശോധന ചെയ്ത് കലാദൃഷ്ടിയിൽ അതിനെന്ത് വിലയുണ്ടെന്ന് നോക്കണമെന്ന മുണ്ടശ്ശേരിയുടെ രീതി നിരൂപണസ്വാതന്ത്ര്യത്തിന്റെ കാഹളധ്വനിയെന്നാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. ഒരു കലാശില്പത്തെ ജീവനുള്ള ഒരു സ്വരൂപമെന്ന മട്ടിൽ നോക്കിക്കാണുന്ന സമദർശന രീതിയാണദ്ദേഹത്തിന്റേത്. മേഘസന്ദേശ നിരൂപണത്തിൽ സന്ദേശം അതൊന്നേയുള്ളൂ എന്ന് സ്ഥാപിക്കുക മാത്രമല്ല കാളിദാസ കലാവൈദഗ്ദ്യം ഹൃദ്യമായ രീതിയിൽ വായനകാർക്ക് വെളിപ്പെടുത്തിക്കൊടുക്കുവാനും അദ്ദേഹം ശ്രമിച്ചു. മുണ്ടശ്ശേരിയുടെ നിരൂപണ ശൈലിയോടും തെളിഞ്ഞ ഭാഷാ പ്രയോഗത്തോടും കുറ്റിപ്പുഴക്ക് ആരാധനയാണുള്ളത്.

എം.സി.ജോസഫിന്റെ 'പുരോഗതി'യെ കാലോചിതമായ ഒരു

പ്രസിദ്ധീകരണമായാണ് കുറ്റിപ്പുഴ കാണുന്നത്. മനസ്സിലെ അന്ധവിശ്വാസ ചവറുകളെല്ലാം ചുട്ടെരിച്ച് ചിന്താമണ്ഡലം ശുദ്ധമാക്കാനുപരിക്കുന്നതാണ് ഈ പുസ്തകം. ഇവിടെ പുരോഗതി മനസ്സിന്റെ പുരോഗതിയായി തീരുന്നു. ഇതിന് തടസ്സമായി നിൽക്കുന്നത് മതമായതുകൊണ്ട് അതിന്റെ മസ്തകം തകർക്കുന്ന യുക്തിവാദഖഡ്ഗം തന്നെയാണ് എം.സി.യുടെ പ്രഥമോപകരണമായി കുറ്റിപ്പുഴ കാണുന്നത്. ഹുന്ദുമതത്തെ അധഃപതിപ്പിച്ചത് ജ്യോത്സ്യമാണെന്ന വിവേകാനന്ദന്റെ അഭിപ്രായത്തിന് പിന്നിൽ ഒരു വശത്ത് രാഷ്ട്രീയ സ്വാതന്ത്ര്യ പ്രബുദ്ധതയും മറുവശത്ത് മതപരമായ പാരതന്ത്ര്യവുമാണ് കുറ്റിപ്പുഴ കാണുന്നത്. മുറിവേൽക്കാത്ത വാദരീതിയും മുഖം നോക്കാത്ത നിരൂപണവും എം.സി.യുടെ പ്രത്യേകതയായി കുറ്റിപ്പുഴ കാണുന്നു. മതത്തേയും ശാസ്ത്രത്തേയും കൂട്ടിക്കുഴച്ചുകൊണ്ട് ചില പുത്തൻ ഫിലോസഫിയുടെ ധൂമപടലം സൃഷ്ടിക്കുന്ന വ്യായാമമായാണ് വക്കം അബ്ദുൽ ഖാദറിന്റെ 'വിചാരവേദി' എന്ന ഗ്രന്ഥത്തെ കുറ്റിപ്പുഴ നിരീക്ഷിക്കുന്നത്. ജീൻസ്, എഡിങ്ടൻ മുതലായ ശാസ്ത്രജ്ഞരുടെ ചില പ്രസ്ഥാവങ്ങളേയും ഗ്രന്ഥകാരൻ കൂട്ട് പിടിച്ചിരിക്കുന്നു. ശാസ്ത്രം തകർന്നു, പദാർത്ഥം പൊളിഞ്ഞു, യുക്തി മുട്ടുകുത്തി, എല്ലാം ഒന്നായി; മതവും ശാസ്ത്രവും കലയും ഏകമയം എന്ന് സ്ഥാപിക്കുവാനാണ് പഴഞ്ചൻ ആശയവാദത്തിന്റെ പുത്തൻ പ്രചാരകർ യത്നിക്കുന്നതെന്ന് കുറ്റിപ്പുഴ തുറന്നടിക്കുന്നു. അന്ത്യശ്വാസം വലിച്ചു കിടക്കുന്ന മതത്തിനും അതിന്റെ നെടും തൂണായിരിക്കുന്ന ജീർണ്ണിച്ച തത്ത്വജ്ഞാനത്തിനും ഉയിർകിട്ടാനുള്ള കുത്തിവെയ്പായിതിനെ കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നു. ശാസ്ത്രം, മതം, മിസ്റ്റിസിസം, തത്ത്വജ്ഞാനം, മനഃശാസ്ത്രം എന്നീ വിഷയങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഈ ഗ്രന്ഥത്തെ, അതാത് തട്ടകങ്ങളിൽ നിന്നുകൊണ്ട് കുറ്റിപ്പുഴ വിമർശിക്കുന്നു.

മനുഷ്യന്റെ സമഗ്രവും ശാസ്ത്രീയവുമായ ചരിത്രമാണ് ആവശ്യമെന്നും അത് മാർക്സിയൻ നിരീക്ഷണത്തിലൂടെ സാധിക്കുന്നതിൽ കെ.ദാമോദരന്റെ 'മനുഷ്യൻ' എന്ന ഗ്രന്ഥം വിജയിച്ചുവെന്നും കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. പ്രാകൃത കമ്മ്യൂണിസം, നാടുവാഴിത്തം, മുതലാളിത്തം, സോഷ്യലിസം, എന്ന് നാലായിട്ട് വിഭജിച്ചാണ് മാനവചരിത്രത്തെ വെളിവാക്കിയിരിക്കുന്നത്. മനുഷ്യന്റെ ചരിത്രം മറ്റൊരുവിധത്തിൽ പറഞ്ഞാൽ സാമ്പത്തിക ചരിത്രം കൂടിയാണെന്ന് കുറ്റിപ്പുഴ പറയുന്നു. മതം, കല, തത്ത്വചിന്ത, സാമൂഹ്യവ്യവസ്ഥൾ, രാജ്യതന്ത്രം എന്നുവേണ്ട മനുഷ്യജീവിത വികാസരംഗങ്ങളിലെല്ലാം ഈ സാമ്പത്തിക ശക്തി പ്രതിഫലിക്കുന്നതായും കുറ്റിപ്പുഴ സ്ഥാപിക്കുന്നു. ആയതിനാൽ മാർക്സിയൻ നിരീക്ഷണ സ്ഥാനത്തുനിന്നുകൊണ്ടുള്ള ഗ്രന്ഥകർത്താവ് നടത്തിയ ചരിത്ര പഠനം ഏറെ പ്രാധാന്യമർഹിക്കുന്നു. ആധുനിക വിദ്യാഭ്യാസ പദ്ധതി സ്വീകരിക്കേണ്ട ചരിത്ര പഠനം, മാനവചരിത്ര പഠനമായിരിക്കണമെന്നാണ് കുറ്റിപ്പുഴയുടെ പക്ഷം.

ശോകാർദ്രമായ നരലോകത്തിലെ ദയനീയവും ഭീവത്സവുമായ നികൃഷ്ട ജീവിതം ചിത്രീകരിക്കുകയും അന്ധകാരപ്രദമായ ജീവിതത്തെ സ്വന്തം കവിപ്രതിഭകൊണ്ട് പ്രകാശമാനമാക്കുകയാണ് 'മനുഷ്യപ്പുഴുക്കളിലൂടെ' മാക്സിം ഗോർക്കി ചെയ്തതെന്ന് കുറ്റിപ്പുഴ പറയുന്നു. ജീവിത ചെളിക്കുഴിയിലേക്ക് സ്വയം ഇറങ്ങിച്ചെന്ന് നഗ്നമായ ജീവിതസത്യങ്ങൾ കണ്ടെത്തി ചിത്രീകരിക്കുന്ന രീതി ഈ കൃതിയിലും കാണാൻ കഴിയും. ഒരു കാലത്ത് മാന്യമായ ജീവിതം നയിച്ചിരുന്നവരാണ് ഇതിലെ കഥാപാത്രങ്ങൾ. കുൽസിതമായ സാമൂഹ്യ വ്യവസ്ഥയിൽ അടിതെറ്റി അശക്തരായി കീടതുല്യരായി തീർന്നവർ. തുലോം ശിഥിലമായൊരു കഥാബന്ധമേ ഇതിൽ കാണുന്നള്ളൂവെങ്കിലും പാത്രരചനയിലും ജീവിത ചിത്രീകരണത്തിലും അസാമാന്യമായ കഴിവ് കഥാകാരൻ പ്രകടിപ്പിച്ചതായി കുറ്റിപ്പുഴ വിലയിരുത്തുന്നു. ജീവിതത്തിന്റെ പരുഷമായ യാഥാർത്ഥ്യങ്ങളെ ഹൃദ്യമായി അവതരിപ്പിക്കാനുള്ള ഗോർക്കിയുടെ കഴിവിനെ കുറ്റിപ്പുഴ പ്രകീർത്തിക്കുന്നുണ്ട്.

മാർക്സിയൻ വീക്ഷണത്തിലൂടെ ഭാരതചരിത്രത്തെ വ്യാഖ്യാനിക്കാൻ പുറപ്പെട്ട കെ. ദാമോദരന്റെ 'ഇന്ത്യയുടെ ആത്മാവ്' എന്ന കൃതി ഉദ്ദേശ ഫലസിദ്ധി നൽകുന്നില്ലായെന്ന് കുറ്റിപ്പുഴ വിമർശിക്കുന്നു. മാർക്സിസമാകുന്ന ദർപ്പണത്തിൽ കൂടിമാത്രമാണ് അദ്ദേഹത്തിന്റെ ജീവിത വീക്ഷണം. ഇത് സ്വതന്ത്രമായ ചരിത്രവ്യാഖ്യാനത്തിന് ചേർന്നതല്ല. സാമ്പത്തിക ഘടകം പ്രധാനമാണെന്ന് സമ്മതിക്കുന്നെങ്കിലും, അത്തരം തത്ത്വസംഹിതയിൽ മാത്രം ഒതുങ്ങിക്കൂടുന്ന ഒന്നല്ല സാമൂഹ്യജീവിതമെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. വേദാന്ത ഭാഷ്യങ്ങൾക്ക് പോലും ഉല്പാദന രീതിയുമായി നേരിട്ടൊരു കാര്യകാരണ ബന്ധം കല്പിക്കുന്നതിനെ ഭാവനകൊണ്ട് പൊതിഞ്ഞ അർദ്ധ സത്യമായി മാത്രമേ കുറ്റിപ്പുഴക്ക് കാണാൻ കഴിയൂ. ഗ്രന്ഥത്തിന്റെ തലക്കെട്ടിൽ സ്വീകരിച്ചിരിക്കുന്ന 'ആത്മാ'വിനെപ്പോലും കുറ്റിപ്പുഴ വെറുതേ വിടുന്നില്ല. ചരിത്രത്തെ ഒരു സിദ്ധാന്തത്തിന്റേയും കണ്ണാടിയിലൂടെ നോക്കാതെ സ്വതന്ത്രമായി കാണുവാനാണ് കുറ്റിപ്പുഴക്കിഷ്ടം. രസകരങ്ങളായ സർഗ്ഗങ്ങളുള്ള ഒരു കാവ്യമായാണ് വൈക്കം മുഹമ്മദ് ബഷീറിനെ കുറ്റിപ്പുഴക്ക് അനുഭവപ്പെടുന്നത്. ബഷീർ സാഹിത്യ ത്തിലൂടെയുള്ള ഒരു പ്രദക്ഷിണമാണ് 'ഓർമ്മക്കുറിപ്പ്' അനുഭവത്തിന്റെ കയ്പും ഭാവനയുടെ മാധുര്യവും ആലോചനയുടെ രൂക്ഷതയും കൂടിക്കലർന്നതാണ് ബഷീറിന്റെ സാഹിത്യ ശില്പങ്ങളെന്ന് അദ്ദേഹം കണ്ടെത്തുന്നു. എന്തും കലാഭംഗിയിൽ പൊതിഞ്ഞ് വായനക്കാർക്ക് സമ്മാനിക്കുന്ന അദ്ദേഹം പുരോഗമന സാഹിത്യകാരൻമാർക്കെതിരേയുള്ള ആക്ഷേപങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നു. എല്ലും തൊലിയുമായ ഭാരതമാതാവെന്ന ധ്വനിയും, പട്ടിണിയിൽ പൊരിയുന്ന വൃദ്ധന്റെ ആത്മഹത്യയും കള്ളക്കേസ് ചാർജ് ചെയ്യുന്ന ഖദർധാരിയായ

ഇൻസ്പെക്ടറുമൊക്കെ ഉപഹാസരൂപേണയുള്ള സാമൂഹ്യ വിമർശനത്തിന്റെ വാങ്മയ ചിത്രങ്ങളായി കുറ്റിപ്പുഴ തിരിച്ചറിയുന്നു.

മുഴുവൻ വിടർന്ന് മണംപോയ പൂക്കളല്ല പി.സി. കുട്ടികൃഷ്ണന്റെ കഥകളെന്നാണ് കുറ്റിപ്പുഴ പറയുന്നത്. 'ലാത്തിയും പൂക്കളിലും' ഈ സവിശേഷതകളുണ്ട്. അഴകൊഴുകുന്ന ജീവിതചിത്രം വരക്കുക; അതേസമയം അത് ആലോചനാ ഭൂതങ്ങളായിരിക്കുക; ഭാവനാമധുരവും ധ്വന്യാത്മകവു മായിരിക്കുക, ഇതെല്ലാമാണ് കുറ്റിപ്പുഴ പി.സി.യുടെ കഥകളിൽ ദർശിക്കുന്നത്. വിരുദ്ധ ഭാവോപമർദ്ദിതമായ ജീവിതത്തിന്റെ വിചിത്ര വർണ്ണം കലർന്ന കുമിളകളാണ് അദ്ദേഹത്തിന് ലാത്തിയും പൂക്കളും. "ദുസ്സഹ ദുഷ്ടമായ സാമൂഹ്യ ജീവിതം പൊളിച്ച് പണിയാനുള്ള ആഹ്വാനമാണ് കാഥികൻ ഗണപതിയുടെ മാധുര്യത്തിൽ പൊതിഞ്ഞ് വെച്ചിരിക്കുന്നത്"[19] എന്ന് തിരിച്ചറിയുന്ന കുറ്റിപ്പുഴ കഥയുടെ ജീവാംശത്തെ തൊട്ടറിയുകയാണ്. മലയാളത്തിലെ ഏറ്റവും മികച്ച ആത്മകഥ ഏതെന്ന് ചോദിച്ചാൽ കെ.പി. കേശവമേനോന്റെ 'കഴിഞ്ഞകാല' മാണെന്ന് പറയാൻ കുറ്റിപ്പുഴയ്ക്ക് മടിയില്ല. ഇതര ആത്മകഥകളിൽ കാണുന്ന 'ഞാൻ' എന്ന അഹംഭാവത്തിൽ നിന്നും മുക്തവും മറിച്ച് വിനീതവും സത്യസന്ധവും സുന്ദരവുമായി ആ അന്തഃശുദ്ധി ഇതിൽ കളിയാടുന്നുണ്ട്. മറ്റൊരുവിധത്തിൽ ഇത് ഒരു കാലഘട്ടത്തിന്റെ ചരിത്രകഥ കൂടിയാണ്. പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലും ഇത്രയധികം നിഷ്കപടത പാലിക്കാൻ കഴിഞ്ഞ നേതാക്കൻമാരെ അധികം കാണാൻ കഴിയില്ല എന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. പരിപുഷ്ടമായ മാനസികാരോഗ്യവും പരിപക്വവുമായ സംസ്കാരവുമുള്ളവർക്ക് മാത്രമേ ഇത്തരം ഒരാത്മകഥ എഴുതാൻ കഴിയൂ എന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു.

**ചിന്താതരംഗം (1960)**

കോട്ടയം നാഷണൽ ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച ലേഖന സമാഹാരമാണ് ചിന്താതരംഗം. സാഹിത്യ സാമൂഹിക വിഷയങ്ങളിൽ ചിന്തയുടെ നൂതന തരംഗങ്ങൾ കുറ്റിപ്പുഴ സൃഷ്ടിക്കുന്നുണ്ട്. സാഹിത്യത്തെയും ജീവിതരംഗത്തെയും ഉന്നതമായ വിഷയങ്ങളിൽ ശ്രദ്ധക്ഷണിക്കുകയാണ് ചിന്താതരംഗത്തിലൂടെ കുറ്റിപ്പുഴ ചെയ്യുന്നത്. അഭിജ്ഞാനശാകുന്തളത്തോളം പ്രാധാന്യം ഭവഭൂതിയുടെ ഉത്തര രാമചരിതത്തിനുണ്ടോ? എന്ന് പരിശോധിക്കുന്ന കുറ്റിപ്പുഴക്ക്, മൂർച്ഛകൊണ്ട് ശ്വാസം മുട്ടിക്കുന്ന ഒരു നാടകമായാണ് അത് അനുഭവപ്പെടുന്നത്. നാടകത്തിന്റെ ജീവൻ കെടുത്തിക്കളയുന്നത് രസഹാനിയാണ്. നായികാ നായകന്മാരുടെ വിലാപവും മൂർച്ഛയും അനേകത്ര വർണ്ണിച്ച കവി വായനക്കാരെ ശ്വാസം മുട്ടിക്കയാണെന്നാണ് കുറ്റിപ്പുഴയുടെ വിമർശനം. "മിണ്ടിയാൽ മൂർച്ഛിക്കുന്നൊരു

മട്ടുണ്ട് രാമനും സീതക്കും"[20] അപ്രധാന കഥാപാത്രങ്ങൾ പോലും ഇതിൽ നിന്നും മോചിതരല്ല. ശാകുന്തളത്തിലെ സുപ്രസിദ്ധമായ നാലാമങ്കം ഭവഭൂതിയാണ് എഴുതിയതെങ്കിൽ കണ്വാശ്രമം മുഴുവൻ അദ്ദേഹം കണ്ണീർക്കടലിൽ മുക്കിക്കളയുമായിരുന്നുവെന്ന് കുറ്റിപ്പുഴ പരിഹസിക്കുന്നുണ്ട്. കാലങ്ങളായി പാടി പുകഴ്ത്തിയ ഒരു കാവ്യമാണ് കുറ്റിപ്പുഴയുടെ നിശിത വിമർശനത്തിൽ അപ്രസക്തമായി തീർന്നത്. നമ്മുടെ മനസ്സിനെ വികാര തരളിതവും ഉദാത്തവുമാക്കി തീർക്കുന്ന കാവ്യങ്ങൾക്ക് ജന്മം നൽകിയവരുടെ ജീവിതം പലപ്പോഴും വിരുദ്ധദിശയിലായിരിക്കുമെന്ന് കുറ്റിപ്പുഴ ഓർമിപ്പിക്കുന്നു. ലോക പ്രശസ്തിനേടിയ പല എഴുത്തുകാരുടേയും ജീവിതം ഇതിനുദാഹരണമാണ്. ഋഷിതുല്യനായ ടോൾസ്റ്റോയിവരെ താൻ ചെയ്തുകൂട്ടിയ ദ്രോഹങ്ങൾ ഏറ്റുപറഞ്ഞിട്ടുണ്ട്. മദ്യപാനവും വിടപ്രവൃത്തികളും ചൂതുകളിയുമായി ജീവിതം ആടിതിമിർത്ത ഇവരുടെ രചനകൾ ലോകോത്തരങ്ങളാണെന്നതാണ് വൈരുദ്ധ്യം. കവിഹൃദയം ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കടക്കുന്ന ചില സന്ദർഭങ്ങളുണ്ട്. അത്തരം സമുഹൂർത്തങ്ങളിലാകാം അതിൽ നിന്ന് സാഹിത്യാമൃതം ബഹിർഗമിക്കുന്നതെന്ന് കുറ്റിപ്പുഴ ഉത്തരം കണ്ടെത്തുന്നു.

ചരിത്രനോവലുകളുടെ കാലം കഴിഞ്ഞു എന്ന് പ്രഖ്യാപിക്കുന്ന കുറ്റിപ്പുഴ, ഇന്ദുലേഖയെക്കാൾ മികച്ച ഒരു സാമൂഹ്യ നോവൽ കണ്ടെത്താൻ പ്രയാസമാണെന്ന് പറയുന്നു. നോവലിൽ വിജ്ഞാനത്തിന് പ്രാധാന്യം കൊടുക്കാൻ ശ്രമിച്ചതാണ് ഷായെ പോലുള്ളവർക്ക് സംഭവിച്ച പരാജയം. കലാഭംഗിയാണ് നോവലിന്റെ ജീവനാഡിയായി കുറ്റിപ്പുഴ കാണുന്നത്. ഉറൂബിന്റെ കൃതികളിലാണ് മലയാള നോവൽ പ്രസ്ഥാനത്തിന്റെ പുത്തൻ പ്രതീക്ഷകൾ കുറ്റിപ്പുഴ കാണുന്നത്. കല കലക്ക് വേണ്ടിയെന്നും ജീവിതത്തിനുവേണ്ടിയെന്നുമുള്ള വാദകോലാഹങ്ങൾക്ക് പരിസമാപ്തി കുറിക്കുവാൻ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. ജീവിതത്തിന് വേണ്ടിയല്ല കലയെന്നോ, കലക്ക് വേണ്ടിയെന്നു പറഞ്ഞവർ ജീവിതത്തെ നിഷേധിച്ചവരോ അല്ലാ എന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. "കല അനന്യപരതന്ത്രമാണ്; കലാസൗന്ദര്യം അഥവാ കലയുടെ രസമാന്യത - അതിനാണ് സർവ്വോപരി പ്രാധാന്യം."[21] എന്ന് അസന്ദിഗ്ദമായി പ്രഖ്യാപിക്കുന്നു. കലയിൽ പ്രചാരണാംശം ഉണ്ട് എന്നാൽ അത് വ്യംഗ്യഭംഗ്യാ നിർവ്വഹിക്കണമെന്നേയുള്ളൂ. "കല കലക്ക് വേണ്ടി; അതുമല്ല കലാകാരനുവേണ്ടി; അതുമല്ല ആനന്ദാനുഭൂതിക്കുവേണ്ടി എന്നൊക്കെപ്പറയാറുള്ളത് വാസ്തവത്തിൽ കല എന്തിനുവേണ്ടിയാണോ, അതിനെ അറിഞ്ഞോ അറിയാതയോ അവഗണിച്ചുകൊണ്ടാണ്."[22] എന്നാണ് മുണ്ടശ്ശേരിക്ക് പറയാനുള്ളത്. വാദകോലാഹലങ്ങളിൽ നിന്നൊഴിഞ്ഞ്, വളരെ ഉയരത്തിൽ നിന്നുകൊണ്ട് കാര്യങ്ങൾ ദർശിക്കുവാനും കലാ നിർവ്വചനം നൽകുവാനും കുറ്റിപ്പുഴക്ക്

കഴിയുന്നുണ്ട്.

ജീവിതരഥത്തിന്റെ രണ്ട് ചക്രങ്ങളായാണ് ബുദ്ധിയേയും ഹൃദയത്തേയും കുറ്റിപ്പുഴ നിർവ്വചിക്കുന്നത്. ആധുനിക വിദ്യാഭ്യാസം ശാസ്ത്ര പഠനത്തിന്റെ പിറകേ മാത്രം പോകുമ്പോൾ ജീവിതരഥത്തിന്റെ സംതുലിത തെറ്റിപ്പോകുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. ശാസ്ത്രം ഹൃദയത്തെ സ്പർശിക്കുകയോ അതിനെ സംസ്കരിക്കുകയോ ചെയ്യുന്നില്ല. സാഹിത്യമാണ് ആ കൃത്യം നിർവ്വഹിക്കുന്നത്. ഹൃദയത്തെ അനാദരിച്ച് ബുദ്ധിയെ കൂടുതലായി മാനിച്ചതിന്റെ ഫലമാണ് കഴിഞ്ഞ മഹായുദ്ധങ്ങളെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് ശാസ്ത്ര പഠനം വേണ്ടന്നല്ല, സ്നേഹത്തിലും സൗന്ദര്യത്തിലും അധിഷ്ഠിതമായ സാഹിത്യ പഠനം അവഗണിക്കരുതെന്നേയുള്ളൂ. 'സ്നേഹം കൊണ്ട് പ്രചോദിതവും, വിജ്ഞാനം കൊണ്ട് നിയന്ത്രിതവുമായ ഒന്നാണ് നല്ല ജീവിതം' എന്ന റസ്സലിന്റെ വാക്കുകളോടാണ് കുറ്റിപ്പുഴക്ക് യോജിപ്പ്. മനുഷ്യസമുദായത്തോളം പഴക്കമുള്ള ഐതിഹ്യങ്ങൾ വിനോദങ്ങൾക്കപ്പുറം ചരിത്രത്തിന്റെ വില കല്പിക്കുന്നതിനോട് കുറ്റിപ്പുഴ യോജിക്കുന്നില്ല. വാസ്തവികാംശം കുറഞ്ഞ് കാല്പനികാംശം കൂടിയും ഇരിക്കുന്ന ഇതിൽ സത്യസ്ഥിതി നന്നേ കുറവായിരിക്കും. ചില ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങൾ ക്ഷിപ്ര വിശ്വാസികളെ മതപരമായ കാടുകയറ്റത്തിന് ഇടയാക്കുമെന്ന് കുറ്റിപ്പുഴ പറയുന്നു. സംസ്കൃതത്തിൽ 'വടയേക്ഷ ന്യായം' എന്നൊരു ന്യായം തന്നെ ഇതിനെ അവലംബിച്ചുണ്ടായതായി കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. വേദപ്രാമാണ്യത്തെ നിഷേധിച്ച ബൗദ്ധദർശനം കാലാന്തരത്തിൽ ദുർഗ്രഹങ്ങളും വാദജടിലങ്ങളുമായ വ്യാഖ്യാനങ്ങൾകൊണ്ട് അധഃപതിച്ചതിൽ കുറ്റിപ്പുഴ ആത്മാർത്ഥമായി പരിതപിക്കുന്നു. ജീവിത ദുഃഖനിവൃത്തിക്ക് ബുദ്ധൻ നൽകിയ സന്ദേശങ്ങൾ പാമരന്മാർക്ക് പോലും സുഗ്രാഹ്യമായിരുന്നു. സ്വതന്ത്രചിന്ത കൊണ്ടും ബുദ്ധിപരമായ സത്യസന്ധതകൊണ്ടും ബുദ്ധൻ മറ്റ് മതസ്ഥാപകരിൽനിന്നും വ്യത്യസ്തനായിരുന്നു. ഈശ്വരൻ, ആത്മാവ് മുതലായ വിഷയങ്ങളിൽ തനിക്ക് നിശ്ചയമില്ലെന്നാണ് ശിഷ്യരുടെ സംശയത്തിന് നൽകിയ മറുപടി. തൃഷ്ണയെ നശിപ്പിച്ചാലേ ദു:ഖമോചനമുണ്ടാകൂ എന്നും ശീലം, സമാധി എന്നീ രണ്ട് മാർഗ്ഗങ്ങളിലൂടെ അത് സാധിക്കാമെന്നുള്ള കണ്ടെത്തലുകൾ, സ്വാനുഭവത്തിൽ നിന്ന് മന:ശാസ്ത്രപരമായ പദ്ധതിയിൽകൂടിയാണ് ബുദ്ധൻ ജീവിത പഠനം നടത്തിയതെന്ന് കുറ്റിപ്പുഴ പറയുന്നു. അനുയായികൾ കെട്ടിപ്പടുത്ത മതസിദ്ധാന്തങ്ങളിൽ ആത്മാവും ദൈവവും കാടും പടലും കൊണ്ടുണ്ടായ വിശ്വാസ തണലിലാണ് ഇന്നത്തെ ബുദ്ധമതം ജീവിക്കുന്നതെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു.

മതത്തിനും തത്ത്വശാസ്ത്രത്തിനും മനുഷ്യന്റെ നീതിബോധവുമായി നേരിട്ടൊരു ബന്ധവുമില്ലെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു. ഭൗതികവാദത്തിന് സദാചാരപരമായ നന്മ പുലർത്തുവാൻ കഴിയില്ല എന്ന ജയപ്രകാശ് നാരായണന്റെ കത്തിന് മറുപടി പറയുകയാണദ്ദേഹം. പാരമ്പര്യത്തിന്റേയും പരിതഃസ്ഥിതിയുടേയും സന്താനമാണ് മനുഷ്യൻ. മനുഷ്യ പ്രകൃതത്തിലെ സദ്, ദുർഗുണങ്ങളെ തളർത്തുകയും വളർത്തുകയും ചെയ്യുന്നത് പരിസ്ഥിതിയാണെന്ന് കുറ്റിപ്പുഴ വാദിക്കുന്നു. നീതി ബോധത്തിന്റെ അടിസ്ഥാനം സാമൂഹികതയാണ്. മതവും തത്ത്വശാസ്ത്രവും ഉണ്ടാകുന്നതിനുമുമ്പും മനുഷ്യനിൽ നീതിബോധം അങ്കുരിച്ചിരുന്നുവെന്ന് കുറ്റിപ്പുഴ പറയുന്നു. മനുഷ്യൻ നന്നാകുന്നതിന് ഒന്നാമതായി വേണ്ടത് സാമൂഹ്യ പരിവർത്തനമാണ്. അതിനെ ഏറെ സഹായിച്ചതും പ്രേരണ നൽകിയതും വിശേഷിച്ച് മാർക്സിന്റെ ഭൗതികവാദമാണെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. ഭൂതകാലത്തിലായിരുന്നു സത്യധർമ്മാദികൾ പുലർന്നിരുന്നതെന്നും ഇക്കാലം കളവും വഞ്ചനയും കൊലപാതകവും തുടങ്ങിയ ദുർവൃത്തികളുടെ കൂത്തരങ്ങായെന്നുമുള്ള വിശ്വാസത്തെ ചരിത്രപരമായ തെളിവുകൾ നിരത്തി കുറ്റിപ്പുഴ ഖണ്ഡിക്കുന്നു. മനുഷ്യ ജീവിതം ധർമ്മ മാർഗ്ഗാവലംബനം കൊണ്ട് അധികമധികം ശുദ്ധീകൃതവും വികസിതവുമാകയാണെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നു. അടിമക്കച്ചവടവും മതപരമായ കൂട്ടക്കൊലയും, യുദ്ധവും, ഭൂരിപക്ഷ ചൂഷണവും, നാട് വാഴിത്തവും, രാജവാഴ്ചയും ജനശക്തിയാൽ നിലംപതിച്ച ഈ കാലമല്ലേ യഥാർത്ഥ ധർമ്മം പുലരുന്നതെന്ന് കുറ്റിപ്പുഴ ചോദിക്കുന്നു. ലോകത്തിന് ശാന്തിയും സ്നേഹവും വിജ്ഞാനവും പ്രദാനം ചെയ്യുന്നവരിലേ ഇന്ന് മഹത്വം കല്പിക്കുന്നുള്ളൂ. മുത്തശ്ശി മനസ്സിന്റെ ഇരുട്ടറയിൽ നിന്ന് വെളിച്ചത്തുവരുവാൻ കുറ്റിപ്പുഴ നമ്മെ പ്രേരിപ്പിക്കുന്നു. ഭാരതീയ ചിന്താമണ്ഡലത്തിൽ അണുതത്ത്വ ചിന്ത അവതരിപ്പിച്ച കണാദനെയാണ് ആദ്യത്തെ ഭൗതിക വാദിയായി കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. ആയതിനാൽ തന്നെ കണാദ സിദ്ധാന്തം നാസ്തിക ദർശനവുമാണ്. ഇക്കാണായ പ്രപഞ്ചം പരമാണു സംഘടിതമാണെന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. കണാദന്റെ പരമാണു സ്ഥൂല ദൃഷ്ടിക്ക് അദൃശ്യവും ക്ഷേത്രഗണിതത്തിലെ ബിന്ദുപോലെ സങ്കല്പ നിഷ്ടവുമാണെന്ന് കുറ്റിപ്പുഴ പറയുന്നു. പരമാണുക്കൾ ദ്വ്യണു കത്ര്യണു കാദിരൂപേണ സംഘടിച്ച് ജഗത്തായി പരിണമിക്കുന്നുവെന്ന വാദം ശാസ്ത്രത്തിന്റെ നിഗമനങ്ങളോട് യോജിക്കുന്നതാണെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. യവന തത്ത്വചിന്തകനായ ഡമോക്രീറ്റസും ഇത്തരം ഒരു അണുസിദ്ധാന്തം കൊണ്ടുവന്നു എന്നത് വിചിന്തനീയമാണ്.

അവികലമായ വാദരീതി പഠിപ്പും പരിശീലനവും സിദ്ധിച്ചവരെപ്പോലും വഴിപിഴപ്പിക്കാറുണ്ടെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. തർക്കിക്കുക എന്നത്

ബുദ്ധികൊണ്ടുള്ള ഒരുതരം ഗുസ്തിപിടിക്കലത്രേ. ഇതിന് വിചാരപരമായ പരിശീലനവും വിഷയ ജ്ഞാനവും വേണം. ഏത് വാദവും അതിന്റെ പരകോടിയിലേക്ക് വലിച്ച് നീട്ടിയാൽ അത് അബദ്ധമായി ഭവിക്കുമെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. ഇവിടെ ബുദ്ധൻ സ്വീകരിച്ച മധ്യമമാർഗ്ഗമായിരിക്കും ഉത്തമമെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. കൃത്രിമമായ ന്യായീകരണവും, ഏകപക്ഷീയതയും വാദവൈകല്യങ്ങളായി അദ്ദേഹം വിശേഷിപ്പിക്കുന്നു. എല്ലാ വാദങ്ങൾക്കും ആസ്പദമായ യുക്തിപ്രദർശനത്തെ കുറ്റിപ്പുഴ ഒരു കലയായാണ് കാണുന്നത്. രാഷ്ട്രതന്ത്രജ്ഞത പ്രചാരണത്തിന്റെ പിറകേ തിരിഞ്ഞതോടെ സത്യപ്രകാശം അസാദ്ധ്യമായി തീർന്നിരിക്കുന്നു. പ്രചാരണം മനോഹരമായ ഒരു കലയാക്കി തീർത്തത് കമ്മ്യൂണിസ്റ്റ് റഷ്യയാണ്. എന്നാൽ അതിന്റെ ദുഷിച്ച സമ്പ്രദായത്തെ ഏതിർചേരി ഉയർത്തിപ്പിടിക്കാൻ തുടങ്ങിയതോടെ പൊതുവഞ്ചനക്ക് വിശ്വവ്യാപക പ്രതിഷ്ഠ ലഭിച്ചുവെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. ഇത്തരം രാഷ്ട്രങ്ങളിലെ മികച്ച ഗ്രന്ഥകാരന്മാർ കൂടി ഇതിന്റെ ചേരിയിൽപെട്ട് ദുഷിച്ച് പോയിരിക്കുന്നു. മുടന്തൻ നുണകളെ താങ്ങുകൊടുത്ത് ഉയർത്തിനിർത്തുമ്പോൾ എല്ലാം കൂടി തട്ടിത്തകർന്ന് താഴെ വീണാലോ എന്ന കുറ്റിപ്പുഴയുടെ ആശങ്ക, ഒരു പക്ഷേ സോവിയറ്റ് യൂണിയന്റെ തകർച്ചയെ മുൻകൂട്ടി കണ്ടിരുന്നിരിക്കാം.

അവിശ്വാസം, വഞ്ചന, ഭീത്യാശങ്കകൾ ഇവ വളർത്തി രാഷ്ട്രങ്ങളേയും ജനങ്ങളേയും ദ്രോഹിക്കുന്ന ചാരവൃത്തിയുടെ ദൂഷിതമുഖങ്ങൾ കുറ്റിപ്പുഴ അനാവരണം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ആധുനിക കാലത്തെന്ന പോലെ ചരിത്രത്തിന്റെ പ്രാചീനകാലത്തുതന്നെ ഭരണാധികാരികൾ ഇതിന് ശ്രമിക്കുന്നുവെന്ന് ചാണക്യന്റേയും മൗര്യ സാമ്രാജ്യത്തിന്റേയും പരാമർശത്തിലൂടെ കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു. പരിഷ്കൃത ഗവൺമെന്റുകൾ സംഘടിത രൂപത്തിൽ ഇതിനെ ഊട്ടിവളർത്തുന്നതിനെ കുറ്റിപ്പുഴ അപലപിക്കുന്നു. സൗഹാർദ്ദത്തിലും സാഹോദര്യത്തിലും രാഷ്ട്രങ്ങൾ ചരടിൽ കോർത്ത പുഷ്പങ്ങളെ പോലെ ഏകലോകമായി തീരുന്ന കാലത്ത് മാത്രമേ ഇതിനൊരു മോചനമുണ്ടാകൂ എന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു. വേണ്ടവിധം നിയന്ത്രിച്ചില്ലെങ്കിൽ ധനശക്തിയും അധികാര ശക്തിയും മനുഷ്യ ജീവിതത്തെ എത്രമാത്രം ദുഷ്കരമാക്കിതീർക്കുമെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു. മർദ്ദനത്തിന്റേയും ചൂഷണത്തിന്റേയും ഉപകരണങ്ങളാണ് രണ്ടും. മുതലാളിത്ത രാജ്യങ്ങളിൽ ധനശക്തിയാണ് മനുഷ്യനെ ഭരിക്കുന്നത്. ഉൽക്കടമായ സാമ്പത്തിക ഭീതി ദരിദ്രനേയും സമ്പന്നനേയും ഒരു പോലെ വലക്കുന്നുവെന്ന് കുറ്റിപ്പുഴ പറയുന്നു. ദാരിദ്ര്യം നീങ്ങിയതുകൊണ്ടായില്ല, സാമ്പത്തിക ഭീതി ഇല്ലാതായി ജീവിത സുരക്ഷിതത്വം വന്ന് ചേർന്നാലേ മനുഷ്യ സ്വഭാവം നന്നാകൂ എന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. ധനശക്തി കേന്ദ്രീകരിക്കുന്നതിന്റെ ദോഷഫലങ്ങൾ കണ്ട കാറൽ മാർക്സ് അധികാര

ശക്തിയെ കാണാതെ പോയെന്ന് കുറ്റിപ്പുഴ ചൂണ്ടിക്കാണിക്കുന്നു. ഈ സത്യം തിരിച്ചറിഞ്ഞത് മഹാത്മഗാന്ധിയാണെന്നും അദ്ദേഹത്തിന്റെ ഗ്രാമസ്വരാജ് ഇതിനുള്ള പോംവഴിയാണെന്നും കുറ്റിപ്പുഴ തിരിച്ചറിയുന്നു.

**മാനസോല്ലാസം (1963)**

കോട്ടയം നാഷണൽ ബുക്ക് സ്റ്റാൾ പ്രസിദ്ധീകരിച്ച ഉപന്യാസങ്ങളുടെ സമാഹരമാണ് മാനസോല്ലാസം. സാമൂഹികവിമർശനത്തിന്റെ പുത്തൻ മേഖലകളിലേക്ക് ഈ ഗ്രന്ഥം വിരൽ ചൂണ്ടുന്നു. സാഹിത്യരംഗം ദുഷിക്കുന്നത് മനുഷ്യ മനസ്സുകളേയും ദുഷിപ്പിക്കുമെന്ന് തെളിയിക്കുന്നു. സാഹിത്യ നിരൂപകനുണ്ടാകേണ്ട ഗുണഗണങ്ങളെ പരിശോധിക്കുക കൂടി ചെയ്യുന്നുണ്ട് 'മാനസോല്ലാസം'. ഗ്രന്ഥങ്ങൾ മനസ്സിന്റെ ആഹാരമെന്നാണ് കുറ്റിപ്പുഴ വിശേഷിപ്പിച്ചിരിക്കുന്നത്. അതിന്റെ ആരോഗ്യത്തിനുപകരിക്കുന്ന നല്ല ഗ്രന്ഥങ്ങളെ പ്രദാനം ചെയ്യുവാൻ ഗ്രന്ഥശാലകൾക്ക് കഴിയണം. പഴയതെന്ന് കരുതി നമ്മുടെ സാഹിത്യ സമ്പത്തുകളെ മാറ്റിനിർത്തിയിട്ട് മനസ്സിൽ കറുപ്പും കഞ്ചാവും നിറക്കുന്ന അപസർപ്പക ഗ്രന്ഥങ്ങളെ വാങ്ങിക്കൂട്ടുന്നതിനോട് കുറ്റിപ്പുഴക്ക് യോജിപ്പില്ല. ശാസ്ത്ര ഗന്ഥങ്ങൾക്ക് നമ്മുടെ സമൂഹത്തിൽ പരിവർത്തനങ്ങൾ വരുത്തുവാൻ കഴിയുമെന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു. ഉൽകൃഷ്ടമായ ഗ്രന്ഥങ്ങൾ നൽകി സമൂഹത്തെ സമുദ്ധരിക്കാനുള്ള പങ്ക് ഗ്രന്ഥശാലകൾക്കുണ്ടെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുകയാണ്. ബ്രാഹ്മണ പൗരോഹിത്യം പ്രചരിപ്പിച്ച മിഥ്യാചാരമാണ് ഗ്രന്ഥപൂജയെന്ന് അദ്ദേഹം പറയുന്നു. ജനങ്ങളുടെ ജ്ഞാന തൃഷ്ണ ശമിക്കാൻ അദ്ധ്യായനത്തിന് പകരം ആരാധന മതിയെന്ന് ഇവർ നിശ്ചയിച്ചു. ഇത് വിജ്ഞാന വികാസത്തേയും അന്വേഷണ ബുദ്ധിയേയും അടിച്ചമർത്തുകയാണുണ്ടായത്. കാലം ചെലുന്തോറും ഏത് ഗ്രന്ഥവും തിരുത്തിയെഴുതേണ്ടി വന്നേക്കാമെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. വൈദിക കാലത്തെ ആര്യന്മാരുടെ അറിവിനെക്കാൾ ഇന്ന് വിജ്ഞാനമണ്ഡലം വികസിച്ചിരിക്കുന്നു. ഏത് ഗ്രന്ഥവും നമ്മുടെ അറിവിന്റേയും അനുഭവത്തിന്റേയും വെളിച്ചെത്തിൽ, തള്ളേണ്ടത് തള്ളാനും കൊള്ളേണ്ടത് കൊള്ളാനും ശീലിക്കണമെന്ന് കുറ്റിപ്പുഴ ഉപദേശിക്കുന്നു.

ജീവിതത്തിൽ ബോധത്തെക്കാൾ ശീലത്തിന് പ്രാധാന്യമുണ്ടെന്ന് ശുചിത്വത്തെ മുൻനിർത്തി കുറ്റിപ്പുഴ തെളിയിക്കുന്നു. ആചരണമാണ് ശീലമായിത്തീരുന്നത്. പഠിപ്പും ബോധവുമുള്ളവർപോലും പരിസര ശുചീകരണത്തിൽ കാണിക്കുന്ന അശ്രദ്ധ ശീലത്തിന്റെ അഭാവം തന്നെ. വ്യക്തി ജീവിതത്തിന് ആവശ്യമില്ലാത്ത പലതും സാമൂഹ്യ ജീവിതത്തിന് വേണ്ടിവരുമെന്ന് കുറ്റിപ്പുഴ ഉപദേശിക്കുന്നു. രാഷ്ട്രം എന്നതിനുപരി ദേശനാമങ്ങളിലും

മതനാമങ്ങളുടേയും പേരിലറിയാൻ ഇഷ്ടപ്പെടുന്ന ഇൻഡ്യയിൽ ദേശീയത യെന്നൊന്ന് യാഥാർത്ഥ്യമായിട്ടുണ്ടോ എന്ന് കുറ്റിപ്പുഴ സംശയിക്കുന്നു. നാനാത്വം പയറ്റിലും ഏകത്വം ഏട്ടിലുമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു. ആ സേതുഹിമാചലം സാംസ്കാരിക ഐക്യം പുലർത്താൻ ശ്രമിച്ച ബുദ്ധനും ചാതുർവണ്ണ്യത്തിലൊലിച്ചുപോയി. രാഷ്ട്രീയൈക്യത്തിന് ശ്രമിച്ച അശോകനും അക്ബറിനും ഇത് തന്നെയായിരുന്നു ഗതി. രാമായണ മഹാ ഭാരതാദികൾ പോലും വർണ്ണ വിവേചനത്തെയാണ് ഉയർത്തിപ്പിടിക്കുന്നതെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. ജാതി മത ഉച്ച നീചാവസ്ഥകൾക്ക് ശമനമുണ്ടാകാതെ, ജനങ്ങൾ ആഹാരത്തിനും വസ്ത്രത്തിനും രോഗശാന്തിക്കും നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ നടത്തുന്ന ദേശീയോദ്ഗ്രഥന പ്രസംഗങ്ങളെ ഉച്ചഭ്രാന്തായാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. നേരത്തേ വിവാഹം കഴിക്കുകയും നേരത്തേ മരിക്കുകയും ചെയ്യുക എന്നതാണ് ഒരു ശരാശരി ഇന്ത്യാക്കാരന്റെ മുദ്രാവാക്യമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ദാരിദ്ര്യത്തിന്റെ നടുവിലും യാതൊരു നിയന്ത്രണവുമില്ലാതെ സന്താനോല്പാദനം നടത്തുന്നത് കുടുംബത്തിന് മാത്രമല്ല രാഷ്ട്രത്തിനും എത്രമാത്രം ദോഷകരമാണെന്നും ഓർമ്മിപ്പിക്കുന്നു. കാർഷികോല്പാദനം പരകോടിയി ലെത്തിയാൽ അതിന്റെ ഗതി കീഴോട്ടാകുമെന്നും ജനപ്പെരുപ്പവുമായി ഇത് പൊരുത്തപ്പെട്ടില്ലെങ്കിലുമുണ്ടാകുന്ന അപകടത്തേയും അദ്ദേഹം സൂചിപ്പിക്കുന്നു. ഇക്കാര്യത്തിൽ ജപ്പാൻ സ്വീകരിച്ച മാതൃകയെ കുറ്റിപ്പുഴ അഭിനന്ദിക്കുകയും ചെയ്യുന്നു.

മഹാത്മാഗാന്ധി ആവിഷ്ക്കരിച്ച സത്യഗ്രഹ സമരമുറ സമരപ്പട്ടിണി യുദ്ധമായി പിൽക്കാലത്ത് പരിണമിച്ചിരിക്കുന്നുവെന്നാണ് കുറ്റിപ്പുഴയുടെ മതം. സത്യഗ്രഹത്തിന്റെ സത്യം അന്വേഷിക്കുന്ന കുറ്റിപ്പുഴ നിരാഹാരമെന്ന പേരേ അതിന് ചേരൂ എന്ന നിഗമനത്തിലാണ്. എതിരാളിയെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്ന ഈ മാനസിക ബലപ്രയോഗവും ഒരു ഹിംസ തന്നെയാണെന്ന് അദ്ദേഹം തെളിയിക്കുന്നു. പീഡാനുഭവം സ്വയം ഏറ്റെടുത്ത് രസിക്കുകയും അന്യരെ വിഷമിപ്പിക്കുകയും ചെയ്യുന്ന 'മാസോക്കിസം' ഗാന്ധിജിയിലും വിലീനമായിരുന്നുവെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു. മതപരമായ മയക്ക്വിദ്യകൾ ഉപയോഗിക്കാതെ ഒരു വലിയ ജനതയുമായി ഇണങ്ങിചേർന്ന് അവരെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ കഴിഞ്ഞ ആദിഗുരുവാണ് ചൈനയിലെ കൺഫ്യൂഷ്യസ് എന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. ദൈവസിദ്ധാന്തങ്ങളെക്കാൾ നൈതിക മൂല്യങ്ങൾക്കാണ് സർവ്വോപരി അദ്ദേഹം വിലകല്പിക്കുന്നത്. എന്നാൽ സാങ്കേതികാർത്ഥത്തിൽ അദ്ദേഹം ഒരു സിദ്ധാന്തവും ആവിഷ്ക്കരിച്ചിട്ടില്ലെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. മനുഷ്യത്വം അതിന്റെ ഏറ്റവും നല്ല നിലയിൽ എന്നതായിരുന്നു അദ്ദേഹത്തിന്റെ പരമലക്ഷ്യം. സ്വഭാവ മഹിമയാണ്

അദ്ദേഹത്തിന്റെ ജീവിത വിജയമുദ്ര. കൺഫ്യൂഷ്യസിന്റെ ആപ്തവാക്യങ്ങളാൽ, ഭാവത്തിലും രൂപത്തിലും മെനഞ്ഞെടുത്തതാണ് ചീനാ ജീവിതം. ഒരു വിപ്ലവത്തിനും അതിന്റെ വേരറുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് കുറ്റിപ്പുഴ പറയുന്നു.

മതപുരോഹിതനായിരിക്കുകയും ചിന്താസ്വാതന്ത്ര്യത്തിന്റെ ദീപസ്തംഭം നാട്ടുകയും ചെയ്ത അബിലാർഡിനെ ആരാധനയോടെയാണ് കുറ്റിപ്പുഴ കാണുന്നത്. മദ്ധ്യകാലഘട്ടത്തിൽ, ഫ്രാൻസിൽ ഒരു വശത്ത് തത്വജ്ഞാനവും മറുവശത്ത് പ്രണയവും നടുക്ക് പൗരോഹിത്യവും തുന്നിപ്പിടിപ്പിച്ച ഇത്തരമൊരാളെ കാണാൻ കഴിയില്ലെന്ന് അദ്ദേഹം പറയുന്നു. മതകാര്യങ്ങളിലും യുക്തിവാദമനോഭാവം പ്രകടിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. ഫ്രാൻസിന്റെ ആരാധ്യ പുരുഷനായി തീർന്നതിനാലും ബഹുശതം ശിഷ്യഗണങ്ങളുള്ളതിനാലും മതത്തിന്റെ ശിക്ഷകളിൽ നിന്ന് ഇളവ് ലഭിക്കുകയുണ്ടായി. അബിലാർഡിന്റെ കൃതികളാണ് ഫ്രാൻസിലെ സർവ്വകലാ ശാലകളിൽ സ്വതന്ത്രചർച്ചാ പദ്ധതിക്ക് വഴിതെളിക്കയുണ്ടായത്. ദൂരവ്യാപകമായ വിചാര വിപ്ലവത്തിന്റെ കർത്താവായാണ് അബിലാർഡിനെ കുറ്റിപ്പുഴ കാണാനാഗ്രഹിക്കുന്നത്. ജീവിതത്തെ ആത്മീയം, ഭൗതികം എന്ന് തരം തിരിക്കുന്നതും, ആത്മീയ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നതും പൊള്ളത്തരമാണെന്ന് കുറ്റിപ്പുഴ തുറന്നുകാട്ടുന്നു. ഭൗതികത്വത്തിൽ നിന്ന് അഥവാ ശരീരത്തിൽ നിന്ന് വേറിട്ട് ഒരാത്മാവുണ്ട് എന്നത് സങ്കല്പമല്ലാതെ ശാസ്ത്രീയമായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അദ്ദേഹം വാദിക്കുന്നു. പ്രപഞ്ചബന്ധപരിത്യാഗം ഈ നാടിന് ഒരു ഗുണവും ചെയ്തില്ലായെന്നും തെളിയിക്കുന്നു. പാശ്ചാത്യ രാഷ്ട്രങ്ങൾ സത്യം, നീതി, ധർമ്മം എന്നിവ പരിപാലിക്കുന്നതിൽ ആത്മീയ വാദികളായ നമ്മെക്കാൾ മുന്നിലാണെന്ന് കുറ്റിപ്പുഴ ചൂണ്ടിക്കാണിക്കുന്നു.

ആർഷഭാരതത്തിന്റെ ബാക്കിപത്രങ്ങളായാണ് ശ്രീരാമകൃഷ്ണ പരമഹംസനേയും സ്വാമി വിവേകാനന്ദനേയും കുറ്റിപ്പുഴ ചിത്രീകരിക്കുന്നത്. ദുർഗ്രഹങ്ങളായ വേദാന്ത തത്വങ്ങളെ നിത്യ പരിചിതങ്ങളാക്കി ലളിതമായി പഠിപ്പക്കുന്നതിൽ ശ്രീരാമകൃഷ്ണന് പ്രത്യേക കഴിവുണ്ടായിരുന്നു. വിവേകാനന്ദൻ ഗുരുവുമായി ചേരുന്നതുവരെ വേദാന്തചിന്തയിൽ വിശ്വസിച്ചിരുന്നില്ല. ജാതി കോമരങ്ങൾ ഉറഞ്ഞു തുള്ളിയിരുന്ന കേരളത്തെ ഭ്രാന്താലയം എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. ചിക്കാഗോ പ്രസംഗത്തിനുശേഷം ലോക പ്രസിദ്ധനായ വിവേകാനന്ദൻ നിരവധി ശിഷ്യന്മാരും ശ്രീരാമകൃഷ്ണമിഷൻ എന്ന സ്ഥാപനവും ആരംഭിച്ചു. ഇതര മഠങ്ങളിൽ നിന്ന് വ്യത്യസ്തമായി തീർന്നിരിക്കുന്നു ഇതെന്ന് കുറ്റിപ്പുഴ പരാമർശിക്കുന്നു. വിജ്ഞാനത്തിന്റെ വികാരവത്കരണം വഴി തത്വചിന്ത സാഹിത്യത്തിലേക്ക് കടക്കുന്നുവെന്നാണ് കുറ്റിപ്പുഴയുടെ മതം. ജീവിതമാണ്

സാഹിത്യവും തത്ത്വചിന്തയും പ്രധാനമായി കൈകാര്യം ചെയ്യുന്നത്. ചിന്തയുടെ കളിയാട്ടം കൂടുതലായി കാണുന്നത് കവിതയിലാണെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. വികാരം, വിചാരം, ഭാവന ഇവ മൂന്നും സമുചിതമായി സമ്മേളിച്ചാലേ ഉത്തമ കവിത സംജാതമാകയുള്ളൂ. കവിതയിൽ തത്ത്വചിന്ത മാത്രമായാൽ അതിനെ ഒരു കാരികകളുടെ സമാഹാരമായേ കുറ്റിപ്പുഴ കാണുന്നുള്ളൂ. ഭാവാർദ്രമായ ഹൃദയതലത്തിൽ വന്നുവീഴുന്ന തത്ത്വബീജങ്ങൾ എങ്ങനെ മുളച്ചുപൊന്തുന്നുവെന്ന് ആശാന്റേയും വള്ളത്തോളിന്റേയും കവിതയിലൂടെ നമുക്ക് കാട്ടിത്തരുന്നു. വിശ്വമഹാകവികളെന്നുവേണ്ട നമ്മുടെ പുരാണേതിഹാസങ്ങൾ തന്നെ തത്ത്വചിന്ത മാറ്റിനിർത്തി പരിശോധിച്ചാൽ അതിന്റെ അന്തസ്സിന് എത്രമാത്രം ഉടവ് തട്ടാമെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. ക്രാന്തദർശിയായ ഒരു കവി തത്ത്വചിന്തകനുമായിരിക്കണമെന്ന പ്രമാണത്തെ കുറ്റിപ്പുഴ അംഗീകരിക്കുകയാണ്.

ഉത്തമനായ ഒരു നിരൂപകൻ പണ്ഡിതനായിരുന്നാൽ മാത്രം പോരെന്നും നല്ലൊരു സഹൃദയൻ കൂടിയായിരിക്കണമെന്നും കുറ്റിപ്പുഴ പറയുന്നു. യുക്തി യുക്തമായി ചിന്തിക്കുവാനും കഴിയുന്നതും ശാസ്ത്രീയ മനഃസ്ഥിതിയോടെ നിഷ്പക്ഷമായി കാര്യങ്ങളെ നോക്കികാണാനും കഴിയണം. നിഷ്പക്ഷ നിരൂപണം എന്നൊന്നില്ലെന്ന് വാദിക്കുന്നത് ഒരു തരം തലനാര് കീറലായാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. "ഗുണമുള്ളിടത്ത് അത് കാണാതിരിക്കുക, ദോഷമില്ലാത്തിടത്ത് അത് കാണുക, നേരേ മറിച്ചും പ്രവർത്തിക്കുക എന്ന് വരുമ്പോൾ നിരൂപണം പക്ഷപാത ജടിലമാകും"[23] എന്നത്രേ കുറ്റിപ്പുഴയുടെ പക്ഷം. ഇതര വൈജ്ഞാനിക മേഖലകളെക്കുറിച്ചും നിരൂപകന് ധാരണയുണ്ടായിരിക്കണം. മാർദ്ദവം, ആർജ്ജവം എന്ന രണ്ട് ഗുണങ്ങൾ നിരൂപകന് വേണമെന്നും ഡോക്ടർ ജോൺസണും മുണ്ടശ്ശേരിക്കും രണ്ടാമത്തെ ഗുണം വേണ്ടുവോളമുണ്ടെന്നും അദ്ദേഹം കണ്ടെത്തുന്നു. സാഹിത്യത്തിന്റെ നിലനില്പിനും വികാസത്തിനും നിരൂപണം കൂടിയേ കഴിയൂ എന്ന അഭിപ്രായക്കാരനാണ് കുറ്റിപ്പുഴ. ഏതർത്ഥത്തിലും തികച്ചും രമണീയമായിരുന്നു എം.പി. പോളിന്റെ ജീവിതവും സാഹിത്യവുമെന്ന് കുറ്റിപ്പുഴ അനുസ്മരിക്കുന്നുണ്ട്. പരിപക്വമായ വിജ്ഞാനവും സമുൽകൃഷ്ടമായ സംസ്കാരവും കൈകോർത്ത് പിടിച്ച വ്യക്തിത്വ ജീവിതത്തെ സമഗ്രമായി വീക്ഷിക്കുന്ന ദർശകൻ, ഉൽപതിഷ്ണുത്വവും സ്വതന്ത്രചിന്തയും ശാസ്ത്ര മനോഭാവവും വെച്ചുപുലർത്തുന്ന പുരോഗമനാശയൻ എന്നീ നിലകളിൽ സാസ്കാരിക പ്രഭ വിതറിയ പോൾ കുറ്റിപ്പുഴയുടെ ഓർമ്മകളിൽ തെളിമയാർന്ന് നിൽക്കുന്നുണ്ട്.

**മനനമണ്ഡലം (1965)**

കോട്ടയം നാഷണൽ ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച ലേഖന സമാഹാരമാണ്

മനനമണ്ഡലം. ചിന്തോദ്ദീപകങ്ങളാണ് ഇതിലെ ലേഖനങ്ങളിലേറെയും. പ്രാചീന യവനതത്ത്വ ചിന്തയിലൂടെ പ്രപഞ്ച വീക്ഷണം വിശകലനം ചെയ്യുന്ന കുറ്റിപ്പുഴ പ്രാചീന ഭൗതികവാദത്തിന്റെ അലകും പിടിയും പരിശോധിക്കുക കൂടിയാണ്. ഭാരത ജനതയെ ബ്രാഹ്മണ മേധാവിത്വവും ചാതുർവർണ്ണ്യവും അടിമപ്പെടുത്തി ഭരിക്കുന്ന ചിത്രവും മനനമണ്ഡലത്തിൽ കാണാം. പ്രാചീന യവന തത്ത്വജ്ഞാനികളിൽ എപ്പിക്യൂറസിന്റെ ഭൗതിക വാദത്തെ കുറ്റിപ്പുഴ പഠനവിഷയമാക്കുന്നുണ്ട്. പ്രപഞ്ചത്തെ, അണ്വാത്മകമായും വസ്തു സംഘാതവും അന്തരീക്ഷവും കൂടി ചേർന്നായും അനന്തവുമായി കണ്ടു. പ്രത്യക്ഷജ്ഞാനത്തെ അദ്ദേഹം പ്രമാണമായി സ്വീകരിച്ചു. പ്രപഞ്ചത്തിന്റെ പ്രവർത്തനങ്ങൾക്ക് ബാഹ്യമായ ഒരു ശക്തിയുടേയും ആവശ്യമില്ലെന്നും അദ്ദേഹം സ്ഥാപിച്ചതായി കുറ്റിപ്പുഴ കണ്ടെത്തുന്നു. ഐന്ദ്രികാനുഭൂതിയെയാണ് നന്മതിന്മകളുടെ മാനദണ്ഡമായി എപ്പിക്യൂറസ് കണ്ടത്. ഡെമോക്രീറ്റസിന്റെ അണു സിദ്ധാന്തം എപ്പിക്യൂറസിന് പ്രചോദനം നൽകിയിട്ടുണ്ടെന്നും മനുഷ്യനെ വിഭ്രമിപ്പിക്കുന്ന ദൈവഭീതിയും മരണഭീതിയും നീക്കം ചെയ്യുക എന്നതായിരുന്നു എപ്പിക്യൂറസിന്റെ ഉദ്ദേശമെന്നും കുറ്റിപ്പുഴ സ്ഥിരീകരിക്കുന്നു. ശാസ്ത്രബുദ്ധിയും കലാഹൃദയവും ഒന്നിച്ച ഒരു വ്യക്തിത്വമായാണ് അദ്ദേഹം നെഹ്റുവിനെ കാണുന്നത്. നെഹ്റു വെച്ചുപുലർത്തിയ നിർമതത്വത്തെ മതേതരത്വത്തിൽ നിന്നും ഉന്നതമായ ഒരു സ്ഥാനത്തിൽ അദ്ദേഹം സ്വീകരിക്കുന്നു. മതത്തിൽ കൂടെ ഉറങ്ങുകയും ഉണരുകയും ചെയ്തിരുന്ന ഒരു രാജ്യത്തിന്റെ ഭരണാധികാരി ഇങ്ങനെ ചിന്തിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു എന്നതാണ് മറ്റൊരു സവിശേഷതയായി കുറ്റിപ്പുഴ കാണുന്നത്. സ്വതന്ത്ര ചിന്തയും വിശാലമായ ശാസ്ത്രീയ വീക്ഷണവും സർവ്വമാനവ സാഹോദര്യത്തിലേക്ക് നയിച്ചു. അണക്കെട്ടുകളും വ്യവസായശാലകളുമായിരുന്നു അദ്ദേഹത്തിന്റെ പുണ്യസ്ഥലങ്ങളെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. കറതീർന്ന ചരിത്ര ബോധത്തിന്റേയും യുക്തിയുക്തമായ സ്വതന്ത്ര ചിന്തയുടേയും ഫലമാണ് അദ്ദേഹത്തിലെ നിർമതത്വമെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. നെഹ്റുവിൽ അഭിനവ ബുദ്ധനെ ദർശിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. ജീവിത ചിന്തയിൽ രണ്ട് പേരും ആശയ സാദൃശ്യമുള്ളതായി കുറ്റിപ്പുഴ കണ്ടെത്തുന്നു. ഇന്ത്യയിൽ സാമഹ്യവിപ്ലവം സൃഷ്ടിച്ച ചിന്തകനാണ് ബുദ്ധനെന്ന് നെഹ്റു പറയുമ്പോൾ, നൂറ്റാണ്ടിന്റെ വിചാര ലോകത്തിൽ വിപ്ലവം സൃഷ്ടിച്ച മഹാനായാണ് കുറ്റിപ്പുഴ നെഹ്റുവിനെ കാണുന്നത്. മതകാര്യങ്ങളിൽ രണ്ടുപേരും ബുദ്ധിപരമായ സത്യസന്ധത പുലർത്തിയപ്പോൾ, അറിവിന്റെ പരിധിക്കപ്പുറമുള്ള വിഷയങ്ങളിൽ താൻ വിശ്വസിക്കുന്നില്ലെന്ന് നെഹ്റു ഒരു പടി കൂടി കടന്ന് പറയുന്നു. ബുദ്ധന്റെ ശീലം, സമാധി എന്നീ മാർഗ്ഗങ്ങളെ നെഹ്റുവിന്റെ പഞ്ചശീലതത്ത്വങ്ങളുമായി കൂട്ടിവായിക്കാനാണ് കുറ്റിപ്പുഴ ഇഷ്ടപ്പെടുന്നത്.

എപ്പിക്യൂറസിന്റെ സമകാലികനായിരുന്ന സീനോ ആവിഷ്ക്കരിച്ച സ്റ്റോയിക് തത്വചിന്തയെ നിരൂപബുദ്ധ്യാ കുറ്റിപ്പുഴ വിശകലനം ചെയ്യുന്നുണ്ട്. ആശയവാദത്തിന്റെയും ഭൗദികവാദത്തിന്റേയും ഒരു സമ്മിശ്ര രൂപമായാണ് അദ്ദേഹം ഇതിനെ വിശേഷിപ്പിക്കുന്നത്. ഹെറാക്ലീറ്റസിന്റെ അഗ്നിതത്വത്തെ സീനോ അംഗീകരിച്ചിരുന്നു. ആദിയിൽ ആവിർഭവിച്ചത് അഗ്നിയാണെന്നും സമസ്ത പ്രപഞ്ചവും പ്രകൃതിനിയമത്താൽ ദൃഢബന്ധവും ചാക്രിക പരിവർത്തനത്തിന് വിധേയവുമാണെന്ന് സീനോ വിശ്വസിച്ചു. പ്രകൃതി നിയമങ്ങൾക്ക് ഒരു കാരണമുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നതായി കുറ്റിപ്പുഴ കണ്ടെത്തുന്നു. സീനോയുടെ ദൈവം മൂർത്തമാണ്. നൈതിക മൂല്യങ്ങളോടുള്ള സമീപനമാണ് ഈ തത്ത്വചിന്തയിൽ കുറ്റിപ്പുഴ ശ്രദ്ധേയമായി കാണുന്നത്. മനുഷ്യന്റെ നന്മ തിന്മകൾ അവനിൽതന്നെ ആശ്രയിക്കുന്നുവെന്നും ദുഃഖം ജീവിതത്തിന് അനിവാര്യമാണെന്നും അവർ വിശ്വസിച്ചിരുന്നു. നിശ്ചിത തത്വവും സ്വേച്ഛാ ശക്തിയും തമ്മിലുള്ള പൊരുത്തക്കേട് ഈ തത്ത്വചിന്തയേയും ബാധിച്ചിരിക്കുന്നതായി കുറ്റിപ്പുഴ കണ്ടെത്തുന്നു. സിനിസിസത്തിന്റേയും സ്കെപ്റ്റിസിസത്തിന്റേയും സൈദ്ധാന്തിക തലം അദ്ദേഹം അന്വേഷിക്കുന്നുണ്ട്. അതിന് ദോഷാനുദർശനവും സംശയാത്കമതയെന്നും അദ്ദേഹം പേര് നൽകുന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ സമകാലികനായിരുന്ന ഡയോജനിസാണ് സിനിസിസത്തെ സിദ്ധാന്തരൂപത്തിലാക്കിയത്. ഗുരുവായ ആന്റിസ്തെനിസ് പ്രചരിപ്പിച്ച ആശയങ്ങൾ പൂർത്തീകരിക്കുകയാണ് ഇദ്ദേഹം ചെയ്തതെന്ന് കുറ്റിപ്പുഴ പറയുന്നു. ജീവിതത്തിൽ നന്മ, സൗശീലം എന്നൊന്നിനേ വിലകല്പിക്കുന്നുള്ളൂ. ഈ ലോകം നല്ലതല്ല; ഒന്നും ആഗ്രഹിക്കരുത്; ഒന്നും കൈവശം വയ്ക്കരുത്. പ്രകൃതിയിലേക്ക് മടങ്ങുക എന്നതായിരുന്നു പ്രധാന സന്ദേശം. പൈറേയാണ് സ്കെപ്റ്റിസിസത്തിന്റെ ഉപജ്ഞാതാവ്. ഒരറിവും വിശ്വസനീയമല്ലെന്നും സർവ്വവും സംശയ ഗ്രസ്തമാണെന്നും ഇവർ വിശ്വസിച്ചു. ഒരു വ്യവസ്ഥയുമില്ലാത്ത ഇത്തരം സംശയത്തെ കുറ്റിപ്പുഴ ഉൾക്കൊള്ളുന്നില്ല.

നാല് ജാതിയേയും തത്കർമ്മങ്ങളുടെ തടവുമുറിയിലട്ടടച്ച് ചാതുർ വർണ്ണ്യത്തിന്റെ അസ്തിവാരം ഭദ്രമാക്കാനുള്ള ഒരു ശ്രമം ഭഗവത്ഗീതയിൽ കാണാമെന്ന് കുറ്റിപ്പുഴ പറയുന്നു. വിശിഷ്ട തത്വരത്നങ്ങളുടെ ഒരു പേടകമാണ് ഗീതയെങ്കിലും ബ്രാഹ്മണ പ്രാമാണ്യത്തെ അരക്കിട്ടുറപ്പിക്കുന്ന ചാതുർവർണ്ണ്യം ഇതിൽ കുത്തി നിറച്ചിരിക്കയാണെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നു. മിശ്രവിവാഹമാണ് ഭാരതത്തെ ഒന്നായി തീർക്കാനെളുപ്പമെന്ന് രാഷ്ട്രതന്ത്രജ്ഞർ അംഗീകരിക്കുമ്പോൾ വർണ്ണസങ്കരം നാട് മുടിക്കുന്നൊരാപത്താണെന്നാണ് ഗീത പറയുന്നത്. ഇത്തരം വർണ്ണാശ്രമധർമ്മത്തിൽ നിന്ന് ഗാന്ധിജിപോലും വിമുക്തനായിരുന്നില്ലെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. വാല്മീകി രാമായണത്തിൽ നിന്ന്

നാസ്തികചിന്തയുടെ ഒരേട് തെരഞ്ഞെടുത്ത് കുറ്റിപ്പുഴ പരിശോധിക്കുന്നുണ്ട്. രാമനെ തിരികെ അയോദ്ധ്യയിലേക്ക് മടങ്ങണ മെന്നഭ്യർത്ഥിക്കാൻ പോയ ഭരതനോടൊപ്പം ഉണ്ടായിരുന്ന 'ജാബാലി' എന്ന ബ്രാഹ്മണനിൽ നിന്നാണ് ഇത്തരം വാദങ്ങൾ ഉയരുന്നത്. ധർമ്മത്തെ തുച്ഛീകരിച്ചുകൊണ്ടാണ് ജാബാലി ഉപദേശിക്കുന്നത്. പിതൃക്കൾക്ക് വേണ്ടി ചാത്തമൂട്ടുന്നതിനേയും, പൗരോഹിത്യ പ്രമാണങ്ങൾ മയക്ക്പുസ്തകത്തിൽ നിന്നുള്ളതാണെന്നും; പരോക്ഷം പിന്നിലാക്കി പ്രത്യക്ഷം സ്വീകരിച്ചാലുമെന്ന് രാമനെ ഉപദേശിക്കുന്നതായി അദ്ദേഹം ഉപദർശിക്കുന്നു. കപില, ബൗദ്ധ, ചാർവാക ദർശനങ്ങളെ നാസ്തികമെന്ന് ഭൽസിക്കുകയും; അവസരം പോലെ ആസ്തിക - നാസ്തിക ചിന്തയിലേക്ക് ചാടുന്നവരേയും കുറ്റിപ്പുഴ പരാമർശിക്കുന്നുണ്ട്.

അന്നത്തെ ബ്രഹ്മമായിക്കാണുകയും ശരീര പോഷണം സാധിച്ചില്ലെങ്കിൽ ആത്മാവിന്റെ കാര്യം തകരാറിലാകുമെന്നും കരുതിയിരുന്ന ഒരു കാലവും പ്രാചീന ഭാരതത്തിലുണ്ടായിരുന്നുവെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. പ്രാചീനർക്ക് അന്നം ഏറ്റവും വലിയ ജീവിത മൂല്യമായിരുന്നുവെന്ന് വേദോപനിഷത്തുകളിലൂടെ തെളിയുന്നു. കൃഷി ശുദ്ധവും ശ്രേഷ്ഠവും ജീവിദായകവുമായ തൊഴിലായും സ്വീകരിച്ചിരുന്നു. അന്ന വിചാരത്തേ ക്കാളേറെ ആത്മ വിചാരത്തിന് പ്രചാരം വന്നതോടെ, ആത്മീയം, ഭൗതികം എന്ന വേർതിരവുണ്ടാവുകയും ഭാരതീയ ചിന്താഗതിയെ കലുഷമാക്കുകയും ചെയ്തതായി കുറ്റിപ്പുഴ വിലയിരുത്തുന്നു. ശരീരം നികൃഷ്ടവും ആത്മാവ് ഉൽകൃഷ്ടവുമെന്ന മിഥ്യാബോധം പ്രചരിച്ചതോടെ ദേഹാദ്ധ്വാനത്തിന് വിലയില്ലാതായി. അദ്ധ്വാനത്തെ മാനിക്കാത്ത ഒരു രാജ്യവും ഉന്നതിയെ പ്രാപിക്കില്ലെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. മുഖസ്തുതിയും കൈക്കൂലിയും മനുഷ്യമഹത്വത്തെ താഴോട്ടടിക്കുന്നതാണെന്ന് വിശ്വസിക്കുമ്പോൾ തന്നെ വഴിപാടുകളായും സ്തോത്രങ്ങളായും ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ഔചിത്യമില്ലായ്മയെ കുറ്റിപ്പുഴ ചോദ്യം ചെയ്യുന്നു. ആടയാഭരണങ്ങളും നേർച്ചകളും നൽകിയാലേ ദൈവം പ്രസാദിക്കയുള്ളൂ എന്ന വിശ്വാസം, മനുഷ്യസ്വഭാവങ്ങളെ ദൈവത്തിൽ ആരോപിക്കുന്ന രീതി എന്നിവ മനുഷ്യ സൃഷ്ടിയാണ് - ദൈവം എന്ന വസ്തുത തെളിയിക്കുന്നതാണെന്ന് കുറ്റിപ്പുഴ പറയുന്നു.

മതത്തിന്റെ രാക്ഷസീയഭാവത്തെ അനാവരണം ചെയ്യുകയാണ് ഹെപ്പേഷ്യ എന്ന വിദുഷിയുടെ ദാരുണമായ ജീവിത കഥയിലൂടെ കുറ്റിപ്പുഴ ശ്രമിക്കുന്നത്. തത്ത്വശാസ്ത്രത്തിലും ഗണിത ശാസ്ത്രത്തിലും അപാര പാണ്ഡിത്യമുണ്ടായിരുന്ന ഇവരുടെ പ്രഭാഷണങ്ങൾ കേൾക്കാൻ ധാരാളം വിദ്യാർത്ഥികൾ തിരക്ക് കൂട്ടിയിരുന്നു. ക്രിസ്തുമതത്തിൽ വിശ്വസിക്കാതെ സ്വതന്ത്ര ചിന്താശീല

രായിരുന്നതിനാൽ ക്രൈസ്തവ പൗരോഹിത്യത്തിന്റെ വിദ്വേഷത്തിനിടയാവുകയും ദാരുണമായി കൊല്ലപ്പെടുകയും ചെയ്തു. ഇത്തരം ഭീകര സംഭവങ്ങളുടെ കരിനിഴലേല്ക്കാത്ത ഒരു മതവും ലോകത്തിലില്ലെന്ന നിഗമനത്തിൽ കുറ്റിപ്പുഴ എത്തിച്ചേരുന്നു. ജാതി നശിക്കണമെങ്കിൽ ഹിന്ദുമതവും ബ്രാഹ്മണ മേധാവിത്വവും അപ്രസക്തമായി തീരേണ്ടതുണ്ടെന്ന് കുറ്റിപ്പുഴ പറയുന്നു. ജാതിയുടെ തുടക്കം ഗുണകർമ്മ വിഭജനത്തിൽ നിന്നായാലും ഉണ്ടായ കാലം മുതൽ അത് നിലനിന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന സത്യം അദ്ദേഹം പുറത്തുകൊണ്ടുവരുന്നു. പുരാണേതിഹാസങ്ങളെല്ലാം ബ്രാഹ്മണ മേധാവിത്വത്തെ അരക്കിട്ടുറപ്പിക്കുന്നതാണ്. ശൂദ്രന് ദാസ്യം തന്നെയാണ് വിധിച്ചിരുന്നതെന്നും ഹീനമായ പൗരോഹിത്യം ഈ വിഭാഗത്തെ ചവട്ടി താഴ്ത്തുകയാണുണ്ടായതെന്നും കുറ്റിപ്പുഴ സോദാഹരണം തെളിയിക്കുന്നു. ഇപ്രകാരം നോക്കിയാൽ ജാതിയുടെ അടിവേര് ബ്രാഹ്മണ പ്രമാണ്യത്തിലാണ് ചെന്ന് തറച്ച് നിൽക്കുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. മനുഷ്യജീവിതത്തിന്റെ വൈവിദ്ധ്യവും വൈചിത്ര്യവും ദേശാടനത്തിലൂടെ സ്വകൃതികളിലേക്ക് പകർത്തിയ ചെക്കോവിന്റെ ജീവിത സഞ്ചാരമന്വേഷിക്കുന്നുണ്ട് കുറ്റിപ്പുഴ. ക്ഷയരോഗിയായിരുന്നിട്ടുകൂടി മനുഷ്യത്വം മരവിക്കുന്ന സഖാലിൻ ദ്വീപ് സന്ദർശിക്കാൻ പുറപ്പെടുകയും അതോടൊപ്പം സൈബീരിയയിലെ ജീവിത ദുരിതങ്ങളിൽ പങ്കുചേരുകയും ചെയ്യുന്നു. സാർ ചക്രവർത്തി ഭരണത്തിൽ നാടുകടത്തപ്പെട്ടവരുടെ ഹൃദയാദ്രമായ ജീവിതാനുഭവങ്ങൾ ചെക്കോവിന്റെ പിൽക്കാല കൃതികളിൽ ഏറെ സ്വാധീനിച്ചുവെന്ന് കുറ്റിപ്പുഴ പറയുന്നു.

ജാതി, മതം, വർഗ്ഗം, രാഷ്ട്രം മുതലായ വേലികളെല്ലാം പൊളിച്ച് കളഞ്ഞ്, വ്യക്തികൾ ലോകപൗരന്മാരായും മനുഷ്യൻ ഒറ്റ സമുദായമായും മാറേണ്ട സമയം അതിക്രമിച്ചുവെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നുണ്ട്. ഇതിന്റെ ലക്ഷ്യത്തിലേക്കുള്ള യാത്ര ആരംഭിക്കേണ്ടത് പ്രാഥമിക വിദ്യാഭ്യാസം മുതലത്രേ. ലോക പൗരന്മാരായി വേണം വിദ്യാർത്ഥികൾ വളരുവാൻ. ചരിത്രപഠനവും ഇതിനുപകരിക്കണമെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. രാജാക്കന്മാരുടെ യുദ്ധക്കൊതിയുടെ ചരിത്രമല്ല, മാനവചരിത്രമാണ് പഠിക്കേണ്ടതെന്ന് അദ്ദേഹം ഉപദേശിക്കുന്നു. രാഷ്ട്രങ്ങളെല്ലാം ഒരു സംഘടിതാധികാരത്തിൽ ഒന്നിച്ച് ചേരണമെന്ന വെൻഡിൽവില്കിയുടെ ഏകലോകഭാവനയെ കുറ്റിപ്പുഴ സ്വാഗതം ചെയ്യുന്നു. മനുഷ്യജീവിതത്തെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പ്രാഥമികവും പ്രധാനവുമായ ഘടകമായി സാമ്പത്തികത്തെയാണ് കുറ്റിപ്പുഴ കാണുന്നത്. മറ്റെന്തെല്ലാം നന്മകളുണ്ടായാലും ധനസ്ഥിതി തകരാറിലായാൽ അത് ജീവിതത്തിന്റെ തകർച്ചക്ക് വഴി തുറക്കുമെന്നാണ് അദ്ദേഹത്തിന് പറയാനുള്ളത്. ഏത് പരിശുദ്ധ പ്രണയവും ദാരിദ്ര്യത്തിനുമുന്നിൽ നിഷ്ഭ്രമമാണെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നു.

മിശ്രവിവാഹിതർ ഇക്കാര്യത്തിൽ കൂടുതൽ മുൻകരുതൽ എടുക്കണമെന്നാണ് അദ്ദേഹത്തിന്റെ നിർദ്ദേശം. ജീവിതത്തിൽ സമത്വം, സ്വാതന്ത്ര്യം, സ്നേഹം എന്നിവക്ക് കോട്ടം തട്ടാതിരിക്കാൻ, സ്ത്രീയും കുടുംബഭാരത്തിൽ പങ്കാളിയാകണമെന്ന കാഴ്ചപ്പാടാണ് കുറ്റിപ്പുഴക്കുള്ളത്. ദാമ്പത്യ ജീവിതത്തിന്റെ പ്രായോഗിക തത്ത്വചിന്തയാണ് കുറ്റിപ്പുഴക്ക് പറയുവാനുള്ളത്.

**സാഹിതീകൗതുകം (1965)**

തൃശൂർ കറന്റ് ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച ലേഖന സമാഹാരമാണ് സാഹിതീകൗതുകം. സാഹിത്യ നിരൂപണവും ചിന്തയുമാണ് ഈ ഗ്രന്ഥത്തെ അന്വർത്ഥമാക്കുന്നത്. പൗരസ്ത്യ സാഹിത്യത്തിന്റെ സവിശേഷതയും ടാഗോർ സാഹിത്യം നൽകിയ സംഭാവനയും വിലയിരുത്തുന്നുണ്ട്. വള്ളത്തോളിന്റെ കാവ്യ പ്രപഞ്ചത്തെ ആകമാനം വിലയിരുത്തുവാൻ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. കേരളീയമായ രൂപഭാവങ്ങളുടെ നൃത്തരംഗമായാണ് വള്ളത്തോൾ കവിതയെ കുറ്റിപ്പുഴ ദർശിക്കുന്നത്. കുഞ്ചന്റെ കാലത്തിനുശേഷം മിക്കവാറും തിരസ്കൃതമായിരുന്ന ദ്രാവിഡ ഗാനരീതി വള്ളത്തോൾ സമുദ്ധരിച്ചതായി അദ്ദേഹം കണ്ടെത്തുന്നു. സുന്ദരമായ രൂപഭാവങ്ങളുടെ ഇരിപ്പിടമായാണ് കുറ്റിപ്പുഴ അദ്ദേഹത്തിന്റെ കവിതകളെ വിലയിരുത്തുന്നത്. വാങ്മയ ചിത്രങ്ങൾ വരക്കുന്നതിൽ വള്ളത്തോൾ പ്രതിഭ അസാധാരണമായിരുന്നു. അവയെ സാത്വികവും സാർവ്വജനീനവുമായ മാനവ സംസ്കാരത്തിന്റേയും ജീവിത മഹത്വത്തിന്റേയും പ്രതീകങ്ങളായി കുറ്റിപ്പുഴ വ്യാഖ്യാനിക്കുന്നു. ദേശസ്നേഹവും മനുഷ്യസ്നേഹവും സമ്മേളിക്കുന്ന രംഗങ്ങളും ദൃശ്യമാണ്. പ്രപഞ്ചത്തേയും ജീവിതത്തേയും കാവ്യാത്മകമായി ദർശിച്ച് നിർവൃതിയടഞ്ഞ കലാവല്ലഭനെന്നാണ് കുറ്റിപ്പുഴ വള്ളത്തോളിനെ വിശേഷിപ്പിക്കുന്നത്. ഭഗവത് ഗീതയുടെ തർജ്ജിമ മലയാളത്തിലാണ് ആദ്യമുണ്ടായതെന്ന ഉള്ളൂരിന്റെ പ്രസ്താവത്തെ കുറ്റിപ്പുഴ ചോദ്യം ചെയ്യുന്നുണ്ട്. മാധവപ്പണിക്കരുടെ ഗീതാ തർജ്ജിമയെ ആസ്പദമാക്കി കൊണ്ടുള്ള ഉള്ളൂരിന്റെ അഭിപ്രായത്തെയാണ് കുറ്റിപ്പുഴ ഖണ്ഡിക്കുന്നത്. തമിഴിലെ പട്ടണാർ എന്ന കവി മാധവപ്പണിക്കർക്കു മുമ്പുതന്നെ ഇത്തരം ഒരു തർജ്ജിമ നിർവ്വഹിച്ചിരുന്നതായും അതിന്റെ അനുകരണമാണ് പണിക്കരുടെ ഉദ്യമമെന്നും കുറ്റിപ്പുഴ തെളിയിക്കുന്നു. പണിക്കരുടെ കവിതയിൽ കാണുന്ന പല സവിശേഷതകളും പട്ടണാരുടെ കാവ്യത്തിൽ നിന്ന് അദ്ദേഹം കണ്ടെത്തുന്നു. തർജ്ജിമയിൽ മൂലത്തിൽ നിന്നുള്ള വ്യതിചലനത്തിൽ പോലുമുണ്ട് ഈ സാദൃശ്യമെന്ന് പ്രസ്തുത ഭാഗങ്ങൾ ഉദ്ധരിച്ച് തെളിയിക്കുന്നു. മലയാളത്തി ലേക്കാണ് ഗീത ആദ്യമായി തർജ്ജിമ ചെയ്യപ്പെട്ടതെന്ന വാദത്തെ കുറ്റിപ്പുഴ തള്ളിക്കളയുന്നു.

പാശ്ചാത്യ സാഹിത്യം പൗരസ്ത്യ ദേശങ്ങളിൽ പ്രചരിച്ചിട്ടുള്ളതുപോലെ പൗരസ്ത്യ ഗ്രന്ഥങ്ങളും ലോക പ്രശസ്തി നേടിയിട്ടുണ്ടെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. സത്യദർശനത്തിന് നിരന്തരം യത്നിക്കുവാൻ പ്രേരിപ്പിക്കുന്ന ഉപനിഷത്തുകളും ഭക്തിയോഗസിദ്ധാന്തങ്ങളിൽ ധിഷണാത്മകമായ ഭഗവത്ഗീതയും പാശ്ചാത്യ നാടുകളിൽ ഏറെ പ്രശസ്തി നേടിയിട്ടുള്ളവയാണ്. അലക്സാണ്ടറുടെ ഇന്ത്യാ ആക്രമണത്തോടുകൂടി ബുദ്ധമതാശയങ്ങളും പാശ്ചാത്യരെ ആകർഷിച്ചു തുടങ്ങി. കാളിദാസ കൃതികൾക്കും പഞ്ചതന്ത്രം കഥകൾക്കും ലോക സാഹിത്യത്തിൽ ശ്രദ്ധേയസ്ഥാനം ലഭിച്ചിട്ടുള്ളതായി കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു. ഏത് ഉദാത്ത സൃഷ്ടിയും ദേശകാലങ്ങളെ അനുവർത്തിക്കുന്നുവെന്ന സത്യത്തെ അദ്ദേഹം അടിവരയിട്ടുറപ്പിക്കുന്നു. കുറ്റിപ്പുഴയെ ആകർഷിച്ച 'ജ്ഞാനം', 'മിഥ്യാഭിമാനം' എന്നീ വള്ളത്തോൾ കവിതകളെ നിരൂപണം ചെയ്യുന്നുണ്ട്. ആശയ ഗാംഭീര്യത്തിലും ഭാവനാ മധുരിമയിലും ജ്ഞാനത്തെ വള്ളത്തോൾകവിതയുടെ പരമോന്നത ശൃംഗത്തിലാണ് കുറ്റിപ്പുഴ പ്രതിഷ്ഠിക്കുന്നത്. ഇക്കാണായ പ്രപഞ്ചത്തിലെ സമസ്ത വിജ്ഞാന വിശേഷങ്ങളുടേയും ചലനങ്ങളുടെയും പ്രഭവ പ്രേരക സ്ഥാനമായാണ് ജ്ഞാനത്തെ കവി ചിത്രീകരിക്കുന്നത്. മനുഷ്യർ സ്വാത്മ ചോദിതരായി അനന്തമായ ജ്ഞാനമാർഗ്ഗത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നുവെന്നും ആ സഞ്ചാരം തന്നെയാണ് ജീവിതമെന്നും കുറ്റിപ്പുഴ ദർശിക്കുന്നു. കരുണാർദ്രമായ കവിതയായാണ് അദ്ദേഹം മിഥ്യാഭിമാനത്തെ കാണുന്നത്. കശാപ്പുശാലയിലേക്ക് ആടുകളെ നയിക്കുന്ന ഇരുകാലി മൃഗമാണ് ഇവിടെ മനുഷ്യൻ. ഈ പ്രപഞ്ചത്തെ മൃത്യുവിന്റെ കശാപ്പുശാലയായും മനുഷ്യനും മറ്റൊരു വെട്ടിനാൽ തീരുമെന്നുമുള്ള കവി സന്ദേശം ചിന്തയെ പിടിച്ച് കുലക്കുവാൻ പോന്നതാണെന്നാണ് കുറ്റിപ്പുഴയുടെ പരാമർശം. 'മിഥ്യനിന്നഭിമാനം' എന്ന പ്രയോഗമാണ് കുറ്റിപ്പുഴയെ ഏറെ ആകർഷിച്ചത്. ആധുനിക കവികതകളെ അതിന്റെ തനത് ശൈലിയിൽ സമീപിക്കുവാൻ കുറ്റിപ്പുഴക്ക് കഴിയുന്നുണ്ട്.

ടാഗോർ സാഹിത്യം കൈരളിയെ എത്രമാത്രം സ്വാധീനിക്കുകയും ഉത്കൃഷ്ടമാക്കുകയും ചെയ്തിട്ടുണ്ടെന്ന് കുറ്റിപ്പുഴ വിമർശനബുദ്ധ്യാ പരിശോധിക്കുന്നുണ്ട്. ഹിമാലയത്തെപ്പോലെ സമുന്നത ശീർഷമായ ടാഗോർസാഹിത്യ ഭ്രമത്താൽ നിരവധി കൃതികൾ മലയാളത്തിലുണ്ടായെങ്കിലും സാത്വികവും സംശുദ്ധവുമായ ആ കവി ഹൃദയത്തെ സ്വാംശീകരിക്കുവാൻ പലർക്കും കഴിയാതെ പോയതായി അദ്ദേഹം വിമർശിക്കുന്നു. എന്നാൽ ആശാനേയും വള്ളത്തോളിനേയും പോലുള്ള കവീശ്വരന്മാർക്ക് ടാഗോറിലെ ദേശാഭിമാനവും വിശ്വപ്രേമവും ആദ്ധ്യാത്മികഭാവനയും തത്ത്വചിന്തയും സ്വകൃതികളിലൂടെ പുനഃസൃഷിടിക്കുവാൻ കഴിഞ്ഞതായി കുറ്റിപ്പുഴ

വിലയിരുത്തുന്നു. ടാഗോറിന്റെ കഥാ സാഹിത്യത്തെ ഏറെ പ്രകീർത്തിക്കുന്ന അദ്ദേഹം ഗീതാഞ്ജലിയിലെ പ്രതിപാദ്യത്തിൽ പുതുതായൊന്നുമില്ലെന്ന് പറയാൻ മടിക്കുന്നില്ല. 'ടാഗോർ സൂക്തങ്ങളും', 'സന്ന്യാസി' എന്ന നാടികയുടെ വിവർത്തനവും കുറ്റിപ്പുഴ കൈരളിക്ക് നൽകിയ മികച്ച സംഭാവനയാണ്. തത്ത്വചിന്താപരമാണ് രണ്ടിന്റേയും പ്രതിപാദ്യം. ടാഗോറിന്റെ ആ മിസ്റ്റിക് ചിന്തകളിലുമുണ്ട് ഒരു നവ്യപ്രകാശമെന്ന് കുറ്റിപ്പുഴ ഈ രണ്ട് തർജ്ജിമകളിലൂടെ തെളിയിക്കുന്നുണ്ട്. "ഉൽപത്തി തന്നെ നാശം; നാശം തന്നെ ഉൽപത്തി. ഒരു വൃത്തം പോലെയാണത്. സ്ഥൂല സൂക്ഷ്മങ്ങളെന്ന വ്യത്യാസം തങ്ങളുടെ അജ്ഞതയിൽ മാത്രമാണ്"[24] എന്ന പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള പരാമർശം യുക്തി സഹമാണ്. ലൗകിക ജീവിതം എത്ര മായമയമെന്ന് വിശ്വസിച്ചാലും അതിൽ നിന്ന് ഒളിച്ചോടാൻ കഴിയില്ല എന്ന് സന്ന്യാസിയിലൂടെ ടാഗോർ വെളിപ്പെടുത്തുന്നു.

**ദീപാവലി (1976)**

തശൂർ മംഗളോദയം പ്രസിദ്ധീകരിച്ച ലേഖന സമാഹാരമാണ് ദീപാവലി. വിചാര ദീപ്തിയാൽ ജ്യോതിർമയമാണ് ഇതിലെ പ്രബന്ധങ്ങൾ. പള്ളിമതത്തേയും ഭഗവത് ഗീതയെയും നിരൂപണബുദ്ധ്യാ വിലയിരുത്തുന്നുണ്ട്. ആശാനെ ദാർശനിക കവിയെന്ന് നാമകരണം ചെയ്തതും 'ദീപാവലി' എന്ന ഗ്രന്ഥത്തെ ശ്രദ്ധേയമാക്കുന്നു. കെ.പി. കേശവമേനോൻ, ചങ്ങമ്പുഴ എന്നിവരെക്കുറിച്ചുള്ള സ്മരണിക വിലപ്പെട്ടതാണ്. കുമാരാനാശാനെ ഒരു ദാർശനിക കവിയായാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. കാവ്യരസത്തെ ഹനിക്കാതെ തത്ത്വചിന്താ ശകലങ്ങൾകൊണ്ട് ഉദാത്തമായി തീർന്നതാണ് ആശാൻ കവിതകളെന്ന് കുറ്റിപ്പുഴ വിലയിരുത്തുന്നു. മനുഷ്യജീവിതത്തെ ഒരു തത്ത്വചിന്തയുടേയും ചട്ടക്കൂട്ടി ലൊതുക്കി നിർത്താൻ കഴിയാത്തതും, ജീവിതത്തിന്റെ എല്ലാഭാവങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ളൊരു തത്ത്വചിന്ത അസാദ്ധ്യമാണെന്ന് കുറ്റിപ്പുഴ മുന്നറിയിപ്പ് നൽകുന്നു. ഈ പൊരുത്തക്കേട് ആശാൻ കവിതയിലും കണ്ടെത്തിയേക്കാമെങ്കിലും അജ്ഞേയതാവാദം, അദ്വൈതം, സാംഖ്യം, ബൗദ്ധദർശനം, ഭൗതികവാദം, ഹ്യൂമനിസം എന്നീ സിദ്ധാന്തങ്ങളുടെ നിഴലാട്ടം കുറ്റിപ്പുഴ ആശാന്റെ കാവ്യപ്രപഞ്ചത്തിൽ ദർശിക്കുന്നുണ്ട്. എന്നാൽ ആശാന്റെ സ്വതന്ത്രബുദ്ധി ഒരു ദർശനത്തിലും ബദ്ധമല്ലെന്നും കുറ്റിപ്പുഴ പറയുന്നു. ഹ്യൂമനിസമാണ് ആശാൻ കവിതകളിലെ തത്ത്വചിന്തയെന്ന് പൊതുവിൽ അംഗീകരിച്ചിട്ടുള്ളതായും അദ്ദേഹത്തിനഭിപ്രായമുണ്ട്.

റഷ്യൻ സാഹിത്യകാരനായ മാക്സിംഗോർക്കിയുടെ കലാസാഹിത്യ ചിന്തകളെ വിശകലനം ചെയ്യാൻ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. വിപ്ലവ സാഹിത്യകാരന്മാരുടെ ആചാര്യനായാണ് കുറ്റിപ്പുഴ അദ്ദേഹത്തെ

വിശേഷിപ്പിക്കുന്നത്. ചവിട്ടി മെതിക്കപ്പെടുന്ന മനുഷ്യത്വത്തെ സാഹിത്യമാർഗ്ഗേണ നവജീവൻ നൽകി സമുദ്ധരിക്കുകയായിരുന്നു അദ്ദേഹം ആയുഷ്കാലമത്രയും. ഗോർക്കി ക്രമയാത്മക സാഹിത്യത്തിന്റെ പക്ഷത്തായിരുന്നുവെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ അവതാരകനും പ്രചാരകനുമായ അദ്ദേഹത്തിന് ബൽസാക്കിനോടായിരുന്നു അധിക ബഹുമാനം. ഗോർക്കിയുടെ പ്രതിപാദന രീതിയെ കുറ്റിപ്പുഴ ധ്വനി സിദ്ധാന്തത്തോട് ഉപമിക്കുന്നുണ്ട്. മനുഷ്യനായിരുന്നു ഗോർക്കിയുടെ പ്രതിപാദ്യവും, നായകനും, ഇതിഹാസവുമെല്ലാമെന്നാണ് കുറ്റിപ്പുഴ സംബോധന ചെയ്യുന്നത്. വാർദ്ധക്യത്തിൽ പോലും യുവത്വത്തിന്റെ ഉന്മേഷമുള്ള ഒരു മനസ്സിന്റെ ഉടമകൂടിയാണദ്ദേഹം. പെരുമാറ്റം, ജീവിതം എന്നിവയിലും എം.സി. ഒരു മാതൃകയായി തീർന്നിരിക്ക യാണെന്നാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. വാദപ്രതിപാദങ്ങളിൽ അന്യാദൃശ്യമായ ശുദ്ധിയും കുലീനതയും അദ്ദേഹത്തിലുണ്ട്. വികാര പാരവശ്യങ്ങളെ വിചാരം കൊണ്ട് നിയന്ത്രിച്ച് ബുദ്ധിപരമായി ജീവിക്കുക എന്നതാണ് അദ്ദേഹത്തിന്റെ സന്ദേശമായി കുറ്റിപ്പുഴക്ക് നൽകാനുള്ളത്. മനുഷ്യ ജീവിതത്തെ മഹിമയേറിയതായി കണ്ട അദ്ദേഹത്തിൽ വാർദ്ധക്യമേറുന്തോറും യുക്തിവിചാരവും ഏറിവരുന്നതായി കുറ്റിപ്പുഴക്ക് അനുഭവപ്പെടുന്നു. ഈ ആചാര്യൻ വിതച്ച ആശയബീജങ്ങൾ മുളച്ചുപൊന്തി വിജ്ഞാനത്തിന്റെ കനികൾ നൽകുമെന്ന ശുപാപ്തി വിശ്വാസമാണ് എം.സി.യോടുള്ള കുറ്റിപ്പുഴയുടെ ആരാധനക്ക് മറ്റൊരു നിദാനം.

പള്ളിമതത്തെ എതിർത്ത ഭൗതികവാദിയായ മറ്റൊരു തത്ത്വജ്ഞാനിയെ കുറ്റിപ്പുഴ സ്പിനോസയിൽ കണ്ടെത്തുന്നു. അദ്ദേഹത്തിന്റെ സ്വതന്ത്രചിന്തയും നവീനാശയങ്ങളും പുരോഹിതന്മാരെ ചൊടിപ്പിക്കുകയും അദ്ദേഹത്തെ സമുദായ ഭ്രഷ്ടനാക്കുകയും ചെയ്തു. വസ്തുനിഷ്ഠമായ സത്തയുള്ള പ്രപഞ്ചത്തിൻമേൽ മാനുഷികമായ മാനദണ്ഡങ്ങളേയും ഇഷ്ടങ്ങളേയും ആരോപിക്കുന്നതിനെ അദ്ദേഹം തത്ത്വശാസ്ത്രങ്ങളുടെ അബദ്ധമായി കണ്ടിരുന്നുവെന്ന് കുറ്റിപ്പുഴ പരാമർശിക്കുന്നു. ജ്ഞാനാന്വേഷണത്തേയും ബോധോദയത്തിലുള്ള ആനന്ദത്തേയും മാത്രമേ സ്ഥിരമായ സൗഖ്യമായി സ്പിനോസ കാണുന്നു ള്ളൂവെന്ന് കുറ്റിപ്പുഴ പറയുന്നു. ഭാരതത്തിലെ വേദാന്ത ചിന്തയും മായാവാദവും അദ്ധ്വാനശേഷിയില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കുക യാണുണ്ടായതെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു. ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം എന്നീ മൂന്നായി പിരിഞ്ഞ വേദാന്തം ശബ്ദജാലവൈഭവം കൊണ്ട് വിരുദ്ധസിദ്ധാന്തങ്ങൾ സ്ഥാപിക്കയാണുണ്ടായത്. ഇതിലൂടെ സ്വതന്ത്രമായൊരു സത്യാന്വേഷണമല്ല മറിച്ച് ഒരു തരം ബുദ്ധിക്കസർത്താണ് ഇതിലെല്ലാം കാണുന്നതെന്ന് കുറ്റിപ്പുഴ പറയുന്നു. ജഗത്ത് മിഥ്യമാണെന്ന് വാദിക്കുകയാണ് മായാവാദം ചെയ്യുന്നത്. സാക്ഷാത്തായ

ബ്രഹ്മത്തെകക്കുറിച്ചുള്ള അന്വേഷണം വെറും ശൂന്യതയിലാണ് അവസാനിക്കുന്നതെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. ചുരുക്കത്തിൽ കർമ്മവൈമുഖ്യം വളർത്തി മനുഷ്യനെ സാമൂഹ്യജീവിയല്ലാതാക്കി തീർക്കുന്ന അപകടം പിടിച്ച ഒന്നായാണ് അദ്ദേഹം അദ്വൈതത്തെ കാണുന്നത്.

വേദാന്ത സമുദ്രത്തിൽ ഛിന്നഭിന്നമായിക്കിടന്ന തത്ത്വരത്നങ്ങളെല്ലാം നിക്ഷേപിച്ചിരിക്കുന്ന ഭഗവത് ഗീതയെ കുറ്റിപ്പുഴ നിരൂപണം ചെയ്യുന്നു. ഗീതാ കർത്താവിന്റെ കാര്യത്തിൽ പോലും തീർത്തൊരഭിപ്രായം പറയുക അസാദ്ധ്യമാണെന്ന് കുറ്റിപ്പുഴ പറയുന്നു. ശ്രീകൃഷ്ണനേയും കുരക്ഷേത്ര യുദ്ധത്തേയും കുറിച്ച് ചരിത്രദൃഷ്ട്യാ യാതൊരു തെളിവും ലഭിച്ചിട്ടുമില്ല. ഗീതയിലെ നിഷ്കർമ്മയോഗത്തെക്കുറിച്ച് പല വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ടെന്ന് കുറ്റിപ്പുഴ അന്വേഷിച്ചറിയുന്നു. പുരോഹിതനായിരിക്കുകയും വിശ്വാസത്തിൽ നിർമതത്വവും നിരീശ്വരതയും വെച്ചുപുലർത്തിയിരുന്ന ജീൻ മെലിയറുടെ ജീവിതവും വിശ്വാസവും കൗതുകപൂർവ്വമാണ് കുറ്റിപ്പുഴ പരിശോധിക്കുന്നത്. അദ്ദേഹത്തിന്റെ മരണാനന്തരമാണ് ഇത്തരം സ്വതന്ത്രാശയങ്ങൾ ഉൾക്കൊള്ളുന്ന പ്രബന്ധങ്ങൾ ലോകം തിരിച്ചറിയുന്നത്. ക്രിസ്തുമത്തേയും പുതിയ നിയമത്തേയും ഇത്രകഠോരമായി ആക്രമിച്ചവർ വിരളമാണെന്ന് കുറ്റിപ്പുഴ പറയുന്നു. ചൂഷണവിദ്യ കൈമുതലായ പുരോഹിതന്മാരാണ് ദൈവത്തെ കൊടും കൊലയാളിയാക്കി ചിത്രീകരിച്ചിരിക്കുന്നത്. വിശ്വാസം മനുഷ്യനിൽ അടിച്ചേൽപ്പിക്കുന്നതാണ്. ആയതിനാൽ അത് അസ്വാഭാവികവുമാണെന്ന് പറഞ്ഞ മെലിയർ ക്രിസ്തുവിനേയും ചോദ്യം ചെയ്യുന്നു. സ്റ്റേറ്റും പള്ളിയും സ്വകാര്യ സ്വത്തും മനുഷ്യനെ ദ്രോഹിക്കയാണെന്ന് തിരിച്ചറിയുന്ന മെലിയർ, പദാർത്ഥം സ്വന്തം ശക്തിയാൽ പ്രവർത്തിക്കുന്നു എന്ന് വിശ്വസിച്ച ഭൗതികവാദികൂടിയായിരുന്നുവെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. ജീവിച്ചിരുന്നപ്പോൾ ഈ പ്രബന്ധങ്ങൾ പുറത്തുവന്നിരുന്നെങ്കിൽ പൗരോഹിത്യം ഇദ്ദേഹത്തെ എത്രമാത്രം ദ്രോഹിക്കുമായിരുന്നുവെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു.

വാർദ്ധക്യത്തിലും ഉന്മേഷശാലിയായി തന്റെ കർമ്മമണ്ഡലങ്ങളിൽ വ്യാപരിക്കുന്ന കെ.പി.കേശവമേനോൻ കുറ്റിപ്പുഴക്ക് അതിശയവും ആവേശവുമാണ്. അദ്ദേഹത്തിന്റെ ജീവിത ചിന്തയും സാമൂഹ്യ കാഴ്ചപ്പാടുകളും ജനതതിയെ മുന്നോട്ട് നയിക്കാനുള്ള ഉദ്യമവും കാണുമ്പോൾ ചൈനയിലെ ആദി ഗുരുവിനെപ്പോലെ ഇദ്ദേഹം കേരളത്തിന്റെ ഗുരുനാഥനായി തീർന്നിരിക്കയാണെന്ന് കുറ്റിപ്പുഴ പറയുന്നു. അദ്ദേഹത്തിന്റെ ജീവിതം ദൃഷ്ടിയിൽ നിശ്ചലവും ഇരുളടഞ്ഞതുമല്ല. മറിച്ച് അത് ചരിക്കുന്ന പ്രകാശമാണെന്നും അത് തല്ലിക്കെടുത്തരുതെന്നുമാണ് അദ്ദേഹത്തിന്റെ സന്ദേശം. ശരിയായ മനസ്വസ്ഥതയാണ്

സൗഖ്യത്തിന്റെ ഉറവിടമെന്ന് കുറ്റിപ്പുഴ പറയുന്നു. പ്രപഞ്ചത്തെ കീഴടക്കിയ മനുഷ്യൻ അവന്റെ മനസ്സിനുമുന്നിൽ തോൽക്കുന്ന അവസ്ഥയാണ് പലപ്പോഴും കാണുന്നത്. പ്രാചീന ഭാരതീയർ മനസ്സിന്റെ തന്നടക്കത്തെ കുറിച്ച് ചിന്തിച്ചവരും മൗനം, ധ്യാനം മുതലായ മാർഗ്ഗങ്ങളിലൂടെ മനസ്സിനെ നിയന്ത്രിച്ചവരുമാണ്. ധ്യാനം എന്നത് ആത്മീയ കാര്യത്തിലല്ല, ലൗകീക ജീവിത വിജയത്തിനും അത്യന്താപേക്ഷിതമാണെന്ന് കുറ്റിപ്പുഴ പറയുന്നു.

ആർദ്രഹൃദയനായാണ് കുറ്റിപ്പുഴ, ചങ്ങമ്പുഴയെ സ്മരിക്കുന്നത്. വാത്സല്യാതിരേകമാണതിലെ ഭാഷ. അകാലത്തിൽ പൊലിഞ്ഞുപോയ ആ സ്നേഹഭാജനം കുറ്റിപ്പുഴയുടെ ഓർമകളിലൂടെ ദീപ്തമാകുകയാണ്. കീറ്റ്സും ഷെല്ലിയും ബയാണും തുടങ്ങിയവരും ഇപ്രകാരം മേഘ ജ്യോതിസായി പൊലിഞ്ഞവരാണെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. ചങ്ങമ്പുഴയുടെ ജീവിതം വികാരഭരിതമായിരുന്നു. ലളിതമധുരമായ സ്നഹപ്രവാഹമായിരുന്നു ആ മനസ്സ്. എങ്കിലും പാരമ്പര്യത്തിന്റെ പല ചങ്ങലകെട്ടുകളും പൊട്ടിച്ചെറിയുവാനും കൊള്ളരുതാത്തതൊക്കെ ചുട്ടെരിക്കാനുമുള്ള സ്വതന്ത്രവും യുക്തിസഹവും ധീരവുമായ ഒരു ഹൃദയത്തേയും കുറ്റിപ്പുഴ, ചങ്ങമ്പുഴയിൽ കണ്ടെത്തുന്നു. ഭാരതത്തിലെ ഗിരിവർഗ്ഗക്കാരെ സ്നേഹിക്കുകയും അവർക്കുവേണ്ടി ജീവിക്കുകയും ചെയ്ത വെരിയൻ എൽവിന്റെ ആത്മകഥ, ഇന്ത്യയെ സ്നേഹിച്ച മറ്റ് വിദേശിയരിൽ നിന്നും ഭിന്നമാണെന്ന് കുറ്റിപ്പുഴ പറയുന്നു. വിദ്യാഭ്യാസകാലത്ത് മത പഠനത്തിനുവേണ്ടി മാറ്റിവച്ച സമയം പാഴായിപ്പോയെന്ന് അദ്ദേഹം പിൽക്കാലത്ത് പറയുകയുണ്ടായി. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തോട് ചേർന്ന ആ ഇംഗ്ലീഷ്കാരൻ ബ്രിട്ടന്റേയും മതപുരോഹിതന്മാരുടേയും എതിർപ്പിനിടയായി. മിഷനറി പ്രവർത്തനത്തിന്റെ കറുത്ത അദ്ധ്യായവും അദ്ദേഹത്തിന്റെ ആത്മകഥയിൽ നിന്ന് മനസ്സിലാക്കാം. ജീവിതത്തിന്റെ ആർഭാടമായ സുഖങ്ങളെല്ലാം ഉപേക്ഷിച്ച് ഗിരിവർഗ്ഗക്കാരോടൊപ്പം ജീവിച്ചായിരുന്നു അദ്ദേഹം അവരെ സേവിച്ചത്.

**സ്മരണമഞ്ജരി (1969)**

കോട്ടയം നാഷണൽ ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച കുറ്റിപ്പുഴ സ്മരണിക കളുടെ സമാഹാരമാണ് സ്മരണ മഞ്ജരി. സാഹിത്യ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ തിളങ്ങി നിന്ന പ്രഗൽഭമതികളെക്കുറിച്ചുള്ള ഒളിമങ്ങാത്ത ഓർമ്മകളാണ് ഇതിലേറെയും. ശ്രീനാരായണ ഗുരുവുമായുള്ള ബന്ധം കുറ്റിപ്പുഴയുടെ ജീവിതത്തിലെ വിലപ്പെട്ട മൂലധനമാണ്. ഗുരുവിനെ സ്മരിക്കുമ്പോൾ അദ്വൈതാശ്രമവും, അദ്ധ്യാപകവൃത്തിയും അദ്വൈതവേദാന്ത ചർച്ചയുമെല്ലാം കുറ്റിപ്പുഴയുടെ മനസ്സിൽ പ്രകാശം പരത്താറുണ്ട്. രോഗശയ്യയിലെ ഗുരുവിനെ കണ്ടപ്പോൾ തന്നിലെ ആദ്ധ്യാത്മിക ചിന്തകളെല്ലാം തകർന്ന് പോയതായി കുറ്റിപ്പുഴ

അഭിപ്രായപ്പെടുന്നുണ്ട്. യോഗശക്തിയേയും ജ്ഞാനശക്തിയേയും ആദ്ധ്യാത്മിക മണ്ഡലത്തിൽ അടച്ചുപൂട്ടിവെക്കാതെ ലൗകികതയിലേക്ക് വ്യാപിപ്പിച്ച് ജനങ്ങളെ അന്ധകാര ജീവിതത്തിൽ നിന്ന് രക്ഷിക്കുവാൻ ഗുരുവിന് കഴിഞ്ഞു. പ്രായോഗിക വേദാന്തമാണ് ഗുരുവിനെ നയിച്ചതെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നു. മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ അവതാരകനായി സാമൂഹ്യവിപ്ലവം സൃഷ്ടിച്ച് കേരളത്തെ ജാതിപ്പാതാളത്തിൽ നിന്ന് ഉയർത്തിയ ശ്രീനാരായണ ഗുരു തന്നെയാണ് കുറ്റിപ്പുഴയുടെ ജീവിതയാത്രയിലെ ആദ്യത്തെ താത്വികാചാര്യൻ.

ഒളിമങ്ങാത്ത ഓർമ്മകളാണ് കുറ്റിപ്പുഴക്ക് വള്ളത്തോളിനെക്കുറിച്ചുള്ളത്. കുറ്റിപ്പുഴയുടെ സാഹിത്യ സപര്യയോളം പഴക്കമുണ്ട് ആ സ്മരണകൾക്ക്. ആത്മപോഷിണിയിൽ തന്റെ ലേഖനം പ്രസിദ്ധീകൃതമാക്കുവാനും, അതിൽ തന്നെ പത്രാധിപരാകുവാനും, സാഹിത്യമഞ്ജരിയുടെ പ്രസാധകനാകുവാനും കുറ്റിപ്പുഴക്ക് കഴിഞ്ഞത് വള്ളത്തോളിന്റെ സ്നേഹാദരം കൊണ്ട് മാത്രമാണ്. പിൽക്കാലത്ത് കുറ്റിപ്പുഴയുടെ ജീവിതത്തെ മാറ്റിമറിച്ച യു.സി. കോളേജുമായുള്ള ബന്ധത്തിനും വള്ളത്തോൾ തന്നെ കാരണമായി തീർന്നു. വള്ളത്തോളിനെ ക്കുറിച്ചുള്ള കുറ്റിപ്പുഴയുടെ ഓർമകളിൽ കണ്ണുനീരിന്റെ നനവറിയാൻ കഴിയും കുറ്റിപ്പുഴയെ യുക്തിവാദിയായി രൂപപ്പെടുത്തുന്നതിൽ സഹോദരൻ അയ്യപ്പന്റെ സാന്നിദ്ധ്യം സ്മരണീയമാണ്. അദ്ദേഹത്തിന്റെ സ്വതന്ത്രചിന്താശീലവും തിളച്ചുമറിയുന്ന യുക്തിവാദവും കുറ്റിപ്പുഴയെ ഏറെ ആകർഷിച്ചിട്ടുണ്ട്. സാമൂഹ്യവിപ്ലവത്തിന്റെ കൊടുങ്കാറ്റായിരുന്ന സഹോദരനുമായുള്ള സംഭാഷണമാണ് കുറ്റിപ്പുഴയെ അദ്ദേഹവുമായി അടുപ്പിച്ചത്. അദ്വൈതാശ്രമത്തിൽ വെച്ചാണ് ആ ബന്ധം ആരംഭിക്കുന്നത്. ശ്രീനാരായണ ഗുരുവും സഹോദരനും തമ്മിലുള്ള ബന്ധത്തെ ഗാന്ധിജിയും നെഹ്റുവും തമ്മിലുള്ള ബന്ധത്തിലെ സവിശേഷതയുമായാണ് കുറ്റിപ്പുഴ കൂട്ടിവായിക്കുന്നത്. ജാതിനാശക സമരം സഹോദരന്റെ ജീവിതവ്രതമായിരുന്നെന്ന് തോന്നുംവിധത്തിലായിരുന്നു അദ്ദേഹത്തിന്റെ പരിശ്രമങ്ങളെന്ന് കുറ്റിപ്പുഴ ഓർമ്മിക്കുന്നു. യഥാർത്ഥ ദേശസ്നേഹം അദ്ദേഹത്തിന്റെ ഈ ഉദ്യമത്തിലാണ് കുറ്റിപ്പുഴ കാണുന്നത്.

എം.എൻ.നായരെക്കുറിച്ചുള്ള ഓർമകളിലൂടെ തൊഴിലിന്റെ മഹാത്മ്യത്തേയും സ്വതന്ത്ര ജീവിതത്തിന്റെ പ്രാധാന്യത്തേയും പുതിയ തലമുറക്ക് പകർന്നുകൊടുക്കുവാൻ കൂടി പരിശ്രമിക്കുന്നുണ്ട്. ബി.എ. ബിരുദം നേടിയ അദ്ദേഹം ഉദ്യോഗത്തിന്റെ പുറകേ പോകാതെ വ്യവസായവും വ്യാപാരവുമായി സ്വതന്ത്രജീവിതം തെരഞ്ഞെടുത്ത് മാതൃകയാവുകയായിരുന്നു. പുതിയ തലമുറ ഉദ്യോഗത്തിനുവേണ്ടി ദാസ്യവൃത്തി സ്വീകരിക്കുന്നതിനെ കുററിപ്പുഴ

വിമർശിക്കുന്നു. പാശ്ചാത്യരെപ്പോലെ ഏത് തൊഴിലിലും മഹാത്മ്യം കാണാൻ നിർദ്ദേശിക്കുക കൂടി ചെയ്യുന്നു. അദ്ധ്യാപന ജീവിതത്തിന്റെ ഓർമകളിലൂടെ കുറ്റിപ്പുഴ സ്ത്രീപുരുഷ അസമത്വത്തിന്റെ ദൂഷണമുഖം കൂടി അനാവരണം ചെയ്യുന്നുണ്ട്. പൊതവേ നാണം കുണുങ്ങികളായി ഒരു തരം അന്തർജനസമ്പ്രദായം വെച്ചുപുലർത്തുന്നത് സ്ത്രീസ്വാതന്ത്ര്യരംഗത്ത് ഒരു വിഘാതം തന്നെയാണെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. രാജ്യത്തിന്റെ കർമ്മശക്തിയുടെ അർദ്ധാധികഭാഗമായ സ്ത്രീ പെറ്റുകൂട്ടുകയും കുട്ടികളെ വളർത്തുകയും ചെയ്യുകയാണ് തന്റെ കർമ്മമെന്ന അന്ധവിശ്വാസത്തിലാണ്. അടുക്കളയിലെന്നതുപോലെ അടർക്കളത്തിലും ശോഭിക്കുന്ന റഷ്യൻ സ്ത്രീകളെ കണ്ട് പഠിക്കുവാനാണ് കുറ്റിപ്പുഴ പ്രേരിപ്പിക്കുന്നത്. ആത്മകഥാപരമായ ഓർമ്മകളിൽപോലും സാമൂഹ്യ ചിന്തകളാണ് കുറ്റിപ്പുഴയെ നയിക്കുന്നത്.

കുറ്റിപ്പുഴയെ ഒരു തത്ത്വചന്തകനെന്ന് വിശേഷിപ്പിക്കുന്നത്, ജീവിതത്തെക്കുറിച്ചുള്ള സമഗ്രവും ആഴത്തിലുമുള്ള അദ്ദേഹത്തിന്റെ ജീവിത വ്യാഖ്യാനമാണെന്ന് പറയാം. വേദാന്തിയായിരുന്നപ്പോൾ ജീവിതം കുറ്റിപ്പുഴയ്ക്ക് ഒരു മഹാ സമുദ്രമായും അസംഖ്യം വ്യാഖ്യാനങ്ങളുള്ള മഹാഗ്രന്ഥമായും അനുഭവപ്പെട്ടിരുന്നു. ജീവിതത്തെക്കുറിച്ച് അറിയുന്തോറും അറിയാൻ ബാക്കിയുള്ളതായും മറ്റും തോന്നുന്ന ചിന്തകൾ പിൽക്കാലത്ത് ബുദ്ധി ശൂന്യമായിരുന്നുവെന്നും അത് ജീവിത നിഷേധവും ഒരു തരം ദോഷാനുദർശനവുമായിരുന്നുവെന്നും തിരിച്ചറിയുന്നു. എന്നാലും ജീവിതത്തെക്കുറിച്ചുളള അന്വേഷണം മതസ്ഥാപകരും തത്ത്വജ്ഞാനികളും പരാജയപ്പെട്ടിടത്ത് ശാസ്ത്രം തുടർന്നുകൊണ്ടിരിക്കുകയാണ്. “ജീവിതം ജീവിക്കാനുള്ളതാണ്; തള്ളിക്കളയാനുള്ളതല്ല. അത് നഴലോ, സ്വപ്നമോ, മായയോ ഒന്നുമല്ല; നാം അഭിമുഖീകരിക്കേണ്ട കടുത്ത യാഥാർത്ഥ്യവുമാണ് എന്നത്രേ എന്റെ ഇന്നത്തെ ചിന്താഗതി.”[25] ജീവിതത്തെക്കുറിച്ചുള്ള കുറ്റിപ്പുഴയുടെ കാഴ്ചപ്പാടിതാണ്. അതോടൊപ്പം ജീവിതം ഒരു തത്ത്വചിന്തയുടേയും ചട്ടക്കൂട്ടിൽ ഒതുങ്ങി നിൽക്കാത്ത ഒന്നാണെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. മാനവ വ്യക്തിത്വത്തിന്റെ വികാസവും സമൂഹക്ഷേമവുമാകണം ജീവിത ലക്ഷ്യമെന്നാണ് കുറ്റിപ്പുഴക്ക് പറയാനുള്ളത്. മാനവികതയാണ് അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യത്തിൽ നിഴലിക്കുന്നത്.

**കുറ്റിപ്പുഴയുടെ തെരഞ്ഞെടുത്തഉപന്യാസങ്ങൾ (1969)**

കോട്ടയം നാഷണൽ ബുക്ക് സ്റ്റാൾ പ്രസിദ്ധീകരിച്ച ലേഖനസമാഹരമാണ് കുറ്റിപ്പുഴയുടെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ. ഇതരകൃതികളിലെ ഉപന്യാസങ്ങൾ സമാഹരിച്ചുകൊണ്ടാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. കുഞ്ഞിക്കുട്ടൻ തമ്പുരാനെക്കുറിച്ചുള്ള സ്മരണികയാണ് ഇതിൽ പ്രത്യേകമായി

ഉൾപ്പെടുത്തിയിട്ടുള്ളത്. മലയാള സാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കവന പാടവത്തെ കുറ്റിപ്പുഴ സ്മരിക്കുന്നുണ്ട്. ബാല്യകാലം മുതൽക്കുതന്നെ തമ്പുരാൻ അദ്വിതീയനായിരുന്നുവെന്ന് കുറ്റിപ്പുഴ പറയുന്നു. കുണ്ടൂരിന് മുമ്പ് തന്നെ അദ്ദേഹം പച്ചമലയാള ശൈലി സ്വീകരിച്ചിരുന്നു. മഹാഭാരതം തർജിമയിലൂടെയാണ് തമ്പുരാൻ ഏറെ ശ്രദ്ധേയനായത്. ഇതിലൂടെ മഹാഭാരത രചനയെക്കുറിച്ച് നിലവിലുണ്ടായിരുന്ന അഭ്യൂഹങ്ങൾക്ക് തമ്പുരാൻ തിരശ്ശീലയിടുകയായിരുന്നു. രസികരഞ്ജിനിയിലൂടെ നല്ലൊരു ഗദ്യശൈലികൂടി മലയാളത്തിന് അദ്ദേഹം നൽകിയതായി കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു.

**വിമർശദീപ്തി (1974)**

കോട്ടയം നാഷണൽ ബുക്ക് സ്റ്റാളാണ് വിമർശദീപ്തിയുടേയും പ്രസാദ കർമ്മം നിർവ്വഹിച്ചിരിക്കുന്നത്. ഗൗരവമായ സാഹിത്യ നിരൂപണങ്ങളുടെ ഒരു സമാഹാരമാണ് വിമർശദീപ്തി. സാമൂഹിക പ്രസക്തിയുള്ള നിരവധി ഗ്രന്ഥങ്ങളെ ഇതിൽ വിലയിരുത്തുന്നണ്ട്. പലതും രൂക്ഷ വിമർശനത്തിന് ഇടവരികയും ചെയ്യുന്നു. ഇ.എം.എസിന്റെ ചരിത്രവ്യാഖ്യാനത്തെ ഇതിൽ ചോദ്യം ചെയ്യുന്നുണ്ട്. അന്യഭാഷാ ഗ്രന്ഥങ്ങളെ വിലകല്പിക്കാനുള്ള ശ്രമവും കാണാവുന്നതാണ്. പാശ്ചാത്യവും ഭൗതികവുമായതെല്ലാം അധമവും പൗരസ്ത്യവും ആത്മീയ പരങ്ങളായതെല്ലാം ഉത്കൃഷ്ടവുമെന്ന് വേർതിരിച്ചുകൊണ്ടുള്ള ഡോ. ഭാസ്കരൻ നായരുടെ സമീപനത്തെ കുറ്റിപ്പുഴ നിശിതമായി വിമർശിക്കുന്നു. ശാസ്ത്രീയത്തിൽ ജ്ഞാനമുള്ള അദ്ദേഹത്തിന്റെ ശാസ്ത്ര വിരുദ്ധവാദങ്ങളെയാണ് കുറ്റിപ്പുഴ യുക്തിയുക്തമായി ഖണ്ഡിക്കുന്നത്. ഉപനിഷത്തുകളിലും പുരാണങ്ങളിലും കാണുന്ന സംസ്കാരത്തിനപ്പുറം ചരിത്രപരമായ ഭാരതീയ സംസ്കാരത്തിന്റെ പൊള്ളത്തരങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് കുറ്റിപ്പുഴ ഭാസ്കരൻ നായരുടെ ഉള്ളിലെ മതപരമായ പക്ഷപാതിയെ പുറത്തെടുത്ത് പ്രദർശിപ്പിക്കുന്നു. വിശക്കുന്നവന്റെ മുന്നിൽ ആത്മീയ പ്രസംഗത്തെക്കാളേറെ ഭൗതികമായ ഭക്ഷണമാണാവശ്യമെന്ന് അദ്ദേഹം പറയുന്നു. ഭാരതത്തിലെ വേദാന്ത ചിന്തകളിൽപ്പോലും ഭൗതികതയെ പൂർണ്ണമായി നിഷേധിക്കുന്നില്ലാ എന്ന് കുറ്റിപ്പുഴ ലേഖകനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. നിഷ്പക്ഷ നിരൂപണമെന്നൊന്നില്ല എന്ന് വാദിക്കുന്ന മാരാരുടെ സാഹിത്യ സല്ലാപത്തെ കുറ്റിപ്പുഴ ഒരു നിഷ്പക്ഷമായ നിരൂപണം നടത്തിയിരിക്കുന്നുവെന്ന് പറയാം. നിരൂപകൻമാരുടെ നിരൂപകനാകാനുള്ള ശ്രമത്തിൽ മാരാർ മലയാള സാഹിത്യത്തിലെ പ്രഗല്ഭമതികളുടെ വാദങ്ങളെയെല്ലാമെടുത്ത് വിധികല്പിക്കാനുള്ള പുറപ്പാടിനെ ഒരുതരം സാഹസമെന്നാണ് അദ്ദേഹം വിലയിരുത്തുന്നത്. പത്രമാസികകളിൽ എഴുതിയ പല ബാലിശമായ അഭിപ്രായങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി

യതിനേയും കുറ്റിപ്പുഴ വിമർശിക്കുന്നുണ്ട്. അന്യരുടെ കുറവുകൾ കണ്ടെത്താനു പകരിക്കുന്ന കണ്ണാടിയിൽ സ്വന്തം മുഖവും നോക്കുന്നത് നല്ലതാണെന്നും കുറ്റിപ്പുഴ ഉപദേശിക്കുന്നുണ്ട്. നിഷ്പക്ഷതയെ ഒരു ഗുണമായി ഗണിക്കുന്നത് മാരാർ അർത്ഥമാക്കുന്ന വിധത്തിലല്ലെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. എന്നാൽ മലയാള നിരൂപണത്തിലെ പലവാദ കോലാഹലങ്ങളും തീർപ്പ് കല്പിക്കാൻ മാരാർ ശ്രമിച്ചിട്ടുള്ളതായി കുറ്റിപ്പുഴ കണ്ടെത്തുന്നു. പഴഞ്ചൻ വിശ്വാസ പ്രമാണങ്ങളേയും കലാ വൈകല്യവാദങ്ങളേയും മാരാർ ഭൽസിച്ചിരിക്കുന്നത് കുറ്റിപ്പുഴ എടുത്തു കാട്ടുന്നുണ്ട്.

മുണ്ടശ്ശേരിയുടെ ആത്മകഥക്ക് 'കൊഴിഞ്ഞ ഇലകൾ' എന്ന പേര് അന്വർത്ഥമാണെന്ന് കുറ്റിപ്പുഴ പറയുന്നുണ്ട്. ഞാനെന്ന ഭാവം നിറഞ്ഞ് വികൃതമാകാത്തതാണ് ഈ ആത്മകഥയെന്നും അദ്ദേഹം തിരിച്ചറിയുന്നു. സെന്റ് തോമസ് കോളേജിൽ നിന്നും മന്ത്രിസഭയിൽ നിന്നുമുള്ള ഇറങ്ങിപ്പോക്കിനെ കേരളത്തിനുണ്ടാക്കിയ സാസ്ക്കാരികാധഃപതനത്തിന്റെ ചൂണ്ട് പലകയായാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. ഡെമോക്രസി സ്ഥാപിത താല്പര്യക്കാരുടെ കയ്യിൽപ്പെട്ടാൽ എന്തുമാത്രം ദുഷിക്കുമെന്നതിനൊരുദാഹരണം കൂടിയാണിത്. മാനേജർമാരുടെ ദുർഭരണത്തിനടിപ്പെട്ട് വീർപ്പുമുട്ടിക്കിടന്നിരുന്ന അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും മോക്ഷകവാടമായി തീർന്ന വിദ്യാഭ്യാസ ബില്ലവതരണ ത്തെക്കുറിച്ചുള്ള വിവരണം ശ്രദ്ധേയമാണ്. കേരളത്തിന്റെ ചരിത്രത്തിനൊപ്പം നീളുന്നതാണ് മുണ്ടശ്ശേരിയുടെ ആത്മകഥയെന്ന് കുറ്റിപ്പുഴ പറയുന്നുണ്ട്. യൂറോപ്യൻ തത്ത്വചിന്തയെ വ്യാഖ്യാനിക്കാൻ പുറപ്പെട്ട പി.ടി. ചാക്കോയുടെ പരിശ്രമം മലയാള ഭാഷയിലെ ബീഭത്സ രചനയാണെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. കാലഹരണപ്പെട്ട ബർഗോണിസത്തെ ഉയർത്തിക്കാണിക്കാനുള്ള ശ്രമത്തിന് പിന്നിലെ ക്രിസ്ത്യൻ മിസ്റ്റിസിസത്തെ കുറ്റിപ്പുഴ പുറത്തു കൊണ്ടുവരുന്നു. അസ്തിത്വവാദത്തെ മറ്റൊരു ശബ്ദജാലമായാണ് കുറ്റിപ്പുഴ കാണുന്നത്. ഇത് മതത്തിന്റെ ചുമടുതാങ്ങിയായിതീരുന്നത് എങ്ങനെയെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ദുർഗ്രഹമായ കുറെ പദങ്ങൾ കൊണ്ടുള്ള കസർത്തിനപ്പുറം പ്രാധാന്യം ഈ കൃതിക്കില്ലെന്ന് കുറ്റിപ്പുഴ പറയുന്നു.

പി.ടി. ഭാസ്കരപണിക്കരുടെ 'സയൻസിന്റെ കഥയും' എൻ.ഇ. ബലറാമിന്റെ 'മനുഷ്യോൽപത്തിയും' കുറ്റിപ്പുഴയുടെ പ്രശംസ പിടിച്ചുപറ്റിയ കൃതികളാണ്. മതവും തത്ത്വശാസ്ത്രവും മനുഷ്യവർഗ്ഗത്തിന് നൽകാൻ കഴിയാത്ത നേട്ടങ്ങൾ സയൻസിലൂടെ അവന് ലഭിക്കുമെന്നും ലോക മാനവസംസ്കാരത്തിലേക്ക് അവനെ നയിക്കുമെന്നും കുറ്റിപ്പുഴ വിശ്വസിക്കുന്നു. ഈ ലക്ഷ്യത്തിന് ശാസ്ത്ര സാഹിത്യം വഴി സാധാരണ ജനങ്ങളിൽ ശാസ്ത്രബോധം വളർത്താൻ പി.ടി.യുടെ ഉദ്യമം

ഉപകരിക്കുമെന്നതിൽ കുറ്റിപ്പുഴക്ക് സംശയമില്ല. മനുഷ്യോൽപത്തി ശാസ്ത്ര ദൃഷ്ടിയിലൂടെ കാണുവാനും യുഗങ്ങളിലൂടെയുള്ള അതിന്റെ വികാസ പരിണാമങ്ങൾ മനസ്സിലാക്കുന്നതിനും ബലറാമിന്റെ ഗ്രന്ഥം കൈകരളി ക്കൊരനുഗ്രഹമായി കുറ്റിപ്പുഴ കാണുന്നു. സാമൂഹ്യ പരിഷ്കർത്താവായ സഹോദരനയ്യപ്പന്റെ കാവ്യങ്ങളിൽ നവീനമായ ഒരു രൂപവും ഭാവവും കുറ്റിപ്പുഴ ദർശിക്കുന്നുണ്ട്. ശാസ്ത്രബുദ്ധിയും കവിഹൃദയവും സമീചീനമായി സഹോദരകവിതകളിൽ സമ്മേളിച്ചിട്ടുണ്ടെന്ന് കുറ്റിപ്പുഴ പറയുന്നു. പുരാണ വിഷയമായ അഹല്യയിലെ കഥാപാത്രങ്ങളെ മനുഷ്യഭാവത്തിലാണ് കവി അവതരിപ്പിക്കുന്നത്. ഗഹനമായ ശാസ്ത്രതത്ത്വങ്ങളെ തനതായ കോമളശൈലിയിൽ ആവിഷ്ക്കരിക്കാൻ സഹോദരനുള്ള കഴിവ് അന്യാ ദൃശ്യമാണെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം.

'വിപ്ലവകാരിയായ സാഹിത്യകാരൻ' എന്നാണ് പി.കേശവദേവിനെ കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. സംഹാരമാണ് സൃഷ്ടിയുടെ പൂർവ്വരംഗമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. പഴയതിന്റെ ചാമ്പലിൽ വേണം പുതിയത് വളരുവാനെന്നാണ് ദേവിന്റെ സന്ദേശം. പഴയതും പുതിയതും കൂട്ടിയിണക്കാറുള്ള പരിഷ്കരണ വാദികൾ ഇത് ശ്രദ്ധിക്കണമെന്ന് കുറ്റിപ്പുഴ അഭ്യർത്ഥിക്കുന്നു. ചിത്രശാലയിലെ ഗദ്യകവിതകൾ ഇത്തരം സന്ദേശത്തെ ഉണർത്തുന്നവയാണ്. വയറിന്റെ ഭീഷണിക്കുമുന്നിൽ മതത്തിന്റെ സദാചാരനിയമങ്ങളും അധികാര ശക്തിയുടെ വിലക്കുകളും സാമ്രാജ്യമേടകളും ദേവാലയങ്ങളും ദൈവങ്ങളുമെല്ലാം ദഹിച്ചുപോകുന്നുവെന്ന ദേവിന്റെ പരാമർശം അനുവാചക ഹൃദയത്തെ തുളച്ചുകയറുന്നവയാണെന്ന് കുറ്റിപ്പുഴ പറയുന്നു. പൊറ്റക്കാടിന്റെ സഞ്ചാര സാഹിത്യ തൂലികയുടെ മാസ്മരിക സ്പർശം കുറ്റിപ്പുഴ തൊട്ടറിയാനും ശ്രമിച്ചിട്ടുണ്ട്. പ്രതിഫലന ശക്തിയുള്ള ഒരു കവി ഹൃദയത്തോട് കൂടിയാണ് അദ്ദേഹത്തിന്റെ യാത്രയെന്ന് കുറ്റിപ്പുഴ അറിയുന്നു. കാശ്മീരിന്റെ വർണ്ണന കാളിദാസ പ്രഭൃതികളെപ്പോലും അതിശയിക്കുന്ന മട്ടിലായിട്ടുണ്ടെന്ന് അദ്ദേഹം പ്രകീർത്തിക്കുന്നു. അത്തരം പ്രകൃതി വർണ്ണനം അനുവാചകനെ സ്വർഗ്ഗീയ സുഖ സമൃദ്ധിയിൽ ആറാടിക്കുമെന്ന് തീർച്ചയാണ്. പ്രകൃതിയും രാജാവും ഒന്നുപോലെ കശക്കിയെറിഞ്ഞ കാശ്മീരിലെ കർഷക ദരിദ്രരും ഈ കൃതിയിൽ സ്ഥാനം പിടിച്ചതിനെ ഒരു നേട്ടമായി കുറ്റിപ്പുഴ കാണുന്നു.

വായനക്കാരെ അഴുക്ക് ചാലിലേക്ക് ഇറക്കുക മാത്രമേ ബഷീർ 'ശബ്ദങ്ങൾ' എന്ന കൃതിയിലൂടെ ചെയ്തിട്ടുള്ളൂ. അത് ശുദ്ധീകരിക്കാനോ അതിൽ നിന്ന് കരകേറ്റാനോ ഉള്ള ശക്തിയും പ്രചോദനവും ആ കൃതി നൽകുന്നില്ലെന്ന് കുറ്റിപ്പുഴ വിമർശിക്കുന്നുണ്ട്. വിഷവ്യാപ്തമായതിനെ വെട്ടിമറിച്ചിട്ടാൽ മാത്രം പോര;

പുതിയതൊന്ന് നട്ടുപിടിപ്പിക്ക കൂടി വേണമെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. തകഴി വേശ്യാലയത്തിൽ നിന്ന് സമരമുഖത്തേക്ക് വന്നപ്പോൾ ബഷീർ സമരമുഖത്ത് നിന്ന് വേശ്യാലയത്തിലെത്തിച്ചേർന്നോ എന്നാണ് കുറ്റിപ്പുഴക്ക് സംശയം. ഹൃദയത്തെ ത്രസിപ്പിക്കുന്ന ശബ്ദങ്ങളും ഇതിലെ ചില സന്ദർഭങ്ങളിലുണ്ടെന്ന് കുറ്റിപ്പുഴ പറയാൻ മടിക്കുന്നില്ല. സി.ജെ. തോമസിന്റെ 'സോഷ്യലിസം' എന്ന ഗ്രന്ഥം ഏറെ സംക്ഷിപ്തമായി പോയെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. സോഷ്യലിസം ഇന്ന് പലരും ഉപയോഗിച്ച് നവീന രൂപാന്തരങ്ങൾ വന്നിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ ഗ്രന്ഥം പ്രസ്തുത വിഷയത്തിൽ പ്രാഥമിക പഠനമായി പരിഗണിക്കാമെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. സോഷ്യലിസം ഒരു ശാസ്ത്രമാണെന്നും അത് സ്വീകരിക്കുന്നതിൽ വിദേശീയമെന്ന മിഥ്യാഭിമാനത്തിന് സ്ഥാനമില്ലെന്നുമുള്ള സി.ജെ.യുടെ പ്രസ്താവനകൾ കുറ്റിപ്പുഴ ശ്രദ്ധേയമായിക്കാണുന്നു. അഹിംസാ മന്ത്രം കൊണ്ട് സ്വേച്ഛാധിപത്യത്തേയും മുതലാളിത്തത്തേയും മര്യാദ പഠിപ്പിക്കാമെന്ന വ്യാമോഹം വേണ്ടെന്ന ഗ്രന്ഥകാരന്റെ നിർദ്ദേശവും വിലപ്പെട്ടതായി കുറ്റിപ്പുഴ കാണുന്നു.

ശാസ്ത്രീയമായ ഗവേഷണമോ തെളിവുകളോ ഇല്ലാതെ ചരിത്രമെഴുതാൻ പുറപ്പെടുന്ന രീതിയെ അദ്ദേഹം എതിർക്കുന്നുണ്ട്. ഇ.എം.എസിന്റെ കേരളചരിത്ര രചനയിലും പ്രാചീന കാലഘട്ടത്തെ അനാവരണം ചെയ്യുന്നതിലുണ്ടായ ഈ പരാജയം കുറ്റിപ്പുഴ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ മാർക്സിയൻ നിരീക്ഷണ സ്ഥാനത്തുനിന്നു കൊണ്ടുള്ള സമീപനം, സാമൂഹ്യ സാമ്പത്തിക ഘടകങ്ങൾ ചരിത്രത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞതായി അദ്ദേഹം വിലയിരുത്തുന്നു. എഴുത്തച്ഛനുമുമ്പും പുരാണങ്ങളെ നാടൻ പാട്ടുകളായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ചരിത്രത്തിന്റെ ഗതിയെ ശാസ്ത്രീയമായി വിലയിരുത്തി ഭാവികേരളം എങ്ങനെയായിരിക്കണമെന്ന ഇ.എം.എസിന്റെ വീക്ഷണത്തെ കുറ്റിപ്പുഴ സ്വീകരിക്കുന്നുണ്ട്. ജന്മനാ ഭാവഗായകനായ ടോഗോറിന്റെ കാവ്യങ്ങൾ വിശ്വപ്രസിദ്ധിനേടിയവയാണെങ്കിലും നോവൽരചനയിൽ ഒരു പരാജയമാമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ജീവിതത്തെ ചിത്രീകരിക്കുന്നതിന് പകരം ജീവിതത്തിന്റെ ഫിലോസഫി നേരിട്ട് പറയുന്നത് ഉചിതമല്ലെന്നാണ് കുറ്റിപ്പുഴ പറയുന്നത്. 'യോഗായോഗി' യിലെ ഒരു കഥാപാത്രം പോലും വായനക്കാരന്റെ മനസ്സിൽ തങ്ങിനിൽക്കില്ലെന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. എത്ര വമ്പിച്ച സിദ്ധിയുള്ള കലാകാരനായാലും അദ്ദേഹത്തിന്റെ രചനകളെല്ലാം അന്യൂനമാകണമെന്നില്ലെന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തുന്നത്.

പഴക്കംകൊണ്ട് മാത്രം ഒരു കൃതിയെ ക്ലാസിക് എന്ന് വിശേഷിപ്പിക്കാൻ കഴിയുമോ? നൂറ്റാണ്ടുകളായി ജനപരമ്പരയുടെ സാഹിത്യാഭിരുചിയെ

തൃപ്തിപ്പെടുത്തിക്കൊണ്ടിരിക്കന്നവയേ ഉത്തമക്ലാസിക്കുകളാകുകയുള്ളൂ എന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. ജപ്പാൻ കൃതിയായ 'ഗഞ്ചിയുടെ കഥ' ഇതിനൊരപവാദമാണ്. ഒരു രാജകുമാരന്റെ ശൃംഗാര അപദാനങ്ങൾ മാത്രമാണ് ഇതിലുള്ളത്. ആരെല്ലാം പ്രകീർത്തിച്ചാലും ഈ രതി സാമ്രാജ്യം വായനക്കാർക്ക് മടിപ്പുളവാക്കുമെന്ന് കുറ്റിപ്പുഴ പറയുന്നു. സഞ്ചാര സാഹിത്യത്തിലെ ഒരു വിചിത്ര സൃഷ്ടിയായാണ് 'ജീവനലീല' എന്ന ഗ്രന്ഥത്തെ കുറ്റിപ്പുഴ കാണുന്നത്. വർണ്ണനകൾ കൊണ്ട് നിറഞ്ഞ ഒരു ഗദ്യകാവ്യമെന്നേ ഇതിനെ, അദ്ദേഹത്തിന് വിശേഷിപ്പിക്കാൻ കഴിയൂ. ഭാരതത്തിലെ നദികളെല്ലാം പുണ്യങ്ങളോ പാപമോചനത്തിനുപകരിക്കുന്നതോ ആണ് ഗ്രന്ഥകാരന്റെ ദൃഷ്ടിയിൽ. പ്രസ്തുത നദീതീരങ്ങളിലെ മനുഷ്യപ്രയത്നങ്ങളെ അസഹിഷ്ണതയോടെ കാണുന്ന സഞ്ചാരിയിൽ ഭക്തിപാരവശ്യമാണ് മുന്നിട്ട് നിൽക്കുന്നത്. ഇതിൽ നിന്നും ഭക്തി നീക്കിക്കഴിഞ്ഞാൽ സഞ്ചാരവൃത്താന്തം ശുഷ്കമാണെന്നാണ് കുറ്റിപ്പുഴയുടെ പരാമർശം.

പ്രചാരണോദ്ദേശത്തോടെ രചിക്കപ്പെട്ടതാണെങ്കിലും കലാനിപുണത കൊണ്ട് ഹൃദ്യമാണെന്നാണ് റഷ്യൻ നോവലായ റെയിൻബോയുടെ തർജ്ജിമയെ അദ്ദേഹം വിലയിരുത്തുന്നത്. ജർമനിയുടെ റഷ്യാ ആക്രമണത്തിൽ റഷ്യൻ ജനതയുടെ ആത്മവീര്യവും ദേശാഭിമാനവും ഉദ്ബുദ്ധമാക്കുന്ന വിധമാണ് നോവലിന്റെ ഇതിവൃത്തം. ഓരോ രംഗവും സ്തോഭ വ്യാമർദ്ദനം കൊണ്ട് വീർപ്പുമുട്ടി പൊട്ടിത്തെറിക്കുന്നതായി വായനക്കാർക്കനുഭവപ്പെടുമെന്ന് കുറ്റിപ്പുഴ പറയുന്നു. വാക്യങ്ങളുടെ ഏകാഗ്രതയും അർത്ഥോജ്ജ്വലതയും ലളിത മോഹനമായ ഭാഷയും തർജ്ജിമയുടെ ലാളിത്യവും കൊണ്ട് സുന്ദരരൂപംകൊണ്ടതായി ഈ കൃതിയെ അദ്ദേഹം വിലയിരുത്തുന്നു. ഹുയാൻസാങിന്റെ ഭാരതയാത്രയും സഞ്ചാരസാഹിത്യവും വിശ്വസാഹിത്യത്തിന് തന്നെ ഒരു മുതൽ കൂട്ടായിട്ടുണ്ടെന്നും ഇതിന്റെ തർജ്ജിമയിലൂടെ ഭാഷക്കും ഏറെ നേട്ടമുണ്ടായിട്ടുണ്ടെന്ന് കുറ്റിപ്പുഴ പറയുന്നു. യാത്രാവിവരണം എന്നതുപോലെ മഹത്തായ ഒരു ജീവിതത്തിന്റെ രസാത്മകമായ പ്രതിഫലനം കൂടിയാണത്. ബുദ്ധമത ഗ്രന്ഥങ്ങളിലെ ന്യൂനത പരിഹരിക്കാൻ വേണ്ടിയുള്ള ഈ പുറപ്പാടിനെയാണ് അദ്ദേഹം ഏറെ പ്രശംസിക്കുന്നത്. ഏത് മതവും കാലത്തിനനുസരിച്ച് പൊളിച്ചെഴുതേണ്ടതാണെന്ന് കുറ്റിപ്പുഴ ഓർമ്മിക്കുന്നു.

ജീവിതത്തിന്റെ നിസ്സഹായതയും ദയനീയതയും വെളിപ്പെടുത്തി സ്ഥായീഭാവമായ ശോകത്തെ പരകോടിയിലെത്തിക്കുന്ന തോമസ് ഹാർഡിയുടെ ആഖ്യാനരീതി 'ടെസ്സ്' എന്ന നോവലിലും പ്രശോഭിക്കുന്നതായി അദ്ദേഹം കണ്ടെത്തുന്നു. ദരിദ്രയും സുന്ദരിയുമായ ഒരു കൃഷിവലകന്യകയുടെ ജീവിതവും

പ്രണയവും പരാജയവുമാണ് കഥാഗാത്രം. ഹൃദയദ്രവീകരണമായ കരുണരസം നിറഞ്ഞ വികാരോഷ്മളമായ ഇത്തരം നോവലുകൾ ഇംഗ്ലീഷിൽ അധിമുണ്ടാകില്ലെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. രൂപശില്പത്തിലെ ചില അനൗചിത്യങ്ങളും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഭാഷയിൽ വികാസം പ്രാപിക്കേണ്ട ഒന്നാണ് ബാലസാഹിത്യമെന്ന് നിർദ്ദേശിക്കുന്നുണ്ട്. മുതിർന്നവർക്ക് വേണ്ടിയുള്ള സാഹിത്യരചനപോലെ എളുപ്പമല്ല, എന്നല്ല ഏറെ ദുഷ്കരവുമാണെന്ന് കുറ്റിപ്പുഴ പറയുന്നു. വിജ്ഞാനമില്ലെങ്കിലും കുട്ടികൾക്ക് വിനോദം കൂടിയേ കഴിയൂ. പാശ്ചാത്യർ ഈ രംഗത്ത് ഏറെ മുന്നിൽ പോയിട്ടുണ്ട്. ഈ രംഗത്ത് പ്രശംസനീയമായിട്ടുള്ളത് ഉറൂബിന്റെ 'മല്ലനും മരണവും' ഭാരത പിഷാരടിയുടെ 'ആദ്യത്തെ പണക്കാരനു'മാണ്. ബാലഹൃദയങ്ങളിൽ ധീരതയും ജാഗ്രതയും വളർത്തുവാൻ ഇത് സഹായിക്കുമെന്ന് കുറ്റിപ്പുഴ പറയുന്നു.

തൂലികാചിത്രങ്ങൾ വെറും ചരിത്രകുറിപ്പോ, നിരൂപണമോ ആകുന്നതിനോട് അദ്ദേഹം യോജിക്കുന്നില്ല. മനുഷ്യസാമാന്യത്തിൽ നിന്നും വ്യക്തിവിശേഷത്തെ പൃഥക്കരിച്ചുകാണിക്കുന്നതിലായിരിക്കണം ചിത്രകാരന്റെ മുഖ്യശ്രദ്ധ. സി. നാരായണ പിള്ളയുടെ 'പോയ തലമുറ' സമ്മിശ്രഭാവമുളവാക്കുന്ന ഗ്രന്ഥമാണ്. സി.വി. കുഞ്ഞിരാമൻ നായരെ ചിത്രീകരിക്കുന്നതിൽ കൈവരിച്ച നേട്ടം മറ്റ് ചിത്രങ്ങളിൽ ദൃശ്യമായിട്ടില്ലെന്ന് വിമർശനബുദ്ധ്യാ കുറ്റിപ്പുഴ വിലയിരുത്തുന്നു. ജീവചരിത്ര സാഹിത്യത്തെ കുറിച്ച് ആധികാരികമായ ഒരു ഗ്രന്ഥം രചിച്ച ഡോ.കെ.എം. ജോർജിനെ അദ്ദേഹം അഭിനന്ദിക്കുന്നുണ്ട്. മലയാളത്തിൽ ഇനിയും വളരേണ്ട സാഹിത്യശാഖയാണിതെന്ന് അഭിപ്രായപ്പെടുന്നു. ഒരു നല്ല ജീവചരിത്രത്തിന്റെ ഏറ്റവും പ്രധാനഘടകം സത്യമാണ്. സ്വാതന്ത്ര്യവും വസ്തുനിഷ്ഠവുമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിൽ കുറ്റിപ്പുഴ ആകൃഷ്ടനാണ്. നിരൂപകനായ മാരാരിൽ നിന്ന് പുറപ്പെട്ട ഗദ്യപദ്യ സാഹിത്യനിരൂപണത്തെ കുറ്റിപ്പുഴ നിരൂപണം ചെയ്യുന്നുണ്ട്. ചില കാവ്യങ്ങളിൽ തത്ത്വചിന്തയുടെ പ്രസരം രസംകൊല്ലിയായാണ് പരിണമിക്കുന്നതെന്ന് അദ്ദേഹം വിമർശിക്കുന്നു. ദേശസ്നേഹം തുടിക്കുന്നതും മുതലാളിത്തത്തിന്റെ ദുഷിച്ച മുഖം അനാവരണം ചെയ്യുന്നതിലും മാരാർ വിജയിച്ചു. എങ്കിലും മലയാള സാഹിത്യം മാരാരിൽ നിന്ന് പ്രതീക്ഷിക്കുന്നത് വിലപിടിച്ച സാഹിത്യ രൂപങ്ങളാണെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. സ്റ്റാലിന്റെ ജീവചരിത്രം പറയാൻ പുറപ്പെട്ട നാരായണൻ നായർ ബോൾഷേവിക് പാർട്ടിയുടെ ചരിത്രമാണ് അവതരിപ്പിച്ചതെന്നോർത്ത് അദ്ദേഹം സഹതപിക്കുന്നുണ്ട്. ചരിത്രനായകന്റെ വ്യക്തിജീവിതത്തെ കുറിച്ച് അറിയാൻ താല്പര്യമുള്ള വായനക്കാർക്ക് നിരാശയായിരിക്കും ഫലം. ജീവചരിത്രത്തിന്റെ ധർമ്മത്തിൽ നിന്ന് തന്നെ ഈ ഗ്രന്ഥം അകന്ന് പോയതായി കുറ്റിപ്പുഴ വിലയിരുത്തുന്നു.

**യുക്തിവിഹാരം (1975)**

കോട്ടയം നാഷണൽ ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച ലേഖനസമാഹരമാണ് യുക്തിവിഹാരം. യുക്തിവാദത്തെ ഒരു ചിന്താപദ്ധതിയായി സ്വീകരിച്ച കുറ്റിപ്പുഴയുടെ മൗലികത തെളിയിക്കുന്ന പ്രബന്ധ സമാഹാരങ്ങളാണിവ. സ്വതന്ത്രചിന്തയുടെ പ്രാധാന്യത്തെ കൂടുതൽ ഉദ്ഘോഷിക്കുകയാണ് യുക്തിവിഹാരം. യുക്തിവാദം ചിലർ തെറ്റിദ്ധരിക്കുന്നതുപോലെ ഒരു പ്രത്യേക മതമോ പ്രസ്ഥാനമോ അല്ലാ എന്നും മറിച്ചതൊരു വിചാരപദ്ധതിയാണെന്നും കുറ്റിപ്പുഴ സൂചിപ്പിക്കുന്നു. മനനശീലം മനുഷ്യ സ്വഭാവത്തിൽ സ്വതേ ഉള്ളതാണെങ്കിലും യുക്തിവിചാരം അധികം പേരിലും മന്ദീഭവിച്ചാണ് കാണുന്നത്. സിദ്ധാന്ത ബദ്ധമായ ബുദ്ധിയല്ല യുക്തിവാദത്തിന് വേണ്ടതെന്നും, അതെപ്പോഴും സ്വതന്ത്രമായിരിക്കണമെന്നും അദ്ദേഹം പ്രഖ്യാപിക്കുന്നു. മതവും ഈശ്വരനുമല്ല മനുഷ്യനെ സന്മാർഗ്ഗിയാക്കി തീർത്തതെന്ന് ചരിത്രത്തിന്റെ പിൻബലത്തോടെ കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. ഈ രംഗത്ത് സ്വജീവിതം സമർപ്പിച്ച എം.സി. ജോസഫിനെ അദ്ദേഹം ഓർക്കുന്നു. കേരള സംസ്കാരത്തെ സ്ഫുടം ചെയ്ത് ശുദ്ധീകരിക്കാനുള്ള ഒരു വൈജ്ഞാനികയജ്ഞമായാണ് അദ്ദേഹത്തിന്റെ പ്രവർത്തനത്തെ കുറ്റിപ്പുഴ കാണുന്നത്.

മാരാരുടെ യുക്തിവാദഭർസനത്തിനു പിന്നിലുള്ള സനാതന പ്രേമത്തെ കുറ്റിപ്പുഴ മറനീക്കി കാണിക്കുന്നുണ്ട്. പ്രകൃതി ഗുണങ്ങളിൽ നിന്നാണ് ജീവനുണ്ടായതെന്ന ശാസ്ത്രസത്യമാണ് മാരാരെ ചൊടിപ്പിച്ചത്. സനാതന ധർമ്മത്തിനുള്ളിൽ കൂടിയിരിക്കുന്നത് ബ്രാഹ്മണദാസ്യമാണെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു. ഈശ്വരൻ സത്യവും ജ്ഞാനവുമാണെങ്കിൽ യുക്തി വാദികളായിരിക്കും അതിനെ ഏറ്റവും കൂടുതൽ മാനിക്കുന്നത്. എന്നാൽ പ്രായോഗിക തലത്തിൽ രണ്ട്തരം ഈശ്വരനെയാണ് കാണുന്നത്. സ്വതന്ത്രഭാരതം നാസ്തക്യത്തിൽ ആണ്ടുപോയെന്ന് പരിതപിക്കുന്ന മാരാർക്ക് ആസ്തക്യ വാദികളുടെ ഘോരകൃത്യങ്ങളെ കാട്ടിക്കൊടുക്കുന്നുണ്ട് കുറ്റിപ്പുഴ. ഹിന്ദുമതത്തിന്റെ നട്ടെല്ല് ജാതി വ്യവസ്ഥയാണ്. അത് നശിക്കാതിരിക്കാൻ ബ്രാഹ്മണ മേധാവിത്വം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഹിന്ദുക്കളുടെ മനസ്സിൽ നൂറ്റാണ്ടുകളായി ഈ മനോഭാവം വിലയിച്ചുകിടക്കുന്നുണ്ട്. മഹാത്മാഗാന്ധിപോലും ഇതിൽ നിന്ന് മോചിതനായിരുന്നില്ല. വേദങ്ങളിലും ഉപനിഷത്തുകളിലും തത്ത്വചിന്തയിലുമെല്ലാം ഒളിഞ്ഞും തെളിഞ്ഞും ചാതുർവർണ്ണ്യവും ബ്രാഹ്മണ മേധാവിത്വവും സ്ഥാനമുറപ്പിച്ചിട്ടുണ്ടെന്ന് കുറ്റിപ്പുഴ കണ്ടെത്തന്നു.

മനുഷ്യരിലെ പ്രബലമായ ഒരു അന്ധാചാരമാണ് ശവപൂജ. ചരിത്രാതീത

കാലംമുതൽ ഇത്തരം ആചാരങ്ങൾക്ക് ഏറെ ധനം ദുർവ്യയം ചെയ്തിരുന്നതായി കാണാം. പിരമിഡുകളിലും താജ്മഹലിലും എത്ര കലാപരവും ചരിത്രപരവുമായ മൂല്യമുണ്ടായാലും അതിന്റേയും അടിയിൽ കിടക്കുന്നത് ചീഞ്ഞ് നാറുന്ന ശവമാണെന്ന് കുറ്റിപ്പുഴ പറയുന്നു. ശവപൂജ ബഹുജന ചൂഷണത്തിനായും ഉപയോഗിച്ചിട്ടുണ്ട്. ആത്മാവ് ശരീരത്തെ തേടിയെത്തുമെന്നുള്ള അന്ധവിശ്വാസമാണ് ഇതിന്റെ പിന്നിലുള്ളത്. ശ്രീനാരായണ ഗുരുവിനെപ്പോലുള്ളവർ ഇതിനെ പരിഹസിച്ചിരുന്നതായി അദ്ദേഹം വെളിപ്പെടുത്തുന്നു. ബ്രാഹ്മണ പ്രാമാണ്യം തന്നെയാണ് മഹാഭാരത കഥ മുഴുവൻ നിറഞ്ഞു നിൽക്കുന്നത്. ബ്രാഹ്മണന്റെ വിഷയ ലംബടത്വത്തെ ന്യായീകരിക്കുന്ന നിരവധി സന്ദർഭങ്ങൾ കുറ്റിപ്പുഴ കാട്ടിത്തരുന്നു. ഹിന്ദുക്കളുടെ മതപരവും മാനസികവുമായ അടിമത്ത്വത്തിന് കാരണം ഇത്തരം കൃതികളുടെ നിത്യപാരായണമാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

വൈദിക കാലത്തിനു മുമ്പുതന്നെ ഇന്ത്യയിൽ പ്രചാരത്തിലിരുന്ന ചാർവാക സിദ്ധാന്തം പല സ്വതന്ത്രചിന്തകരായ ബ്രാഹ്മണരേയും സ്വാധീനിച്ചിരുന്നുവെന്ന് മഹാഭാരതത്തിലെ ചില സന്ദർഭങ്ങളെ ഉദ്ധരിച്ചുകൊണ്ട് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. മഹാഭാരതം ശാന്തിപർവ്വത്തിലെ ചാർവാകവധം ഇതിനൊരുദാഹരണമാണ്. പുരാണങ്ങളിൽ രാക്ഷസന്മാരെന്നാണ് ഇവരെ പലപ്പോഴും വിശേഷിപ്പിക്കുന്നത്. ചക്രവർത്തിയായി അഭിഷിക്തനാകാനെത്തിയ യുധിഷ്ഠിരനോട്, ഗുരുക്കന്മാരെ കൊലപ്പെടുത്തിയ നിനക്ക് മരണമാണ് ഉത്തമമെന്ന് വിളിച്ചുപറഞ്ഞ ചർവാകന്മാരേയും ചാർവാക സിദ്ധാന്തത്തേയും നശിപ്പിക്കുവാൻ നിരന്തരം ശ്രമിച്ചിരുന്നതായും അദ്ദേഹം തെളിയിക്കുന്നു. കാറൽ മാർക്സിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദത്തെ കുറ്റിപ്പുഴ സമഗ്രമായി അവലോകനം ചെയ്യുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ഹെഗൽ ആവിഷ്ക്കരിച്ച ഭൗതികവാദം ആശയപ്രപഞ്ചമായി, ആശയവാദത്തിൽ ചെന്നവസാനിച്ചപ്പോൾ മാർക്സ് തന്റെ വൈരുദ്ധ്യാത്മക ഭൗതികവാദം ഇന്നത്തെ സയൻസിന്റെ മുമ്പിലും പ്രശോഭിക്കത്തക്കവിധം ശാസ്ത്രീയമാക്കിയെന്ന് അദ്ദേഹം പറയുന്നു. “ഹെഗൽ പറയുന്നതുപോലെ മനസ്സിന്റെ പ്രതിഫലനമല്ല പദാർത്ഥം; നേരെ മറിച്ച് പദാർത്ഥത്തിന്റെ ഏറ്റവും മഹത്തായൊരു വികസനഫലം മാത്രമാണ് മനസ്സ് എന്ന് മാർക്സ് സ്ഥാപിച്ചു.” [26] അതുപോലെ സമസ്ത പ്രപഞ്ചവും അതിലെ ഓരോ ഘടകങ്ങളും സദാ ചലിച്ചും മാറിയും കൊണ്ടിരിക്കുന്നതായും അദ്ദേഹം സിദ്ധാന്തിച്ചു. വിപരീത ശക്തികളുടെ സംഘട്ടനമാണ് വികാസം എന്നത് സാമൂഹ്യ സാമ്പത്തിക മേഖലകളിലും സംഭവിക്കുന്നതാണെന്ന് വന്നുചേർന്നു. പരിണാമ ഭേദത്തിൽ നിന്ന് ഗുണഭേദത്തിലുള്ള സംക്രമണം, വിപരീതങ്ങളുടെ അന്യാന്തർവേശം, നിഷേധനിഷേധം എന്നീ സിദ്ധാന്തങ്ങൾ കുറ്റിപ്പുഴ

സ്വോദാഹരണം വിവരിക്കുന്നുണ്ട്. നവീന ഭൗതികവാദം പ്രപഞ്ചത്തെ വളർന്ന് വരുന്ന ജീവത്തായ ഒരു രൂപ സംവിധാനമായാണ് കാണുന്നതെന്ന് അദ്ദേഹം പരാമർശിക്കുന്നു. മാർക്സിന്റെ സിദ്ധാന്തം ശോഭിക്കുന്നത് അനന്യ സാധാരാണമായ അതിന്റെ പ്രയോഗക്ഷമതയിലാണെന്നും കുറ്റിപ്പുഴ പ്രസ്താവിക്കുന്നു.

പ്രാചീനഭാരതീയരുടെ രാഷ്ട്രമീമാംസ മഹാഭാരത്തിലെ ശാന്തിപർവ്വത്തിൽ അദ്ദേഹം പരിശോധിക്കുന്നുണ്ട്. രാജ്യത്തെ പൗരോഹിത്യത്തിന്റെ കാൽക്കീഴിൽ നിർത്തിക്കൊണ്ട് ബ്രാഹ്മണമതം കെട്ടിപ്പടുക്കുക എന്നതാണ് ഇതിൽ ആദ്യന്തം പ്രതിഫലിക്കുന്നത്. ചാതുർവർണ്ണ്യത്തിന്റെ ധർമ്മം രക്ഷിക്കണമെന്ന് ഭീഷ്മർ യുധിഷ്ഠിരനെ ഉപദേശിക്കുന്നുണ്ട്. വർണ്ണസങ്കരമാണ് രാജ്യത്തിന്റെ ഇന്നത്തെ ഏകരക്ഷാമാർഗ്ഗമെന്ന് കുറ്റിപ്പുഴ മനസ്സിലാക്കുന്നു. ദൈവത്തേയും ചെകുത്താനേയും സൃഷ്ടിച്ചത് മനുഷ്യഭാവനയാണെന്ന് പ്രതീകാത്മകമായി വെളിവാക്കുകയാണ് 'ചിത്രകാരന്റെ മാതൃക'യിലൂടെ. ഉണ്ണിയേശുവിന്റെ ചിത്രത്തിന് മാതൃകയായിരുന്ന ബാലൻ തന്നെ കാലങ്ങൾക്കുശേഷം യൂദാസിന്റെ മാതൃകയായും തീരുന്നു. മനുഷ്യഭാവനയുടെ ദ്വന്ദ്വമുഖങ്ങളെ വംഗ്യഭംഗികൊണ്ട് കുറ്റിപ്പുഴ സാർത്ഥകമായ ഒരു വാങ്മയചിത്രം തന്നെ തീർത്തു. സംഘടിത മതത്തിന്റെ സംരക്ഷകരും ഒരുതരം കച്ചവടക്കാർതന്നെയാണെന്നാണ് കുറ്റിപ്പുഴ കരുതുന്നത്. സ്വന്തം ചരക്ക് വിൽക്കാനുള്ള കമ്പോളങ്ങൾ ഇവരും തേടുന്നുണ്ട്. പൗരോഹിത്യത്തിന്റെ പിന്നിലുള്ള സാമ്പത്തിക ചൂഷണം അതിന്റെ നഗ്ന രൂപത്തിൽ വെളിപ്പെടുത്തിയ രാജ്യമാണ് റഷ്യ. യുദ്ധാനന്തരം റഷ്യയിലേക്കുള്ള മതാദ്ധ്യക്ഷൻമാരുടെ സന്ദർശനത്തെ പരിഹാസപൂർവ്വമാണ് അദ്ദേഹം കാണുന്നത്. നിർദ്ദോഷമായ മതവിശ്വാസത്തെ റഷ്യയിൽ അനുവദിച്ചിട്ടുണ്ടെന്ന് കുറ്റിപ്പുഴ പറയുന്നു.

ഐക്യകേരള കോൺഫറൻസിന്റെ കവാടത്തിൽ പരശുരാമചിത്രം പ്രദർശിപ്പിച്ചതിനോട് അദ്ദേഹത്തിന് യോജിക്കാൻ കഴിയുന്നില്ല. ബ്രാഹ്മണ ദാസ്യത്തേയും മതാന്ധതയുമാണ് ആ ചിത്രം പ്രതിനിധാനം ചെയ്യുന്നത്. ഇത് കേരളത്തിലെ ഇതരസമുദായങ്ങൾക്ക്, വ്യത്യസ്ത മനോഭാവങ്ങൾക്ക് ഇടവരുത്തുമെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഇരുപത്തൊന്നുവട്ടം സഞ്ചരിച്ച് കൊലപാതകം നടത്തിയ ഒരാളുടെ ചിത്രം അഹിംസാ വ്രതക്കാരായ ഗാന്ധിഭക്തർ എങ്ങനെ നോക്കികാണുന്നു എന്നതും കുറ്റിപ്പുഴ കൗതുകപൂർവ്വമാണ് വീക്ഷിക്കുന്നത്. മതപരമായ ദുർവികാരം മനസ്സിന്റെ ഒരു വ്രണം തന്നെയാണെന്ന് അദ്ദേഹം തിരിച്ചറിയുന്നു. തൊട്ടാൽ വ്രണപ്പെടുന്ന മതവും വികാരവും ദുഷ്ടമാകാനേ കഴിയുന്നുള്ളൂ. എച്ച്.ജി.വെൽസിന്റെ ലോകചരിത്രം മുസ്ലീം മതത്തെ

വ്രണപ്പെടുത്തിയെന്നും പാഠപുസ്തകത്തിലെ പക്ഷിമൃഗാദിപരാമർശം ഹിന്ദു വികാരത്തെ വ്രണപ്പെടുത്തിയെന്നുമുള്ള പരാമർശത്തിന്റെ പിന്നിലുള്ളത്, തസ്കരവൃത്തിയേക്കാൾ അപമാനകരമായ ആത്മീയവഞ്ചനയാണെന്നേ പറയാനുള്ളൂ. സോക്രട്ടീസും, ക്രിസ്തുവും, ഗാന്ധിജിയുമൊക്കെ ജീർണ്ണിച്ച മതവികാരങ്ങളെപിടിച്ച് കുലുക്കിയവരാണെന്നതും കുറ്റിപ്പുഴ സൂചിപ്പിക്കുന്നു.

ശാസ്ത്രീയസമീപനമാണ് ഒരു സ്വതന്ത്രചിന്തകൻ കൈക്കൊള്ളേണ്ടത്. വസ്തുനിഷ്ഠമായി ചിന്തിച്ചും സ്വയംചോദ്യം ചോദിച്ചും നിരീക്ഷണ പരീക്ഷണങ്ങൾ നടത്തിയുമാണ് ഒരു നിഗമനത്തിൽ എത്തിച്ചേരേണ്ടത്. സാമൂഹ്യ ബോധം സ്വതന്ത്ര ചിന്തക്കെതിരായി നമ്മുടെ മനസ്സിൽ ഉയർന്ന് നിൽക്കുന്ന പാറക്കെട്ടാണെന്നും കുറ്റിപ്പുഴ വിശദമാക്കുന്നു. ശങ്കരാചാര്യരെക്കൊണ്ട് ശൂദ്രന് വേദാധികാരമില്ലെന്ന് പറയിച്ചതും ഇതാണ്. പാരമ്പര്യവും പരിതസ്ഥിതികളുമാണ് വിശ്വാസത്തേയും മതത്തേയും രൂപപ്പെടുത്തിയതെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ബുദ്ധന്റേയും ക്രിസ്തുവിന്റേയും പേരിൽ മതമുണ്ടാക്കിയതുപോലെ മാർക്സിന്റെ പേരിലും മതമുണ്ടാക്കുമോ എന്ന് കുറ്റിപ്പുഴ ഭയക്കുന്നു. ശാസ്ത്രപരീക്ഷണശാലകളെയാണ് ഭാവിയിലെ ക്ഷേത്രങ്ങളാക്കേണ്ടതെന്ന് ശാസ്ത്രജ്ഞനായ ലൂയി പാസ്ചിയറുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്. ജീവിത സുസ്ഥിരതയും സൗഖ്യവും അവ പ്രദാനം ചെയ്യുന്നുവെന്നും മർത്യവർഗ്ഗം കൂടുതൽ മഹത്വത്തിലും ബലത്തിലും അവിടെ സംജാതമാകുന്നുവെന്നും പറയുന്നു. മതത്തിന്റേയും തത്ത്വശാസ്ത്രത്തിന്റേയും പ്രതിബന്ധങ്ങളെ വിഛേദിച്ചു കൊണ്ടാണ് സയൻസിന്റെ പോക്ക്. ശ്രീനാരായണ ഗുരുവിന്റെ മനുഷ്യജാതി എന്ന ആശയം സാമൂഹ്യ ജീവിത വീക്ഷണത്തിന്റെ ഏറ്റവും വിശാലമായ ചക്രവാളമായാണ് കുറ്റിപ്പുഴ കാണുന്നത്. ജാതി വ്യവസ്ഥ നിലനിർത്തുന്നതിൽ സാമ്പത്തികമായ ഉച്ചനീചത്വത്തിനും വലിയ പങ്കുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. ജാതിമതവർഗ്ഗ വ്യത്യാസം തടയാൻ ഏകമാർഗ്ഗം മിശ്രവിവാഹമാണ്. മനുഷ്യ ജാതിയെപ്പറ്റിയുള്ള ബോധം കേവലം ബുദ്ധിപരം എന്നതിനുപരി വൈകാരികമായ അനുഭൂതി മണ്ഡലത്തിൽ വേരൂന്നണമെന്നാണ് കുറ്റിപ്പുഴയുടെ മതം.

മനുഷ്യൻ സ്വതേ ക്ഷിപ്രവിശ്വാസിയാണ് എന്തും എളുപ്പം വിശ്വസിക്കാനുള്ള ഒരു പ്രവണത ഭൂരിപക്ഷം ജനങ്ങളിലും വേരൂന്നി കിടക്കുന്നുണ്ട്. ഇതൊരു മനോരോഗമെന്നാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. അഭ്യസ്തവിദ്യർ പോലും ഇതിൽ നിന്ന് മോചിതരല്ല. പഴയ ദിവ്യന്മാരുടെ തിരുവചനങ്ങളിൽ ഏറിയ കൂറും അബദ്ധങ്ങളാണ്. അതിനെ കണ്ണുമടച്ച് വിശ്വസിക്കുന്നതിനെ അദ്ദേഹം അപലപിക്കുന്നു. മനസ്സിനെ ബാധിക്കുന്ന ഒരുതരം വാതരോഗം തന്നെയാണ്

ക്ഷിപ്രവിശ്വാസശീലമെന്നും അത് മനസ്സിനെ തളർത്തിക്കളയുമെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. വ്യക്തികളെ പരസ്പരം അകറ്റി നിർത്തുന്ന ജാതി, മത, വർഗ്ഗം, രാഷ്ട്രം മുതലായ വേലിക്കെട്ടുകൾ പലപ്പോഴും അവനെ മനുഷ്യനായി ജീവിക്കാൻ അനുവദിക്കാറില്ലെന്ന് കുറ്റിപ്പുഴ പരിതപിക്കുന്നു. മതം വ്യക്തിനിഷ്ഠമായിരിക്കുന്നത് കൊണ്ടുള്ളതിനേക്കാൾ, അത് സംഘടിതമായി തീരുന്നതാണ് സമൂഹത്തിന് ദോഷമായി ഭവിക്കുന്നത്. ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥക്ക് മാത്രമേ ഇത്തരം അതിരുകളെ തച്ചുടക്കാൻ കഴിയൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഭയം ഒരു തരം രോഗവും അജ്ഞതയുമാണെന്നും അത് മനുഷ്യന്റെ കൂടെപ്പിറപ്പാണെന്നും കുറ്റിപ്പുഴ ചർച്ച ചെയ്യുന്നു. ഇത് തന്നെയാണ് മനുഷ്യനിൽ അന്ധാചാരം ഉടലെടുക്കാനും ഇടയാക്കിയത്. മരണഭയത്തിൽ നിന്നാണ് പുനർജന്മവിശ്വാസവും ഈശ്വരനും ആത്മാവുമെല്ലാം ഉണ്ടായത്. ആധുനിക വ്യവസ്ഥിതി മനുഷ്യന് സാമ്പത്തിക ഭീതിയും യുദ്ധഭീതിയും സമ്മാനിച്ചുവെന്ന് അദ്ദേഹം കണ്ടെത്തുന്നു. ഭയത്തിൽ നിന്നുള്ള മുക്തിതന്നെയാണ് ഉപനിഷത്തുക്കളിൽ കാണുന്ന മോക്ഷമെന്നും കുറ്റിപ്പുഴ അർത്ഥകല്പന ചെയ്യുന്നു.

**വിമർശനവും വീക്ഷണവും (1976)**

കോട്ടയം നാഷണൽ ബുക്ക് സ്റ്റാൾ പ്രസിദ്ധീകരിച്ച ലേഖനസമാഹാരമാണ് വിമർശനവും വീക്ഷണവും. സാഹിത്യ വിമർശനവും കുറ്റിപ്പുഴയുടെ ജീവിത വീക്ഷണവും കൊണ്ട് സവിശേഷമാണ് ഈ ഗ്രന്ഥം. സാഹിത്യകാരന്റെ ജീവിത വീക്ഷണം ഇതിലെ മുഖ്യ ചർച്ചാവിഷയമാണ്. മുറിപ്പെടാതെ വേദന ജനിപ്പിക്കുന്ന മട്ടിലുള്ള മണ്ഡന നിരൂപണ രീതിയാണ് വള്ളത്തോളിന്റേതെന്ന് കുറ്റിപ്പുഴ വിലയിരുത്തുന്നു. കാവ്യരചനയിലെന്നപോലെ നിരൂപണരംഗത്തും വള്ളത്തോൾ തന്റെ പാടവം തെളിയിച്ചിരിക്കുന്നു. ടാഗോറിനെപ്പോലെ തെളിഞ്ഞുകാണുന്ന കവിയും ചുഴിഞ്ഞു നോക്കുന്ന ഒരു നിരൂപകനുമുണ്ട് വള്ളത്തോളിൽ. 'ഗ്രന്ഥവിഹാര' രചനയിലൂടെ മലയാള നിരൂപണമാർഗ്ഗത്തിൽ ഉജ്ജ്വലമായൊരു ദീപം നാട്ടുകയാണ് അദ്ദേഹം ചെയ്തത്. മിസ്.കാതായിൻ മേയോയുടെ 'മദർ ഇൻഡ്യ' എന്ന പുസ്തകം നമ്മുടെ സംസ്കാരത്തിൽ അടിഞ്ഞുകൂടികിടക്കുന്ന അഴുക്കിന്റെ ദുർഗന്ധം പരത്തുവാൻ പോന്നതാണെന്ന് കുറ്റിപ്പുഴ പറയുന്നു. ഭാരതമാതാവിന്റെ മുഖത്ത് കാൽചുവട്ടിൽകിടന്ന ചെളിമുഴുവൻ വാരി തേയ്ചതു മൂലം ഭാരത്തിലെ പ്രമാണികൾ ക്രോധവാന്മാരായി ഗ്രന്ഥകർത്താവിനെതിരേയും പാശ്ചാത്യർക്കെതിരേയും ശകാരം ചൊരിയുന്നതിനെ അദ്ദേഹം പരിഹസിക്കുന്നുണ്ട്. നാറിക്കീറിയ മത മാറാപ്പിന്റെ ജീർണ്ണതയിൽ നിന്ന് നാടിനെ രക്ഷിക്കുവാനാണ് ഇത്തരക്കാർ മുൻകൈയെടുക്കേണ്ടതെന്നാണ് കുറ്റിപ്പുഴ നിർദ്ദേശിക്കുന്നത്. ഗുണഭൂയിഷ്ഠമല്ല ഈ കൃതിയെങ്കിലും മാതൃഭൂമിയുടെ ദുരവസ്ഥ അറിയുവാൻ

ഇന്ത്യക്കാർ ഈ ഗ്രന്ഥം വായിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിക്കുന്നു.

കേശവദേവിന്റെ കഥകൾ വെറും രസത്തിന് വേണ്ടിയുള്ളവയല്ലെന്നും ജീവിത സ്പർശിയായൊരുത്ബോധനം കൂടി അതിലുണ്ടാകുമെന്നും കുറ്റിപ്പുഴ പറയുന്നു. ഉള്ളിൽ തിരതല്ലുന്ന വിപ്ലവാവേശവും പ്രചാരണ വ്യഗ്രതയും ദേവിന്റെ കലാ സൃഷ്ടികളെ മാറ്റുകൂട്ടിയിട്ടുണ്ട്. എല്ലാം പൊളിച്ച് പണിയണമെന്ന ചിന്തയിലേക്കാണ് എല്ലാ കഥകളും അവസാനമായി വായനക്കാരെ തള്ളി വിടുന്നതെന്നും കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. കേരള രാഷ്ട്രീയത്തിലും സാമൂഹ്യരംഗങ്ങളിലും ഇ.എം.എസ്. നടത്തുന്ന ധീരമായ ഇടപെടലുകളെ അദ്ദേഹം സ്മരിക്കുന്നുണ്ട്. മർദ്ദിത കോടികൾക്ക് നഷ്ടപ്പെട്ടുപോയ മനുഷ്യത്വം പുന:സ്ഥാപിക്കുവാൻ വേണ്ടി അദ്ദേഹം തൂലിക ചലിപ്പിക്കുന്നതിനെ കുറ്റിപ്പുഴ ശ്ലാഘനീയമായി കാണുന്നു. അസംഘടിതമായ കേരള ജനതയെക്കുറിച്ചുള്ള പരാമർശമാണ് അദ്ദേഹത്തിന്റെ 'ഒന്നേകാൽ കോടി മലയാളികൾ' എന്ന ഗ്രന്ഥം. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക സാമൂഹിക രംഗങ്ങളിലെ ദുരവസ്ഥയും അതിൽ നിന്ന് മോചനത്തിനുള്ള കർമ്മപരിപാടിയും ആ കമ്മ്യൂണിസ്റ്റ് നേതാവ് ഇതിൽ പരാമർശിക്കുന്നതായി കുറ്റിപ്പുഴ പറയുന്നു. പാണ്ഡിത്യവും പരിശ്രമവും ഒന്നിച്ച് ചേർന്ന് പ്രശോഭിക്കുന്നവയാണ് ഒ.എം. ചെറിയാന്റെ 'ഹൈന്ദവ ധർമ്മാസുധാകരം' എന്ന ഗ്രന്ഥത്തിന്റെ രചനയെന്നാണ് അദ്ദേഹം വിലയിരുത്തുന്നത്. ഹൈന്ദവ പണ്ഡിതന്മാർ പോലും ഹിന്ദുക്കളുടെ പുരാണേതിഹാസ സാഹിത്യ സമുദ്രത്തിന്റെ മറുകരതാണ്ടിയിട്ടില്ല. അപ്പോൾ ഒരു ക്രൈസ്തവ കോവിദൻ ഈ പരിശ്രമത്തിൽ വിജയിച്ചതിൽ കുറ്റിപ്പുഴ സന്തുഷ്ടി പ്രകടിപ്പിക്കുന്നു. അറിവിന് ജാതിയും മതവുമില്ലെന്നും, മതഭ്രാന്തും മാത്സര്യവും തള്ളിനീക്കി അറിവിനെ ആരാധിക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു.

ടാഗോറിന്റെ ജീവചരിത്രത്തെ സാമാന്യ ജനങ്ങൾക്ക് അവരുടെ ജീവിതത്തിലെ വഴിവിളക്കാകുമെന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു. വസ്തുനിഷ്ഠവും സ്വതന്ത്രവുമായ ഒരു അവലോകനമാണ് കൃപലാനി ഈ രചനയിലൂടെ നിർവ്വഹിച്ചിരിക്കുന്നത്. മിസ്റ്റിസിസം ടാഗോറിന്റെ ജീവിത പ്രമാണമല്ലെന്ന് സ്ഥാപിക്കുന്നതോടൊപ്പം, ഈ മണ്ണിനേയും ഇവിടത്തെ ജീവിതത്തേയും അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നുവെന്നു വെളിവാകുന്നു. ടാഗോറും ഗാന്ധിജിയും തമ്മിലുള്ള അഭിപ്രായ സംഘട്ടനത്തെ കുറ്റിപ്പുഴ പ്രത്യേകം വിവരിക്കുന്നുണ്ട്. ശോകമൂകമായ മർത്യവർഗ്ഗം അനീതിയുടേയും അക്രമത്തിന്റേയും മർദ്ദനമേറ്റ് ശ്വാസം മുട്ടി ചത്തൊടുങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒരു യഥാർത്ഥ കവിക്ക് ജീവിത സൗന്ദര്യാരാധകനായിരിക്കാൻ കഴിയില്ലെന്നാണ് പി. ഭാസ്കരന്റെ 'വില്ലാളി' എന്ന

കവിത തെളിയിക്കുന്നതെന്ന് കുറ്റിപ്പുഴ പറയുന്നു. ഒളപ്പമണ്ണയുടെ 'വീണ'യിൽ നിന്ന് പുറപ്പെടുന്ന കാവ്യധ്വനി ശ്രുതിമധുരമായി മാത്രമല്ല, ചിന്താമധുരവുമായാണ് അദ്ദേഹത്തിന് അനുഭവപ്പെടുന്നത്.

കാറൽ മാർക്സിന്റെ സഹധർമ്മിണി ജന്നിയുടെ ത്യാഗപൂർണ്ണമായ ജീവിതത്തിന്റെകഥ പറയുന്നുണ്ട് കുറ്റിപ്പുഴ. പിതൃകുടുംബത്തിലെ സർവ്വ സുഖങ്ങളും ഉപേക്ഷിച്ച് മാർക്സിനോടൊപ്പം ജീവിതമാരംഭിച്ച ബാല്യകാലസഖിക്ക് ജീവിത ക്ലേശങ്ങൾ മാത്രമായിരുന്നു ഏകസമ്പത്ത്. മാർക്സിന്റെ വിപ്ലവ പ്രവർത്തനങ്ങൾ, ഓരോ രാജ്യത്തുനിന്നുമുള്ള നാടുകടത്തലിലാണ് കലാശിച്ചത്. ലോകത്തെ മാറ്റിമറിക്കാൻ പോന്ന ഒരു വിപ്ലവ തത്ത്വശാസ്ത്രത്തിന്റെ അവതാരകനാവുകയാണ് തന്റെ ഭർത്താവെന്ന് ജന്നിക്കറിയാമായിരുന്നു. രോഗവും ദാരിദ്ര്യവും ആ ത്യാഗജീവിതത്തെ കെടുത്തിക്കളഞ്ഞുവെന്ന് കുറ്റിപ്പുഴ പരിതപിക്കുന്നുണ്ട്. അലസത ജീവിതോത്കർഷത്തെ തല്ലികെടുത്തുമെന്ന് അദ്ദേഹം ഉപദേശിക്കുന്നുണ്ട്. ദേഹാദ്ധ്വാനത്തെ നിഷേധിച്ച് ആത്മീയതയുടെ വഴിയേ പോയ പാരമ്പര്യം ഇന്ത്യക്ക് ഇന്നും ശാപമായി നിൽക്കുന്നു. മഹാത്മജി ആയുഷ്ക്കാലം മുഴുവൻ അദ്ധ്വാനശീലം ഉപദേശിച്ച് നടന്നിട്ടും ഫലമുണ്ടായില്ലെന്ന് കുറ്റിപ്പുഴ പറയുന്നു. ജപ്പാൻ പോലുള്ള രാഷ്ട്രങ്ങൾ വളർന്നത് അദ്ധ്വാനത്തിന്റെ മഹത്വത്തെ തിരിച്ചറിഞ്ഞത് കൊണ്ടാണെന്ന് അദ്ദേഹം വിശ്വസിച്ചു. സമസ്ത മേഖലയിലും മാറ്റം വരുമ്പോൾ സാഹിത്യത്തിലും മാറ്റം വേണമെന്ന ആഗ്രഹത്തിന്റെ ഫലമാണ് പുരോഗമന സാഹിത്യമെന്ന് കുറ്റിപ്പുഴ വിശദമാക്കുന്നു. അത് ഇന്നത്തെ ജീവിത വ്യവസ്ഥയെ പൊളിച്ചെഴുതുവാൻ പോന്നതാണ്. സാഹിത്യകാരന് ഒരു ലക്ഷ്യമുണ്ടായിരിക്കണമെന്നത് ഒഴിച്ചാൽ, ആനന്ദധർമ്മത്തിന് കുറവുണ്ടാകണമെന്ന് നിർബന്ധമില്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഒരു സമുദായ ജീവിയായ എഴുത്തുകാരന് അതിനെ നയിക്കേണ്ട ചുമതല കൂടിയുണ്ടെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. ജീവിതത്തിന്റെ കറുത്തവശങ്ങൾ കൂടി പ്രതിപാദിക്കേണ്ടി വരുന്നതിൽ അവരെ കുറ്റപ്പെടുത്താനാകില്ലെന്ന് അദ്ദേഹം കൂട്ടിചേർക്കുന്നു.

സാഹിത്യകാരന് ജീവിതത്തെപ്പറ്റി സമഗ്രമായ ഒരു വീക്ഷണം ഉണ്ടായിരിക്കണമെന്നാണ് കുറ്റിപ്പുഴയുടെ കാഴ്ചപ്പാട്. ഇന്നത്തെ സമൂഹത്തിൽ കാണുന്നവർ പൊതുവേ, ഓരോ മേഖലയിൽ സ്പെഷ്യലൈസ് ചെയ്യുന്നവരാണ്. ബാക്കി ജീവിതാംശങ്ങളുടെ കാര്യത്തിൽ ഇവർ അന്ധന്മാരുമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു. സ്വന്തം കൃതിയിലൂടെ മറ്റുള്ളവരെ ആകർഷിക്കുന്ന എഴുത്തുകാരന് ഒരു ജീവിതാദർശം ആവശ്യമാണ്. ആരും കാണാത്തത് കാണുന്നവനും ആരും പറയാത്തത് പറയുന്നവനുമാണ് കവിയെന്ന് കുറ്റിപ്പുഴ വ്യംഗ്യഭംഗ്യാ അവതരിപ്പിക്കുന്നുണ്ട്. ബുദ്ധിയുടേതല്ല ഹൃദയത്തിന്റേതാണ്

അയാളുടെ ഭാഷ. വൈകാരികതയാണ് അവന്റെ തത്ത്വശാസ്ത്രം എന്ന് ഓർത്ത് പോകും. ഓസ്കർ വൈൽഡിന്റെ ക്രൈസ്തവഭാവനകൾ ആലോചനാമൃതങ്ങളാണെന്ന് കുറ്റിപ്പുഴ സമ്മതിക്കുന്നുണ്ട്. ഉറങ്ങിക്കിടക്കുന്ന ബുദ്ധിയെ ഭാവനകൊണ്ട് ചവുട്ടി ഉണർത്തുന്ന ഒരു രീതിയാണ് അദ്ദേഹത്തിന്റേത്. നമ്മുടെയെല്ലാം മനസ്സ് സങ്കുചിതമായ വേർതിരുവികളാൽ ഇരുട്ടറകളിലാണെന്നും ടാഗോറിന്റെ ജീവിതസന്ദേശം ഉൾക്കൊള്ളണമെന്നും കുറ്റിപ്പുഴ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഒരു പൂർണ്ണ മനുഷ്യനായാണ് ടാഗോറിനെ അദ്ദേഹം കാണുന്നത്. ഗീതാഞ്ജലിയെക്കാളേറെ പ്രചാരം അദ്ദേഹത്തിന്റെ ചെറുകഥകൾക്കാണെന്നും കുറ്റിപ്പുഴ തിരിച്ചറിയുന്നു. പ്രതികൂലമായ ജീവിത സാഹചര്യങ്ങളെ തോല്പിച്ച് ആരും കൈ പിടിച്ചുയർത്തുവാനില്ലാതിരുന്നിട്ടും സ്വന്തം പ്രയത്നത്തിലൂടെ മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠനായി തീർന്ന എഴുത്തുകാരനാണ് എ.ഡി.ഹരിശർമ്മയെന്ന് കുറ്റിപ്പുഴ സ്മരിക്കുന്നു. ചരിത്ര ഗവേഷണങ്ങളിൽ തല്പരനായ അദ്ദേഹത്തിന്റെ നിരൂപണങ്ങളാണ് ശ്രദ്ധേയമായി തീർന്നത്.

കുറ്റിപ്പുഴയുടെ സ്വതന്ത്രമായ കാഴ്ചപ്പാടുകൾ, ഒരഭിമുഖ സംഭാഷണത്തിലൂടെ വെളിവാക്കുന്നുണ്ട്. നൈതികം, ധാർമ്മികം മുതലായ മാനുഷിക മൂല്യങ്ങളെ ഏറെ ആദരിക്കുന്നവരാണ് ഭൗതികവാദികളെന്ന് അദ്ദേഹം പറയുന്നു. വേദാന്തിയായിരുന്ന കാലത്തെ ഓർക്കുമ്പോൾ, ബുദ്ധിപരമായ വ്യായാമത്തിന് അതിപ്പോഴും പ്രയോജനപ്പെടുത്തുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ മറുപടി. കഴിയുന്നിടത്തോളം വസ്തുനിഷ്ടമായും യുക്തിയുക്തമായും ചിന്തിക്കുകയും നോക്കിക്കാണുകയും ചെയ്യുന്നതിനെയാണ് ശാസ്ത്രീയ മനോഭാവമായി കുറ്റിപ്പുഴ പരിഗണിക്കുന്നത്. സർവ്വജന സാഹോദര്യത്തിന് മതം ഉപകരിച്ചിട്ടില്ല; അജ്ഞതയിലും ഭയത്തിലുമാണ് അതിന്റെ നിലനില്പ് എന്ന് കുറ്റിപ്പുഴ പ്രഖ്യാപിക്കുന്നുണ്ട്. കമ്മ്യൂണിസത്തിന്റെ നേട്ടങ്ങളിൽ സന്തോഷിക്കുന്ന അദ്ദേഹം സ്വതന്ത്ര ചിന്തയേയും അഭിപ്രായ പ്രകടനത്തേയും തടയുന്നരീതിയെ അപലപിക്കുകയും ചെയ്യുന്നു. ശാസ്ത്രയുഗത്തിൽ മനുഷ്യൻ കൂടുതൽ ധീരനും ശക്തനും നിർഭയനുമായി തീർന്നിട്ടുണ്ടെന്ന് തന്നെയാണ് കുറ്റിപ്പുഴയുടെ അഭിപ്രായം.

കുറ്റിപ്പുഴയുടെ രചനാലോകം, സാഹിത്യം, തത്ത്വചിന്ത, ശാസ്ത്രം, മതം രാഷ്ട്രമീമാംസ, യുക്തിവാദം, ചരിത്രം, വിദ്യാഭ്യാസം തുടങ്ങിയ സവിശേഷമായ ചിന്തകളുടെ ഒരു മഹാപ്രപഞ്ചമാണ്. അവയെ പൊതുവിൽ സാഹിത്യപരമെന്നും ദർശനപരമെന്നും തിരിക്കാവുന്നതാണ്. കാവ്യനിരൂപണം, കഥാ നിരൂപണം, നാടക നിരൂപണം, ചരിത്രാഖ്യായിക, ആത്മകഥാ വിമർശനം, സ്മരണികകൾ, നിരൂപണ നിരൂപണം എന്നിവയാണ് പ്രധാന സാഹിത്യ ശില്പങ്ങൾ. സാഹിത്യ

നിരൂപണങ്ങൾ സാഹിത്യാവബോധത്തിന്റെ മാത്രമല്ല, ജീവിതാവബോധത്തിന്റെ കൂടി കലയാണ് കുറ്റിപ്പുഴക്ക്. അദ്ദേഹത്തിന്റെ സാഹിത്യാസ്വാദനരീതി തികച്ചും പൗരസ്ത്യമാണ്. തന്റെ സാഹിത്യദർശനങ്ങളിൽ വെള്ളം ചേർക്കാൻ കുറ്റിപ്പുഴ തയ്യാറല്ല. തന്റെ സജ്ജീകരണങ്ങൾക്ക് പര്യാപ്തമായ വിഭാഗത്തിൽപെട്ട പുസ്തകങ്ങളെ മാത്രമേ അദ്ദേഹം നിരൂപണം ചെയ്യുവാൻ പുറപ്പെട്ടുള്ളൂ. സാഹിത്യ നിരൂപണങ്ങളിൽ ഒരു വിപ്ലവകാരിയല്ല കുറ്റിപ്പുഴ; വിഗ്രഹധ്വംസകനുമല്ല. ആസ്വാദന പക്ഷത്തുനിന്നുകൊണ്ട്, ഒരു കൃതി തന്റെ അന്തരംഗത്തിലുണ്ടാക്കിയ അനുഭൂതിയെ മൗലികവും സ്വതന്ത്രവുമായി അദ്ദേഹം വിലയിരുത്തി.

ദാർശനിക നിരൂപകനായ കുറ്റിപ്പുഴ മനുഷ്യനെ ഭരിച്ചുകൊണ്ടിരിക്കുന്ന എല്ലാ വ്യവസ്ഥാപിതമായ വിശ്വാസങ്ങളേയും നിർദ്ദയം ഉടച്ചുകളയുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്. സാമൂഹ്യവിമർശന രംഗത്ത് അഥവാ ജീവിത വിമർശനരംഗത്ത് വിചാരവിപ്ലവത്തിന്റെ കൊടുങ്കാറ്റഴിച്ചുവിടുകയാണ് കുറ്റിപ്പുഴ ചെയ്യുന്നത്. ജീവിതത്തിന്റെ ജീർണ്ണജർജ്ജരങ്ങളായ അംശങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് പാശ്ചാത്യവും പൗരസ്ത്യവുമായ ദർശനങ്ങളെ അദ്ദേഹം മൂർച്ചകൂട്ടി ഉപയോഗിക്കുന്നുണ്ട്. അതിനുപയോഗിക്കുന്ന ഭാഷയും രീതിയും, ഋജുവും ലളിതവുമാണെന്നതാണ് മറ്റൊരു സവിശേഷത. യുക്തിവാദപരമായ പ്രബന്ധങ്ങൾ മാനവികതയുടേയും സാർവ്വലൗകികതയുടേയും ഉത്തമ ദൃഷ്ടാന്തങ്ങളാണ്. ദർശനപരമായ നിരൂപണം പൊതുവിൽ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും തിരിക്കാവുന്നതാണ്. എപ്പിക്യൂറസിന്റെ ഭൗതികവാദത്തിലാരംഭിച്ച് മാർക്സിന്റെ ഭൗതികവാദത്തിലും അരാജകത്വവാദത്തിലും വന്നുനിൽക്കുകയാണ് പാശ്ചാത്യ ദർശനത്തിന്റെ രഥം. കണാദന്റെയും കപിലിന്റേയും പ്രപഞ്ചദർശനത്തിൽ തുടങ്ങി ശ്രീനാരായണീയ ദർശനത്തിലും ഗാന്ധിയൻ ചിന്തയിലും എത്തിനിൽക്കുകയാണ് പൗരസ്ത്യദർശനം. വിപുലമായ പാണ്ഡിത്യം, തെളിഞ്ഞ ചിന്ത, യുക്തിഭദ്രമായ ആവിഷ്കരണം, ലോകക്ഷേമോത്സുകമായ പരിവർത്തനേച്ഛ എന്നിവയാൽ പ്രശോഭിതമാണ് കുറ്റിപ്പുഴയുടെ രചനാലോകം.

**അടിക്കുറിപ്പുകൾ**

1. പി.കെ.ബി. നായർ, കുറ്റിപ്പുഴ കൃഷ്ണപിള്ള, എൻ.ബി.എസ്., കോട്ടയം, 1973 പു. 64

2. കൈനിക്കര കുമാരപിള്ള, കെടാവിളക്കുകൾ, എൻ.ബി.എസ്., കോട്ടയം, 1957 പു. 151

3. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ, തൃശൂർ, 1990, പു. 2

4. ജോസഫ് മുണ്ടശ്ശേരി, മതം അവിടെയും ഇവിടെയും, കറന്റ് ബുക്സ്, തൃശൂർ 1955, പു. 2

5. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ, തൃശൂർ, 1996, പു. 18

6. കെ. വാസുദേവൻ മൂസ്സത്, സാഹിത്യ കിരണം. പി.കെ. ബ്രദേഴ്സ്, കോഴിക്കോട്, 1961, പു. 92

7. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ, തൃശൂർ, 1996, പു. 38

8. കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം കേ.സാ.അ, തൃശൂർ, 1998, പു. 20

9. ഓണക്കൂർ ജോർജ്, യുഗപ്രതിഭ, പരിഷത്ത് ബുക്ക് സ്റ്റാൾ, എറണാകുളം, 1963, പു. 28

10. വി. കൃഷ്ണൻകുട്ടി, ഗ്രീക്ക് തത്ത്വചിന്ത സോക്രട്ടീസിന് മുമ്പ്, രഞ്ജന പബ്ലിക്കേഷൻസ്, അന്തിക്കാട്, 1972, പു. 38

11. കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം കേ.സാ.അ, തൃശൂർ, 1998, പു. 77

12. വെൻഡൽ വില്ക്കി, ഏകലോകം, വിവ: വി.ടി. ഇന്ദുചൂഡമേനോൻ, മംഗളോദയം പ്രസ്സ്, തൃശൂർ, 1952, പു. 270

13. എസ്. ഗുപ്തൻനായർ, ക്രാന്തദർശികൾ, പരിഷത്ത് ബുക്ക് സ്റ്റാൾ, 1958, പു. 2

14. കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം കേ.സാ.അ, തൃശൂർ, 1998, പു. 187

15. ജോസഫ് മുണ്ടശ്ശേരി, രൂപഭദ്രത, മംഗളോദയം, തൃശൂർ, 1951, പു. 38

16. ബി.കെ. അഹ്ലുവാലിയ, ഗാന്ധി പലകാഴ്ചപാടിലൂടെ, വിവ: ആർ. ലീലാദേവി, വീനസ് പ്രസ് & ബുക്ക് ഡിപ്പോ, കോന്നി, 1969, പു. 21

17. ഡോ. പി.വി. വേലായുധപിള്ള, മലയാള സാഹിത്യ വിമർശനം, എൻ.ബി.എസ്. കോട്ടയം, 1981, പു. 59

18. കുറ്റിപ്പുഴ കൃഷ്ണപിള്ള, ഗ്രന്ഥാവലോകനം, കേ.സാ.അ, തൃശൂർ, 1990, പു. 26

19. അതേ പുസ്തകം, പു. 76

20. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ. തൃശൂർ 1990, പു. 98

21. അതേ പുസ്തകം പു. 108

22. ജോസഫ് മുണ്ടശ്ശേരി, രൂപഭദ്രത, മംഗളോദയം, തൃശൂർ, 1951, പു. 13

23. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ, തൃശൂർ, 2000, പു. 119

24. അതേ പുസ്തകം പു. 175

25. കുറ്റിപ്പുഴ കൃഷ്ണപിള്ള, സ്മരണാഞ്ജലി, കേ.സാ.അ, തൃശൂർ, 1990, പു. 105

26. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ, തൃശൂർ, 1996, പു. 259

# അഞ്ച്

# പാശ്ചാത്യ ദാർശനികതലം

# 5

കുറ്റിപ്പുഴയുടെ രചനാലോകത്തിലെ, ദാർശനിക നിരൂപണങ്ങൾ പാശ്ചാത്യവും പൗരസ്ത്യവുമായ രണ്ട് മുഖ്യധാരകളായി തിരിയുന്നത് കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടു. പാശ്ചാത്യദർശനങ്ങളാൽ പരിശോഭിതമാണ് കുറ്റിപ്പുഴ കൃതികളിലേറെയും. ഭൗതികവാദിയായ കുറ്റിപ്പുഴയെ രൂപപ്പെടുത്തുന്നതിൽ പാശ്ചാത്യദർശനങ്ങൾ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഒരുതത്ത്വ ശാസ്ത്രത്തിന്റേയും അടിമയാകാതെ സ്വതന്ത്രവും മൗലികവുമായാണ് അദ്ദേഹം ഓരോ ദർശനങ്ങളേയും സമീപിക്കുന്നത്. മാനവപുരോഗതിക്ക് ഇത്തരം ദർശനങ്ങളുടെ സ്ഥാനം വിമർശനബുദ്ധ്യാ വിലയിരുത്തുകയും ചെയ്യുന്നു. രണ്ടായിരം വർഷങ്ങൾക്ക് പിറകിൽ യവന തത്ത്വജ്ഞാനത്തിലാണ് കുറ്റിപ്പുഴ ഭൗതിക ചിന്തയുടെ അരുണിമ ദർശിക്കുന്നത്. ഭാരതത്തിലെ ഷഡ്ദർശനങ്ങളുടെ ഉദയവും ഈ കാലഘട്ടത്തിലാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. സോക്രട്ടീസിനും പ്ലേറ്റോക്കും മുമ്പ് രൂപം പ്രാപിച്ച ഈ തത്ത്വചിന്ത പ്രാപഞ്ചിക ജീവിതത്തെപ്പറ്റിയും പ്രകൃതി ശക്തികളെപ്പറ്റിയം അതുവരെ നിലനിന്നിരുന്ന വിശ്വാസങ്ങളെ ചോദ്യം ചെയ്തു. പ്രപഞ്ചോത്പത്തി ജലത്തിൽ നിന്നാണെന്ന സിദ്ധാന്തമാണ് ഥെയിൻസ് സ്ഥാപിച്ചത്. ഗണിതശാസ്ത്രത്തിൽ കൂടെ പ്രപഞ്ചരഹസ്യം വെളിപ്പെടുത്തുവാനാണ് പൈതഗോറസ് ശ്രമിച്ചത്. വസ്തുക്കളുടെ രൂപം, പരസ്പരബന്ധം, പരിണാമം, ക്രമം ഓരേ രീതിയിലുള്ള ആവർത്തനം മുതലായവയെല്ലാം ആവിഷ്ക്കരിക്കുന്നത് നമ്മുടെ സംഖ്യാ ബോധമാണെന്ന് അദ്ദേഹം സ്ഥാപിച്ചു. പരിണാമമാണ് പ്രകൃതി സ്വഭാവമെന്നും ചലനാവസ്ഥയിൽ എല്ലാം എപ്പോഴും മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു വെന്നായിരുന്നു ഹെറാക്ലീറ്റസിന്റെ വാദം. ലോകത്തിലാദ്യമായി അണുസിദ്ധാന്തം അവതരിപ്പിച്ചത് ഡെമോക്രീറ്റസാകുന്നു. “പ്രപഞ്ചത്തിലുള്ള എല്ലാവസ്തുക്കളും അണുക്കളെ കൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്നു. പദാർത്ഥം വിഭജിച്ച് വിഭജിച്ച് ചെല്ലുമ്പോൾ ഒടുവിൽ വിഭജനത്തിന് വഴങ്ങാത്ത ഏറ്റവും ചെറിയ അംശത്തിൽ എത്തിച്ചേരും അതാണ് ‘അണു’പ്രപഞ്ചത്തിലുള്ള അണുക്കളുടെ എണ്ണം

അനന്തമാണ്. യാതൊരു അണുവും നശിക്കുന്നില്ല. അണു അവിനാശിനിയാണെന്നർത്ഥം. മനുഷ്യന്റെ ആത്മാവും ചിന്തയുമെല്ലാം അണുക്കളെകൊണ്ടാണുണ്ടാക്കപ്പെട്ടിട്ടുള്ളത്."[1] എന്നായിരുന്നു ഡെമോക്രീറ്റസിന്റെ പ്രപഞ്ചവ്യാഖ്യാനം.

ഡെമോക്രീറ്റസിന്റെ അണുസിദ്ധാന്തത്തെ ഇന്നത്തെ ശാസ്ത്രലോകത്തിൽ പോലും പ്രസക്തമാണെന്ന് വിശ്വസിക്കുന്ന കുറ്റിപ്പുഴ, സോക്രട്ടീസും പ്ലേറ്റോയും ഈ സിദ്ധാന്തത്തെ എതിർത്തിരുന്നു എന്ന് വെളിപ്പെടുത്തുന്നു. പണ്ഡിതന്മാർ പോലും ഇരുട്ടിൽ തപ്പിതടഞ്ഞ് വഴിതെറ്റിപ്പോകുന്നതിന് ഒരുദാഹരമായാണ് ഇതിനെ പരാമർശിക്കുന്നത്. കാലത്തിന്റെ വിസ്മൃതിയിൽ ആണ്ടുപോയ ഈ സിദ്ധാന്തം പതിനാറാം നൂറ്റാണ്ടിൽ മാത്രമാണ് ശാസ്ത്രകാരന്മാർ തുറന്ന് നോക്കുന്നത്. വിജ്ഞാനപുരോഗതി എത്ര മന്ദഗതിയിലാണെന്നും അതെങ്ങനെയെല്ലാം തടസ്സപ്പെട്ടുപോകുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തുന്നു. ജലത്തിൽ നിന്നാണ് പ്രപഞ്ചോത്പത്തി എന്ന ഥെയിൻസിന്റെ സിദ്ധാന്തത്തെ, 'ആപ ഏവ സസർജ്ജദൗ' എന്ന ഭാരതീയ ചിന്തയുമായി ഒത്തുനോക്കുന്നുണ്ട്. കപിലന്റെ സാംഖ്യ ദർശനത്തോട് ഏറെ സാദൃശ്യമുള്ളതായിട്ടാണ് പൈതഗോറസിന്റെ സംഖ്യാ സിദ്ധാന്തത്തെ കുറ്റിപ്പുഴ കൂട്ടിവായിക്കുന്നത്. യവന തത്ത്വജ്ഞാനവും ഭാരതീയരുടെ ഷഡ്ധർശനങ്ങളും, മിത്തോളജയിൽ നിന്ന് ഫിലോസഫിയിലേക്കുള്ള സഞ്ചാരത്തിന്റെ ഫലങ്ങളാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

ഭൗതികവാദികളായ യവന ദാർശനികരിലൂടെ അവരുടെ ദർശനങ്ങളിലും ചെന്നെത്തുന്ന കുറ്റിപ്പുഴയുടെ അന്വേഷണമബുദ്ധി അവരുടെ ജീവിത ചിന്തയിലും വ്യാപരിക്കുന്നുണ്ട്. ജീവിതത്തിന് കഴിയുന്നിടത്തോളം ശുദ്ധിയും ഉൽക്കർഷവുമുണ്ടാകണമെന്നായിരുന്നു പൈതഗോറസിന്റെ കാഴ്ചപ്പാട്. സ്നേഹം, നീതി, അനുരാഗം മുതലായ അമൂർത്ത വസ്തുക്കളേയും സംഖ്യകൾകൊണ്ട് കുറിക്കാൻ അദ്ദേഹം ശ്രമിച്ചതായി കുറ്റിപ്പുഴ അറിയുന്നു. സന്തുഷ്ടിയാണ് പരമമായ നന്മ (Delight or good cheer is the ultimate good), അഭിലാഷങ്ങളെ നിയന്ത്രിക്കുക, മനസ്സിനെ കഴിയുന്നിടത്തോളം ശാന്താവസ്ഥയിൽവെച്ചുകൊണ്ടിരിക്കുക എന്നതായിരുന്നു ഡെമോക്രീറ്റസിന്റെ കാഴ്ചപ്പാട്.

ഭൗതികചിന്തകളെ നശിപ്പിക്കാനുള്ള സംഘടിത പരിശ്രമം ചരിത്രത്തിലെ എല്ലാ കാലങ്ങളിലും നടന്നിട്ടുണ്ടെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നുണ്ട്. ഭാരതത്തിലെ ചാർവാകമതത്തെപ്പോലെ അപവാദചൂഷിതമായ ഒരു തത്ത്വചിന്തയായാണ് എപ്പിക്യൂറസിന്റെ ഭൗതികവാദത്തെ കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. ദു:ഖതപ്തമാകുന്ന മനുഷ്യജീവിതത്തെ എങ്ങനെ സുഖശീതളമാക്കാമെന്ന വിചാരത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ ജീവിതചിന്ത

ആരംഭിക്കുന്നത്. മനുഷ്യത്വത്തെ കൂടുതൽ മാനിക്കുകയും സംയമന ശക്തിയേയും യുക്തി ബോധത്തേയും വികസിപ്പിച്ച് ജീവിതത്തെ കഴിയുന്നിടത്തോളം ക്ലേശവിമുക്തമാക്കാനായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. ഇതിന് ഇന്ദ്രിയ ദമനവും ഏതിലും മിതത്വം പാലിക്കുകയുമാണ് വേണ്ടതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പ്രപഞ്ചം അണ്വാത്മകമാണെന്നും പ്രത്യക്ഷജ്ഞനത്തിനേ പ്രാധാന്യം നൽകേണ്ടതുള്ളൂ എന്നതുമായിരുന്നു അദ്ദേഹത്തിന്റെ പ്രപഞ്ചവീക്ഷണം. "നാമാരും കരുണാനിധിയായ ഒരു ദൈവത്തിന്റെ സന്താനങ്ങളല്ല. വികാര വിരക്തമായ പ്രകൃതിയുടെ പ്രാകൃത ഫലങ്ങളാണ്. അതും കേവലം യാന്ത്രികമായ നിലയിൽ പ്രവർത്തിക്കുന്ന പ്രപഞ്ചത്തിൽ യാദൃശ്ചികമായി സംഭവിക്കുന്നതാണ്. എന്നാൽ നാം മനസ്സുവെച്ചാൽ, നമുക്ക് ആ ജീവിതത്തെ, സുഖമുള്ളതോ അല്ലെങ്കിൽ രസമുള്ളതോ ആക്കാവുന്നതാണ്. ദൈവം ഒന്നും സൃഷ്ടിക്കുന്നില്ല; എല്ലാം അണുക്കളുടെ ചലനങ്ങളിൽ നിന്നും യാദൃശ്ചികമായുണ്ടാകുകയാണ്. അതുകൊണ്ട് ദൈത്തിനുമേൽ പ്രത്യേക അധികാരമൊന്നുമില്ല."[2] അതുപോലെ ശൂന്യതയിൽ നിന്നും ഒന്നും ഉണ്ടാകുന്നില്ല എന്നും ഒന്നും ശൂന്യതയിൽ ലയിക്കുന്നില്ല എന്നും പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിന് ഒരു ബാഹ്യശക്തിയുടേയും ആവശ്യമില്ലെന്നും എപ്പിക്യൂറസ് സ്ഥാപിച്ചു. സൗഖ്യം (Happiness) മനസ്സിന്റെ സ്വസ്ഥതയിൽ സ്ഥിതി ചെയ്യുന്നു എന്ന എപ്പിക്യൂറസിന്റെ ദർശനം കേരളത്തിലെ ആനന്ദവാദികൾ 'മനഃസ്വസ്ഥതാഃ ഏവ ആനന്ദഃ'മായി സ്വീകരിച്ചിരിക്കുന്നതിനെ പരിശോധിക്കുന്നുണ്ട്.

നൈതിക മൂല്യങ്ങളെ ഏറെ മുറുകെ പിടിക്കുന്നതാണ് എപ്പിക്യൂറസിന്റെ ഭൗതികചിന്തകളെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നുണ്ട്. എന്നാൽ കാലാന്തരത്തിൽ 'ഊരംഭരി' യെന്നും 'വിഷയാസക്തനെ'ന്നും മതഭ്രാന്തന്മാർ ഈ തത്ത്വചിന്തയെ കറുപ്പടിച്ചുകാണിക്കുകയാണുണ്ടായതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. ഭാരതത്തിലെ നാസ്തിക ചിന്താപദ്ധതിയായ ചാർവാക സിദ്ധാന്തത്തിനും ഈ ദുരവസ്ഥയാണുണ്ടായതെന്ന് ചൂണ്ടിക്കാണിക്കുന്ന കുറ്റിപ്പുഴ പശ്ചാത്യ ദേശങ്ങളിലെ ഭൗതിക ദർശനങ്ങൾ പരിശോധിക്കുന്നതിന് മുമ്പ് തന്നെ പൗരസ്ത്യ ഭൗതിക ചിന്തകളിലൂടെ സഞ്ചരിച്ചിരുന്നുവെന്ന് കരുതാവുന്നതാണ്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് പാശ്ചാത്യ ദേശത്ത് ഭൗതിക ചിന്തക്ക് തുടക്കം കുറിച്ച പരമാണു സിദ്ധാന്തം ശാസ്ത്രലോകം അംഗീകരിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിലാണ്. "പതിനെട്ടാം നൂറ്റാണ്ടിൽ പരന്ത്രീസുശാസ്ത്രജ്ഞനായ 'ലവോസിയെ' പരമാണുവാദം അവതരിപ്പിച്ചതോടുകൂടിയാണ് അതിന് ശാസ്ത്ര സമ്മതി ലഭിച്ചത്. പരമാണുവാദപ്രകാരം ഓരോ മൂലധാതുവിന്റേയും അവസാന ഘടകം പരമാണുവാണ്."[3] പ്രപഞ്ചോത്പത്തിക്കുപിന്നിൽ അദൃശ്യമായ ഒരു ശക്തിക്കും സ്ഥാനമില്ലെന്ന് ശാസ്ത്രദൃഷ്ട്യാ തെളിയിക്കപ്പെടുകയും ചെയ്തു. തത്ത്വചിന്തയിൽ

നിന്ന് ശാസ്ത്ര സത്യത്തിലേക്കുള്ള സഞ്ചാരമായി ഇതിനെ വിശേഷിപ്പിക്കുന്നതിലും തെറ്റില്ല.

ആശയവാദവും ഭൗതികവാദവും ചേർന്ന സമ്മിശ്ര സിദ്ധാന്തമായാണ് സീനോയുടെ സ്റ്റോയിസസത്തെ കുറ്റിപ്പുഴ വിലയിരുത്തുന്നത്. അത് ബഹിർലോകത്തിൽ തുടങ്ങി പ്ലേറ്റോണിസത്തിന്റെ കൂട്ടുപിടിച്ച് അന്തർലോകത്തിൽ അവസാനിക്കുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. എപ്പിക്യൂറസിന്റെ സമകാലികനായിരുന്ന സീനോ, ഹെറാക്ലീറ്റസിന്റെ അഗ്നിതത്ത്വത്തെയാണ് അംഗീകരിക്കുന്നത്. എന്നാൽ സീനോയുടെ പ്രപഞ്ചസങ്കല്പം ഒരു നിശ്ചിതത്വത്തെ (Determinism) ഉൾക്കൊള്ളുന്നതാണെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നു. പ്രപഞ്ച പ്രവർത്തനം ഒരു ശക്തിയാൽ കാലേകൂട്ടി നിർണീതമായിരിക്കുന്നുവെന്ന്. എങ്കിലും റസ്സൽ ഇദ്ദേഹത്തെ ഭൗതികവാദികളുടെ പട്ടികയിൽ ഗണിക്കുന്നുണ്ട്. അനന്തരകാലത്ത് ഈ തത്ത്വചിന്ത ഒരു മതത്തിന്റെ രൂപവും ഭാവവും കൈക്കൊണ്ടതായി കുറ്റിപ്പുഴ പറയുന്നു. യവന ദേവനായ സീയസ് തന്നെയാണ് സ്റ്റോയിസിസത്തിലെ അഗ്നി തത്ത്വമെന്നുപോലും പ്രചരിപ്പിച്ചു. ഭൗതികവാദത്തിൽ ഉദയം ചെയ്യുന്ന തത്ത്വചിന്തകൾ പിൽക്കാലത്ത് കാടും പടലും കയറി ദൂഷിതമാകുന്ന കാഴ്ച ബുദ്ധജൈന ദർശനങ്ങളുടെ ചർച്ചയിലും കുറ്റിപ്പുഴ അനാവരണം ചെയ്യുന്നുണ്ട്.

സ്റ്റോയിസിസത്തിലെ ജീവിതധർമ്മത്തിൽ കുറ്റിപ്പുഴ ഭാരതീയ തത്ത്വചിന്തയുടെ വെളിച്ചമാണ് കാണുന്നത്. ധാർമികതയെന്നോ നൈതികതയെന്നോ പറയാവുന്ന ജീവിത മൂല്യത്തിലാണ് ഈ തത്ത്വചിന്ത പ്രാധാന്യം നൽകിയിരിക്കുന്നത്. ജയാപജയം, സുഖ ദുഃഖം, ലാഭാലാഭം ഇത്യാദി ദ്വന്ദങ്ങളിൽ തികച്ചും നിസ്സംഗത്വം പാലിക്കാനാണ് ഉപദേശിക്കുന്നത്. എന്നാൽ അനാഡംബരജീവിതവും വിഷയ സുഖപരിവർജ്ജനവും ഉദ്ബോധിപ്പിക്കുന്ന ഈ തത്ത്വദീക്ഷയുടെ പിൽക്കാല വക്താവായ സെനക്ക വഴിവിട്ട് സ്വത്ത് സമ്പാദിച്ചിരുന്നു എന്ന് ഓർമിപ്പിക്കുന്ന കുറ്റിപ്പുഴ, പ്രഭാഷണവും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യത്തെ ഉയർത്തികാണിക്കുന്നു. നിശ്ചിത തത്ത്വവും (Determinism) സേച്ഛാശക്തിയും (Freewill) തമ്മിലുള്ള പൊരുത്തക്കേട് ഈ സിദ്ധാന്തത്തിൽ കുറ്റിപ്പുഴ കണ്ടെത്തുന്നുണ്ട്. ഒരു വശത്ത് മനുഷ്യൻ സ്വതന്ത്രമാകണമെന്ന് വാദിക്കുമ്പോൾ തന്നെ മറുവശത്ത് എല്ലാം വിധിക്കധീനമെന്നും പറയുന്നു. പ്രപഞ്ചഗതിയിലും മനുഷ്യജീവിതത്തിലുമുള്ള സങ്കീർണ്ണതയും വൈരുദ്ധ്യാത്മകതയുമാണ് ഇത്തരം കീറാമുട്ടികൾക്ക് തൃപിത്കരമായ ഉത്തരം കണ്ടുപിടിക്കാൻ തടസ്സമായി നിൽക്കുന്നതെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നു. തത്ത്വശാസ്ത്രവും മതവും പരാജയപ്പെട്ടിടത്ത് ശാസ്ത്രം ഇതിന്റെ ഉത്തരം അന്വേഷിക്കുന്നതായി കുറ്റിപ്പുഴ മറ്റൊരു സന്ദർഭത്തിൽ സൂചിപ്പിക്കുന്നുണ്ട്.

ഭൗതികവാദത്തിന് കടകവിരുദ്ധമായ ദർശനമാണ് 'ഐഡിയലിസം'. പ്ലേറ്റോയാണ് ഈ സിദ്ധാന്തത്തിന്റെ ആരംഭകൻ. അടിസ്ഥാനപരമായി ഏതൊന്നിനേയും ആദർശത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്ന ഒരു പ്രസ്ഥാനം അഥവാ സിദ്ധന്തമാണ് ആദർശവാദം (Idealism) എന്നൊരു നിർവ്വചനം നിലവിലുണ്ട്. എന്നാൽ ഐഡിയലിസത്തിന് 'ആദർശ'വുമായി ഒരു ബന്ധവുമില്ലെന്ന അഭിപ്രായമാണ് കുറ്റിപ്പുഴക്കുള്ളത്. 'എൽ' എന്ന വർണ്ണം ഉച്ചാരണ സൗകര്യാർത്ഥം വന്നുകൂടിയതാണെന്നും 'ഐഡ്യയിസം' എന്നതാണ് ശരിയായ വാക്കെന്നും; ആശയവാദം അഥവാ വിജ്ഞാനവാദം എന്ന തർജ്ജിമ കൊണ്ടേ അതിന്റെ അർത്ഥം സ്പഷ്ടമാകൂ എന്നുമാണ് കുറ്റിപ്പുഴ പറയുന്നത്. മനസ്സ്, ബോധം, ആശയം ഇവയ്ക്ക് യാഥാർത്ഥ്യം കല്പിച്ച് ബോധവിഷയമായ വസ്തുവിനെ അയഥാർത്ഥ്യമാക്കി തള്ളുകയെന്നത് പ്രസ്തുത വാദത്തിന്റെ പ്രധാനലക്ഷണമാകയാൽ ആശയവാദം എന്ന തർജ്ജിമയാണ് അന്വർത്ഥമെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. കൺമുമ്പിലുള്ളത് കാണാതെ ഇല്ലാത്തതന്വേഷിച്ച് ക്ലേശിക്കുന്നവരാണ് ആശയവാദികൾ എന്ന് വിശേഷണവും നൽകുന്നുണ്ട്. ഇരുട്ടടഞ്ഞ മുറിയിൽ അവിടെയില്ലാത്ത കറുത്ത പൂച്ചയെ അന്വേഷിച്ച് തപ്പി നടക്കുന്നവരാണിവർ. രണ്ടായിരത്തിൽപ്പരം വർഷമായി ഈ അന്വേഷണം തുടങ്ങിയിട്ട്. എന്നിട്ടും അന്വേഷണത്തിലിരിക്കുന്ന പൂച്ചയെ പിടികിട്ടിയില്ലത്രേ; പിടികിട്ടിയാൽ 'ഫിലോസഫി'യുടെ രസം പോകുമെന്നാണ് അവർ വിശ്വസിക്കുന്നതെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു. പരമമായ സത്യം കണ്ടെത്തിയാൽ മനുഷ്യന്റെ ശേമുഷീവ്യാപാരം നിന്നുപോകില്ലേ? എന്നാണ് കുറ്റിപ്പുഴ ചോദിക്കുന്നത്. പ്ലേറ്റോ മുതൽ രാധാകൃഷ്ണൻ വരെയുള്ള ആശയവാദികൾ ഈ അന്വേഷണം തുടർന്നുകൊണ്ടേയിരിക്കുന്നു.

മസ്തിഷ്ക്കമഥനം, ചിന്താകാലുഷ്യം ഇവരണ്ടുമാണ് ആശയവാദത്തിന്റെ പ്രത്യേകതകളായി കുറ്റിപ്പുഴ കാണുന്നത്. ആശയവാദരീതികളും സിദ്ധാന്തങ്ങളും അതിലെ വൈചിത്രവും വ്യാമിശ്രതയും ബഹുമുഖത്വവും കാണുമ്പോൾ ഈ ലോകം ചിന്തിക്കാൻ മാത്രമുള്ളതാണ്, പ്രവർത്തിക്കാനുള്ളതല്ലെന്നു തോന്നിപ്പോകുമെന്നാണ് അദ്ദേഹം പറയുന്നത്. ചിന്തക്കുവേണ്ടി ചിന്ത, സത്യത്തിനുവേണ്ടി സത്യം, കലക്ക് വേണ്ടി കല, ഇതാണ് ആശയവാദത്തിന്റെ പോക്ക്. പരമമായ സത്ത (Ultimate Reality) പരമമായ നന്മ, കേവലസത്യം (Absolute Truth) കേവലസൗന്ദര്യം, ശാശ്വത മൂല്യങ്ങൾ (Eternal Values) ഇവയെല്ലാം ആശയവാദത്തിലെ മോഹനാസ്ത്രങ്ങളായി മാത്രമേ കുറ്റിപ്പുഴ പരിഗണിക്കുന്നുള്ളൂ. ഭൗതികലോകവും ജീവിതവുമായി അവക്കൊന്നിനുമില്ല ഒരു ബന്ധം. എല്ലാം പദാർത്ഥത്തിന് - വസ്തുവിന് - അതീതം, സാമാന്യ ബുദ്ധിക്കും അപ്പുറം. ആശയവാദികളുടെ ലക്ഷ്യം സത്യദർശനമാണ്. 'സത്യദർശനമിഷ്ടപ്പെടുന്ന

മനുഷ്യൻ' എന്നാണ് പ്ലേറ്റോ തത്ത്വജ്ഞാനിക്ക് നിർവ്വചനം പോലും നൽകിയിരിക്കുന്നത്. എന്നാൽ ഈ സത്യാന്വേഷണം നാം ജീവിക്കുന്ന ഭൂമിവിട്ട് ആകാശത്തിലെത്തി സ്വപ്നദർശനത്തിൽ കലാശിക്കുകയാണ് ചെയ്യുന്നതെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. ഭൗതിക യാഥാർത്ഥ്യങ്ങളുടെ നേരേ നോക്കാതെ അവയിൽ നിന്നോടി രക്ഷപ്പെടാൻ കണ്ടുപിടിച്ച തത്ത്വമാർഗ്ഗമായി മാത്രമേ അദ്ദേഹം ആശയവാദത്തെ അംഗീകരിക്കുന്നുള്ളൂ.

പ്ലേറ്റോയുടെ ഈ ആദ്ധ്യാത്മിക സിദ്ധാന്തത്തിലേയും ശങ്കരന്റെ അദ്വൈത സിദ്ധാന്തത്തിലേയും പ്രപഞ്ച സങ്കല്പത്തെ കുറ്റിപ്പുഴ പരിശോധിക്കുന്നുണ്ട്. ബാഹ്യപ്രപഞ്ചത്തിന് മനോവിലാസത്തിനപ്പുറം പ്രാധാന്യം നൽകുന്നില്ല. കൺമുന്നിൽ കാണുന്ന ഗോവിന്റെ മൂർത്തരൂപത്തെ നിഷേധിക്കുകയും ഗോത്വം അതിന്റെ സൂക്ഷ്മ ബോധത്തിലാണെന്നും സ്ഥാപിക്കുന്നു. ശങ്കര ദർശനം വിവർത്തവാദത്തിലൂടെ ഇക്കാണായ പ്രപഞ്ചം അന്ധകാരത്തിൽ രജ്ജുവിൽ സർപ്പബുദ്ധി ആരോപിതമായിരിക്കുന്നത് പോലെയാണെന്ന് നിർവ്വചിക്കുന്നു. ഈ വേദാന്തികൾക്കും ഭൗതികവസ്തുക്കളുടെ ഉപഭോഗത്തിലൂടെയേ കഴിയുകയുള്ളൂ എന്ന സത്യം കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നുണ്ട്. എഡിംങ്ടൺ, ജീൻസ്, വൈറ്റ്ഹെഡ് മുതലായ ശാസ്ത്രജ്ഞന്മാർ പോലും ഇത്തരം വാദ വൈകല്യങ്ങളിൽ പെട്ടുപോയിട്ടുണ്ട്. അവർക്കർഹിതമല്ലാത്ത ഫിലോസഫിയിൽ ചെന്ന് ചാടിയതുകൊണ്ടുള്ള ആശയ കുഴപ്പമാണ് ഉണ്ടായിട്ടുള്ളത്. ജോൺ ലോക്ക്, ബിഷപ്പ് ബർക്കിലി, ഹ്യൂം, കാന്റ്, ഹെഗൽ എന്നീ തത്ത്വജ്ഞാനികളും ആശയവാദത്തിന്റെ വക്താക്കളെന്നാണ് കുറ്റിപ്പുഴയുടെ നിഗമനം.

ചിന്താലോകത്തിലെ ഒരു തലകുത്തിനടപ്പായാണ് കുറ്റിപ്പുഴ ആശയവാദത്തെ വിലയിരുത്തുന്നത്. മാർക്സ് ഹെഗലിന്റെ വാദരീതിയെയൊന്നു മറിച്ചിട്ടപ്പോഴാണ് ശരിയായത്. ആശയവാദം മനുഷ്യന്റെ സാമൂഹ്യജീവിതത്തെ ഭരിപ്പാനോ നിയന്ത്രിപ്പാനോ പ്രയോജനപ്പെടില്ലെന്ന് മാത്രമല്ല, അനുഭവം സാക്ഷിയായി നിൽക്കുന്ന ഭൗതിക സത്യങ്ങളെ നിഷേധിക്കുന്നത് മൂലം അവ ജീവിത പുരോഗതിക്ക് പ്രതിബന്ധമായി തീരുക കൂടി ചെയ്യുന്നു. ജീവിതത്തെ ഇങ്ങനെ ആത്മീയം, ഭൗതികം എന്ന് തരം തിരിക്കുന്നത് എത്രത്തോളം ശരിയാണെന്ന് കുറ്റിപ്പുഴ 'മാനസോല്ലാസം' എന്ന ഗ്രന്ഥത്തിൽ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. ഭൗതികത്വത്തെ വേറിട്ട് ഒരാത്മീയതയുണ്ടോ? എന്നും അദ്ദേഹം വാദിക്കുന്നു.

**ഏകലോകവും അരാജകത്വസിദ്ധാന്തവും**

മനുഷ്യർ നൈസർഗികമായി നല്ലവരാണ്. സാമൂഹ്യമായി ജീവിക്കുക എന്നതാണ് അവരുടെ ജന്മവാസന. സമൂഹത്തിൽ സമാധാനവും സംതൃപ്തിയും

കൈവരുത്തുന്നതിനും നില നിർത്തികൊണ്ടുപോകുന്നതിനും സംഘടിത ഭരണകൂടങ്ങളോ നിയമവ്യവസ്ഥിതിയോ ലോകത്ത് ആവശ്യമില്ല. പരസ്പരധാരണ ധാരാളം മതി എന്നതാണ് അരാജക സിദ്ധാന്തത്തിന് അടിസ്ഥാനം. വിപ്ലവോന്മുഖമായ ഈ സ്വതന്ത്ര ചിന്തയുടെ സ്ഥാപകൻ നാസ്തികനായ ബകുനിനാണ്. രാഷ്ട്രീയമായ ബന്ധനത്തിനും മതപരമായ അന്ധതക്കും തമ്മിൽ ദൃഢമായ ബന്ധമുണ്ടെന്നും അതുകൊണ്ട് ആദ്യത്തേതിൽ നിന്നുള്ള മോചനത്തിന് രണ്ടാത്തേതിന്റെ ധ്വംസനം അത്യാവശ്യമാണെന്ന് കൂടി ഈ തത്ത്വചിന്തകൻ പ്രഖ്യാപിച്ചതായി കുറ്റിപ്പുഴ വെളിപ്പെടുത്തുന്നുണ്ട്. മതാധികാരവും രാജാധികാരവും പരസ്പരം കൈകോർത്തുനിൽക്കുന്നത് വ്യക്തിസ്വാതന്ത്ര്യത്തിനുമുകളിലുള്ള അതിന്റെ ആധിപത്യത്തെ കൂടുതൽ ഉറപ്പിക്കുവാനേ ഉപകരിക്കുന്നുള്ളൂ എന്നതും ശ്രദ്ധേയമാണ്.

ബകുനിന്റെ അരാജകത്വസിദ്ധാന്തം കമ്മ്യൂണിസത്തേയും അതിക്രമിക്കുന്ന ഒന്നായാണ് കുറ്റിപ്പുഴ പരിഗണിക്കുന്നത്. എന്തെന്നാൽ അത് രാജാധികാരത്തെ മാത്രമല്ല സ്റ്റേറ്റിന്റെ അധികാരത്തേയും നിഷേധിക്കുന്നുണ്ട്. ഓരോ വ്യക്തിയും ഓരോ ആദർശജീവിതം നയിക്കുന്നതിന് പര്യാപ്തങ്ങളായ സാഹചര്യങ്ങളെ പ്രദാനം ചെയ്യത്തക്കവിധം മനുഷ്യസമുദായം സംഘടിതമാകണമെന്നാണ് ഈ തത്ത്വചിന്തയുടെ ആധാരം. അധികാരം അത് ഏത് രൂപത്തിലായാലും മനുഷ്യരെ അധ:പതിപ്പിക്കുമെന്ന വാദം കൊണ്ട് ബകുനിൻ എല്ലാത്തരം അധികാരങ്ങളേയും എതിർക്കുന്നതായി കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. ബകുനിന്റെ ചിന്തകളിലൂടെ കുറ്റിപ്പുഴ സ്ഥാപിക്കാൻ ശ്രമിക്കുന്നത് ഇതാണ്. മാനവ സ്വാതന്ത്ര്യത്തിന് വിഘാതമായി നിൽക്കുന്നത് ഭരണകൂടം മാത്രമല്ല, മതാധികാരികളും ദൈവ ഭീതിയും മതസ്ഥാപനങ്ങളും പോലും അവന്റെ മേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടേയിരിക്കുന്നു. ഇതിൽ നിന്നുള്ള സമൂലമായ മോചനം കൊണ്ട് മാത്രമേ വ്യക്തി സ്വാതന്ത്ര്യം യാഥാർത്ഥ്യമാകുകയുള്ളൂ. "വ്യക്തികൾ സാസ്കാരത്തിന്റെ സുരഭില കുസുമങ്ങളത്രേ. അമ്മാതിരി കുസുമങ്ങൾ വികസിക്കുകയും പരിമളം പരത്തുകയും ചെയ്യണമെങ്കിൽ അതിന് പ്രേരകമായ ഭരണ സംവിധാനം കൂടിയേ തീരൂ."[4] അതിന് അരാജകത്വ സിദ്ധാന്തം പോലുള്ള വിപ്ലവാദാർശങ്ങളിലൂടെയേ സാധ്യമാകുകയുള്ളൂവെന്ന് കുറ്റിപ്പുഴയും വിശ്വസിക്കുന്നു.

ആധുനിക സമൂഹത്തെ ഭീതിമുനയിൽ നിർത്തി ഭരിക്കാനുള്ള അധികാരി വർഗ്ഗത്തിന്റെ പുതിയ അവതാരകന്മാരാണ് പുരോഹിതനും, പോലീസും, പട്ടാളവും. മനുഷ്യ സമുദായത്തിന്റെ സംഘടനാ പ്രയാണത്തിൽ വന്നുചേരുന്ന അനിവാര്യ ദോഷങ്ങളായാണ് കുറ്റിപ്പുഴ ഈ ത്രിദോഷങ്ങളെ കാണുന്നത്. മനുഷ്യപ്രകൃതിയിൽ തിന്മമാത്രം കാണുന്ന മധ്യകാല യൂറോപ്യൻ ബോധത്തിലാണ് പുരോഹിതന്റെ

അടിവേരുകൾ അദ്ദേഹം കണ്ടെത്തുന്നത്. ഭയപ്പെടുത്തി ഭരിക്കുക എന്ന സമ്പ്രദായം ആദ്യം നിലവിൽകൊണ്ടുവന്നത് പുരോഹിതനാണ്. ന്യൂന പക്ഷത്തിന്റെ സുഖത്തിനായി ഭൂരിപക്ഷം ദുഃഖിക്കണമെന്ന നീചസ്ഥിതിക്ക് വിത്തുപാകുകയും യൂറോപ്പിനെ മുഴുവൻ ചോരയിലാഴ്ത്തുകയും ചെയ്തത് ഈ പുരോഹിതാധിപത്യമായിരുന്നു. സയൻസിന്റെ വളർച്ച പൗരോഹിത്യത്തിൽ നിന്ന് ലോകത്തെ മുക്തമാക്കിയെങ്കിലും, ബൂർഷാ ഭരണകൂടങ്ങൾ നിയമഭീതിയിലൂടെ മനുഷ്യനെ ഭരിക്കുവാൻ തുടങ്ങിയെന്നും; പഴയപുരോഹിതന്റെ പ്രാമാണ്യം പോലീസും പട്ടാളവും ഏറ്റെടുക്കുകയും ചെയ്തതായി കുറ്റിപ്പുഴ സമർത്ഥിക്കുന്നുണ്ട്. ഇത് മനുഷ്യസ്വഭാവത്തെ മലീമസമാക്കുവാനും അടിമത്വത്തെ പുലർത്തുവാനുമേ ഉപകരിക്കുന്നുള്ളൂ. ബർട്രാന്റ് റസ്സലിനെപ്പോലെ തന്നെ, ഭീതിയിലധിഷ്ഠിതമായ അനുസരണയും സദാചാരവും മനുഷ്യനെ മുന്നോട്ട് നയിക്കില്ലെന്ന് കുറ്റിപ്പുഴയും കരുതുന്നു. ജനങ്ങൾ നിയമത്തിന് വഴിപ്പെടുന്നത് ഭയംകൊണ്ട് മാത്രമാണ്. ജനഹൃദയത്തിലെ സാത്വികാംശം വികസിക്കുന്നതിന് ഭയം എപ്പോഴും പ്രതിബന്ധമായി ഭവിക്കുന്നു.

സമാധാന സംരക്ഷണത്തിനും നീതിന്യായ പരിപാലനത്തിനുമായി സൂക്ഷിക്കപ്പെടുന്ന പോലീസും പട്ടാളവും വിപരീത ഫലത്തെയാണ് അധികമായി പ്രദാനം ചെയ്യപ്പെടുന്നുത്. ശാന്തിയും സമാധാനവും കാംക്ഷിക്കുന്ന ജനതതിയുടെ മുകളിൽ ഭരണയന്ത്രം അടിച്ചേൽപ്പിക്കുന്ന ഭയങ്കരതയാകുന്നു യുദ്ധം. ഒരു പരിഷ്കൃത ഗവൺമെന്റിന്റെ യോഗ്യതയേയും പ്രതാപത്തേയുമല്ല പോലീസും പട്ടാളവും സൂചിപ്പിക്കുന്നത്. മറിച്ച് ഭീരുത്വത്തേയും അശക്തിയേയും ജനാവലിയുടെ സ്വാതന്ത്ര്യാഭിവൃദ്ധിക്കുള്ള വിഘാതത്തേയുമാണ് ഇതിലൂടെ കുറ്റിപ്പുഴ കാണുന്നത്. പ്രാചീന ചൈനയാണ് ഇക്കാര്യത്തിൽ ഏറെ മാതൃക പുലർത്തിയതായി കാണുന്നത്. പോലീസിന്റേയും പട്ടാളത്തിന്റേയും പുരോഹിതന്റേയും വലിയ തോതിലുള്ള ആധിപത്യമില്ലാതെ തന്നെ അവിടെ ശാന്തിയും സമാധാനവും പുലർന്നിരുന്നു. ചൈനക്കാരുടെ ആചാര്യനായ കൺഫ്യൂഷ്യസിന്റെ സിദ്ധാന്തങ്ങളായിരുന്നു അന്നത്തെ ശാന്തമായ ഭരണത്തിന് അടിസ്ഥാന മായിരുന്നതെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. മനുഷ്യസ്വഭാവം നന്മയുടെ ഇരിപ്പിടമാണെന്ന തത്ത്വമാണ് അവിടത്തെ കുട്ടികൾ പാഠശാലകളിൽ ആദ്യമായി പഠിക്കുന്നത്. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള പഴയ യൂറോപ്യൻ കാഴ്ചപാടിൽ നിന്നും വ്യത്യസ്ഥമായിരിക്കുന്നു ഇത്. ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെ വിശ്വാസ പ്രമാണങ്ങളിലും ജീവിത രീതിയിലും പോലും അതിന്റെ മാറ്റം ദൃശ്യമാണ്. ചരിത്രത്തിന്റെ ഓരോ കാലഘട്ടങ്ങളിൽ മാനവ സമുദായത്തെ ഭരിച്ചും നിയന്ത്രിച്ചും കൊണ്ടിരിക്കുന്ന ശക്തികൾ ഉണ്ടായിരുന്നുവെന്നും, ഇന്നും തുടരുന്നുവെന്നും കുറ്റിപ്പുഴയുടെ ഇത്തരം ചിന്തകൾ ഓർമ്മപ്പെടുത്തുന്നുണ്ട്. ദേശീയ

പ്രസ്ഥാനത്തിലെ സമരഭടന്മാർ അതിതീവ്രങ്ങളായ നിയമങ്ങൾ അനുസരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ അവ അടിച്ചേൽപ്പിക്കപ്പെടുന്നവയല്ല. സ്വമനസ്സാലെ ഏറ്റെടുക്കുന്നവയാണെന്ന് അദ്ദേഹം വെളിപ്പെടുത്തുമ്പോൾ ഒരാദർശ രാഷ്ട്രത്തിലെ ജനതയും അപ്രകാരമായിരിക്കണമെന്നാഗ്രഹിക്കുന്നു. ഭയത്താലല്ല, അറിവിന്റേയും സ്നേഹത്തിന്റേയും ശക്തികളെ ഹൃദയത്തിൽ ഉദ്ബുദ്ധമാക്കി. ജനതതിയെ വിദ്യാഭ്യാസം കൊണ്ട് ഉണർത്തുകയും സ്നേഹം കൊണ്ട് വശീകരിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റിനെ മാത്രമേ കുറ്റിപ്പുഴ അംഗീകരിക്കുന്നുള്ളൂ.

രാജശക്തിയും പൗരോഹിത്യവും പോലെ മനുഷ്യസമുദായത്തെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പ്രധാന ഘടകങ്ങളാണ് ധനശക്തിയും അധികാര ശക്തിയും. വേണ്ടവിധം നിയന്ത്രിച്ചില്ലെങ്കിൽ ഈ രണ്ട് ശക്തികളും പൗരജീവിതത്തെ ദുഷിപ്പിക്കുകമാത്രമല്ല നശിപ്പിക്കുക കൂടി ചെയ്യുമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നുണ്ട്. ഇടിവട്ടേറ്റതുപോലെ വ്യക്തിയും കുടുംബവും ധനശക്തിയുടെ പ്രതികൂലാഘാതങ്ങൾക്ക് ഇരയായി പോകുന്നുണ്ട്. ഇതുമൂലം ഉൽക്കടമായ സാമ്പത്തിക ഭീതിയാണ് സമാഗതമാകുന്നത്. ജീവിത സുരക്ഷിതത്വവും വ്യക്തി സ്വാതന്ത്ര്യവും സാധ്യമാകുവാൻ സാമ്പത്തിക ഭീതിയിൽ നിന്നുള്ള മോചനം അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ശാസ്ത്രീയ സോഷ്യലിസം കൊണ്ട് ധനശക്തിയുടെ കേന്ദ്രീകരണവും അതിന്റെ ദോഷഫലങ്ങളും പരിഹരിക്കാമെന്ന് കണ്ടുപിടിച്ച ലോകാചാര്യനാണ് കാറൽ മാർക്സ്. സോഷ്യലിസം നടപ്പിലായതോടെ ധനശക്തി വികേന്ദ്രീകരിക്കപ്പെട്ടുവെങ്കിലും അധികാരശക്തി കേന്ദ്രീകരിക്കപ്പെടുകയാണുണ്ടായത്. സോഷ്യലിസത്തിൽ ധനശക്തി സമീകൃമാകന്നതോടെ അധികാരശക്തിയും തദനുസൃദമാകുമെന്ന് മാർക്സ് വിചാരിച്ചിരിക്കാമെന്ന് കുറ്റിപ്പുഴ ഊഹിക്കുന്നു.അധികാര ശക്തി കേന്ദ്രീകൃതമായി സാമൂഹ്യജീവിതത്തെ അലങ്കോലപ്പെടുത്തുമെന്ന് കാണാനുള്ള കണ്ണ് മാർക്സിനുണ്ടായില്ലെന്ന് കുറ്റിപ്പുഴക്കഭിപ്രായമുണ്ട്. “കുറ്റിപ്പുഴയുടെ റഷ്യയെക്കുറിച്ചും അധികാരത്തെക്കുറിച്ചുമുള്ള നിഗമനങ്ങൾ ശരിതന്നെ. എങ്കിലും മാർക്സിന്റെ സാമ്പത്തിക വിമർശനം അധികാര വിമർശനത്തിന്റെ ഭാഗമായിരുന്നുവെന്നും ഭരണകൂടം തന്നെ ഇല്ലാതാകും വിധം അധികാരം പൂർണ്ണമായും ജനങ്ങളിൽ തിരിച്ചെത്തുന്ന ഒരു വ്യവസ്ഥിതി അദ്ദേഹം സ്വപ്നം കണ്ടിരുന്നുവെന്നും ലെനിനിന്റെ ‘ഭരണകൂടവും വിപ്ളവവും’ ഈ സ്വപ്നത്തിന് മൂർത്തമായ സൈദ്ധാന്തികാടിസ്ഥാനം നൽകുന്നുവെന്നും ലേഖകൻ മറന്നുപോകുന്നതായി തോന്നുന്നു”[5] എന്ന് സച്ചിദാനന്ദൻ ഖേദിക്കുന്നുണ്ട്. എന്നാൽ സോവിയറ്റ് റഷ്യയുടെ തകർച്ചയോളം കൊണ്ടെത്തിച്ചു, അനിയന്ത്രിതമായ ഈ അധികാര കേന്ദ്രീകരണം എന്ന ചരിത്ര സത്യത്തെ വിസ്മരിക്കാൻ കഴിയില്ല.

സ്റ്റാലിന്റെ സ്വേച്ഛാദിപത്യഭരണത്തിൻ കീഴിൽ, 'സാർവ്വദേശീയ സോഷ്യലിസം'മെന്ന ആശയം മുന്നോട്ടുവെച്ച സോവിയറ്റ് റഷ്യയുടെ ശില്പങ്ങളിൽ പ്രമുഖനായ ട്രാട്സ്കിയുടെ ദാരുണമായ അന്ത്യം 'ലിയോൺ ട്രാട്സ്കി' എന്ന ലേഖനത്തിലൂടെ കുറ്റിപ്പുഴ വെളിപ്പെടുത്തുന്നത് ഇതിനൊരു ഉത്തമ ഉദാഹരണമാണ്. അധികാര ശക്തിയാണ് ആ സ്വതന്ത്ര ചിന്തയെ നശിപ്പിച്ചു കളഞ്ഞത്. മനുഷ്യൻ നന്നാകണമെങ്കിൽ, സാമൂഹ്യക്ഷേമം പുലരണമെങ്കിൽ ധനശക്തിയോടൊപ്പം അധികാര ശക്തിയും കഴിയുന്നിടത്തോളം നിയന്ത്രിതവും വികേന്ദ്രീകരണത്തിന് വിധേയവുമാകണം. മാർക്സ് കാണാത്ത ഈ സത്യം ദർശിച്ചത് മഹാത്മാഗാന്ധിയാണെന്ന് കുറ്റിപ്പുഴ പ്രഖ്യാപിക്കുന്നു. അദ്ദേഹത്തിന്റെ പഞ്ചായത്ത് രാജ് എന്ന സ്വപ്നം ഇതിലേക്കുള്ള ഉത്തമ മാർഗ്ഗമാകുന്നു. ഏതെല്ലാം അഗ്നിപരീക്ഷകളിലൂടെയായിരിക്കും ആ ലക്ഷ്യത്തിൽ എത്തിച്ചേരുകയെന്ന് കുറ്റിപ്പുഴ ആശങ്കപ്പെടുന്നുണ്ട്. നിയമ നിർമ്മാണത്തിലൂടെ ഇന്ത്യാരാജ്യത്ത് ഈ സ്വപ്നം ഇന്ന് ഏറെക്കുറെ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു എന്നത് പ്രസക്തമാണ്. ജനാധിപത്യ വികേന്ദ്രീകരണത്തിലൂടെ അധികാരം ഓരോ വ്യക്തിയിലും എത്തിച്ചേരുക എന്നതാണ് ഇതിന്റെ ആത്യന്തികസത്ത.

കുറ്റിപ്പുഴയുടെ ആദർശമനുഷ്യൻ വിശ്വപൗരനും രാഷ്ട്ര സങ്കല്പം ഏകലോകവുമാണ്. സാർവ്വലൗകികമായ മാനവിക ചിന്തയിൽ നിന്നാണ് ഇത്തരമൊരു ഉദാത്ത വീക്ഷണത്തിന് വഴിതെളിഞ്ഞിട്ടുള്ളത്. വെൻഡൽ വില്ക്കിയുടെ ഏകലോക സങ്കല്പത്തിന് നിദാനമായി ഭവിക്കുന്നത് രണ്ടാം ലോക മഹായുദ്ധവും അതിന്റെ അനന്തരഫലങ്ങളുമാണെങ്കിൽ, കുറ്റിപ്പുഴയുടെ ആദർശലോകത്തിന് 'യത്രവിശ്വംഭവത്യേക നീഡം', 'വസുധൈവ കുടുംബകം' മുതലായ പ്രാചീന ദർശനങ്ങളോളം ആഴമുണ്ട്. വെൻഡൽ വില്ക്കിയുടെ ഏക രാഷ്ട്ര സങ്കല്പത്തെ കുറ്റിപ്പുഴ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും അമേരിക്ക, ബ്രിട്ടൻ മുതലായ രാഷ്ട്രങ്ങളുടെ ഭരണയന്ത്രം തിരിക്കുന്നവരുടെ മനസ്സ് സാമ്രാജ്യത്വത്തിന്റേയും മുതലാളിത്വത്തിന്റേയും പരചൂണഷത്തിന്റേയും പരവഞ്ചനയുടേയും തടവറകളിലായതിനാൽ അദ്ദേഹത്തിന്റെ ഏകലോക സാങ്കല്പം അപ്രായോഗികമാണെന്ന് കുറ്റിപ്പുഴ സമർത്ഥിക്കുന്നു. സോവിയറ്റ് റഷ്യ ഒഴിച്ചുള്ള രാഷ്ട്രങ്ങളുടെ നേതൃത്വത്തെ നയിക്കുന്നത് ഏതാനും ബാങ്കർമാരുടേയും കമ്പനിയുടമകളുടേയും കാണാച്ചരടുകളാണ്.

ജാതി, മതം, വർഗ്ഗം, രാഷ്ട്രം എന്നീ വിശ്വാസങ്ങളെല്ലാം തന്നെ ഏകലോക ദർശനത്തിന്റെ പാതയിലെ വിഘാത ഘടകങ്ങളാണ്. അതിര് കടന്ന ദേശീയത പോലും ഇത്തരമൊരു ലക്ഷ്യത്തിന് തടസ്സമാണ്. "ലോകൈക്യത്തിന് പ്രധാന തടസ്സം ദേശീയതയായതുകൊണ്ട് ലോകചരിത്രത്തിന്റെ വർത്തമാനാദ്ധ്യായത്തിൽ മനുഷ്യവർഗ്ഗത്തിന്റെ 'ഒന്നാമത്തെ ശത്രു'വാണു ദേശീയത; അതുകൊണ്ട്

ദേശീയതയുടെ ദംഷ്ട്രകളെ പറിച്ചുകളയുകയാണ് നാം ആദ്യമായി ചെയ്യേണ്ടത്"[6] മനുഷ്യന്റെ സങ്കുചിതവും വിഭാഗീയവുമായ മനോഭാവമായി മാത്രമേ കുറ്റിപ്പുഴ ഇതിനെ കാണുന്നുള്ളൂ. ലോകമൊട്ടാകെ ഒന്നായി വ്യാപിച്ചുകിടക്കുന്ന മാനവ ജീവിതത്തെ വേലികെട്ടിത്തിരിക്കുന്ന എല്ലാറ്റിനേയും ഉന്മൂല നാശം ചെയ്യുക മാത്രമാണ് ഏക പോംവഴി. മാനവസമുദായമെന്ന ലക്ഷ്യത്തിലേക്കുള്ള യാത്ര തുടങ്ങേണ്ടത് പ്രാഥമിക വിദ്യാലയങ്ങളിൽ നിന്ന് വേണമെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. സമുദായം ഒന്നേയുള്ളൂ അത് മനുഷ്യസമുദായമാണെന്നും ലോകമാകുന്ന കുടുംബത്തിലെ അംഗങ്ങളാണ് തങ്ങളെന്നുമുള്ള ഭാവന കുട്ടികളിൽ ബാല്യംമുതലേ വളർന്ന് വരത്തക്കവണ്ണമുള്ള അന്തരീക്ഷം വിദ്യാലയങ്ങളിൽ രൂപപ്പെടേണ്ടതുണ്ട്. രവീന്ദ്രനാഥാ ടാഗോറിന്റെ 'വിശ്വഭാരതി' യെയാണ് കുറ്റിപ്പുഴ ഇതിനനുകരണീയമായി കാണുന്നത്. ഏകലോകാദർശാ ധിഷ്ഠിതമായ സാർവ ദേശീയത്വത്തിലാണ് സർവ്വോപരി പ്രാധാന്യം കല്പിച്ചിട്ടുള്ളത്. സ്വദേശ സ്നേഹം പോലും സാർവ്വ ദേശീയത്വത്തിനനുഗുണമായി അതിന് കീഴേ നിൽക്കാവൂ എന്ന വീക്ഷണമായിരുന്നു ടാഗോറിനും ഗാന്ധിജിക്കുമുണ്ടായിരുന്നതെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നുണ്ട്. ചരിത്ര പഠനത്തിലും ഈ സന്ദേശം അത്യന്താപേക്ഷിതമാണ്. മനുഷ്യന്റെ സാമൂഹ്യവും സാംസ്ക്കാരികവുമായ ജീവിതം വികസിച്ചുവന്നതെങ്ങനെയന്നും സമഗ്രമായി പ്രതിപാദിക്കുന്ന വിശ്വചരിത്രമാണ് പുതിയ തലമുറ പഠിക്കേണ്ടതെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. എച്ച്.ജി.വെൽസിന്റെ 'ലോക ചരിത്ര സംഗ്രഹ'വും നെഹ്റുവിന്റെ 'വിശ്വചരിത്രാവലോകനവും' ഈ രംഗത്ത് മാർഗ്ഗദർശികാളാണ്.

ഏകലോക സങ്കല്പത്തിന് ദോഷകരമായി ഭവിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു വിപത്താണ് ചാരവൃത്തി. ഇത് രാഷ്ട്രങ്ങൾ തമ്മിലുള്ള വൈരവും പരസ്പര വഞ്ചനയും യുദ്ധഭീതിയും വളർത്തി പരസ്പരം ഭിന്നിപ്പിക്കുന്നു. രാഷ്ട്രങ്ങൾ നടത്തുന്ന ഈ അപമാനകരമായ പ്രവൃത്തിയെ ഒരു തരം 'ചോരവൃത്തി'യെന്നാണ് കുറ്റിപ്പുഴ ആക്ഷേപിക്കുന്നത്. ചാരന്മാർ വിഷവാഹികളായ സർപ്പങ്ങളെപ്പോലെ ഇഴഞ്ഞ് നടന്ന് ജനങ്ങളുടെ കാലിൽ കടിക്കുകയും രാഷ്ട്രങ്ങളുടെ അന്യോന്യ സംഹാരത്തിന് വഴിതെളിക്കുകയുമാണ് ചെയ്യുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. ഇത്തരം ഭീത്യാശങ്കകൾ പാടേനീങ്ങി രാഷ്ട്രീയാന്തരീക്ഷം ശുദ്ധമായെങ്കിൽ മാത്രമേ, സാഹോദര്യത്തിലും സൗഹാർദ്ദത്തിലും ഒരു ചരടിൽ കോർത്ത പുഷ്പങ്ങളെപ്പോലെ ഏകലോകമെന്ന ആകാശവിശാലമായ ആദർശത്തിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂവെന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു.

വെൻഡൽവില്ക്കിയുടെ ഏകലോകാദർശത്തിന്റെ പരിസമാപ്തി ലോകരാഷ്ട്രങ്ങൾ പരസ്പര ധാരണയിൽ എത്തിച്ചേരുന്ന ഒരു സംഘടനാ സംവിധാനത്തിനപ്പുറം സാദ്ധ്യതയില്ലായെന്ന് കാണാവുന്നതാണ്. എന്നാൽ

കുറ്റിപ്പുഴയുടെ സാർവദേശീയ സങ്കല്പത്തിന്റെ അടിത്തറ സോഷ്യലിസമാണ്. പരചൂഷണവും മത്സര ബുദ്ധിയും യുദ്ധക്കൊതിയും പിടിമുറുക്കിയിരിക്കുന്ന മുതലാളിത്ത രാഷ്ട്രങ്ങൾക്കോ, വ്യവസ്ഥിതിക്കോ അത്തരമൊരു വിശ്വാദർശത്തിൽ എത്തിച്ചേരാൻ കഴിയില്ലെന്നതു തന്നെയാണ് കാരണം. ഏകലോകാദർശത്തിലും കുറ്റിപ്പുഴയുടെ സജീവ ചിന്തവ്യാപരിക്കുന്നത് വ്യക്തിയിലാണ്. വിശ്വമാനവനെന്ന ആദർശവ്യക്തിയിൽ ജാതി, മതം, വർഗ്ഗം, ദേശം മുതലായ വേലിക്കെട്ടുകളെ പൊളിച്ചുകളയാൻ പോന്ന ഇച്ഛാശക്തിയുള്ള മനുഷ്യനിൽ. ഇത്തരം വിശ്വപൗരന്മാരെ സൃഷ്ടിക്കുന്നതിന് ടാഗോറിന്റെ 'വിശ്വഭാരതിയും' പൈത്തഗോറസ്സിന്റെ സഹോദരസംഘം (Pythagorian Brotherhood) പോലുള്ള സ്ഥാപനങ്ങളുമാണ് വേണ്ടതെന്ന് കുറ്റിപ്പുഴ നിർദ്ദേശിക്കുന്നുണ്ട്. ഏകലകം അഥവാ മാനവ സമുദായമെന്ന തത്ത്വ സംഹിത പൈതഗോറസ്സിനെപോലെ തന്നെ പ്ലേറ്റോ, കൺഡർസെറ്റ്, കാന്റ്, ഹെഗൽ, വാൾട്ടയർ, ഗബ്ബൻ മുതലായവ ചിന്തകന്മാരും ഈ ആദർശത്തിന്റെ സംവാഹകരായിരുന്നുവെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. എങ്കിലും കുറ്റിപ്പുഴയുടെ ഏകലോകാദർദശത്തിന് ബാർട്രാൻഡ് റസ്സലിന്റെ സാർവ്വദേശീയ കാഴ്ചപ്പാടുകളോടാണ് ഏറെ സാമ്യം.

**മാർക്സിസം എന്ന മനുഷ്യോപനിഷത്ത്**

മാർക്സിസം കുറ്റിപ്പുഴക്ക് വെറും തത്ത്വശാസ്ത്രം മാത്രമല്ല, അത് മനുഷ്യോപനിഷത്ത് കൂടിയാണ്. ഗ്രന്ഥങ്ങളിലുറങ്ങുന്ന ഒരു തത്ത്വചിന്ത എന്നതിലുപരി അനന്യ സാധാരണമായ അതിന്റെ പ്രായോഗിക ക്ഷമതയിലാണ് അദ്ദേഹം ആകൃഷ്ടനാകുന്നത്. മനുഷ്യജീവിതത്തെ ഭരിക്കുന്ന ഘടകങ്ങൾ പലതുണ്ടെങ്കിലും അവയിൽ മർമ്മ പ്രധാനമായത് സാമ്പത്തിക ഘടകമാണെന്ന സത്യം കണ്ടെത്തുകയും അതിൻമേൽ പ്രായോഗികമായ ഒരു തത്ത്വ സംഹിത കെട്ടിപ്പടുക്കുകയും മനുഷ്യരാശിയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്ക് വഴി തുറക്കുകയും ചെയ്ത മഹാത്മാവായാണ് കാറൽ മാർക്സിനെ കാണുന്നത്. ഏതൊരു സാമ്പത്തിക ഘടനയിൽ നാം ജീവിക്കുന്നുവോ അതായിരിക്കും നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ നിയാമകമായ അടിസ്ഥാനമെന്ന് വിശ്വസിക്കുന്ന കുറ്റിപ്പുഴ; പരചൂഷണവും വഞ്ചനയും ഉൾക്കൊള്ളുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതി മനുഷ്യന്റെ സാമൂഹ്യജീവിത സ്വഭാവത്തേയും ദുഷിപ്പിക്കുമെന്ന അഭിപ്രായത്തിലാണ്. ജീവിതമത്സരത്തെ കൊടുമ്പിരികൊള്ളിച്ച് മനുഷ്യരെ കേവലം മൃഗസ്വഭാവകളാക്കി പരസ്പരം വേട്ടയാടിക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയെ തമസ്ക്കരിക്കുവാൻ പോന്ന മാർക്സിസത്തിന്റെ ചരിത്രപരമായ ദൗത്യത്തിലാണ് പ്രതീക്ഷയർപ്പിച്ചിരിക്കുന്നതും. "കുറ്റിപ്പുഴക്ക് വേദോപനിഷത്തുക്കളിൽ ഒരു കാലത്ത് പ്രകടമായിരുന്ന ആദരാഭിനിവേശം ഭൗതികവാദത്തിലേക്ക് തിരിഞ്ഞപ്പോൾ മാർക്സിസത്തിലാണ് ചെന്ന് നിന്നത്."[7] ഭൂരിപക്ഷ ചൂഷണം കൊണ്ട് അല്പപക്ഷം

സുഖത്തോടെ വാഴണമെന്നുള്ള തസ്കര സിദ്ധാന്തത്തെ ഉന്മൂലനം ചെയ്യാൻ പോന്ന മാർക്സിസം ആധുനിക ഭൗതിക വാദത്തിന് ശാശ്വതമായ അടിത്തറ പാകുക കൂടി ചെയ്തു.

മാർക്സിസത്തെ അന്വർത്ഥമാക്കുന്നത് അതിന്റെ സജീവ ഘടകമായ വൈരുദ്ധ്യാത്മക ഭൗതികവാദ (Dialectical Meterialism) മാണ്. ഡയലെഗോ (Dialego) എന്ന യവന പദത്തിൽ നിന്നാണ് ഡയലക്റ്റിക്സ് എന്ന വാക്കിന്റെ ഉദ്ഭവം വാദപ്രതിവാദമെന്നേ ഇതിന് ആദ്യകാലത്ത് അർത്ഥമുണ്ടായിരുന്നുള്ളൂ. കേവലം ഒരു വിവാദ സമ്പ്രദായമായി സ്വീകരിച്ചുപോന്ന ഈ നിരൂപണ പദ്ധതിയെ പ്രപഞ്ച തത്ത്വാന്വേഷണത്തിന് ആധാരമാക്കികൊണ്ടുവന്ന് അതിന്റെ വിപ്ലവ സ്വഭാവം ആദ്യമായി വെളിപ്പെടുത്തിയത് ഹെഗൽ എന്ന ജർമ്മൻ തത്ത്വചിന്തകനാണ്. പരമവും സനാതനവുമായ സത്യത്തെ അന്വേഷിച്ചുകൊണ്ടിരുന്ന തത്ത്വശാസ്ത്ര ശാഖയെ അദ്ദേഹം തിരുത്തുകയുണ്ടായി. ഹെഗലിന്റെ വൈരുദ്ധ്യവാദമനുസരിച്ച് അങ്ങനെയൊരു സത്യമില്ലെന്നല്ല, പ്രകൃതി, ജീവിതം, ചിന്താശക്തി എന്നിവ സമസ്തവും അനവരത ചലനവും പരിണാമവും ഉൾക്കൊള്ളുന്ന അനാന്ത്യമായൊരു മഹാപ്രവാഹമാണെന്ന് പ്രഖ്യാപിച്ചു. എന്നാൽ പ്രപഞ്ചത്തിന്റെ ആദികാരണമായി ഒരു ആശയത്തെ സങ്കൽപിച്ച അദ്ദേഹം വൈരുദ്ധ്യവാദവുമായി പൊരുത്തപ്പെടാത്ത ഒരു സിദ്ധാന്തത്തിലാണ് എത്തിച്ചേർന്നത്. ആയതിനാൽ അദ്ദേഹത്തെ അനുഗമിച്ച യുക്തിവാദികളായ ചിന്തകന്മാർ പ്രസ്തുത സിദ്ധാന്തം സ്വീകരിക്കാതെ അതിൽ പ്രതിഫലിക്കുന്ന വൈരുദ്ധ്യവാദ രീതി മാത്രം കൈക്കൊണ്ടു. ഇതിൽ പ്രഥമഗണനീയനായിരുന്നു കാറൽമാർക്സ്.

വൈരുദ്ധ്യവാദം വിശ്വവ്യാപകമായി തീർന്നത് മാർക്സിന്റെ നാമധേയത്തിലൂടെയാണ്. തത്ത്വശാസ്ത്രം അദ്ദേഹത്തിന്റെ കാലംവരെ ഇരുട്ടിൽ തപ്പിത്തടഞ്ഞ് നടക്കുകയായിരുന്നു. ഈ നിർജ്ജീവാവസ്ഥ നിശ്ശേഷം പരിഹരിച്ച് ഭൗതികവാദത്തെ ആധുനിക ശാസ്ത്രത്തിന്റെ നൂതന തത്ത്വങ്ങൾക്ക് യോജിക്കത്തക്കവിധം ശാസ്ത്രീയമാക്കുക കൂടി ചെയ്തു. ചരാചരാത്മകമായ സമസ്ത പ്രപഞ്ചവും - മനുഷ്യന്റെ ജീവിതം, അവന്റെ സാമൂഹ്യഘടന, ചിന്താശക്തി, ആശയ സഞ്ചയം എന്നിവയെല്ലാം എല്ലായ്പ്പോഴും ചലിച്ചും മാറിയും കൊണ്ടിരിക്കുന്നു. പ്രപഞ്ചംപോലും പദാർത്ഥത്തിന്റെ ചരിത്ര പ്രക്രിയാനുസരണമുള്ള വികാസത്തിന്റെ ഫലമാണ് എന്ന് സിദ്ധാന്തിച്ചു. പദാർത്ഥം അഥവാ പ്രകൃതി മിഥ്യയല്ല സത്യമാണെന്ന് അദ്ദേഹം വാദിക്കുന്നു. ഹെഗലിനെ മാർക്സിന്റെ ആചാര്യനായി അംഗീകരിക്കുവാൻ കുറ്റിപ്പുഴ തയ്യാറല്ല. രണ്ട് സിദ്ധാന്തങ്ങളും തമ്മിലുള്ള മൗലികമായ വ്യത്യാസത്തെ അദ്ദേഹം ഉയർത്തിക്കാട്ടുവാൻ ശ്രമിക്കുന്നു. “My dialectic method is fundamentally not only different form the Hegelian but is its direct opposite” എന്ന മാർക്സിന്റെ വാക്കുകളെ ഉദ്ധരിക്കുക കൂടി

ചെയ്യുന്നുണ്ട്. പതിനെട്ടാം നൂറ്റാണ്ടിലെ യാന്ത്രിക ഭൗതിക വാദത്തിൽ നിന്നും മാർക്സിന്റെ വൈരുദ്ധ്യാത്മിക ഭൗതികവാദം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നുകൂടി കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്.

ലോക പുരോഗതിയുടെ ഓരോ ഘട്ടത്തിലുമുള്ള ചരിത്രപരമായ നിഷേധത്തെ, തത്ത്വശാസ്ത്രത്തിന്റെ വളർച്ചയിലും പരിശോധിക്കുവാൻ കുറ്റിപ്പുഴ ശ്രമിക്കുന്നുണ്ട്. ഒരു തരം പ്രാകൃത ഭൗതികവാദമായിരുന്നു ആദിമ ദശയിൽ പ്രചരിച്ചിരുന്നത്. ആത്മതത്ത്വവും ഏകദൈവ വിശ്വാസവും ഉൾക്കൊള്ളുന്ന ആദർശവാദത്താൽ ആദ്യത്തേത് തിരസ്കൃതമായി. വൈരുദ്ധ്യവാദാധിഷ്ഠിതമായ ആധുനിക ഭൗതികവാദത്തിൽ ആദർശവാദവും നിഷേധിക്കപ്പെട്ടിരിക്കുന്നു. ആധുനിക ഭൗതികവാദം പ്രപഞ്ചത്തെവെറും ഒരു യന്ത്രമായിട്ടല്ല പരിഗണിക്കുന്നത്. മറിച്ച് വളർന്നുവരുന്ന ജീവത്തായ ഒരു രൂപഘടന (A living Organism) മായിട്ടാണ് കാണുന്നത്. എന്നാൽ ഈ വളർച്ചക്ക് പ്രകൃത്യാതീതമായ ഒരു ദിവ്യശക്തിയുടേയും സാന്നിദ്ധ്യം ആവശ്യമില്ല. ആധുനിക ഭൗതികവാദത്തെ വിപ്ലവത്തിന്റെ ഫിലോസഫിയായാണ് കുറ്റിപ്പുഴ വ്യാഖ്യാനിക്കുന്നത്. മാർക്സ് തന്റെ സാമ്പത്തിക സിദ്ധാന്തങ്ങളിൽ സമന്വയിച്ച് അതൊരു കർമ്മ പരിപാടിയാക്കി തീർക്കുക കൂടി ചെയ്തു.

മാർക്സിയൻ രാഷ്ട്രസങ്കല്പമായ സോഷ്യലിസ്റ്റ് വ്യവസ്ഥ ലോകത്തിലാദ്യമായി നിലവിൽ വരുന്നത് റഷ്യയിലാണ്. കുറ്റിപ്പുഴയുടെ വാക്കുകളിൽ പറഞ്ഞാൽ 'പാവങ്ങളുടെ പ്രാണമരുത്ത് കൊണ്ട് പങ്കവീശിയിരുന്ന' സാർചക്രവർത്തിമാരുടെ ഭരണം അവസാനിപ്പിച്ചുകൊണ്ട് ഒക്ടോബർ വിപ്ലവത്തിലൂടെ ലെനിനിന്റേയും ലിയോൺ ട്രാട്സ്കിയുടേയും നേതൃത്വത്തിൽ സോവിയറ്റ് റഷ്യ നിലവിൽ വന്നു. 'ഭുമിയിലെ സ്വർഗ്ഗരാജ്യ'മെന്നാണ് റഷ്യയെ കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. ഒരു നവീനമാനവ സംസ്ക്കാരത്തിന്റെ ബീജാവാപം കൂടിയാണ് അതിലൂടെ സാധ്യമായത്. എന്നാൽ സോവിയറ്റ് റഷ്യയുടെ സൃഷ്ടാക്കളിൽ പ്രമുഖനായ ലിയോൺ ട്രാട്സ്ക്കിയുടെ പതനം കുറ്റിപ്പുഴയെ പുനർവിചിന്തനത്തിന് വിധേയനാക്കുന്നുണ്ട്. സാർവ്വദേശീയ സോഷ്യലിസത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന ലിയോൺ ട്രാട്സ്ക്കിക്ക് സ്റ്റാലിന്റെ നയങ്ങളുമായി പൊരുത്തപ്പെടുവാൻ കഴിയാതെ വാഗ്ദത്തെ ഭുമി ഉപേക്ഷിച്ച് പോകേണ്ടിവരികയും ദാരുണമായി പിൽക്കാലത്ത് കൊലചെയ്യപ്പെടുകയും ചെയ്ത ചരിത്രം വിവരിക്കുന്ന കുറ്റിപ്പുഴ ഏതൊരു തത്ത്വ ശാസ്ത്രവും അതിന്റെ പ്രായോഗികതയിലുണ്ടാകുന്ന പരിമിതികളെക്കൂടി ഉയർത്തിക്കാട്ടുന്നുണ്ട്. “മനുഷ്യ മനസ്സ് ദുഷിക്കുന്ന കാഴ്ച ഏത് രാജ്യത്തും കാണാം. റഷ്യയും ഇതിന് വ്യത്യസ്തമല്ല.”[8] എന്ന് പറയുന്ന അദ്ദേഹത്തിന്റെ ദൃഷ്ടിപതിയുന്നത് മാർക്സ് കാണാതെപോയ അധികാര കേന്ദ്രീകരണത്തിലാണ്. സമ്പത്തിന്റെ വികേന്ദ്രീകരണത്തിലൂടെ മാത്രം മാനവ

പുരോഗതി സാദ്ധ്യമാകില്ലെന്ന് കുറ്റിപ്പുഴ ദൃഡമായി വിശ്വസിച്ചിരുന്നു.

സോവിയറ്റ് യൂണിയന്റെ തകർച്ച പിൽക്കാലത്ത് പൂർണ്ണമായി യാഥാർത്ഥ്യമാകുമ്പോഴാണ് കുറ്റിപ്പുഴയുടെ ദീർഘദർശിത്വം കൂടുതൽ പ്രസക്തമാകുന്നത്. റഷ്യയിൽ "ജനങ്ങൾക്ക് മൊത്തം അവകാശപ്പെട്ട സ്വത്തുടമസ്ഥത സ്ഥാപിക്കപ്പെട്ടിരുന്നില്ല. സ്വകാര്യ ഉടമസ്ഥതക്ക് പകരമായി വന്നത് സർക്കാർ ഉടമസ്ഥതയാണ്. എല്ലാ സ്വത്തിന്റേയും ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും നടത്തിപ്പും സർക്കാരിൽ നിക്ഷിപ്തമായിരുന്നു. ഇത് സോഷ്യലിസമല്ല, സർക്കാർ മുതലാളിത്തമാണ്. ജനങ്ങൾക്ക് ഉല്പാദനോ പാധികളിന്മേൽ യഥാർത്ഥ ഉടമസ്ഥാവകാശം അനുഭവ പ്പെടുന്നില്ലെങ്കിൽ ഉല്പാദനത്തെ ഗണ്യമായി വികസിപ്പിക്കാൻ ബലപ്രയോഗവും അടിച്ചമർത്തലും ഫാസിസ്റ്റ് രീതികളും ഉപയോഗിക്കേണ്ടിവരും. അതാണ് സ്റ്റാലിന്റെ കാലഘട്ടത്തിൽ സംഭവിച്ചത്."[9] സാമ്പത്തിക വികേന്ദ്രീകരണം തന്നെ പൂർണ്ണ അർത്ഥത്തിൽ റഷ്യയിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന സത്യമാണ് പിൽക്കാല പഠനങ്ങൾ തെളിയിക്കുന്നത്.

മാർക്സിയൻ തത്ത്വശാസ്ത്രമെന്നല്ല ഏത് ഫിലോസഫിയും അനുദിന ജീവിതത്തിൽ പ്രയോഗിക്കപ്പെടുമ്പോൾ ഗുണദോഷ സമ്മിശ്രമായേ അനുഭവപ്പെടുകയുള്ളൂവെന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്. കാരണം മനുഷ്യജീവിതം അത്രമാത്രം സങ്കീർണ്ണമാണ്. ആയതിനാൽ ഏതൊരു ഫിലോസഫിയും ദേശകാലോചിതമായി പരിഷ്ക്കരിക്കണം എന്ന പക്ഷത്താണ് കുറ്റിപ്പുഴ. "മാർക്സിന്റെ ചരിത്രവ്യാഖ്യാനം കുറ്റിപ്പുഴക്ക് പഥ്യമായിരുന്നു. ചലനാത്മകമായ ഒരു ചിന്താപദ്ധതിയാണ് മാർക്സിസമെന്ന് എത്രയോ തവണ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ വ്യക്തിമനസ്സിന്റെ സൂക്ഷ്മത തത്ത്വങ്ങളെക്കുറിച്ച് വേണ്ടത്ര അവബോധം മാർക്സിനില്ലായിരുന്നുവെന്ന് റസ്സലിനെപ്പോലെ കുറ്റിപ്പുഴയും വിചാരിക്കുന്നു."[10] എങ്കിലും മനുഷ്യവർഗ്ഗത്തിന്റെ മോചനം മാർക്സിസത്തിലൂടെ മാത്രമാണെന്ന് കുറ്റിപ്പുഴ ഉറച്ച് വിശ്വസിക്കുന്നു. അപ്രകാരം ഈ തത്ത്വ ശാസ്ത്രം മനുഷ്യോപനിഷത്തുകൂടിയാകുന്നു. മാർക്സിസം വിജ്ഞാനശ്രേണിയുടെ പരമോന്നതപടിയാണെന്നോ അതിനപ്പുറം ഒന്നുമില്ലെന്നോ അദ്ദേഹം വാദിക്കുന്നില്ല. എന്നാൽ ജീവിതത്തെ സമഗ്രമായി വീക്ഷിച്ച് സ്വതന്ത്രമായി ചിന്തിക്കുന്നവർക്ക് പ്രസ്തുത സിദ്ധാന്തം താരതമ്യേന സ്വീകാര്യമായിരിക്കുമെന്ന കാഴ്ചപ്പാടാണ് കുറ്റിപ്പുഴക്കുള്ളത്.

**പുരോഗതി**

ലോകത്തെ ബുദ്ധിസംതംഭനത്തിൽ നിന്നും ഉണർത്തി സ്വതന്ത്രചിന്തയിൽ കൂടി മുന്നോട്ട് നയിക്കുവാൻ ഓരോ കാലഘട്ടത്തിലും യുക്തിവാദികളായ

പണ്ഡിതന്മാർ രംഗപ്രവേശം ചെയ്തിട്ടുണ്ടെന്ന് കുറ്റിപ്പുഴ ചൂണ്ടിക്കാണിക്കുന്നുണ്ട്. സോക്രട്ടീസിന്റെ ആവിർഭാവം ഇങ്ങനെ ഒരു കാലഘട്ടത്തിലായിരുന്നു. അദ്ദേഹത്തിന്റെ നവീനബോധം അന്നത്തെ അന്ധതയെ ഒട്ടൊക്കെ നീക്കം ചെയ്യുന്നതിന് സഹായിച്ചുവെങ്കിലും പിന്നീട് വളരെക്കാലത്തേയ്ക്ക് അതുതന്നെ സർവ്വപ്രമാണമായി പരിണമിച്ചു. ജനസമുദായത്തിന്റെ സ്വതന്ത്രചിന്താ വ്യാപാരത്തിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ടെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. ക്രിസ്തുവിന്റെ രംഗപ്രവേശത്തോടെയാണ് ചിന്താജാഡ്യത്തിൽ നിന്നും ലോകം വീണ്ടും ഉണർന്നത്. എന്നാൽ സ്വതന്ത്ര ചിന്തകനായ ക്രിസ്തുവിന്റെ നാമധേയത്തിൽ അസ്വാതന്ത്ര്യത്തിന്റെ കൊടിമരത്തറയും അന്ധവിശാസത്തിന്റെ കൊടുക്കൂറയുമായ പള്ളിമതം സ്ഥാപിതമായതോടെ വിജ്ഞാന പുരോഗതിക്ക് ലോകത്തേറ്റ ഏറ്റവും വലിയ ആപത്തായി. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭംവരെ അന്ധകാരത്തിലാണ്ടുപോയ വൈജ്ഞാനിക പുരോഗതിക്ക് പ്രകാശം ചൊരിഞ്ഞുകൊണ്ടാണ് വാൾട്ടയർ രംഗപ്രവേശം ചെയ്തതെന്ന് കുറ്റിപ്പുഴ പറയുന്നു.

പശ്ചിമദേശത്തിലെ ഒരു വിജ്ഞാനകേന്ദ്രമായി തീർന്ന വാൾട്ടയറുടെ തൂലികക്ക് കരവാളിനെക്കാൾ ശക്തിയുണ്ടായിരുന്നുവെന്നും അതിൽ നിന്നും നാനാമുഖമായി പ്രവഹിച്ചുകൊണ്ടിരുന്ന നിശിത നിരൂപണങ്ങൾ അന്ധവിശ്വാസ പരമ്പരയുടെ മാറിടം പിളർക്കുവാൻ പോന്നതായിരുന്നുവെന്നാണ് കുറ്റിപ്പുഴയുടെ കണ്ടെത്തൽ. “പുരോഹിത വർഗ്ഗം ഫ്രാൻസിലെ രാജാധികാരത്തിൻമേൽ സമ്പൂർണ്ണ മേധാവിത്വം പുലർത്തിവന്ന കാലമായിരുന്നു അത്. പുരോഹിതന്മാരുടെ സ്വൈരവിഹാരങ്ങളേയോ കത്തോലിക്കാ മതത്തിന്റെ നിർദ്ദേശങ്ങളേയോ എതിർക്കുവാൻ ആരും തന്നെ അന്ന് ധൈര്യപ്പെട്ടിരുന്നില്ല. സർവ്വാധികാരങ്ങളും ഭേസിച്ചിരുന്ന പുരോഹിത വർഗ്ഗത്തെ തന്നെ അദ്ദേഹം പ്രഥമതഃ എതിർത്തു.”[11] യൂറോപ്പിലെ ജീവനുള്ള ഗ്രന്ഥശാലയെന്നുപോലും വാൾട്ടയറെ വിശേഷിപ്പിച്ചിട്ടുണ്ട്. പാശ്ചാത്യ ദേശങ്ങളിൽ പടർന്ന് പിടിച്ച് ഒടുവിൽ റഷ്യയിൽ അടിയുറച്ച നിരീശ്വര പ്രസ്ഥാനത്തിന് ആദ്യമായി മാർഗ്ഗം തുറന്നത് വാൾട്ടയറുടെ ഗ്രന്ഥങ്ങളായിരുന്നുവെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. “പുരോഗതി കൈവരുത്തുവാനുള്ള കഴിവ് മനുഷ്യഹസ്തങ്ങൾക്കാണുള്ളതെന്നും വാൾട്ടയർ സ്ഥാപിച്ചിട്ടുണ്ട്.”[12] മനുഷ്യ സമുദായത്തിന്റെ പുരോഗമനത്തിന് സ്വതന്ത്രമായ യുക്തിവിചാരവും നവീന വിജ്ഞാന ബോധവും ആവശ്യമാണെന്ന നിഗമനമാണ് കുറ്റിപ്പുഴയുടേത്. സ്വതന്ത്രചിന്തയേയും വിജ്ഞാന പുരോഗതിയേയും തടസ്സപ്പെടുത്തുന്നത് മാനവപുരോഗതിക്ക് വിഘാതമാണെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. ഗാന്ധിഭക്തികൊണ്ട് ഇന്ത്യയിലും ഈ ദോഷം കടന്നുകൂടിയിട്ടുണ്ടെന്ന നെഹ്റുവിന്റെ വാക്കുകളെ ഉദ്ധരിക്കുന്ന കുറ്റിപ്പുഴ

മാനസികമായ അടിമത്തവും പുരോഗതിക്ക് വിഘാതം തന്നെയെന്ന് സ്ഥാപിക്കുകയാണ്. ഗാനിധിജിക്ക് ഇന്ത്യയിലും മാർക്സിന് ലോകം മുഴുവനും അടിമകളുണ്ടെന്ന് 'വിചാരവിപ്ലവം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം സ്ഥാപിക്കുന്നതിന്റേയും ആധാരം ഇത് തന്നെയാണ്.

ആധുനികലോകത്തെ, പ്രപഞ്ചയന്ത്രത്തിന്റെ അനവരത ചലന ത്തോടൊപ്പമോ അതിൽക്കൂടുതലായോ മുന്നോട്ട് നയിച്ച ശക്തി കേന്ദ്രമായാണ് ബർണാഡ്ഷായെ കുറ്റിപ്പുഴ അവതരിപ്പിക്കുന്നത്. ലോക പുരോഗതി എപ്പോഴും മുന്നോട്ട് തന്നെ ഓടിക്കൊണ്ടിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഒരു പ്രമാണ ഗ്രന്ഥത്തിനും പിടിച്ചുകെട്ടുവാൻ കഴിയാത്ത സർവ്വതന്ത്ര സ്വതന്ത്രമായിരുന്നു ഷായുടെ പ്രതിഭയെന്നാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. "മതം, സന്മാർഗ്ഗം, ശാസ്ത്രം മുതലായ അനവധി മണ്ഡലങ്ങളിലെ അബദ്ധ വിശ്വാസങ്ങളെ ഈ തലമുറ പണ്ടത്തേതിന്റെ നൂറിരട്ടി ധൈര്യത്തോടുകൂടി എതിർക്കുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വത്തിൽ ഒരു വലിയ പങ്ക് ഷായ്ക്ക് നൽകേണ്ടതാണ്."[13] ഓരോന്നിനും വാസ്തവത്തിൽ ഉള്ള വിലമാത്രം വെച്ചുകൊടുക്കുകയും ഓരോന്നിന്റേയും യഥാർത്ഥ രൂപത്തെ അതേ മാതിരി നോക്കി കാണുകയും ചെയ്യുന്നതിനുള്ള ഒരു ശാസ്ത്രീയ മനഃസ്ഥിതിയാണ് ഷായുടെ സ്വഭാവത്തിൽ സർവ്വോപരി പ്രശംസനീയമായി കാണുന്നത്. ഓരോന്നിനും വില കല്പിക്കുവാനുള്ള പ്രാപ്തിയാണ് ജ്ഞാനം എന്ന് ഷാ ലോകത്തെ പഠിപ്പിച്ചു. ഈ പ്രാപ്തി സമ്പാദിക്കാത്തതുമൂലം വളരെപ്പേർ പണ്ഡിതന്മാരുടേയും ഗ്രന്ഥങ്ങളുടേയും അടിമകളായി തീർന്നിട്ടുണ്ടെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. മനുഷ്യ സമുദായത്തെ കരതലാമലകം പോലെ പരിശോധിച്ചുനോക്കുകയും അപ്പോൾ കാണുന്ന കുറ്റങ്ങളും കുറവുകളും ശക്തിയേറിയ ഭാഷയിൽ വിളിച്ച് പറയുകയും ചെയ്യുന്ന ഷായുടെ അധികാര രസത്തിൽ കുറ്റിപ്പുഴ അത്യാകൃഷ്ടനാണ്. മനുഷ്യത്വത്തിന്റെ സങ്കുചിത പരിധികളെ വലിച്ചുകീറിക്കളഞ്ഞ് ഒരു നവയുഗത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന സർവ്വ സ്വതന്ത്രനായ ഷായെ ആധുനിക യുഗപുരുഷനായി കാണുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്.

ഒരു തികഞ്ഞ സമത്വവാദികൂടിയായ ഷാ, കാറൽമാർക്സിന്റെ സിദ്ധാന്തങ്ങളനുസരിച്ച് മനുഷ്യ സമുദായത്തെ പുനഃസംഘടിപ്പിക്കണമെന്ന അഭിപ്രായക്കാരൻ കൂടിയാണ്. "മനുഷ്യജീവിതത്തേയോ പ്രപഞ്ചത്തേയോ വ്യാഖ്യാനിച്ച് സമയം കളകയല്ല അദ്ദേഹം ചെയ്യുന്നത്. അതിനൊരു സമൂല പരിവർത്തനം വരുത്തുകയാണ്. പഴകി തുരുമ്പിച്ചവയെ തുടച്ചു നന്നാക്കാനല്ല, നശിപ്പിച്ചു കളവാനാണ് ആ ദീർഘദർശി ഉപദേശിക്കുന്നത്. കുപ്പി മാത്രമല്ല ഷാ പുതുക്കിയത്; വൈനും പുതുക്കി. ലോകത്തെ സമുദ്ധരിക്കാനുള്ള വഴി പഴയ

ഗ്രന്ഥങ്ങൾ നോക്കി കണ്ടുപിടിക്കാം എന്നദ്ദേഹം വ്യാമോഹിക്കുന്നില്ല. നവീന വിജ്ഞാനം, സ്വതന്ത്ര ചിന്ത, യുക്തിവാദം, കലാ സൃഷ്ടി ഇവയെക്കൊണ്ടുണ്ടായ ലോകാചാര്യത്വമാണ് അദ്ദേഹത്തിന്റേത്."[14] മാനവ പുരോഗതി ശാസ്ത്രത്തിന്റെ നൂതന നേട്ടങ്ങളിലൂടെ കുതിക്കുമ്പോഴും ഭാരതത്തിൽ പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കുന്ന ഗാന്ധിയൻകാഴ്ചപ്പാടുകളോട് കുറ്റിപ്പുഴക്ക് പൊരുത്തപ്പെടുവാൻ കഴിയുന്നില്ല. അന്ധമായ മാനുഷിക ബുദ്ധിയുടെ നേരേ മിന്നിത്തിളങ്ങുന്ന സ്വയം പ്രകാശങ്ങളായ ആശയങ്ങൾ വലിച്ചെറിയുകയും അവയുടെ വെളിച്ചത്തിൽ ജനസമൂഹം കണ്ണ് തുറന്ന് മുന്നോട്ട് പോവുകയും ചെയ്യുന്ന അവസ്ഥതന്നെയാണ് കുറ്റിപ്പുഴ പുരോഗതിയുടെ മാർഗ്ഗമായിക്കാണുന്നത്.

ലോകപുരോഗതിയുടെ നിർണ്ണായക നാഴികക്കല്ലാണ് ഡാർവിന്റെ പരിണാമ സിദ്ധാന്തം. അത് സൃഷ്ടിവാദത്തെ അടിയോടെ ഇളക്കി മറിച്ചു. തന്മൂലം വിജ്ഞാന ലോകത്തിൽ വലിയ ഒരു വിപ്ലവം തന്നെയുണ്ടാക്കിയെന്നാണ് കുറ്റിപ്പുഴയുടെ ഭാഷ്യം. ജീവൻ പരിണാമ സ്വഭാവിയാണെന്ന സത്യത്തെ പണ്ഡിത ലോകം ഇതോടെ അംഗീകരിച്ചു കഴിഞ്ഞു. എന്നാൽ അറിവിനെക്കാൾ പഴക്കമുള്ള വിശ്വാസത്തിന് ഇതപ്പടി വിഴുങ്ങാൻ പ്രയാസമാണെന്ന് കുറ്റിപ്പുഴ മനസ്സിലാക്കുന്നു. മനുഷ്യൻ ഈശ്വരന്റെ സൃഷ്ടിയാണെന്ന വിശ്വാസത്തിനാണ് ഇതുമൂലം ഉലച്ചിൽ തട്ടിയിരിക്കുന്നത്. ജീവൻ പരിണാമിയാണെന്ന് പറയുമ്പോൾ ലഘുരൂപങ്ങളിൽ നിന്ന് സങ്കീർണ്ണ രൂപങ്ങളിലേക്കുള്ള അതിന്റെ വികാസമെന്നാണ് അർത്ഥമാക്കേണ്ടതെന്നും ഒരു ജീവി വർഗ്ഗം അനേകലക്ഷം വർഷങ്ങൾ കൊണ്ടാണ് മറ്റൊരു ജീവിവർഗ്ഗമായി പരിണമിക്കുന്നതെന്നും കുറ്റിപ്പുഴ ചർച്ച ചെയ്യുന്നു. പ്രകൃതിയിൽ നടന്നുകൊണ്ടിരിക്കുന്ന ജീവിതമത്സരം (Struggle for Existance) തന്നെയാണ് കുറ്റിപ്പുഴ ഒന്നാമത്തെ തെളിവായി നിരത്തുന്നത്. ജീവിതം ഒരു യുദ്ധരംഗമാണെന്ന തത്ത്വത്തേയും ഇതിനോട് കൂട്ടിവായിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു. ഇവിടെ ശക്തിയുള്ളതേ അതിജീവിക്കുകയുള്ളൂ (Survival of the fittest) എന്ന ഡാർവിന്റെ ന്യായവും പ്രസക്തമാണ്. "ജീവസ്വരൂപങ്ങളിൽ നിന്നും ജീവനെ വേർതിരിച്ചെടുക്കാൻ നോക്കുന്നത് ഒരു വൃഥാ ശ്രമമാകുന്നു. നമ്മുടെ ഏത് തരം ജ്ഞാനവും എപ്പോഴും ആപേക്ഷികമാണ്. അതുകൊണ്ട് ഏതൊന്നിനെപ്പറ്റി എത്രത്തോളം അറിഞ്ഞാലും പിന്നെയും ആ അറിവ് സാകാംക്ഷമായേ ഇരിക്കൂ. ഇങ്ങനെ അറിയുന്തോറും അറിയാനുള്ളത് ശേഷിക്കുന്ന നിലയിലാണ് ജീവന്റെ സ്ഥിതി. മധുരവസ്തുവിൽ നിന്ന് മാധുര്യം വേർതിരിച്ച് കാണിപ്പാൻ സാദ്ധ്യമല്ലല്ലോ"[15] ഇതിനെ ഉയർത്തിക്കാണിച്ച് ശാസ്ത്രപുരോഗതിയെ താഴ്ത്തികെട്ടാനുള്ള ശ്രമത്തെ കുറ്റിപ്പുഴ പ്രതിരോധിക്കുന്നുണ്ട്. രസതന്ത്രത്തിന്റേയും (Chemistry) ജീവശാസ്ത്രത്തിന്റേയും (Biology) വളർച്ച പരിണാമ സിദ്ധാന്തത്തെ അടിവരയിട്ടുറപ്പിക്കുന്നതാണ്. ഫോസിലുകളെക്കുറിച്ചുള്ള

പഠനവും ഭ്രൂണ സാദൃശ്യവും ഇതിനനുകൂലമായ മറ്റ് തെളിവുകളാണ്. ഇപ്രകാരം വാദിച്ചു പോകുന്ന കുറ്റിപ്പുഴ മനുഷ്യന്റെ മുത്തച്ഛൻ മർക്കടനാണെന്ന് സ്ഥാപിക്കുന്നുണ്ട്. നര വാനരബന്ധത്തെ ശാസ്ത്ര ദൃഷ്ട്യാ തെളിയിക്കപ്പെട്ടതോടെ, മനുഷ്യ സൃഷ്ടിക്ക് പിന്നിൽ ഒരദൃശ്യ ശക്തിയുടേയും സഹായമാവാശ്യമില്ലെന്ന് കുറ്റിപ്പുഴ പരിണാമ സിദ്ധാന്തത്തെ സാക്ഷി നിർത്തി തെളിയിക്കുന്നു. മാനവ പുരോഗതിക്കെന്ന് മാത്രമല്ല കുറ്റിപ്പുഴയുടെ ചിന്താധാരയിലും സമൂലമായ പരിവർത്തനത്തിന് ഡാർവിന്റെ പരിണാമ സിദ്ധാന്തം നിദാനമായിട്ടുണ്ട്.

പാശ്ചാത്യ തത്ത്വചിന്തയിലെ അരുണപ്രഭയിൽ കുറ്റിപ്പുഴ ആകൃഷ്ടനാണ്. എന്നാൽ ഓരോ ദർശനങ്ങളേയും സ്വതന്ത്രവും സ്വതഃസിദ്ധവുമായ ശൈലിയിലാണ് കുറ്റിപ്പുഴ സമീപിക്കുന്നത്. ഓരോ ദർശനവും മാനവ പുരോഗതിക്ക് എന്ത് സംഭാവന നൽകിയിട്ടുണ്ടെന്നുള്ളതും അദ്ദേഹത്തിന്റെ അന്വേഷണ വിഷയമാണ്. അതിനുപകരിക്കാത്തവയെ അതേ തട്ടകത്തിൽ അളക്കുവാനും മടികാണിക്കുന്നില്ല. പാശ്ചാത്യ ദർശനങ്ങളിലെ ജീവിത വീക്ഷണവും മാനവ സാമുദായിക കാഴ്ചപ്പാടും കുറ്റിപ്പുഴ തികഞ്ഞ പാടവത്തോടെയാണ് വിലയിരുത്തുന്നത്. പടിഞ്ഞാറൻ തത്ത്വശാസ്ത്രത്തിന്റെ വിഹായസ്സിലേക്ക് ഉയരുന്ന കുറ്റിപ്പുഴയെ നയിക്കുന്നത് വിശ്വപൗരത്വ ബോധവും സാർവ്വലൗകിക ഭാവവുമാണെന്ന് കാണാം.

## അടിക്കുറിപ്പുകൾ

1. വി.കൃഷ്ണൻകുട്ടി, ഗ്രീക്ക് തത്ത്വചിന്ത സോക്രട്ടീസിനു മുമ്പ്, രഞ്ജന പബ്ലിക്കേഷൻസ്, അന്തിക്കാട്, 1972, പു. 71, 72

2. പുത്തേഴത്ത് രാമൻമേനോൻ, യവനേശ്വരന്മാർ, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്, 1963, പു. 174

3 വി.വി. ഗോപാലൻ, ശാസ്ത്രവും ലോകവും, എൻ.ബി.എസ്., കോട്ടയം, 1955 പു. 15

4 പ്രൊഫ. എം.കെ. സാനു, ചക്രവാളം, സാഹിത്യ നിലയം പബ്ലിഷിംഗ് ഹൗസ്, എറണാകുളം, 1966, പു. 72

5 സച്ചിദാനന്ദൻ, നിരീക്ഷണം (അവതാരിക) കെ.സാ.അ. തൃശൂർ 1998 പു. 12

6 ആർനോൾഡ് ടോയിൻബി, ഏകലോകവും ഭാരതവും (വിവ. കെ.വി. ശർമ്മ)

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ, ന്യൂഡൽഹി, 1963, പു. 52

7 പി.കെ.ബി. നായർ, കുറ്റിപ്പുഴ കൃഷ്ണപിള്ള (ജീവചരിത്രം), എൻ.ബി.എസ്., കോട്ടയം, 1973, പു. 58

8 കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം, കേ.സാ.അ. തൃശൂർ, 1998 പു. 53

9 എ.എം. ഷിനാസ്, ഓർമ്മയിൽ ഒരു നക്ഷത്രം, ഹരിശ്രീ (മാതൃഭൂമി തൊഴിൽ വാർത്ത) 2006, മേയ് 13, പു. 3

10 ഡോ. പി.വി. വേലായുധ പിള്ള, ജീവിച്ചിടുന്നു മൃതിയിൽ, എൻ.ബി.എസ്, കോട്ടയം, 1972, പു. 34

11 ജി. കൃഷ്ണപിള്ള, വാൾട്ടയർ, വിദ്യാർത്ഥി മിത്രം, ബുക്ക് ഡിപ്പോ, കോട്ടയം, 1955, പു. 82

12 കെ. സുകുമാരൻ നായർ, വാൾട്ടയർ, എൻ.ബി.എസ്., കോട്ടയം, 1956, പു. 44

13 എസ്. ഗുപ്തൻ നായർ, ക്രാന്തദർശികൾ, പരിഷത്ത് ബുക്ക് സ്റ്റാൾ, എറണാകുളം, 1958, പു. 19

14 കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം, കേ.സാ.അ., തൃശൂർ, 1998, പു. 90

15 കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ., തൃശൂർ, 1996, പു. 196

# ആറ്

# പൗരസ്ത്യ ദാർശനികതലം

# 6

കുറ്റിപ്പുഴയുടെ ഭൗതിക ചിന്തകൾ അസ്ഥിവാരമുറപ്പിക്കുന്നത് പൗരസ്ത്യ ദർശനങ്ങളാണെന്ന് പറയാം. ഷഡ്ദർശനങ്ങളിലാണ് ഭാരതീയ തത്ത്വശാസ്ത്രം പടുത്തുയർത്തിയിരിക്കുന്നത്. ആസ്തികമെന്നും നാസ്തികമെന്നും ദർശനങ്ങളെ തരംതിരിക്കുമ്പോൾ, വേദപ്രമാണങ്ങളെ നിഷേധിച്ച സ്വതന്ത്ര ചിന്താ പദ്ധതികളായ നാസ്തിക ദർശനങ്ങളോടാണ് കുറ്റിപ്പുഴക്ക് ഏറെ ആഭിമുഖ്യം. വേദാന്തത്തിലും സംസ്കൃത ഭാഷയിലും നേടിയ അപാരജ്ഞാനം പൗരസ്ത്യ ദർശനങ്ങളെ സമീപിക്കുന്നതിൽ തികഞ്ഞ പ്രാഗല്ഭ്യമാണ് കുറ്റിപ്പുഴ പ്രകടിപ്പിക്കുന്നത്. ഭാരതീയ തർക്കശാസ്ത്രത്തിന് ന്യായം, വൈശേഷികം എന്ന രണ്ട് വിഭാഗങ്ങളുണ്ട്. രണ്ടും ഷഡ്ദർശനങ്ങളിലുൾപ്പെടുന്നു. ഇവയിൽ വൈശേഷിക ദർശനത്തിന്റെ ഉപജ്ഞാതാവായ കണാദമുനിയാണ് ഭാരതീയ ചിന്താമണ്ഡലത്തിൽ പരമാണു സിദ്ധാന്തം ആദ്യമായി അവതരിപ്പിക്കുന്നത്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പേയാണ് ഇത്തരം ഒരു തത്ത്വചിന്ത ഭാരതത്തിൽ ഉദയം ചെയ്തതെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നുണ്ട്. പ്രപഞ്ചം പരമാണു സംഘടിതമാണെന്നാണ് ഇതിന്റെ സാരാംശം. കണാദന്റെ പരമാണു ഏതാണ്ട് പരബ്രഹ്മം പോലെ നിത്യവും നിരാകാരവും നിരവയവുമായ ഒന്നാണെന്നാണ് അദ്ദേഹം പറയുന്നത്. സ്ഥൂല ദൃഷ്ടിക്ക് അത് അദൃശ്യവുമത്രെ. ക്ഷേത്രഗണിതത്തിലെ ബിന്ദുപോലെ അത് സങ്കല്പനിഷ്ഠവുമാണ്. പരമാണുക്കൾ ദ്വ്യണുകത്ര്യണുകാദി രൂപേണ സംഘടിച്ച് ജഗത്തായി പരിണമിക്കുന്നുവെന്നാണ് കണാദന്റെ വാദം. ശാസ്ത്ര ലോകത്തിലെ അണുവിഭജനത്തോട് കുറ്റിപ്പുഴ ഇതിനെ കൂട്ടിവായിക്കാൻ ശ്രമിക്കുന്നുണ്ട്. കണാദൻ കപില ചാർവാക ബുദ്ധന്മാരെപ്പോലെ ഒരു സ്വതന്ത്ര ചിന്തകനും യുക്തിവാദിയും വേദപ്രാമാണ്യം വകവെക്കാത്ത താത്ത്വികനുമായിരുന്നെന്ന് അദ്ദേഹം ഉപദർശിക്കുന്നു. ദർശനങ്ങളെ ആസ്തികമെന്നും നാസ്തികമെന്നും തരംതിരിച്ചിരുന്നത്, വേദപ്രാമാണ്യത്തെ സ്വീകരിച്ചവയും തിരസ്കരിച്ചവയും എന്ന അർത്ഥത്തിലായിരുന്നുവെന്നും അല്ലാതെ ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്ന ചിന്തയെ ആസ്പദമാക്കിയിട്ടുള്ളതല്ലായെന്നും കുറ്റിപ്പുഴക്ക് അഭിപ്രായമുണ്ട്.

യവനദേശത്ത് അണുസിദ്ധാന്തം അവതരിപ്പിച്ച ഡെമോക്രീറ്റസിന്റെ ഗ്രന്ഥങ്ങൾ ചുട്ടുകളയണമെന്ന് പ്ലേറ്റോ അടക്കമുള്ള യാഥാസ്ഥിതികരായ പണ്ഡിതന്മാർ അട്ടഹാസം മുഴക്കിയപ്പോൾ ഇവിടെ ശങ്കരാചാര്യരായിരുന്നു വൈശേഷിക ദർശനത്തെ തമസ്ക്കരിക്കുവാൻ ശ്രമിച്ചത്. ദുര്യുക്തിയോഗം, വേദ വിരോധം, ശിഷ്ടാപരിഗ്രഹം എന്നീകാരണങ്ങളാൽ വൈശേഷിക സിദ്ധാന്തം ഉപേക്ഷിതവ്യമാണെന്ന് ബ്രഹ്മ സൂത്രഭാഷ്യത്തിൽ ശങ്കരാചാര്യർ സമർത്ഥിച്ചിരുന്നു. ഇപ്രകാരം ശക്തമായ ഖണ്ഡനമേറ്റിട്ടും കണാദ സിദ്ധാന്തം ഭാരതീയ വിദ്യാഭ്യാസ പദ്ധതിയിൽ നിന്നും തിരസ്കൃതമായിട്ടില്ലെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. ഏത് കാലത്തും ഏത് ലോകത്തും സ്വതന്ത്രചിന്തയെ തമസ്ക്കരിക്കാനുള്ള കൂട്ടായ പരിശ്രമം നടന്നിട്ടുണ്ടെന്നതിന്റെ ഉദാഹരണമായാണ് കണാദന്റേയും ഡെമോക്രീറ്റസിന്റേയും പരമാണു സിദ്ധാന്തങ്ങൾക്ക് നേരേയുണ്ടായ ആക്രമണങ്ങളെന്ന് കുറ്റിപ്പുഴ സമർത്ഥിക്കുന്നുണ്ട്.

ഷഡ്ദർശനങ്ങളിൽ ഒന്നാമത്തേതായ സാംഖ്യദർശനം അവതരിപ്പിച്ച കപില മഹർഷിയെയാണ് ഇന്ത്യയിലെ ഒന്നാമത്തെ യുക്തിവാദിയായി കുറ്റിപ്പുഴ പ്രഖ്യാപിക്കുന്നത്. ലോകത്തിലെതന്നെ സ്വതന്ത്ര ചിന്തകന്മാരായ തത്ത്വജ്ഞാനികളിൽ പ്രഥമ സ്ഥാനം സാംഖ്യ ദർശനകാരന് കൊടുക്കണമെന്ന പക്ഷക്കാരനാണദ്ദേഹം. യുക്തിയെ അവലംബിച്ചുകൊണ്ട് ആദ്യത്തെ സിദ്ധാന്തമവതരിപ്പിച്ച കപിലന് വൈദിക മതത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. “പുരാതന ഇൻഡ്യയിൽ ദാർശനികന്മാരിൽ ആദിമൂല വസ്തു പ്രകൃതിയാണെന്ന് സ്ഥാപിക്കുന്നതിന് മെനക്കെട്ടവർ സാംഖ്യന്മാരായിരുന്നു. പ്രകൃതിയിൽ നിന്നാണ് എല്ലാമുണ്ടാകുന്നതെന്നും അതിന്റെ പിന്നിൽ അലൗകിക ശക്തികളൊന്നു മില്ലെന്നും ശക്തിയായി വാദിച്ചവരാണവർ.”[1] സാംഖ്യം എന്ന പദത്തിന് ജ്ഞാനം എന്ന അർത്ഥമാണ് സാധാരണ കല്പിച്ചുവരുന്നത്. പദാർത്ഥം (Matter) ചൈതന്യം (Force) ഇവയെപ്പറ്റിയുള്ള ശാസ്ത്രീയ ജ്ഞാനാ ന്വേഷണമായിരുന്നു കപിലന്റെ ലക്ഷ്യമെന്ന് കുറ്റിപ്പുഴ പറയുന്നു. ഇക്കാണുന്ന വിശ്വം ഈ രൂപത്തിലെങ്ങനെയായി തീർന്നെന്നും ജീവിത രഹസ്യം എന്താണെന്നുള്ള അന്വേഷണത്തിന്റേയും ആലോചനയുടേയും ഫലമാണ് സാംഖ്യദർശനമെന്ന് അദ്ദേഹം വ്യാഖ്യാനിക്കുന്നു.

ദ്വൈതവാദിയായ കപിലൻ പ്രകൃതി, പുരുഷൻ എന്ന രണ്ടെണ്ണം നിത്യങ്ങളായി സ്വീകരിക്കുന്നു. ശാസ്ത്രഭാഷയിലെ പദാർത്ഥം (Matter), ശക്തി (Energy) എന്നിവയോട് കുറ്റിപ്പുഴ ഇതിനെ താരതമ്യപ്പെടുത്തുന്നുണ്ട്. പുരുഷന്റെ സാന്നിദ്ധ്യത്തിൽ പ്രകൃതി പരിണമിക്കുന്നുവെന്ന് കപിലൻ വാദിക്കുന്നു. സാഖ്യദർശനത്തിലെ പ്രകൃതി തത്ത്വ നിരൂപണത്തെ ഇന്നത്തെ സയൻസിന്റെ വെളിച്ചത്തിലും ശരിയാണെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. “അദ്വൈതികളെപ്പോലെ പദാർത്ഥം മിഥ്യയെന്നോ നശ്വരമെന്നോ കപിലൻ സമ്മതിക്കുന്നില്ല. നേരേ മറിച്ച്

അത് അനശ്വരമാണെന്ന് വാദിക്കുകയും ചെയ്യുന്നു. പദാർത്ഥത്തിന്റെ അനശ്വരത്വം (Indistructibility of matter) ആധുനിക ശാസ്ത്രവും പഠിപ്പിക്കുന്നുണ്ടല്ലോ. ഒന്നും നശിക്കുന്നില്ല, മാറിക്കൊണ്ടിരിക്കുന്നേയുള്ളൂ. ചുരുക്കത്തിൽ നാശമെന്ന് പറഞ്ഞാൽ മാറ്റം, പരിണാമം അഥവാ രൂപാന്തര പ്രാപ്തിയെന്നർത്ഥം."[2] ഈ തത്ത്വത്തെ അടിസ്ഥാനമാക്കിയാണ് ജഗത്തിന്റെ ഉല്പത്തിസ്ഥിതി ലയങ്ങളെപ്പറ്റി സാഖ്യാകാരൻ നിരൂപിക്കുന്നത്. മൂല പ്രകൃതി എന്നൊന്ന് കല്പിച്ച് അതിൽ നിന്നും ഓരോന്നായി പരിണമിച്ചുണ്ടായതാണ് ഈ ജഗത്തെന്ന് വാദിക്കുമ്പോൾ, ജഗത് സൃഷ്ടിക്ക് ഒരീശ്വരൻ ആവശ്യമില്ലെന്ന് വരുന്നതായി കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. സാംഖ്യ ദർശനത്തിലെ പരിണാമ വാദത്തിലാണ് കുറ്റിപ്പുഴ മുറുകെ പിടിക്കുന്നത്. ഡാർവിന്റെ പരിണാമ സിദ്ധാന്തത്തോട് എത്രമാത്രം അടുപ്പമുണ്ടിതിനെന്ന് ചിന്തിക്കാനും കുറ്റിപ്പുഴ തയ്യാറാകുന്നു.

ജീവിതദുഃഖനിവാരണത്തിന് യഥാർത്ഥ ജ്ഞാനമാവശ്യമാണെന്ന സാംഖ്യ ദർശനത്തെ കുറ്റിപ്പുഴ സർവ്വാത്മനാ അംഗീകരിക്കുന്നുണ്ട്. മിഥ്യാ ജ്ഞാനമാണ് ജീവിത ദുഃഖത്തിന് നിദാനമെന്നും അറിയുന്നു. ലോകത്തിലുള്ള സകല തത്ത്വശാസ്ത്രങ്ങളും സാംഖ്യദർശനത്തിന് കടപ്പെട്ടിരിക്കുന്നുവെന്ന വിവേകാനന്ദന്റെ അഭിപ്രായത്തോട് കുറ്റിപ്പുഴക്ക് യോജിപ്പാണുള്ളത്. പൈത്തഗോറസ് പോലും ഇൻഡ്യയിൽ വന്ന് ഈ ദർശനം ഹൃദിസ്ഥ മാക്കിയിട്ടുണ്ടെന്ന് പറയപ്പെടുന്നു. അതുമൂലം ഗ്രീസിലേയും യൂറോപ്പിലേയും തത്ത്വചിന്തനത്തിന് ഉദ്ദീപകമായി തീർന്നിട്ടുണ്ടെന്നും അദ്ദേഹം വിശ്വസിക്കുന്നു. സാംഖ്യസിദ്ധാന്തത്തിന് നവീനശാസ്ത്രദൃഷ്ട്യാ പല നൂതനകളും കണ്ടേക്കാമെങ്കിലും ആധുനികശാസ്ത്രം അസന്ദിഗ്ദ്ധമായി സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്ന പരിണാമ സിദ്ധാന്തത്തിന്റെ 'ജഗത്ത് പരിണാമിയാണെ'ന്ന തത്ത്വം രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്ക് മുമ്പ് അവതരിപ്പിച്ച കപില മഹർഷിയെ കുറ്റിപ്പുഴക്ക് പ്രകീർത്തിക്കാതിരിക്കാൻ കഴിയുന്നില്ല. സാഖ്യദർശനം ഭാരതത്തിൽ സ്വതന്ത്രചിന്തക്ക് തുടക്കം കുറിക്കുക കൂടി ചെയ്തു.

**ബൗദ്ധചാർവാകദർശനങ്ങൾ**

സത്യാന്വേഷണപരമായ സ്വതന്ത്രചിന്തകൊണ്ടും മഹത്തായ ധാർമ്മിക മൂല്യങ്ങളുടെ പ്രബോധനം കൊണ്ടും ബുദ്ധദർശനം ഇതര മതദർശനങ്ങളെ അപേക്ഷിച്ച് ഉന്നത ശ്രേണിയിലാണ് കുറ്റിപ്പുഴ പ്രതിഷ്ഠിക്കുന്നത്. സർവ്വജ്ഞനെന്ന പേരുണ്ടായിരുന്നിട്ടും തനിക്ക് അജ്ഞാതങ്ങളായ പ്രപഞ്ചരഹസ്യങ്ങളുണ്ടെന്ന് തുറന്ന് സമ്മതിക്കുകയും ശിഷ്യപരമ്പരയെ അന്ധമായ വിശ്വാസത്തിലേക്ക് തള്ളിവിടാതിരിക്കുകയും ചെയ്യുന്ന ബുദ്ധിപരമായ സത്യസന്ധത വെച്ചുപുലർത്തുകയും ചെയ്ത മതസ്ഥാപകനെന്നാണ് ശ്രീബുദ്ധനെ കുറ്റിപ്പുഴ

വിശേഷിപ്പിക്കുന്നത്. പ്രത്യേകിച്ചൊരു ദർശനത്തിന്റെ സ്ഥാപകനാണോ ബുദ്ധൻ എന്ന് ചോദിച്ചാൽ 'ദർശനം' എന്നവാക്കിന്റെ സാങ്കേതികാർത്ഥത്തിൽ നിഷേധ രൂപത്തിലേ മറുപടി പറയാൻ കഴിയൂ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. "നാലുപാടും തിരിഞ്ഞ് നോക്കാൻ വയ്യാത്തവിധം ഒരു ഫിലോസഫിയുടെ ചട്ടക്കൂടിനകത്തുകയറിയിരുന്നുകൊണ്ടല്ല ബുദ്ധൻ ഉപദേശിച്ചത്. അതാണ് അദ്ദേഹത്തിനുള്ള മെച്ചവും." [3] തർക്ക കർക്കശമായ ആദ്ധ്യാത്മിക കസർത്തുകൾ അദ്ദേഹത്തിനിഷ്ടമായിരുന്നില്ല.

ജീവിതം ദുഃഖാത്മകമാണ്. തൃഷ്ണയാണതിന്റെ അടിസ്ഥാന കാരണം. തൃഷ്ണയെ നശിപ്പിച്ചെങ്കിലേ ദുഃഖമോചനമുണ്ടാകൂ. ശീലം സമാധി എന്നീ രണ്ട് മാർഗ്ഗങ്ങളിൽ കൂടി ഇത് സാധിക്കാം. ദുഷ്കർമ്മ നിവർത്തനവും ഇന്ദ്രിയ മനോനിഗ്രഹവുമാണ് ശീലത്തിനാസ്പദം. നിരന്തര ധ്യാനം തന്നെയാണ് സമാധി. ഇതുകൊണ്ട് ക്ലേശങ്ങളുടെ വേരറ്റ് തൃഷ്ണക്ക് പരമമായ ശമനമുണ്ടാകും. തൽഫലമായി പ്രജ്ഞ – യഥാർത്ഥബോധം – ഉദയം ചെയ്യും. പ്രജ്ഞാ സമ്പത്തി അടുത്ത പടിയായി നിർവാണത്തിലേക്ക് വഴി തെളിക്കും ജീവിതത്തിന്റെ വിശ്രമ സ്ഥാനമാണ് നിർവാണം അഥവാ വിമുക്താവസ്ഥ. ജീവിതാവസാനത്തിൽ ആത്യന്തിക വിശ്രമസ്ഥാനമായ പരമശാന്തിയിൽ അഥവാ പരിശൂന്യാവസ്ഥയിൽ ലയിക്കുമ്പോൾ അതിന് പരിനിർവാണമെന്ന് പറയുന്നു. സ്വാനുഭവത്തിൽ നിന്നും മനശാസ്ത്രപരമായ പദ്ധതിയിൽക്കൂടിയാണ് ബുദ്ധൻ ജീവിത പഠനം നടത്തിയതെന്നും പ്രകൃത്യാതീതമായ ഒരു ശക്തിവിശേഷത്തേയോ യുക്ത്യാധിഷ്ഠിതമല്ലാത്ത വിശ്വാസത്തേയോ അദ്ദേഹം പ്രമാണമായി സ്വീകരിച്ചിട്ടില്ലെന്നാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. യാഗാദികർമ്മങ്ങളെ നിഷേധിച്ചും അന്ധവിശ്വാസങ്ങളെ ധ്വംസിച്ചും കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പോക്ക്.

പ്രപഞ്ചത്തെ പേടിച്ച് തപോവനങ്ങളിലേക്കും പർവ്വത ഗുഹാന്തരങ്ങളി ലേക്കും ഓടിപ്പോകാൻ ബുദ്ധൻ ഉപദേശിക്കുകയല്ല മറിച്ച് പ്രാപഞ്ചികത്തോട് അഥവാ മാനസിക ദോഷങ്ങളോട് മല്ലിട്ടു ജയിക്കാൻ അങ്ങനെ – ജിനന്മാരാകാനാണ് അദ്ദേഹം പഠിപ്പിച്ചിതെന്നാണ് കുറ്റിപ്പുഴ പറയുന്നത്. ബുദ്ധമതത്തിലെ പ്രായോഗിതതലമിതാണെങ്കിൽ, അതിന്റെ സൈദ്ധാന്തിക തലത്തെ വിമർശനബുദ്ധിയോടെയാണ് അദ്ദേഹം സമീപിക്കുന്നത്. മതാചാര്യന്മാരുടെ ഉപദേശങ്ങളും അവരെ കേന്ദ്രീകരിച്ച് കാലാന്തര ത്തിലുണ്ടായിട്ടുള്ള മത സിദ്ധാന്തങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾക്ക് ഉത്തമോദാഹരണമാണ് ഇന്ന് കാണുന്ന ബുദ്ധദർശനം. പാമരന്മാർക്ക് പോലും സുഗ്രാഹ്യമാകത്തക്കവിധത്തിൽ ജീവിതദുഃഖ നിവൃത്തിക്കുള്ള ധർമ്മോപദേശത്തെ അനന്തരകാലത്ത് ദുർഗ്രഹങ്ങളും വാദജടിലങ്ങളുമായ വ്യാഖ്യാനങ്ങളെക്കൊണ്ട്

നിറച്ചു. ഒടുവിൽ ബുദ്ധനും ബുദ്ധമതവും തമ്മിൽ വല്ല ബന്ധവുമുണ്ടോ എന്ന് സംശയിക്കുന്നുണ്ട്. അതിൽ കാണുന്നതുപോലെ ബുദ്ധമതത്തിലെ പ്രപഞ്ചവും അവിദ്യാജന്യവും മിഥ്യയുമാണ്. പ്രപഞ്ചവും ജീവിതവുമെല്ലാം ഒരു ക്ഷണിക വിജ്ഞാധാരയാണ്. ഒന്നിനും ഒരവസ്ഥയിലും സത്തയില്ല. ഒരു വസ്തു ഉണ്ടെന്നോ ഇല്ലന്നോ തീർത്ത് പറയുവാൻ വയ്യാത്തവിധം അത് സ്ഥിതിഗത്യാത്മക മായിരിക്കുന്നു. കാര്യകാരണ ശൃംഖലയായി കാണപ്പെടുന്ന അവസ്ഥാഭേദങ്ങളുടെ ഒരു തുടർച്ച മാത്രമാണത്. ഇപ്രകാരമുള്ള ക്ഷണികങ്ങളായ സ്ഥിതിഗതികളുടെ അഭിവ്യക്തിയാണ് ജീവിതവും. അത് ഭൗതികവും മാനസികവുമായ കേവല തത്ത്വങ്ങളുടെ സമാഹാരങ്ങളായ പഞ്ച സ്കന്ധഹങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. 'ഞാൻ' എന്ന വ്യവഹാരത്തിന് വിഷയം ആത്മാവല്ല, മറിച്ച് സ്കന്ധങ്ങളിൽ ഒന്നോ മുഴുവനോ ആണ്. "ആത്മാവിന്റെ തത്ത്വത്തിന് വിരുദ്ധമായി ബുദ്ധൻ 'അനാത്മവാദം' അവതരിപ്പിച്ചു. സുസ്ഥിരവും ഏകവുമായ ഒരു വസ്തുതയെ യാതൊന്നും ഉൾക്കൊള്ളുന്നില്ലെന്നും പരിണാമ വിധേയമല്ലാത്തതും അനശ്വരവുമായ ഒരാത്മാവ് ഇല്ലെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു."[4] പുനർജന്മത്തിലും കർമ്മഫലത്തിലും വിശ്വസിച്ചിരുന്ന സ്ഥിതിക്ക് ആത്മസത്തയെ എങ്ങനെ നിഷേധിക്കാൻ കഴിയുമെന്ന് കുറ്റിപ്പുഴ ചോദ്യം ചെയ്യുന്നുണ്ട്. ആത്മാവിനെ വിട്ടൊരു കളി വേദാന്തത്തിലില്ലല്ലോ? ഇത്തരം വൈരുദ്ധ്യങ്ങൾക്ക് കാരണം പിൽക്കാല ബുദ്ധ പണ്ഡിതന്മാരുടെ ബുദ്ധിയിൽ വിളഞ്ഞതെല്ലാം ബുദ്ധദർശനമായി രൂപപ്പെട്ടു എന്നുള്ളതാണ്.

സമസ്ത ജീവജാലങ്ങളേയും ആശ്ലേഷിക്കത്തക്കവിധം മനസാവാചാ കർമ്മണാ സത്യവും സ്നേഹവും അഹിംസയും വളർത്തികൊണ്ടുവരാനുള്ള വിശിഷ്ട സന്ദേശമായിരുന്നു ബുദ്ധന്റേത്. യുക്തിവിചാരത്തിന്റെ പൊള്ളുന്ന വെയിലിലേക്കാണ് ബുദ്ധൻ ജനസമൂഹത്തെ ആഹ്വാനം ചെയ്തതെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നു. എന്നാൽ അനുയായികൾ കെട്ടിപ്പടുത്ത മതസിദ്ധാന്തങ്ങളിൽ ദൈവവും ആത്മാവും മതിഭ്രമമുളവാക്കുന്ന മറ്റ് നൂലാമാലകളും കടന്നുകൂടി കാടും പടലും കൊണ്ടുണ്ടായ വിശ്വാസത്തണലിലാണ് ഇന്ന് ബുദ്ധമതം ജീവിക്കുന്നത്. സ്വതന്ത്രവും നാസ്തികവുമായ ഒരു ചിന്താധാരയേയും ഭാരതത്തിൽ വേദപ്രാമാണികത്വം സ്വൈരവിഹാരത്തിനനുവദിച്ചിട്ടില്ല. അവയെല്ലാം വൈദിക മേധാവിത്വത്തിന്റെ കാൽചുവട്ടിൽ തളയ്ക്കപ്പെട്ടിട്ടുണ്ട്. അല്ലെങ്കിൽ വേദാന്തത്തിന്റെ വെള്ള പൂശിയിട്ടുണ്ട്. ആത്മാവിന് വിശ്വാസത്തണലിന്റെ പന്തൽ കെട്ടി ഉയർത്തണം. മറിച്ചായതിനാലാകാം ഭാരതത്തിൽ ബുദ്ധമതം പരാജയമടഞ്ഞതും മറ്റ് രാജ്യങ്ങളിൽ വികൃത രൂപം പൂണ്ടതുമെന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്.

ബുദ്ധമതം ഇപ്രകാരം നാനാ പ്രകാരേണ അപചയം നേരിട്ടെന്ന്

സ്ഥാപിക്കുന്ന കുറ്റിപ്പുഴ 'മനന മണ്ഡലം' എന്ന ഗ്രന്ഥത്തിൽ, നെഹ്റുവിൽ അഭിനവ ബുദ്ധനെ പ്രതിഷ്ഠിക്കുവാൻ ശ്രമിക്കുന്നത് കൗതുകകരമാണ്. നെഹ്റുവിലെ ഉത്പതിഷ്ണത്വത്തിലാണ് ബുദ്ധോപദേശത്തിന്റെ പുനഃസൃഷ്ടി സാദ്ധ്യമായിരിക്കുന്നത്. ഹിന്ദുമതത്തിലെ കർമ്മകാണ്ഡം, ചാതുർവർണ്ണ്യം, പൗരോഹിത്യം ഇവയെ എതിർത്ത ബുദ്ധൻ ഒരു സാമൂഹ്യ വിപ്ലവകാരിയായി നിലകൊള്ളുമ്പോൾ, ഇരുപതാം നൂറ്റാണ്ടിലെ വിചാര ലോകത്ത് വിപ്ലവം സൃഷ്ടിച്ച മഹാത്മാവായ നെഹ്റുവിനെ അഭിനവ ബുദ്ധനെന്ന് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നു. "ഹിന്ദു പണ്ഡിതന്മാർ ബുദ്ധനെ ഹിന്ദുവാക്കാൻ നോക്കി. അതു വേണ്ടപോലെ ഫലിച്ചില്ല. ഇതുപോലെ അഭിനവ ബുദ്ധനെ ഇന്നൊരു കൂട്ടർ ഈശ്വരവിശ്വാസിയും മത വിശ്വാസിയുമാക്കി തീർക്കാൻ നോക്കുന്നുണ്ട്. ചരിത്ര സത്യത്തിൻമേൽ മൂടുപടമിടാനുള്ള ഈ പുറപ്പാടും ഫലിക്കുവാൻ പോകുന്നില്ല. ഇങ്ങനെ ഇക്കാര്യത്തിലും കാണാം നെഹ്റുവിനെ സംബന്ധിച്ച് വിചിത്രമായൊരു ബുദ്ധ സാദൃശ്യം."[5] 'ചിന്താതരംഗം' എന്ന ഗ്രന്ഥത്തിൽ വാദവൈകല്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുമ്പോഴും, വാദപ്രതിവാദങ്ങളിൽ ബുദ്ധൻ അവലംബിച്ച മധ്യമമാർഗ്ഗമാണ് അഭികാമ്യമെന്ന് വരുന്നുണ്ട്. ബുദ്ധൻ സ്വീകരിച്ച ബുദ്ധിപരമായ സത്യസന്ധതയാണ് മറ്റൊരു ശ്രേഷ്ടതയായി ഇവിടെ പ്രതിപാദിക്കുന്നതും.

അപ്പോൾ ബുദ്ധമതം കാലഗതിയിൽ പലതരത്തിലുള്ള ദൂഷിതങ്ങൾക്ക് കാരണഭൂതമായിട്ടുണ്ടെങ്കിലും ആധുനിക ലോകത്തും ബുദ്ധോപദേശങ്ങൾക്ക് പ്രസക്തിയുണ്ടെന്ന് വരുന്നു. ജീവിതത്തെ അതിന്റെ പ്രായോഗികതയിൽ, ആധുനിക മനഃശാസ്ത്രരംഗത്തും ശോഭിക്കത്തക്ക വിധത്തിൽ നോക്കിക്കാണുവാനുള്ള ശേഷിയുണ്ടെന്ന പക്ഷത്ത് കുറ്റിപ്പുഴ എത്തിച്ചേരുകയാണ്.

വൈദികത്വത്തെ വെല്ലുവിളിച്ച ഒരു വിചാര വിപ്ലവമെന്ന നിലയിലാണ് ചാർവാക മതത്തെ കുറ്റിപ്പുഴ സമീപിക്കുന്നത്. ഈശ്വരനും ആത്മാവുമില്ലാത്ത വിചാര സ്വാതന്ത്ര്യത്തിന് പ്രാധാന്യമുള്ള മതവും ഭാരതത്തിൽ തന്നെ ഉദയം ചെയ്തുവെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. വേദങ്ങളുടെ പ്രാമാണ്യവും ഈശ്വരസത്തയും ആത്മാവിന്റെ അനശ്വരത്വവും ഇന്ത്യയിലെ തത്ത്വാന്വേഷണത്തെ ഒരു ക്ലിപ്ത വൃത്തത്തിൽ തടഞ്ഞു നിർത്തിയ കോട്ടകളായിരുന്നു. അഭേദ്യങ്ങളായി കരുതപ്പെട്ടിരുന്ന ഈ കോട്ടകൾ തകർക്കുവാൻ ചാർവാകന്മാർക്കേ ധൈര്യമുണ്ടായിട്ടുള്ളൂ. അവർ വെട്ടിത്തുറന്ന സ്വതന്ത്ര പന്ഥാവിനെ തുടർന്നാണ് ജൈന ബുദ്ധമതങ്ങൾ പോലും ഇവിടെ ആവിർഭവിച്ചതെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. ചാർവാകമതത്തിന് ബാർഹസ്പത്യം, കോലായതം എന്നീ പേരുകളിലും അറിയപ്പെടുന്നു. സൂത്ര കർത്താവെന്ന നിലയിൽ ബൃഹസ്പതിയെ പ്രഥമാചാര്യനായി പറയപ്പെടുന്നുണ്ട്. എന്നാൽ മതസ്ഥാപകൻ ശിഷ്യനായ ചാർവ്വാകനാകുന്നു. കോലകരുടെ ഇടയിൽ അധികം പ്രചാരമുള്ള തത്ത്വം എന്ന

നിലയിൽ ലോകായതം എന്നും ഈ ദർശനത്തെ വിശേഷിപ്പിക്കുന്നുണ്ട്.

പ്രത്യക്ഷം, അനുമാനം, ഉപമാനം, ശാബ്ദം ഇത്യാദി ജ്ഞാന പ്രകാരങ്ങളിൽ ഇന്ദ്രിയപ്രത്യക്ഷത്തെമാത്രമേ ലോകായതം സ്വീകരിക്കുന്നുള്ളൂ. പ്രത്യക്ഷത്തിൽ അടങ്ങുന്നു എന്ന കാരണത്താൽ അനുമാനത്തെ തള്ളിക്കളഞ്ഞിരിക്കയാണ്. അർത്ഥകാമങ്ങൾ മാത്രമേ പുരുഷാർത്ഥങ്ങളായി അംഗീരിക്കുന്നുള്ളൂ. ധർമ്മ മോക്ഷങ്ങളെപ്പറ്റി ഒന്നും പറഞ്ഞ് കാണുന്നില്ലെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നു. ദേഹനാശം തന്നെയാണ് മോക്ഷം. മരിച്ചാൽ പിന്നെ ഒന്നും അവശേഷിക്കുന്നില്ല. ഇഹലോക സുഖം കഴിയുന്നിടത്തോളം അനുഭവിക്കുക എന്നത് മാത്രമാണ് ജീവിത ലക്ഷ്യം. പ്രപഞ്ചം ദുഃഖാത്മകമാമെന്ന് കരുതി സുഖം അനുഭവിക്കാതിരിക്കുന്നത് വിഡ്ഢിത്തമാണെന്നാണ് ചാർവാക സിദ്ധാന്തം പഠിപ്പിക്കുന്നത്. "വേദങ്ങളിൽ അനൃതം, പൂർവ്വാപരവിരോധം, പുനരുക്തി എന്നീ ദോഷങ്ങൾ ധാരാളം കാണപ്പെടുന്നുണ്ട്. എന്നുതന്നെയല്ല, വേദങ്ങളിലെ കർമ്മ കാണ്ഡത്തെ പ്രമാണമായി കരുതുന്നവർ ജ്ഞാന കാണ്ഡത്തെ പ്രമാണീകരിക്കുന്നവരെ ആക്ഷേപിക്കുന്നു...... സ്വർഗ്ഗമെന്നും നരകമെന്നും പറയപ്പെടുന്ന ലോകങ്ങൾ മിഥ്യാ കല്പിതങ്ങളത്രെ. ദേഹവും ആത്മാവും ഒന്നുതന്നെ, ദേഹനാശം തന്നെ മോക്ഷം"[6] എന്നത്രേ ചാർവാകമതം.

പഞ്ചഭൂതങ്ങളിൽ ആകാശമൊഴിച്ചുള്ള നാലെണ്ണത്തെ മാത്രമേ ചാർവ്വാകന്മാർ അംഗീകരിച്ചിട്ടുള്ളൂ. ആ ചതുർഭൂതങ്ങളുടെ സങ്കലനത്തിൽ ദ്രവ്യം പുളിക്കുമ്പോൾ അതിൽ നിന്ന് ലഹരിയുണ്ടാകുന്നതുപോലെ, ചൈതന്യം സ്വയം പ്രപഞ്ച സ്വഭാവത്താൽ - ഉത്ഭവിക്കുന്നു എന്നതാണ് ചാർവാക സിദ്ധാന്തത്തിലെ പ്രപഞ്ച സങ്കല്പം. ചാർവാക സിദ്ധാന്തങ്ങളിൽ ഏറ്റവും മുഖ്യവും ഇന്നത്തെ ശാസ്ത്രീയത്വത്തോട് അടുത്തുവരികയും ചെയ്യുന്ന ഒന്നായാണ് ദേഹാത്മ വാദത്തെ കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. "ലോകായതദർശന പ്രകാരം ശരീരത്തിൽ നിന്ന് വേറിട്ട് സ്വതന്ത്രമായി നിലനില്പുള്ള ഒരാത്മാവ് ഇല്ല തന്നെ. ആത്മാവ് ശരീരത്തിന്റെ ഒരു പ്രത്യേക രീതിയിലും അനുപാതത്തിലും സമ്മിളിതമായ പദാർത്ഥത്തിന്റെ - ഒരു ഗുണം മാത്രമാണ്."[7] ചൈതന്യയുക്തമായ ദേഹം തന്നെയാണ് ആത്മാവ്.

പരസ്പര വൈപരീത്യങ്ങളുടെ സമാഹരമായ ഹിന്ദുമതത്തിൽ തന്നെയാണ് ചിന്താസ്വാതന്ത്ര്യം അതിന്റെ ഔന്നത്യത്തിൽ പ്രകാശിക്കുന്ന ചാർവാക മതവും ജനിച്ചതെന്ന് ചൂണ്ടിക്കാണിക്കുന്ന കുറ്റിപ്പുഴ ഭാരതത്തിന്റെ മതചരിത്ര പാരമ്പര്യത്തിലേക്ക് ഒരു തിരനോട്ടം കൂടി നടത്തുന്നുണ്ട്. ദുഷിച്ച വൈദിക കാലഘട്ടത്തിന്റെ ചിതയിൽ നിന്നാണ് ഭൗതിക വാദ പ്രധാനമായ ചാർവാക മതത്തിന്റെ ഉൽപ്പത്തിയെന്ന് 'വിചാരവിപ്ലവം' എന്ന ഗ്രന്ഥത്തിൽ

പരാമർശിക്കുന്നുണ്ട്. ദേവീ പ്രസാദ് ശതോപദ്ധ്യായയുടെ 'ലോകായതം' എന്ന പുസ്തകത്തെ അവലംബിച്ച് വൈദിക കാലത്തിന് മുമ്പ് തന്നെ ഇത് ഇൻഡ്യയിൽ പ്രചരിച്ചിരുന്നുവെന്ന് (യുക്തിവിഹാരം) സമർത്ഥിക്കുന്നു. വേദോപനിഷത്തുകൾക്ക് മുമ്പ് തന്നെ ഭൗതികവാദം ഇവിടെ അടിയുറച്ചിരുന്നുവെന്ന് സ്ഥാപിക്കാനായിരിക്കാം അദ്ദേഹത്തിന്റെ ശ്രമം. വ്യക്തമായ കാല നിർണ്ണയം നടത്തുക ശ്രമകരമായിരിക്കെ, ഈ ദർശനം ബുദ്ധിമാൻമാരും സ്വതന്ത്ര ചിന്തകന്മാരുമായ പല ബ്രാഹ്മണരേയും ആകർഷിച്ചിരുന്നുവെന്ന് രാമായണത്തിലേയും (മനനമണ്ഡലം) മഹാഭാരതത്തിലേയും (യുക്തിവിഹാരം) ചില തെളിവുകൾ ചൂണ്ടിക്കാണിച്ച് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. എന്നാൽ രാമായണത്തിലെ ജാബാലി എന്ന ബ്രാഹ്മണൻ അവസരം പോലെ തന്റെ വാദങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നതും കാണാം. ആദികവിയുടെ സ്വതന്ത്ര ചിന്തായാകാം ജാബാലിയിലൂടെ പുറത്ത് വന്നതെന്നും വൈദിക വിദ്വേഷത്തിൽ ഭയന്ന് ഒഴിഞ്ഞുമാറിയതാകാമെന്ന് കുറ്റിപ്പുഴ ഊഹിക്കുന്നു.

ചാർവാകന്മാരുടെ മതതത്ത്വങ്ങളെ പൂർണ്ണമായി സ്വീകരിക്കുവാൻ കുറ്റിപ്പുഴ തയ്യാറാകുന്നില്ല. കേവലം വിഷയ സുഖത്തെ ജീവിതാദർശമാക്കി സത്യധർമ്മാദി നിയമങ്ങൾക്ക് ഒരു സ്ഥാനവും അനുവദിക്കാതിരുന്നത് ചാർവാകമതത്തിന് ഒരു ന്യൂനത തന്നെയാണെന്ന് കുറ്റിപ്പുഴ അംഗീകരിക്കുന്നു. മൂലഗ്രന്ഥം നഷ്ടപ്പെടുകയും പ്രതിയോഗികൾ ഖണ്ഡനത്തിനായി സ്വഗ്രന്ഥങ്ങളിൽ ഉദ്ധരിച്ച ഭാഗങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ ഒരഭിപ്രായം സ്ഥാപിക്കുവാൻ നിവൃത്തിയില്ലെന്ന് വാദിക്കുന്ന കുറ്റിപ്പുഴ വേദപ്രാമാണികരുടെ കടുത്ത ആക്ഷേപത്തിന് ചാർവാക ദർശനം കാരണ ഭൂതമായിട്ടുണ്ടെന്നും തിരിച്ചറിയുന്നു. വൈദികാചാര നിഷേധം മൂലം ചാർവാകന്മാരെ രാക്ഷസന്മാരെന്ന വിശേഷണത്താലാണ് പിൽക്കാല വൈദിക ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നത്. മഹാഭാരത്തിലെ ചാർവാകനെ ചുട്ടുകരിച്ചു കൊന്ന ബ്രാഹ്മണ നീതിയെ ബ്രൂണോവിനെ ചുട്ടുകരിച്ച 'ഇൻക്വിസിഷൻ' സമ്പ്രദായത്തിന്റെ പൗരസ്ത്യപ്പതിപ്പായാണ് കുറ്റിപ്പുഴ കാണുന്നത്. സ്വതന്ത്ര ചിന്തകൾക്ക് ലോകത്തിലെവിടേയും ലഭിക്കുന്ന പീഡനത്തിന്റെ നീതി ശാസ്ത്രം ഒന്നുതന്നെയാണെന്ന് വരുന്നു. എന്നിരുന്നാലും ചാർവാക ദർശനം ഇരുട്ടിൽ കൊളുത്തിയ ദീപം പോലെ ജനതയുടെ ബുദ്ധിക്ക് വെളിച്ചം കൊടുത്തു എന്ന അഭിപ്രായത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്. ധാർമ്മാധർമ്മചിന്തകളും സൻമാർഗ്ഗ നിയമങ്ങളും മത ഗ്രന്ഥങ്ങളിൽ അടക്കം ചെയ്തിട്ടുണ്ടെങ്കിൽ സാധാരണ മനുഷ്യന്റെ പ്രായോഗിക ജീവിതത്തിൽ നാം കാണുന്നത് ചാർവാക സ്വഭാവമല്ലേ? യെന്ന് കുറ്റിപ്പുഴ ചോദിക്കുന്നുണ്ട്. ചാർവാകമതം സ്വീകാര്യമോ ത്യാജ്യമോ എന്നതിലല്ല അദ്ദേഹത്തിന്റെ ശ്രദ്ധ, മറിച്ച് മതപരമായ അടിമത്തം, പുരോഹിതാധിപത്യം, അന്ധങ്ങളായ ആചാരവിശ്വാസങ്ങൾ എന്നിവയോട് പടവെട്ടി സ്വാതന്ത്ര്യവും വിശാലവുമായ ഒരു ചിന്താമണ്ഡലത്തെ എത്രയോ മുമ്പ് തന്നെ

തുറന്ന് കാണിച്ചതിലാണ് ചാർവാകന്മാർ ആരാധ്യന്മാരായി തീർന്നതും അവരുടെ മതത്തിന്റെ മഹിമ വെളിപ്പെടുന്നതും എന്ന അഭിപ്രായത്തിലാണ് കുറ്റിപ്പുഴ ഉറച്ച് നിൽക്കുന്നത്.

**അദ്വൈതദർശനം**

ഈശ്വരൻ, ആത്മാവ്, ജഗത്ത്, എന്നിവയെക്കുറിച്ചുള്ള അന്വേഷണവും ചിന്തയും വേദാന്ത ചിന്തയിലെ പ്രധാനവിഷയങ്ങളാണ്. പ്രസ്തുത വിഷയങ്ങളെപ്പറ്റി പ്രാചീന ഭാരതീയർ പല സിദ്ധാന്തങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ജ്ഞേയങ്ങളായിട്ടുള്ള സകല വിഷയങ്ങളുടേയും യഥാർത്ഥ ജ്ഞാനം ഈ മൂന്നിലുമാണ് പര്യവസാനിക്കുന്നതെന്ന് അവർ വിശ്വസിച്ചിരുന്നു. ഈ മൂന്നിനും മൂലതത്ത്വമായി പൊതുവേ എന്തെങ്കിലുമുണ്ടോ എന്ന അന്വേഷണത്തിന്റെ പര്യവസാനം കാണുന്നത് അദ്വൈത സിദ്ധാന്തത്തിലാണെന്നാണ് കുറ്റിപ്പുഴ പറയുന്നത്. അദ്വൈതത്തിന്റെ ലക്ഷണം ദ്വൈതീഭാവ പ്രതിയോഗിത്വമത്രേ. ഈശ്വരൻ, ആത്മാ, ജഗത്ത് മുതലായവ സത്യവും നിത്യവും സ്വയം പ്രകാശവുമായ ഏതോ ഒന്നിന്റെ പ്രതിഭാസിക പ്രതിബിംബങ്ങളാണെന്നും പരമാർത്ഥിക ദശയിൽ ആ ഒന്നിനു മാത്രമേ സത്തയുള്ളൂവെന്നും സ്ഥാപിക്കുന്നു. "ഈ പ്രപഞ്ചത്തിന്റെ ആദികാരണം പരബ്രഹ്മമാണെന്ന് ആദിശങ്കരൻ സമർത്ഥിക്കുന്നു. പ്രപഞ്ചം കാര്യമാണ്; ബ്രഹ്മം കാരണമാണ്."[8] അദ്വൈതം ഇക്കാണുന്ന ജഗത്ത് മിഥ്യയാണെന്ന് വാദിക്കുന്നു. ഇവിടെ മിഥ്യാ ശബ്ദത്തിന് അനിർവചനീയ ഭാവം എന്നാണർത്ഥം കല്പിക്കുന്നത്. ഉണ്ടെന്നും ഇല്ലെന്നും പറയാൻ പാടില്ലാത്ത അവസ്ഥയത്രെ. അനിർവചനീയ ഭാവം.

ഇത് സ്ഥാപിക്കുന്നതിന് ആദിശങ്കരൻ വിവർത്തവാദം കൊണ്ടുവരുന്നതായി കുറ്റിപ്പുഴ സൂചിപ്പിക്കുന്നു. പ്രകൃതത്തിൽ പരമാർത്ഥികമായ അധിഷ്ഠാനം ബ്രഹ്മാവാകുന്നു. സത്തായ ആ ഏക വസ്തുവിന്റെ അന്യപ്രകാരത്തിലുള്ള ഒരു പ്രതിദാനമാകുന്നു ഈ പ്രപഞ്ചം. നമ്മുടെ ഈ മിഥ്യാ പ്രതീതിക്കുകാരണം അജ്ഞാന ജന്യമായ അദ്ധ്യാസമാണ്. രജ്ജുവിൽ പന്നഗുബുദ്ധിയുണ്ടാകുന്നതു പോലെ സത്തായ ബ്രഹ്മത്തിൽ മിഥ്യയായ ജഗത്ത് ആരോപിതമായിരിക്കുന്നു വെന്നതാണ് അദ്വൈതത്തിലെ പ്രപഞ്ച വീക്ഷണമെന്ന് കുറ്റിപ്പുഴ വിശദീകരിക്കുന്നു. ജ്ഞാന പ്രകാശത്തിന്റെ സ്ഫുരണത്തോടു മനസ്സു സംബന്ധിച്ചു നേത്രാദി ജ്ഞാനേന്ദ്രിയങ്ങളോട് സന്നികൃഷ്ടമാകുമ്പോൾ അതിൽ നിന്ന് 'വൃത്തി' എന്നൊന്നില്ലെന്നും വൃത്തിതന്നെ പദാർത്ഥമായി തീരുകയാണെന്നുമാണ് അദ്വൈതഭാഷ്യം. അപ്പോൾ വൃത്തിയുടെ ബഹിർമുഖത്വമാണ് പദാർത്ഥം എന്ന വിവേകാനന്ദന്റെ അഭിപ്രായത്തോട് കുറ്റിപ്പുഴ യോജിക്കുന്നു. ഇത് സ്ഥാപിക്കുന്നതിന് നമ്മുടെ സുഷുപ്തിയവസ്ഥയിലേക്ക് അദ്ദേഹം കൂട്ടിക്കൊണ്ട്

പോകുന്നു. സുഷുപ്തിയിൽ മനസ്സ്, ബുദ്ധി, വൃത്തി, പദാർത്ഥം ഇവയൊന്നും കാണുന്നില്ലല്ലോ? കാരണ പ്രവൃത്തികളെല്ലാം തത്സമയം നശിക്കുന്നു. ആത്മ ചൈതന്യം അഥവാ ജ്ഞാനം മാത്രമാണ് അപ്പോഴുള്ളത്. ജീവാത്മപരമാത്മാവിൽ ലയിച്ച് ഒന്നായി തീരുന്ന ഘട്ടവും ഇതത്രേ. മുക്ത്യാവസ്ഥയിലുണ്ടാകുന്ന സച്ചിദാനന്ദം തന്നത്രെ സുഷുപ്ത്യാനുരൂപമെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു. കാരണ രൂപേണ നോക്കുമ്പോൾ കാര്യരൂപങ്ങളെല്ലാം അസത്യമായി തീരുന്നു എന്ന ന്യായമനുസരിച്ച് പ്രപഞ്ചത്തെപ്പറ്റി വിചിന്തനം ചെയ്ത് നോക്കിയാലും അത് അസത്തായിഭവിക്കുന്നതായി കാണാമെന്ന ന്യായമാണ് സമർത്ഥിക്കപ്പെട്ടിരിക്കുന്നത്. പരമാണുവിന്റെ ഗുണം നിരവയവത്വമാകയാൽ ദ്വ്യണുകത്ര്യണുകാദി ഭാവത്തിൽ നിന്ന് ഒരിക്കലും സാവയവമായ പ്രപഞ്ചമുണ്ടാകുവാൻ പാടില്ലെന്നാണ് അദ്വൈത ദർശനം വാദിക്കുന്നത്. ഭാരതീയ മതപ്രകാരം മനുഷ്യൻ തേടുന്ന എല്ലാത്തരം അറിവിന്റേയും പര്യവസാനം അദ്വൈതത്തിലാണെന്നാണ് കുറ്റിപ്പുഴ പ്രസ്താവിക്കുന്നത്.

അദ്വൈത സിദ്ധാന്തത്തിന്റെ പരകോടിവരെ വ്യാഖ്യാനിക്കുവാൻ കുറ്റിപ്പുഴക്ക് കഴിയുന്നത് ശ്രീനാരായണ ഗുരുവുമായുണ്ടായ സംസർഗ്ഗമാണെന്ന് അദ്ദേഹം തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു തികഞ്ഞ വേദാന്തിയുടെ ചിന്തയും പാടവവും അദ്വൈത ദർശനത്തെ സമീപിക്കുന്നതിൽ കുറ്റിപ്പുഴ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ അദ്വൈത സിദ്ധാന്ത ചർച്ചയിൽ ശ്രദ്ധേയമാകുന്ന ഒരു വൈപരീത്യം 'ദീപാവലി' എന്ന ഗ്രന്ഥത്തിൽ, അദ്വൈതത്തെ 'വഴിപിഴച്ച വാദമെന്നും' 'അദ്വൈതഭാസ' മെന്നും വിശേഷിപ്പിച്ച് കാണുമ്പോഴാണ് "കുറ്റിപ്പുഴയുടെ വഴിപിഴച്ച 'മായാവാദം' പോലുള്ള പ്രബന്ധങ്ങൾ വായിക്കുക. അത്യന്തം ആഗ്നേയാക്ഷരങ്ങൾ അവയിൽ കനൽ ചിതറിക്കൊണ്ടിരിക്കുന്നു."[9] കുറ്റിപ്പുഴ നിരത്തുന്ന അത്തരം വാദങ്ങൾ പലതും അപ്രതിരോധങ്ങളുമാണ്. ബാദരായണന്റെ ബ്രഹ്മസൂത്രങ്ങളാണ് വേദാന്തത്തിന്റെ മൂലഗ്രന്ഥമായി പരിലസിക്കുന്നത്. ഇതിന് കാലാന്തരത്തിൽ ഭിന്ന ഭാഷ്യങ്ങളുണ്ടാവുകയും ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം എന്ന് ഇന്ത്യൻ വേദാന്തം മൂന്നായി പിരിയുകയും ചെയ്തു. ഭൗതിക തത്ത്വവിരുദ്ധമായ ആശയവാദമായി അദ്വൈതം അധ:പതിച്ചപ്പോൾ, ദ്വൈതം പ്രപഞ്ചസത്തയെ യുക്തിപൂർവ്വം സ്ഥാപിക്കുന്നതായി കുറ്റിപ്പുഴ വാദിക്കുന്നു. അദ്വൈതം പ്രപഞ്ചത്തിന്റെ വസ്തുനിഷ്ഠമായ സത്തയെ പാടേ നിഷേധിച്ചുകളഞ്ഞു. മാത്രമല്ല സ്വതന്ത്രമായ ഒരന്വേഷണമല്ല, ഒരു തരം ബുദ്ധിക്കസർത്താണ് അതിൽ കാണുന്നത്. മനുഷ്യനെ സാമൂഹ്യ ജീവിയല്ലാതാക്കി തീർക്കുന്ന അപകടം പിടിച്ചൊരു സിദ്ധാന്തമായാണ് അദ്വൈതാഭാസമായി അധഃപതിക്കുകയാണുണ്ടായതെന്നും അദ്ദേഹം സ്ഥാപിക്കുന്നു. "ഒറ്റക്കിരുന്നു മടുത്ത വിരഞ്ചൻ ഒരു സുപ്രഭാതത്തിൽ 'ഏകോം ബഹുസ്യം' എന്ന് ജപിച്ചപ്പോൾ വിരിഞ്ഞതാണീ കാണുന്ന വിശ്വം

മുഴുവൻ എന്ന് വിശ്വസിക്കുന്ന വിവർത്തവാദം പ്രാചീനകാലത്തുതന്നെ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതാണെങ്കിലും അത് പൂർണ്ണമായും അട്ടിമറിഞ്ഞത് 'പരിണാമവാദ'ത്തിന് ശാസ്ത്രീയമായ ഒരു കെട്ടുറപ്പ് കൊടുത്തതോടെയാണ്."[10] ശാസ്ത്രലോകത്തിൽ അദ്വൈതത്തിന്റെ പ്രസക്തി ചോദ്യം ചെയ്യപ്പെടുക തന്നെയുണ്ടായി.

അദ്വൈതദർശനത്തെ വിലയിരുത്തിയപ്പോൾ ഇരുപ്രബന്ധങ്ങളിൽ വിരുദ്ധങ്ങളായ സമീപനങ്ങളാണ് സ്വീകരിച്ചത്, ഇത് 'വൈരുദ്ധ്യങ്ങളുടെ കൂമ്പാരമാണ് കുറ്റിപ്പുഴ' എന്ന ആക്ഷേപത്തിന് ഇടവരുത്തിയിട്ടുണ്ട്. എന്താണ് ഈ വൈപരീത്യത്തിന് കാരണം? ഈ അന്വേഷണം കുറ്റിപ്പുഴയുടെ ജീവിത ചരിത്രത്തിലാണ് ചെന്നു നിൽക്കുന്നത്. ഈ വൈപരീത്യം ഉറങ്ങുന്നത് അവിടെയാണ്. കുറ്റിപ്പുഴയുടെ ജീവിതത്തിന്റെ മുപ്പത്തിമൂന്ന് വയസ്സുവരെ, തികഞ്ഞവേദാന്തിയും അദ്വൈതിയുമായിരുന്നു അദ്ദേഹം. അദ്വൈതാശ്രമവും ശ്രീനാരായണ ഗുരുവുമായുള്ള അടുപ്പവുമാണ് അദ്ദേഹത്തിലെ അദ്വൈത ചിന്തയെ ഉദ്ദീപ്തമാക്കുന്നത്. ഈ കാലഘട്ടത്തിലെഴുതിയതാണ് 'അദ്വൈതം' എന്ന പ്രബന്ധം. ഇത് പിൽക്കാലത്ത് 'നവദർശനം' എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുകയുണ്ടായി. ഭൗതികനും ദാർശനികനുമായ കുറ്റിപ്പുഴ ജനിക്കുന്നത് അതിന് ശേഷമാണ്. ചിന്തയിലും പ്രവൃത്തിയിലും പുരോഗമിയായി മാറിയ കുറ്റിപ്പുഴയുടെ സംഭാവനയാണ് 'ദീപാവലി'യിലെ 'വഴിപിഴച്ചമായവാദം' എന്ന പ്രബന്ധം. "അദ്വൈത വേദാന്തത്തിൽ ഒരു കാലത്ത് ഞാനും വിഹരിച്ചിരുന്നു. ഇപ്പോഴും ബുദ്ധിപരമായ വ്യായാമത്തിന് ഞാൻ അത് ഉപയോഗപ്പെടുത്തുന്നുണ്ട്...."[11] എന്ന് പറയുന്ന കുറ്റിപ്പുഴയെയാണ് പിൽക്കാലത്ത് കാണാൻ കഴിയുന്നത്. ഈ ജീവിത പരിച്ഛേദം കുറ്റിപ്പുഴയുടെ പ്രബന്ധങ്ങളെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

അന്ധവിശ്വാസങ്ങളേയും മതാചാരങ്ങളേയും എതിർക്കുവാൻ കുറ്റിപ്പുഴ ശക്തമായ ആയുങ്ങളായി സ്വീകരിച്ചത് പുരാതന ഭാരതീയ ഭൗതിക ചിന്തകളാണെന്ന് പരക്കെ അംഗീകരിക്കുന്നുണ്ട്. "ലോകത്തിലെ പ്രസിദ്ധ ചിന്തകന്മാരായ എപ്പിക്യൂറസ്, വോൾട്ടയർ, ബകുനിൻ, മാർക്സ് എന്നിവരുടെ ചിന്തകളോ കുറ്റിപ്പുഴയുടെ ചിന്തക്ക് മൂർച്ഛ കൂട്ടുകയുണ്ടായി. പക്ഷെ മതത്തിനും ഈശ്വരനും എതിരായി കുറ്റിപ്പുഴ ആശയ സമരം ആരംഭിച്ചത് ഈ ചിന്തകന്മാരെ ഉയർത്തിപ്പിടിച്ചുകൊണ്ടല്ല, ഭാരതീയരായ കപിലനേയും ചാർവാകനേയും മുൻനിർത്തി കൊണ്ടായിരുന്നു."[12] എന്ന് കെ.പി.അപ്പൻ പ്രസ്താവിക്കുന്നുണ്ട്. അപ്പോൾ ഭൗതിക വാദിയായി തീർന്ന കുറ്റിപ്പുഴ സാഖ്യാ, ചാർവാക ദർശനങ്ങളെ അടുത്തറിയുകയും സമരായുധങ്ങളായി അവയെ സ്വീകരിക്കുകയും ചെയ്തു എന്ന് വരുന്നു. എന്നാൽ അദ്വൈത ദർശന ചർച്ചയിൽ, ദ്വൈതം, വിശിഷ്ടാദ്വൈതം, പരിണാമവാദം, സാംഖ്യം എന്നിവയെ കുറ്റിപ്പുഴ അഖണ്ഡകോടിയിൽ

തള്ളിക്കളയുന്നുണ്ട്. അതുമാത്രമല്ല, അദ്വൈതിക്ക് 'യുക്തിവാദം' കൊണ്ട് തന്നെ അവ അടിസ്ഥാനരഹിതങ്ങളാണെന്ന് തെളിയിക്കാൻ കഴിയുമെന്നും സ്ഥാപിക്കുന്നു. ഇതിലെ യുക്തിവാദം എന്ന പ്രയോഗം, അദ്ദേഹത്തിന്റെ തന്നെ പിൽക്കാല കൃതികളിൽ വരുത്തുന്ന അർത്ഥവൈപരീത്യം അത്ഭുതാവഹമാണ്. വേദാന്തിയായിരിക്കുമ്പോൾ തന്നെ സാംഖ്യവും, ചാർവാകവും പരിണാമ വാദവുമെല്ലാം കുറ്റിപ്പുഴ പരിശോധിച്ചിരുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. അന്ന് നിഷേധിച്ചിരുന്ന ഈ ദർശനങ്ങളെ പിൽക്കാലത്ത് യുക്തിവാദ ഖഡ്ഗങ്ങളായി സ്വീകരിച്ചതെങ്ങനെ? സഹോദരനയ്യപ്പന്റേയും എം.സി. ജോസഫിന്റേയും സൗഹൃദവും പാശ്ചാത്യ ഗ്രന്ഥങ്ങളിലൂടെയുള്ള സഞ്ചാരവും, നവീന ശാസ്ത്ര ബോധത്തിന്റെ വെളിച്ചവും കുറ്റിപ്പുഴയെ ഒരു പുനർവിചിന്തനത്തിനും പുനരന്വേഷണത്തിനും ഇടവരുത്തിയിട്ടുണ്ടാകണം. ഭാരതീയ സനാസ്തിക ദർശനങ്ങളെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ സ്വീകരിക്കുവാൻ തുടങ്ങിയത്, അതിന് ശേഷമെന്നതാണ് കൂടുതൽ ശരി.

**ഗുരുവുംമാനവധർമ്മവും**

മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമവതാരകനായാണ് ശ്രീനാരായണ ഗുരുവിനെ കുറ്റിപ്പുഴ കാണുന്നത്. മതത്തേയും ദൈവത്തേയും അദ്വൈത ദൃഷ്ട്യാ ഏകത്വത്തിൽ വിലയിരുത്തുകയും സഹസ്രാബ്ധങ്ങളായി നിലനിന്നുപോന്ന മൂഢാചാര പാരമ്പര്യത്തെ ധീരതയോടെ ധ്വംസിച്ച് സാമൂഹ്യ വിപ്ലവത്തിന് വഴിയൊരുക്കിയ ഉൽപതിഷ്ണുവുമായാണ് ഗുരുവിനെ വിശേഷിപ്പിക്കുന്നത്. ഇതര മതാചാര്യന്മാരെപ്പോലെ ആദ്ധ്യാത്മികതയേയും ഭൗതികത്വത്തേയും വേർതിരിച്ചു നിർത്തി രണ്ടാത്തേതിനെ തുച്ഛീകരിച്ച് കാണിപ്പാൻ അദ്ദേഹം മുതിർന്നില്ല. മറിച്ച് രണ്ടും ജീവിതത്തിന്റെ അവിഭക്ത ഘടകങ്ങളും സമപ്രധാനങ്ങളുമാണെന്ന തത്ത്വമാണ് ഗുരു ദർശിച്ചതെന്ന് കുറ്റിപ്പുഴ പറയുന്നു. 'മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുവചനത്തിൽ മുഷ്യനന്മയാണല്ലോ പ്രകടമാകുന്നത്. ആ നന്മക്ക് മതം ആവശ്യമില്ലെന്ന ഒരു ധ്വനികൂടി അതിലുണ്ടെന്നാണ് കുറ്റിപ്പുഴ സ്ഥാപിക്കുന്നത്. മറ്റ് മതപ്രചാരകരിൽ നിന്ന് വ്യത്യസ്തനായി ഹിന്ദുമതത്തെപ്പറ്റി ഒരക്ഷരവും പറയാതെ എല്ലാ നദികളും വന്നുചേരുന്ന മഹാ സമുദ്രത്തെപ്പറ്റിയാണ് ഗുരു പറഞ്ഞതെന്നാണ് അദ്ദഹേം സ്ഥാപിക്കുന്നത്. "അന്ധന്മാർ ആനയുടെ ആകൃതിയെപ്പറ്റി തർക്കിക്കുന്നത് പോലെയാണ് ആളുകൾ മതങ്ങളെപ്പറ്റി തർക്കിച്ച് വഴക്കുണ്ടാക്കുന്നത്."[13] എന്ന് മതഭേദങ്ങളെ കളിയാക്കുക കൂടി ചെയ്യുന്നുണ്ട്.

'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ശ്രീനാരായണ സന്ദേശത്തെ ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായാണ് കുറ്റിപ്പുഴ

കണക്കാക്കുന്നത്. ഏത് സമുദായത്തിന്റേയും സാംസ്ക്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്ന വിശിഷ്ടാശയമായിക്കൂടി അതിനെ കണക്കാക്കുന്നു. ക്ഷേത്ര പ്രതിഷ്ഠകൾ നടത്തിയ ഗുരു കണ്ണാടി പ്രതിഷ്ഠയിൽ എത്തിച്ചേരുമ്പോൾ മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയാണെന്നും അവന്റെ അന്തഃശക്തിയുടെ വികസനമാണാവശ്യവുമെന്നുള്ള വസ്തുതയല്ലേ വെളിപ്പെടുത്തുന്നതെന്ന് കുറ്റിപ്പുഴ ചോദിക്കുന്നു. “ഒരു ഘട്ടത്തിൽ ദേവന്മാരുടെ സ്ഥാനത്ത് ‘ഓം’ എന്ന അക്ഷരവും അതിൽ പിന്നീട് സത്യം, ധർമ്മം, ദയ എന്നീ മുദ്രാവാക്യങ്ങളും പിന്നീട് നിലക്കണ്ണാടിയും പ്രതിഷ്ഠിതമായി”[14] ഗുരവിന്റെ ക്ഷേത്ര പ്രതിഷ്ഠ ഭാരതത്തിൽ വേരുറച്ചുപോയ ബ്രാഹ്മണ പൗരോഹിത്യത്തിന്റെ നേരേ നടത്തിയ വെല്ലുവിളിയായിക്കൂടി കണക്കാക്കാവുന്നതാണ്. അന്ധാചാര വിശ്വാസങ്ങളുടെ മേൽ കനത്ത പ്രഹരമേൽപ്പിച്ചിട്ടുണ്ടെന്നതിന് കുറ്റിപ്പുഴ തെളിവുകൾ നിരത്തുന്നുണ്ട്. തീർത്ഥാടകർ രുദ്രാക്ഷം ധരിക്കണമോ? എന്ന ചോദ്യത്തിന് വേണ്ടായെന്നും അരച്ചു പച്ച വെള്ളത്തിൽ കുടിക്കുന്നത് നന്നായിരിക്കുമെന്നും, ഗുണമുണ്ടാകാതിരിക്കില്ലെന്നുമുള്ള നർമ്മ രസം കലർന്ന മറുപടിയാണുണ്ടായത്. ശവം സംസ്കരിക്കേണ്ടതിനെക്കുറിച്ച് ചോദിച്ചപ്പോൾ ‘ചക്കിലിട്ടാട്ടിയെടുത്താൽ വളമായിട്ടുപയോഗിക്കാമല്ലോ’ എന്നുമായിരുന്നു മറുപടി. ഗുരുവിന്റെ അന്യാദൃശ്യമായ ഉൽപതിഷ്ണുത്വത്തെയാണ് കുറ്റിപ്പുഴ തിരിച്ചറിയുന്നത്.

അദ്വൈത സിദ്ധാന്തത്തിലെ പൂർവ്വാചാര്യന്മാരെപ്പോലും വിമർശിക്കുന്നതിന് ഗുരു മടികാണിച്ചിട്ടില്ല. ബ്രഹ്മസൂത്രത്തിലെ അപശൂദ്രാധികരണത്തിന്റെ ശങ്കരഭാഷ്യം യുക്തിക്കും നീതിക്കും വിരുദ്ധമാകയാൽ സ്വീകാര്യമല്ലെന്ന അഭിപ്രായം കുറ്റിപ്പുഴയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ശ്രീനാരായണ ദർശനങ്ങളിലെ സാർവ്വലൗകികത്വ (Universality) മാണ് അദ്ദേഹം ഏറെ സവിശേഷമായി കാണുന്നത്. ചക്രവാളംപോലെ, അടുക്കുന്തോറും അവ കൂടുതൽ അർത്ഥ വിശ്രിതമായി തീരുന്നതായാണ് കുറ്റിപ്പുഴ സമർത്ഥിക്കുന്നത്. കേരളത്തെ ജാതി പാതാളത്തിൽ നിന്നുയർത്തി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്യാനുള്ള ശക്തി ഗുരുദർശനങ്ങൾക്കുണ്ടായിരുന്നു.

ഗുരുവും ഗുരുദർശനവും കുറ്റിപ്പുഴയുടെ വിചാരലോകത്തെ വിപ്ലവകരമായി സ്വാധീനിച്ചിട്ടുണ്ട്. പിൽക്കാലത്ത് ഒരുയർന്ന മാനവികവാദിയായി രൂപപ്പെടുന്ന കുറ്റിപ്പുഴയിൽ വിശ്വവിശാലമായ മനുഷ്യസ്നേഹം ഉടലെടുക്കുന്നത് ഗുരുസാമീപ്യത്തിൽ നിന്നാണ്. അദ്വൈതാശ്രമത്തിലെ ഇംഗ്ലീഷ് അദ്ധ്യാപകനായി ജോലിനോക്കുമ്പോഴാണ് ഗുരുവിന്റെ വാത്സല്യത്തിന് കുറ്റിപ്പുഴ പാത്രമാകുന്നതെന്ന് ‘സ്മരണമഞ്ജരി’ യിൽ വെളിപ്പെടുന്നുണ്ട്. ആശ്രമത്തിൽ വിവിധ ജാതി മതസ്ഥരായ വിദ്യാർത്ഥികൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന മിശ്ര ഭോജനത്തിൽ ഗുരുവിനോടൊപ്പം സംബന്ധിച്ചപ്പോഴാണ് മനുഷ്യ ജാതിയെ

ആദ്യമായി കണ്ടെത്തിയതെന്ന് കുറ്റിപ്പുഴ പറയുന്നുണ്ട്. "പാരമ്പര്യത്തിന്റെ കട്ടപിടിച്ചു കിടക്കുന്ന ജാതിക്കറ തീരെ മാഞ്ഞുപോവുക അന്ന് എളുപ്പമല്ലല്ലോ. എന്റെ ആദ്യത്തെ മിശ്രഭോജനമായിരുന്നു അത്. ശ്രീനാരായണ ഗുരുവിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ അന്നു ഞാൻ ആദ്യമായി മനുഷ്യ ജാതിയെ കണ്ടെത്തി."[15] പിൽക്കാലത്ത് 'മനുഷ്യ ജാതി' എന്ന ഒരു പ്രബന്ധം രചിക്കുക കൂടിയുണ്ടായി കുറ്റിപ്പുഴ. അദ്വൈതസാരം പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിഞ്ഞതും ഗുരുവിൽ നിന്ന് തന്നെയാണ്. ചെറുപ്രായത്തിൽ തന്നെ അദ്വൈത വെദാന്ത ചിന്തയെക്കുറിച്ച് 'കവന കൗമുദി' യിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുക കൂടി ചെയ്തു.

ഈ ഗുരു ശിഷ്യസംവാദം അതിന്റെ ഉന്നതിയെ പ്രാപിക്കുന്നത് ബ്രഹ്മ സൂത്രങ്ങളിലെ അപശൂദ്രാധികരണത്തെപ്പറ്റിയുള്ള 'ശങ്കരഭാഷ്യം' ചിന്താ വിഷയമാകുമ്പോഴാണ്. അവിടെ 'ശങ്കരനും തെറ്റിപ്പോയി' ശൂദ്രജാതിയിൽ ജനിച്ചുപോയി എന്നതുകൊണ്ട് ഒരുവനും വേദം പഠിച്ചുകൂടാ എന്ന് ഏത് ഭഗവാൻ പറഞ്ഞാലും വകവെച്ചുകൊടുക്കാൻ കഴിയില്ലെന്ന ഗുരുവിന്റെ അഭിപ്രായം കുറ്റിപ്പുഴയുടെ ചിന്തയെ തകിടം മറിച്ചുവെന്നതാണ് സത്യം. സമാരാദ്ധ്യനായ പൂർവ്വാചാര്യന്റെ വിധിയേയും തെറ്റാണെന്ന് കണ്ടാൽ എതിർക്കുവാനുള്ള ഗുരുവിലെ ധീരമായ സന്നദ്ധത, സ്വതന്ത്ര ചിന്തകനും ഭൗതികവാദിയുമായി മാറുന്ന കുറ്റിപ്പുഴയുടെ യുക്തി ചിന്തകൾക്ക് അസ്ഥിവാരമുറപ്പിക്കുന്നത് കാണാം. വേദാന്ത ചിന്ത രൂഢമൂലമായിരുന്ന കുറ്റിപ്പുഴയുടെ മനസ്സിനേറ്റ ഏറ്റവും വലിയ ആഘാതമായിരുന്ന രോഗ ശയ്യയിൽ കിടക്കുന്ന ഗുരുവിനെ കാണുമ്പോഴുണ്ടായത്. "വേദന സഹിക്കാതെ ഇടക്കിടക്ക് ദീനസ്വരം പുറപ്പെടുവിച്ചും തല അങ്ങോട്ടുമിങ്ങോട്ടും ഉരുട്ടിയും കൊണ്ടാണ് അദ്ദേഹം കിടന്നിരുന്നത്. അധിക നേരം ആ കാഴ്ച കണ്ടു സഹിച്ചു നിൽക്കാൻ എനിക്ക് കഴിഞ്ഞില്ല. അതുവരെ എന്നിലുണ്ടായിരുന്ന ആദ്ധ്യാത്മികമായ സകല വിശ്വാസങ്ങളും എന്തുകൊണ്ടോ തകർന്ന് തരിപ്പണമാകുന്നത് പോലെ തോന്നി. ത്യാഗമൂർത്തികളായ മഹാത്മക്കളുടെ വിശുദ്ധ ജീവിതം ഇങ്ങനെ രോഗ ശയ്യയിലും വേദനയിലും കലാശിക്കുകയാണെങ്കിൽ ഈ ലോകത്തിൽ ശാശ്വത മൂല്യമുള്ള എന്തെങ്കിലുമുണ്ടോ എന്ന സംശയവും എന്നിലുദിച്ചു."[16] വേദാന്ത ചിന്തയിൽ നിന്ന് ഭൗതിക ചിന്തയിലേക്ക് തിരിയുന്ന കുറ്റിപ്പുഴയുടെ, ജീവിത പരിവർത്തനത്തിന്റെ സംക്രമണത്തിന് തിരി തെളിയുന്നതിൽ ഗുരു ദർശനങ്ങൾക്കും ഗുരു സാമീപ്യത്തിനും കാര്യമായ പങ്കുണ്ടെന്ന് തെളിയുന്നു. "മനുഷ്യത്വത്തിന്റെ ഉത്തംഗ വേദിയിൽ വിരാജിച്ചിരുന്ന ശ്രീ നാരായണഗുരു ബ്രഹ്മചര്യവ്രതത്തിലും ഉപാസനയിലും ദൈവ ചിന്തയിലും നൂറു ശതമാനം പരിപൂർണ്ണനായിരുന്നിട്ടും അന്ത്യകാലത്ത് അനുഭവിക്കേണ്ടിവന്നത് – ഈശ്വരനോട് എന്നെന്നേക്കുമായി യാത്ര

പറഞ്ഞിറങ്ങാൻ അതും ഒരു കാരണമായിരുന്നിട്ടില്ലേ എന്ന് സംശയിക്കേണ്ടതുണ്ട്." എന്ന് കുറ്റിപ്പുഴ ചന്ദ്രൻ പറയുന്നുണ്ട്.

യോഗശക്തിയേയും ജ്ഞാന ശക്തിയേയും ആദ്ധ്യാത്മിക മണ്ഡലത്തിൽ അടച്ചുപൂട്ടി സൂക്ഷിക്കാതെ ലൗകിക തലത്തിലേക്ക് പ്രസരിച്ച് ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കുവാനാണ് ഗുരു യത്നിച്ചത്. കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രായോഗികവേദാന്തത്തിനാണ് ഗുരു പ്രാധാന്യം നൽകിയതും. കുറ്റിപ്പുഴയുടെ കർമ്മമണ്ഡലവും വ്യത്യസ്ഥമായിരുന്നില്ലെന്ന് കാണാം. സാമൂഹ്യ മാറ്റത്തിന് കുറച്ചുകൂടി തീഷ്ണമായ ആയുധങ്ങളെ മൂർച്ഛകൂട്ടി ഉപയോഗിക്കുന്നുവെന്നു മാത്രം. ജാതി പിശാചിനെതിരേയുള്ള പോരാട്ടം, 'മനുഷ്യ ജാതി', 'ഉപനിഷത്തുക്കളിലെ ജാതി വൈകൃതം', 'ഭഗവത് ഗീതയിലെ ചാതുർവർണ്ണ്യം' തുടങ്ങി നിരവധി പ്രബന്ധങ്ങളിലും കുറ്റിപ്പുഴ തുടരുന്നതായി കാണാം. മനുഷ്യജാതി എന്ന ഗുരുവിന്റെ കാഴ്ചപ്പാടിനെ സാമൂഹിക ജീവിത വീക്ഷണത്തിന്റെ ഏറ്റവും വിശാലമായ ചക്രവാളത്തിലാണ് (യുക്തി വിഹാരം) കുറ്റിപ്പുഴ പ്രതിഷ്ഠിക്കുന്നത്. ജാതി വർഗ്ഗഭേദങ്ങൾ ഇല്ലാതായാൽ അതുവഴി മതഭേദം നശിക്കുമെന്നും, ഇല്ലെങ്കിലും മനുഷ്യസമുദായത്തെ വേലികെട്ടി തിരിക്കുന്ന അതിന്റെ സ്വഭാവം ദുർബലമാക്കുമെന്ന ബോധം, മനുഷ്യന്റെ വൈകാരിക അനുഭൂതി മണ്ഡലത്തിൽ വേരൂന്നണമെന്ന അഭിപ്രായം കൂടി അദ്ദേഹത്തിനുണ്ട്. ശങ്കരഭാഷ്യത്തിലെ ജാതിമേൽക്കോയ്മയെ ഗുരു നിഷേധിക്കുമ്പോൾ, ഉപനിഷത്തിലേയും ഭഗവത്ഗീതയിലേയും ജാതി വൈകൃതത്തെ ഉടച്ചുകളയുവാൻ കുറ്റിപ്പുഴ മടികാണിക്കുന്നില്ല. ഭാരതത്തിൽ ചാതുർവർണ്ണ്യം നിലനിർത്തുവാൻ ബോധപൂർവ്വമായ ശ്രമം നടന്നിട്ടുള്ളതായി അദ്ദേഹം സ്ഥാപിക്കുന്നുണ്ട്. മന്ത്രങ്ങൾ, സൂത്രവാക്യങ്ങൾ, തത്ത്വചിന്ത, ശാസ്ത്രം, സാഹിത്യം എന്നിവയിലെല്ലാം ജാതി ചിന്ത കുത്തി നിറച്ചിട്ടുണ്ട്. ജാതി ചിന്തയുടെ അന്തരീക്ഷത്തിലാണ് ഹിന്ദുക്കൾ ജനിക്കുന്നതും ജീവിക്കുന്നതും. വ്യാസനും വാല്മീകിയും പോലും ബ്രാഹ്മണ പ്രാമാണ്യത്തേയും ഇതര ജാതികളുടെ ബ്രാഹ്മണ ദാസ്യത്തേയും അരക്കിട്ടുറപ്പിക്കയാണുണ്ടായതെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. ഭഗവത്ഗീതയിൽ പോലും അന്ധവും ക്രൂരവുമായ ജാതി വ്യവസ്ഥ തന്നെയാണ് സ്ഥലം പിടിച്ചിരിക്കുന്നതെന്ന് കാണാം. ഭാരതത്തെ ഈ ദുഷിച്ച ജാതിചിന്തയിൽ നിന്ന് മോചിപ്പിക്കാനുള്ള കർമ്മപരിപാടി സഹോദരനയ്യപ്പന്റെ മിശ്രവിവാഹ പ്രസ്ഥാനമാണെന്ന് കുറ്റിപ്പുഴ അംഗീകരിക്കുന്നു. ആധുനിക ഇന്ത്യയെങ്കിലും ജാതിപിശാചിന്റെ പിടിയിൽ നിന്ന് മോചനം നേടും എന്ന പ്രതീക്ഷയാണ് കുറ്റിപ്പുഴയ്ക്കുള്ളത്.

ശവസംസ്ക്കാരത്തെക്കുറിച്ചുള്ള ഗുരുവിന്റെ ആദർശത്തോട് ഐക്യ

ദാർഢ്യം പ്രഖ്യാപിക്കുന്നതാണ് 'യുക്തിവിഹാര'ത്തിലെ 'ശവപൂജ' എന്ന പ്രബന്ധം. 'ചക്കിലാട്ടിയാൽ വളമായിട്ടുപയോഗിക്കാമല്ലോ' എന്ന ഗുരുവിന്റെ മറുപടിയിലെ ധ്വനി, ശവത്തിന്റെ പേരിൽ മനുഷ്യൻ കാട്ടികൂട്ടുന്ന കോപ്രായങ്ങളുടെ നേരേയുള്ള രൂക്ഷമായ പരിഹാസമായാണ് കുറ്റിപ്പുഴ വ്യാഖ്യാനിക്കുന്നത്. ഈജിപ്തിലെ പിരമിഡുകളും ലോക പ്രസിദ്ധമായ താജ്മഹൽ പോലും ഈ അന്ധാചാരത്തിന്റെ സ്മാരകങ്ങളാണെന്ന് കുറ്റിപ്പുഴ ഉപദർശിക്കുന്നു. മതത്തിന്റെ മയക്കുമരുന്ന് ധാരാളം വിൽക്കുന്ന നമ്മുടെ നാട്ടിൽ ജീവിച്ചിരിക്കുന്ന മനുഷ്യനെക്കാൾ കൂടുതൽ വില അവന്റെ ശവത്തിനാണെന്ന നിഗമനത്തിലാണ് എത്തിച്ചേരുന്നത്. ഗുരു ദർശനങ്ങളെ അതിന്റെ ഉന്നത ശ്രേണിയിലാണ് കുറ്റിപ്പുഴ സമീപിക്കുന്നത് എന്നതിന്റെ നിദർശനങ്ങളാണ് പിൽക്കാലത്ത് രചിച്ച നിരവധി പ്രബന്ധങ്ങൾ. അതിലെല്ലാം ഗുരുവിന്റെ സാമൂഹ്യ വിപ്ലവാശയങ്ങൾ പ്രതിഫലിച്ചിട്ടുണ്ട്. ഏകലോകാദർശത്തിന്റെ പ്രചാരകനായി തീരുന്ന കുറ്റിപ്പുഴയിലെ മാനവ സമുദായം എന്ന സങ്കല്പത്തിനു പിന്നിലും ഗുരുദർശനത്തിന്റെ അരുണിമ ദർശിക്കാവുന്നതാണ്. "ആശ്രമവാസവും ശ്രീനാരായണ ഗുരുവിന്റെ സമ്പർക്കവും അദ്ദേഹത്തിന്റെ സ്വതന്ത്ര ചിന്തയെ പരിപോഷിപ്പിക്കുകയാണുണ്ടായത്." എന്നല്ല, തുടക്കം കുറിക്കുക കൂടി ചെയ്തു എന്നു പറയുന്നതാണ് കൂടുതൽ ശരി.

**ഗാന്ധിമതം**

ഗാന്ധിയൻ ദർശനങ്ങളെ വിമർശനബുദ്ധിയോടെയാണ് കുറ്റിപ്പുഴ സമീപിക്കുന്നത്. പ്രസ്തുത ദർശനത്തിന് ഒരു മതത്തിന്റെ കെട്ടും മട്ടും വന്നുചേർന്നിരിക്കുന്നുവെന്ന് അദ്ദേഹം കണ്ടെത്തുന്നു. "മനപൂർവ്വമായാലും അല്ലെങ്കിലും പണ്ടത്തെ മട്ടിലുള്ള ഒരു മതസ്ഥാപകന്റെ വേഷഭാഷാദികളും നടപടികളുമാണ് ഗാന്ധി സ്വീകരിച്ചിരിക്കുന്നത്. അർത്ഥ നഗ്നത, മുളവടി, ഭജനപ്പാട്ട്, ഉപവാസം, നാമ മന്ത്രം, പ്രാർത്ഥന, ആശ്രമം, അനുഗ്രഹദാനം, അന്തേവാസികൾ, അന്തക്കരണാഹ്വാനം അഥവാ അന്തർവാണി (Inner Voice) ഇങ്ങനെ ഒരു ഗാന്ധി മതത്തിന്റെ രൂപവത്ക്കരണത്തിന് വഴിതെളിക്കുന്ന സകല സാമഗ്രികളും സമ്പ്രദായങ്ങളും അദ്ദേഹം അംഗീകരിച്ചിട്ടുണ്ട്."[19] എന്ന് 'വിമർശനരശ്മി' എന്ന ഗ്രന്ഥത്തിൽ കുറ്റിപ്പുഴ ഉപദർശിക്കുന്നുണ്ട്. ഗാന്ധിമതം സാധാരണ രീതിയിലുള്ള ഒരു മതമല്ല. മതവും രാജ്യതന്ത്രവും ഇടകലർന്നിണങ്ങിയ ഒരു വിചിത്ര സൃഷ്ടിയത്രെ. തന്മൂലം അതിന്റെ വശീകരണത്തിന് വ്യാപ്തികൂടും എന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. ഇന്ത്യ ഉറങ്ങുന്നതും ഉണരുന്നതും മതത്തിൽ കൂടിയാണെന്ന് മറ്റാരെക്കാളും മനസ്സിലാക്കിയിട്ടുള്ളത് ഗാന്ധിജിയാണെന്നാണ് കുറ്റിപ്പുഴ പറയുന്നത്. "ഭൗതിക വസ്തുക്കളേയും ധനത്തേയും പറ്റിയുള്ള അദ്ദേഹത്തിന്റെ ധാർമ്മിക ശാസ്ത്രം ഒരു സൂക്ഷിപ്പുകാരന്റെ (ട്രസ്റ്റിയുടെ)

ധാരണയായിരുന്നു. ഓരോ മനുഷ്യ ജീവിതവും അയ്യാളുടെ കഴിവുകളും നേട്ടങ്ങളും അയാൾക്ക് ലഭിക്കുന്ന എല്ലാം തന്നെ സുക്ഷിക്കുന്ന ഒരു ട്രസ്റ്റിയാണ്. ഒരു ട്രസ്റ്റിയുടെ ചുമതല അയാളുടെ അധികാരവും ധനവും വേണ്ട വിധത്തിൽ സൂക്ഷിക്കുന്നതിന് മാത്രമല്ല, അത് നിസ്വാർത്ഥമായി മറ്റുള്ളവരുടെ ഗുണത്തിനുവേണ്ടി ഉപയോഗിക്കുന്നതിൽക്കൂടി അത് നിക്ഷിപ്തമായിരിക്കുന്നു."[20] ഗാന്ധിജിയുടെ ഈ ട്രസ്റ്റിഷിപ്പ് സിദ്ധാന്തത്തെ ഏറ്റവും ആപൽക്കരമായാണ് കുറ്റിപ്പുഴ കാണുന്നത്. മുതലാളിമാരെയെല്ലാം പാവങ്ങളുടെ ട്രസ്റ്റിമാരാക്കാമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസമെന്നും, കുറുക്കന്റെ കയ്യിൽ കോഴിയെ വളർത്താൻ കൊടുക്കുന്നതു പോലെ അർത്ഥശൂന്യമെന്നുമാണ് കുറ്റിപ്പുഴയുടെ അഭിപ്രായം. അന്ധവും അപ്രായോഗികവുമായ ഈ കാഴ്ചപ്പാട് ക്യാപിറ്റലിസത്തെ പവിത്രീകരിക്കാനുള്ള ശ്രമമായാണ് അദ്ദേഹം വിലയിരുത്തുന്നത്. മുതലാളിമാർക്ക് മാനസാന്തരമുണ്ടായി പാവങ്ങളെക്കൂടി രക്ഷിച്ചുകൊള്ളും എന്ന വിശ്വാസത്തണലിലാണ് അതിന്റെ നിലനിൽപ്. മറിച്ച് പ്രായോഗികമായ ഒരു കാര്യപരിപാടി മുന്നോട്ട് വെക്കുവാൻ ഗാന്ധിജിക്ക് കഴിയുന്നില്ലെന്നും കുറ്റിപ്പുഴ വിമർശിക്കുന്നുണ്ട്.

സ്വാതന്ത്ര്യമെന്നാൽ രാമരാജ്യമാണെന്ന ഗാന്ധിജിയുടെ അഭിപ്രായത്തേയും കുറ്റിപ്പുഴ ചോദ്യം ചെയ്യുന്നുണ്ട്. വർണ്ണാശ്രമ വ്യവസ്ഥയ്ക്ക് പുതിയ വ്യാഖ്യാനം കൊടുത്ത്, പഴയ അയോദ്ധ്യയുടെ മാതൃകയിലേക്ക് ഇന്ത്യയെ പിടിച്ച് വലിച്ചുകൊണ്ട് പോവുകയാണോ എന്നാണ് അദ്ദേഹത്തിന് സംശയം. ബ്രിട്ടീഷ് ഭരണം അവസാനിച്ചാൽ ഇന്ത്യ ആര് ഭരിക്കണമെന്ന് ഗാന്ധിജി വ്യക്തമാക്കുന്നില്ല. പാവങ്ങളുടെ ട്രസ്റ്റിമാരായ ടാറ്റാമാരും ബിർളമാരും സെമീന്ദാർമാരുമാണോ? ഇന്ത്യ ഭരിക്കേണ്ടതെന്ന് കുറ്റിപ്പുഴ ചോദിക്കുന്നുണ്ട്. ഗാന്ധിജി മുന്നോട്ട് വയ്ക്കുന്ന ധാർമ്മിക സ്വാതന്ത്ര്യം നടപ്പിലാക്കണമെങ്കിൽ ഭാരതീയരെല്ലാം ഗാന്ധിമാരായി തീരേണ്ടിവരുമെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. ഇതെല്ലാം ഒരു സ്വപ്നലോക സഞ്ചാരമെന്നേ കുറ്റിപ്പുഴക്ക് മനസ്സിലാകുന്നുള്ളൂ. ഗാന്ധിസം സോഷ്യലിസത്തിന്റെ മാർഗ്ഗത്തിൽ ഒരു വിലങ്ങ് തടിയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. 'ഗാന്ധിയൻ സോഷ്യലിസ'മെന്ന പുതിയ അവതാരത്തെ കുറ്റിപ്പുഴ ശക്തിയുക്തം എതിർക്കുന്നുണ്ട്. "സാമ്പത്തിക സമത്വങ്ങളേയും രാഷ്ട്രീയാവശതകളേയും ലഘൂകരിക്കുന്നതിന് വേണ്ടി ന്യായമായ വിതരണത്തെ അദ്ദേഹം പ്രചരിപ്പിച്ചു. മുതലാളി സമുദായത്തെ സോഷ്യലിസ്റ്റ് സമുദായമാക്കി പരിണമിപ്പിക്കുന്നതിനുതകുന്ന ട്രസ്റ്റിഷിപ്പ് സിദ്ധാന്തത്തെ അദ്ദേഹം വിഭാവന ചെയ്തു."[21] ലോകഗതി സോഷ്യലിസത്തിലേക്കായതിനാലാണ്, ഗാന്ധിസത്തിൽ സോഷ്യലിസത്തെ കണ്ടുപിടിച്ചതെന്നാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. ഇതിനെ ഒരു മാനസിക വഞ്ചനയെന്നാണ് അദ്ദേഹം പറയുന്നത്. തികച്ചും പരസ്പര വൈരുദ്ധ്യമുള്ളൊരു

പ്രയോഗമാണിത്. ഗാന്ധിസത്തിന്റെ ചിന്താഗതി ആദ്ധ്യാത്മികമാണ്, വൈരുദ്ധ്യവാദ രീതിയാണ് സോഷ്യലിസത്തിലേത്. ഈ രണ്ട് വിചാരക്രമങ്ങൾക്കും തമ്മിൽ ഒരുബന്ധവുമില്ലെന്ന് മാത്രമല്ല പരസ്പരവിപരീതവുമാണെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. ഗാന്ധിസം ഉപദേശം കൊണ്ട് വ്യക്തിയെ നന്നാക്കാൻ നോക്കുമ്പോൾ സോഷ്യലിസം പ്രായോഗികമായ ഒരു കർമ്മപരിപാടി കൊണ്ട് സാമൂഹ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനാണ് ശ്രമിക്കുന്നത്.

അഹിംസയും അക്രമരാഹിത്യവും ഗാന്ധിയൻ ദർശനങ്ങളുടെ കാതലാണ്. അഹിംസയെ ഒരു മൂടുപടമായാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. ഇന്നത്തെ ജീവിത സമ്പ്രദായത്തിൽ പരിപൂർണ്ണമായ അഹിംസ അത്യന്ത ദുഷ്കരമാണെന്ന് മാത്രമല്ല, അസാദ്ധ്യമാണെന്ന് കൂടിയാണ് അനുഭവം പഠിപ്പിക്കുന്നത്. പ്രകൃത്യാ വിചീനമായിട്ടുള്ളതാണ് മനുഷ്യനിൽ ഹിംസവാസന. മനുഷ്യനൊരു അന്തർലീന ഘാതകനെന്നാണ് വെത്സിന്റെ അഭിപ്രായം. ഉദ്ദീപകങ്ങളായ പരിതസ്ഥികളിൽ ഈ ഹിംസവാസന തലപൊക്കുന്നു. ഇത് തേഞ്ഞ് മാഞ്ഞ് പോകണമെങ്കിൽ പരിതഃസ്ഥിതിയിൽ തദനുരൂപമായ പരിവർത്തനം സംഭവിക്കണം. ജീർണ്ണിച്ച സാമൂഹ്യവ്യസ്ഥയിലും സാമ്പത്തിക ക്രമത്തിലും മനുഷ്യസ്വഭാവം നന്നാകണം; ആരേയും ഹിംസിക്കരുത്, കൊല്ലരുത് എന്ന ഉപദേശത്തിനൊന്നും ഒരു പ്രസക്തിയുമില്ലെന്നാണ് കുറ്റിപ്പുഴയുടെ കാഴ്ചപ്പാട്. ഒരാത്മീയാദർശമെന്ന നിലയിൽ മാത്രമേ അഹിംസാ സിദ്ധാന്തം വെച്ചു പുലർത്തുവാൻ കഴിയുകയുള്ളൂ. ഗാന്ധിജിക്കുപോലും ഈ തത്ത്വത്തെ പൂർണ്ണമായി ഉപജീവിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് തെളിയിക്കുന്നുണ്ട്. ഇന്ത്യക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന പക്ഷം യുദ്ധത്തിൽ ഇംഗ്ലീഷുകാർക്ക് വേണ്ടി തോക്കെടുക്കാനും അദ്ദേഹം സമ്മതിക്കുന്നു. സ്വതന്ത്ര ഇന്ത്യ യഥേഷ്ടം ആയുധമെടുക്കുകയും സൈന്യബലം ഉറപ്പിച്ചതോടുംകൂടി അഹിംസ – ഒരു മൂടുപടമായി തീർന്നെന്നാണ് കുറ്റിപ്പുഴ സ്ഥാപിക്കുന്നത്.

ഗാന്ധിജിയുടെ സമരമാർഗ്ഗമായ സത്യഗ്രത്തെ 'മരണപ്പട്ടിണി' എന്നാണ് കുറ്റിപ്പുഴ വ്യാഖ്യാനിക്കുന്നത്. സത്യഗ്രഹത്തിലെ സത്യത്തെ നിർവ്വചിക്കാൻ കഴിയാത്തതിനാൽ നിരാഹാരം മാത്രമേ അർത്ഥവത്തായിട്ടുള്ളൂ എന്ന് അദ്ദേഹം കണ്ടെത്തുന്നു. മഹാത്മഗാന്ധിക്ക് സത്യനിർണ്ണയത്തിനുള്ള അവസാന മാനദണ്ഡം മനസ്സാക്ഷിയുടെ കല്പനയാകുന്നു. ഈ പട്ടിണി സമരം ഒരു തരം ഹിംസാ മാർഗ്ഗമല്ലേയെന്ന് കുറ്റിപ്പുഴ ചോദിക്കുന്നുണ്ട്. എതിരാളിയെ കീഴ്പ്പെടുത്തുന്നതിനു വേണ്ട ബല പ്രയോഗം ഇതിലുണ്ട്. അത് മാനസികമാണെന്നേയുള്ളൂ. ബലപ്രയോഗം ഏത് രൂപത്തിലായാലും അതിൽ ഹിംസയുണ്ടെന്നാണല്ലോ ഗാന്ധി സിദ്ധാന്തം വിഭാവന ചെയ്യുന്നതെന്ന് സ്ഥാപിക്കുന്നതിലൂടെ അഹംസാ തത്ത്വത്തിന്റെ നിലനിൽപ് വീണ്ടും പരിങ്ങലിലാവുകയാണ്. പീഢാനുഭവം സ്വയം

ഏറ്റെടുത്ത് രസിക്കുകയും അതുവഴി അന്യരെ വിഷമിപ്പിക്കുകയും ചെയ്യുന്ന സ്വഭാവ വിശേഷത്തെ 'മസോക്കിസം' എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ഇതിന്റെ ഒരു പ്രകടനം തന്നെയാണ് മരണാന്തോപവാസത്തിലും കാണുന്നത്. ഗാന്ധിജി വലിയ മാസോക്കിസ്റ്റായിരുന്നുവെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുള്ളതായി കുറ്റിപ്പുഴ വെളിപ്പെടുത്തുന്നു. "ഇന്ത്യയെ സംബന്ധിച്ച് 1920 മുതൽ 1948 വരെ ഗാന്ധിജിക്കും ഗാന്ധിസത്തിനും വല്ലാത്തൊരപ്രമാദിത്വം ലഭിച്ചിരുന്ന അക്കാലത്ത്, നേതാജി സുഭാഷ് ചന്ദ്രബോസിനുപോലും നിൽക്കക്കള്ളിയില്ലാതായ സന്ദർഭം, ഇത്തരമൊരു ഘട്ടത്തിലാണ് ഗാന്ധിയൻ ദർശനങ്ങളുടെ അശാസ്ത്രീയതയും അപ്രായോഗികതയും തുറന്ന് കാട്ടിക്കൊണ്ട് കുറ്റിപ്പുഴ എഴുതുകയും പ്രസംഗിക്കുകയും ചെയ്തത്"[22] എന്ന് ഐ.വി. ദാസ് തുറന്നെഴുതുന്നുണ്ട്.

കുറ്റിപ്പുഴയുടെ 'വിചാരവിപ്ലവം' എന്ന ഗ്രന്ഥത്തിലെ 'വിചിത്രമായ ഗുരുശിഷ്യബന്ധം' എന്ന പ്രബന്ധത്തിൽ നെഹ്റുവിനോട് ലണ്ടനിൽ വെച്ച് 'അങ്ങ് ഗാന്ധിജിയുടെ ശിഷ്യനാണോ?' എന്ന് ചോദിച്ചപ്പോൾ 'മത കാര്യങ്ങളിലല്ല' എന്ന മറുപടിയെ ഉയർത്തിപ്പിടിക്കുന്നതിലുള്ള വ്യഗ്രതയിലാണ്, ഗാന്ധിയൻ ദർശനങ്ങളോടുള്ള കുറ്റിപ്പുഴയുടെ വിയോജിപ്പിന്റെ മർമ്മം കാണുവാൻ കഴിയുന്നത്. ഗാന്ധിജിയുടെ അന്ധമായ മതപ്രതിപത്തിയും, മതത്തേയും രാജ്യതന്ത്രത്തേയും ആപല്ക്കരമാംവിധം കൂട്ടിക്കുഴക്കുവാനുള്ള പരിശ്രമത്തേയുമാണ് അദ്ദേഹം എതിർക്കുന്നത്. ചരിത്രം പിൽക്കാലത്ത് അതിന്റെ അപകടങ്ങൾ തെളിയിക്കുകയും ചെയ്തു. എങ്കിലും മഹാത്മാവായ ഗാന്ധിജിയെ മനുഷ്യ മഹത്വത്തിന്റെ ഉന്നതകോടിയിലാണ് കുറ്റിപ്പുഴ പ്രതിഷ്ടിക്കുന്നത്. ഇന്ത്യയുടെ ആത്മവാവിൽ ലയിച്ചു ചേർന്നിരിക്കുകയാണ് ഗാന്ധി. സാമാന്യജനത അദ്ദേഹത്തിന്റെ പിന്നാലെ പൊയ്ക്കൊണ്ടിരിക്കുന്നതിന് പിന്നിൽ, ആത്മീയ സമ്പർക്കവും അഥവാ മാനസികമായ ഏകീഭാവവുമാണെന്ന് പറയാൻ അദ്ദേഹം മടികാണിക്കുന്നില്ല. 'വിമർശനരശ്മി' എന്ന ഗ്രന്ഥത്തിൽ ഗാന്ധിജിയേയും ബർണാഡ്ഷായേയും ഒരു താരതമ്യ പഠനത്തിന് വിധേയമാക്കുന്നുണ്ട്. ആധുനിക ലോകത്തെ കിഴുക്കാം തൂക്കായ മലയോരങ്ങളിലൂടെ ഓടുന്ന തീവണ്ടിയോടുപമിച്ചാൽ അതിന്റെ മുന്നിലേയും പിന്നിലേയും ശക്തികേന്ദ്രങ്ങളാണ് ഇവരെന്ന് പറയാം. എങ്ങനെ ജീവിക്കണം എന്നതിന് ഉത്തമനിദർശനങ്ങൾ കൂടിയാണിവർ. ത്യാഗം ഉടലെടുത്തതായാണ്, ഗാന്ധിജിക്ക് കുറ്റിപ്പുഴ നൽകുന്ന വിശേഷണം. ലോകത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്ന രണ്ട് മഹാസ്ഥാപനങ്ങളായി രണ്ട് പേരും വളർന്നിരിക്കുന്നു.

ഗാന്ധിജിയുടെ അഹിംസ, സത്യഗ്രഹം, ട്രസ്റ്റിഷിപ്പ് മുതലായ ദർശനങ്ങളെ കഠിനമായ ഭാഷയിൽ വിമർശിക്കുന്ന കുറ്റിപ്പുഴ മഹാത്മാവിലെ വ്യക്തി മഹത്വത്തെ ആരാധിച്ചിരുന്നു. ഈ വൈചിത്ര്യം കൂടുതൽ വ്യക്തമാകണമെങ്കിൽ കുറ്റിപ്പുഴയുടെ

ജീവിതത്തിലേക്ക് നോക്കണം. ഗാന്ധിജിയുടെ ജീവിതചര്യകളിലെ ഏറിയ പങ്കും കുറ്റിപ്പുഴ സ്വജീവിതത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഖദർ വസ്ത്രധാരണം, ജീവിത ലാളിത്യം, സത്യസന്ധതയിൽ നിന്ന് വ്യതിചലിക്കാത്ത ജീവിത നിഷ്ഠ ഇവയിലെല്ലാം കാണാം ഒരു ഗാന്ധിയൻ സ്പർശം. മഹാത്മാവിന്റെ മരണവാർത്തയറിഞ്ഞ കുറ്റിപ്പുഴ, അനുജനെ (ചന്ദ്രൻ) കെട്ടിപ്പിടിച്ച് ഉറക്കെ കരഞ്ഞ സംഭവം കുറ്റിപ്പുഴ ചന്ദ്രൻ വിവരിക്കുന്നുണ്ട്. അപൂർവ്വമായ സന്ദർഭങ്ങളിലേ അദ്ദേഹം ഇങ്ങനെ കരഞ്ഞ് കണ്ടിട്ടുള്ളൂ എന്ന് പറയുമ്പോൾ, ഗാന്ധിജിയെ കുറ്റിപ്പുഴ സ്വന്തം മനസ്സിന്റെ എത്ര ഉന്നതസ്ഥായിലായിരിക്കും പരിഗണിച്ചിരുന്നതെന്ന് വ്യക്തമാണല്ലോ. എങ്കിലും ഗാന്ധിയൻ ദർശനങ്ങൾ ഭാവി ഭാരതത്തെ ഭാസുരമാക്കാൻ പോന്നതല്ലെന്ന് ഒരായിരം പ്രാവശ്യം സ്ഥാപിക്കുവാൻ കുറ്റിപ്പുഴക്ക് ഒരു മടിയുമില്ല. നിഷ്പക്ഷത, നിർബാധത എന്നൊക്കെപ്പറയുന്ന സമീപനം ഇതു തന്നെയല്ലേ? മലയാള നിരൂപണ രംഗത്ത് എത്രപേർക്കുണ്ട് ഈ മഹത്വമെന്ന് ചിന്തിക്കേണ്ടതാണ്.

ഗാന്ധിയൻ ദർശനങ്ങളുടെ അപ്രായോഗികതയെ പൊന്തിച്ച് കാണിക്കുന്ന കുറ്റിപ്പുഴ അതിന് ബദലായി കൊണ്ടുവരുന്നത് മാർക്സിയൻ തത്ത്വശാസ്ത്രവും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുമാണ്. ഭാരതത്തിന്റെ ഭാവി രിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ഇത്തരം ആശയങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടതെന്നും അദ്ദേഹം സ്ഥാപിക്കുന്നുണ്ട്. 'ചിന്താതരംഗം' എന്ന ഗ്രന്ഥത്തിൽ ധനശക്തിയുടേയും അധികാര ശക്തിയുടേയും അപ്രമാധിത്വം മുമ്പ് സൂചിപ്പിച്ചിട്ടുള്ളതാണ്. ധനശക്തി കേന്ദ്രീകരിക്കുമ്പോഴുണ്ടാകുന്ന ദോഷങ്ങളെ ചൂണ്ടിക്കാണിച്ച് ശാസ്ത്രീയമായ സോഷ്യലിസം കൊണ്ട് അവക്ക് പരിഹാരം കണ്ടുപിടിച്ച ലോകാചാര്യനാണ് മാർക്സ് എന്ന് തെളിഞ്ഞിട്ടുള്ളതുമാണ്. എന്നാൽ, അധികാര ശക്തിയും ഇതുപോലെ കേന്ദ്രീകൃതമായി സാമൂഹ്യജീവിതത്തെ അലങ്കോലപ്പെടുത്തുമെന്ന് കാണുവാനുള്ള കണ്ണ് മാർക്സിനില്ലാതെ പോയെന്ന് കുറ്റിപ്പുഴ തുറന്ന് പറഞ്ഞിട്ടുമുണ്ട്. മാർക്സ് കാണാത്ത ഈ സത്യം ദർശിച്ചത് മഹാത്മാഗാന്ധിയാണെന്ന് സ്ഥാപിക്കുവാൻ അവിടെ കുറ്റിപ്പുഴ മടിക്കുന്നില്ല. "അമേരിക്കൻ സമാധാന പ്രവർത്തകനായിരുന്ന ഹെൻട്രി ഡേവിഡ് തോറോയുടെ ആശയങ്ങളിൽ ഗാന്ധിജി ആകൃഷ്ടനായി. രാജ്യത്തിന്റെ നീതി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ട ഒരു ഗവൺമെന്റിനെ അംഗീകരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. ഗാന്ധിജിയുടെ അരാജകത്വ ദർശനത്തിന് തോറോയുടെ പ്രഖ്യാപനത്തിന്റെ പിന്തുണയുണ്ടായിരുന്നു."[23] ഏറ്റവും കുറച്ചുമാത്രം ഭരിക്കുന്ന ഒരു ഗവൺമെന്റിനെയെ ഗാന്ധിജി അംഗീകരിച്ചിരുന്നുള്ളൂ. അധികാരം മനുഷ്യ സ്വഭാവത്തെ ദുഷിപ്പിക്കുമെന്ന സാർവലൗകിക സത്യത്തെ ഗാന്ധിജി കണ്ടിരുന്നു. ഗാന്ധിജി നിർദ്ദേശിച്ച പഞ്ചായത്തീരാജ് അധികാരശക്തിയുടെ ദുർഭരണ ഭൂതത്തെ

ഉച്ചാടനം ചെയ്യാനുള്ള ഒന്നാമത്തെ മന്ത്രമായി കുറ്റിപ്പുഴ അംഗീകരിക്കുന്നു. റഷ്യൻ തത്ത്വ ജ്ഞാനിയായ ബകുനിൻ ആവിഷ്ക്കരിച്ച 'അരാജകത്വസിദ്ധാന്ത'ത്തിന്റെ ആരാധകനായിരുന്നു മഹാത്മാഗാന്ധി. അദ്ദേഹത്തിന്റെ പഞ്ചായത്തീരാജ് സങ്കല്പത്തിൽ നിഴലിക്കുന്നത് ഈ ദർശനമാണ്. ഏകലോകത്തിന്റേയും അരാജക സിദ്ധാന്തത്തിന്റേയും വക്താവാണ് കുറ്റിപ്പുഴയും. ഇപ്രകാരം നോക്കുമ്പോൾ വിരുദ്ധ ദ്രവങ്ങളിലൂടെ സഞ്ചരിക്കുന്ന ഈ രണ്ട് രേഖകൾ ഒന്നിക്കുന്നത് ഇവിടെ മാത്രമാണ്. അതായത് അധികാര വികേന്ദ്രീകരണത്തിന്റെ കൊടുമുടിയിൽ.

### അടിക്കുറിപ്പുകൾ

1. പവനൻ, യുക്തിവിചാരം, എൻ.ബി.എസ്., കോട്ടയം, 1971, പു. 44
2. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ. തൃശൂർ, 1996, പു. 51
3. അതേ പുസ്തകം, പു. 77
4. ഒരു സംഘം ലേഖകർ, ബുദ്ധമതം – ദർശനവും ചരിത്രവും, കേ.ഭാ.ഇ., തിരു., 1973, പു. 12
5. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ. തൃശൂർ, 1996, പു. 131
6. കെ. വാസുദേവൻ മൂസ്സത്, സാഹിത്യകിരണം, പി.കെ. ബ്രദേഴ്സ്, കോഴിക്കോട്, 1961, പു. 94
7. ഡോ. ധർമ്മരാജ് അടാട്ട്, ലോകായത ദർശനം, ഡി.സി.ബുക്സ്, കോട്ടയം, 1998, പു. 39
8. ഡോ. ജേക്കബ് കട്ടയ്ക്കൽ, അദ്വൈത വേദാന്ത ധർമ്മശാസ്ത്രം, എൻ.ബി. എസ്., കോട്ടയം, 1982, പു. 164
9. മാമ്പുഴ കുമാരൻ, അനുമാനം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1998, പു. 31

10. വി. അരവിന്ദാക്ഷൻ, പഴമയും പുതുമയും, കറന്റ് ബുക്സ്, തൃശൂർ, 1967, പു. 55

11. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ. തൃശൂർ, 1996, പു. 269

12. കെ.പി. അപ്പൻ, കലഹവും വിശ്വാസവും, ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ് ലിമിറ്റഡ്, കോട്ടയം, 1984, പു. 159

13. പ്രൊഫ. എം.കെ. സാനു, ശ്രീനാരായണ ഗുരു, എൻ.ബി.എസ്., കോട്ടയം, 1999 പു. 27

14. പവനൻ, യുക്തിവിചാരം, എൻ.ബി.എസ്., കോട്ടയം, 1971, പു. 60

15. കുറ്റിപ്പുഴ കൃഷ്ണപിള്ള, സ്മരണ മഞ്ജരി, കേ.സാ.അ. തൃശൂർ, 2003 പു. 15

16. അതേ പുസ്തകം, പു. 35

17. കുറ്റിപ്പുഴ ചന്ദ്രൻ, എന്റെ വല്യേട്ടൻ, എൻ.ബി.എസ്., കോട്ടയം, 1976, പു. 49

18. പി.കെ.ബി. നായർ, കുറ്റിപ്പുഴ കൃഷ്ണപിള്ള (ജീവ ചരിത്രം), എൻ.ബി.എസ്., കോട്ടയം, 1973, പു. 53

19. കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം, കേ.സാ.അ., തൃശൂർ 1998, പു. 78

20. ബി.കെ. അഹ്ലുവാലിയ, ഗാന്ധി പലകാഴ്ചപ്പാടുകൾ, (വിവ. ആർ.ലീലാ ദേവി), വീനസ് പ്രസ് & ബുക്ക് ഡിപ്പോ, കോന്നി, 1969, പു. 84, 85

21. ഡോ.എസ്. രധാകൃഷ്ണൻ, മഹാത്മാ ഗാന്ധി 100 വർഷങ്ങൾ, എൻ.ബി.എസ്., കോട്ടയം, 1969, പു. 79

22. ഐ.വി. ദാസ്, ലേഖനമാല, റോക്കറ്റ് ബുക്സ്, തലശ്ശേരി, 1972, പു. 65

23. ഡോ.ജേക്കബ് പുളിക്കൽ (എഡി.) ഗാന്ധിജി ജീവിതവും ദർശനവും, ഗാന്ധിയൻ പഠനകേന്ദ്രം, കേരള സർവ്വകലാശാ, തിരു., 1999, പു. 43

# ഏഴ്

# യുക്തിവിവേകത്തിന്റെ നിരൂപണരൂപം

# 7

പാശ്ചാത്യ പൗരസ്ത്യ ദർശനങ്ങളെ മൗലികമായി സമീപിക്കുന്ന കുറ്റിപ്പുഴയുടെ സ്വതന്ത്രചിന്ത ഏറെ വ്യാപരിക്കുന്നത് യുക്തിവാദപരമായ പ്രബന്ധങ്ങളിലാണ്. ജീവിത വിമർശകനായ കുറ്റിപ്പുഴ, യുക്തിവാദത്തെ ഒരു നിരൂപണപദ്ധതിയായി വികസിപ്പിച്ചെടുക്കുകയും അതിന്റെ അവതാരകനായി തീരുകയും ചെയ്തു. ഇത് വിചാരരംഗത്ത് വിപ്ലവത്തിന്റെ കൊടുങ്കാറ്റ് സൃഷ്ടിക്കാൻ പോന്നതായിരുന്നു. അപ്രതിരോധമായിരുന്നു കുറ്റിപ്പുഴയുടെ യുക്തിഭദ്രമായ രചനകളിലേറെയും. ചിന്താലോകത്തെ പ്രക്ഷുബ്ധമാക്കുകയല്ല, സ്വതന്ത്ര ചിന്തയുടെ ഒരു നവ്യപ്രകാശം പരത്തുവാനും അവ ഉപകരിച്ചു. ഇതിലൂടെ ഭൗതികവും യുക്തിഭദ്രമായ ഒരു നവ്യജീവിത ദർശനം മുന്നോട്ട് വെക്കുവാൻ കുറ്റിപ്പുഴക്ക് കഴിഞ്ഞു.

യുക്തിയെ അഥവാ ന്യായത്തെ അവലംബിച്ചുള്ള വാദമാണ് യുക്തിവാദം. സംശയിക്കുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, പരീക്ഷിക്കുക എന്നതിലൂടെ സത്യത്തെ സ്വയം കണ്ടെത്തുക എന്നതാണ് യുക്തിവാദം അവലംബിക്കുന്ന രീതി. സംശയം ചോദ്യത്തിലേക്കും ചോദ്യം അന്വേഷണത്തിലേക്കും നമ്മെ നയിക്കും. യുക്തിവാദം ഒരു വിചാര പദ്ധതിയാണെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. മനുഷ്യ സ്വഭാവത്തിൽ മനനശീലം ഉള്ളതാണെങ്കിലും ജ്ഞാന സമ്പാദനത്തിൽ യുക്തിയുക്തമായ വിചാരം അധികംപേരിലും കാണാറില്ല. അതുകൊണ്ട് തന്നെ നമ്മളിൽ രൂപപ്പെട്ടിരിക്കുന്ന അഭിപ്രായങ്ങളിൽ പലതും അന്യന്മാരുടേതാണ്. പ്രത്യക്ഷം, അനുമാനം, ഉപമാനം, ശാബ്ദം, എന്ന നാല് മാർഗ്ഗങ്ങളിലുടെയാണ് നമുക്ക് അറിവുണ്ടാകുന്നതെന്ന് പ്രമാണമുണ്ട്. എന്നാൽ ഈ വഴികളിലെല്ലാം തെറ്റ് പറ്റാമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. അതുകൊണ്ടാണ് ജ്ഞാനത്തെ പ്രമ (യഥാർത്ഥം) ഭ്രമം (അയഥാർത്ഥം) എന്ന് രണ്ടായി തിരിച്ചിരിക്കുന്നത്. അയഥാർത്ഥ ജ്ഞാനം കൊണ്ട് ലോകത്തിനുണ്ടായിട്ടുള്ള ആപത്ത് അല്പമൊന്നുമല്ല. അപ്പോൾ ജ്ഞാന വിഷയകമായി വന്നുചേരുന്ന ഈ ഭ്രമം നിവാരണം ചെയ്യുന്നതിന്

യുക്തിചിന്ത ആവശ്യമാണെന്ന് കുറ്റിപ്പുഴ വാദിക്കുന്നു.

മനുഷ്യമനസ്സ് അതിവിചിത്രമായ ഒരു കലവറയാണ്. അതിനകത്ത് ആയിരവും രണ്ടായിരവും കൊല്ലത്തെ പഴക്കമുള്ള ചരക്കുകൾ കിടപ്പുണ്ട്. യുക്തിവാദത്തിന്റെ നേരേ അട്ടഹാസം മുഴക്കുന്ന ജീർണ്ണഭാണ്ഡങ്ങളാണിവയെന്നും, സ്വതന്ത്ര ചിന്തക്ക് ഈ പഴം ചരക്കുകൾ പ്രതിബന്ധമായി നിലകൊള്ളുന്നുവെന്നും കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. ഭൂതകാല മർദ്ദനത്തിൽ വാർത്തെടുത്ത ഒരു പ്രത്യേക കരുവാണ് നമ്മുടെ മനസ്സ്. അതുകൊണ്ടുതന്നെ നമുക്ക് കിട്ടുന്ന ഏത് തരം പുതിയ അറിവും ഈ പഴയ കരുവിൽ കൊള്ളത്തക്ക വണ്ണം മാറി മറിഞ്ഞുകൊണ്ടിരിക്കും. അറിവിനനുസരിച്ച് മനോഗതി മാറുകയില്ല, മറിച്ചാണ് സംഭവിക്കുന്നതെന്ന് വരുന്നു. ദൈവഭീതിയാണ് ജ്ഞാനത്തിന്റെ ആരംഭം എന്നൊരു വിശ്വാസമുണ്ടായിരുന്നു. “ഹൈന്ദവ വിജ്ഞാന മണ്ഡലത്തിന് മറ്റെങ്ങുമില്ലാത്ത ഒരു വിശേഷമുണ്ട്. പണ്ട് ജ്ഞാനികളുടെ രാജാവായ ശലമോൻ പറഞ്ഞിട്ടുണ്ടത്രെ, ‘ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭ’മെന്ന എന്നാൽ ഹിന്ദുക്കൾ ശലമോനും സഹസ്രാബ്ദങ്ങൾക്ക് മുമ്പ് പറയുകയല്ല, എഴുതുകയല്ല, സ്ഥാപിക്കുകയും ഉദാഹരിക്കുകയും തന്നെ ചെയ്തിരിക്കുന്നത് “സകല ജ്ഞാനവും ദൈവത്തിൽ നിന്ന് സ്വയം നിർഗ്ഗളിച്ചിട്ടുള്ളതാണ്’ എന്നതാകുന്നു.”[1] ഈ അന്ധമായ വിശ്വാസം പാശ്ചാത്യദേശത്ത് ഉണ്ടാകുന്നതിനും മുമ്പേ കിഴക്കുണ്ടായിരുന്നുവെന്ന് സ്ഥാപിക്കുവാനാണ് പുത്തേഴത്ത് രാമൻമേനോൻ പണിപ്പെടുന്നത്. ദൈവ ഭീതിയല്ല സംശയമാണ് ജ്ഞാനത്തിന്റെ ആരംഭം എന്നാണ് യുക്തിവാദം സിദ്ധാന്തിക്കുന്നത്.

സംശയിക്കുവാനും അന്വേഷിക്കുവാനും ആദ്യമായി ധൈര്യപ്പെട്ട സുധീര ചിന്തകൻ സോക്രട്ടീസ് എന്നാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. ഇത്തരം യുക്തി വാദികളാണ് വിജ്ഞാന മണ്ഡലത്തിൽ വന്നിട്ടുള്ള പരിവർത്തനങ്ങൾക്കെല്ലാം കാരണഭൂതർ. “അറിവാകുന്ന ജലം മുന്നോട്ട് ഒഴുകാതെ കെട്ടി നിന്ന് ദുഷിക്കാൻ തുടങ്ങിയ ഓരോ ഘട്ടത്തിലും ഇത്തരം ചിന്തകന്മാർ അന്ധതയോട് പടപൊരുതി ജനസമുദായത്തെ പ്രബുദ്ധമാക്കിയിട്ടുണ്ട്. അവരൊക്കെയും ഇതുവരെ പ്രചരിപ്പിച്ചിരുന്ന വിശ്വാസങ്ങളേയും വിചാരങ്ങളേയും യുക്തിവാദ ഖഡ്ഗം കൊണ്ട് ഖണ്ഡിച്ചവരാണ്”[2] എന്നാൽ സോക്രട്ടീസിന്റെ ശിഷ്യന്മാർ ഈ വിജ്ഞാന പുരോഗമനത്തെ ഏറെനാൾതടയിട്ടിരുന്നുവെന്നതാണ് മറ്റൊരു വൈരുദ്ധ്യം. ഇതിനെക്കുറിച്ച് കുറ്റിപ്പുഴ ‘മാനസികമായ അടിമത്തം’ എന്ന പ്രബന്ധത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഡെമോക്രീറ്റസിന്റെ അണുസിദ്ധാന്തത്തെപ്പോലും അംഗീകരിക്കാൻ ലോകത്തെ ഇവർ അനുവദിച്ചിരുന്നില്ലത്രെ. ഇത്തരം ഒരു ബുദ്ധിസ്തംഭനത്തിന് കാരണം സോക്രട്ടീസിന്റെ തത്ത്വചിന്തയുടെ അടിമത്തം ഒരു കാലഘട്ടം മനസ്സാവരിച്ചതുകൊണ്ടായിരുന്നു. ഇത് യുക്തിവാദത്തിന്റെ മാർഗ്ഗത്തിന് തടസ്സം സൃഷ്ടിക്കുന്നതാണെന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്. മറ്റ്

വിഷയങ്ങളെ അപേക്ഷിച്ച് മതത്തിലാണ് മനുഷ്യന്റെ ചിന്താശക്തി കൂടുതൽ ക്ഷയിച്ചുപോയിട്ടുള്ളത്. അന്ധവിശ്വാസത്തിന്റെ ആക്രമണം മതകാര്യങ്ങളിലാണ് ഏറ്റവും കൂടുതൽ കാണപ്പെടുന്നത്. വിശ്വാസം അകത്ത് കടക്കുമ്പോൾ യുക്തിവിചാരം പുറത്ത് പോകുന്നു (When faith comes in, reason goes out) എന്ന അഭിപ്രായത്തോട് കുറ്റിപ്പുഴ യോജിക്കുന്നുണ്ട്.

"ഏതാനുംപേർ ചിന്തിക്കുന്നു. ബാക്കിയുള്ളവർ അവരുടെ പിറകേ പോകുന്നു. ഇതാണ് മനുഷ്യചരിത്രത്തിൽ നാം കാണുന്ന കാഴ്ച. ഒരു സംഗതിയെപ്പറ്റി ശരിയായി ചിന്തിക്കുന്നവർ ചുരുക്കമാകുന്നു. അവരിൽ തന്നെ ആ ചിന്ത സ്വതന്ത്രമായി കരുതുന്നവർ എത്രയോ ദുർലഭം"[3] എന്നതാണവസ്ഥ. ഒരു സംഗതിയെപ്പറ്റി യുക്തിപൂർവ്വം വിചാരണ ചെയ്ത് അഭിപ്രായം രൂപപ്പെടുത്തുകയും ആ അഭിപ്രായത്തിന്റെ സാധുത്വം സ്വാനുഭവങ്ങളിൽക്കൂടി പരിശോധിച്ചുകൊണ്ടിരിക്കുകയുമാണ് സ്വതന്ത്രചിന്തയുടെ ലക്ഷണമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നത്. നിക്ഷ്പക്ഷത, നിർബാധത എന്ന രണ്ട് ലക്ഷണങ്ങൾ തികഞ്ഞതാണ് സ്വതന്ത്രചിന്ത. നമ്മുടെ ചിന്താഗതി സാധാരണയായി പലവിധത്തിലും ബാധിതമാകാറുണ്ട്. മനുഷ്യ പ്രകൃതിയിൽ കാണുന്ന ഭാവാധിക്യം, വീരാരാധന, സാമുദായികാചാരങ്ങൾ, മാമൂലുകൾ, മതവിശ്വാസങ്ങൾ, കക്ഷിവ്യവസ്ഥകൾ, രാഷ്ട്രീയ നിയമങ്ങൾ എന്നിങ്ങനെ പലതും ഒരുവന്റെ സ്വതന്ത്രമായ ചിന്താഗതിയെ ബാധിക്കുന്നു. ഇവകൊണ്ട് ചിന്തയുടെ സ്വച്ഛന്ദവ്യാപാരം തടസ്സപ്പെടുകയോ അതിനൊരു നിറപ്പകർച്ച വരികയോ ചെയ്യാതിരിക്കുന്ന അവസ്ഥയെയാണ് കുറ്റിപ്പുഴ വിവക്ഷിക്കുന്നത്. ആശയപരതന്ത്ര്യമാണ് സ്വന്തമായ ഒരഭിപ്രായം രൂപവല്ക്കരിക്കുവാൻ കഴിയാതെ പോകുന്നത്. മനുഷ്യസ്വഭാവത്തിൽ ഒളിഞ്ഞുകിടക്കുന്ന ഭാവാധിക്യമാണ് സ്വതന്ത്ര ചിന്തയുടെ ഒന്നാമത്തെ ശത്രുവായി കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. ചിന്തയെ ഹൃദയം പിടിച്ച് വലിക്കുന്നവശത്തേക്ക് തിരിയുകയും വൈകാരികതക്ക് അടിപ്പെട്ട് പോവുകയും ചെയ്യും. വീരാരാധനയിലും ഇത്തരത്തിലുള്ള ഒരു ഭാവപ്രവർത്തനം തന്നെയാണ് നടക്കുന്നത്. ഗാന്ധിജി, ബുദ്ധൻ, ക്രിസ്തു തുടങ്ങിയ ആചാര്യന്മാരുടെ വചനങ്ങളിൽ തദനുയായികൾ അസ്വതന്ത്രരായി തീരുന്നതും ഇപ്രകാരമാണെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു.

സാമുദായികാചാരങ്ങൾ, മാമൂലുകൾ, മതവിശ്വാസങ്ങൾ ഇവ സ്വതന്ത്രചിന്തയെ തടയുന്ന കാഴ്ചസാധാരണമാണ്. അതുപോലെ മതത്തോടും സമുദായത്തോടും രാജ്യത്തോടുമുള്ള അതിരറ്റ സ്നേഹവും അഭിമാനവും സ്വതന്ത്രചിന്തയെ ഹനിക്കാറുണ്ട്. എല്ലാ രാജ്യങ്ങളിലെ ഗവൺമെന്റും മനുഷ്യരുടെ ചിന്താപരമായ വളർച്ചയെ തടയുന്നുണ്ടെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം അനുവദനീയമാണെന്ന തത്ത്വം പരിഷ്കൃത

ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രയോഗത്തിൽ പല പ്രകാരത്തിലും അതിനു ചട്ടങ്ങൾ പ്രതിബന്ധങ്ങളായിരിക്കുന്നു. ഇങ്ങനെ പര്യാലോചന ചെയ്ത് നോക്കുമ്പോൾ നമ്മുടെ ചിന്താസരണിയിൽ നിഷ്പക്ഷത, നിർബാധത എന്ന രണ്ട് ഗുണങ്ങൾ തികഞ്ഞ് കാണുക എന്നത് എത്രയെത്ര വിഷമമാണെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. അതിനാൽ ഒരു ചിന്തകൻ അവന്റെ കുറവുകളെ ആത്മപരിശോധനമൂലം പരിഹരിക്കേണ്ടിയിരിക്കുന്നു. അത്യന്തം ദുഷ്കരമായ ഈ സംഗതിയിൽ വിജയം നേടുന്ന പണ്ഡിതന്മാരെയാണ് ലോകത്തിലെ യഥാർത്ഥ ജ്ഞാന ദാതാക്കളായി കുറ്റിപ്പുഴ പരിഗണിക്കുന്നത്.

ഒന്നിലും ഒരു പ്രത്യേകാഭിപ്രായം സ്ഥാപിക്കണമെന്ന് യുക്തിവാദികൾക്ക് ശാഠ്യമില്ല. അഭിപ്രായം ഏതായാലും കൊള്ളാം. അതിലേക്ക് വന്നുചേരുന്ന വഴിപിഴവില്ലാത്തതാകണം, തെളിഞ്ഞിരിക്കണം, യുക്തിക്ക് ചേർന്നിരിക്കണം എന്നേ അവർ നിർബന്ധിക്കുന്നുള്ളൂ. യുക്തിവാദത്തെ അഥവാ സ്വതന്ത്ര ചിന്തയെ സമീപിക്കുന്ന കുറ്റിപ്പുഴയുടെ നയവും ഇത് തന്നെയാണ്. സ്വതന്ത്ര ചിന്തയെന്നാൽ ഒരു തത്ത്വത്തേയും അംഗീകരിക്കാതെ സകല വ്യവസ്ഥിതിയേയും അനാദരിക്കുക എന്ന അർത്ഥത്തിലല്ല കുറ്റിപ്പുഴ അതിനെ സ്വീകരിച്ചിരിക്കുന്നത്. നിഷ്പക്ഷത, നിർബാധത എന്നീ രണ്ട് ഗുണങ്ങളെയാണ് പൊതുവിൽ സ്വീകരിക്കേണ്ടതെന്ന് അദ്ദേഹം നിഷ്കർഷിക്കുന്നു. വ്യക്തിപരമായി ഓരോരുത്തർക്കും ഉണ്ടാകാവുന്ന മതസംബന്ധമായ ഉത്തമ വിശ്വാസം എതിർക്കപ്പെടണമെന്ന് അദ്ദേഹത്തിനഭിപ്രായമില്ല. എന്നാൽ ജനസമുദായത്തെ പൊതുവേ ഖണ്ഡിച്ച് ചൂഷണം ചെയ്യത്തക്കവണ്ണം പുരോഹിതന്മാർ വളർത്തിക്കൊണ്ട് വന്നിട്ടുള്ളതും, വിശ്വസിക്കുന്നവനും അവനുൾപ്പെട്ട സമുദായത്തിനും ആപത്ക്കരമായിട്ടുള്ളതുമായ അന്ധവിശ്വാസങ്ങളെ കർക്കശമായി നിരൂപണം ചെയ്യുക എന്നതാണ് കുറ്റിപ്പുഴ അവലംബിച്ചിട്ടുള്ളത്. മതക്കാർക്കെന്നപോലെ യുക്തി വാദികൾക്കും ചില പ്രത്യേക വിശ്വാസങ്ങളും അഭിപ്രായങ്ങളുമുണ്ടെന്നും അവ സ്ഥിരങ്ങളാണെന്നും ഒരു ധാരണ പരന്നിട്ടുണ്ടെന്നതിനെ കുറ്റിപ്പുഴ ശക്തമായി എതിർക്കുന്നുണ്ട്. മാത്രമല്ല, യുക്തിവാദികളെ പൊതുവേ ബന്ധിക്കുന്ന ഒരു പ്രത്യേക അഭിപ്രായമോ വിശ്വാസമോ ഒരിക്കലുമുണ്ടായിട്ടില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിക്കുന്നത്. അങ്ങനെ ഒരു നിലവരുന്നത് അവർ സ്വീകരിച്ചിരിക്കുന്ന വിചാര പദ്ധതിക്ക് വിരുദ്ധമായി തീരുമെന്നതാണ്.

യുക്തിവാദികളോട് മല്ലിടാൻ വരുന്നവരുടെ കയ്യിൽ രണ്ട് തരം മതവും രണ്ട് തരം ഈശ്വരനുമുണ്ടെന്ന കുറ്റിപ്പുഴയുടെ തിരിച്ചറിവ്, അദ്ദേഹത്തിന്റെ വാദങ്ങൾക്ക് കൂടുതൽ ശക്തിയും പിന്തുണയും ലഭിക്കുന്നു. ഈശ്വരൻ സത്യസ്വരൂപനും ജ്ഞാനസ്വരൂപനുമാണെങ്കിൽ ഞാനും ഒരു വലിയ ഈശ്വര ഭക്തനാണെന്നാണ് കുറ്റിപ്പുഴ വാദിക്കുന്നത്. എന്തെന്നാൽ യുക്തിവാദികൾ സത്യത്തേയും

ജ്ഞാനത്തേയുമാണ് ആരാധിക്കുന്നത്. 'അസത്യത്തെക്കാൾ ആപൽക്കരമാണ് അർദ്ധസത്യം' എന്ന കുറ്റിപ്പുഴയുടെ പ്രഖ്യാപനം ഇന്നൊരാപ്തവാക്യമായി തീർന്നിട്ടുണ്ട്. അത് ജനതയെ യഥാർത്ഥ വസ്തുബോധത്തിൽ നിന്ന് തെറ്റിക്കുക മാത്രമല്ല, തെറ്റ് ശരിയാണെന്ന് തോന്നത്തക്കവിധം വിഭ്രമിപ്പിക്കുയും ചെയ്യും എന്നതാണ് ഇതിന്റെ ആപത്ത്. വിശ്വാസത്തേയും വികാരത്തേയും അവലംബിച്ച് മാത്രമാണ് നമ്മുടെ ഈശ്വരന്റെ നിലനിൽപ്പെന്ന് സ്ഥാപിക്കുവാൻ കുറ്റിപ്പുഴക്ക് നിരവധി കരുക്കളുണ്ട്. സ്വതന്ത്ര ചിന്തയെ തടയിടുന്ന ഘടകങ്ങളെ പരിശോധിക്കുന്ന കൂട്ടത്തിൽ ആധുനിക യുവ ലോകത്തിന്റെ ഉണർവ് കേവലം വികാരപരമാമെന്ന അഭിപ്രായമാണ് കുറ്റിപ്പുഴ പ്രകടിപ്പിക്കുന്നത്. ചിന്തകൊണ്ടുള്ള നിയന്ത്രണമില്ലാത്തതുകൊണ്ട് തന്നെ സ്വരാജ്യ സമ്പാദനത്തിനായി നരഹത്യക്ക് പോലും പുറപ്പെടുന്നതും സ്വതന്ത്ര ചിന്തയുടെ അഭാവമായി തന്നെയെന്ന് അദ്ദേഹം വിധിയെഴുതുന്നു. കേരളത്തിലെ യുവതലമുറയെ ഒരുകാലത്ത് ബാധിച്ചിരുന്ന തീവ്ര ഇടതുപക്ഷ വിശ്വാസങ്ങളായിരിക്കാം കുറ്റിപ്പുഴയെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്.

സ്വതന്ത്രചിന്തയെ പ്രതിരോധിക്കുന്ന ആധുനിക ഗവൺമെന്റുകളിൽ, ആധുനികാദർശങ്ങൾക്ക് മാതൃകയായ റഷ്യൻ ഗവൺമെന്റിനേയും കുറ്റിപ്പുഴ ഒഴിവാക്കുന്നില്ല. അവിടെ ചിന്താസ്വാതന്ത്ര്യമുണ്ടോ? എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം. സോവിയറ്റ് ഗവൺമെന്റിന്റെ തത്ത്വങ്ങളിൽ നിന്ന് ഭിന്നമായ ഒരു രീതിയിൽ ചിന്തിക്കുവാനോ അഭിപ്രായം സ്ഥാപിക്കുവാനോ ആർക്കും കഴിയില്ല എന്ന് പറയുമ്പോൾ, കുറ്റിപ്പുഴയുടെ സ്വതന്ത്രചിന്താ വ്യാഖ്യാനം അതിന്റെ വൈവിദ്ധ്യമാർന്ന തലങ്ങളെ പ്രാപിക്കുകയാണ്. ഇങ്ങനെ ചിന്തിച്ചുപോകുന്ന കുറ്റിപ്പുഴ നിഷ്പക്ഷത, നിർബാധത എന്നീ ഗുണങ്ങൾ തികഞ്ഞവരെ കാണാൻ വിഷമമാണെങ്കിലും ബർട്രാൻഡ് റസ്സലിൽ ഇത്തരം ഒരു ചിന്തകനെ കണ്ടെത്തുവാൻ ശ്രമിക്കുന്നുണ്ട്. യുക്തിക്ക് വിഷയമാകാത്തതൊന്നും വിശ്വസിക്കുവാൻ പാടില്ലേ? എന്ന ചോദ്യത്തെ കുറ്റിപ്പുഴ സമീപിക്കുന്നത് തികഞ്ഞ കരുതലോടെയാണ്. യുക്തിക്ക് വിഷയമാകാത്തതൊന്നും വിശ്വസിക്കരുതെന്നതിലല്ല, വിശ്വസിക്കുന്ന കാര്യങ്ങൾ കഴിയുന്നിടത്തോളം യുക്തിവിചാരത്തിൽ പരിശോധിക്കണ മെന്നതിലാണ് യുക്തി വാദികളുടെ മുഖ്യമായ നിർബന്ധം. ഈ ലോകത്തോട് കുറ്റിപ്പുഴക്ക് പറയാനുള്ളതും ഇത് തന്നെയാണ്.

ജന്മനാ വിശ്വാസിയാണ് മനുഷ്യൻ എന്തും എളുപ്പം വിശ്വസിച്ചുപോവുക എന്നത് അവന്റെ സ്വഭാവത്തിൽ മുന്നിട്ട് നിൽക്കുന്നു. ഈ വിശ്വാസശീലത്തെ മാനസികമായ ഒരു ദൗർബല്യമായാണ് കുറ്റിപ്പുഴ നിരീക്ഷിക്കുന്നത്. വിചാര ശീലത്തേക്കാൾ വിശ്വാസശീലത്തിനാണ് പ്രാബല്യം. വിദ്യാഭ്യാസ പുരോഗമനത്തിൽ ഇടക്കാലത്ത് മനുഷ്യനിൽ തെളിഞ്ഞ് വന്നതാണ് ചിന്താശീലം. മനുഷ്യർ കേവലം വനചരജീവിതം നയിച്ചിരുന്ന കാലം മുതൽ ഇന്നേവരെ

അനേകം വിശ്വാസപരമ്പരകൾ മനസ്സിൽ സംഭരിച്ചിട്ടുണ്ട്. കിരാത മനസ്സിൽ അന്ധമായി അങ്കുരിച്ച ഈ വിശ്വാസ ബീജമാണ് അനേക കാലഘട്ടങ്ങൾ കടന്ന് വിവിധ മതമണ്ഡലങ്ങളിൽ വ്യാപിച്ചു തത്ത്വചിന്തക്കുപോലും ആധാരമായി വികസിച്ചു വന്നിരിക്കുന്നതെന്ന് കുറ്റിപ്പുഴ പറയുന്നു. മതാചാര്യന്മാർ ആത്മചിന്തയിൽ കെട്ടിപ്പടുത്തിയിരിക്കുന്ന തത്ത്വജ്ഞാനഭിത്തികൾ പൊളിച്ചുമാറ്റിയാൽ അകത്ത് പണ്ടത്തെ കിരാത മനസ്സ് ഒളിഞ്ഞിരിക്കുന്നത് കാണാമെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം ഈ കിരാത മനോഭാവത്തിന്റെ പ്രവർത്തനഫലമാണ് ദൈവം, പുനർജന്മം, വേദപ്രാമാണ്യം, വീരാരാധന തുടങ്ങിയ ബഹുവിധ വിശ്വാസങ്ങൾ മനുഷ്യസമുദായത്തിൽ അടിയുറച്ച് പോയതിന് കാരണവും. ഇപ്രകാരം ശീലിച്ചുപഴകിയ വിശ്വാസങ്ങൾ യുക്തിവിരുദ്ധങ്ങളാണെന്നറിഞ്ഞാലും അവയിൽ നിന്ന് വിട്ടുമാറുക എളുപ്പമല്ല. വിചാരണ ചെയ്തു നോക്കിയിട്ടല്ല നാം വിശ്വസിക്കുന്നത്. നമ്മുടെ മാനസിക വ്യാപാരം നേരേ മറിച്ചാണെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നുണ്ട്.

മനുഷ്യനെ ഇപ്രകാരം ക്ഷിപ്രവിശ്വാസിയാക്കിതീർക്കുന്നത്, കാര്യം പ്രത്യക്ഷപ്പെടുകയും കാരണം തിരോഭൂതമായിരിക്കുകയും ചെയ്യുമ്പോഴാണ്. അപ്പോൾ അന്ധവിശ്വാസങ്ങൾക്ക് താനെ വഴിപെട്ടുപോകും. ഇങ്ങനെ അജ്ഞാത കാരണങ്ങൾ മനുഷ്യരെ ഏതെല്ലാം തരത്തിലുള്ള മിഥ്യാബോധങ്ങൾക്ക് അധീനരാക്കിയിട്ടുണ്ടെന്ന് കുറ്റിപ്പുഴ സമർത്ഥിക്കുന്നുണ്ട്. ശരിയായ കാരണം കാണാത്തിടത്തും എന്തെങ്കിലുമൊന്ന് അന്ധമായി സങ്കലിപ്പിക്കുന്നതിൽ പ്രേരിതനാകുന്നു. കാര്യകാരണ ബന്ധത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ പല രൂപത്തിലും വന്ന് ചേരാം. ഈ ലോകം ഇന്നത്തെ നിലയിൽ എങ്ങനെ വന്നുചേർന്നു എന്നറിയാതെ വിഷമിച്ച മനുഷ്യൻ സർവ്വത്തിനും സൃഷ്ടികർത്താവായി ഒരീശ്വരനെ സൃഷ്ടിച്ചു. സർവ ജീവജാലങ്ങളേയും സൃഷ്ടിച്ച ഈശ്വരനെ മനുഷ്യൻ സൃഷ്ടിച്ചതാണെന്നുള്ള പരമാർത്ഥം മനസ്സിലാക്കാനുള്ള ചിന്താശക്തി അന്നവന് ഉണ്ടായിരുന്നില്ലെന്ന് കുറ്റിപ്പുഴ പറയുന്നു. പ്രപഞ്ചത്തിന് ഒരാദികാരണം വേണമെന്നും അതാണ് ഈശ്വരനെന്നും വാദിക്കുന്നവർ ഇന്നും ധാരാളമുണ്ട്. അല്പമാലോചിച്ചാൽ ഈ ആദികാരണത്തിന് നിലനില്പില്ലെന്ന് മനസ്സിലാക്കാം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ശാസ്ത്രീയമായ ഒരു മനോഭാവമാണ് ഇത്തരം കാര്യങ്ങളിൽ സ്വീകരിക്കേണ്ടതെന്ന വിശ്വാസമാണ് കുറ്റിപ്പുഴക്കുള്ളത്. പരീക്ഷണ ശാലയിലെ ശാസ്ത്രജ്ഞന് തന്റെ ഗവേഷണങ്ങളോടുള്ള മനോഭാവമാണ് ശാസ്ത്രീയ വീക്ഷണത്തിൽ ഒരു സ്വതന്ത്ര ചിന്തകൻ കൈക്കൊള്ളേണ്ടത്. അറിവിനെ സംബന്ധിച്ച് പരിമിതികളുണ്ടെങ്കിലും ശാസ്ത്രീയമായ സമീപനം തന്നെയാണ്

ആവശ്യം. കഴിയുന്നിടത്തോളം വസ്തുനിഷ്ഠമായി ചന്തിച്ചും സ്വയം ചോദ്യം ചോദിച്ചും നിരീക്ഷണ പരീക്ഷണങ്ങൾ നടത്തിയും ആണ് ഒരു നിഗമനത്തിൽ എത്തിച്ചേരേണ്ടത്. ഏതെങ്കിലും വലിയ ആൾ പറഞ്ഞു എന്ന് കേട്ടാൽ പിന്നെ അത് തെറ്റാണോ ശരിയാണോ എന്ന് അധികമാരും ചിന്തിക്കയില്ല. മനുഷ്യന്റെ ഈ ബലഹീനതയെ എല്ലാ മതങ്ങളും ചൂഷണം ചെയ്തിട്ടുണ്ടെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. ആര് പറഞ്ഞാലും എന്ത് പറഞ്ഞാലും ശരി അത് ശാസ്ത്രീയമാണോ എന്ന് ചിന്തിച്ചും നിരീക്ഷണ പരീക്ഷണങ്ങൾ നടത്തിയും സ്വീകരിക്കേണ്ടതാണ്. സ്വതന്ത്ര ചിന്തക്കെതിരായി നമ്മുടെ മനസ്സിൽ ഉയർന്ന് നിൽക്കുന്ന പാറക്കെട്ടാണ് സാമൂഹ്യബോധമെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. സത്യാന്വേഷണത്തിനെതിരെ ജന്മവാസനകൾ സടകുടഞ്ഞ് എഴുന്നേൽക്കുന്നത് കാണാം. വികാരമല്ല, മറിച്ച് പരീക്ഷണശാലയിലെ ശാസ്ത്രജ്ഞന്റെ നിസ്സംഗമായ സമീപനമാണ് വേണ്ടത്. വിശ്വാസത്തെയും മതത്തേയും രൂപപ്പെടുത്തിയത് പാരമ്പര്യവും പരിസ്ഥിതികളുമാണ്. അത് യാതൊരു വിധമായ ആലോചനയുടേയും ഫലമല്ല. ഒരാൾ ഇന്ത്യയിൽ ജനിച്ചതുകൊണ്ട് ഹിന്ദുവായി. അറേബ്യയിലാണെങ്കിൽ മുസ്ലീമാകുന്നു. യൂറോപ്പിലാണെങ്കിൽ ക്രിസ്ത്യാനിയാകുന്നു. അപ്പോൾ വെറും യാദൃശ്ചികത്വമാണ് വ്യക്തിയുടെ വിശ്വാസത്തിനും മതത്തിനും അടിസ്ഥാനമെന്ന് വരുന്നു. സംശയമാണ് ജ്ഞാനത്തിന്റെ ആരംഭം. എന്തിനേയും ആര് പറഞ്ഞതായാലും ചെയ്തതായാലും സംശയത്തോടെ വീക്ഷിക്കുകയാണ് പുരോഗതിയുടെ മാർഗ്ഗമെന്നാണ് കുറ്റിപ്പുഴയുടെ സമീപനം.

മാനസികമായ അടിമത്തം സ്വതന്ത്രചിന്തയുടെ അങ്കുരങ്ങളെപ്പോലും അടിച്ചമർത്തുന്നതായാണ് കാണുന്നത്. മനസ്സിന്റെ ഒരു തരം ബന്ധനം തന്നെയാണിത്. “അടിമക്കച്ചവടം നിർത്തൽ ചെയ്തതുകൊണ്ട് ശാരീരികമായ അടിമത്തം മാത്രമേ നീങ്ങിപ്പോയിട്ടുള്ളൂ. അടിമത്തത്തിന് അദൃശ്യമായ മറ്റൊരു രൂപം കൂടിയുണ്ട്. മാനസികമെന്നോ ബുദ്ധിപരമെന്നോ പറയാവുന്ന ഒന്നാണത്. അതിപ്പോഴും വർദ്ധമാനമായി തന്നെയിരിക്കുന്നു. ആദ്യത്തേതിനോളം തന്നെ അപകൃഷ്ടവും ആപത്ക്കരവുമാണ് രണ്ടാമത്തേതും”[4] എന്നാണ് കുറ്റിപ്പുഴ കണ്ടെത്തുന്നത്. സ്വതന്ത്രചിന്തയെ അടിച്ചമർത്തുന്ന ഈ മനോബാധയുടെ ശരിയായ രൂപം മനസ്സിലാക്കിയാൽ, ആധുനിക ലോകവും അടിമകളുടെ ഒരു അങ്ങാടിയാണെന്ന് പറയേണ്ടിവരുമെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ആശയങ്ങളുടേയും വിശ്വാസങ്ങളുടേയും ബന്ധനം തന്നെയാണ് ഈ മാനസികമായ അടിമത്തത്തിന് കാരണം എങ്കിലും ഗ്രന്ഥങ്ങൾ അഥവാ ഗ്രന്ഥകാരന്മാർ, ചില പ്രസ്ഥാനങ്ങൾ, സിദ്ധാന്തങ്ങൾ, പരമ്പരാഗത വിശ്വാസങ്ങൾ ഇവയെല്ലാം നമ്മുടെ മനസ്സിനെ അടിമപ്പെടുത്തിക്കളയുന്നു. മനസ്സ് ഇടവയോട്

ഒട്ടിനിൽക്കുമ്പോൾ ചന്താ വ്യാപാരം സ്തബ്ധമായി പോവുകയും അത് ബന്ധനാവസ്ഥയിലായി തീരുകയും ചെയ്യുന്നു. ബൈബിളിന്റേയോ ഖുറാന്റേയോ ഭഗവത്ഗീയുടെയോ അടിമകളായി തീരാത്തവർ നാനാമതസ്ഥരിൽ എത്രപേരുണ്ടെന്ന് കുറ്റിപ്പുഴ ചോദിക്കുന്നു. ഇത് മനസ്സിന്റെ ഒരു തരം ജയിൽവാസം തന്നെയാണ്. അത് വളർന്നുവരുന്ന അറിവിന്റെ ചുടുകാടാകും.

വിശ്രുതന്മാരായ ഗ്രന്ഥകാരന്മാർ, രാജ്യതന്ത്രജ്ഞർ, തത്ത്വജ്ഞാനികൾ മുതലായവർ സമ്പാദിച്ചിട്ടുള്ള അനുയായികളിൽ ഭൂരിഭാഗവും ബുദ്ധിപരമായ അടിമത്തം (Intellectual Slavery) പ്രദർശിപ്പിക്കുന്നവരാണെന്നാണ് കുറ്റിപ്പുഴയുടെ കണ്ടെത്തൽ. ചിലന്തിവലയിൽ ഈച്ച കുടുങ്ങുന്നത് പോലെയാണ് ഇത്തരം ശിഷ്യന്മാരുടെ ഗതി. സോക്രട്ടീസ്, അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ശങ്കരാചാര്യർ, കാറൽ മാർക്സ്, മഹാത്മാ ഗാന്ധി തുടങ്ങിയ ലോകാചര്യന്മാർക്കെല്ലാം ആയിരക്കണക്കിന് അടിമകളെ കിട്ടിയിട്ടുണ്ടെന്നാണ് കുറ്റിപ്പുഴ പ്രസ്താവിക്കുന്നത്. ഡെമോക്രീറ്റസിന്റെ അണുസിദ്ധാന്തം പോലും സോക്രട്ടീസിന്റെ ശിഷ്യന്മാർ സ്വീകരിക്കുവാൻ തയ്യാറായിരുന്നില്ല. നവീന ശാസ്ത്രജ്ഞന്മാർ ഭക്തിപൂർവ്വം ആരാധിക്കുന്ന ഈ വിശ്രുതജ്ഞാനിയുടെ ഗ്രന്ഥങ്ങൾ ചുട്ടുകളയുവാൻപോലും പ്ലേറ്റോ പറയുകയുണ്ടായത്രെ. സ്വതന്ത്ര ചിന്തകന്മാരിൽ അഗ്രഗണ്യനായിരുന്ന എപ്പിക്യൂറസിന് സോക്രട്ടീസിന്റെ അടിമ ശിഷ്യന്മാരുടെ ശല്യം മൂലം കുറേ കാലത്തേക്ക് തലപൊക്കാൻ കഴിഞ്ഞില്ല. ഇതെല്ലാം ബുദ്ധിപരമായ പാരതന്ത്ര്യത്തിന്റെ നിദർശനങ്ങളായാണ് കുറ്റിപ്പുഴ കാട്ടിത്തരുന്നത്.

വിജ്ഞാനപുരോഗതി എപ്രകാരമെല്ലാം തടസ്സപ്പെട്ട് അജ്ഞതയുടേയും അന്ധവിശ്വസത്തിന്റേയും ജയിലറകളായി മനുഷ്യമനസ്സുകൾ പരിണമിക്കുന്നതിന്റെ തീഷ്ണമായ യാഥാർത്ഥ്യങ്ങളെ കുറ്റിപ്പുഴ വരച്ചുകാട്ടാൻ ശ്രമിക്കുന്നുണ്ട്. മാനസികമായ അടിമത്തത്തിൽ നിന്ന് ആധുനിക സമൂഹം എന്ന് സ്വതന്ത്രരാകുന്നുവോ അന്ന് മാത്രമേ ഈ ലോകം മുന്നോട്ട് സഞ്ചരിക്കുകയുള്ളൂ. എന്ന വിശ്വാസത്തിലാണ് അദ്ദേഹം നിലകൊള്ളുന്നത്. ശാസ്ത്രീയമായ മന:സ്ഥിതിയും സ്വതന്ത്രചിന്തയും അതിനനുവാര്യമാണ്. അല്ലാതെ വരുമ്പോഴാണ് ഇത്തരം ബുദ്ധിപരമായ അടിമത്തത്തിന് ജനസാമാന്യം വിധേയമാകുന്നത്. കത്തോലിക്കാ മതത്തിലെ പോപ്പിനുള്ളതുപോലെ ഒരു അപ്രമാദിത്വം ഗാന്ധിജിക്കും ലഭിച്ചിട്ടുണ്ടെന്നാണ് കുറ്റിപ്പുഴ കാണുന്നത്. കാരണം ഗാന്ധി ശിഷ്യന്മാരിൽ അത്തരമൊരു മനോഭാവം കടന്നുകൂടി ചെന്നന്നർത്ഥം. അതുകൊണ്ട് തന്നെ ഇന്ത്യക്ക് മഹാത്മാവിന്റെ മഹത്വഭരണത്തിൽ നിന്നും സ്വാതന്ത്ര്യം നേടേണ്ടിവരുമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. കാറൽമാർക്സ് ഒന്നോ രണ്ടോ ഗ്രന്ഥങ്ങളിൽ വരച്ചുകാണിച്ചിട്ടുള്ള സിദ്ധാന്ത വലയത്തിനപ്പുറം കടന്ന് ചിന്തിക്കാൻ കഴിയുമോയെന്ന് ചോദിക്കുന്ന കുറ്റിപ്പുഴ മാർക്സിസം പോലും

ദേശകാലോചിതമായ വ്യതിയാനം ആവശ്യമാണെന്ന അഭിപ്രായത്തിലാണ് എത്തിച്ചേരുന്നത്. നമ്മൾ ആദ്യമേ ഒരു ഫിലോസഫി പഠിക്കുന്നു. അതിന്റെ വെളിച്ചത്തിൽ വസ്തുസ്ഥിതികൾ നീതീകരിക്കാനുള്ള ശ്രമമാണ് കാണുന്നത്. ഈ രീതിയെ നേർവിപരീത ദിശയിൽ സ്വീകരിച്ചാലേ ചിന്താശക്തി സ്വതന്ത്രമായിത്തീരൂ എന്ന പക്ഷത്താണ് കുറ്റിപ്പുഴ. മാനസികമായ അടിമത്തം മാത്രമല്ല, അത് അടിമക്കച്ചവടമായി പരിവർത്തനം ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. നാസിസം, ഫാസിസം, കമ്മ്യൂണിസം ഇത്തരം പ്രസ്ഥാനങ്ങളെല്ലാം ആളെപ്പിടിക്കുവാനുള്ള വലകൾ നാലുപാടും വീശിയിരിക്കുന്നു എന്നാണ് കുറ്റിപ്പുഴ പറയുന്നത്. ഇതിൽ നിന്ന് ഒരു മോചനം നേടുക എന്നത് യുക്തി ചിന്തയുടെ അഥവാ ചിന്താസ്വാതന്ത്ര്യത്തിലൂടെയേ സാദ്ധ്യമാകുകയുള്ളൂ എന്നതിൽ കുറ്റിപ്പുഴക്ക് സംശയമില്ല.

മനുഷ്യവർഗ്ഗത്തോളം തന്നെ പഴക്കമുണ്ട് അവന്റെ വിശ്വാസശീലത്തിനെന്ന് കുറ്റിപ്പുഴ തെളിയിക്കുമ്പോഴാണ് അതിൽ നിന്നുള്ള മോചനം എത്ര ശ്രമകരമാണെന്ന് ബോദ്ധ്യപ്പെടുന്നത്. മനുഷ്യനിൽ യുക്തി വിചാരം തെളിഞ്ഞതോടുകൂടി ഇത്തരം വിശ്വാസങ്ങളും യുക്തിയും തമ്മിൽ ഏറ്റ് മുട്ടാൻ തുങ്ങി. എന്നാൽ ശീലിച്ചു പഴകിയ വിശ്വാസങ്ങൾ യുക്തി വിരുദ്ധങ്ങളാണെന്നറിഞ്ഞാലും വിട്ടുമാറുക എളുപ്പമല്ല. വിശ്വാസം യുക്തിക്ക് ചേർന്നതല്ലെങ്കിൽ വിശ്വാസത്തിന് ചേരത്തക്കവണ്ണം യുക്തി വിചാരത്തെ വളയ്ക്കുക, അതാണ് പണ്ഡിതന്മാരുടെയിടയിൽ സാധാരണ കണ്ടുവരുന്നതെന്ന് സ്ഥാപിക്കുന്ന കുറ്റിപ്പുഴ ഇതിനെയൊരു യുക്തി വാദാഭാസമെന്നാണ് വിശേഷിപ്പിക്കുന്നത്. ശരിയായ യുക്തിവാദത്തെ ഇങ്ങനെ ന്യായീകരിക്കുന്നത് വഴി ഇതിലെ കള്ള നാണയത്തെ തിരിച്ചറിയുക വൈഷമ്യമാണ്. മതപരമായും രാഷ്ട്രീയമായും മറ്റും നടക്കുന്ന വാദകോലാഹലങ്ങളിൽ ഇത്തരം ന്യായീകരണമാണ് ധാരാളം കാണുന്നതെന്ന് തെളിയിക്കുന്ന കുറ്റിപ്പുഴ, ചിന്താലോകത്തിൽ നടക്കുന്ന വലിയൊരു മാനസിക വഞ്ചനയായാണ് ഇതിനെ കാണുന്നത്. ഇവിടെ അദ്ദേഹം മിഥ്യായുക്തിയെന്ന മറ്റൊരു സമ്പ്രദായത്തെക്കൂടി പരിചയപ്പെടുകയാണ്. ഇതിൽ ലോകത്തിലെ വലിയ ചിന്തകന്മാർ പോലും പെട്ടിട്ടുണ്ടെന്ന് തെളിയിക്കുന്ന കുറ്റിപ്പുഴ, യുക്തിവാദരംഗത്തെ മറ്റൊരു തലകുത്തി നടപ്പിനെയാണ് പരിചയപ്പെടുത്തുന്നത്. പണ്ടത്തെ ഈശ്വരവിശ്വാസവും ഇന്നത്തെ ശാസ്ത്ര ജ്ഞാനവും ചേർച്ചയില്ലെന്ന് കണ്ടപ്പോൾ, ആദ്യത്തേത് ഉപേക്ഷിക്കുവാനല്ല, അതിനൊരു ശാസ്ത്രീയമായ നിറം കൊടുക്കുവാനാണ് ശ്രമിച്ചത്. ദശാവതാരങ്ങളിൽ ഭൗമദശയുടെ പ്രതിഫലം കാണുന്നതും ഇത്തരം ചെപ്പടി വിദ്യകൊണ്ടാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ശാസ്ത്രകാരന്മാർ പോലും ഇതിൽ നിന്ന് മോചിതരല്ലെന്ന് പറയുന്ന അദ്ദേഹം ന്യൂട്ടനും, ഡാർവിനും അത്യന്ത

മൂഢങ്ങളായ ചില വിശ്വാസങ്ങൾക്ക് അധീനരായിരുന്നുവെന്ന് തെളിയിക്കുന്നുണ്ട്. “സന്ദർഭത്തിന് പറ്റിയ വിധം സത്യത്തെ വളച്ചൊടിക്കാൻ അദ്ദേഹം ശീലിച്ചിട്ടില്ല. സ്വതന്ത്ര ചിന്ത അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജീവവായുവാണ്”[5] എന്ന് കുറ്റിപ്പുഴയെ വിശേഷിപ്പിച്ചുകാണുമ്പോഴാണ് ഈ മിഥ്യായുക്തിയുടെ പൊള്ളത്തരം ഏറെ വ്യക്തമാകുന്നത്. ശാസ്ത്രീയ മനോഭാവത്തോട് കൂടിയുള്ള യുക്തിവിചാരം കൊണ്ട് മാത്രമേ ഇത്തരം യുക്ത്യാഭാസങ്ങളിൽ നിന്ന് മാനവ സമൂഹത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ എന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്.

അജ്ഞാതങ്ങളായ കാര്യങ്ങൾ പലതുണ്ടെങ്കിലും അവയെപ്പറ്റി അന്ധവിശ്വാസങ്ങൾ വെച്ചുപുലർത്തുന്നതിനോട് കുറ്റിപ്പുഴ യോജിക്കുന്നില്ല. ശാസ്ത്രജ്ഞാനത്തിന്റെ വെളിച്ചത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കണമെന്ന സമീപനമാണ് അദ്ദേഹത്തിനുള്ളത്. ഈ പ്രപഞ്ചത്തിന്റെ ഉല്പത്തി രഹസ്യത്തിനു പിന്നിലെ കാര്യകാരണ ബന്ധം അന്വേഷിക്കുന്നവർക്ക് കുറ്റിപ്പുഴ യുക്തി സഹമായ ഉത്തരം നൽകുന്നുണ്ട്. “കാര്യ കാരണ ബന്ധം ഒരു വൃത്തത്തിന് തുല്യം ആദിയും അന്തവുമില്ലാത്തതാണെന്ന് പറയാം. ഒരു വൃത്തം എവിടെ തുടങ്ങുന്നു എന്നോ എവിടെ അവസാനിക്കുന്നു എന്നോ നിർണ്ണയിക്കുവാൻ വയ്യത്രേ. കേവലം കാരണാവസ്ഥയിൽ ഒന്നിനും നിലയില്ല. ഒരു കാരണം വേറൊന്നിന്റെ കാര്യമായിത്തീരും. ഇങ്ങനെ നോക്കുമ്പോൾ കാര്യം കാരണവും കാരണം കാര്യവുമായി പൂർവാപരക്രമമനുസരിച്ച് മാറിമാറിക്കൊണ്ട് തുടർന്ന് പോകുന്നത് കാണാം. ചക്രഭ്രമണ രൂപത്തിലുള്ള ഈ ശൃംഖലയിൽ ആദികാരണ മെന്നോരവസാന കണ്ണി നിശ്ചയിക്കുന്നത് യുക്തി വിരുദ്ധമാകുന്നു.”[6] എന്നാണ് കുറ്റിപ്പുഴ വിശ്വസിക്കുന്നതും ഉപദേശിക്കുന്നതും.

ശാസ്ത്രകാരന്മാർ പറഞ്ഞതുകൊണ്ട് ഒരു കാര്യം സത്യമാകണമെന്ന നിർബന്ധമില്ലെന്നാണ് കുറ്റിപ്പുഴ കരുതുന്നത്. ഒരു പ്രത്യേക വിജ്ഞാനശാഖയിൽ പ്രാമാണ്യം നേടുന്ന ഇവർ, മറ്റ് പല രംഗത്തും അജ്ഞാനികളായിരിക്കാമെന്ന ധാരണയാണ് അദ്ദേഹം വെച്ചുപുലർത്തുന്നത്. യുക്തിവാദിയായിരുന്ന ശങ്കരനെക്കൊണ്ട് ശൂദ്രൻ വേദാധികാരിയല്ലെന്ന് പറയിച്ചത്, അക്കാലത്തെ സാമൂഹ്യബോധത്തിന് അദ്ദേഹത്തിന്റെ ചിന്ത കീഴ്പ്പെട്ടതുകൊണ്ടാണെന്ന് കുറ്റിപ്പുഴ സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. മതം മനുഷ്യനെ വഴിതെറ്റിക്കുന്ന കൂട്ടഭ്രാന്താണെന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. ഓരോ തത്വചിന്തകന്മാരുടേയും വിപ്ലവകാരികളുടേയും പേരിലാണ് ഇവ കെട്ടിപ്പടുത്തിയിരിക്കുന്നത്. ക്രിസ്തുവിനെയും ബുദ്ധനേയും മാത്രമല്ല മാർക്സിനേയും കുറ്റിപ്പുഴ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നത് വിചിന്തനീയമാണ്. ചൈനക്കാരും സ്റ്റാലിനും പ്രസംഗിക്കുന്നത് കമ്മ്യൂണിസ്റ്റ് മതമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. എന്നാൽ ക്രൂഷ്ചേവ് മാർക്സിസത്തിന്റെ

പേരിൽ മതമുണ്ടാക്കുന്നതിന് എതിരായിരുന്നവെന്ന് വ്യക്തമാക്കുന്നുണ്ട്. എങ്കിലും ക്രൂഷ്ചേവ് തുടങ്ങി വെച്ച സാമ്പത്തിക പരിഷ്ക്കാരങ്ങൾ സോവിയറ്റ് റഷ്യയുടെ തകർച്ചക്ക് കാരണമായെന്നൊരാക്ഷേപം നിലനിൽക്കുന്നുണ്ട്. ഇവിടെ അന്ധമായ വിശ്വാസ പ്രമാണങ്ങളെ തകർക്കുകയെന്നതാണല്ലോ ലക്ഷ്യം. അതിന് ശാസ്ത്രീയ സമീപനം തന്നെ സ്വീകരിക്കണമെന്നതിലാണ് കുറ്റിപ്പുഴയുടെ പക്ഷം. “സ്വതന്ത്ര ചിന്തയേയും യുക്തി വാദത്തേയും അദ്വൈത സിദ്ധാന്തത്തെപ്പോലൊരു ബുദ്ധി വ്യായാമമായി അധഃപതിപ്പിച്ചില്ല കുറ്റിപ്പുഴ. വിചാരണ്ഡലത്തിലെ ഒരു തരം വിനോദമായി തന്റെ പ്രവർത്തനങ്ങളെ അദ്ദേഹത്തിന് പരിമിതപ്പെടുത്താമായിരുന്നു”[7] പരിമിതപ്പെടുത്തിയില്ലെന്ന് മാത്രമല്ല അന്ധമായ വിശ്വാസപ്രമാണങ്ങളോട് സന്ധിയില്ലാത്ത സമരം പ്രഖ്യാപിക്കുക തന്നെ ചെയ്തു കുറ്റിപ്പുഴ. മനുഷ്യന്റെ ചിന്തയെ ബന്ധിക്കുന്ന എല്ലാറ്റിനോടും മതമായാലും തത്ത്വചിന്തയായാലും എല്ലാം അദ്ദേഹത്തിന്റെ യുക്തിവാദ ഖഡ്ഗമേറ്റ് നിലംപൊത്തുക തന്നെ ചെയ്തു.

**മതം എന്ന ശബ്ദജാലം**

മതം മനുഷ്യനെ മയക്കുന്ന ഒരു ശബ്ദജാലമെന്നാണ് കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. മനുഷ്യന്റെ വിചാരത്തിലും വിശ്വാസത്തിലും ഇത്രയും കലുഷത കലർത്തിയിട്ടുള്ള മറ്റൊരു പദം ഇല്ല തന്നെ. മതം എന്ന വാക്കിന്റെ അർത്ഥതലത്തിൽ പരബ്രഹ്മ ധ്യാനം മുതൽ ഹിന്ദു മുസ്ലീം ലഹള വരെ കാണാം. ഒരു വ്യവസ്ഥയുമില്ലാതെ ചുറ്റിക്കളിക്കുന്ന ഈ വാക്കിന് ഒരർത്ഥ പരിമിതി നിശ്ചയിക്കേണ്ടത് ആവശ്യമാണെന്ന അഭിപ്രായക്കാരനാണ് കുറ്റിപ്പുഴ. മതത്തിന്റെ സൃഷ്ടിക്കുപിന്നിൽ ആരാണെന്ന് ചോദിച്ചാൽ, അജ്ഞതയിൽ ആണ്ടുകിടക്കുന്ന മനുഷ്യവർഗ്ഗത്തെ അന്ധവിശ്വാസത്താൽ ബന്ധിച്ച് ചൂഷണം ചെയ്യുന്ന പൗരോഹിത്യവും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഘടകങ്ങളുമാണെന്ന് ഊഹിക്കേണ്ടതായി വരും. “ആദി സംസ്ക്കാരങ്ങളിൽ താത്വികമായി ഏതെങ്കിലും ദൈവമാണ് ഈ നഗര രാഷ്ട്രങ്ങളുടെ ഭരണകൂടത്തെ നിയന്ത്രിച്ചിരുന്നതെങ്കിലും പ്രയോഗത്തിൽ, ഒരു ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധികളായ പുരോഹിതന്മാരാണ് ഭരണ നിയന്ത്രണം കയ്യാളിയിരുന്നത്. മുഴു സമയ കരകൗശല വിദഗ്ധർ പുരോഹിതവർഗ്ഗത്തിന്റെ കീഴിലായി. സമൂഹോത്പാദനമിച്ചത്തിന്റെ ഭൂരിഭാഗവും പുരോഹിത ഭരണവർഗ്ഗത്തിൽ എത്തിച്ചേരുന്നു. ഭരണവർഗ്ഗ ന്യൂനപക്ഷത്തിനും ഭരിക്കപ്പെടുന്ന ഭൂരിപക്ഷത്തിനുമിടയിൽ ഉയർന്നുവന്ന ഈ വൈരുദ്ധ്യത്തിന് മറപിടിക്കാൻ ആശയപരമായൊരുപകരണം രൂപമെടുത്തു – അതാണ് മതം.”[8] മതത്തിന്റെ ഉല്പത്തിയെക്കുറിച്ച് ഇപ്രകാരമുള്ള അഭിപ്രായങ്ങളുണ്ടെങ്കിലും ഇന്ന് സാമാന്യജീവിത്തിൽ, നമ്മുടെ ജനനം, വളർച്ച, വിദ്യാഭ്യാസം, വിവാഹം, ആഹാരം, വിഹാരം, മരണം ഇത്യാദി സർവ്വത്തിലും മതത്തിന്റെ ആധിപത്യവും ഭരണവും കാണാം. മതം എന്ന വാക്കിന്റെ ആഗമം

എങ്ങനെയായിരുന്നാലും അത് പ്രത്യേകാർത്ഥത്തിൽ സാമാന്യ ജനങ്ങളുടെ മനസ്സിൽ ഉറച്ചുപോയിട്ടുണ്ടെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. ഹിന്ദുമതം, ബുദ്ധമതം, മുഹമ്മദ് മതം ഇവയുടെയെല്ലാം സാമാന്യമായ ലക്ഷണമെന്താണോ അവയെല്ലാം മത്തിന്റെ നിർവചനത്തിൽ ഉൾപ്പെടും. വിശ്വാസം, ആചാരം, അനുഷ്ഠാനം, ആരാധന, സംഘടന, ഈശ്വര തത്ത്വം മുതലായ ഘടകങ്ങളുടെ ആകത്തുകയാണ് മതം.

ലോകത്തിൽ ഭിന്നമതങ്ങൾ ഉണ്ടായിട്ടുള്ളത് അതിന്റെ ആഭ്യന്തരംശത്തെ ആധാരമാക്കി ബാഹ്യമായി വളർന്നു വന്നിട്ടുള്ള ഘടകങ്ങളുടെ വൈവിദ്ധ്യം മൂലമാണെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. ഈ ബാഹ്യക്രിയാംശത്തെ നീക്കി നോക്കിയാൽ മതം എന്ന വ്യവഹാരമേ നശിച്ചുപോകുന്നതായി കാണാം. ഈ പ്രാധാന്യത്തെ ഗണിക്കാതെ അതിന്റെ അർത്ഥത്തിന് മാറ്റം വരുത്തി പ്രയോഗിക്കുന്നരീതിയെ ഒരു തരം വക്രവാദമായേ കുറ്റിപ്പുഴ പരിഗണിക്കുന്നുള്ളൂ. മതം മനുഷ്യന് ആപല്ക്കരമാണെന്ന് വാദിക്കുന്നവർ അതിന്റെ ഉളളിൽ ഒളിഞ്ഞുകിടക്കുന്ന ഈശ്വരാംശത്തെ അല്ല പ്രധാനമായി ലക്ഷ്യമാക്കുന്നത്. മറിച്ച് മനുഷ്യവർഗ്ഗത്തിന്റെ സർവ ജീവിത വശങ്ങളേയും ബാധിക്കുന്ന ആപല്ക്കരമായ ബാഹ്യാംശമാണ് മതം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഈ ബാഹ്യംശമാണ് ലോകത്തിൽ ഭിന്ന മതങ്ങളെ സൃഷ്ടിച്ച് മനുഷ്യരെ പരസ്പരം കലഹിപ്പിച്ച് അനീതിയും അക്രമവും വർദ്ധിപ്പിച്ചിട്ടുള്ളത്. എല്ലാ മതങ്ങളും ഒന്നാണെന്ന വാദത്തെ കുറ്റിപ്പുഴ ശക്തമായി എതിർക്കുന്നുണ്ട്. "മതം ആവശ്യമാണെന്ന് കാണിക്കുവാനും മതമത്സരങ്ങൽ നിർത്തുവാനുമായി ഇന്ന് എടുത്ത് വിളമ്പാറുള്ള ഒരു പുതിയ വാദത്തിന് – അതായത്, എല്ലാ മതങ്ങളുടെയും ആന്തരികത്ത്വം ഒന്നാണെന്നുള്ളതിന് നില്ക്കകള്ളിയില്ല. ഈ പുതിയ വാദത്തെ ശ്രീ. കുറ്റിപ്പുഴ 'മനം മയക്കുന്ന ആ ശബ്ദജാലം' എന്ന ഉപന്യാസത്തിൽ ഖണ്ഡിച്ചിട്ടുണ്ട്."[9] മതത്തിന് കല്പിച്ചിട്ടുള്ള അർത്ഥം സ്വീകരിക്കുകയാണെങ്കിൽ എല്ലാ മതങ്ങളും ഒന്നാകാൻ നിവൃത്തിയില്ല. ആചാരം, അനുഷ്ഠാനം, വിശ്വാസം, സംഘടന, ഈശ്വരാവതാരങ്ങൾ മുതലായവയിൽ വ്യത്യാസങ്ങൾ ഉള്ളിടത്തോളം കാലം മതങ്ങളും ഭിന്നമായിരിക്കും എന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. ഇതെല്ലാം മറച്ച് വെച്ച് മതമാഹാത്മ്യം കാണിപ്പാൻ അവയുടെ ഉള്ളിൽ കിടക്കുന്ന ഈശ്വരാംശത്തെ മാത്രം എടുത്ത് ഉദ്ഘോഷിക്കുന്നത് സാമാന്യ ജനതയെ വഞ്ചിക്കാനുള്ള ശബ്ദജാലമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

മതമെന്ന ശബ്ദം മാനവ ജീവിതത്തെ എപ്രകാരമെല്ലാം കലുഷിതമാക്കി തീർത്തിട്ടുണ്ടെന്ന് അന്വേഷിക്കുവാൻ കുറ്റിപ്പുഴ ഉൽസുകനാണെന്ന് കാണാം. ഭയത്തിൽ നിന്നാണ് മതത്തിന്റെ ഉല്പത്തിയും വളർച്ചയുമെന്ന് വിലയിരുത്തുന്ന അദ്ദേഹം യുദ്ധകാലം മതാധികാരികളുടെ കൊയ്ത്ത് കാലമാണെന്ന്

സമർത്ഥിക്കുന്നുണ്ട്. യുദ്ധംമൂലം ഭയവിഹ്വലരാകുന്ന ജനസഞ്ചയത്തെ വഞ്ചിക്കുന്നത് അന്ധവിശ്വാസ ചരക്കുകൾ അവരിൽ വിറ്റഴിച്ചുകൊണ്ടാണ്. യുദ്ധഭയത്താൽ ചിന്താശക്തി ക്ഷയിക്കുന്ന മനുഷ്യമനസ്സുകളിലാണ് പുരോഹിത വർഗ്ഗം ഈ വാണിഭമുറപ്പിക്കുന്നത്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന മാർക്സിന്റെ അഭിപ്രായത്തോട് ഇവിടെ കുറ്റിപ്പുഴ യോജിച്ചു പോവുകയാണ്. മനുഷ്യവർഗ്ഗത്തെ ഭയപ്പെടുത്തി അന്ധവിശ്വാസത്തിൽ ബന്ധിക്കുക എന്നുള്ളത് ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതാണ് മതസ്ഥാപനങ്ങൾ എന്ന് വരുന്നു. യുദ്ധങ്ങളുടേയും കലാപങ്ങളുടേയും പിന്നിൽ പരിശോധിച്ചാൽ ഇതിന്റെ സ്വാധീനം ചെറുതല്ലെന്ന് കാണാമെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നുണ്ട്. സംഘടിത മതം നിലനിൽക്കണമെങ്കിൽ സാമ്രാജ്യങ്ങളും യുദ്ധങ്ങളും അനിവാര്യമാണെന്ന പാഠമാണ് ചരിത്രം പഠിപ്പിക്കുന്നത്.

അന്ധമായ ജനസമൂഹത്തെ പ്രക്ഷുബ്ദമാക്കി നേട്ടങ്ങളുണ്ടാക്കുക എന്നത് മതത്തിന്റെ മറ്റൊരു തന്ത്രമാണ്. മതപരമായ ദുർവികാരം മനസ്സിന്റെ ഒരു തരം വ്രണം തന്നെയാണെന്ന് കുറ്റിപ്പുഴ കണ്ടെത്തുന്നു. മതത്തിന്റെ പേരിൽ വികാരപരവശരാകുന്നവരെ ഇളക്കിവിട്ട് ലാഭം കൊയ്യുക എന്നത് ഒരുതരം മാനസിക വഞ്ചന തന്നെയാണ്. മതത്തിന്റെ പേരിൽ ഇത്തരം ഹാലിളക്കം സൃഷ്ടിക്കുന്നവർക്ക് വാസ്തവത്തിൽ ഒരു മതവുമില്ല, വികാരവുമില്ലെന്ന അഭിപ്രായമാണ് കുറ്റിപ്പുഴക്കുള്ളത്. ഉണ്ടെങ്കിൽ തന്നെ അത് ദുഷ്ടമായ മതവും ദുഷ്ടമായ വികാരവുമായിരിക്കും. ശുദ്ധമായത് വ്രണപ്പെടുകയില്ലല്ലോ? എന്നാണ് അദ്ദേഹം ചോദിക്കുന്നത്. എച്ച്.ജി. വെൽസിന്റെ ലോകചരിത്രം മുസ്ലീം മതവികാരത്തെ വ്രണപ്പെടുത്തി, ഹിന്ദുമതവും ക്രിസ്തീയമതവും പാഠ്യപുസ്തകങ്ങളിലെ പക്ഷിമൃഗാദി പരാമർശങ്ങളിലൂടെ വ്രണപ്പെടുന്നു എന്നുള്ള പ്രസ്താവങ്ങൾ കാണുമ്പോൾ കുറ്റിപ്പുഴക്ക് സഹതാപമാണ് തോന്നുന്നത്. മതമേ, നിന്റെ പേര് ചാപല്യമെന്നോ? കാപട്യമെന്നോ? എന്ന് ചോദിച്ചു പോവുകയാണദ്ദേഹം. “പേപ്പട്ടിവിഷം വ്യാപിച്ചാൽ കുത്തിവെയ്പ്പുകൊണ്ട് പരിഹാരം നേടാം. മതഭ്രാന്തിളകിയാൽ ഒരു രക്ഷയുമില്ല. അനുഭവിച്ചു തന്നെ തീരണം”[10] എന്ന് ‘യുക്തിവിഹാരം’ എന്നഗ്രന്ഥത്തിൽ കുറ്റിപ്പുഴ പരാമർശിക്കുന്നുണ്ട്.

മതം എന്ന ശബ്ദത്തിന് ഒർത്ഥപരിമിതി കല്പിക്കാൻ പുറപ്പെടുന്ന കുറ്റിപ്പുഴ, അതിന്റെ ആന്തരികാംശത്തിലെ ഈശ്വരതത്വത്തെ മാത്രം ഉയർത്തിപ്പിടിച്ചുകൊണ്ട് – ഇതാണ് മതം – എന്ന വാദത്തെ പാടേ നിഷേധിക്കുന്നു. മഹാത്മാ ഗാന്ധി മതത്തിന് നൽകുന്ന ആർക്കും പിടികിട്ടാത്ത ശബ്ദ മാഹാത്മ്യത്തേയും, വിവേകാനന്ദന്റെ ദിവ്യതയുടെ പ്രകാശനമാണ് മതമെന്ന ആശയത്തേയും കുറ്റിപ്പുഴ തള്ളിക്കളയുന്നുണ്ട്. ഇത്തരം വ്യാഖ്യാനങ്ങൾ

മതമെന്താണോ, അതിന്റെ ആന്തരികാംശം മാത്രമേ ആകുന്നുള്ളൂ. അതിന്റെ ബാഹ്യക്രിയാംശത്തിലാണ് മതം കുടികൊള്ളുന്നതെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തുന്നത്. ആയതിനാൽ തന്നെ എല്ലാ മതവും ഒന്നാണെന്ന വാദത്തെ അഗണ്യകോടിയിൽ തള്ളുന്നുണ്ട്. കൃഷ്ണനും ക്രിസ്തുവും ഒന്നാകില്ല; അമ്പലവും പള്ളിയും ഒന്നാകില്ല. മറിച്ചായാൽ മനുഷ്യനും മൃഗവും മരവും ഒന്നാണെന്ന് അംഗീകരിക്കേണ്ടതായി വരും. മതത്തിന്റെ ബാഹ്യാംശം നശിച്ചുപോയാൽ മതം എന്ന വ്യവഹാരം തന്നെ നശിച്ചുപോകും എന്ന് സ്ഥാപിക്കുന്ന കുറ്റിപ്പുഴ, മതം മനുഷ്യന്റെ കുടിലതയുടെ സൃഷ്ടിയാണെന്നുകൂടെ തെളിയിച്ചിരിക്കുകയാണ്. മതം എന്ന വ്യവഹാരത്തിന്റെ ബഹു ശബ്ദാർത്ഥ പ്രയോഗത്തിന് പിന്നിലെ കാപട്യം, 'യുക്തിവാദം' എന്ന പ്രബന്ധത്തിൽ, യുക്തിവാദികളോട് എതിരിടാൻ വരുന്നവരുടെ കയ്യിൽ രണ്ട് മതവും രണ്ട് ഈശ്വരനും ഉണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. യുദ്ധവും സാമ്രാജ്യത്വവും മതത്തിന്റെ നിലയും വിലയും കെട്ട് നശിച്ചു തുടങ്ങിയ മുഖം രക്ഷിക്കാൻ വേണ്ടിമാത്രമാണെന്ന് കുറ്റിപ്പുഴ പ്രഖ്യാപിക്കുന്നു. മതവിശ്വാസവും ഈശ്വര ഭക്തിയും കുറഞ്ഞത് കൊണ്ടാണ് ഭയങ്കര യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് എന്നതിനു, മതത്തിന്റെ പ്രാബല്യം ഏറിയിരുന്ന പഴയകാലത്താണ് യുദ്ധം ഏറ്റം കൊടുമ്പിരി കൊണ്ടിരുന്നതെന്ന് ചരിത്രത്തെ മുൻനിർത്തി തെളിയിക്കുന്നുണ്ട്. ഈ സംഘടിത മതത്തിന്റെ ആക്രമണത്തിൽ നിന്ന് മോചനം നേടുവാൻ കുറ്റിപ്പുഴ നിർദ്ദേശിക്കുന്ന മാർഗ്ഗം മനുഷ്യമനസ്സിനെ നിർഭയവും സമാധാനവും സംതൃപ്തിയും കളിയാടുന്ന സാമൂഹ്യ വ്യവസ്ഥിതിയുടെ, അഥവാ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ആവശ്യകതയിലേക്കാണ്. അവിടെ മതം എന്ന കറുപ്പ് അധികം വിറ്റഴിക്കുവാൻ സാധ്യമല്ല. മനുഷ്യ മനസ്സുകളിൽ മതപരമായ ദുർവികാരം സൃഷ്ടിക്കുന്നതിനെ കുറ്റിപ്പുഴ കഠിനമായ ഭാഷയിൽ അപലപിക്കുന്നുണ്ട്. മതവികാരങ്ങളുടെ വ്രണപ്പെടൽ ഒരു തരം ഭ്രാന്ത ജല്പനമെന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. ജീർണ്ണിച്ച മതവികാരങ്ങളെ പിടിച്ചുകുലിക്കിയ സോക്രട്ടീസിനും ക്രിസ്തുവിനും ഗാന്ധിജിക്കും സംഭവിച്ച ദുരന്തം തെളിയിക്കുന്നത് മതം മറ്റേതൊരു കൊടിയ വിഷത്തെക്കാളും ആപല്ക്കരമാണെന്നുള്ളത് തന്നെ. മതം എന്ന ശബ്ദജാലം, മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന കാറൽ മാർക്സിന്റെ നിഗമനത്തോടാണ് കുറ്റിപ്പുഴ ഏറെ യോജിക്കുന്നത്.

മതമല്ല സാമൂഹികതയാണ് മനുഷ്യന്റെ സന്മാർഗ്ഗ ബോധത്തിനടിസ്ഥാനമെന്ന് തെളിയിക്കുന്നുണ്ട്. യാതൊരു മതവിശ്വാസവുമില്ലാത്ത ആദിമ നിവാസികളിൽപ്പോലും സന്മാർഗ്ഗ ബോധം കാണാൻ കഴിയുന്നുണ്ട്. മതത്തിന്റെ ആവിർഭാവത്തിനു മുമ്പ് തന്നെ മനുഷ്യവർഗ്ഗത്തിനിടയിൽ ചില സന്മാർഗ്ഗ വ്യവസ്ഥകൾ നിലവിലിരുന്നതായി നരവംശ ശാസ്ത്രത്തിന്റേയും

സാമൂഹ്യശാസ്ത്രത്തിന്റെയും പിൻബലത്തോടെ കുറ്റിപ്പുഴ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. മനുഷ്യന്റെ സാംസ്ക്കാരികമായ വളർച്ചയിൽ ഇടക്കാലത്ത് രൂപമെടുത്ത ഒന്നാണ് മതമെന്ന് വരുന്നു. വ്യക്തിയും സമുദായവും തമ്മിൽ ഉടലെടുത്ത ശ്രേയസ്ക്കരമായ ബന്ധത്തിൽ നിന്നാണ് സന്മാർഗ്ഗവ്യവസ്ഥകൾ ഉദ്ഭവിച്ചതെന്ന് അദ്ദേഹം പറയുന്നു. വ്യക്തിയുടെ വികാസത്തിനും വളർച്ചക്കും സുഖത്തിനും ഉപകരിക്കുന്ന വിധം, സമുദായത്തിന്റെ ശ്രേയസ്സിന് ഉതകുന്ന നടപടികളെയല്ലാമാണ് സന്മാർഗ്ഗവ്യവസ്ഥയിലുൾപ്പെടുത്തേണ്ടത്. പക്ഷെ ഇത്തരം ദുർവൃത്തിയിൽ ഏർപ്പെടുന്ന പലരും മത ദൃഷ്ട്യാ സദ്വൃത്തരായി തീരുന്നു. സന്മാർഗ്ഗത്തെ മതത്തിൽ നിന്ന് നീക്കിനിർത്തി വിചാരണ ചെയ്താൽ മതത്തിലെ സന്മാർഗ്ഗികളെല്ലാം ദുർവൃത്തരായി കാണാമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. ആയിരമായിരം കൊല്ലങ്ങൾക്ക് മുമ്പ് ബഹുജന മർദ്ദനത്തിനായി പുരോഹിതൻ നിർമ്മിച്ച ജീർണ്ണവും ജടിലവുമായ സന്മാർഗ്ഗ തോതുകൊണ്ടാണ് നാം നടക്കുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നുണ്ട്. സാന്മാർഗ്ഗിക ജീവിതത്തിന്റെ ഒന്നാമത്തെ ലക്ഷണം ശാരീരികവും മാനസികവുമായ ആരോഗ്യവും ശക്തിയുമാകുന്നു. ഇപ്രകാരം ചിന്തിക്കുമ്പോൾ മതത്തിന്റെ ആക്രമണം മനുഷ്യന്റെ സന്മാർഗ്ഗ ബോധത്തെ കളങ്കപ്പെടുത്തുകയും കലുഷമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. പ്രാർത്ഥനയും പ്രായശ്ചിത്തവും വഴിപാടും കൊണ്ട് പാപം കഴുകി കളയാമെന്നുവരുമ്പോൾ സന്മാർഗ്ഗബോധം എങ്ങനെ തെളിയുമെന്നാണ് കുറ്റിപ്പുഴ ചോദിക്കുന്നത്. മതം കൊണ്ട് സന്മാർഗ്ഗം പ്രകാശമാനമാവുകയല്ല, ഇരുളടയുകയാണ് ചെയ്യുന്നതെന്ന സത്യത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്.

മതമല്ല മനുഷ്യന്റെ നീതിബോധം വികസിച്ചുവളരാൻ ഒന്നാമത് വേണ്ടത് പരിതഃസ്ഥിതിയുടെ അനുകൂലമായ പരിവർത്തനമാണെന്ന് കുറ്റിപ്പുഴ 'ചിന്താരംഗം' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. സാമൂഹ്യജീവിയായ മനുഷ്യൻ അവന്റെ ജീവിതയാത്രയിൽ, ശക്തൻ അശക്തനെ വേട്ടയാടി ജീവിച്ചാൽ ജീവിതം അസാദ്ധ്യമാകുമെന്ന അനുഭവത്തിൽ നിന്നാണ് വ്യക്തിയും സമുദായവും തമ്മിൽ ചില നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കേണ്ടി വന്നത്. ഇവിടേയും നീതി ബോധത്തിന്റെ അടിസ്ഥാനം സാമൂഹികതയാണെന്ന് തെളിയുന്നുണ്ട്. മതമോ തത്ത്വശാസ്ത്രമോ ഉണ്ടാകുന്നതിന് മുമ്പ് തന്നെ മനുഷ്യനിൽ നീതിബോധം അങ്കുരിച്ചിട്ടുണ്ടെന്ന് വരുന്നു. ആധുനിക ലോകത്ത് സത്യവും ധർമ്മവുമെല്ലാം ക്ഷയിച്ചുപോയെന്നൊരു പരാതിയുണ്ട്. വൈദികഗ്രന്ഥങ്ങളെ അടിസ്ഥാന മാക്കിയാണ് ഇത്തരം പ്രസ്താവങ്ങൾ പുറപ്പെടുവിക്കുന്നതെന്നാണ് കുറ്റിപ്പുഴ പറയുന്നത്. മനുഷ്യൻ കാടത്തത്തിൽ നിന്ന് സംസ്കൃതമായ മനുഷ്യത്വത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ചരിത്ര സത്യത്തെ വിസ്മരിക്കാവതല്ല. അടിമക്കച്ചവടവും മതപരമായ കൂട്ടക്കൊലയും മറ്റ് ആക്രമണങ്ങളും പഴയകാലത്തായിരുന്നില്ലേ

കൂടുതൽ എന്ന് കുറ്റിപ്പുഴ ചോദിക്കുന്നുണ്ട്. ജാതി, മതം, വർഗ്ഗം, ജന്മിത്വം, നാടുവാഴിത്തം മുതലായ കൃത്രിമ ക്രൂരകല്പനകളുടെ പേരിൽ ജനസമൂഹങ്ങൾ നരക ജീവിതമായിരുന്നില്ലേ നയിച്ചിരുന്നത്. ഇതിലൊക്കെ സത്യവും ധർമ്മവും എവിടെയാണ് നിഴലിച്ചിരുന്നതെന്ന് അദ്ദേഹം ചോദിക്കുന്നുണ്ട്. ലോകത്തിൽ ശാന്തിയും സ്നേഹവും വിജ്ഞാനവും വർഷിക്കുന്നവർക്ക് മാത്രമേ ഇന്ന് മഹത്വം കല്പിക്കുന്നുള്ളൂ എന്ന് കുറ്റിപ്പുഴ പ്രസ്താവിക്കുന്നുണ്ട്.

മനുഷ്യൻ മതവിശ്വാസിയാകുന്നതിന് മുമ്പ് മന്ത്രവാദത്തിലായിരുന്നു വിശ്വസിച്ചിരുന്നതെന്ന് കുറ്റിപ്പുഴ വാദിക്കുന്നുണ്ട്. മന്ത്രവാദിയുഗവും മതയുഗവും തരണം ചെയ്താണ് മനുഷ്യൻ ശാസ്ത്രയുഗത്തിൽ എത്തപ്പെട്ടിരിക്കുന്നത്. എന്നാൽ അതീത കാലഘട്ടത്തിലെ ജീവിത സ്വഭാവശിഷ്ടങ്ങൾ പ്രാപ്തകാല ജീവിതത്തിൽ പ്രതിഫലിച്ചുകൊണ്ടിരിക്കുന്നുണ്ട്. പ്രകൃതി ശക്തികളെ അഭിമുഖീകരിച്ച് അമ്പരന്നും അന്ധാളിച്ചും കഴിഞ്ഞുപോന്ന ആ വനചരസമൂഹത്തിൽ ക്രമേണ മന്ത്രവാദം നടപ്പിലാകുകയും അതിൽ വിദഗ്ധന്മാരായവർ അന്നത്തെ സാമൂഹ്യജീവിതത്തിൽ നായകന്മാരായി തീരുകയും ചെയ്തെന്ന് കുറ്റിപ്പുഴ വിവരിക്കുന്നുണ്ട്. യാതൊരു വിധമതവിശ്വാസവും അന്ന് നടപ്പുണ്ടായിരുന്നില്ല. അപ്പോൾ മതത്തിന്റെ പ്രാകൃതരൂപമാണോ മന്ത്രവാദം എന്ന് ചോദിച്ചാൽ കുറ്റിപ്പുഴ അതിനെ നിഷേധിക്കുന്നു. കാരണം മൗലികമായി മതവും മന്ത്രവാദവും വ്യത്യസ്ഥങ്ങളായിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ശാസ്ത്രത്തിന്റെ വഴിപിഴച്ച ഒരു പൂർവ്വരൂപമായി മന്ത്രവാദത്തെപരിഗണിക്കുന്നു. മന്ത്രവാദിയുടെ ചിന്തയും അന്വേഷണശീലവുമാണ് ശാസ്ത്രത്തിലേക്ക് വഴികാണിക്കുന്നത്. ചില ദേവതകളെ കൂട്ട്പിടിച്ചു എന്നതിൽ മാത്രമേ മന്ത്രവാദത്തിന് മതത്തോട് ഒരു ബന്ധം കാണുന്നുള്ളൂ. മന്ത്രവാദി സർവ്വ ശക്തനാണത്രെ. മനുഷ്യ ശക്തിക്ക് അതീതമായി അതിനെ കീഴ്പ്പെടാത്തതായി ഒന്നും തന്നെ അവന്റെ വിശ്വാസത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ മതത്തിന്റെ നില എത്രയോ വ്യത്യസ്തം. അതിലെ ദൈവത്തിന് അധീനമാണ് മനുഷ്യൻ ഉൾപ്പെടെ സർവ്വ ജീവജാലങ്ങളും. പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിച്ചു ഭരിക്കുന്ന ഒരീശ്വരനിൽ വിശ്വസിക്കുകുയം ആരാധനകൊണ്ട് അദ്ദേഹത്തെ പ്രീതിപ്പെടുത്തു കയും ചെയ്യുക എന്നതാണ് എല്ലാ മതങ്ങളുടേയും മർമ്മം എന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നുണ്ട്. “മന്ത്രവാദ മണ്ഡലത്തിൽ സ്വശക്തിക്ക് സർവ്വ പ്രാമാണ്യം കൊടുത്ത മനുഷ്യൻ മതത്തിലേക്ക് കടന്നപ്പോൾ ദുർബലനായി, നിരാശനായി ഒരു ശരണാഗതവത്സലനെ സങ്കല്പിച്ച് അദ്ദേഹത്തിന്റെ മുമ്പിൽ കൈകൂപ്പി തലകുനിച്ച് നിൽക്കുവാൻ തുടങ്ങി.”[11] ഇങ്ങനെ നോക്കിയാൽ മതത്തിനും ശാസ്ത്രത്തിനും തമ്മിലുള്ള വൈരുദ്ധ്യം തന്നെ മതത്തിനും മന്ത്രവാദത്തിനും തമ്മിലുണ്ടെന്ന് കാണാം. മന്ത്രവാദം ഫലിക്കില്ലെന്ന് കണ്ടപ്പോൾ മനുഷ്യൻ അടുത്ത പടിയായി മതത്തിലേക്ക്

കടന്നു. സമൂഹനായകനായി ഭരണം നടത്തിയിരുന്ന മന്ത്രവാദി മതപുരോഹിതനായി. പുരോഹിതനിൽ രാജത്വവും വന്നു ചേർന്നതോടെയാണ് മർത്യവർഗ്ഗം ഏകശാസനയിൽ വളരാൻ തുടങ്ങിയത്. മതം മനുഷ്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണണമെന്ന് മനുഷ്യൻ വിശ്വസിച്ചു. ഭിന്നമതങ്ങളിലൂടെയും മതവാഴ്ചയിലൂടെയും ലോകം കടന്നുപോയി. പ്രപഞ്ചം, ആത്മാവ്, ഈശ്വരൻ മുതലായവയെക്കുറിച്ച് പലപല സിദ്ധാന്തങ്ങളും പ്രചരിച്ചു. മതസ്ഥാപനങ്ങൾ ലോകമെങ്ങും നിറഞ്ഞു. ഇനി അറിയാനും അന്വേഷിക്കുവാനും ഒന്നുമില്ലെന്നമട്ടിൽ മതാധികാരികൾ ഭരണം തുടങ്ങി. എന്നിട്ടും മുഷ്യന്റെ ജ്ഞാന തൃഷ്ണയ്ക്കോ ജീവിത വൈഷമ്യങ്ങൾക്കോ യാതൊരു ശമനവുമുണ്ടായില്ല. ഇങ്ങനെയുള്ള അന്ധകാരാവസ്ഥയിൽ മന്ത്രവാദം മുഖേന അങ്കുരിച്ച ചിന്താശീലത്തിൽ പ്രബുദ്ധനായ മനുഷ്യൻ കൊളുത്തിയ ദീപമാണ് സയൻസ് അഥവാ ശാസ്ത്രമെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു.

മതം മനുഷ്യനെ ദുർബലനും വിശ്വാസിയുമായി അധഃപതിപ്പിക്കുകയാണ് ഉണ്ടായതെന്ന് വരുന്നു. ശാസ്ത്രയുഗത്തിലും മന്ത്രവാദയുഗത്തിലും അവൻ ശക്തനായിരുന്നുവെന്നും തെളിയുന്നു. എങ്കിലും മനുഷ്യനിലെ ഒടുങ്ങാത്ത ജ്ഞാന തൃഷ്ണ മതമേധാവിത്വത്തെ പലപ്പോഴും പ്രകോപനം കൊള്ളിച്ചിട്ടുണ്ട്. അന്നേ സ്വതന്ത്ര ചിന്തകൾ മതത്തിന്റെ കോപാഗ്നിക്ക് ഇരയായിട്ടുമുണ്ട്. അലക്സാണ്ട്റിയ നഗരത്തിൽ ജീവിച്ചിരുന്ന 'ഹൈപ്പേഷ്യ' ഇത്തരത്തിലൊരു രക്തസാക്ഷിയാണ്. ശാസ്ത്രീയവും ദാർശനികവുമായ വൈദുഷ്യംകൊണ്ട് ലോക പ്രശസ്തി നേടിയ ഇവർ ക്രിസ്തുമതത്തിൽ വിശ്വസിച്ചിരുന്നില്ല. അലക്സാണ്ട്രിയ പള്ളിക്കാർക്കിടയിൽ ഛിദ്രമുണ്ടാക്കാൻ ചില ശത്രുക്കളോടൊപ്പം ഹൈപ്പേഷ്യയും പ്രവർത്തിച്ചിരുന്നുവെന്ന ദുരാരോപണത്തിന്റെ പേരിൽ മതഭ്രാന്തന്മാർ ആവിദുഷിയെ ക്രൂരമായി വധിച്ച ചരിത്രം 'മനനമണ്ഡലം' എന്ന ഗ്രന്ഥത്തിൽ കുറ്റിപ്പുഴ അനാവരണം ചെയ്യുന്നുണ്ട്. ഇന്ത്യയിൽ മിഷണറി പ്രവർത്തനം നടത്തിയിരുന്ന വെരിയർ എൽവിന്റെ ആത്മകഥ 'ദീപാവലി' എന്ന ഗ്രന്ഥത്തിൽ കുറ്റിപ്പുഴ അനാവരണം ചെയ്യുന്നുണ്ട്. ക്രിസ്തുമതത്തെ ചൂഷണോപകരണ മാക്കുന്ന പുരോഹിതന്മാരുടെ ഉള്ളുകള്ളികൾ മനസ്സിലാക്കിയ അദ്ദേഹം ക്രിസ്തുമതം ഉപേക്ഷിച്ച് ഇൻഡ്യയിലെ ഗിരിവർഗ്ഗക്കാരുടെ ഇടയിൽ അവരോടൊപ്പം ജീവിക്കുന്ന കാഴ്ച കാട്ടിത്തരുന്നുണ്ട്. ചിന്താ സ്വാതന്ത്ര്യ മുള്ളവർക്ക് മതത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങിക്കഴിയുവാൻ കഴിയില്ലെന്ന് തെളിയിക്കുന്നതാണ് ഇവയെല്ലാം. ഇപ്രകാരമെല്ലാം പരിശോധിക്കുമ്പോൾ മതം മനുഷ്യസമുദായത്തെ അടക്കി ഭരിക്കുന്നതിന് എത്രമാത്രം കലുഷ്യമാണ് ഈ ലോകത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതെന്ന് ചിന്തനീയമാണ്. മതം നശിച്ചു പോയാൽ മനുഷ്യൻ മൃഗതുല്യരായി പോകുമെന്നും അധർമ്മവും അനീതിയും

പെരുകി ലോകം നശിച്ചുപോകുമെന്നുള്ള വിശ്വാസങ്ങൾക്ക് യാതൊരടി സ്ഥാനവുമില്ലെന്ന് സ്ഥാപിക്കുന്നതാണ് കുറ്റിപ്പുഴയുടെ 'മതവും സന്മാർഗ്ഗ ബോധവും', 'ഭൗതികവാദവും നൈതിക മൂല്യങ്ങളും' 'ധാർമ്മിക മൂല്യങ്ങൾ അധഃപതിച്ചോ' എന്നീ പ്രബന്ധങ്ങൾ. സാമൂഹ്യ ശാസ്ത്രത്തിന്റേയും നരവംശ ശാസ്ത്രത്തിന്റേയും പിൻതുണയുണ്ട് കുറ്റിപ്പുഴയുടെ ഈ പ്രബന്ധങ്ങൾക്ക് പിന്നിൽ. മതവും സന്മാർഗ്ഗബോധവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും; മതത്തിന്റെ ആവശ്യവും മഹിമയും പൊന്തിച്ചുകാണിക്കുവാൻ വേണ്ടി മാത്രമാണ് ഈ പ്രചാരവേലയെന്നും തെളിയുന്നു. മതത്തിലെ സന്മാർഗ്ഗ ബോധം ലൈംഗീക ജീവിതത്തിലെ കൃത്രിമ നിരോധനങ്ങൾക്കാകുന്നു പ്രാധാന്യം. മതഗ്രന്ഥങ്ങളുടെ ദുർവ്യാഖ്യാനവും അന്ധവിശ്വാസവുമാണ് ഇതിന് പിന്നിലെന്ന് മനസ്സിലാക്കാവു ന്നതാണ്. ഇപ്രകാരം പരിശോധിച്ചു പോകുന്ന കുറ്റിപ്പുഴ, മതമേധാവിത്വത്തെ അംഗീകരിക്കാത്ത റഷ്യയിലാണ് സന്മാർഗ്ഗബോധം കുടുതലെന്ന് അഭിപ്രായത്തിലാണ് എത്തിച്ചേരുന്നത്. മനുഷ്യന്റെ ബോധത്തിന് അടിസ്ഥാനം സാമൂഹികതയാണ്. മതത്തിനോ തത്ത്വശാസ്ത്രത്തിനോ അതിൽ യാതൊരു പങ്കുമില്ലെന്ന് കാണാൻ കഴിയും. ആത്മീയവാദത്തെക്കാൾ മാർക്സിയൻ ഭൗതികവാദത്തിനാണ് സാമൂഹികബോധവുമായി ഏറെ അടുപ്പമെന്ന് പറയേണ്ടിയിരിക്കുന്നു.

മതം എന്ന ശബ്ദത്തിന് മേൽവിവരിച്ചപ്രകാരമെല്ലാം ചിന്തിച്ചു നോക്കുമ്പോൾ മഹാത്മഗാന്ധിയും വിവേകാനന്ദനും മറ്റും പറയുന്ന വേദാന്ത പൊരുളോ, ദിവ്യതയുടെ പ്രകാശമോ ഒന്നും ആകുന്നില്ലെന്ന് വേണം പറയാൻ. മറിച്ച് അജ്ഞതയിൽ ആണ്ടുകിടക്കുന്ന മനുഷ്യവർഗ്ഗത്തെ അന്ധവിശ്വാസത്താൽ ബന്ധിച്ച് ചൂഷണം ചെയ്യുന്നൊരേർപ്പാടാണെന്ന കുറ്റിപ്പുഴയുടെ അഭിപ്രായത്തോട് യോജിക്കേണ്ടിവരും. മതത്തെ 'മനം മയക്കുന്ന ശബ്ദജാലം' എന്ന് വിശേഷിപ്പിക്കുന്ന കുറ്റിപ്പുഴ, എല്ലാ മതത്തേയും അങ്ങനെ കാണുന്നുണ്ടോ? എന്നൊരു ചോദ്യമുണ്ടാകാം. അപ്രകാരമെങ്കിൽ ബുദ്ധമതവും, ജൈനമതവും, ചാർവാക മതവും ഒരു തരം മതങ്ങളല്ലേ എന്ന് ചോദിക്കാവുന്നതാണ്. അവയെ വിചാര വിപ്ലവമെന്നും സ്വതന്ത്രചിന്തയെന്നുമൊക്കെ വിശേഷിപ്പിച്ചിട്ടുമുണ്ട്. ബുദ്ധജൈനചാർവാക മതങ്ങൾ ഈശ്വരത്വത്തെ നിഷേധിച്ചിട്ടുണ്ടെന്നത് തന്നെയാണ് അങ്ങനെ വിശേഷിപ്പിക്കാനുള്ള കാരണമെന്ന് വരുന്നു. മാത്രമല്ല, അതിന്റെ ബാഹ്യാംശത്തിലും കാതലായ വ്യത്യാസം കാണാവുന്നതാണ്. "ഫ്യൂഡലിസത്തിന്റെ നെടും കോട്ടയാണ് മതം. അത് ഈശ്വര വിശ്വാസത്തിന്മേൽ കെട്ടിപ്പിടിപ്പിച്ചിട്ടുള്ള ഒരു സാമൂഹ്യവ്യവസ്ഥിതിയാണ്. ആ വ്യവസ്ഥിതിയുടെ ഏറ്റവും ആദ്യത്തെ കണ്ണി ഈശ്വരനാണെന്ന് ചുരുക്കം"[12] എന്ന ജോസഫ് മുണ്ടശ്ശേരിയുടെ അഭിപ്രായത്തോട് ഏറെ യോജിക്കേണ്ടിവരുന്നു. ഈശ്വരത്വത്തെ

നീക്കിയാൽ മതം എന്ന വ്യവഹാരത്തിന് നിൽക്കള്ളിയില്ലെന്ന് വന്നേക്കാം. സാമൂഹ്യജീവിതത്തിൽ മതം ഇന്നും ഒളിഞ്ഞും തെളിഞ്ഞും അതിന്റെ സ്വാധീനം ഉറപ്പിക്കുന്നുവെന്ന് കാണാവുന്നതാണ്. ഇതിന് കാരണം മതത്തിന്റെ മയക്കുവിദ്യ തന്നെയാണ്. മാർക്സിന്റെ 'മനുഷ്യനെ മയക്കുന്ന കറുപ്പ്' തന്നെയാണ് മതമെന്ന കണ്ടെത്തലിനോട് കുറ്റിപ്പുഴ സർവ്വാത്മനാ യോജിക്കുകയാണ്. മതം ഒരു വ്യക്തിയുടെ സ്വകാര്യതയിലിരുന്നാൽ വലിയ അപകടമില്ല. എന്നാൽ അത് സംഘടിത രൂപം പൂണ്ട് സാമൂഹ്യജീവിതത്തെ കലുഷിതമാക്കാൻ പുറപ്പെടുന്നതാണ് പ്രശ്നം.

**ഗതാനുഗതികത്വം**

മനുഷ്യനിലെ ക്ഷിപ്രവിശ്വാസം മാറാത്ത ഒരു മനോരോഗം തന്നെയാണെന്നാണ് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നത്. യുക്തിപൂർവ്വം ചിന്തിക്കുവാനുള്ള വൈമുഖ്യം മൂലം അഭ്യസ്തവിദ്യർ പോലും ഇതിന്റെ പിടിയിൽപെട്ട് പോകുന്നു. അല്പപക്ഷം ചിന്തിക്കുക, ഭൂരിപക്ഷം അതിന്റെ പിന്നാലെ പോവുക, വിശേഷിച്ചും മതകാര്യങ്ങളിൽ. നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്നവരുടെ അജ്ഞതയിൽ നിന്നുണ്ടായിട്ടുള്ള വിശ്വാസങ്ങൾ ഇന്നും ഭേവിക്കൊണ്ട് നടക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇന്നത്തെ സാധാരണ ജനങ്ങളെക്കാൾ അജ്ഞരും അന്ധവിശ്വാസികളുമായിരുന്നു പണ്ടത്തെ ദിവ്യന്മാരെന്നാണ് ചരിത്ര സത്യമെന്ന് കുറ്റിപ്പുഴ സമർത്ഥിക്കുന്നു. അവയിൽ കൊള്ളാവുന്നത് പലതും കണ്ടേക്കാമെങ്കിലും കൊള്ളരുതാത്തവയാണ് ഏറിയപങ്കും. അവയൊക്കെ വിവേചനം കൂടാതെ അപ്പടി കണ്ണുമടച്ച് വിശ്വസിച്ച് മനസ്സിനെ ചവറ്റുകൂട്ടയാക്കുകയാണ് ഇത്തരക്കാർ ചെയ്യുന്നത്. ബുദ്ധിയുടെ ഒരു വശം മതകാര്യങ്ങളിൽ തളർന്നും മറുവശം ശാസ്ത്രപഠനത്തിൽ ഉണർന്നുമിരുന്നതുകൊണ്ട് കാര്യമില്ല. ഇന്ത്യയിൽ ഒന്നാംകിട ശാസ്ത്രജ്ഞൻ മാരുണ്ടാകാത്തത് ഇതിനാലാണെന്ന് കുറ്റിപ്പുഴ വാദിക്കുന്നു. അന്ധവിശ്വാസങ്ങളുടെ വിഴുപ്പ് ഭാണ്ഡം ചുമന്ന് കൊണ്ടാണ് ശാസ്ത്ര പരിഷത്തിലും ഗവേഷണ ശാലയിലും ഇത്തരക്കാർ പ്രവേശിക്കുന്നത്. ഇവരുടെ ബുദ്ധി എങ്ങനെ സ്വതന്ത്രമായി പ്രവർത്തിക്കും എന്നതാണ് കുറ്റിപ്പുഴ ചോദിക്കുന്നത്. ഇപ്രകാരം നോക്കുമ്പോൾ മതവിശ്വാസം രക്ഷയില്ല, മനുഷ്യജീവിതത്തിനൊരു ശിക്ഷയാണ്; ശാപവും ഭാരവുമാണെന്ന് വരുന്നു.

ഉള്ളിൽ കടക്കുന്ന വിശ്വാസത്തെ സാധൂകരിക്കാൻ ചിലപണ്ഡിത മൂഢന്മാർ ഉപയോഗിക്കുന്ന മുട്ടയുക്തിയാണ് ഏറെ ലജ്ജാകരം. ഇത് ചിന്താപരമായ തകിടം മറിച്ചിലാണ്. ക്ഷിപ്രവിശ്വസികളുടെ ദൗർബല്യത്തെ ചൂഷണം ചെയ്യാൻ ശാസ്ത്രയുഗത്തിലും ഇത്തരം ആത്മീയ തട്ടിപ്പുകാരുടെ രംഗപ്രവേശത്തെ കുറ്റിപ്പുഴ

സഹതാപത്തോടെയാണ് വിമർശിക്കുന്നത്. ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അഭാവമാണ് ഇത്തരം തട്ടിപ്പുകൾക്ക് മനുഷ്യൻ വിധേയനാകുന്നത്. ഏത് ഗ്രന്ഥത്തിൽ കാണുന്നതും ഒരു നിയന്ത്രണവുമില്ലാതെ ഉള്ളിലേക്ക് കടത്തിവിടുന്നത് ഒരുതരം മാനസിക ദഹനക്കേടിന് ഇടവരുത്തുകതന്നെ ചെയ്യും. ഏത് സർവ്വജ്ഞ പീഠത്തിൽ നിന്നായാലും വേണ്ടില്ല മനസ്സിന്റെ പടിവാതുക്കൽ വന്നു നിൽക്കുന്നതെന്തും ഒന്നു പരിശോധിച്ചേ അകത്തേക്ക് കടത്തിവിടൂ എന്ന തീവ്രനിഷ്ഠപാലിക്കേണ്ടതാവശ്യമാണെന്ന അഭിപ്രായക്കാരനാണ് കുറ്റിപ്പുഴ. "സ്വന്തം യുക്തിവിചാരത്തിൽ പാകപ്പെടുത്താതെ ഗ്രന്ഥങ്ങളിൽ കാണുന്നതെല്ലാം വലിച്ചുവാരി ഉള്ളിലേക്ക് തള്ളിവിടുന്ന ശീലത്തെക്കുറിച്ച് 'ബുദ്ധിപരമായ അമിത ബുഭുക്ഷ'(Intellectual gluttony) എന്നാണ് അദ്ദേഹം പറയുന്നത്."[13] ഇത് ഗുണത്തേക്കാളധികം ദോഷം ചെയ്യും. എല്ലാ ജ്ഞാനവും അടങ്ങിയിരിക്കുന്നത് വിലയിരുത്തുവാനുള്ള പ്രാപ്തിയിലാണെന്ന ബർണാഡ്ഷായുടെ വാക്കുകളോട് അദ്ദേഹവും യോജിക്കുകയാണ്. മാനസികമായ ദീപനശക്തി ആവശ്യമാണെന്ന് വരുന്നു.

ആധുനിക പണ്ഡിതമനസ്സ് ഭൂതകാലത്തിലെ പഴംചരക്കുകളുടെ മീതേ വർത്തമാനകാലത്തിലെ സമാനങ്ങൾ ഇട്ട് നിറച്ചിട്ടുള്ള കലവറയാണെന്ന് ഷാ നിർവ്വചിച്ചിട്ടുണ്ട്. "ഗ്രന്ഥങ്ങൾ വായിക്കുന്നത് നിരൂപണ സാതന്ത്ര്യത്തോട് കൂടിയായിരിക്കണം. ഭക്ത്യാദരങ്ങളോട് കുടിയായിരിക്കരുത്. എന്നാണ് കുറ്റിപ്പുഴയുടെ നിലപാട്."[14] ബൈബിളും ഭഗവത് ഗീതയും പരിണാമ വാദവും ക്വാണ്ടം തിയറിയുമെല്ലാം ഒരു ചെപ്പിലടച്ച് സൂക്ഷിക്കുന്നതിന്റെ അനൗചിത്യം അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. മനപാത്രത്തിൽ ശേഖരിച്ചതെല്ലാം സ്വന്തം ചിന്തയിലൊന്ന് പാകപ്പെടുത്തിയാലേ അത് ബോധമായി തീരുകയുള്ളൂ. എങ്ങനെയെങ്കിലും വിജ്ഞാനത്തിന്റെ ഭാണ്ഡം വീർപ്പിച്ചാൽ മതി, ഒന്നാം ക്ലാസ്സ് പണ്ഡിതനാകൻ. ആ ഭാണ്ഡവും അതിന്റെ ഉടമസ്ഥനും തമ്മിൽ എന്തുമാത്രം ബന്ധമുണ്ടെന്ന് ആരും നോക്കാറില്ലെന്നാണ് കുറ്റിപ്പുഴ പറയുന്നത്.

മനുഷ്യരുടെ ഇടയിൽ കൊള്ളരുതാത്തതായി കരുതപ്പെടുന്ന നടപടികൾ മതമണ്ഡലത്തിലെത്തുമ്പോൾ പരിശുദ്ധങ്ങളായി തീരുക സാധാരണമാണ്. നരഹത്യ ഭദ്രകാളിയുടെ മുമ്പിലായാൽ വിശ്വാസികൾക്ക് വിശുദ്ധബലിയായി. അപ്രകാരം ഈശ്വര സന്നിധിയിൽ ഉൽകൃഷ്ട പദവി ലഭിച്ചിട്ടുള്ള സ്തോത്രവും വഴിപാടും ഒരുതരം മുഖസ്തുതിയും കൈക്കൂലിയും തന്നെയാണെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. മുഖസ്തുതിയെകൊണ്ട് മനുഷ്യൻ സന്തോഷിക്കുന്നതുപോലെ ദൈവവും പ്രസാദിക്കുമെന്നാണ് സങ്കല്പം. മനുഷ്യനെ അവന്റെ മഹത്വത്തിൽ നിന്ന് താഴോട്ട് തള്ളുന്ന രണ്ട് ദുശ്ശീലങ്ങളാണ് മുഖസ്തുതിയും കൈക്കുലിയും. കൈക്കുലി നിന്ദ്യവും നിഷിദ്ധവുമാണെന്ന് പരക്കെ പറയാറുണ്ട്. എന്നാൽ

മുഖസ്തുതിക്ക് അത്രത്തോളം താണ നിലയില്ലെന്നാണ് വെയ്പ്. ഇതിന്റെ രണ്ടിന്റെ മാർഗ്ഗവും ലക്ഷ്യവും ഒന്ന് തന്നെയാണെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നുണ്ട്. ദേവന്മാരെ പ്രസാദിപ്പിക്കാൻ നടത്തുന്ന ഇത്തരം സ്തുതികൾ ഒന്നാം തരം കൈക്കൂലിതന്നെയാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സത്യസന്ധരായ മനുഷ്യൻ ഒരു സ്വഭാവദോഷമായി ഗണിക്കുന്ന ഈ ദുഃശ്ശീലം ഇങ്ങനെ ദൈവത്തിലാരോപിക്കുന്നവരല്ലേ വാസ്തവത്തിൽ ദൈവഹതന്മാർ എന്നാണ് കുറ്റിപ്പുഴ ചോദിക്കുന്നത്. ഇത്തരം പ്രാകൃതാരാധനാ സമ്പ്രദായങ്ങൾ മനുഷ്യന്റെ അന്ധതയുടെ ഫലങ്ങളത്രെ.

ആദിമ മനുഷ്യന്റെ അന്ധഹൃദയത്തിൽ ആദ്യമായി വേരുറച്ചത് ദുർദേവതാ ഭീതി (Fear of Evil Spirits)യാണെന്ന് കുറ്റിപ്പുഴ വെളിപ്പെടുത്തുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾക്കുപിന്നിൽ ഏതോ ദുർദേവതയുടെ ശക്തിയുണ്ടെന്ന് വിശ്വസിക്കുവാൻ തുടങ്ങി. ദുർദേവതകളുമായി കൂട്ടുകെട്ടുണ്ടെന്ന് സംശയിക്കപ്പെട്ട ചില മനുഷ്യരെ മറ്റുള്ളവർ ഭയപ്പെട്ട് അകറ്റി നിർത്തുവാൻ തുടങ്ങി. ഭയത്തോടൊപ്പം തന്നെ കഠിനമായ വെറുപ്പും ഇക്കൂട്ടരെപ്പറ്റി മനുഷ്യർക്കിടയിൽ വർദ്ധിച്ചുവന്നു. സമുദായത്തിന് എന്തെങ്കിലും ആപത്ത് നേരിട്ടാൽ അതിന് കാരണം ഇവരുടെ ആഭിചാരകർമ്മമാണെന്ന് മനുഷ്യർ തെറ്റിദ്ധരിച്ചു. ഈ അന്ധവിശ്വാസം ചരിത്രത്തെ ഞെട്ടിച്ച കൊടിയ ക്രൂരകർമ്മങ്ങൾക്ക് സാക്ഷ്യം വഹിച്ചുവെന്ന് കുറ്റിപ്പുഴ ചൂണ്ടിക്കാണിക്കുന്നു. അതിവൃദ്ധകളായ സ്ത്രീകളുമായിട്ടാണ് ദുർദേവതകളുടെ കൂട്ടുകെട്ട് എന്നൊരു വിശ്വാസം യൂറോപ്പ് മുഴുവൻ പ്രചരിച്ചു. ഇത്തരക്കാരെ കൊല്ലുന്നതിനുള്ള ഒരു നിയമം തന്നെ അന്ന് നടപ്പിലുണ്ടായിരുന്നു. സ്ത്രീയെ തിന്മയുടെ ഇരിപ്പിടമെന്നാണ് ക്രിസ്തീയ പുരോഹിതന്മാർ വിശ്വസിച്ചിരുന്നത്. അതിനാൽ ഇത്തരം ദുർമന്ത്രവാദിനികളെ വിചാരണ ചെയ്ത് കൊന്ന് കളയുവാൻ മതപുരോഹിതന്മാർ നിർദ്ദേശിച്ചിരുന്നു. ആയിരത്തി അഞ്ഞൂറ് വർഷത്തോളം അന്ധവും ക്രൂരവുമായ ഈ നിയമം ലോകത്തിൽ നിലനിന്നിരുന്നുവെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. യൂറോപ്പ് മുഴുവൻ ഇത്തരം വൃദ്ധകളെ അഗ്നിക്ക് ഇരയാക്കിയിട്ടുണ്ട്. ജോൺ ഓഫ് ആർക്കിനെ ചുട്ടുകൊന്നതും ഇത്തരം അന്ധമായ ഭീതിയിൽ നിന്നുടലെടുത്ത വിശ്വാസമായിരുന്നു കാരണം. റോമിലെ പോപ്പിന്റെ അനുവാദത്തോടുകൂടിയായിരുന്നു ഇത്തരം വിധികളെന്നതാണ് ശ്രദ്ധേയം. യൂറോപ്പിൽ ഉദയംചെയ്ത യുക്തിവാദമാണ് മനുഷ്യന്റെ ഈ അന്ധകാര പ്രയാണത്തിന് വിരാമമിട്ടതെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു.

മനുഷ്യന്റെ കിരാതമനസ്സിൽ ഭയവിഹ്വലതകളിൽനിന്ന് രൂപംകൊണ്ട അന്ധവിശ്വാസങ്ങൾ മനുഷ്യനോടൊപ്പം വളർന്ന് അവന്റെ സാമൂഹ്യജീവിതത്തിൽ പോലും ക്രൂരവും നിന്ദ്യവുമായ പ്രവൃത്തികൾക്കിടവരുത്തിയിട്ടുണ്ടെന്ന് കുറ്റിപ്പുഴ ആവർത്തിച്ച് തെളിയിക്കുന്നുണ്ട്. യുക്തിബോധമില്ലാത്ത മനുഷ്യനിലെ

ക്ഷിപ്രവിശ്വാസമാണ് ഇതിന് കാരണമെന്നാണ് അദ്ദേഹം എത്തിച്ചേരുന്നത്. ഇത് മനസ്സിനെ ബാധിക്കുന്ന ഒരു തരം വാദരോഗം തന്നെയാണെന്നാണ് കുറ്റിപ്പുഴയുടെ നിഗമനം. ഏതൊരു വിശ്വാസവും സ്വതന്ത്രമായ യുക്തി വിചാരം കൊണ്ട് നവീന വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചിട്ടുവേണം സ്വീകരിക്കാനെന്ന യുക്തിവാദ മാർഗ്ഗം തന്നെയാണ് അഭിലഷണീയമായി അദ്ദേഹം കരുതുന്നത്. കുറെയധികം തെറ്റിദ്ധരിക്കുന്നതിനെക്കാൾ നല്ലത് കുറച്ചെങ്കിലും ശരിയായി മനസ്സിലാക്കുന്നതാണ് (It is better to understand little than to misunderstand a lot) എന്ന അനട്ടോൾ ഫ്രാൻസിന്റെ അഭിപ്രാത്തോട് കുറ്റിപ്പുഴയും യോജിക്കുകയാണ്. ഭൂതകാലത്തിലെ ശ്മശാന ശാന്തതയിലേക്ക് അഭയാർത്ഥിയായി പോകുന്ന മനസ്സുകളുടെ ഉടമകളായ ചില ശാസ്ത്രജ്ഞന്മാരുടെ (ജീൻസ്, എഡിങ്ടൺ) ചില പുസ്തങ്ങളിൽ കാണുന്നത് അപ്പടി വിഴുങ്ങുന്നതിനെ അദ്ദേഹ അപലപിക്കുന്നുണ്ട്. നമ്മുടെ അറിവെല്ലാം സാപേക്ഷികമാണെന്ന മൗലിക തത്ത്വം വിസ്മരിച്ച്, കേവലവും സനാതനവുമായ എന്തോ ഉണ്ടെന്നും ആ അജ്ഞാത രഹസ്യത്തിലേക്കാണ് ഇന്നത്തെ സയൻസിന്റെ പ്രയാണമെന്നും വിശ്വസിക്കുന്നവരുണ്ട്. സയൻസിന്റെ പിൻബലത്തോടെ മതത്തിന്റെ ജീർണ്ണോദ്ധാരണം നടത്തുന്നതിനുള്ള കാപട്യമായി ഇതിനെ തള്ളിക്കളയുന്നു.

മനുഷ്യന്റെ സൃഷ്ടിയാണ് ദൈവം എന്ന് തെളിയിക്കുന്നതാണ് ഈശ്വരനെ പ്രീതിപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളിൽ നിന്ന് പോലും മനസ്സിലാകുന്നതെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നുണ്ട്. അവന്റെ ബൃഹൽക്കരിച്ച ഒരു പ്രതിരൂപം തന്നെയാണ് ആ സൃഷ്ടിയിലും പ്രതിഫലിക്കുന്നത്. മനുഷ്യൻ കഴിക്കുന്ന ആഹാരവും അണിയുന്ന ആഭരണങ്ങളും അവന്റെ സ്വഭാവ വിശേഷങ്ങളും മറ്റും അവൻ ദൈവത്തിന് സമർപ്പിച്ചു. കൈക്കൂലിയും മുഖസ്തുതിയും കൊണ്ട് മനുഷ്യൻ പ്രീതനാകുന്നതുപോലെ ദൈവവും പ്രീതനാകുമെന്ന് വിചാരിച്ചതിൽ അവനെ കുറ്റം പറയാൻ കഴിയില്ല. ഇങ്ങനെ അന്ധവിശ്വാസത്തിലാണ്ട് ജീവിത യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടക്കുന്നവരോട് തർക്കിച്ചിട്ട് കാര്യമില്ലെന്ന തീരുമാനത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്. ഇതിനെക്കാൾ എത്രയോ ക്രൂരവും നിന്ദ്യവുമാണ് മനുഷ്യന്റെ അന്ധത സൃഷ്ടിച്ചുവിട്ട ഭൂതപ്രേത പിശാചാദി സങ്കല്പ രൂപങ്ങൾ, അവനെ എത്രമാത്രം ഭ്രാന്തനാക്കി തീർത്തിട്ടുണ്ടെന്ന് അദ്ദേഹ ചിന്തിച്ചുപോവുകയാണ്. അതിവൃദ്ധകളായ സ്ത്രീകളെ 'വിച്ചസ്' (Witches) എന്ന് നാമകരണം ചെയ്തുകൊണ്ടാണ് ക്രിസ്തീയ പുരോഹിത വർഗ്ഗം ആയിരത്തി അഞ്ഞൂറ് വർഷക്കാലം മനുഷ്യരെ ചുട്ടുകരിച്ചുകൊന്നത്. അന്ധമായ കാടത്തമെന്നാണ് കുറ്റിപ്പുഴ അതിനെ വിശേഷിപ്പിക്കുന്നത്. മാനുഷിക മൂഢതയുടെ ഇത്രത്തോളം ബീഭത്സവും നിഷ്ഠൂരവും ആയ വിജ്രംഭണം യൂറോപ്പിൽ മറ്റൊരു കാലഘട്ടത്തിലും പ്രത്യക്ഷപ്പെട്ടിട്ടില്ല. പാരീസ് സർവ്വകലാശാലയിലെ പ്രസിദ്ധ ചാൻസലർ ആയിരുന്ന

ജീൻ ഗർസൺ, ക്രിസ്തുമതത്തിന് വലിയൊരു പരിവർത്തനം വരുത്തിയിരുന്ന ഉല്പതിഷ്ണുവായിരുന്ന മാർട്ടിൻ ലൂൺ കിങ് മുതലായവർ പോലും ഈ അന്ധവിശ്വാസത്തിൽ നിന്ന് മോചിതരായിരുന്നില്ലെന്ന് കുറ്റിപ്പുഴ അപലപിക്കുന്നുണ്ട്. മതത്തിന്റെ ഇരുട്ടിൽ കണ്ണു കാണാതെ തപ്പിതടയുന്ന മനുഷ്യർ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളായാണ് അദ്ദേഹം ഇതിനെയെല്ലാം നോക്കിക്കാണുന്നത്.

മനുഷ്യന്റെ അജ്ഞതയിൽ നിന്നുദിച്ച ഭയമാണ് ഇതിനെല്ലാം മൂലകാരണമെന്ന് കാണാം. അതവന്റെ കൂടപ്പിറപ്പാണ്. എന്നാൽ അത് ഒരു കടുത്ത മനോരോഗമാണെന്ന് കൂടി കുറ്റിപ്പുഴ കണ്ടെത്തുന്നു. പ്രകൃതി ദേവതാ സങ്കല്പവും അന്ധാചാര വിശ്വാസങ്ങളും രൂപം കൊണ്ടതും ഇതിനാൽ തന്നെ. ശാസ്ത്രയുഗത്തിൽപ്പോലും ഭയത്തിൽ നിന്ന് മുക്തനാകാൻ മനുഷ്യന് കഴിവുണ്ടായിട്ടില്ല. ഭയത്തിന്റെ ചില മുഖങ്ങൾ മാഞ്ഞ് പോകുമ്പോൾ തൽസ്ഥാനത്ത് മറ്റ് ചിലത് തലപൊക്കുന്നതാണ് കാരണമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു എന്നും മനുഷ്യനെ വിട്ടുമാറാതെ പിടികൂടിയിരിക്കുന്നത്. മരണ ഭീതിയാണ്. "മരണ ഭയത്തിൽ നിന്ന് താല്ക്കാലികമായിട്ടെങ്കിലും ഒരാശ്വാസം നേടാൻ വേണ്ടിയാണ് മനുഷ്യൻ പുനർജന്മം, ഈശ്വരൻ, ആത്മാവ് മുതലായ അന്ധ സങ്കല്പങ്ങളിൽ ചെന്ന് ചാടിയത്. മതവും തത്ത്വചിന്തയും നിലവിൽ വന്നതും ഈ വഴിക്കത്രെ."[15] ഇതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ലെന്ന് മാത്രവുമല്ല മനുഷ്യന്റെ കർമ്മശക്തിയും ജീവിതവും പാഴാക്കാനേ ഇവ ഉപകരിച്ചുള്ളൂവെന്നും അദ്ദേഹം സമർത്ഥിക്കുന്നു. മനുഷ്യവർഗ്ഗത്തിന് നാനാ പ്രകാരേണ വിനാശകാരിയായി തീർന്ന ഒന്നാണ് സാമ്പത്തിക ഭീതി. അത് മനുഷ്യന്റ സ്വഭാവത്തെ ഏറെ അധഃപതിപ്പിച്ചു. ചുരുക്കത്തിൽ ഭയം ഏത് രൂപത്തിലും മനുഷ്യനെ കെടുത്തിക്കളയുന്നു. അതിന്റെ മൂർച്ഛയിൽ മനുഷ്യൻ പിശാചായി മാറുന്നു. അവന്റെ വിചാര ശക്തിയും വിവേകവും നശിക്കുന്നു എന്ന യാഥാർത്ഥ്യത്തിലാണ് കുറ്റിപ്പുഴ എത്തുന്നത്.

മനുഷ്യനിലെ ഇത്തരം ആശങ്കകൾ പിൽക്കാലത്ത് പല അന്ധാചാര ങ്ങൾക്കും ഇടവരുത്തുകയുണ്ടായി. ഇന്നും സമൂഹത്തിൽ ആഘോഷപൂർവ്വം കൊണ്ടാടുന്ന അന്ധാചാരമാണ് ശവപൂജ എന്ന് കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. കഞ്ഞി കുടിക്കാൻ നിവൃത്തിയില്ലാത്തവനും കഷ്ടപ്പെട്ട് ഈ മൂഢാചാരത്തിനു വേണ്ടി പണമുണ്ടാക്കുന്നു. ഈജിപ്തിലെ പിരമിഡുകളെ ഈ അന്ധ വിശ്വാസങ്ങളുടെ ഹിമാലയവിലാസമായാണ് അദ്ദേഹം കാണുന്നത്. ജീവിച്ചിരിക്കുന്ന മനുഷ്യനെക്കാൾ ശവത്തിന് വിലയുണ്ടെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. ശവത്തെ ബഹുജന ചൂഷണത്തിനും ഉപയോഗിക്കുന്നുണ്ട്. പുണ്യാളന്മാരുടെ ശവം പ്രദർശിപ്പിച്ച് പണമുണ്ടാക്കുന്ന രീതി ഇന്നും

നിലവിലുണ്ടല്ലോ. ബുദ്ധന്റെ പല്ലും നഖവും ഇപ്രകാരം കെട്ടി എഴുന്നള്ളിക്കാറുണ്ട്. 'മനുഷ്യനാണ് സ്വവർഗ്ഗത്തെ ചൂഷണം ചെയ്യുന്ന ഏക ജന്തു' എന്ന് അപ്ടൺ സിങ്ക്ളറുടെ വാക്കുകളെ കുറ്റിപ്പുഴ ശരിവെക്കുകയാണ്. ദേഹത്തെ വിട്ടുപിരിയുന്ന ദേഹി വീണ്ടും തിരിച്ചുവരുമെന്നും കുറേകാലത്തേക്ക് അതിനെ ചുറ്റിപ്പറ്റി നില കൊള്ളുമെന്ന അന്ധവിശ്വാസമാണ് ഇതിന് പിന്നിൽ. ചരിത്രാതീത മനുഷ്യൻ ഇന്നും നമ്മുടെ അബോധമനസ്സിൽ ജീവിക്കുന്നുണ്ടെന്നതിന്റെ നിദർശനമാണ് ശവപൂജയെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു.

പരേതൻ വർഗ്ഗനേതാവോ പടത്തലവനോ പുരോഹിതനോ മറ്റോ ആണെങ്കിൽ ആ ജഡമടക്കുന്ന സ്ഥലം ക്രമേണ ഒരു തീർത്ഥാടന കേന്ദ്രമാവുകയും പരേതൻ പൂജിതനായി തീരുകയും ചെയ്യുന്നത് സ്വാഭാവികം മാത്രം. ഇതിനുത്തമോദാഹരണമാണ് അലക്സാണ്ടർ ചക്രവർത്തിയെ ഭാരതത്തിൽ സ്കന്ദനായി (സുബ്രഹ്മണ്യൻ) ആരാധിക്കുന്നതെന്ന് എൻ. ഗോപാലപിള്ളയുടെ പ്രബന്ധത്തെ ആധാരമാക്കി കുറ്റിപ്പുഴ വാദിക്കുന്നുണ്ട്. അമാനുഷികമായ യുദ്ധവൈദഗ്ദ്യം പ്രകടിപ്പിച്ചിരുന്ന അലക്സാണ്ടറിൽ ഇത്തരം ദേവയോനിത്വം പിതാവായ ഫിലിപ്പ് പോലും കല്പിച്ചിരുന്നത്രെ. അദ്ദേഹത്തിന്റെ വിജയ യാത്രയിൽ ഇതര രാജ്യങ്ങളിലെല്ലാം അലക്സാണ്ടർ പുരാണങ്ങൾ ഉണ്ടായപ്പോൾ ഇന്ത്യയിൽ സ്കന്ദപുരാണമാണുണ്ടായതെന്ന് തെളിയിക്കുന്നു. അലക്സാണ്ടർക്ക് പൗരസ്ത്യ ഭാഷകളിൽ 'ഇസ്കന്ദർ' എന്ന പേരാണ് സ്വീകരിച്ചിരുന്നത്. മറ്റനേകം തെളിവുകൾ നിരത്തിയും കുറ്റിപ്പുഴ ഇത് സ്ഥാപിക്കുവാൻ ശ്രമിക്കുന്നുണ്ട്. "സ്കന്ദനെന്ന ദൈവമായി ഇന്ത്യക്കാർ ആരാധിക്കുന്നത് അലക്സാണ്ടറെന്ന വെള്ളക്കാരനെ യാണെന്ന് എൻ. ഗോപാലപിള്ളയെ ഉദ്ധരിച്ച് വാദിക്കുമ്പോഴും ആ വാദത്തിന്റെ ചരിത്രപരമായ അടിസ്ഥാനം ദുർബലമാണെങ്കിലും - കുറ്റിപ്പുഴയുടെ ലക്ഷ്യം മതവിശ്വാസങ്ങളുടെ മൂഢത്വം വെളിവാക്കുക എന്നതാണ്."[16] എന്ന് സച്ചിദാനന്ദൻ പ്രസ്താവിക്കുന്നുണ്ട്. എങ്കിലും മനുഷ്യനിലെ അന്ധാചാരവും മൂഢവിശ്വാസവും മതപ്രതിപത്തിയും എന്തെല്ലാം കോപ്രായങ്ങൾ ലോകത്തിൽ കാട്ടികൂട്ടിയിട്ടുണ്ട്.

അപ്പോൾ മൂഢവിശ്വാസങ്ങളിൽ നിന്ന് മനുഷ്യൻ മോചിതനാകുന്നതിന് ചരിത്രാതീതകാലത്തെ മനുഷ്യനിൽ രൂഢമൂലമായ ഭയത്തിൽ നിന്ന് മുക്തി നേടുക എന്നതാണ് ഒന്നാമതായി വേണ്ടത്. ശാസ്ത്രബോധത്താൽ ഇത് കുറഞ്ഞ് വരുമ്പോൾ പരിഷ്കൃതയുഗത്തിലെ അനിവാര്യ ദോഷങ്ങളായ യുദ്ധഭീതിയും സാമ്പത്തിക ഭീതിയും അവനെ അലട്ടുന്നതായി കാണാം. മുതലാളിത്ത വ്യവസ്ഥിതിയുടേയും സാമ്രാജ്യ ദുർമോഹത്തിന്റേയും ദുഷ്ടഫലങ്ങളാണ് ഇവരണ്ടുമെന്ന് കുറ്റിപ്പുഴ അടിവരയിട്ട് സ്ഥാപിക്കുന്നു. ഇവിടെ കുബേരനും കുചേലനും ഒന്നുപോലെ സാമ്പത്തിക ഭീതിക്ക് ഇടവരുന്നു. അനിയന്ത്രിതമായ സാമ്പത്തിക ശക്തിയുടെ വ്യാപാരം തന്നെയാണിതിന് കാരണം. ഭരണ കേന്ദ്രം

പോലും ഇതിന് മുന്നിൽ മുട്ട് മടക്കിയിരിക്കുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയിൽ മാത്രമേ മനുഷ്യൻ ഇത്തരം ഭയാശങ്കകളിൽ നിന്ന് മോചിതനായി കാണപ്പെടുകയുള്ളൂവെന്ന് കുറ്റിപ്പുഴ സ്ഥിരീകരിക്കുന്നു. 'ഭയത്തെപ്പോലെ മനസ്സിന്റെ സകല പ്രവർത്തന ശക്തിയേയും യുക്തിവിചാര ക്ഷമതയേയും ഇത്ര സമർത്ഥമായി മറ്റൊരുവികാരവും അപഹരിക്കുന്നില്ല.' (No passion so effectively robs the mind of all its powers of acting and reasoning as fear) എന്ന ബർക്കിന്റെ അഭിപ്രായത്തെ അദ്ദേഹം ഉയർത്തിക്കാട്ടുന്നുണ്ട്.

ശാസ്ത്രബോധം അകാരണമായ ഭയത്തിൽ നിന്ന് മനുഷ്യനെ ഏറെക്കുറെ മോചിപ്പിച്ചിട്ടുണ്ടെങ്കിലും, പരിഷ്കൃത യുഗത്തിലും മോചനം കിട്ടാത്തത് ശവപൂജ മുതലായ ദുരാചാരങ്ങളിൽ നിന്നാണെന്ന് തെളിയുന്നുണ്ട്. വേദാന്തിയായിരുന്ന ശ്രീനാരായണ ഗുരുപോലും ഈ അന്ധാചാരത്തെ അപലിച്ചിട്ടുണ്ട്. 'ചക്കിലിട്ടാട്ടിയാൽ വളമായിട്ടുപയോഗിക്കാമല്ലോ' എന്നാണ് ശവസംസ്ക്കാരത്തെക്കുറിച്ചുള്ള ഗുരുവിന്റെ മറുപടി. ശവത്തിന്റെ പേരിലുള്ള കോപ്രായങ്ങളുടെ നേരെയുണ്ടായ രൂക്ഷമായ പരിഹാസമായിരുന്നു അതെന്ന് കുറ്റിപ്പുഴ വ്യാഖ്യാനിക്കുന്നുണ്ട്. താജ്മഹൽപോലും ഇത്തരം അന്ധാചാരത്തിന്റെ ദൃഷ്ടാന്തമാണെന്ന് മനസ്സിലാക്കുന്ന അദ്ദേഹം, അതിന്റെ അടിയിലും ചീഞ്ഞ് നാറുന്ന ശവമാണുള്ളതെന്ന വസ്തുതവിളിച്ചു പറയുവാൻ മടിക്കുന്നില്ല. മതത്തിന്റെ മയക്കുമരുന്ന് ധാരാളം വിറ്റഴിയുന്ന നമ്മുടെ രാജ്യത്ത് മനുഷ്യനെക്കാൾ വില ശവത്തിനാണെന്ന സത്യം കുറ്റിപ്പുഴ ആധുനിക ലോകത്തിനുമുന്നിൽ വെക്കുകയാണ്. മതപരമായ യാതൊരു ചടങ്ങും കൂടാതെ തന്റെ ദേഹം ദഹിപ്പിക്കണമെന്ന് നെഹ്റു മരണപത്രത്തിൽ എഴുതിവെച്ചിട്ടെന്തായെന്ന്? അദ്ദേഹം ചോദിക്കുന്നു. പൂണൂലിട്ട്, പുരോഹിത വിക്രിയകളെല്ലാം നടത്തി, ചിതാഭസ്മം ഘോഷയാത്രയായി കൊണ്ട് നടന്ന് പുണ്യനദികളിലെല്ലാം ഒഴുക്കിയ ഗതികേടിന് ചരിത്രമാണ് സാക്ഷി. മതത്തിന്റെ ഒരു തരം 'വിശുദ്ധചൂഷണം' എന്ന് കുറ്റിപ്പുഴ പേര് നൽകുന്നു. ശവം ആരുടേതായാലും അത് വെച്ച് സൂക്ഷിക്കുന്നത് അറപ്പും വെറുപ്പുമുണ്ടാക്കുന്ന കിരാത സമ്പ്രദായമാണെന്ന് പറയാൻ കുറ്റിപ്പുഴ ധൈര്യം കാണിക്കുന്നു. പ്രശസ്തിയാർജിച്ച ശവം കാലക്രമത്തിൽ ദൈവമായി തീരുന്നത് സ്വാഭാവികം മാത്രം. അലക്സാണ്ടർ ചക്രവർത്തി ഇന്ത്യയിൽ സ്കന്ദനായതിൽ അത്ഭുതപ്പെടാനില്ലന്നേ പറയേണ്ടതുള്ളൂ. മനുഷ്യൻ സൃഷ്ടിച്ചുവിടുന്നവയിൽ ബഹു വിചിത്രമായ ചരിത്രമെന്നാണ് കുറ്റിപ്പുഴ മനസ്സിലാക്കുന്നത്. ചരിത്രാതീത കാലത്തെ കിരാതമനസ്സിൽ രൂപംകൊണ്ട ഭയാശങ്കകളിൽ ആവിർഭവിച്ച അന്ധവിശ്വാസവും അനാചരവും സഹസ്രാബ്ദങ്ങൾക്ക് ശേഷവും, ആധുനിക ശാസ്ത്രയുഗത്തിലും തുടരുന്നതിനെതിരേയാണ് അദ്ദേഹം സന്ധിയില്ലാതെ യുദ്ധം ചെയ്യുന്നതെന്ന് വ്യക്തമാണ്. ഈ ഗതാനുഗതകത്വത്തിൽ നിന്ന് മോചനം

നേടുവാൻ, ആധുനിക മാനവനിൽ യുക്തിചിന്തയും ശാസ്ത്രമെന്ന ഭാവവും ഏറെ ആവശ്യമാണെന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്.

**സ്വതന്ത്രചിന്തയുടെ അപ്പോസ്തലന്മാർ**

സ്വതന്ത്രചിന്തകൊണ്ട് ധന്യവും മാതൃകാപരവുമായ ഒരു വ്യക്തിയേയും ജീവിതത്തേയുമാണ് യുക്തിവാദി പത്രാധിപരായിരുന്ന എം.സി. ജോസഫിലൂടെ കുറ്റിപ്പുഴ കാണുന്നത്. സ്നേഹ പ്രചോദിതവും വിജ്ഞാന പ്രബുദ്ധവുമാണ് ആ ജീവിതം. വികാര പാരവശ്യങ്ങളെ വിചാരം കൊണ്ട് നിയന്ത്രിച്ച് കഴിയുന്നിടത്തോളം ബുദ്ധിപരമായി ജീവിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഫിലോസഫി. വാദ പ്രതിവാദങ്ങളിൽ അസൂയാവഹമായ സൗശീലവും അന്യാദൃശ്യമായ ശുദ്ധിയും കുലീനതയും കാണാൻ കഴിയും. പ്രതിയോഗികളുമായുള്ള ഏറ്റ് മുട്ടലിൽ അദ്ദേഹം ഒരിക്കലും വികാര തരളിതനാകാറില്ല. അദ്ദേഹം എപ്പോഴെങ്കിലും ക്ഷോഭിച്ചിട്ടുണ്ടോ എന്നേ കുറ്റിപ്പുഴക്ക് സംശയമുള്ളൂ. എം.സി. കഠിന ഹൃദയനോ നിർവികാരനോ ആണെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ലെന്നും സ്നേഹവും സഹതാപവും ദീനാനുകമ്പവും നിറഞ്ഞു തുളുമ്പുന്ന വ്യക്തിത്വമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഏത് വാർദ്ധക്യത്തിലും ജീവിതം വിലപ്പെട്ടതാണെന്ന അഭിപ്രായമായിരുന്നു എം.സി.ക്കുണ്ടായിരുന്നത്.

യൗവ്വനത്തിളപ്പിലാണ് യുക്തിവാദവും നിരീശ്വരത്വവും മറ്റും. വയസ്സാകുമ്പോൾ അതൊക്കെ മാറി ദൈവമേ എന്ന് വിളിച്ചുതുടങ്ങും. ഈ ധാരണ തികച്ചും തെറ്റാണെന്നതിന് ഒന്നാം തരം തെളിവായാണ് എം.സി.യെ കുറ്റിപ്പുഴ അവതരിപ്പിക്കുന്നത്. എൺപതിലെത്തിയിട്ടും അദ്ദേഹത്തിന്റെ ചിന്താപരമായ നിലപാടിൽ ഒരു മാറ്റവുമില്ല. വയസ്സാകുന്തോറും യുക്തിവാദമനോഭാവത്തിന് തീഷ്ണത കൂടിവരുന്നതേയുള്ളൂ. മതം, ആത്മാവ്, ദൈവം എന്നിവ മനുഷ്യന്റെ ചിന്താശക്തിയേയും വിവേകത്തേയും തല്ലിക്കെടുത്തി അവനെ ഭീരുവാക്കുന്ന അന്ധ സങ്കല്പങ്ങളാണെന്ന് തെളിവും യുക്തിയും കാണിച്ച് അദ്ദേഹം ഇപ്പോഴും വാദിച്ചുകൊണ്ടിരിക്കുന്നു. മതത്തിന്റെ കുത്തക പിടിച്ചിരിക്കുന്നവരും ഭക്തിയുടെ വെളിച്ചപ്പാടൻമാരും ഈ യുക്തിവാദത്തിന്റെ മുമ്പിൽ മുട്ടുകുത്തിപ്പോകും എന്ന കാര്യത്തിൽ കുറ്റിപ്പുഴക്ക് സംശയമില്ല. നിർമതത്വത്തിലും നിരീശ്വരവാദത്തിലും ഇത്രയും നീണ്ടകാലം അടിയുറച്ച് നിന്നുകൊണ്ട് അന്ധവിശ്വാസങ്ങളോട് പോരാടിയിട്ടുള്ള യുക്തിവാദികൾ കേരളത്തിൽ വിരളമാണെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. എം.സി. പുറപ്പെടുവിക്കുന്ന ആശയങ്ങൾ പലതും കേരളീയർക്ക് ദഹിക്കണമെങ്കിൽ ഇനിയും ഒരു നൂറ്റാണ്ട് വേണ്ടിവന്നേക്കുമെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നുണ്ട്. യുക്തിവാദികളുടെ ഈ ആചാര്യൻ ഇന്ന് വിതക്കുന്ന ആശയബീജങ്ങൾ നാളെ മുളച്ചുപൊന്തി മാമരങ്ങളായി വികസിപ്പിച്ച്

വിജ്ഞാനത്തിന്റെ കനികൾ പൊഴിക്കുമെന്നതിലും അദ്ദേഹത്തിന് സംശയമില്ല.

'എം.സി. സാഹിത്യം വായിച്ചുമനസ്സിലാക്കാനല്ല പ്രയാസം. വായിച്ചു മനസ്സിലാക്കി കഴിഞ്ഞാലാണ്' എന്ന എൻ.പി. കൃഷ്ണവാര്യരുടെ അഭിപ്രായത്തോട് കുറ്റിപ്പുഴ ഏറെ യോജിക്കുന്നുണ്ട്. കാരണം നമ്മുടെ ദൗർബല്യങ്ങൾക്ക് നേരേയുള്ള ആഗ്നേയ ശരങ്ങളായിരിക്കും അവയിലേറെയും എന്നത് തന്നെ. "യുക്തിവാദം ചിലർ തെറ്റിദ്ധരിക്കുന്നതുപോലെ ഒരു പ്രത്യേക മതമോ പ്രസ്ഥാനമോ അല്ല. അതൊരു വിചാര പദ്ധതി മാത്രമാണ്. അന്വേഷണത്തിനു വിധേയങ്ങളാകുന്ന വിഷയങ്ങളിൽ കൂടിക്കലർന്നു കിടക്കുന്ന സത്യാസത്യങ്ങളെ വേർതിരിക്കുകയും അകലുഷമായ ചിന്താവ്യാപാരം കൊണ്ട് തെളിവുകളെ തുലനം ചെയ്ത് നോക്കുകയും ചെയ്യുന്ന പദ്ധതിയാണ് യുക്തിവാദം."[17] യുക്തിവാദങ്ങളെക്കുറിച്ചുള്ള കുറ്റിപ്പുഴയുടെ കാഴ്ചപ്പാട് വ്യക്തമാണ്. എന്നാൽ ആശയ ലോകത്തിൽ ഏതാനും ബുദ്ധിമാന്മാർ ചിന്തിക്കുകയും മറ്റുള്ളവർ അവരുടെ പിറകേ പോകുന്ന കാഴ്ചയുമാണ് കാണുന്നത്. അറിവാകുന്ന ജലം മുന്നോട്ടൊഴുകാതെ കെട്ടിനിന്ന് ദുഷിക്കാൻ തുടങ്ങിയ ഓരോ കാലഘട്ടത്തിലും യുക്തിവാദികളായ ആചാര്യന്മാരാണ് അന്ധതയോട് പടപൊരുതി ജനസമുദായത്തെ പ്രബുദ്ധമാക്കിയിട്ടുള്ളതെന്ന്' എം.സി.യെ ഉദാഹരിച്ചുകൊണ്ട് കുറ്റിപ്പുഴ ആവർത്തിക്കുകയാണ്. സിദ്ധാന്ത ബന്ധമായ ബുദ്ധിയല്ല യുക്തിവാദത്തിന് വേണ്ടത്. അതെപ്പോഴും സ്വതന്ത്രമായിരിക്കണം. ഒരു പ്രത്യേക അഭിപ്രായം സ്ഥാപിക്കണമെന്ന് യുക്തിവാദികൾ ശാഠ്യം പിടിക്കാറില്ല. യുക്തിവാദികളെ പൊതുവേ ബന്ധിക്കുന്ന വിശ്വാസപ്രമാണങ്ങളോ അഭിപ്രായങ്ങൾ തന്നെയോ ഉണ്ടാവുക വിഷമമാണ്. എന്നാൽ അഭിപ്രായങ്ങൾ എപ്പോൾ തെറ്റാണെന്ന് തെളിയുന്നുവോ അപ്പോൾ അത് മാറ്റുവാനും അവർ മടിക്കുകയില്ല. ഒരു തുറന്ന മനസ്സാണ് അവർക്ക് ഏത് കാര്യത്തിലുമുള്ളത് എന്ന് അഭിപ്രായപ്പെടുന്ന കുറ്റിപ്പുഴ സ്വതന്ത്രചിന്ത എപ്രകാരം ഇവരിൽ വ്യാപരിച്ചിരിക്കുന്നു എന്നന്വേഷിക്കുകയാണ്.

അജ്ഞാതരഹസ്യമായി എന്തോ ഒന്നില്ലേ എന്ന ചോദ്യത്തിന് ഉണ്ടായിക്കൊള്ളട്ടെ, അറിഞ്ഞുകൂടാത്തതിന് അറിഞ്ഞുകൂടാ എന്ന മനോഭാവം പാലിക്കണം. എല്ലാം അറിയാമെന്നോ അറിഞ്ഞുകഴിഞ്ഞുവെന്നോ ബുദ്ധിയുള്ളവരാരും ശഠിക്കുകയില്ല. ബുദ്ധിപരമായ സത്യസന്ധത വെച്ചുപുലർത്തണം എന്നത് തന്നെയാണ് വിവക്ഷിതം. അറിവിനും അപ്പുറത്ത് എന്തോ ഉണ്ടെന്ന് കരുതി മനുഷ്യൻ സൃഷ്ടിച്ചുവിട്ടതാണ് ഈശ്വരനും ആത്മാവും മറ്റും. അവയെല്ലാം യുക്തിവിചാരത്തിന് വിഷയമാകുന്നതുമത്രെ. "സ്വർഗ്ഗത്തിൽ ഉച്ചസ്തനായി വിളയാടി പുണ്യപാപങ്ങൾ വീതിച്ചും, സ്തുതിഗീതങ്ങൾകേട്ട് പ്രസാദിച്ചും, യുദ്ധം തുടങ്ങിയ കാര്യങ്ങളിൽ ഇരുപക്ഷക്കാരുടേയും പ്രാർത്ഥനകൾ സ്വീകരിച്ച് അമ്പരന്നും, യാതൊരു കാരണവുമില്ലാതെ ഭൂകമ്പം, കൊടുങ്കാറ്റ്,

ഇടിവെട്ട് മുതലായ ഹിംസ മാർഗ്ഗങ്ങൾ നടത്തിയും പ്രപഞ്ച ഭരണം നിർവ്വഹിക്കുന്ന ഒരീശ്വരനിൽ വിശ്വസിക്കാൻ സാമാന്യ ബുദ്ധിയുള്ളവർക്ക് സാദ്ധ്യമാകുമോ?"[18] എന്ന് കുറ്റിപ്പുഴ ചോദിച്ചുപോവുകയാണ്. ഇമ്മാതിരി അന്ധ സങ്കല്പങ്ങളെയാണ് യുക്തിവാദികൾ എതിർക്കുന്നത് യുക്തിവാദം പ്രചരിപ്പിക്കുന്നതിൽ ഏകതനാതയോടെ നിസ്വാർത്ഥപ്രവർത്തനം നടത്തിയ എം.സി. യെപ്പോലുള്ളവരുടെ പ്രസക്തി എത്രമാത്രമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ് കുറ്റിപ്പുഴ. യുക്തിവാദ പരിപോഷണം ഒരു ജീവിതവ്രതമായി അദ്ദേഹം സ്വീകരിച്ചു. 'യുക്തിവാദി' മാസികയുടെ പത്രാധിപരെന്ന നിലയിൽ കേരളീയ സംസ്കാരത്തെ സ്ഫുടം ചെയ്ത് ശുദ്ധീകരിക്കാനുള്ള ഒരു വൈജ്ഞാനിക യജ്ഞമാണ് അദ്ദേഹത്തിന്റെ മാസികാ പ്രവർത്തനമെന്ന് കുറ്റിപ്പുഴ പറയുന്നു. അതിലെ എം.സി.യുടെ ചില കുറിപ്പുകളാണ് 'യുക്തിവാദി' മാസികയുടെ മജ്ജയും മാംസവുമെന്ന് അദ്ദേഹം ആവർത്തിക്കുന്നുണ്ട്. സ്വതന്ത്ര ചിന്തയെ തടയുന്ന വൈകാരികമായ ദൗർബല്യങ്ങളിൽ നിന്ന് തികച്ചും മുക്തനായിരുന്നു എം.സി. എന്ന് കാണാം. മത വിശ്വാസങ്ങളുടെ നടുക്കു താമസിച്ചുകൊണ്ട് തന്നെ മതത്തിന്റെ മസ്തകം അദ്ദേഹം തല്ലിത്തകർക്കുകയുണ്ടായിട്ടുണ്ട്. എം.സി. ജോസഫിനെ സ്വതന്ത്ര ചിന്തയിലേക്കാനയിച്ചത് സഹോദരനയ്യപ്പനാണെന്ന് കുറ്റിപ്പുഴ സ്ഥിരീകരിക്കുന്നുണ്ട്.

കേരളത്തിലെ ജാതിനാശക സമരത്തിന്റേയും മിശ്രവിവാഹ പ്രസ്ഥാന ത്തിന്റേയും നേതാവായ സഹോദരനയ്യപ്പനാണ് സ്വതന്ത്ര ചിന്തയുടെ മറ്റൊരു നായകൻ. സഹോദരന്റെ സ്വതന്ത്ര ചിന്താശീലവും യുക്തിവാദവുമാണ് കുറ്റിപ്പുഴയെ ആകർഷിക്കുന്നത്. സംഭാഷണത്തിലും പ്രസംഗങ്ങളിലും കാണുന്ന വികാരത്തിന്റെ വേലിയേറ്റം വിചാരശക്തിയെ ദുർബലമാക്കാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏതിലും തുളച്ചു കയറുന്ന യുക്തിവാദം അതായിരുന്നു മുന്നിട്ടു നിന്നിരുന്നത്. ഏത് കാര്യവും വസ്തുനിഷ്ഠമായി വിശകലനം ചെയ്ത് നോക്കുന്നതിൽ സഹോദരൻ കാട്ടിയ പാടവവും ഏറെ മുന്തിയതാണെന്ന് കുറ്റിപ്പുഴ സൂചിപ്പിക്കുന്നുണ്ട്. സഹോദരൻ ജാതി ധ്വംസനത്തിനായി പുറപ്പെട്ട കാലം കേരള ചരിത്രത്തിലെ ഒരു പരിവർത്തനത്തിന്റെ കാലഘട്ടമായിരുന്നു. നായരും നമ്പൂതിരിയും ഈഴവനും മറ്റും അതത് ജാതിക്കകത്തുതന്നെ വേർതിരിഞ്ഞു നിന്ന് ഉച്ചനീചത്വം പുലർത്തിയിരുന്നകാലം. ജാതി നശിക്കണമെന്ന് മനുഷ്യത്വത്തിന്റെ പരമോന്നത ശൃംഗത്തിൽ കയറി നിന്ന് സഹോദരൻ പ്രഖ്യാപിച്ചു. ജാതി വൃക്ഷത്തിന്റെ നാരായ വേര് മുറിക്കുകതന്നയായിരുന്നു ആ പുറപ്പാടിന്റെ ലക്ഷ്യമെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു. മിശ്രവിവാഹം കൊണ്ടേ ജാതി നശിക്കൂ എന്ന് അദ്ദേഹം വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ഇതിനെ ഒരു വിപ്ലവ കാഹളമെന്ന് തന്നെ കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നുണ്ട്.

കുറ്റിപ്പുഴ സഹോദരനയ്യപ്പനുമായി അടുക്കുന്നത് അദ്വൈതാശ്രമത്തിൽ വെച്ചാണ്. ശ്രീനാരായണ ഗുരുവിനെ കാണുവാനും മറ്റുമായി അദ്ദേഹം അവിടെ വരാറുണ്ടായിരുന്നു. ആശ്രമത്തിലെ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു അന്ന് കുറ്റിപ്പുഴ. എം.സി.യെ പോലെ കുറ്റിപ്പുഴയെ സ്വതന്ത്രചിന്തയുടെ ലോകത്തേക്ക് നയിക്കുന്നതിൽ സഹോദരനയ്യപ്പനും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാദമുഖങ്ങൾ കേൾക്കാനായി കുറ്റിപ്പുഴ സഹോദരന്റെ വീട്ടിൽ പലപ്പോഴും സന്ദർശനം നടത്തിയിട്ടുണ്ട്. പ്രപഞ്ചം, മനുഷ്യൻ, ആത്മാവ് തുടങ്ങിയ ഗഹന വിഷയങ്ങളെപ്പറ്റി വിചാരണ ചെയ്തിട്ടുണ്ട്. സഹോദരന് 'പുലയനയ്യപ്പനെ' ന്നൊരു പേര് ആക്ഷേപ സൂചകമായി സ്വസമുദായം ചാർത്തിക്കൊടുത്തിരുന്നു. എന്നാൽ ആ പേരിൽ അഭിമാനം കൊള്ളുകയാണ് അദ്ദേഹം ചെയ്തത്. സഹോദരൻ അയ്യപ്പൻ എന്ന പേര് കുറച്ചുകൂടി ആലോചനാമൃതമാണെന്ന് കുറ്റിപ്പുഴക്ക് തോന്നുന്നു. മനുഷ്യവർഗ്ഗമുള്ളിടത്തോളം കാലം ആ സാഹോദര്യമാധുര്യം നിലനിൽക്കുകതന്നെ ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. മതഗ്രന്ഥങ്ങൾക്കും ആചാര്യന്മാർക്കും അടിമയാകാതെ യുക്തിമാർഗ്ഗത്തെ അവലംബിച്ചുള്ള സഹോദരന്റെ സ്വതന്ത്ര ചിന്താശീലത്തെ ഗുരു ഏറ്റവും വിലമതിച്ചിരുന്നതായി കുറ്റിപ്പുഴ മനസ്സിലാക്കുന്നു. സാമൂഹ്യ വിപ്ലവരംഗത്ത് സഹോദരൻ അഴിച്ചുവിട്ട കൊടുങ്കാറ്റിന്റെ ഇരമ്പം ഇന്നും കേരളത്തിൽ മാറ്റൊലി കൊള്ളുന്നുണ്ടെന്ന് കുറ്റിപ്പുഴ സമർത്ഥിക്കുന്നു.

യുക്ത്യാധിഷ്ഠിതമായ സ്വതന്ത്രചിന്തയും വിശാലമായ ശാസ്ത്രീയ വീക്ഷണവും കൊണ്ട് വിജ്ഞാന കേന്ദ്രമായി തീർന്നിരിക്കുന്ന ജവഹർലാൽ നെഹ്റുവിനെ മനുഷ്യവർഗ്ഗത്തിന്റെ ഒരു മഹാവിദ്യാലയമായാണ് കുറ്റിപ്പുഴ കാണുന്നത്. മനുഷ്യർ നന്നാകുന്നതിന് മതം അത്യാവശ്യമാണെന്ന മുരട്ടുവാദത്തിന്റെ പ്രത്യുത്തരമാണ് നെഹ്റുവിന്റെ നിർമതത്വം. ദേവദർശനത്തിനായി ഒരു ദേവാലയത്തിലും അദ്ദേഹം പോയില്ല; ഒരു രാമനാമവും ഉച്ചരിച്ചില്ല. എങ്കിലും ഈ നവയുഗത്തിലെ ഏറ്റവും നല്ല മനുഷ്യനാകാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് കുറ്റിപ്പുഴ അവകാശപ്പെടുന്നു. നെഹ്റുവിന് ഏതെങ്കിലും മതത്തിൽ വിശ്വാസമുണ്ടായിരുന്നുവെങ്കിൽ അത് മനുഷ്യമതത്തിൽ അതായത് മാനുഷിക സിദ്ധികളെ ലക്ഷീകരിച്ചുള്ള മതത്തിൽ ആയിരുന്നു. അണക്കെട്ടുകളും വ്യവസായ ശാലകളുമായിരുന്നു അദ്ദേഹത്തിന്റെ പുണ്യസ്ഥലങ്ങൾ. ഇഹലോക ജീവിതത്തിന്റെ പുരോഗതിക്കും പ്രതിബന്ധമായി നിൽക്കുന്ന സകല ചങ്ങലക്കെട്ടുകളേയും പൊട്ടിച്ചുകളയണം എന്നതായിരുന്നു നെഹ്റുവിന്റെ മനുഷ്യമത സിദ്ധാന്തം. കറതീർന്ന ചരിത്ര ബോധത്തിന്റേയും യുക്തിയുക്തമായ സ്വതന്ത്ര ചിന്തയുടേയും ഫലമായിട്ടാണ് നെഹ്റു നിർമ്മതത്ത്വത്തിലെത്തിച്ചേർന്നതെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. യുക്തി വിചാരത്താൽ ന്യായവാദത്തെ തകിടം മറിക്കാൻ വികാരങ്ങൾക്ക്

പ്രത്യേകമായൊരു രീതിയുണ്ട് (Emotion have a way of upsetting logic) എന്ന് നെഹ്റു വിശ്വസിച്ചിരുന്നു. ബുദ്ധിപരമായ സത്യസന്ധതയും ചിന്താസ്വാതന്ത്ര്യവും പാലിക്കുന്നതിൽ നെഹ്റു പ്രദർശിപ്പിച്ചിട്ടുള്ള തീവ്രനിഷ്ഠ മറ്റുള്ളവർക്കൊരു മാതൃകയാണെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നു.

"നാസ്തികരായി, യുക്തിവാദികളായി രംഗത്ത് വന്ന് ക്രമേണ ആസ്തികരായി തീരുന്ന പലരേയും നമുക്ക് ഓർമ്മിക്കുവാൻ സാധിക്കും. ഇവിടെ സംഭവിച്ചത് മറിച്ചാണ്"[19] എന്ന് കുറ്റിപ്പുഴയെ പരാമർശിക്കുന്നത്, മേൽ വിവരിച്ച സ്വതന്ത്ര ചിന്തകന്മാർക്കും ഏറെ യോജിക്കുന്നതാണ്. മരണ പത്രത്തിൽ പോലും നെഹ്റു അത് വ്യക്തമാക്കിയിരുന്നു. എം.സി.ജോസഫ് വാർദ്ധക്യത്തിലും തന്റെ യുക്തിചിന്തയിൽ നിന്ന് വ്യതിചലിച്ചില്ല എന്ന് മാത്രമല്ല കൂടുതൽ കരുത്തനായി കാണുകയാണുണ്ടായത്. സഹോദരനയ്യപ്പന്റേയും സ്ഥിതി വ്യത്യസ്ഥമായിരുന്നില്ല. "മതാതീതനായ യുക്തിവാദി, അഭിനവബുദ്ധൻ - ജവഹർലാലിനെക്കുറിച്ചുള്ള ലേഖനങ്ങളാണ്. അത് വായിച്ചാൽ ഈ നിരീശ്വരനുമുണ്ട് ഒരീശ്വരൻ എന്ന് ബോധ്യമാകും."[20] എന്ന് തായാട് ശങ്കരന്റെ അഭിപ്രായത്തോട് വിയോജിക്കുക ബുദ്ധിമുട്ടാണ്. സ്വതന്ത്ര ചിന്തയുടെ അവതാരകന്മാരോട് അടങ്ങാത്ത ഒരാരാധന കുറ്റിപ്പുഴയിൽ കാണാവുന്നതാണ്. പലപ്പോഴും ഇത് അതിശോക്തിയുടെ അതിരുകൾ ലംഘിക്കുന്നുണ്ടോ എന്ന് തോന്നിപ്പോകും. എങ്കിലും ഈ ദോഷം അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിലെ ഉള്ളടക്കത്തെ തകരാറിലാക്കത്തക്കവിധം പ്രകടമാകുന്നില്ല. "യുക്തിവാദത്തിനും സ്വതന്ത്രചിന്തക്കും സാധാരണയായി വ്യക്തിപരത എന്നൊരു നൂനത കണ്ട് വരാറുണ്ട്. ആ ന്യൂനത കുറ്റിപ്പുഴയുടെ ചിന്തകളിലും അന്തർധാരയായി വർത്തിക്കുന്നുണ്ട്. മാർക്സിസം മുതലായ സമഷ്ടി ചിന്താപദ്ധതികളുമായി ബന്ധപ്പെട്ടതുമൂലമാകാം അത് അത്ര പ്രകടമാകാതിരുന്നത്. മനഃശാസ്ത്രപരമായി ഒരു വ്യക്തിമഹത്വവാദി (Individualist) യാണദ്ദേഹം"[21] എന്ന് ഡോ.പി.വി.വേലായുധപിള്ള സമർത്ഥിക്കുന്നുണ്ട്. ജീർണ്ണ ജർജ്ജരമായ ഈ ലോകത്തെ സമുദ്ധരിക്കുവാൻ പുറപ്പെട്ട കുറ്റിപ്പുഴക്ക് വ്യക്തി ആരാധനയെക്കാൾ പ്രാധാന്യം ലക്ഷ്യബോധം തന്നെയായിരുന്നു. ആ ലക്ഷ്യത്തെ സാക്ഷാത്ക്കരിക്കുന്നതിന് സമർത്ഥിക്കുന്ന ചില നിദർശനങ്ങൾ മാത്രമാണ് ഇത്തരം ലേഖനങ്ങൾ.

ഈ സ്വതന്ത്ര ചിന്തകന്മാരെ അവതരിപ്പിക്കുമ്പോൾ യുക്തി ഭദ്രമായ അവരുടെ ചിന്തയും ജീവിതവും അനുകരണീയവും മാതൃകാപരവുമാണെന്ന് സ്ഥാപിക്കുക കൂടി കുറ്റിപ്പുഴയുടെ ലക്ഷ്യമാണ്. അതിനുപകരിക്കുന്ന മർമ്മ ഭാഗങ്ങളിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിക്കുന്നതും. നമ്മുടെ യുക്തി ചിന്തയെ തകിടം മറിക്കുന്ന വികാരങ്ങളുടെ വേലിയേറ്റത്തിൽ നിന്ന് എം.സി. ജോസഫ് സ്വപ്രയത്നം കൊണ്ട് എത്രമാത്രം മോചിതനായിരിക്കുന്നുവെന്ന് അദ്ദേഹം

കാട്ടിത്തരുന്നുണ്ട്. വികാരങ്ങളുടെ ബാലൻസ് തെറ്റാതെ സൂക്ഷിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്ന് തെളിവുകൾ നിരത്തിസ്ഥാപിക്കുന്നുണ്ട്. മനുഷ്യ ജീവിതം മഹിമയേറിയതാണെന്ന് വിശ്വസിക്കുന്ന അദ്ദേഹം ഒരു പെസ്സിമിസ്റ്റായിരുന്നില്ലെന്ന് കുറ്റിപ്പുഴ സമർത്ഥിക്കുന്നുണ്ട്. ഏത് വാർദ്ധക്യത്തിലും ജീവിതം വിലപ്പെട്ടതാണെന്ന സന്ദേശം കുറ്റിപ്പുഴയുടെ ജീവിത സ്നേഹത്തെ വർദ്ധിപ്പിക്കാൻ ഉപകരിച്ചുവെന്ന് തുറന്ന് സമ്മതിക്കുന്നുണ്ട്. യുക്തിവാദികൾ മതത്തേയും ഈശ്വരനേയും കടന്നാക്രമിക്കേണ്ടിവരുന്നത്, അത് മനുഷ്യനെ വിചാരമൂഢനാക്കുന്ന അന്ധവിശ്വാസങ്ങളായതുകൊണ്ടാണെന്ന് കുറ്റിപ്പുഴ ഓർമ്മമിപ്പിക്കുന്നുണ്ട്. ഇതിനെല്ലാം വിശ്വാസം മാത്രമേ അടിസ്ഥാനമായിട്ടുള്ളൂ വെന്ന് ഗാന്ധിജിയും സമ്മതിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന അദ്ദേഹം, യുക്തിവാദികൾക്ക് മനുഷ്യനിലെ അന്ധവിശ്വാസ കൊടുംകാടുകൾ നശിപ്പിച്ച് അവനിലെ ബുദ്ധി തെളിയിപ്പിക്കണമെന്നേ നിർബന്ധമുള്ളൂവെന്ന് സ്ഥാപിക്കുന്നു. വിൽഡ്യൂറന്റ് കാന്റിനെപ്പറ്റി എഴുതിയിട്ടുള്ള വാക്കുകൾ കടംകൊണ്ടാണ് എം.സി.യെ കുറ്റിപ്പുഴ വിശേഷിപ്പിക്കുന്നത്. 'വാർദ്ധക്യം യുവത്വത്തിന്റെ സ്വരത്തിൽ ഇത്ര ധീരമായി ഒരിക്കലും സംസാരിച്ചിട്ടില്ല.' (Never has old age so bravely spoken with the voice of youth) വാർദ്ധക്യത്തിലും ആ യുക്തിചിന്ത ഉണർന്ന് തന്നെയിരുന്നു വെന്ന് വേണം മനസ്സിലാക്കാൻ.

കുറ്റിപ്പുഴയുടെ സ്വതന്ത്രചിന്തയേയും യുക്തിബോധത്തേയും തട്ടിയുണർത്തിയതിൽ സഹോദരനയ്യപ്പൻ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുള്ളതാണ്. ഗുരുവിനും ഒരു പടിമുന്നിൽ സഹോദരനെ പ്രതിഷ്ഠിക്കുന്ന സന്ദർഭങ്ങൾ നിരവധിയുണ്ട്. മിശ്രവിവാഹം കൊണ്ട് വിരോധമില്ല എന്ന് മൃദുസ്വരത്തിൽ ഗുരു ഉപദേശിക്കുമ്പോൾ; 'മിശ്രവിവാഹം കൊണ്ടേ ജാതി നശിക്കൂ' എന്ന് വിധി രൂപത്തിൽ ഇടിനാദം മുഴക്കുന്ന സഹോദരനിലെ കർമ്മശൂരനോട് കുറ്റിപ്പുഴക്ക് ഒരാരാധന ജനിച്ചത് സ്വാഭാവികം മാത്രം. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും മാത്രമല്ല വൈകാരികമായിട്ടുപോലും ജാതിയില്ലാതെ ജീവിക്കാൻ മറ്റാർക്ക് കഴിയുമെന്ന് കുറ്റിപ്പുഴ ചോദിക്കുന്നുണ്ട്. ഈ ചോദ്യം കേരളത്തിലെ പരിഷ്ക്കരണവാദികളെപ്പോലും വെട്ടിലാക്കുന്നതാണ്. ഇതിനാൽ തന്നെ മഹാത്മാഗാന്ധിയെ വിട്ടുവീഴ്ചയില്ലാതെ സഹോദരന് എതിർക്കേണ്ടി വന്നു; അംബേദ്ക്കറെപ്പോലെ സഹോദരനെ വർഗ്ഗീയവാദി യെന്നാക്ഷേപിച്ച ദേശീയവാദികളുണ്ടായിട്ടുണ്ടെന്ന്, ആധുനിക സമൂഹത്തോട് കുറ്റിപ്പുഴക്ക് പറയാനുണ്ട്. അവശ സമുദായങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ പരാധീനത നിശ്ശേഷം നീങ്ങിയാലേ ശുദ്ധ ദേശീയത പുലരൂ എന്ന് സഹോദരൻ ഉറക്കെപ്പറഞ്ഞു. ദേശീയവാദികളുടെ ആക്ഷേപത്തിന് അംബേദ്ക്കറും പാത്രമായിട്ടുണ്ടെന്ന സത്യം കൂടി കുറ്റിപ്പുഴ ഇവിടെ ചേർത്ത്

വായിക്കുകയാണ്.

മതത്തിൽക്കൂടെ ഉറങ്ങുകയും ഉണരുകയും ചെയ്തുകൊണ്ടിരുന്ന ഇൻഡ്യയിലാണ് നിർമതനായ നെഹ്റു എല്ലാവരുടേയും സ്നേഹ ഭാജനമായി തീർന്നതെന്നോർക്കുമ്പോഴാണ് കുറ്റിപ്പുഴക്ക് ആശ്ചര്യം. ഭാരതീയരുടെ സർവ്വവിധ മതവിശ്വാസങ്ങൾക്കും മിഥ്യാബോധങ്ങൾക്കും അന്ധാചാരങ്ങൾക്കും വിപരീതമായി നെഹ്റു എന്ന യാഥാർത്ഥ്യം ഹിമാലയ ശൃംഗം പോലെ നമ്മുടെ മുമ്പിൽ ഉയർന്നു നിൽക്കുകയാണെന്ന് സ്ഥാപിക്കുമ്പോൾ, ഗാന്ധിജിയോട് പരുഷമായി പെരുമാറിയിരുന്ന മുസ്ലീം നേതാക്കൾപോലും നെഹ്റുവിന്റെ നേരെ ശാന്തരും സഹിഷ്ണുക്കളുമായിരുന്നെന്ന് വെളിപ്പെടുത്തുന്നു. ഇതിനെല്ലാറ്റിനും കാരണം നെഹ്റുവിലെ മനുഷ്യമതം എന്ന സങ്കല്പവും മനുഷ്യന്റെ ശക്തിയിൽ മാത്രമുള്ള വിശ്വാസവുമാണെന്ന് കുറ്റിപ്പുഴ വാദിക്കുന്നു. നെഹ്റുവിൽ ശാസ്ത്രബുദ്ധിയും കലാഹൃദയവും മനോഹരമായി സമ്മേളിച്ചിരിക്കുന്നു. സ്വതന്ത്രചിന്തയുടെ ഈ അപ്പോസ്തലന്മാർ തന്നെയാണ് ഭാവി ഭാരതത്തിന്റെ മാതൃകകളും മാർഗ്ഗ ദർശികളുമെന്ന് സ്ഥാപിക്കുകയാകാം കുറ്റിപ്പുഴയുടെ ലക്ഷ്യം. ‘പരീക്ഷണ ശാലകളാണ് ഭാവിയിലെ ക്ഷേത്രങ്ങൾ’ എന്ന ലൂയി പാസ്ചിയറുടെ ആശയത്തെ ഇന്ത്യയിലാവർത്തിച്ച നെഹ്റുതന്നെ അതിന് ഉത്തമമാതൃകയാണ്. ശാസ്ത്രീയ വീക്ഷണവും ശാസ്ത്രത്തിന്റെ മാർഗ്ഗവും തന്നെയാണ് മാനവപുരോഗതിയുടെ വഴികാട്ടിയെന്ന് വരുന്നു.

കുറ്റിപ്പുഴയുടെ യുക്തിവാദവും സ്വതന്ത്രചിന്തയും പ്രതീക്ഷ യർപ്പിച്ചിരിക്കുന്നത് മനുഷ്യശക്തിയിലും ശാസ്ത്രപുരോഗതിയിലുമാണ്. കുറ്റിപ്പുഴയുടെ യുക്തിവാദ സമീപനം ആശയതലത്തിലാണെന്നത് വ്യക്തമാണ്. സഹോദരനയ്യപ്പനെപ്പോലെയും എം.സി. ജോസഫിനെപ്പോലെയും പ്രസ്ഥാന തലത്തിലല്ലെന്നത് ശ്രദ്ധേയമാണ്. എന്നാൽ അത്തരം ത്യാഗനിർഭരമായ കർമ്മ മണ്ഡലത്തോട് സർവാത്മനാ ആദരവ് പ്രകടിപ്പിക്കുന്നുണ്ട്. “കുറ്റിപ്പുഴയുടെ യുക്തിബോധവും അതിനുതകിയ വിധം മേദസ്സ് കളഞ്ഞ് കൂർപ്പിച്ചെടുത്ത വാക്യശൈലിയും പലരേയും ചൊടിപ്പിച്ചിട്ടുണ്ട്. ഒട്ടേറെപ്പേരെ ചിന്തിപ്പിച്ചിട്ടുണ്ട്.”[22] മാത്രമല്ല, വിചാരലോകത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. ചപലവും ദുർബലവുമായ വിശ്വാസ പ്രമാണങ്ങളെ കടപുഴകുമാറ് പിടിച്ച് കുലുക്കുക തന്നെ ചെയ്തു. എന്നാൽ ആധുനിക യുവലോകം ഉത്തമമായ വിചാരശീലത്തിലൂടെയല്ല, മറിച്ച് വൈകാരികതയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. നിഷ്പക്ഷത, നിർബാധത എന്നീ ഗുണങ്ങൾ സ്വീകരിക്കാ ത്തിനാൽ അതിവിപ്ലവത്തിന്റെ മാർഗ്ഗത്തിലേക്കാണ് വഴുതി വീഴുന്നത്. തന്റെ ശിഷ്യഗണങ്ങളിൽ ചിലർ അത്തരം മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ചതിൽ അദ്ദേഹം ആത്മാർത്ഥമായി ദുഃഖിച്ചിട്ടുണ്ട്. യുക്തിവാദികൾക്ക് ഒരഭിപ്രായവും

സ്ഥാപിക്കണമെന്ന് നിർബന്ധ ബുദ്ധിയില്ലെന്ന് പറയുന്ന കുറ്റിപ്പുഴ; കഴിയുന്നിടത്തോളം വസ്തുനിഷ്ഠമായും യുക്തിയുക്തമായും ചിന്തിക്കുകയും നോക്കികാണുകയും ചെയ്യണമെന്ന ഉപദേശമാണ് ലോകത്തിന് നൽകാനുള്ളത്.

**അടിക്കുറിപ്പുകൾ**

1. പുത്തേഴത്ത് രാമൻ മേനോൻ, ഒരു രാഷ്ട്രവും ജനതയും, ജയഭാരതാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1968, പു. 94.

2. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ., തൃശൂർ, 1996, പു. 4.

3. അതേ പുസ്തകം, പു. 202

4. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ., തൃശൂർ, 1996, പു. 15

5. ടാറ്റാപുരം സുകുമാരൻ, പത്തുഗദ്യകാരന്മാർ, എൻ.ബി.എസ്., കോട്ടയം, 1962, പു. 106

6. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ., തൃശൂർ, 1996, പു. 32.

7. ഡോ.പി.വി.വേലായുധപിള്ള, ജീവിച്ചിടുന്നു സ്മൃതിയിൽ, എൻ.ബി.എസ്., കോട്ടയം, 1972, പു. 34

8. ഡോ.എൻ.വി.പി.ഉണ്ണിത്തരി, സമൂഹം മതം ദർശനം, ചിന്താ പബ്ലിക്കേഷൻസ്, തിരു., 1990, പു. 64

9. ഏ.ബാലകൃഷ്ണപിള്ള, കുറേക്കൂടി സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ, പരിഷത്ത് ബുക്ക് സ്റ്റാൾ, എറണാകുളം, 1960, പു. 11

10. കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം, കേ.സാ.അ., തൃശൂർ, 1998, പു. 121.

11. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ., തൃശൂർ, 1996, പു. 58

12. ജോസഫ് മുണ്ടശ്ശേരി, മതം : അവിടെയും ഇവിടെയും, കറന്റ് ബുക്സ്, തൃശൂർ, 1955, പു. 89.

13. പ്രൊഫ. എം.കെ.സാനു, താഴ്വരയിലെ സന്ധ്യ, ഡി.സി.ബുക്സ്, കോട്ടയം, 1992, പു. 137

14. എം. സത്യപ്രകാശം, ചിന്താസൗരഭം, എൻ.ബി.എസ്., കോട്ടയം, 1973, പു. 116.

15. കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം, കേ.സാ.അ., തൃശൂർ, 1998, പു. 205

16. സച്ചിദാനന്ദൻ, നിരീക്ഷണം (അവതാരിക), കേ.സാ.അ., തൃശൂർ, 1998, പു. 9

17. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ., തൃശൂർ, പു.157

18. അതേ പുസ്തകം, പു. 159

19. എസ്.കെ.വസന്തൻ, അന്വേഷണം ആസ്വാദനം, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, കോട്ടയം, 1991, പു. 21

20. തായാട്ട് ശങ്കരൻ, അനാച്ഛാദനം, കറന്റ് ബുക്സ്, തൃശൂർ, 1969, പു. 138.

21. ഡോ.പി.വി.വേലായുധപിള്ള, ജീവിച്ചിടുന്നു സ്മൃതിയിൽ, എൻ.ബി.എസ്., കോട്ടയം, 1972, പു. 40

22. തായാട്ട് ശങ്കരൻ, അനാച്ഛാദനം, കറന്റ് ബുക്സ്, തൃശൂർ, 1969, പു. 136

# എട്ട്

# ഉപസംഹാരം

# 8

നിഷ്പക്ഷത, നിർബാധത എന്നീഗുണങ്ങൾ ഒത്തുചേർന്നതാണ് കുറ്റിപ്പുഴയുടെ ദാർശനിക സമീപന രീതി. അത് സ്വതന്ത്രവും മൗലികവുമാണ്. സിദ്ധാന്തങ്ങൾ എന്തുമായി കൊള്ളട്ടെ, ഒന്നിനും അടിമയാകാതെ, ഒന്നിലും വിലയിച്ച് വ്യക്തിത്വം നഷ്ടപ്പെടാതെ; അവയുടെ നിഴലുകളായി തീരാതെ, അവയെ സമീപിക്കുവാനും വിലകല്പിക്കുവാനും കുറ്റിപ്പുഴക്ക് കഴിയുന്നുണ്ട്. പഠിക്കുക, പഠിച്ചതിനെ ആചരിക്കുക, പിന്നീട് മാത്രം പ്രചരിപ്പിക്കുക എന്നൊരു സമ്പ്രദായം ഇതിന് നിദാനമായി വർത്തിക്കുന്നുണ്ട്. മൗലികവും സർഗ്ഗാത്മകവുമായ ഒരു വിചാര ശൈലികൂടി ഇതിനാധാരമായി വർത്തിക്കുന്നു. ഓരോ ദർശനങ്ങളേയും സമീപിക്കുന്നതിന് സ്വതന്ത്രമായ ഒരു ഭാഷാ ശൈലിപോലും അദ്ദേഹം വികസിപ്പിച്ചെടുത്തു. ഋജുവും ലളിതവും കുലീനവുമാണ് ആ ശൈലി. മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത ഘന സാന്ദ്രതയും പരിനിഷ്ഠിതവുമായ ഗദ്യശൈലി കുറ്റിപ്പുഴ പ്രബന്ധങ്ങളെ വ്യത്യസ്ഥമാക്കുന്നു. "ചതുരം ചെത്തി മിനുക്കി വെച്ചിരിക്കുന്ന ഒരു കരിങ്കല്ലിന്റെ ദാർഢ്യവും ഭംഗിയുണ്ട്. അദ്ദേഹത്തിന്റെ ഓരോ ഖണ്ഡികയും"[1] ആർജ്ജവം, ഔചിത്യം, ആത്മാർത്ഥത, പരിനിഷ്ഠിതത്വം, നിർമ്മമത, ഊർജ്ജസ്വലത എന്നിവ കുറ്റിപ്പുഴയുടെ ദാർശനിക സമീപന രീതിയെ അന്വർത്ഥമാക്കുന്നു.

പാശ്ചാത്യവും പൗരസ്ത്യവുമായ ദർശനങ്ങളെ സമീപിക്കുന്ന കുറ്റിപ്പുഴയിൽ ശാസ്ത്രീയ മനോഭാവവും യുക്തിചിന്തയുമാണ് മുന്നിട്ട് നിൽക്കുന്നത്. ഓരോ ദർശനങ്ങളേയും ഒരു ശാസ്ത്രകാരന്റെ നിസ്സംഗ മനോഭാവത്തോടെ നോക്കിക്കാണുവാൻ കഴിയുന്നുണ്ട്. എല്ലാറ്റിനേയും വിമർശനബുദ്ധിയോടെ സമീപിക്കുന്നു; ചിന്തിക്കുവാനുള്ള വക നൽകുന്നു, എന്നാൽ ഒന്നിനേയും നിന്ദിക്കുന്നില്ല. മനുഷ്യന്റെ കഴിവിലും പുരോഗതിയിലും വിശ്വാസമർപ്പിക്കുന്ന കുറ്റിപ്പുഴ ഉയർന്ന മാനവികാ ബോധത്തോടെ ദർശനങ്ങളെ വിലയിരുത്തുവാൻ ശ്രമിക്കുന്നുണ്ട്. ആയതിനാൽ തന്നെ പലതിനോടും സന്ധിയില്ലാതെ സമരം ചെയ്യേണ്ടിയും വരുന്നു. കിഴക്കും പടിഞ്ഞാറും രൂപം

കൊണ്ട ഭൗതികവാദത്തെ ഇതിനായുധമായി സ്വീകരിക്കുകയും ചെയ്യുന്നു. മനുഷ്യോപനിഷത്തായി മാർക്സിസത്തെ പ്രതിഷ്ഠിക്കുന്ന കുറ്റിപ്പുഴ അതിലെ ന്യൂനതകളെ തുറന്നുകാട്ടുവാൻ ശ്രമിക്കുന്നുണ്ട്. ഗാന്ധിയൻ ദർശനങ്ങളെ നിശിത വിമർശനത്തിന് വിധേയമാക്കുമ്പോൾ തന്നെ മഹാത്മാവിന്റെ മഹത്വത്തെ അംഗീകരിക്കുകയും ചെയ്യുന്നു. സ്വതന്ത്രവും വിചിന്തനീയവുമായ ഒരു സർഗ്ഗാത്മക പ്രക്രിയ കുറ്റിപ്പുഴ പ്രബന്ധങ്ങളിലുടനീളം വ്യാപരിക്കുന്നുണ്ട്.

പാശ്ചാത്യപൗരസ്ത്യ ദർശനങ്ങളെ കുറ്റിപ്പുഴ സമീപിക്കുന്നത്, അവ മാനവ പുരോഗതിക്ക് എന്ത് സംഭാവന നൽകിയിട്ടുണ്ട് എന്നതിന്റെകൂടി അടിസ്ഥാനത്തിലാണ്. പ്രാചീന ഭൗതികവാദം പാശ്ചാത്യപൗരസ്ത്യദേശങ്ങളിൽ ഏതാണ്ട് ഒരേ കാലത്ത് തന്നെ വെളിച്ചം കണ്ടിരുന്നുവെന്ന് പല ഭൗതിക ചിന്തകളേയും തുലനം ചെയ്ത് നോക്കി സമർത്ഥിക്കുന്നുണ്ട്. ആത്മീയം, ഭൗതികം എന്ന തരംതിരിവിനെ കുറ്റിപ്പുഴ നിഷേധിക്കുന്നു. ശരീരത്തെ മറന്നു കൊണ്ടരാത്മാവിനെ പ്രതിഷ്ഠിക്കുന്നതിനോട് യോജിക്കുന്നില്ല. പൈതഗോറസിന്റെ സംഖ്യാ സിദ്ധാന്തത്തേയും കപിലന്റെ സാംഖ്യാദർശനത്തേയും ഒരേ ശ്രേണിയിലാണ് പരിശോധിക്കുന്നത്. യവനതത്ത്വജ്ഞാനവും ഭാരതീയരുടെ ഷഡ്ദർശനങ്ങളും മിത്തോളജിയിൽ നിന്ന് ഫിലോസഫിയിലേക്കുള്ള സഞ്ചാരമായി കണക്കാക്കുമ്പോൾ പാശ്ചാത്യ പൗരസ്ത്യ തത്ത്വജ്ഞാനത്തിന്റെ ഉദയവും പരിണാമക്രമവും ഒരേ തുലാസിൽ അളക്കുകയാണ്.

മനസ്സിന്റെ സ്വസ്ഥതയിലാണ് സൗഖ്യം സ്ഥിതി ചെയ്യുന്നതെന്ന് എപ്പിക്യൂറസ് ഉപദർശിക്കുമ്പോൾ കേരളത്തിലെ ആനന്ദവാദികൾ ഇത്തരം ഒരു ഫിലോസഫിയിൽ വിശ്വസിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിലും കാണാം ഒരു പൗരസ്ത്യബന്ധം. സ്റ്റോയിക് തത്ത്വചിന്ത പിൽക്കാലത്ത് മതത്തിന്റെ വേഷഭൂഷാദികൾ അണിഞ്ഞതായി കാണുമ്പോൾ, ബുദ്ധദർശനവും മതത്തിന്റെ കാടും പടലും കയറി വിശ്വാസത്തിന്റെ പേടകത്തിൽ അടയ്ക്കപ്പെട്ടതായി തിരിച്ചറിയുന്നു. സ്റ്റോയിസിസത്തിലെ ജീവിതധർമ്മത്തിനും പൗരസ്ത്യ തത്ത്വചിന്തയുടെ പ്രകാശം തെളിഞ്ഞു കാണുന്നതായി കുറ്റിപ്പുഴ ദർശിക്കുന്നുണ്ട്. പാശ്ചാത്യരുടെ ആശയവാദത്തേയും ശങ്കരന്റെ അദ്വൈത സിദ്ധാന്തത്തേയും കുറ്റിപ്പുഴ ഒരേ മാനദണ്ഡമുപയോഗിച്ചാണ് സമീപിക്കുന്നത്. ചിന്താലോകത്തിലെ ഒരു തലകുത്തി നടപ്പാണെന്നാണ് ഇതിനെ വിശേഷിപ്പിച്ചിട്ടുള്ളത്. മസ്തിഷ്കമഥനം, ചിന്താകാലുഷ്യം എന്നിവയാണ് ആശയവാദം പ്രദാനം ചെയ്യുന്നത്.

ബകുനിന്റെ അരാജകത്വ സിദ്ധാന്തത്തിൽ മനുഷ്യന്റെ മോചനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളിൽ രാഷ്ട്രീയമായ ബന്ധത്തിനും മതപരമായ

അന്ധതയ്ക്കും തമ്മിൽ ദൃഢമായ ബന്ധമുണ്ടെന്നും അതിനാൽ ആദ്യത്തേതിൽ നിന്നുള്ള മോചനത്തിന് രണ്ടാമത്തേതിന്റെ ധ്വംസനം ആവശ്യമാണെന്ന നിഗമനത്തിലാണ് കുറ്റിപ്പുഴ എത്തിച്ചേരുന്നത്. അനാർക്കിസം രാജാധികാരത്തെ മാത്രമല്ല സ്റ്റേറ്റിന്റെ അധികാരത്തേയും അത് നിഷേധിക്കുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. അധികാരം അത് ഏതുരൂപത്തിലായാലും മനുഷ്യനെ അധഃപതിപ്പിക്കുന്നു എന്ന സത്യത്തിൽ എത്തിച്ചേരുന്നു. മാനവസ്വാതന്ത്ര്യത്തിന് വിഘാതമായി നിൽക്കുന്നത് ഭരണകൂടം മാത്രമല്ല, മതാധികാരവും ദൈവഭീതിയും മതസ്ഥാപനങ്ങൾപോലും അവന്റെമേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ നിന്നെല്ലാമുള്ള സമൂല മോചനമാണ് കുറ്റിപ്പുഴ വിഭാവന ചെയ്യുന്നത്. ആധുനിക സമൂഹത്തെ ഭീതിമുനയിൽ നിർത്തിയിരിക്കുന്ന ത്രിദോഷങ്ങളായാണ് പോലീസിനേയും പുരോഹിതനേയും പട്ടാളത്തേയും കാണുന്നത്. മനുഷ്യപ്രകൃതിയിൽ തിന്മ മാത്രം കണ്ടിരുന്ന മധ്യകാല യൂറോപ്യൻ ബോധത്തിന്റെ സൃഷ്ടിയാണിതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. ഭീതിയിലധിഷ്ഠിതമായ അനുസരണയും സദാചാരവും മനുഷ്യനെ മുന്നോട്ട് നയിക്കില്ലെന്ന് റസ്സലിനെപ്പോലെ കുറ്റിപ്പുഴയും വിശ്വസിക്കുന്നു.

യുദ്ധം, ശാന്തിയും സമാധാനവും കാംക്ഷിക്കുന്ന ജനതതിയുടെ മുകളിൽ ഭരണയന്ത്രം അടിച്ചേൽപ്പിക്കുന്ന ഭയങ്കരതയാകുന്നു എന്നാണ് കുറ്റിപ്പുഴയുടെ വിവക്ഷ. മനുഷ്യസമൂഹം നന്മയുടെ ഇരിപ്പിടമാണെന്ന് വിഭാവന ചെയ്യുന്ന, ചൈനയിലെ കൺഫ്യൂഷസിന്റെ സിദ്ധാന്തങ്ങൾ അവിടെ ശാന്തിയും സമാധാനവും പ്രദാനം ചെയ്തതായി സ്ഥിരീകരിക്കുന്നു. വിദ്യാഭ്യാസം കൊണ്ട് ഉണർത്തുകയും സ്നേഹം കൊണ്ട് വശീകരിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റിനെയാണ് കുറ്റിപ്പുഴ അംഗീകരിക്കുന്നത്. ഗാന്ധിജിയിലാണ് അരാജകത്വ സിദ്ധാന്തത്തിന്റെ സ്വാധീനം കുറ്റിപ്പുഴ കണ്ടെത്തുന്നത്. അദ്ദേഹത്തിന്റെ പഞ്ചായത്ത് രാജ് എന്ന സ്വപ്നത്തെ കുറ്റിപ്പുഴ പ്രകീർത്തിക്കുന്നുണ്ട്. ഏകലോകം എന്ന വെൻഡൽ വില്ക്കിയുടെ ആദർശത്തെ ഭാരതത്തിലെ 'യത്രവിശ്വം ഭവത്യേകനീഡം', 'വസുധൈവ കുടുംബകം' എന്നീ ദർശനങ്ങളുടെ പരിഷ്കൃതപതിപ്പായാണ് കാണുന്നത്. ടാഗോറിന്റെ വിശ്വഭാരതി പോലുള്ള വിദ്യാലയങ്ങളിലാണ് നാളത്തെ ഏകരാഷ്ട്രത്തിന് ഉപകരിക്കുന്ന വിശ്വപൗരന്മാരെ പ്രതീക്ഷിക്കുന്നത്. ഏകലോകാദർശത്തിലെത്തിച്ചേരാനുള്ള മാർഗ്ഗമായി കുറ്റിപ്പുഴ കാണുന്നത് സാർവ്വദേശീയ സോഷ്യലിസമാണ്. ജാതി, മതം, വർഗ്ഗം, ദേശം മുതലായ വേലിക്കെട്ടുകളെ പൊളിച്ചു കളയാൻ കഴിയുന്ന വിശ്വപൗരനാണ് കുറ്റിപ്പുഴയുടെ ആദർശ മനുഷ്യൻ. റസ്സലിന്റെ സാർവ്വദേശീയ കാഴ്ചപ്പാടുകൾ കുറ്റിപ്പുഴയെ ആകർഷിച്ചിട്ടുണ്ട്.

മാർക്സിസത്തെ മനുഷ്യോപനിഷത്ത് എന്നാണ് കുറ്റിപ്പുഴ

വിശേഷിപ്പിക്കുന്നത്. ഗ്രന്ഥങ്ങളിലുറങ്ങുന്ന ഒരു തത്ത്വചിന്ത എന്നതിലുപരി അതിന്റെ പ്രായോഗികക്ഷമതയിലാണ് അദ്ദേഹത്തിന്റെ ദൃഷ്ടി പതിയുന്നത്. മനുഷ്യജീവിതത്തെ ഭരിക്കുന്ന ഘടകങ്ങളിൽ പ്രധാനമായത് സാമ്പത്തിക ഘടകമാണെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. ഹെഗലിന്റെ ഭൗതികവാദത്തെ കുറ്റിപ്പുഴ തള്ളിക്കളയുന്നു. മാത്രമല്ല, അത് മാർക്സിസത്തിന് നേർവിപരീതമെന്നുകൂടി സ്ഥാപിക്കുന്നു. ഹെഗലിനെ മാർക്സിന്റെ ആചാര്യനായി അംഗീകരിക്കുന്നുമില്ല. ഇരുട്ടിൽ തപ്പി തടയുകയായിരുന്ന തത്ത്വശാസ്ത്രത്തെ ആധുനിക ശാസ്ത്രത്തിന്റെ മുമ്പിലും ശോഭിക്കത്തക്കവിധം ഭൗതികവാദത്തെ ശാസ്ത്രീയമാക്കിയതിലാണ്, മാർക്സിസത്തിന്റെ ഭൗതികവാദപരമായ പ്രസക്തിയെ കുറ്റിപ്പുഴ കാണുന്നത്. ആധുനിക ഭൗതികവാദത്തെ വിപ്ലവത്തിന്റെ ഫിലോസഫിയായും വ്യാഖ്യാനിക്കുന്നു.

സ്റ്റാലിന്റെ സ്വേഛാദിപത്യത്തേയും സോവിയറ്റ് റഷ്യയിലെ അധികാര കേന്ദ്രീകരണത്തേയും കുറ്റിപ്പുഴ അംഗീകരിക്കുന്നില്ല. ലിയോൺ ട്രാട്സ്കിയുടെ സാർവ്വദേശീയ സോഷ്യലിസത്തേയും സ്വതന്ത്രചിന്തയേയുമാണ് സ്വാഗതം ചെയ്യുന്നത്. വ്യക്തിമനസ്സിന്റെ സൂക്ഷ്മതത്ത്വങ്ങളെക്കുറിച്ച് വേണ്ടത്ര അവബോധം മാർക്സിനില്ലായിരുന്നുവെന്ന് റസ്സലിനെപ്പോലെ കുറ്റിപ്പുഴയും വിശ്വസിക്കുകയും, ദേശകാലോചിതമായി മാർക്സിസവും പരിഷ്ക്കരിക്കണമെന്ന അഭിപ്രായവും മുന്നോട്ട് വെക്കുന്നു. "മാർക്സിസം എന്ന ചൈതന്യ കേന്ദ്രത്തിൽ നിന്നാണ് കുറ്റിപ്പുഴ തന്റെ ജീവിതത്തിന് ചൂടും വെളിച്ചവും ഉൾക്കൊണ്ടത്."[2] എങ്കിലും ജീവിതത്തെ സമഗ്രമായി വീക്ഷിച്ച് സ്വതന്ത്രമായി ചിന്തിക്കുന്നവർക്ക് മാർക്സിസം താരതമ്യേന സ്വീകാര്യമായിരിക്കും. എന്നാണ് കുറ്റിപ്പുഴ വിശ്വസിക്കുന്നത്.

പ്ലേറ്റോ, ഡെമോക്രീറ്റസിന്റെ ഗ്രന്ഥങ്ങൾ നശിപ്പിക്കാൻ ശ്രമിച്ചപ്പോൾ, ശങ്കരാചാര്യർ വൈശേഷികത്തെ തമസ്ക്കരിക്കുവാൻ ശ്രമിച്ചത് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നു. ജഗത്പരിണാമിയാണെന്ന സത്യം രണ്ടായിരത്തിൽപരം വർഷങ്ങൾക്ക് മുമ്പ് അവതരിപ്പിച്ച കപില മഹർഷിയെ ഭാരതത്തിലെ ഒന്നാമത്തെ യുക്തിവാദിയായി പ്രതിഷ്ഠിക്കുന്നു. ബുദ്ധന്റെ ജീവിതപഠനത്തെയാണ് കുറ്റിപ്പുഴ സമീപിക്കുന്നത്. അത് മനഃശാസ്ത്രപരമാണെന്നും മാനസിക ദോഷങ്ങളോട് മല്ലിട്ട് ജയിച്ച് ജിനന്മാരാകുക എന്നാണ് ആഹ്വാനം ചെയ്യുന്നത്. യുക്തി വിചാരത്തിന്റെ പൊള്ളുന്ന വെയിലിലേക്കാണ് ബുദ്ധൻ ജനങ്ങളെ നയിച്ചതെന്ന് കുറ്റിപ്പുഴ തിരിച്ചറിയുന്നു. നെഹ്റുവിൽ അഭിനവ ബുദ്ധനെ പ്രതിഷ്ഠിക്കുവാനും ശ്രമിക്കുന്നു. വൈദികത്വത്തെ വെല്ലുവിളിച്ച വിചാരവിപ്ളവമെന്ന നിലയിലാണ് ചാർവ്വാക മതത്തെ സമീപിക്കുന്നത്. ഈശ്വരനും ആത്മാവുമില്ലാത്ത വിചാര സ്വാതന്ത്ര്യത്തിന് പ്രാധാന്യമുള്ള മതമായി കാണുന്നു. സത്യധർമ്മാതികൾക്ക് ഒരു സ്ഥാനവും നൽകാത്തതിനാൽ ചാർവ്വാകമതത്തെ കുറ്റിപ്പുഴ പൂർണ്ണമായി സ്വീകരിക്കുന്നില്ല.

ഇരുട്ടിൽ കൊളുത്തിയ ദീപം പോലെ അത് ജനങ്ങൾക്ക് വെളിച്ചം കൊടുത്തു എന്ന് പറയുന്നുണ്ട്.

ഈശ്വരൻ, ആത്മ, ജഗത്ത് എന്നിവയുടെ അന്വേഷണത്തിന് പരിസമാപ്തി അദ്വൈതത്തിലാണെന്ന് കുറ്റിപ്പുഴ പറയുന്നുണ്ട്. അദ്വൈതത്തെ വേദാന്തിയായിരുന്നപ്പോൾ സമീപിച്ച രീതിയിൽ നിന്നും തികച്ചും വിപരീത ദിശയിലാണ് ഭൗതിക വാദിയായി തീരുന്ന കുറ്റിപ്പുഴ, സമീപിക്കുന്നത്. ഒരു തരം വഴിപിഴച്ച മായാവാദമായും അദ്വൈതാഭാസമായുമാണ് ഭൗതികവാദിയായ കുറ്റിപ്പുഴക്കനുഭവപ്പെടുന്നത്. സ്വതന്ത്രമായ അന്വേഷണമല്ല; ഒരു തരം ബുദ്ധിക്കസർത്താണ് ഇതിലെല്ലാം കാണുന്നതെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. "നിരന്തരമായ പഠനത്തിന്റേയും മനനത്തിന്റേയും ഫലമായി പുതിയ പുതിയ അറിവുകൾ തേടുന്ന നിരന്തര വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. പൂർവ്വാപരവിരോധമെന്ന ഭയങ്കരമായ ആരോപണത്തിന് ഇരയാകുമല്ലോ എന്ന് ഭയന്ന് മാറ്റമാവശ്യപ്പെട്ട പഴയ അഭിപ്രായങ്ങളെ മാറ്റാനും മടിച്ചില്ല."[3] കുറ്റിപ്പുഴയുടെ ജീവിതത്തിൽ വേദാന്തിയും വിശ്വാസിയുമായിരുന്ന കാലത്തെഴുതിയ പല രചനകളും പിൽക്കാലത്ത് യുക്തിവാദിയും ഭൗതികവാദിയുമായി പരിണമിച്ചതിന് ശേഷമെഴുതിയ പുരോഗമനോന്മുഖമായ പ്രബന്ധങ്ങളും ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചപ്പോൾ; ഇടകലർന്ന് കാലഗണന തെറ്റിച്ച് വന്നത് ഏറെപ്പേരെ ആശയകുഴപ്പത്തിനിടവരുത്തിയിട്ടുണ്ട്.

ഗുരുവിന്റെ മനുഷ്യ ജാതിയെന്ന വിശ്വവിശാലമായ ആശയത്തെ ഏകലോക സങ്കല്പത്തിന്റെ മൂലാധാരമായി കുറ്റിപ്പുഴ പരിഗണിക്കുന്നു. മനുഷ്യനന്മയ്ക്ക് മതം ആവശ്യമില്ലെന്ന സന്ദേശം കൂടി അതിൽ കണ്ടെത്തുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന ഗുരു ദർശനം ഏകലോകമെന്ന ആശയത്തിന്റെ മുദ്രാവാക്യമായി കാണാൻ ശ്രമിക്കുന്നു. ശ്രീനാരായണ ദർശനങ്ങളിലെ സാർവ്വലൗകികത്വം കുറ്റിപ്പുഴയെ ഏറെ ആകർഷിച്ചിട്ടുണ്ട്. "യോഗ ശക്തിയേയും ജ്ഞാനശക്തിയേയും അദ്ദേഹം ആദ്ധ്യാത്മിക മണ്ഡലത്തിൽ അടച്ചുപൂട്ടി സൂക്ഷിക്കാതെ ലൗകിക തലത്തിലേക്കും പ്രസരിപ്പിച്ച് ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി."[4] എന്നതാണ് ഗുരു ദർശനത്തിൽ കുറ്റിപ്പുഴ കാണുന്ന സവിശേഷത. "സാമൂഹ്യങ്ങളായ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും സൂക്ഷ്മമായി അപഗ്രഥിക്കുവാനും നിശിതമായി വിമർശിക്കുവാനുമുള്ള പ്രവണതയും തന്റേടവും കുറ്റിപ്പുഴക്ക് കിട്ടിയത് നാരായണ ഗുരുസ്വാമികളിൽ നിന്നാണ്."[5]

ഗാന്ധിയൻ ദർശനത്തിൽ ഒരു മതത്തിന്റെ ബാഹ്യക്രിയാംശങ്ങളെയാണ് കുറ്റിപ്പുഴ കാണുന്നത്. മതവും രാജ്യതന്ത്രവും ഇടകലർന്ന ഒരു വിചിത്ര സൃഷ്ടി

എന്ന് നാമകരണവും ചെയ്യുന്നു. ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പ് സിദ്ധാന്തം കാപ്പിറ്റലിസത്തിന്റെ പവിത്രീകരണമായി മാത്രമേ പരിണിക്കുന്നുള്ളൂ. ഗാന്ധിസം സോഷ്യലിസത്തിന്റെ പാതയിൽ ഒരു വിലങ്ങ് തടിയാണെന്ന് അദ്ദേഹം കരുതുന്നു. അഹിംസ ഒരു മൂട് പടമാണെന്നതുപോലെ, പ്രായോഗിക ജീവിതത്തിൽ ഇത് പരാജയവുമാണെന്നാണ് കുറ്റിപ്പുഴ വിലയിരുത്തുന്നത്. ഗാന്ധിജിക്ക് പോലും അതിൽ വിജയിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും സ്ഥാപിക്കുന്നു. സത്യാഗ്രഹത്തിന് നിരാഹാരത്തിൽ കവിഞ്ഞ് പ്രാധാന്യം നൽകുന്നില്ല. ഗാന്ധിജിയുടെ ആത്മീയവും മതപരവുമായ പ്രതിപത്തിയെയാണ് കുറ്റിപ്പുഴ എതിർക്കുന്നത്. മഹാത്മാവിന്റെ മഹത്വത്തെ അംഗീകരിക്കുകയും അതിലെ സദ്ഗുണങ്ങൾ ജീവിതത്തിൽ പകർത്താനും ശ്രമിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ ചിത്രം മാർക്സിനും ഏംഗൽസിനും, നെഹ്റുവിനുമൊപ്പം തന്നെ ആദരവോടെ കുറ്റിപ്പുഴ സൂക്ഷിച്ചിരുന്നു. ഗാന്ധിജിയുടെ വിയോഗം അദ്ദേഹത്തിന്റെ മനസ്സിനെ ആഴത്തിൽ മുറിവേല്പിക്കുക യുമുണ്ടായിട്ടുണ്ട്. കുറ്റിപ്പുഴ ഗാന്ധിജിയെ അംഗീകരിക്കുന്നത് അദ്ദേഹത്തിലെ അരാജകത്വ ദർശനങ്ങളിലും അധികാര വികേന്ദ്രീകരണ വിശ്വാസത്തിലുമാണ്.

യുക്തിവാദത്തെ ഒരു വിചാര പദ്ധതിയായാണ് കുറ്റിപ്പുഴ സ്വീകരിക്കുന്നത്. സംശയിക്കുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, പരീക്ഷിക്കുക എന്നതിലൂടെ സത്യത്തെ സ്വയം കണ്ടെത്തുക എന്നതാണ് സമീപനരീതി. ദൈവഭീതിയല്ല, സംശയമാണ് ജ്ഞാനത്തിന്റെ ആരംഭമെന്ന് വരുന്നു. അറിവാകുന്ന ജലം കെട്ടിനിന്ന് ദുഷിക്കുന്നത് ലോകത്ത് ബുദ്ധിസ്തംഭനത്തിന് കാരണമായിട്ടുണ്ടെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നു. ആശയപാരതന്ത്ര്യമാണ് സ്വന്തമായൊരഭിപ്രായം രൂപീകരിക്കാൻ കഴിയാതെ പോകുന്നതായി അദ്ദേഹം കണ്ടെത്തുന്നത്. വിശ്വാസം അകത്ത് കടക്കുമ്പോൾ യുക്തിവിചാരം പുറത്ത് പോകുന്നതാണ് ഇതിന് കാരണം. നിഷ്പക്ഷത, നിർബാധത എന്നീ ലക്ഷണങ്ങൾ തികഞ്ഞ സ്വതന്ത്രചിന്തയാണ് ഇതിന് പരിഹാരമായി കുറ്റിപ്പുഴ നിർദ്ദേശിക്കുന്നത്. ചിന്തയെ ഹൃദയം പിടിച്ച് വലിക്കുന്ന വശത്തേക്ക് തിരിയുകയും വൈകാരികതക്ക് അടിമപ്പെട്ടുപോവുകയും ചെയ്യുന്നതാണ് സ്വതന്ത്രചിന്തക്ക് വിഘാതം സൃഷ്ടിക്കുന്നതായി കുറ്റിപ്പുഴ കണ്ടെത്തുന്നത്. ഒരു ചിന്തകൻ തന്റെ കുറവുകളെ ആത്മപരിശോധനമൂലം പരിഹരിക്കണമെന്നാണ് കുറ്റിപ്പുഴ നിർദ്ദേശിക്കുന്നത്. യുക്തിവാദികൾക്ക് ഒന്നിലും ഒരു പ്രത്യേക അഭിപ്രായം സ്ഥാപിക്കണമെന്നില്ലെന്ന് വാദിക്കുന്നതോടൊപ്പം, അഭിപ്രായമേതായാലും അതിലേക്ക് എത്തിച്ചേരുന്ന വഴിപിഴവില്ലാത്തതും, തെളിഞ്ഞതും യുക്തിക്ക് നിരക്കുന്നതായിരിക്കയും വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഒരു തത്വത്തേയും അംഗീകരിക്കാതെ സകല വ്യവസ്ഥിതിയേയും അനാദരിക്കുക എന്ന അർത്ഥത്തിലല്ല സ്വതന്ത്ര ചിന്തയെ കാണുന്നത്, ശാസ്ത്രീയവീക്ഷണമാണ് ഒരു സ്വതന്ത്രചിന്തകൻ കൈക്കൊള്ളേ

ണ്ടതെന്ന് സ്ഥാപിക്കുകയാണ് കുറ്റിപ്പുഴ ചെയ്യുന്നത്.

യുക്തിവാദികളെ പൊതുവേ ബന്ധിക്കുന്ന ഒരു പ്രത്യേക അഭിപ്രായമോ, വിശ്വാസമോ ഒരിക്കലും ഉണ്ടായിട്ടില്ലെന്ന നിലപാടാണ് കുറ്റിപ്പുഴക്കുള്ളത്. അസത്യത്തെക്കാൾ ആപൽക്കരമാണ് അർത്ഥ സത്യമെന്ന് അദ്ദേഹം ലോകത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. ഈശ്വരന്റെ നിലനിൽപ് നമ്മുടെ വിശ്വാസത്തേയും വികാരത്തേയും മാത്രം ആശ്രയിച്ചാണെന്ന് തെളിയിക്കുന്നുണ്ട്. സ്വതന്ത്രചിന്തക്ക് ലോകത്ത് മാതൃകയായി ബർട്രാൻഡ് റസ്സലിനെയാണ് കുറ്റിപ്പുഴ മുന്നോട്ട് വെക്കുന്നത്. മനുഷ്യനിലെ വിശ്വാസശീലത്തെ മാനസികമായ ഒരു ദൗർബല്യമായാണ് അദ്ദേഹം കാണുന്നത്. കാര്യം പ്രത്യക്ഷമായിരിക്കുകുയും കാരണം തിരോഭൂതമായിരിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ അന്ധവിശ്വാസിയായിതീരുന്നതെന്ന് കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്. അറിവിനെ സംബന്ധിച്ച് പരിമിതികളുണ്ടെങ്കിലും ശാസ്ത്രീയ സമീപനം തന്നെയാണ് വേണ്ടതെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. ആശയങ്ങളുടേയും വിശ്വാസങ്ങളുടേയും ബന്ധനം മാനസികമായ ഒരു അടിമത്തം തന്നെ ഇവിടെ യാഥാർത്ഥ്യമാക്കിയിരിക്കുന്നു. അപ്രകാരം പരിശോധിക്കുമ്പോൾ ആധുനിക ലോകം അടിമകളുടെ അങ്ങാടിയായാണ് കുറ്റിപ്പുഴക്ക് അനുഭവപ്പെടുന്നത്. ഇത് വളർന്ന് വരുന്ന അറിവിന്റെ ചുടുകാട് കൂടിയായി തീരുന്നു. ലോകത്തിന്റെ മുന്നോട്ടുള്ള സഞ്ചാരം ഇതിൽ നിന്നുള്ള ശാശ്വതമായ മോചനത്തെ ആശ്രയിച്ചിരിക്കുമെന്ന് കുറ്റിപ്പുഴ വ്യക്തമാക്കുന്നു. വിശ്വാസം യുക്തിക്ക് ചേരാതെ വരുമ്പോൾ, വിശ്വാസത്തിന് ചേരത്തക്കവണ്ണം യുക്തിയെ വളച്ചൊടിക്കുന്നതിനെ അദ്ദേഹം കടുത്ത ഭാഷയിൽ അപലപിക്കുന്നുണ്ട്. "എല്ലാവിധ അടിമത്തങ്ങൾക്കെതിരേയും ക്രോധാവിഷ്ടനായി അടരിനിറങ്ങുന്ന ആ യുക്തിവാദി ഹൃദയ പേടകത്തിലൊതുക്കിവെച്ച സ്നേഹപാശം കൊണ്ട് ആയിരമായിരം യുവാക്കളെ – അടിമകളാക്കിയിരുന്നു."[6] എന്ന സി.വി. ശ്രീരാമന്റെ അഭിപ്രായം ആശയ തേജസ്സായിരുന്ന കുറ്റിപ്പുഴയുടെ ഹൃദയ തേജസ്സുകൂടി പുറത്തുകൊണ്ടുവരികയാണ്.

ആദികാരണമെന്നൊരു അവസാന കണ്ണിനിശ്ചയിക്കുന്നത് യുക്തി വിരുദ്ധമാണെന്ന് കുറ്റിപ്പുഴ വിശ്വസിക്കുന്നു. ഈ പ്രപഞ്ചം ഒരു വൃത്തത്തിന് തുല്യമാണ്. എവിടെ തുടങ്ങിയെന്നോ എവിടെ അവസാനിക്കുന്നുവെന്നോ തീർത്തൊരഭിപ്രായം പറയാൻ കഴിയില്ല. കാര്യകാരണ ബന്ധവും ഇതുപോലെ തന്നെയെന്നാണ് കുറ്റിപ്പുഴ സമർത്ഥിക്കുന്നത്. മനുഷ്യനെ മയക്കുന്നൊരു ശബ്ദജാലമായാണ് മതത്തെ കുറ്റിപ്പുഴ സമീപിക്കുന്നത്. അത് മനുഷ്യന്റെ വിചാരത്തിലും വിശ്വാസത്തിലും ഏറെ കലുഷത കലർത്തിയിട്ടുണ്ട്. അജ്ഞതയിൽ ആണ്ടുകിടക്കുന്ന മനുഷ്യവർഗ്ഗത്തെ അന്ധവിശ്വാസത്താൽ ബന്ധിച്ച് ചൂഷണം ചെയ്യുന്ന പൗരോഹിത്യവും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഘടകങ്ങളുമാണ്

മതത്തിന്റെ ഉല്പത്തിക്ക് പിന്നിലെന്ന് കുറ്റിപ്പുഴ തെളിയിക്കുന്നുണ്ട്. മതങ്ങൾ ഭിന്നമായിരിക്കുന്നതിന് കാരണം അതിന്റെ ബാഹ്യക്രിയാംശമാണെന്നും അത് നശിച്ചുപോയാൽ മതമെന്ന വ്യവഹാരമേ നശിച്ചു പോകുമെന്ന് വരുന്നു. അതിനാൽ തന്നെ എല്ലാ മതങ്ങളും ഒന്നാണെന്ന വാദത്തെ കുറ്റിപ്പുഴ തള്ളിക്കളയുന്നു. മനുഷ്യന്റെ സാംസ്ക്കാരിക വളർച്ചയിൽ ഇടക്കാലത്ത് രൂപമെടുത്ത ഒന്നാണ് മതം. അത് മനസ്സിന്റെ ഒരു വ്രണം തന്നെയാണെന്നും, മനുഷ്യനിലെ ഭയത്തെയാണ് അത് ചൂഷണം ചെയ്യുന്നതെന്നും; സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ഈ കറുപ്പ് വില്പന വിലപ്പോകില്ലെന്നും കുറ്റിപ്പുഴ സ്ഥാപിക്കുന്നുണ്ട്.

മനുഷ്യന്റെ നീതി ബോധത്തിന്റെ അടിസ്ഥാനം മതമല്ല; മറിച്ച് സാമൂഹികതയാണെന്ന സമീപനമാണ് കുറ്റിപ്പുഴയ്ക്കുള്ളത്. ആയതിനാൽ തന്നെ മതവും സന്മാർഗ്ഗബോധവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് അദ്ദേഹം തെളിയിക്കുന്നു. മതത്തിന്റെ സംഘടിത രൂപത്തേയും സാമൂഹ്യജീവിതത്തെ താറുമാറാക്കുന്ന അതിന്റെ വൈകാരികതയേയും കുറ്റിപ്പുഴ ശക്തിയുക്തം എതിർക്കുന്നുണ്ട്. ബുദ്ധിയുടെ ഒരു വശം മതകാര്യങ്ങളിൽ തളർന്നും മറുവശം ശാസ്ത്രപഠനത്തിൽ ഉണർന്നുമിരുന്നതുകൊണ്ട് കാര്യമില്ല എന്ന അഭിപ്രായമാണ് അദ്ദേഹത്തിന്റേത്. ഇപ്രകാരം മതത്തെ സമീപിക്കുന്ന കുറ്റിപ്പുഴ മതവിശ്വാസം രക്ഷയല്ല, മനുഷ്യജീവിതത്തിനൊരു ശിക്ഷയും ശാപവും ഭാരവുമാണെന്ന് സ്ഥാപിക്കുന്നു. എല്ലാ ജ്ഞാനവും അടങ്ങിയിരിക്കുന്നത് വിലയിരുത്താനുള്ള പ്രാപ്തിയിലാണെന്ന ബർണാഡ്ഷായുടെ വാക്കുകളെ കുറ്റിപ്പുഴ വിലകല്പിക്കുന്നു. ഭയം എത് രൂപത്തിലായാലും അത് മനുഷ്യനെ അന്ധവിശ്വാസിയാക്കി തീർത്തത് മരണഭയമാണെന്ന് വ്യക്തമാക്കുന്നു. ശവപൂജയെ കുറ്റിപ്പുഴ ഉപഹാസരൂപേണ വിമർശിക്കുന്നുണ്ട്. പ്രപഞ്ചരഹസ്യങ്ങളിൽ അറിഞ്ഞുകൂടാത്തത് അറിഞ്ഞുകൂടാ എന്ന സമീപനമാണ് ബുദ്ധിയുള്ളവർ സ്വീകരിക്കേണ്ടതെന്ന തീരുമാനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. മനുഷ്യൻ നന്നാകുന്നതിന് മതം അത്യാവശ്യമാണെന്ന മുരുട്ടുവാദത്തിനൊരു പ്രത്യുത്തരമായാണ് നെഹ്റുവിന്റെ നിർമതത്വത്തെ കുറ്റിപ്പുഴ വെളിപ്പെടുത്തുന്നത്.

വാൾട്ടയർ, ബർണാഡ്ഷാ, ജവഹർലാൽ നെഹ്റു, സഹോദരനയ്യപ്പൻ, എം.സി.ജോസഫ് എന്നിവരെ സ്വതന്ത്ര ചിന്തയുടെ അവതാരകന്മാരും വഴികാട്ടികളുമായാണ് കുറ്റിപ്പുഴ സമീപിക്കുന്നത്. അവരുടെ മാതൃകാപരമായ ജീവിതവും ചിന്തയും ലോകത്തെ പുരോഗതിയിലേക്ക് നയിക്കാൻപോന്നതാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ഇത്തരം പുരോഗാമികളോട് ഒരു അടങ്ങാത്ത ആരാധന കുറ്റിപ്പുഴയിൽ രൂഢമൂലമായിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സ്വതന്ത്ര ചിന്തയെ അത് ഒരു തരത്തിലും ദോഷകരമായി ബാധിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. "എല്ലാ റിബലും അവസാനം സീസറായി മാറുന്ന ഏറ്റവും വലിയ ചരിത്ര സത്യത്തിന്റെ

നിഷേധം കൂടിയായിരുന്നു കുറ്റിപ്പുഴ"[7] മരണാന്ത്യംവരെ തികഞ്ഞ ഒരു യുക്തിവാദിയായിരുന്നു അദ്ദേഹം. തന്റെ വിശ്വാസ പ്രമാണങ്ങളിൽ നിന്ന് അണുകിട വ്യതിചലിക്കാത്ത വ്യക്തിത്വം. യുക്തിവാദത്തെ ഒരു വിചാര പദ്ധതിയായി കാണുന്ന കുറ്റിപ്പുഴ എം.സി.ജോസഫിനേയോ സഹോദരനയ്യപ്പനെ പോലയോ പ്രസ്ഥാനത്തിലല്ല, ആശയതലത്തിലാണ് സമീപിക്കുന്നത് എങ്കിലും യുക്തിവാദിപ്രസ്ഥാനത്തിന്റെ സൗഹൃദ സമ്മേളനങ്ങളിൽ കുറ്റിപ്പുഴ ഒരു നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു. "1962 കാലഘട്ടത്തിൽ തൃശൂരിലെ സ്റ്റേറ്റ് ഹോട്ടലിൽ ഏ.വി.ജോസ് വിളിച്ചു കൂട്ടിയ യുക്തിവാദി സുഹൃദ് സമ്മേളനത്തിലേക്ക്, കയ്യിൽ മൂന്ന് രൂപയും ഉയർത്തിപ്പിടിച്ച് 'ജോസെവിടെ ജോസെവിടെ?' എന്ന് ചോദിച്ചുകൊണ്ട് കടന്നുവന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള പിന്നീട് ജോസിന്റെ ജീവചരിത്രത്തിൽ അനന്യസ്വാധീനം നേടിയ പ്രകാശ ഗോപുരമായി മാറിയത് ഇന്നലകളുടെ ചിത്രങ്ങളാണ്."[8] കേരളത്തിലെ യുക്തിവാദികൾ അവരുടെ താത്വികാചാര്യനായി കുറ്റിപ്പുഴയെ സ്മരിക്കുന്നുണ്ട്.

കുറ്റിപ്പുഴയുടെ രചനകളെക്കാളേറെ ഉജ്ജ്വലങ്ങളായിരുന്നു പ്രസംഗങ്ങൾ എന്ന് പല ശ്രോതാക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്. യൂണിയൻ ക്രിസ്ത്യൻ കോളേജിലെ പ്രസംഗവേദികളും സാഹിത്യ സാംസ്ക്കാരിക വേദികളും വിചാരവിപ്ലവത്തിന്റെ വേദികൾകൂടിയായിരുന്നു. "ജീർണ്ണിച്ച ആചാരങ്ങളുടെ മരുഭൂമിയെ കാർന്ന് തിന്നുന്ന ഒരു അലയാഴിയാണദ്ദേഹം എന്ന് പറയുന്നതായിരിക്കും ശരി."[9] ഇപ്രകാരം സാംസ്കാരിക കേരളത്തിന്റെ വിലപിടിച്ച മൂലധനമായിരുന്നു കുറ്റിപ്പുഴ കൃഷ്ണപിള്ളയെന്ന് സ്മരിച്ച് ചിന്താമഗ്നരാകുന്നവർ നിരവധിയുണ്ട്. ആ സ്വതന്ത്ര ചിന്തയുടെ ഗുളിക ചെപ്പേന്തിയവരെ കേരളത്തിലെ സാഹിത്യ, രാഷ്ട്രീയ, സാമൂഹ്യരംഗങ്ങളിൽ ഇന്നും കാണാവുന്നതാണ്.

ജീവിതവിമർശകനായ കുറ്റിപ്പുഴയുടെ ജീവിത സമീപനവും ഏറെ സംഭവബഹുലമാണ്. ജീവിതത്തെക്കുറിച്ച് പലപ്പോഴായി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ജീവിതത്തോളം തന്നെ സങ്കീർണ്ണവും മറ്റുള്ളവരെ ഏറെ ചിന്തിപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ലോകത്തുണ്ടായിട്ടുള്ള തത്ത്വചിന്തകളെല്ലാം അപഗ്രഥിക്കുകയും അതിലെല്ലാം അടങ്ങിയിരിക്കുന്ന ജീവിത സങ്കല്പത്തെ കീറിമുറിച്ച് പരിശോധിച്ചിട്ടുമുള്ള കുറ്റിപ്പുഴയോട്, ജീവിതത്തിന്റെ സായന്തനത്തിൽ ജീവിതത്തെക്കുറിച്ച് എന്താണഭിപ്രായമെന്ന് ചോദിച്ചപ്പോൾ? ഞാൻ ഇപ്പോഴും എന്നെത്തന്നെ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥിയാണെന്നും ജീവിതത്തെപ്പറ്റി പ്രത്യേകിച്ചൊരു ഫിലോസഫിയും കെട്ടിപ്പടുത്തിയിട്ടില്ലെന്ന് പറയാൻ കുറ്റിപ്പുഴക്ക് ഒരു മടിയുമില്ല. ജീവിതത്തെക്കുറിച്ചുള്ള അഗാധചിന്തയും അതിന്റെ വൈരുദ്ധ്യപൂർണ്ണമായ പ്രകൃതത്തെ ഉൾക്കൊള്ളുകയും ചെയ്ത ഒരു ഉത്തമ

തത്ത്വചിന്തകന്റെ ബുദ്ധിപരമായ സത്യസന്ധതയായിരിക്കാം കുറ്റിപ്പുഴയെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്.

കുറ്റിപ്പുഴയുടെ ജീവിത പരിച്ഛേദം, അദ്ദേഹത്തിന്റെ ജീവിത സമീപനത്തേയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. വേദാന്തിയായിരുന്ന കാലത്തുള്ള കാഴ്ചപ്പാടിൽ നിന്നും നേർവിപരീതമാണ് ഭൗതികവാദിയായ കുറ്റിപ്പുഴയുടെ ജീവിത സമീപനം. ചിന്താശീലർക്ക് അമ്പരപ്പുളവാക്കുന്ന വിചിത്ര സ്വഭാവവിശേഷങ്ങളും പരസ്പരവൈരുദ്ധ്യങ്ങളും നിറഞ്ഞ ഒന്നാണ് ജീവിതം. മതസ്ഥാപകരും തത്ത്വാന്വേഷികളും കെട്ടിപ്പടുത്ത ജീവിത പ്രമാണങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ പുരോഗതിയിൽ, അവക്കൊന്നിനും യാതൊരടിസ്ഥാനവുമില്ലെന്ന് തെളിഞ്ഞതായി അദ്ദേഹം വിശ്വസിക്കുന്നു. വേദാന്തിയായിരുന്ന കുറ്റിപ്പുഴ ജീവിതത്തെ ഒരു മഹാസമുദ്രമായും എത്രവായിച്ചാലും അവസാനിക്കാത്ത അസംഖ്യം വ്യാഖ്യാനങ്ങളുള്ള ഒരു മഹാഗ്രന്ഥമായും കണ്ടു. അറിയുന്തോറും അറിയാനുള്ളത് അധികമായും അറിഞ്ഞതൊക്കെ അബദ്ധമായും തോന്നിക്കുന്ന ഒരു സ്വഭാവമാണ് ജീവിതത്തിനുള്ളതെന്ന് വിശ്വസിച്ചിരുന്ന അദ്ദേഹത്തിന്റെ നൂതന ജീവിത കാഴ്ചപ്പാട് തികച്ചും വ്യത്യസ്തമാണ്. “ജീവിതം ദുഃഖാത്മകമാണെന്നും സംസാരബന്ധത്തിൽ നിന്നുള്ള മോചനമാണ് പരമമായ ജീവിത ലക്ഷ്യമെന്നും ഞാൻ വിശ്വസിച്ചിരുന്നു. പക്ഷെ ഈ വിശ്വാസം തികച്ചും ബുദ്ധിപരമായിരുന്നില്ല. ജീവിതമല്ല, ജീവിത നിഷേധമാണ് ഇത്തരം വേദാന്ത ചിന്തയുടെ അടിസ്ഥാനം. ഒരു തരം ദോഷാനുദർശനം (Pessimism) അതിൽ സർവ്വത്ര നിഴലിക്കുന്നുണ്ട്. എന്റെ നവീന ചിന്താഗതിയുമായി അത് പൊരുത്തപ്പെടുന്നില്ല.”[10] എങ്കിലും ബുദ്ധിപരമായും വൈകാരികമായും രണ്ട് തരം ആശയങ്ങൾ നമ്മളിൽ കരുപ്പിടിപ്പിക്കാറുണ്ടെന്ന് വിശ്വസിക്കുന്ന കുറ്റിപ്പുഴ ഒരു തത്ത്വസംഹിതയുടേയും ചട്ടക്കൂട്ടിൽ ഒതുങ്ങി നിൽക്കാത്ത ഒന്നാണ് ജീവിതം; പരസ്പര വിരുദ്ധങ്ങളായ വിശ്വാസങ്ങൾക്കും വിചാരപദ്ധതികൾക്കും വഴങ്ങികൊടുക്കത്തക്ക വിധം അത് സങ്കീർണ്ണ സ്വഭാവത്തോട് കൂടിയിരിക്കുന്നുവെന്ന് സ്ഥാപിക്കുകയാണ്.

കുറ്റിപ്പുഴയുടെ നവീന ചിന്താസരണിയിൽ “ജീവിതം ജീവിക്കാനുള്ളതാണ് തള്ളിക്കളയാനുള്ളതല്ല. അത് നിഴലോ, സ്വപ്നമോ, മായയോ ഒന്നുമല്ല; നാം അഭിമുഖീകരിക്കേണ്ട കടുത്ത യാഥാർത്ഥ്യമാണ് എന്നതത്രേ എന്റെ ഇന്നത്തെ ചിന്താഗതി”[11] എന്ന് പ്രഖ്യാപിക്കുമ്പോൾ ജീവിതത്തിന്റെ പ്രായോഗികമായ ഒരു ഫിലോസഫിയിൽ കുറ്റിപ്പുഴ എത്തിച്ചേരുന്നുണ്ട്. യാദൃശ്ചികമാണ് ജീവിതത്തിന്റെ നിദാനമെന്ന് വിശ്വസിക്കുന്ന അദ്ദേഹം ജീവിതത്തിന്റെ സായന്തനത്തിലും ഈശ്വരൻ, ആത്മാവ്, മരണാനന്തര ജീവിതം എന്നിവയിലൊന്നും വിശ്വസിക്കുന്നില്ലെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്. എന്തിന് ജീവിക്കുന്നു എന്ന് ചോദിച്ചാൽ, ജനിച്ചതുകൊണ്ട് ജീവിക്കുന്നു – എന്നേ അദ്ദേഹത്തിന് പറയാനുള്ളൂ.

മറിച്ചൊരുത്തരം നൽകിയാൽ വീണ്ടും എന്തിന്? എന്ന ചോദ്യമുണ്ടാകാം. സയൻസിന്റെ മാർഗ്ഗം എങ്ങനെ? എന്ന ചോദ്യത്തിനുള്ള ഉത്തരം കണ്ടുപിടിക്കലാണെന്ന് കുറ്റിപ്പുഴ ഓർമ്മിപ്പിക്കുന്നുണ്ട്. പരദ്രോഹം ചെയ്യാതെയെങ്കിലും ജീവിച്ചാൽ അത്രയും നന്ന്. പരനുപകാരമാകത്തക്കവണ്ണം ജീവിക്കുന്നത് അത്യുത്തമം എന്നാണ് കുറ്റിപ്പുഴയുടെ ഭാഷ്യം.

മനുഷ്യർക്ക് പൊതുവിൽ ഒരു ജീവിതദർശനമുണ്ടാകുന്നത് നല്ലതാണെന്ന അഭിപ്രായം കുറ്റിപ്പുഴയ്ക്കുണ്ടായിരുന്നു. സാഹിത്യകാരന്മാർക്ക് സ്വന്തമായ ഒരു ജീവിതാദർശം ആവശ്യമാണെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. ജീവിതത്തിന്റെ താത്വിക വശങ്ങളെ പരിശോധിക്കുന്ന കുറ്റിപ്പുഴ അതിന്റെ പ്രായോഗിക വശം കാണാതിരുന്നില്ല. ദാമ്പത്യ ജീവിതത്തിലെ അതിപ്രധാനമായ ഘടകം സാമ്പത്തികമാണെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. “നാലു ദിവസം പട്ടിണി കിടക്കുമ്പോൾ ഏത് പരിശുദ്ധപ്രണയവും പമ്പകടക്കുമെന്ന സത്യം ഈ പ്രണയ വിവാഹിതർ വിസ്മരിക്കരുത്.”[12] എന്ന് ഓർമ്മിപ്പിക്കുന്ന കുറ്റിപ്പുഴ ജീവിതത്തിലെ ഏതൊരു ദുഃഖത്തെക്കാളും വലുത് ദാരിദ്ര്യദുഃഖമാണെന്നുകൂടി സ്ഥാപിക്കുകയാകാം. ആയതിനാൽതന്നെ സ്ത്രീയും പുരുഷനും കുടുംബ ബഡ്ജറ്റിന്റെ ഭാരം തുല്യമായി വഹിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു. അതിന് കഴിയാത്തവർ സന്തത്യുൽപാദനം നടത്തുന്നത് വ്യഷ്ടിക്ക് മാത്രമല്ല സമഷ്ടിക്കുകൂടി ദോഷം വരുത്തിവെക്കുകയാണെന്ന് പറയാൻ മടിക്കുന്നില്ല.

കുറ്റിപ്പുഴ ജീവിതത്തെ ഇപ്രകാരമെല്ലാം സമീപിക്കുന്നതിന് ആധാരം ഒരു ജീവിതതത്ത്വശാസ്ത്രത്തിന്റേയും സ്വാധീനമല്ല, മറിച്ച് സ്വജീവിതത്തിന്റെ പൊള്ളുന്ന വെയിലിൽ കരുപ്പിടിപ്പിച്ച ഫിലോസഫി തന്നെ. ബാല്യകാലം മുതൽ ഒരു കുടുംബത്തിന്റെ ഭാരം ചുമലിലേറ്റേണ്ടിവന്ന കുറ്റിപ്പുഴക്ക് തന്റെ സഹോദരങ്ങളുടെ ജീവിതവും വിദ്യാഭ്യാസവും സുരക്ഷിതമാക്കേണ്ട ബാധ്യത കൂടിയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കുറ്റിപ്പുഴയുടെ ജോലിയും വിദ്യാഭ്യാസവുമെല്ലാം ഈ പ്രാരാബ്ധങ്ങളുടെ നടുവിലായിരുന്നു. ദാമ്പത്യ ജീവിതത്തിലെ സാമ്പത്തിക ഭാരം ഏറ്റെടുക്കാൻ കഴിയാത്തതുകൊണ്ടോ, തന്റെ മുപ്പത്തിരണ്ടു വയസ്സുവരെ ഒരു വേദാന്തിയായി, അദ്വൈതാശ്രമത്തിലെ അന്തേവാസിയായി കഴിഞ്ഞുകൂടിയ തിനാലോ, ഒരു ദാമ്പത്യജീവിതത്തിന് അദ്ദേഹം മുതിർന്നില്ല. വേദാന്തത്തിൽ നിന്ന് ഉടലെടുത്തതായാലും ഒരുതരം ബ്രഹ്മചര്യം മരിക്കുവോളം അദ്ദേഹം സ്വീകരിച്ചിരുന്നു. “യോഗിയുടെ നിസ്സംഗത ജീവിതത്തിലും വിപ്ലവകാരിയുടെ ആത്മവീര്യം വിചാരത്തിലും അലിഞ്ഞ് ചേർന്നിരുന്ന വ്യക്തിത്വമായിരുന്നു കുറ്റിപ്പുഴയുടേത്.”[13] ഈ അഭിപ്രായം ഏറെ യോജിക്കുന്നതാണ് കുറ്റിപ്പുഴയുടെ ജീവിതഗ്രന്ഥം. വിവാഹം കഴിക്കാത്തതുകൊണ്ട് പശ്ചാത്താപം തോന്നുന്നില്ലേ? എന്ന് ചോദിച്ചപ്പോൾ, വിവാഹം കഴിച്ചവരുടെ അത്രയും തന്നെ പശ്ചാത്താപം

എനിക്കില്ലെന്ന അഭിപ്രായമായിരുന്നു അദ്ദേഹത്തിൽ നിന്നുമുണ്ടായത്. സ്ത്രീപുരുഷബന്ധം കൊണ്ട് പ്രത്യേകിച്ച് നന്മയൊന്നു മുണ്ടാകില്ല, ഭാരതീയ സ്ത്രീകൾ വെച്ചുപുലർത്തുന്ന പാരമ്പര്യ പ്രതിപത്തിയേയും പ്രസവയന്ത്രമായി അധഃപതിക്കുന്നിതിനേയും വെറുത്തിരുന്നു. എന്നാൽ റഷ്യയിലെ സ്ത്രീകൾ എല്ലാ ദൗർബല്യങ്ങളേയും അതിജീവിച്ച് ജീവിതത്തിന്റെ പടവുകൾ ചവുട്ടികയറുന്നതിനെ അദ്ദേഹം ആദരവോടുകൂടിയാണ് കാണുന്നത്.

കുറ്റിപ്പുഴയുടെ ജീവിത കാഴ്ചപ്പാട് ഈ സമൂഹത്തേയും രാഷ്ട്രത്തേയും കണ്ടുകൊണ്ടാണ് അഥവാ അതിന് അനുപൂരകമാണ്. ജീവിതത്തോടൊപ്പം മരണത്തെക്കുറിച്ചും കുറ്റിപ്പുഴക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. മനുഷ്യന്റെ സ്വാഭാവികമായ ജീവിതസ്നേഹത്തെയാണ് മരണഭീതി വെളിപ്പെടുത്തുന്നത്. സാമാന്യ നിയമമനുസരിച്ച് ജീവിച്ച് പഴകുന്തോറും ജീവിതസ്നേഹം കുറഞ്ഞുവരികയാണ് വേണ്ടത്. അത് വഴി മരണഭീതിയും കുറയേണ്ടതാണ്. എന്നാൽ സാധാരണ ജീവിതത്തിൽ അനുഭവം നേരെ മറിച്ചാണ് കുറ്റിപ്പുഴ കാണുന്നത്. 'മെച്ചിനി കാഫി'ന്റെ ശാസ്ത്രീയ സമീപനങ്ങളാണ് ഇത്തരുണത്തിൽ കുറ്റിപ്പുഴ ഏറെ സ്വീകാര്യമായി കരുതുന്നത്. ഇപ്പോൾ മനുഷ്യർ നേരിടുന്ന മരണം സ്വാഭാവികമല്ലെന്നും ജീവിതാപകടങ്ങൾ, അകാലവാർദ്ധക്യം, രോഗം എന്നിവ മൂലമുണ്ടാകുന്ന പ്രകൃതിവിരുദ്ധമരണമാണ് മനുഷ്യവർഗ്ഗം നേരിട്ടു കൊണ്ടിരിക്കുന്നത്. "നമ്മുടെ ആയുർദൈർഘ്യം ചുരുങ്ങിയത് 120 വർഷമെങ്കിലും കണക്കാക്കേണ്ടതാണ്. ഇത്രയും കാലം മുഴുവൻ പൂർണ്ണമായ ആരോഗ്യത്തോടും കൂടി ജീവിക്കാൻ സാധിക്കുന്ന പക്ഷം അന്ത്യഘട്ടം സമീപിക്കുന്തോറും സഹജമായ ജീവിതസ്നേഹം കുറഞ്ഞ് സംതൃപ്തിയുണ്ടായി തദ്വാരമരണഭീതി വിട്ടുമാറി ഒരു സ്വാഭാവികമായ മരണ (Natural death) ത്തിനു നാം സ്വയം വശംവദരാകും."[14] എന്ന മെച്ചിനി കാഫിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ ആധുനിക ശാസ്ത്രത്തിന് കഴിയുമെന്ന് കുറ്റിപ്പുഴ വിശ്വസിച്ചു. എഴുപത് വയസ്സ് എത്തിയപ്പോൾ തന്നെ കുറ്റിപ്പുഴയിൽ ഈ മരണഭീതി കുറഞ്ഞിരുന്നുവെന്ന് കാണാവുന്നതാണ്. തന്റെ ജീവിത ലക്ഷ്യം നിറവേറ്റിയതിലുള്ള ധന്യത കൂടിയായിരിക്കാം അതിന് കാരണം. ജീവിതത്തേയും മരണത്തേയും ഇപ്രകാരമെല്ലാം സമീപിക്കുന്ന കുറ്റിപ്പുഴ, സ്നേഹം കൊണ്ട് പ്രബുദ്ധവും ജ്ഞാനം കൊണ്ട് നിയന്ത്രിതവുമായ ഒന്നാകുന്നു ഒരു നല്ല ജീവിതം (A good life is one inspired by love guided by knowledge) എന്ന ബർട്രാൻഡ് റസ്സലിന്റെ ജീവിത വീക്ഷണത്തോട് യോജിക്കുകയാണ്.

കുറ്റിപ്പുഴ ഒരു 'നവഹ്യൂമെനിസ്റ്റാ'ണ്. ഉറവ വറ്റാത്ത മനുഷ്യസ്നേഹമാണ് ആ വിചാരവിപ്ലവകാരിയുടെ ജീവിതത്തിലും പ്രബന്ധങ്ങളിലും നിഴലിക്കുന്നത്. കുറ്റിപ്പുഴയിൽ ഈ ഉദാത്തമായ മാനവ സ്നേഹം രൂപം കൊള്ളുന്നത് ഗുരുദർശനങ്ങളുടേയും ഗുരുസാമീപ്യത്തിന്റേയും ഫലമാണെന്ന് കണ്ടതാണ്.

എന്നാൽ ഏക ലോകത്തിന്റെ അവതാരകനും, യുക്തിവാദിയും, വ്യക്തി മഹത്വവാദിയും ആധുനിക ഹ്യൂമെനിസത്തിന്റെ വക്താവുമായി കുറ്റിപ്പുഴ രൂപമെടുക്കുന്നത് പാശ്ചാത്യ ദർശനങ്ങളുടേയും, റസ്സൽ, മാർക്സ്, ഏംഗൽസ്, വിൽഡ്യൂറന്റ് എന്നിവരുടെ ഗ്രന്ഥങ്ങളിലൂടെയും ദർശനങ്ങളിലൂടെയുമാണെന്ന് കാണാം. "ഹ്യൂമനിസം കൊണ്ട് മാത്രം തൃപ്തനാകുന്ന ഒരു കലാകാരനാണ് ഹ്യൂമനിസ്റ്റ് കലാകാരൻ എന്ന പേരിന് സർവ്വഥാ യോഗ്യനായിരിക്കുന്നത്. പക്ഷെ ഇത് എളുപ്പമുള്ള കാര്യമല്ല. ഇങ്ങനെയുള്ള സാഹിത്യകാരന്മാരുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.... യാതൊരു വിശ്വാസത്തിനും അടിമപ്പെടാതെ കഴിയുവാൻ അധികം പേർക്കും സാധ്യമല്ല. ഏതെങ്കിലുമൊരു സിദ്ധാന്തത്തിൽ ബഹുഭൂരിപക്ഷവും വിശ്വാസമർപ്പിക്കാനിടയുണ്ട്. ധർമ്മാധർമ്മങ്ങളെക്കുറിച്ച് ശക്തിയായ അഭിപ്രായങ്ങളുണ്ടാകുമ്പോൾ നിഷ്പക്ഷത പാലിക്കുവാൻ തുലോ പ്രയാസമാണ്."[15] എന്ന് പ്രൊഫ. കെ.എം.തരകൻ തീർപ്പ് കല്പിക്കുന്നുണ്ട്. ഉദാത്തമായ മനുഷ്യസ്നേഹത്തിൽ നിന്ന്, മനുഷ്യനുവേണ്ടി, മനുഷ്യനാൽ രൂപം നൽകിയ വിശ്വാസത്തിനനുയോജ്യനായ മനുഷ്യനുണ്ടാകില്ലെന്ന് പറയുന്നത് ആശ്ചര്യം തന്നെ. എങ്കിലും നിഷ്പക്ഷത - എന്നത് വസ്തുനിഷ്ഠത എന്ന് വ്യഖ്യാനിക്കാൻ കഴിയുമെങ്കിൽ കുറ്റിപ്പുഴ ഒരു തികഞ്ഞ ഹ്യൂമനിസ്റ്റാണെന്ന് പറയേണ്ടിവരും.

ജീർണ്ണ ജർജ്ജരങ്ങളായ സാമൂഹിക വ്യവസ്ഥിതിയോട് കുറ്റിപ്പുഴ സന്ധിയില്ലാതെ സമരം ചെയ്യുന്നതിന്റെ അടിസ്ഥാനവും മാനവ സ്നേഹമാണെന്ന് കാണാം. "തത്വജ്ഞാനിയുടെ ശൈലിയിൽ പറഞ്ഞാൽ ഒരു നവ ഹ്യൂമനിസ്റ്റായിരുന്നു (Neo humanist) കുറ്റിപ്പുഴ. ഹ്യൂമനിസത്തിന്റെ യോഗ്യതകളിൽ പ്രധാനപ്പെട്ടവമാത്രമാണ് യുക്തിവാദവും സ്വതന്ത്രചിന്തയും...... ജനനാൽ പൂർവ്വവും മരണാൽപരവും എന്ത് സംഭവിക്കുന്നു എന്നതിനെക്കാൾ ജനനമരണങ്ങൾക്കിടയിലുള്ള ജീവിതമെന്ന യാഥാർത്ഥ്യമാണവർക്ക് പ്രാധാനം (ഹ്യൂമനിസ്റ്റ്) ....... ഭൗതികവാദികളാണവർ നിർമ്മതന്മാരും നിരീശ്വരന്മാരും നിരാത്മവാദികളുമാണ്. സ്നേഹം, കാരുണ്യം, സഹകരണം മുതലായ മൂല്യങ്ങളിൽ ഹ്യൂമെനിസ്റ്റുകൾ ഗാഢമായി വിശ്വസിക്കുന്നു."[16] എന്ന് ഡോ.പി.വി.വേലായുധപിള്ള കണ്ടെത്തിയിട്ടുണ്ട്. സ്വതന്ത്രചിന്തയും യുക്തിവാദവും ഒരു ഹ്യൂമനിസ്റ്റിന്റെ യോഗ്യതകളിൽ പെട്ടവമാത്രമാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഈ രണ്ട് ഗുണങ്ങൾ ഇല്ലെങ്കിലും ഒരാൾക്ക് ഹ്യൂമനിസ്റ്റാകാം എന്ന് വരുന്നു. ഇവിടെ യുക്തിവാദവും സ്വതന്ത്രചിന്തയും കുറ്റിപ്പുഴ പ്രബന്ധങ്ങളുടെ ജീവവായുവാണ്. അവ നീക്കം ചെയ്താൽ ആ സാഹിത്യ സപര്യ ജഡതുല്യമായി തീരുന്നു. യുക്തിവാദത്തെ ഒരു വിചാരപദ്ധതിയായി സ്വീകരിക്കുന്നതോടെ മറ്റെല്ലാ സമീപനരീതികളും അതിന് കീഴിലേ നിൽക്കുന്നുമുള്ളൂ.

ആധുനിക യുക്തിവാദി പ്രസ്ഥാനത്തിന്റെ ഈറ്റില്ലങ്ങളിലൊന്നായ ബ്രിട്ടനിൽ യുക്തിവാദത്തിന് പ്രാമുഖ്യമുള്ള ഒരു ഹ്യൂമനിസ്റ്റ് ചിന്താധാര രൂപംകൊള്ളുകയുണ്ടായി. 1860 ലാണ് വിഭാവന ചെയ്യുന്ന അർത്ഥത്തിൽ മാനവികതാവാദി (Humanist) എന്ന പദം നിലവിൽ വരുന്നത്. ഇത് ഒരു പിടി സിദ്ധാന്തങ്ങൾ മാത്രമല്ല, ഒരു ജീവിതനിലപാടാണെന്ന് പ്രഖ്യാപിച്ചു. "ഒരു മാനവികതാവാദി നിശ്ചയമായും ഒരു നാസ്തികനോ, ആജ്ഞേയവാദിയോ ആയിരിക്കണം. എന്നാൽ മാനവികതാവാദിയാകാതെ തന്നെ ഒരാൾക്ക് നാസ്തികനോ ആജ്ഞേയവാദിയോ ആകാൻ കഴിയും.... ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള ഏറ്റവും മികച്ച വഴികാട്ടി യുക്തിയാണ് എന്ന ധാരണ വെച്ചുപുലർത്തുന്ന ഹ്യൂമനിസ്റ്റുകൾ യുക്തിവാദികളാണ്..... ഇപ്പോഴും വിടാതെ പിടികൂടിയിരിക്കുന്ന മതവിശ്വാസത്തിന്റെ നീരാളി പിടുത്തത്തിൽ നിന്നും സമൂഹത്തെ സ്വതന്ത്രമാക്കാൻ യത്നിക്കുന്ന മാനവികതാവാദികളുടെ സാമൂഹിക വീക്ഷണം മതേതരത്വപരമാണ്." [17] ഈ ചിന്താധാരയെ ഉൾക്കൊള്ളുന്ന ആധുനിക മാനവികതാവാദിയാണ് കുറ്റിപ്പുഴ. ശരീരം കൂടാതെ മനസ്സിൽ അഥവാ ആത്മാവിൽ വിശ്വസിക്കാത്ത ഇവർ ഭൗതികവാദികളാണ്. ജ്ഞാനത്തിന്റെ കാര്യത്തിൽ എംപിരിസ്റ്റുകളാണ്. സദാചാരത്തിന്റെ കാര്യത്തിൽ ഉപയോഗിതാവാദികളാണ്; ജീവിത കലയുടെ കാര്യത്തിലാകട്ടെ, എപ്പിക്യൂറിയനുകളും.

വേദാന്തിയായിരുന്ന കുറ്റിപ്പുഴ ഭൗതികവാദിയും, യുക്തിവാദിയും, മാർക്സിയൻ ചിന്തകനുമായൊക്കെ പരിണമിക്കുന്നത് ആലുവ യൂണിയൻ ക്രിസ്റ്റ്യൻകോളേജിലെ അദ്ധ്യാപകനായി തീർന്നതോടുകൂടിയാണ്. വിശിഷ്ട ഗ്രന്ഥങ്ങളടങ്ങിയ യു.സി. കോളേജിലെ ഗ്രന്ഥശാലയാണ് പടിഞ്ഞാറൻ തത്ത്വചിന്തയിലേക്ക് കുറ്റിപ്പുഴയെ കൂട്ടിക്കൊണ്ടുപോകുന്നത്. കോളേജിന്റെ അധികാരികളിൽ പലരും സ്വതന്ത്രചിന്തകരും ഉൽപ്പതിഷ്ണുക്കളുമായിരുന്നതും ഏറെ സഹായകകരമായിട്ടുണ്ട്. വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളുമായി ബന്ധമുണ്ടായിരുന്ന കോളേജിൽ, പ്രഗല്ഭരായ വിദേശ അദ്ധ്യാപകർ വന്നുപോകാറുണ്ടായിരുന്നു. ലിയോ ടോൾസ്റ്റോയി, മാക്സിം ഗോർക്കി, വിക്ടർഹ്യൂഗോ, ഡോസ്റ്റേവ്സ്ക്കി, ബർണാഡ്ഷാ, വോൾട്ടയർ, ബർട്രാൻഡ് റസ്സൽ, വിൽഡ്യൂറന്റ്, കാറൽ മാർക്സ്, ഏംഗൽസ്, ഡാർവിൻ തുടങ്ങിയവരുടെ ചിന്താധാരകൾക്കൊപ്പം സഞ്ചരിക്കുവാൻ ഈ അദ്ധ്യാപനജീവിതം അദ്ദേഹത്തെ സഹായിച്ചു. റസ്സലിന്റെ യുക്തിവാദപരമായ ആശയങ്ങളോടും സ്വതന്ത്ര ചിന്തയോടും കുറ്റിപ്പുഴ ഏറെ കടപ്പെട്ടിരിക്കുന്നതായി കാണാം. കുറ്റിപ്പുഴയുടെ ഗ്രന്ഥശേഖരത്തിൽ 182 എണ്ണം ഇത്തരം നവീനാശയങ്ങളുടെ സമാഹാരമാണ്. ഇതിൽ 60 ഗ്രന്ഥങ്ങൾ ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിച്ചവയും. ഇതെല്ലാമാകാം ആധുനിക ഹ്യൂമനിസ്റ്റ് ചിന്താധാരകൾ കുറ്റിപ്പുഴയിൽ രൂഢമൂലമാകാനുണ്ടായ സാഹചര്യം.

**അടിക്കുറിപ്പുകൾ**

1. ഡോ.പി.വി.വേലായുധപിള്ള, ജീവിച്ചിടുന്നു സ്മൃതിയിൽ, എൻ.ബി.എസ്., കോട്ടയം, 1972, പു. 71
2. സ്വന്തം ലേഖകൻ, മാതൃഭൂമി, 1971, ഫെബ്രുവരി –12
3. സ്വന്തം ലേഖകൻ, എക്സ്പ്രസ്സ്, കുറ്റിപ്പുഴ, 1971, ഫെബ്രുവരി –13
4. കുറ്റിപ്പുഴ കൃഷ്ണപിള്ള, സ്മരണമഞ്ജരി, കേ.സാ.അ., തൃശൂർ, 2003, പു. 36
5. എൻ.വി.കൃഷ്ണവാര്യർ, കുറ്റിപ്പുഴ, കേരള കൗമുദി, 1971, ഫെബ്രുവരി –13
6. സി.വി. ശ്രീരാമൻ, സാഹിത്യലോകം, കേ.സാ.അ., ലക്കം 3, പുസ്തകം–2
7. കെ.പി. അപ്പൻ, കലഹവും വിശ്വാസവും, ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ് ലിമിറ്റഡ്, കോട്ടയം, 1984, പു. 160
8. കെ.വി.സെയ്ത് മുഹമ്മദ്, യുക്തിവിചാരം ജോസ്, കറന്റ് ബുക്സ്, തൃശൂർ, 2005, പു. 139.
9. വി.കെ.പവിത്രൻ, കുറ്റിപ്പുഴ കൃഷ്ണപിള്ള, എക്സ്പ്രസ് ഞായറാഴ്ച പതിപ്പ്, തൃശൂർ, 1968, ജൂലൈ –28
10. കുറ്റിപ്പുഴ കൃഷ്ണപിള്ള, സ്മരണമഞ്ജരി, കേ.സാ.അ., തൃശൂർ, 2003 പു.105
11. അതേ പുസ്തകം, പു.105
12. കുറ്റിപ്പുഴ കൃഷ്ണപിള്ള, നിരീക്ഷണം, കേ.സാ.അ., തൃശൂർ, 1998, പു.163
13. പി.കെ.ബി.നായർ, കുറ്റിപ്പുഴ കൃഷ്ണപിള്ള, എൻ.ബി.എസ്. കോട്ടയം, 1973, പു. 74
14. കുറ്റിപ്പുഴ കൃഷ്ണപിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ, കേ.സാ.അ. തൃശൂർ, 1996, പു. 221

15. പ്രൊഫ. കെ.എം. തരകൻ, തരംഗിണി, എൻ.ബി.എസ്. കോട്ടയം, 1970, പു. 91

16. ഡോ.പി.വി. വേലായുധപിള്ള ജീവിച്ചിടുന്നു സ്മൃതിയിൽ, എൻ.ബി.എസ്., കോട്ടയം, 1972, പു. 43 – 44

17. ബാർബറസ് മോക്കർ, ഹ്യൂമനിസം, വിവ. ജി. ജയെൻ, ഇന്ത്യൻ എത്തിസ്റ്റ് പബ്ലിക്കേഷൻസ്, ന്യൂഡൽഹി, 1990, പു. 40

## ഗ്രന്ഥസൂചി

**മലയാളം**


1. അപ്പൻ, കെ.പി., കലഹവും വിശ്വാസവും, ഡി.സി. ബുക്സ്, കോട്ടയം, 1994

2. അച്യുതൻ, എം., പ്രൊഫ., പാശ്ചാത്യ സാഹിത്യ ദർശനം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1983

3. അനന്തനാരായണ ശാസ്ത്രികൾ, എസ്., പുതുക്കോട്, സാംഖ്യകാരിക, ദേശമംഗലം പ്രസ്, തൃശൂർ, 1085

4. അരവിന്ദാക്ഷൻ, വി., പഴമയും പുതുമയും, കറന്റ് ബുക്സ്, തൃശൂർ, 1967

5. അഹ്ലുവാലിയ, ബി.കെ., വിവ. ലീലാദേവി. ആർ., 'ഗാന്ധി പല കാഴ്ചപ്പാടിലൂടെ' വീനസ് പ്രസ് & ബുക്ക് ഡിപ്പോ, കോന്നി, 1969

6. ആർനോൾഡ് ടോയിൻബി, ഏകലോകവും ഭാരതവും, വിവ. ശർമ്മ., കെ., വി., നാഷണൽ ബുക്ക് ട്രസ്റ്റ്, ന്യൂഡൽഹി, 1963

7. ഉണ്ണിത്തരി, എൻ.വി.പി., ഡോ., സമൂഹം മതം ദർശനം, ചിന്താ പബ്ലിക്കേഷൻസ്, തിരുവനനന്തപുരം, 1990

8. എഴുത്തച്ഛൻ, കെ.എൻ., കിരണങ്ങൾ, കറന്റ് ബുക്സ്, തൃശൂർ, 1956

9. ഒരു സംഘം ലേഖകർ, ബുദ്ധമതം - ദർശനവും ചരിത്രവും, കേ.ഭാ.ഇ. തിരുവനന്തപുരം, 1973

10. ഓട്ടോ കുസിൻ, മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ, വിവ. ദാമോദരൻ, കെ., നവയുഗം പബ്ലിക്കേഷൻസ്, എറണാകുളം, 1962

11. കോവൂർ, എ.ടി., യുക്തിവാദം, കറന്റ് ബുക്സ്, തൃശൂർ, 1970

12. കുട്ടികൃഷ്ണമാരാർ, സാഹിത്യ ഭൂഷണം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1967

13. കുട്ടികൃഷ്ണമാരാർ, പതിനഞ്ചുപന്യാസങ്ങൾ, നവകേരള കോ-ഓപ്പറേറ്റീവ് പബ്ലിഷിംഗ് ഹൗസ് ലിമിറ്റഡ്, കോഴിക്കോട്, 1963

14. കൃഷ്ണവാര്യർ, എ.ജി., ബുദ്ധമതം, തിരുവിതാംകൂർ സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1950

15. കുമാരപിള്ള, കൈനിക്കര, കെടാവിളക്കുകൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1957

16. കൃഷ്ണൻകുട്ടി, വി., ഗ്രീക്ക് തത്ത്വചിന്ത സോക്രട്ടീസിനു മുമ്പ്, രഞ്ജന പബ്ലിക്കേഷൻസ്, അന്തിക്കാട്, 1972

17. കുമാരൻ, മാമ്പുഴ, അനുമാനം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1998

18. കൃഷ്ണപിള്ള, കുറ്റിപ്പുഴ, പ്രൊഫ., കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ (തത്ത്വചിന്ത – 2), കേരള സാഹിത്യ അക്കാദമി, തൃശൂർ

19. കൃഷ്ണപിള്ള, കുറ്റിപ്പുഴ, പ്രൊഫ., ഗ്രന്ഥാവലോകനം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1990

20. കൃഷ്ണപിള്ള, കുറ്റിപ്പുഴ, പ്രൊഫ., കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ (സാഹിത്യ വിമർശനം), കേരള സാഹിത്യ അക്കാദമി, തൃശൂർ, 2000

21. കൃഷ്ണപിള്ള, കുറ്റിപ്പുഴ, പ്രൊഫ., കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ (നിരീക്ഷണം), കേരള സാഹിത്യ അക്കാദമി, തൃശൂർ, 1998

22. കൃഷ്ണപിള്ള, കുറ്റിപ്പുഴ, പ്രൊഫ., സ്മരണാഞ്ജരി, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2003

23. കൃഷ്ണപിള്ള, ജി., വാൾട്ടയർ, വിദ്യാർത്ഥിമിത്രം, ബുക്ക് ഡിപ്പോ, കോട്ടയം, 1955

24. ഗോവിന്ദപിള്ള, പി., മാർക്സിയൻ സൗന്ദര്യശാസ്ത്രം ഉൽഭവവും വളർച്ചയും, സംഘപ്രസാധന, തിരുവനന്തപുരം, 1987

25. ഗോപാലകൃഷ്ണൻ, പി.കെ., ജൈനമതം കേരളത്തിൽ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 1998

26. ഗോപാലൻ, വി.വി., ശാസ്ത്രവും ലോകവും, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1955,

27. ഗോപാല പണിക്കർ, എൻ., ഡോ., രസതത്ത്വദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1980

28. ഗുപ്തൻ നായർ, എസ്., ക്രാന്തദർശികൾ, പരിഷത്ത് ബുക്ക് സ്റ്റാൾ, എറണാകുളം, 1958

29. ചട്ടമ്പിസ്വാമി, പരമഭട്ടാരശ്രീ, അദ്വൈതചിന്താപദ്ധതി, ശ്രീ തീർത്ഥപാദാശ്രമം, കോട്ടയം, 1970

30. ചന്ദ്രൻ, കുറ്റിപ്പുഴ, എന്റെ വല്യേട്ടൻ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1976

31. ചുമ്മാൻ, ടി.എം., ചിന്താപഥം, കറന്റ് ബുക്സ്, തൃശൂർ, 1959

32. ജോസഫ് മുണ്ടശ്ശേരി, കാവ്യപീഠിക, മംഗളോദയം, തൃശൂർ, 1957

33. ജോസഫ് മുണ്ടശ്ശേരി, പാശ്ചാത്യ സാഹിത്യ സമീക്ഷ, മംഗളോദയം, തൃശൂർ, 1967

34. ജോസഫ് മുണ്ടശ്ശേരി, രൂപഭദ്രത, മംഗളോദയം, തൃശൂർ, 1951

35. ജോസഫ് മുണ്ടശ്ശേരി, അവിടെയും ഇവിടെയും, കറന്റ് ബുക്സ്, തൃശൂർ, 1955

36. ജോസഫ് ഇടമറുക്, യുക്തിവാദരാഷ്ട്രം, ഇൻഡ്യൻ എത്തിക് പബ്ലിക്കേഷൻസ്, 1998

37. ജോസഫ് ഇടമറുക്, ജൈനമതം, ഇൻഡ്യൻ എത്തീസ്റ്റ് പബ്ലിക്കേഷൻസ്, ന്യൂഡെൽഹി, 1998

38. ജേക്കബ് കട്ടയ്ക്കൽ, ഡോ., അദ്വൈത വേദാന്ത ധർമ്മശാസ്ത്രം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1982

39. ജേക്കബ് പുളിക്കൻ, ഡോ., ഗാന്ധിജി ജീവിതവും ദർശനവും, ഗാന്ധിയൻ പഠനകേന്ദ്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം, 1999

40. ജോർജ് ഓണക്കൂർ, യുഗപ്രതിഭ, പരിഷത്ത് ബുക്ക് സ്റ്റാൾ, എറണാകുളം, 1963

41. ജ്ഞാനാനന്ദ സരസ്വതി, സാംഖ്യദർശനം, ജ്ഞാനാനന്ദാശ്രമം പ്രസിദ്ധീകരണം, ഷൊർണൂർ, 1977

42. തരകൻ, കെ.എം., ഡോ., പാശ്ചാത്യസാഹിത്യ തത്ത്വശാസ്ത്രം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2000

43. തരകൻ., കെ.എം. പ്രൊഫ., തരംഗിണി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1970

44. തോമസ്, എം.കെ., ഡോ., മുണ്ടശ്ശേരിയും മലയാള നിരൂപണവും, കറന്റ് ബുക്സ്, തൃശൂർ, 1994

45. ദാമോദരൻ, കെ., സാഹിത്യ നിരൂപണം, സി.ഐ.സി.സി. ബുക്ക് ഹൗസ്, എറണാകുളം, 1963

46. ദാമോദരൻ, കെ., മാർക്സിസത്തിന്റെ തത്ത്വശാസ്ത്രം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1968

47. ദാമോദരൻ, ഇ.വി., കാവ്യസമീക്ഷ, യൂണിയൻ പ്രസ്, തിരുവനന്തപുരം, 1965

48. ദാസ് ഐ.വി., ലേഖനമാല, റോക്കറ്റ് ബുക്സ്, തലശ്ശേരി, 1972

49. ധർമ്മരാജ് അടാട്ട്, ഡോ., ലോകായത ദർശനം, കറന്റ് ബുക്സ്, കോട്ടയം, 1998

50. നമ്പൂതിരി, എ.പി.പി., പ്രൊഫ., മലയാളത്തിലെ നിരൂപണ സാഹിത്യം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989

51. നാരായണൻ, വി., ബുദ്ധദർശനം, ശ്രേയസ്സ് പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1993

52. നമ്പൂതിരി, വി.ജി., അദ്വൈത വേദാന്തസാരം, കുരുക്ഷേത്ര പ്രകാശൻ, എറണാകുളം, 1996

53. നായർ, പി.കെ.ബി., കുറ്റിപ്പുഴ കൃഷ്ണപിള്ള, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1973

54. പരമേശ്വരൻ നായർ, പി.കെ., സാഹിത്യ സമീക്ഷകൾ, പി.കെ. ബ്രദേഴ്സ്, കോഴിക്കോട്, 1954

55. പത്മനാഭപിള്ള, ബി. കാവ്യകല, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1959

56. പവനൻ, യുക്തിവിചാരം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1971

57. പഞ്ചാപ കേശയ്യർ, ഏ.എസ്., മഹാവീരൻ അഥവാ അഹിംസയുടെ പ്രവാചകൻ, വിവ. ദാമോദരൻ നായർ, കെ. എൻ., ശ്രീരാമ വിലാസം, പ്രസ്സ് & ബുക്ക് ഡിപ്പോ, കൊല്ലം, 1955

58. ബാലകൃഷ്ണൻ നായർ, ജി., സാഹിത്യ പദ്ധതികൾ, വി.പി. തമ്പി സ്മാരക ഗ്രന്ഥശാല, തിരുവനന്തപുരം, 1957

59. ബാലകൃഷ്ണൻ, സി.കെ., ഗുരുദർശനം, പ്രസാദക സമിതി, തൃശൂർ, 1988

60. ബാലകൃഷ്ണൻ, പി.കെ., നാരായണ ഗുരു, കേരള സാഹിത്യ അക്കാഡമി, തൃശൂർ, 2000

61. ബാലകൃഷ്ണപിള്ള, ഏ., കുറേക്കൂടി സാങ്കേതിക ഗ്രന്ഥനിരൂപണങ്ങൾ, പരിഷത്ത് ബുക്ക് സ്റ്റാൾ, എറണാകുളം, 1960

62. ബാർബറസ് മോക്കർ, ഹ്യൂമനിസം, വിവ. ജയൻ, ജി., ഇന്ത്യൻ എത്തിസ്റ്റ്, പബ്ലിക്കേഷൻസ്, ന്യൂഡൽഹി, 1990

63. ഭാസ്ക്കരൻ, ടി., ഡോ., ഭാരതീയ കാവ്യശാസ്ത്രം, കേരള ഭാഷ സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

64. മേനോൻ, എം.എസ്., നിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, കോട്ടയം, 1968

65. രാമചന്ദ്രൻ, കല്ലട, മലയാളത്തിലെ വിമർശനകല, കറന്റ് ബുക്സ്, കോട്ടയം, 1987

66. രാമചന്ദ്രൻ, കല്ലട, പ്രക്ഷോഭവാസനയുടെ പൈതൃകം, കറന്റ് ബുക്സ്,

കോട്ടയം, 1985

67. രാധാകൃഷ്ണൻ, കെ.എസ്., മാർക്സിസവും അദ്വൈത വേദാന്തവും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1991

68. രാധാ കൃഷ്ണൻ, എസ്., ഡോ., മഹാത്മാഗാന്ധി, 100 വർഷങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1969

69. രാമൻ മേനോൻ, പുത്തേഴത്ത്, യവനേശ്വരന്മാർ, പി.കെ., ബ്രദേഴ്സ്, കോഴിക്കോട്, 1963

70. രാമൻ മേനോൻ, പുത്തേഴത്ത്, ഒരു രാഷ്ട്രവും ജനതയും, ജയഭാരത് പബ്ലിക്കേഷൻസ്, കോഴിക്കോട്, 1968

71. വസന്തൻ എസ്.കെ., അന്വേഷണം ആസ്വാദനം, വിദ്യാർത്ഥിമിത്രം, ബുക്ക് ഡിപ്പോ, കോട്ടയം, 1991

72. വാസുദേവ ഭട്ടതിരി, സി.വി., ഔചിത്യവിചാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1983

73. വാസുദേവൻ മൂസ്സത്, കെ., സാഹിത്യകിരണം, പി.കെ., ബ്രദേഴ്സ്, കോഴിക്കോട്, 1961

74. വിജയൻ, എം. എൻ., ചിതയിലെ വെളിച്ചം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1981

75. വിശ്വവിജ്ഞാന കോശം, വാല്യം - 7, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1972

76. വിജു. വി. നായർ, ബുദ്ധന്റെ ധർമ്മപദം, ഇംപ്രിന്റ് ബുക്സ്, കൊല്ലം, 1998

77. വെൻഡൽ വില്ക്കി, ഏകലോകം, വിവ. ഇന്ദുചൂഡമേനോൻ, പി.ടി., മംഗളോദയം പ്രസ്സ്, തൃശൂർ, 1952

78. വേലായുധപിള്ള, പി.വി., ഡോ., ജീവിച്ചിടുന്നു സ്മൃതിയിൽ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1972

79. വേലായുധപിള്ള, പി.വി., ഡോ., മലയാള സാഹിത്യ വിമർശനം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1981

80. ശങ്കരശർമ്മ, എ., അദ്വൈത മതം, ജി.എൻ., പ്രിന്റേഴ്സ്, മാണിക്കമംഗലം, 1984

81. ശങ്കരൻ തായാട്ട്, അനാച്ഛാദനം, കറന്റ് ബുക്സ്, തൃശൂർ, 1969

82. സാനു, എം.കെ., പ്രൊഫ., ചക്രവാളം, സാഹിത്യ നിലയം പബ്ലിഷിംഗ് ഹൗസ്, എറണാകുളം, 1966

83. സാനു, എം.കെ., പ്രൊഫ., ശ്രീനാരായണ ഗുരു, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1999

84. സാനു, എം.കെ., പ്രൊഫ., താഴ്‌വരയിലെ സന്ധ്യ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1992

85. സത്യപ്രകാശം, എം., ചിന്താ സൗരഭം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1973

86. സ്റ്റാലിൻ, മാർക്സിസത്തിന്റെ തത്ത്വശാസ്ത്രവും, ചരിത്രശാസ്ത്രവും, വിവ. മാർക്സിസ്റ്റ് ബുക്ക് സ്റ്റാൾ, കോഴിക്കോട്, 1952

87. സുകുമാർ അഴിക്കോട്, മലയാള സാഹിത്യ വിമർശനം, കറന്റ് ബുക്സ്, കോട്ടയം, 1996

88. സുകുമാരൻ നായർ, കെ., വാൾട്ടയർ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1956

89. സുകുമാരൻ, ടാറ്റാപുരം, പത്തുഗദ്യകാരന്മാർ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1962

90. സെയ്ത് മുഹമ്മദ്, കെ. വി., യുക്തിവിചാരം ജോസ്, കറന്റ് ബുക്സ്, തൃശൂർ, 2005

## English


1. Arnold, Mathew, Essays in criticism, Second Series, London : McMillan, 1913
2. Christopher Janaway, Philosophy a Guide Through the Subject', Ed. A.C. Grayling, Oxford Unviersity Press, London, 1995
3. Croce, Beneditto, Aesthetic as Science of Expression and General Lingustic, Tr. Douglan Anstic, Second Edition, London : Macmillan, 1922
4. Classical Literary Criticism, Tr. T.S. Dorsch Harmonds Worth : Penguin, 1965
5. Eliot, T.S. Tradition and Individual Talent, the Sacred Wood, New Delhi, B.I. Publication, 1976
6. Giovanni, Papini, Four and Twenty Minds in Wimsatt, Witham K. and Cleath Books, Literary Criticism : A Short History, New Delhi : Oxford, 1957
7. Hudson, W.H., An Introduction to the Study of Literature, New Delhi; Kalyani Publishers, 1979
8. Plato, The Republic, Tr. Desmond Lee, Second Ed. Hammads worth : Penguin, 1974
9. Plato, Five Dialogues, London : Dent, 1938
10. Pater, Walter, Essays in Literature and Art, Ed.Jennifer Uglow, London Dent, 1973
11. Prasad, B., An Introduction to English Criticism, Madras : Macmillan, 1962
12. Wardy, Robert, The Blackwell Companion to Philosophy, Ed. Nicholas Bunnun & E.P. Tasi James, Blackwell Publishers., UK, 1996
13. Sartre, Jean Paul, What is Literature and other Essays, Trans. Bernard Frechman, London : Methemen, 1948
14. Sartre, Jean Paul, Existentialism and Humanism, Trans. Bernard Frechman, London : Metheun Publication, 1966
15. Wilde, Oscar, The Critic an Artist, The Words of Oscar Wilde, London, (857 - 898)
16. Wilde, Oscar, The Decay of Lying, The Words of Oscar Wilde, London : Spring

Books, 1963

17. Wimsatt, Withan K., and Cleanth Books, Literacy Criticism - A Short History, New Delhi : Oxford, 1957

18. Words Worth, William, Preface to Lyrical Ballads, English Critical Texts, Ed.DJ. Enright and Ernst de Chickera (Oxford : Oxford University, 1962

**ലേഖനങ്ങൾ**

1. കൃഷ്ണവാര്യർ, എൻ.വി., കുറ്റിപ്പുഴ, കേരളകൗമുദി ദിനപത്രം, 1971, ഫെബ്രുവരി 13

2. പവിത്രൻ, വി.കെ., 'കുറ്റിപ്പുഴ കൃഷ്ണപിള്ള', എക്സ്പ്രസ് ഞായറാഴ്ച പതിപ്പ്, തൃശൂർ, 1968, ജൂലൈ 28

3. ലീലാവതി, എം., അവതാരിക : മുണ്ടശ്ശേരിയും മലയാള നിരൂപണവും, കറന്റ് ബുക്സ്, തൃശൂർ, 1994

4. ശ്രീരാമൻ, സി.വി., സാഹിത്യലോകം, കേരള സാഹിത്യ അക്കാദമി, ലക്കം - 3. പുസ്തകം - 2

5. ഷിനാസ്, എ.എം., ഓർമ്മയിൽ ഒരു നക്ഷത്രം, മാതൃഭൂമി തൊഴിൽ വാർത്ത - ഹരിശ്രീ, 2006, മേയ് - 13

6. സച്ചിദാനന്ദൻ, അവതാരിക : കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ (നിരീക്ഷണം), കേരള സാഹിത്യ അക്കാദമി, തൃശൂർ, 1998

7. സുകുമാർ അഴിക്കോട്, അവതാരിക : കല ജീവിതം തന്നെ, മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്, 1989

8. സ്വന്തം ലേഖകൻ, മാതൃഭൂമി ദിനപത്രം, 1971, ഫെബ്രുവരി 12

9. സ്വന്തം ലേഖകൻ, 'കുറ്റിപ്പുഴ', എക്സ്പ്രസ് ദിനപത്രം, 1971, ഫെബ്രുവരി - 13